# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം  സമ്മേളനം

2019  ഒക്ടോബർ 31,  വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

824/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

I **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .....1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .....30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....85

II **അടിയന്തരപ്രമേയം**

മാർക്ക് ദാനം

(അവതരണാനുമതി നിഷേധിച്ചു) .....469

III **ശ്രദ്ധ ക്ഷണിക്കൽ**

(1) കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് .....490

—ശ്രീ. ജോൺ ഫെർണാണ്ടസ്

—ശ്രീ. ടി. ജെ. വിനോദ്

(2) ദുരന്തനിവാരണ സംവിധാനങ്ങൾ .....497

—ശ്രീ. എ. പി. അനിൽ കുമാർ

IV **സബ്മിഷൻ**

(1) സാമ്പത്തിക സഹായം .....502

—ശ്രീ. കെ. വി. അബ്ദുൾ ഖാദർ

(2) സ്റ്റേഡിയം നവീകരണം .....503

—ശ്രീ. ഷാഫി പറമ്പിൽ

(3) നഷ്ടപരിഹാരം .....506

—ശ്രീ. സജി ചെറിയാൻ

(4) മിനി സിവിൽസ്റ്റേഷൻ .....508

—ശ്രീ. പുരുഷൻ കടലുണ്ടി

പേജ്

(5) അരുവിക്കര ഡാം സംരക്ഷണം .....508

—ശ്രീ. കെ. എസ്. ശബരീനാഥൻ

(6) പുനരധിവാസം .....510

—ശ്രീ. കെ. വി. വിജയദാസ്

(7) റോഡ് നിർമ്മാണം .....511

—പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

(8) റെയിൽവേ റിസർവേഷൻ കൗണ്ടർ .....513

—ശ്രീ. ടി. വി. ഇബ്രാഹിം

(9) തീരദേശവാസികളെ മാറ്റിപാർപ്പിക്കൽ .....514

—ശ്രീ. കെ. ദാസൻ

(10) സെക്ഷൻ ഓഫീസ് .....517

—ശ്രീ. യു. ആർ. പ്രദീപ്

**V റൂളിംഗിന്റെ അടിസ്ഥാനത്തിൽ മേശപ്പുറത്തുവയ്ക്കുന്ന പ്രസ്താവന** .....518

**VI റിപ്പോർട്ട് സമർപ്പണം**

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമംസംബന്ധിച്ച സമിതിയുടെ
ആറാമത് റിപ്പോർട്ട് .....524

**VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം** .....525

**VIII നിയമനിർമ്മാണകാര്യം** .....526

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട്
കമ്മറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ
(ഭേദഗതി) ബിൽ .....526

(ii) 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ .....553

*പേജ്*

**IX ക്രമപ്രശ്നം**

(i) —ബില്ലിലെ അവ്യക്തത .....554

**റൂളിംഗ്** .....557

(iii) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ .....592

(ii) **ക്രമപ്രശ്നം** .....593

**റൂളിംഗ്** .....595

**X അറിയിപ്പ്** .....625

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 ഒക്ടോബർ 31, വ്യാഴം*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2019 ഒക്ടോബർ മാസം 31-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *91

ശ്രീ. സണ്ണി ജോസഫ്: സർ, ഈ question-ന്റെ admissibility സംബന്ധിച്ച് പറയാനുണ്ട്.

മി. സ്പീക്കർ: അങ്ങ് പറയൂ.

Shri Sunny Joseph: According to Rule 36 (2) A question, in order to be admissible, shall be governed by the following conditions:-

(c) it shall not contain arguments, inferences, ironical expressions, imputations, epithets or defamatory statements.

ഒരു ചോദ്യം ചോദിക്കുമ്പോൾ ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കാൻ പാടില്ല. ഈ ചോദ്യത്തിൽ പറയുന്നത് 'മുൻസർക്കാരിൽ നിന്ന് വ്യത്യസ്തമായി ഈ സർക്കാർ അഴിമതിരഹിതമായും കാര്യക്ഷമതയോടെയും നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾക്ക് നിരന്തരം വിഘ്നം സൃഷ്ടിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിലുള്ള ചിലർ ഉൾപ്പെടെയുള്ളവരുടെ ഇടപെടലിന്റെ ഫലമായി.....', എന്നാണ്. ഇത് ആക്ഷേപമാണ്, മുൻസർക്കാർ അഴിമതി സർക്കാരാണെന്ന് ആക്ഷേപിക്കാൻ ചോദ്യകർത്താവിന് അവകാശമില്ല. (...ബഹളം...) കാര്യക്ഷമതയില്ലാത്ത സർക്കാരാണെന്ന ആക്ഷേപമുന്നയിക്കാൻ ചോദ്യകർത്താവിന് എന്ത് അവകാശമാണുള്ളത്? ഈ ചോദ്യം admissible അല്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച കാര്യം പരിശോധിക്കാം.

## ദേശീയപാതയുടെ വികസനം

1 (*91) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിൽനിന്ന് വ്യത്യസ്തമായി ഈ സർക്കാർ അഴിമതിരഹിതമായും കാര്യക്ഷമതയോടെയും നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾക്ക് നിരന്തരം വിഘ്നം സൃഷ്ടിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിലുള്ള ചിലർ ഉൾപ്പെടെയുള്ളവരുടെ ഇടപെടലിന്റെ ഫലമായി മന്ദീഭവിച്ച കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(ബി) ദേശീയപാത അതോറിറ്റി ഈ വികസന പ്രവൃത്തിയെ ഉയർന്ന മുൻഗണനാപട്ടിക ഒന്നിൽനിന്നും രണ്ടിലേയ്ക്ക് തരംതാഴ്ത്തിയത് പിൻവലിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) പ്രളയത്തിൽ ദേശീയപാതയിലുണ്ടായ കേടുപാടുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കേണ്ട കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് പുലർത്തുന്ന നിസ്സംഗത അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിക്ക് 3425.096 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ 1986.369 ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശമുണ്ട്. ബാക്കി 1438.737 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ 659.557 ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും 548.192 ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും 302.163 ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത 66-ന്റെ 45 മീറ്ററിൽ വീതികൂട്ടൽ പ്രവൃത്തി 27 പാക്കേജുകളായി വിഭജിച്ചിരുന്നു. 20 പാക്കേജുകൾ റോഡ് നിർമ്മാണവും 7 പാക്കേജുകൾ പാലങ്ങൾ, ബൈപ്പാസുകൾ, ഫ്ലൈഓവറുകൾ എന്നിവയും സംബന്ധിച്ചുള്ളവയാണ്. രാജ്യത്തെ ദേശീയപാത

വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1, High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും High-2 ഇനത്തിൽപ്പെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ 2-5-2019-ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുകയും കത്തയയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High-1-ലേയ്ക്ക് മാറ്റുന്നതിനും തയ്യാറായി. തുടർന്ന് ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 8-8-2019-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അതിനുശേഷവും ദേശീയപാത വികസന പ്രവർത്തനം മുന്നോട്ട് പോകാത്ത അവസ്ഥയിലായിരുന്നു. എന്നാൽ 1-10-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും ഡൽഹിയിൽ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയെ കണ്ട് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥതലത്തിൽ നിലനിന്നിരുന്ന തടസ്സങ്ങൾ നീക്കുന്നതിന് കഴിഞ്ഞതും അതുവഴി ധാരണാപത്രം ഒപ്പിടാൻ വഴി ഒരുങ്ങിയതും. ഇതനുസരിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം, കോഴിക്കോട് ജില്ലയിലെ പാലൊളി, മൂരാട് പാലങ്ങൾ എന്നിവ ടെണ്ടർ നടപടി സ്വീകരിച്ചതായി NHAI അറിയിച്ചിട്ടുണ്ട്.

(ബി) ധാരണാപത്രം ഒപ്പുവച്ചതിനെത്തുടർന്ന് ദേശീയപാതാ അതോറിറ്റി ഈ വികസന പ്രവൃത്തിയെ ഉയർന്ന മുൻഗണനാ പട്ടിക ഒന്നിൽ നിന്ന് രണ്ടിലേയ്ക്ക് തരംതാഴ്ത്തിയത് പിൻവലിച്ചിട്ടുണ്ട്. പല ചർച്ചകളും നടന്നെങ്കിലും ഒടുവിൽ 2019 ഒക്ടോബർ 1-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ സർഫസ് റോഡ് ട്രാൻസ്പോർട്ട് മിനിസ്റ്റർ ശ്രീ. നിതിൻ ഗഡ്കരിയുമായി നടത്തിയ ചർച്ചയെത്തുടർന്ന് അതിവേഗത്തിൽ കരാർ ഒപ്പിട്ടു. 1-ാം തീയതി ഗഡ്ഗരിയെ കാണുകയും 3-ാം തീയതി കരാറിൽ ഒപ്പിടുകയും ചെയ്തു. അങ്ങനെ അത് സാക്ഷാൽക്കരിക്കുകയാണ്.

(സി) ഇത് കടന്നുവരുന്നത് ഒൻപത് ജില്ലകളിലാണ്. ആ ഒൻപത് ജില്ലകളിലും പൊന്നുംവില തഹസീൽദാർമാരെ നിയമിച്ചിട്ടുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് NHAI-യുടെ ആവശ്യമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നുംവില തഹസീൽദാർ (CALA)-യെ നിയമിച്ചിട്ടുണ്ട്. ടെണ്ടർ നടപടി സ്വീകരിച്ച റീച്ചുകൾക്ക് പുറമെയുള്ളവയുടെ സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്.

(ഡി) ദേശീയപാതയിൽ കേടുപാടുകളുണ്ടാകുമ്പോൾ പണം അനുവദിക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. 4000-ഓളം വരുന്ന ദേശീയ പാതയുടെ ഒരു ഭാഗം NHAI-യുടെ കയ്യിലും മറ്റൊരുഭാഗം മിനിസ്ട്രി ഓഫ് സർഫസ് ട്രാൻസ്പോർട്ടിന്റെ കീഴിലുമാണ്. പക്ഷെ, ഒരു ഭാഗത്ത് നിർമ്മാണത്തിന്റെ കാലാവധി കഴിഞ്ഞ് ഒരു വർഷം കഴിയുന്നതിനുമുമ്പ് കേടായിരിക്കുകയാണ്. എങ്കിലും അവർ പണം തരാറില്ല. രണ്ടരവർഷം വരെ കാലതാമസം വന്നിരിക്കുകയാണ്. പണം തന്നാൽ ആറു മാസം വരെ സാങ്കേതികമായ നടപടിക്രമങ്ങൾക്ക് കാത്തിരിക്കണമെന്ന നിബന്ധനയുമുണ്ട്. പ്രളയത്തിൽ ദേശീയപാതയിലുണ്ടായ കേടുപാടുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾക്കായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപയുടെ കേന്ദ്ര ഫണ്ട് 2019-2020 ഓർഡിനറി റിപ്പയറിംഗിനായി ലഭിച്ചിട്ടുണ്ട്. കൂടാതെ ഫ്ലഡ് ഡാമേജ് റിപ്പയറിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപയും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ NH 66-ൽ പല റീച്ചുകളിലും ഉപരിതലം പുതുക്കിയതിന്റെ കാലാവധി അവസാനിച്ചിട്ട് നാലുവർഷത്തിൽ അധികമായെങ്കിലും നാലുവരിപ്പാത വികസനത്തിന്റെ പേരിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഫണ്ട് അനുവദിക്കുന്നതിൽ തടസ്സം ഉന്നയിച്ചിരുന്നു. ഇതിന്റെ ഭാഗമായി NH 66-ൽ പൂർണ്ണമായ തോതിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താനായിട്ടില്ല. ചെറിയ തുകകൾ ഉപയോഗിച്ചുള്ള അറ്റകുറ്റപ്പണികൾകൊണ്ട് പരിഹരിക്കാവുന്നതിലപ്പുറമുള്ള കേടുപാടുകളുണ്ടായിട്ടുണ്ട്. ഈ റീച്ചുകളിൽ ഫണ്ട് ഇപ്പോൾ അനുവദിച്ചതായി കാണുന്നു. നടപടികൾ പൂർത്തിയാക്കി MORTH-ന്റെ സാങ്കേതികാനുമതി ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടിയിലേയ്ക്ക് പോകാനാകുകയുള്ളൂ. 5 കോടി രൂപയ്ക്കുമുകളിലുള്ള പ്രവൃത്തികൾ EPC മാതൃകയിൽ മാത്രമേ ചെയ്യാവൂയെന്ന MORTH-ന്റെ ഉത്തരവിന്റെ ഭാഗമായി അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ഏകദേശം 6 മാസം സമയം വേണ്ടിവരുന്നുണ്ട്.

ഇത്തരത്തിൽ ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുഖേനയും പൊതുമരാമത്ത് വകുപ്പുമന്ത്രി മുഖേനയും ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും കേന്ദ്രത്തിൽ ഇടപെട്ട് ത്വരിതഗതിയിൽ കേരള സംസ്ഥാനത്തുടനീളം റോഡുകൾ നന്നാക്കുന്നതിൽ അതിയായ സന്തോഷവും പ്രത്യേക നന്ദിയുമുണ്ട്. കാലവർഷക്കെടുതി മാറി ഇവിടെ പ്രളയമായി, പ്രളയമെന്ന വാക്കിലേയ്ക്ക് കടക്കുന്ന അവസരത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണി നടത്താനും പുതിയതായി ടാർ ചെയ്യാനും സാധിക്കാത്ത സാഹചര്യമാണുള്ളത്. രാഷ്ട്രീയ കാലാവസ്ഥയിൽ പാലാരിവട്ടം പോലുള്ള ചില പാലങ്ങളുടെ പ്രശ്നങ്ങളും വരുന്നുണ്ട്. ഇതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് എത്രമാത്രം നഷ്ടങ്ങളുണ്ടായിട്ടുണ്ട്; കേരളത്തിന് കേന്ദ്രത്തിന്റെ സംഭാവനകൾ എന്തൊക്കെയാണ്; ഭാവിയിൽ പുതിയ സാങ്കേതിക വിദ്യയിലൂടെ റോഡുകൾ നന്നാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പ്രളയത്തിനുമുൻപ് കാലാവധി കഴിയുന്ന മുറയ്ക്കും അല്ലാതെയുമായി 20 ശതമാനത്തോളം റോഡുകൾക്ക് കേടുപാടുണ്ടായിരുന്നു. പ്രളയത്തിനുശേഷം അത് 40 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞതുപോലെ പ്രളയത്തിനുശേഷവും കഴിഞ്ഞ എട്ടുമാസമായി തുടർച്ചയായി മഴ പെയ്യുകയാണ്. മേയ് മാസത്തിൽ തുടങ്ങിയ മഴയാണ്. ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അത് രാഷ്ട്രീയ കാലാവസ്ഥയല്ല, മറിച്ച് കാലാവസ്ഥയാണെന്നുള്ള കാര്യം എല്ലാവരും മനസ്സിലാക്കണം. മഴ കാരണം അതിന്റേതായ പ്രശ്നങ്ങളുമുണ്ട്. അറ്റകുറ്റപ്പണികൾക്കായി ആഗസ്റ്റ് മാസ ത്തിൽത്തന്നെ ഓരോ മണ്ഡലത്തിലും പണം നൽകിയിരിക്കുകയാണ്. കുറവുള്ളിടത്ത് ഇനിയും നൽകും. ഇത് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നത്. പക്ഷെ, കേന്ദ്ര ഗവൺമെന്റ് പണം നൽകാറില്ല. നൽകിയ പണത്തിന്റെ കണക്ക് ഞാൻ പറഞ്ഞു. അത് കാലാവധി കഴിഞ്ഞ റോഡുകൾക്ക് overlay-ക്ക് നൽകുന്ന പണമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ സമ്മർദ്ദം ചെലുത്തുന്നതുകൊണ്ടാണ് നൽകുന്നത്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു ശുഷ്കാന്തിക്കുറവും കാണിക്കില്ല. മഴ ഒരു പ്രശ്നമായതുകൊണ്ടുള്ള തടസ്സം മാത്രമാണുള്ളത്. ആയതിനാൽ പരിഹാരം കാണുമെന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, എറണാകുളത്തെയും ഇടുക്കിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന നേര്യമംഗലം പാലമുൾപ്പെടെ അങ്ങ് ത്വരിതഗതിയിൽ ഇടപെടുന്ന ഹിൽ

ഹൈവേ അടക്കമുള്ള മേഖലകളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. ജി. സുധാകരൻ: സർ, ഇക്കാര്യത്തിൽ നമ്മൾ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തുവരികയാണ്. കഴിഞ്ഞ മൂന്ന് വർഷമായി വനം വകുപ്പുമായി നിരന്തരം ചർച്ച നടത്തുകയാണ്. ഇക്കാര്യം വനം വകുപ്പുമന്ത്രിയോടാണ് പറഞ്ഞതെന്ന് തെറ്റിദ്ധരിക്കരുത്. അവർ ഒന്നും ചെയ്യുന്നില്ല എന്നതാണ് സത്യം. മലയോര ഹൈവേയുടെ 12 റീച്ചുകളിൽ ഒരു റീച്ചിന് അനുവാദം കിട്ടിയിട്ടുണ്ട്. സർവ്വേ നടത്താൻ അവിടെ ചെന്നാൽ പുതിയൊരു കേസ് വരുമെന്നതാണ് സ്ഥിതി. എല്ലാ ഗവൺമെന്റിന്റെയും കാലത്തെ സ്ഥിതിയിതാണ്. വനം വകുപ്പുമന്ത്രിക്ക് മാറി ചെയ്യാനാകില്ല. ഇക്കാര്യം എല്ലാവരും മനസ്സിലാക്കണം. ശബരിമലയിൽ എന്തെല്ലാം കുഴപ്പങ്ങളാണ് വനം വകുപ്പ് ഉണ്ടാക്കുന്നതെന്ന് എല്ലാവർക്കുമറിയാം. ഈ സ്ഥിതി എങ്ങനെ മാറ്റാൻ കഴിയുമെന്ന് നമുക്ക് ചർച്ച ചെയ്യാം. അവിടെ ഫോറസ്റ്റ് ഓഫീസർമാർ പറയുന്ന നിയമമാണ് നടക്കുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അവരെ കുറ്റപ്പെടുത്താനൊന്നും കഴിയില്ല, സ്ഥിതി അതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന ദേശീയപാതയുടെ വികസനത്തിനായി സ്ഥലമെടുപ്പിന്റെ കാര്യം പരിഹരിച്ചതിനും ഈ വികസനം മുൻഗണനാ ലിസ്റ്റിൽ രണ്ടാം പട്ടികയിലേയ്ക്ക് തരംതാഴ്ത്തിയത് ഒഴിവാക്കി ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പി.ഡബ്ല്യു.ഡി. മന്ത്രിക്കും അഭിനന്ദനങ്ങൾ നേരുകയാണ്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന വിഹിതം നാലിലൊന്ന് എന്നുള്ളത് മറ്റ് സംസ്ഥാനങ്ങളിലും ഇതേ സമീപനമാണോ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? അതുപോലെ മണ്ണുത്തി വടക്കാഞ്ചേരി ദേശീയപാത വികസനവും കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണവും സ്തംഭിച്ച് കിടക്കുകയാണ്. മണ്ണുത്തി-അങ്കമാലി ദേശീയപാതയിലെ ചാലക്കുടി അണ്ടർപാസ്സിന്റെ നിർമ്മണമാരംഭിച്ചതും സ്തംഭിച്ച് കിടക്കുകയാണ്. ഇതിന്റെ ഭാഗമായി നിരന്തരമായ ഗതാഗതക്കുരുക്കും അപകടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ടോൾ കമ്പനിക്കാർ കരാർ വ്യവസ്ഥയിൽ എല്ലാവർഷവും ടോൾ വർദ്ധിപ്പിക്കുന്നതല്ലാതെ അനുബന്ധനിർമ്മാണ പ്രവർത്തനങ്ങളൊന്നും പൂർത്തീകരിക്കുന്നില്ല. ദേശീയപാത കുണ്ടുംകുഴിയുമായി കിടക്കുകയാണ്. NHAI-യും കരാർ കമ്പനിയും ചേർന്ന് ജനങ്ങളെ വെല്ലുവിളിക്കുകയാണ്, ദേശീയപാത കൊലക്കളമായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കേന്ദ്ര ഗവൺമെന്റും എൻ.എച്ച്.എ.ഐ.-യുമായി ചർച്ചചെയ്ത് ഇക്കാര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രി നിരന്തരമായി ഇടപെടുന്ന കാര്യം അറിയാതെയല്ല ഞാനിത് പറയുന്നത്. അവർ എല്ലാ കാര്യങ്ങളും സമ്മതിക്കുമെങ്കിലും ഒന്നും ചെയ്യാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.

അതുകൊണ്ട് അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് അങ്ങയുടെ പ്രധാന ചോദ്യം നേരത്തേ വന്നിട്ടുണ്ട്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തുനിന്നും വിഹിതം വാങ്ങിയിട്ടില്ല. സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പും ശേഷവും ദേശീയപാതയ്ക്കും റെയിൽവേയ്ക്കും പ്രവിശ്യകളോട് വിഹിതം വാങ്ങുന്ന പതിവില്ലായിരുന്നു; വാങ്ങാൻ പാടില്ലാത്തതുമാണ്. പക്ഷെ നടക്കണമെങ്കിൽ നൽകണം, കാരണം ഗൺ പോയിന്റിലാണ് നിൽക്കുന്നത്. നമ്മൾ ചർച്ച ചെയ്തുനോക്കി. നേരത്തേ ഞാൻ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെയും കൂട്ടിക്കൊണ്ടുപോയി ചർച്ച ചെയ്തു. അപ്പോഴെല്ലാം ശരിയായിയെന്ന് പറഞ്ഞതാണ്. അങ്ങനെ 1-10-2019-ന് വീണ്ടും ചെന്നപ്പോൾ എൻ.എച്ച്.എ.ഐ. ഉദ്യോഗസ്ഥരോട് ശ്രീ. നിതിൻ ഗഡ്കരി, 'നിങ്ങളാണ് ഈ കുഴപ്പമുണ്ടാക്കിയത്. ഇതെല്ലാം ശരിയായെന്നല്ലേ ഞാൻ വിചാരിച്ചത് ' എന്ന് പറഞ്ഞതായാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നിട്ട് എൻ.എച്ച്.എ.ഐ. ഞങ്ങളുമായി ചർച്ച നടത്തി. ഹൃദയശൂന്യമായ ഒരു സംവിധാനമാണെന്ന് ഞാൻതന്നെ പറയുകയുണ്ടായി. വസ്തുതയാണ് പറഞ്ഞത്. അപ്പോൾത്തന്നെ ഫയൽ നീങ്ങുകയും 3-10-2019-ന് കരാറിൽ ഒപ്പിടുകയും ചെയ്തു. കാസർഗോഡിലെ രണ്ട് റീച്ചുകളിൽ ടെണ്ടറും വിളിച്ചുകഴിഞ്ഞു. ഇവിടെ തടസ്സമൊന്നുമില്ല. ഓരോ ജില്ലയിലും ഒരേ സമയം തുടങ്ങണമെന്നതാണ് നമ്മുടെ ആവശ്യം. അങ്ങനെ തുടങ്ങിയാലും ഇനിയിപ്പോൾ ഈ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയാകുമെന്ന് എനിക്ക് പറയാനാകില്ല, കാരണം 18 മാസമേ ബാക്കിയുള്ളൂ. അവർ 2017-ൽ ചെയ്തിരുന്നുവെങ്കിൽ ഇതെല്ലാം പൂർത്തിയാകുമായിരുന്നു. നമുക്ക് വിരോധവും പരിഭവവുമില്ല. പക്ഷെ നമ്മളോട് കേന്ദ്രത്തിന്റെ അവഗണനയുടെ ഒരു രീതിയാണ്. ഇക്കാര്യത്തിൽ ഒരു സംസ്ഥാനത്തിനോടും ഇന്നുവരെ വിഹിതം വാങ്ങിയിട്ടില്ല, ഇപ്പോൾ വാങ്ങി ത്തുടങ്ങിയിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങുമോയെന്ന് നമുക്കറിയില്ല. ഇതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. പിന്നെ അങ്ങ് പറഞ്ഞ കുതിരാനും ചാലക്കുടിയുമെല്ലാം എൻ.എച്ച്.എ.ഐ.-യുടെ തെറ്റായ നടപടികളാണ്. നമുക്ക് പറയാനേ കഴിയൂ. നമ്മൾ കേസ്സൊക്കെ കൊടുക്കാമെന്ന് പറഞ്ഞാലും കേന്ദ്ര സർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി ഏജൻസിയാണത്. ഒരു കേസ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് എല്ലാവരും സംയുക്തമായി നീങ്ങി ഇതിലൊരു മാറ്റം വരുത്തണം. അതിശക്തമായ തരത്തിലുള്ള നീക്കം ഇതിനാവശ്യമാണ്. ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചിട്ടും അവർക്ക് ബോധ്യപ്പെടുന്നില്ല, അങ്ങയുടെ ബുദ്ധിമുട്ടറിയാം. ഇതുസംബന്ധിച്ച് പല തവണ ഇടപെട്ടതാണ്, ഇനിയും ശക്തമായി ഇടപെടുന്നതാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, മിക്കവാറും അസാദ്ധ്യമാണെന്ന് കരുതിയ നാഷണൽ ഹൈവേ ഫലസിദ്ധിയിലെത്തിച്ച ബഹുമാന്യരായ മുഖ്യമന്ത്രിയോടും പൊതുമരാമത്ത് വകുപ്പുമന്ത്രിയോടും ഈ നാടും ഭാവിതലമുറയും കടപ്പെട്ടിരിക്കുകയാണ്. കേരള ചരിത്രത്തിൽ അവർ സ്ഥാനം പിടിച്ചു കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. കോഴിക്കോട്-കൊല്ലഗൽ ദേശീയപാത - 766 വളരെ വർഷംമുമ്പ് വിൽബർ സ്മിത്ത് എന്ന കമ്പനി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ഇനിയും പണി ആരംഭിച്ചിട്ടില്ല. മറ്റ് ദേശീയപാതകളിൽനിന്നും വ്യത്യസ്തമായി 30 മീറ്ററാണ് ദേശീയപാത 766-ന് ആവശ്യമായി വരുന്നത്. അതിൽ വയനാട് ചുരം പൂർണ്ണമായും എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ടതാണ്. ചുരം റോഡ് വികസിപ്പിക്കുക അസാധ്യമാണ്. കോഴിക്കോടുനിന്നും പുതുപ്പാടി, അല്ലെങ്കിൽ ചുരം ആരംഭിക്കുന്ന ഒന്നാം വളവും വൈത്തിരി മുതൽ മുത്തങ്ങ വരെയും വികസിപ്പിക്കുന്നതിന് തടസ്സമില്ലാത്തതാണ്. അക്കാര്യം ദേശീയപാതാ വികസനത്തോടൊപ്പം പരിഗണിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ദേശീയപാതാ വികസനത്തിന്റെ പ്രോജക്ടും ഇതും വെവ്വേറെയാണ്. എൻ.എച്ച്.എ.ഐ.-യും MORTH-ഉം പല സ്കീമുകളും പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ പലതും പല ഘട്ടങ്ങളിലാണ്. ഏതായാലും ഈ പദ്ധതിയോട് ഗവൺമെന്റിന് താല്പര്യമുണ്ട്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് ഈ വിഷയം സജീവമായി ടേക്കപ്പ് ചെയ്യാം. ഇത് സാക്ഷാൽക്കരിക്കാൻ മുന്നോട്ട് പോകാമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. പി. ഉണ്ണി</u>: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്, പ്രളയത്തിൽ ദേശീയപാതയിലുണ്ടായ കേടുപാടുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റോഡ്-ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഉപരിതലം പുതുക്കുന്നതിന് 178 കോടി രൂപയും അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപയും അനുവദിച്ചിട്ടുണ്ട് എന്നാണ്. മറ്റൊരു ഭാഗത്ത് പറയുന്നത്, അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപയ്ക്കുപുറമേ, NH 66-ൽ പല റീച്ചുകളിലായി ഉപരിതലം പുതുക്കുന്നതിന് കാലാവധി അവസാനിച്ചിട്ട് നാല് വർഷത്തിലധികമായെങ്കിലും നാലുവരിപ്പാതാ വികസനത്തിന്റെ പേരിൽ ഉപരിതല ഗതാഗത മന്ത്രാലയം ഫണ്ട് അനുവദിക്കുന്നതിൽ തടസ്സം ഉന്നയിച്ചിട്ടുണ്ട് എന്നാണ്. നേരത്തെ പറഞ്ഞ വാഗ്ദാനങ്ങളെല്ലാം അതാത് അവസരങ്ങളിൽ കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പ് പറയാൻ കഴിയുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, എനിക്കങ്ങനെ പറയാനാകില്ല. കാരണം അത് സ്റ്റാറ്റ്യൂട്ടറി ഡ്യൂട്ടിയാണ്. എൻ.എച്ച്.എ.ഐ. വയലേറ്റ് ചെയ്യുന്നത് കോൺസ്റ്റിറ്റ്യൂഷണൽ ആന്റ് സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷനാണ്. അതിന് അവർക്ക് ഒരു നാണവുമില്ലെന്നത് എല്ലാവർക്കുമറിയാം. പക്ഷെ അത് ചെയ്തേ പറ്റുകയുള്ളൂ. അവർക്ക് അതിൽനിന്നും മാറാൻ സാധിക്കുകയില്ല. ഗവൺമെന്റ് ആ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ആരും അതിനെ ന്യായീകരിച്ചില്ല. അതെല്ലാം ചോദ്യകർത്താക്കൾ ചോദിക്കുന്നതാണ്. അവർ ഒരു പാർട്ടിയെ ഉദ്ദേശിച്ചല്ല ചോദിക്കുന്നത്. അത് പ്രശ്നമല്ല. കറക്ടായ മറുപടി നൽകിയിട്ടുണ്ട്.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, എന്റെ മണ്ഡലത്തിൽ പെർവാട് മുതൽ തലപ്പാടി വരെയുള്ള റോഡിന്റെ ടെണ്ടർ വിളിച്ചപ്പോൾ ടാർ പെട്ടെന്ന് ഒലിച്ചു പോകാതിരിക്കാനുള്ള പുതിയ സാങ്കേതികവിദ്യ പ്രകാരമുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഈയിടയ്ക്ക് നടത്തിയ പ്രവൃത്തികൾക്കുശേഷം ചെറിയൊരു മഴ വന്നപ്പോൾത്തന്നെ ടാർ പൂർണ്ണമായും ഒലിച്ചുപോയി. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെയുള്ള സാങ്കേതികവിദ്യകൾ പുതിയ ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, സംസ്ഥാനത്തിന്റെ റോഡ് നിർമ്മാണം, അതായത് സ്റ്റേറ്റ് ഹൈവേകൾ, മറ്റ് റോഡുകൾ എന്നിവയിലാണ് നമ്മുടെ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. കേന്ദ്രം അതൊന്നും അംഗീകരിക്കുന്നില്ല. ദേശീയപാത അവർ സാധാരണ രീതിയിലാണ് ചെയ്യുന്നത്. പുതിയ സാങ്കേതികവിദ്യകൾ അതായത്, ഇപ്പോൾ ബാംഗ്ലൂരിലെല്ലാം ചെയ്യുന്നതുപോലെ വൈറ്റ് ടോപ്പിംഗ് എന്ന സമ്പ്രദായവുമുണ്ട്. ഇതിന് ഒരു കിലോമീറ്ററിന് പത്തുകോടി രൂപ ചെലവുവരും. പക്ഷെ 33 വർഷം പ്രശ്നമൊന്നും വരില്ല. സാമ്പത്തിക പ്രയാസമുണ്ടെങ്കിലും അതും പരീക്ഷിക്കേണ്ടതായിട്ടുണ്ട്. എല്ലാത്തിനും നമ്മൾ തയ്യാറാണ്. സാമ്പത്തിക പ്രയാസം ഒരു ഭാഗത്ത്, മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അവരോട് പറഞ്ഞിട്ടുണ്ട്, അതിനുവേണ്ടി പരിശ്രമിക്കാം.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ലോക മലയാളികളുടെ സ്വപ്നമായിരുന്ന ദേശീയപാതാ വികസനം യാഥാർത്ഥ്യമാക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച വലിയ ഇടപെടലുകളെ സ്വാഗതം ചെയ്യുന്നു. ഒപ്പം മലയോര നാടിന്റെ ഏറെ പ്രതീക്ഷയായിരുന്ന മലയോര ഹൈവേയുടെ ഭാഗമായ പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ ഈ ഗവൺമെന്റ് എടുത്ത നടപടിയെ അഭിനന്ദിക്കുന്നു. പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ ഭാഗമായിട്ടുള്ള കോന്നി മുതൽ

പുനലൂർ വരെയുള്ള മൂന്നാം റീച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി നിർമ്മാണം ആരംഭിക്കാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും. ടെണ്ടർ നടപടി പൂർത്തീകരിച്ചു കഴിഞ്ഞാൽ നിർമ്മാണത്തിൽ യാതൊരു വിധത്തിലുമുള്ള കുറവും വരാതെ നോക്കാം. ദേശീയപാതയുടെ കാര്യത്തിൽ എല്ലാ ഗവൺമെന്റും ആഗ്രഹിച്ചു, പക്ഷെ നടന്നില്ല. അത് ഇടയ്ക്കുവച്ച് ഡ്രോപ് ചെയ്യുകയായിരുന്നു. ഈ ഗവൺമെന്റ് അങ്ങനെയല്ല, അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്ത ശക്തമായ ഒരു നിലപാടുണ്ട്, അത് എല്ലാവരും പറയുന്നുമുണ്ട്. നിലപാടുണ്ട്. അങ്ങനെയുള്ള മുഖ്യമന്ത്രിമാർ മുന്നിൽനിന്ന് നയിച്ചെങ്കിൽ മാത്രമേ വികസനം നടക്കുകയുള്ളൂ. അത് ശ്രീ. പിണറായി വിജയൻ നന്നായി ചെയ്യുകയാണ്. അദ്ദേഹത്തിന്റെ പൊതുയോഗങ്ങളെല്ലാം ഞാൻ കേട്ടിട്ടുണ്ട്. രാഷ്ട്രീയ യോഗത്തിൽ രാഷ്ട്രീയ കാര്യങ്ങളെല്ലാം പറയും, അവിടെപ്പോലും പകുതിയിൽ കൂടുതൽ പറയുന്നത് വികസനത്തെ സംബന്ധിച്ചാണ്. അതെല്ലാവർക്കും മാതൃകയാണ്. എല്ലാ വകുപ്പിലും അദ്ദേഹത്തിന്റെ നേതൃത്വമുണ്ട്. അത് മുഖ്യമന്ത്രിമാരുടെ ഉത്തരവാദിത്വമാണെങ്കിലും വളരെ അദ്ഭുതപൂർവ്വമായ ഇനിഷ്യേറ്റീവാണ് ഉണ്ടായിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനത്തിനെല്ലാം പ്രതിപക്ഷത്തുള്ളവർ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ ചില സ്ഥലങ്ങളിൽ ഡിസ്ക്രിമിനേഷൻ വരുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു റോഡിന്റെ പകുതി ഭാഗം പണി ചെയ്യാമെന്ന് അങ്ങ് സമ്മതിച്ചതാണ്. ബാക്കി ഭാഗം ചെയ്യാൻ പണമില്ലെന്ന് പറഞ്ഞു. എം.എൽ.എ. ഫണ്ടിൽനിന്നും മൂന്ന് കോടി രൂപ നൽകി ബാക്കി ഭാഗം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും അത് പൂർത്തിയാകുകയും ചെയ്തു. പക്ഷെ അങ്ങ് ഡിപ്പാർട്ടുമെന്റ് മുഖേന ചെയ്യുമെന്ന് പറഞ്ഞ 500 മീറ്റർ ഈരേക്കടവ് റോഡിൽ ഇപ്പോഴും പണി ചെയ്തിട്ടില്ല. കോടിമത രണ്ടാംപാലം, സാധാരണ അങ്ങ് ആ റോഡിൽകൂടി സഞ്ചരിക്കുന്നയാളാണ്. രണ്ടാം പാലത്തിന്റെ രണ്ട് ഡക്ക് തീർക്കാൻ കേരള സർക്കാരിന് കഴിയാതെ വരുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാട് തന്നെ വേഗത്തിൽ പൂർത്തിയാക്കണമെന്നതാണ്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ നിലപാട് അങ്ങ് കൃത്യമായി ചെയ്യണമെന്നതാണ് എന്റെ അഭ്യർത്ഥന. രണ്ടാം പാലം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകേണ്ടതല്ലേ? ഇതുപോലെ ഒരു നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഒരു വർക്ക് പറഞ്ഞാൽ അത് ചെയ്യുമെന്ന് പറഞ്ഞ് ബഡ്ജറ്റിൽ ചേർക്കുകയും ഞാൻ ശാസ്ത്രി റോഡിന്റെ പേര് കൊടുക്കുകയും ചെയ്തു. എന്നാൽ ശാസ്ത്രി റോഡ് കണ്ണൂരിലാണെന്നുള്ള നോട്ടിഫിക്കേഷൻ വരികയും അതിൽ കറക്ഷൻ വരുത്തണമെന്ന് പറഞ്ഞ് കറക്ഷൻ വരുത്തുകയും ചെയ്തു. കറക്ഷൻ

വരുത്തിക്കഴിഞ്ഞപ്പോൾ ആദ്യത്തെ സ്ലോട്ടിന് എ.എസ്. നൽകിക്കഴിഞ്ഞു. ഇപ്പോൾ അത് രണ്ടാം സ്ലോട്ടിൽ നിൽക്കുകയാണ്.

മി. സ്പീക്കർ: പൊതുവായ ചോദ്യങ്ങൾ ചോദിക്കണം. സ്പെസിഫിക്കായി ചോദിക്കുമ്പോൾ അത് എഴുതി നൽകേണ്ടിവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതുകൊണ്ട് ആ പ്രശ്നം പരിഹരിക്കുന്നതിന് ഒന്നുകിൽ ചർച്ചയ്ക്ക് വിളിക്കുക അല്ലെങ്കിൽ ഫയൽ വിളിച്ചുവരുത്തി അങ്ങയുടെ നീതിബോധം അതിൽ കാണിക്കുന്നതിന് തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ചത് ചോദ്യവുമായി ബന്ധപ്പെട്ട കാര്യമല്ല. അതുകൊണ്ട് ചോദിക്കരുതെന്നല്ല. ഇത് നാഷണൽ ഹൈവേയാണ്. അങ്ങയുടെ മണ്ഡലം കോട്ടയമല്ലേ; അക്ഷര നഗരിയല്ലേ; തഴയാൻ കഴിയുമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വരുന്നതിനുമുമ്പും പരിഗണനയുണ്ട്, അങ്ങ് വന്നതിനുശേഷം അങ്ങയുടെ ഈ വാദഗതി കാരണം കുറച്ചുകൂടി പരിഗണനയുണ്ട്. എന്ത് പ്രശ്നമുണ്ടെങ്കിലും തീർത്തുതരാമെന്ന് ഞാൻ ഉറപ്പുനൽകുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങേയ്ക്കും അറിയാവുന്നതാണ്, കൊല്ലം-ചെങ്കോട്ട ദേശീയപാത അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവിക്കുന്ന റോഡാണ്. ഏറ്റെടുത്തകാലം മുതൽ പി.ഡബ്ല്യു.ഡി റോഡിന്റെ വീതിയിൽ മാത്രമേ അവിടെ ടാർ ചെയ്തിട്ടുള്ളൂ. ഈ ഗവൺമെന്റ് വന്നശേഷം എല്ലാ റോഡുകളും മെച്ചപ്പെടുത്തുന്നുണ്ട്. ദേശീയപാത നാലുവരിയാക്കുന്നതിനുള്ള ശക്തമായ നടപടിയെടുത്തിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട ദേശീയപാത നാലുവരിയാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമോ; മറ്റൊരു കാര്യമുള്ളത്, റോഡുകൾ നല്ല നിലവാരത്തിൽ പണി പൂർത്തിയാക്കിയാലുടൻ കുടിവെള്ള പൈപ്പ് ഇടുന്നതിനുവേണ്ടി കുഴിക്കുന്ന ഒരു പ്രശ്നമുണ്ട്. അതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ റോഡ് പണിയോടൊപ്പം പൈപ്പുകൾ ഇടുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കൊല്ലം-ചെങ്കോട്ട ദേശീയപാത വീതി കൂട്ടുന്നതിനുവേണ്ടിയുള്ള പരിശ്രമം ഈ ഗവൺമെന്റ് വന്നകാലം മുതൽ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് നടത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ അക്കാര്യത്തിൽ എപ്പോഴും മുൻപന്തിയിൽ നിൽക്കാറുള്ള ആളാണ്. പല കോൺഫറൻസുകളും നടത്തി. നമ്മുടെ ആരുടെയും ശ്രദ്ധക്കുറവില്ല. അവർ എപ്പോഴും ശ്രദ്ധിക്കുന്നുണ്ട്. ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയാണ് അവർ. പക്ഷെ വീതിയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് വരുന്നില്ല. ഫ്ലൈ

ഓവറൊക്കെ നമ്മൾ തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം ശക്തമായി പരിഗണിക്കാം. നേടിയെടുക്കുന്നതുവരെ മുന്നോട്ട് പോകാം.

പൈപ്പ് ഇടുന്നതിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി കെ. കൃഷ്ണൻകുട്ടി വന്നശേഷം ആ വകുപ്പിലെ എഞ്ചിനീയർമാർ കുറച്ചൊക്കെ ഭയക്കുന്നുണ്ട്. അതിനെപ്പറ്റി ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഒരു വർഷം മൂവായിരം കോടി രൂപയുടെ റോഡാണ് വെട്ടിപ്പൊളിക്കുന്നത്. അത് ആരുടെയും കുറ്റമല്ല. വെള്ളം കൊടുക്കാതിരിക്കാൻ സാധിക്കില്ല. അതൊക്കെ ചെയ്യുമ്പോൾ എഞ്ചിനീയറിംഗ് സ്കിൽ അല്ല അവിടെ പ്രകടിപ്പിക്കുന്നത്. ഇത് ഒരു പൊതുപ്രശ്നമാണ്. അതെങ്ങനെ പരിഹരിക്കാം. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കുഴലുകൾ റോഡിന്റെ വശങ്ങളിൽ ഇടുന്നുണ്ട്. അതൊക്കെ വീതിയുള്ള സ്ഥലങ്ങളിൽ സാധിക്കും. ഇതൊക്കെ പരിശോധിക്കാം. ഈ സമ്പ്രദായം മാറണം. വിദേശത്തെ കാര്യമായതുകൊണ്ട് പറയുകയല്ല, അവിടെ ഒരു റോഡിൽ മറ്റൊരു യൂട്ടിലിറ്റി ഇടണമെങ്കിൽ പി.ഡബ്ല്യു.ഡി.-ക്ക് ആറുമാസം മുമ്പ് നോട്ടീസ് നൽകണം. ആറുമാസം അവർ കൺസ്ട്രക്ട് ചെയ്യില്ല. നമ്മൾ അങ്ങനെ ചെയ്യാമെന്ന് തീരുമാനിച്ചെങ്കിലും ഇവിടത്തെ പ്രത്യേകത കാരണം അത് നടന്നില്ല, അത് നടക്കണം. സിവിൽ ലൈഫ് കുറേക്കൂടി ആസൂത്രിതമായി, നല്ലരീതിയിൽ കൊണ്ടുപോകുന്നതിനുള്ള സമീപനത്തിലേയ്ക്ക് വരുന്നതിന് ഇത്തരം നിർദ്ദേശങ്ങൾ സഹായകരമാണ്. അതിനുവേണ്ടി ചർച്ചകൾ ആവശ്യമാണെന്നാണ് പറയാനുള്ളത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് അതിവേഗം മുന്നോട്ടുപോകുന്നുവെന്ന് അറിയാം. നിലവിലുള്ള അലൈൻമെന്റ് മാറ്റാതെ തന്നെയാണ് അതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. 3 ഡി നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞു. സ്ഥലം ഏറ്റെടുത്തതിനുള്ള തുക കിട്ടാതെയും വർക്ക് നടക്കുമോ എന്നറിയാതെയും ആൾക്കാർ ആശങ്കയിലാണ്. അവരുടെ ആശങ്ക മാറ്റി, അവർക്കാവശ്യമായ തുക നൽകി എത്രയുംവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, തീർച്ചയായും. തുക നൽകിത്തുടങ്ങിയിട്ടുണ്ട്. 3 ജി-യിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്, ഘട്ടംഘട്ടമായി നടക്കുകയാണ്. കാസർഗോഡാണ് ആദ്യം വരുന്നത്. മലപ്പുറത്തും വരും.നിവേദനം കൊടുത്തപ്പോൾ എൻ.എച്ച്.എ.ഐ. അലൈൻമെന്റിൽ കുറേ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇനി വലിയ മാറ്റങ്ങളൊന്നും വരുത്താൻ സാധ്യതയില്ല. ഈ അവസരത്തിൽ മാറ്റം വരുത്താൻ പറഞ്ഞാൽ, അവരുടെ വാദത്തിൽ, അതായത് ഇതൊക്കെ

മാറ്റിവയ്ക്കണമെന്ന വാദത്തിൽ നിൽക്കും. ഏതായാലും ന്യായത്തിനൊപ്പം ഈ ഗവൺമെന്റ് എപ്പോഴുമുണ്ടാകും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ദേശീയപാത 183-ൽ വണ്ടിപ്പെരിയാർ പഞ്ചായത്തിലെ നെല്ലിമലക്കവല മുതൽ വാളാടി വരെയുള്ള പ്രദേശം സ്ഥിരമായി വെള്ളത്തിൽ മുങ്ങിപ്പോകുന്ന സാഹചര്യമുണ്ട്. ദേശീയ പാത ഒന്നര മീറ്ററോളം ഉയർത്തിയിട്ടും വെള്ളം കയറുന്ന സ്ഥിതിയാണുള്ളത്. മൂന്നും നാലും ദിവസംവരെ ദേശീയപാത ബ്ലോക്കാകുന്ന സ്ഥിതിയുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയപാതാ വിഭാഗം പറയുന്നു, അവരല്ല മൈനർ ഇറിഗേഷൻ വിഭാഗമാണ് ചെയ്യേണ്ടത്, തോട് ആഴംകൂട്ടിയെങ്കിൽ മാത്രമേ വെള്ളം ഒഴുകിപ്പോകുവെന്ന് പറഞ്ഞ് ദേശീയപാതാ വിഭാഗം കയ്യൊഴിയുന്ന സാഹചര്യമുണ്ട്. തോട് വൈഡനിംഗുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ വിഭാഗം എടുത്ത 26 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡിസാസ്റ്ററിന്റെ ഭാഗമായി മാറുന്ന സാഹചര്യമുണ്ട്. ദേശീയപാത 183 വെള്ളത്തിലാകുന്ന സാഹചര്യമാണുള്ളത്. ആ റോഡ് മാത്രമേയുള്ളൂ, പകരം മറ്റൊരു റോഡില്ല. എസ്റ്റേറ്റിനകത്തുകൂടി പോകുകയെന്നത് വളരെ ബുദ്ധിമുട്ടുള്ളതാണ്. ജില്ലാ കളക്ടർമാർ യോഗം വിളിച്ച് നിരവധി ശ്രമം നടത്തിയിട്ടും പരിഹാരമുണ്ടാകാത്ത സാഹചര്യത്തിൽ രണ്ട് മന്ത്രിമാരും മുൻകയ്യെടുത്ത് ഒരു യോഗം വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, വെള്ളം കയറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിന്റെ റോഡ് അധികാരികളുടെ കൈവശമുള്ള ഭൂമിയിൽ റോഡ് നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിനോട് പണം ചോദിക്കേണ്ടതില്ല. അവർ തന്നെ ചെയ്യും. ബഹുമാനപ്പെട്ട എം.എൽ.എ. വിശദാംശങ്ങളടങ്ങുന്ന ഒരു നോട്ട് തന്നാൽ അടിയന്തരമായി കോൺഫറൻസ് വിളിച്ച് ചർച്ച ചെയ്യാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ട് വർഷം തുടർച്ചയായി പെയ്ത പെരുമഴയുടെ ഭാഗമായി ദേശീയപാതകളെല്ലാം തകർന്ന് തരിപ്പണമായിരിക്കുകയാണ്. അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. മഴ കഴിഞ്ഞതിനുശേഷം മാത്രമേ പണി ചെയ്യാൻ സാധിക്കൂ. എന്നാൽ വളരെ അപകടകരമായ തരത്തിലുള്ള കുഴികളാണ് എല്ലാ സ്ഥലത്തും രൂപപ്പെട്ടിരിക്കുന്നത്. ഗതാഗത സ്തംഭനവും അപകട സാധ്യതയും വർദ്ധിക്കുന്നതിന് താൽക്കാലിക പരിഹാരം കാണുന്നതിനുള്ള നിർദ്ദേശം നൽകണം. ദേശീയ പാതയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ട് പോകുമ്പോൾ പല സ്ഥലത്തും ദേശീയപാതാ അധികൃതർ 45 മീറ്ററിൽ റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലമെടുക്കുന്നതിനോ ജംഗ്ഷനുകളുടെ

വികസനത്തിനായി സ്ഥലമെടുക്കുന്നതിനോ ആർക്കും എതിർപ്പില്ല. എന്നാൽ അവരുടെ അലൈൻമെന്റ് കണ്ടുകഴിഞ്ഞാൽ അനാവശ്യമായി ധാരാളം സ്ഥലം എടുത്തിരിക്കുകയാണെന്ന് മനസ്സിലാകും. ഇക്കാര്യങ്ങളിൽ അടിയന്തരമായി ഇടപെട്ട് അനാവശ്യമായ സ്ഥലമെടുപ്പ് ഒഴിവാക്കി ആവശ്യമായ സ്ഥലം മാത്രം എടുക്കണമെന്ന നിർദ്ദേശം ജില്ലാ ഭരണകൂടത്തിനും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നൽകാൻ തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും. ഇക്കാര്യം എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്താം. മിക്കവാറും അവർ തള്ളിക്കളയുന്ന സ്ഥിതിയാണുള്ളത്. ന്യായമാണോ അന്യായമാണോയെന്ന് നോക്കിയാൽ മനസ്സിലാകില്ല. മംഗലാപുരം മുതൽ പാരിപ്പള്ളി വരെയുള്ള ദേശീയപാതയുടെ വർക്കിന്റെ കാലാവധി കഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ തുക തരുന്നുണ്ട്. ആറ് മാസം കഴിഞ്ഞാലേ പണി ആകൂ. അവരുടെ രീതിയതാണ്. റോഡ് നിർമ്മാണം പോലെയല്ല. കരുവാറ്റ മുതൽ പുറക്കാട് വരെ ടെണ്ടറായിട്ടുണ്ട്. എക്സ്റേ ജംഗ്ഷൻ മുതൽ അരൂർ വരെ തുകയായി, നിർമ്മാണം തുടങ്ങാൻ പ്രയാസമില്ല. മഴ കാരണം നടക്കുന്നില്ല. വടക്കോട്ടും കുറച്ച് സ്ഥലങ്ങളുണ്ട്. അത് ഞാൻ നേരത്തെ പറഞ്ഞു. റോഡിന്റെ കാലാവധി കഴിഞ്ഞ് രണ്ടര വർഷമായിട്ടും പണം തരുന്നില്ല. ഇത് ആർക്കും അറിയില്ല. നമ്മൾ ഫൈറ്റ് നടത്തുന്നു. എന്നാൽ വലിയ കുഴിയുണ്ടായാൽ വെയിറ്റ് ചെയ്യേണ്ട കാര്യമില്ല. അവിടത്തെ ഉദ്യോഗസ്ഥർക്ക് ചെയ്യാം. അങ്ങനെയുള്ളത് പരിശോധിച്ച് തീർച്ചയായും തിരുത്തൽ വരുത്താം.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതികൾ

2(*92) ശ്രീ. ബി. സത്യൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് സംസ്ഥാനത്തിന്റെ പൊതു വികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേയുമായി ചേർന്ന് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈ സ്പീഡ് റെയിൽപാതയ്ക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പാതയ്ക്കായി സർവ്വേ നടത്താൻ അനുമതിയായിട്ടുണ്ടോ;

(ബി) ദക്ഷിണ റെയിൽവേ ജനറൽ മാനേജർ മുഖ്യമന്ത്രിയെ സന്ദർശിച്ചപ്പോൾ ഇക്കാര്യം സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായോ; പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള മറ്റ് പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സെമി ഹൈസ്പീഡ് റെയിൽവേ കോറിഡോറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ വിശദമായി സംസാരിച്ചതാണ്.

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീറ്റർ ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കു പുറമെ മൂന്നും നാലും പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. 26-8-2019-ലെ സ.ഉ.(കൈ) നമ്പർ 43/2019/ഗതാ. പ്രകാരം റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യു ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠനറിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പാതയ്ക്കായുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) സെമി ഹൈ സ്പീഡ് റെയിൽ പദ്ധതിക്കുള്ള അംഗീകാരം റെയിൽവേ ബോർഡിൽനിന്നും ലഭ്യമാക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനറൽ മാനേജരോട് നേരിട്ട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂല നിലപാട് പ്രതീക്ഷിക്കുകയാണ്.

(സി) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനത്തോട് ആവശ്യപ്പെട്ടിരുന്നു. 2016 ആദ്യം തന്നെ നടപടികൾ ആരംഭിച്ചതിന്റെ ഫലമായി 2017 ജനുവരി 30-ന് കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽ വരുത്താൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു.

ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന മൂന്ന് പദ്ധതികളുടെ വിശദമായ സാധ്യതാ പഠനം നടത്തി റെയിൽവേ ബോർഡിന് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത

2. നിലമ്പൂർ-നഞ്ചൻകോട് ബ്രോഡ്ഗേജ് പാത

3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനമാരംഭിക്കുന്ന പദ്ധതി.

അതിനുശേഷം നിരവധി പദ്ധതികൾ അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. ബി. സത്യൻ: സർ, നമ്മുടെ നാടിന്റെ അടിസ്ഥാന വികസന കാര്യത്തിൽ നവീന പദ്ധതികൾ ആവിഷ്കരിക്കുകയും 'പുതിയ കാലത്തിന് പുതിയ നിർമ്മിതി' എന്ന ആശയം നടപ്പിലാക്കുക വഴി, അഴിമതി രഹിതമായ നമ്മുടെ നാട്ടിലെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാൻ കഴിയുന്ന പുതിയൊരു അതിവേഗ പദ്ധതിയാണ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള; ചരിത്രത്തിലെ ഏറ്റവും വലിയ അടിസ്ഥാന വികസന പദ്ധതികളിൽ ഒന്നായി മാറാൻ പോകുന്ന, തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽവേ പദ്ധതി. ഇതുസംബന്ധിച്ച് വിവിധ ങ്ങളായിട്ടുള്ള ആശയങ്ങളാണ് മാധ്യമങ്ങൾ പങ്കുവച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് വ്യക്തമായ ഒരു ധാരണയുണ്ടാക്കിയെടുക്കാനായിട്ടില്ല. എത്ര ജില്ലകൾ വഴി ഇത് കടന്നുപോകും; എത്ര തുകയാണ് ചെലവാകുന്നത്; ഈ പദ്ധതി കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ; ഈ വക കാര്യങ്ങളെല്ലാം പറയാൻ കഴിഞ്ഞില്ലെങ്കിലും ഇതുസംബന്ധിച്ച് മാധ്യമങ്ങൾ വഴി വന്നിരിക്കുന്ന വാർത്തകളാണ് നമുക്കാകെയുള്ള അറിവ്. അങ്ങ് ഇതിൽ രണ്ടു-മൂന്ന് ഭാഗങ്ങളായി പറഞ്ഞ കാര്യങ്ങളെല്ലാം സ്വാഗതാർഹമാണ്. അതുസംബന്ധിച്ച് ഒരു വിശദീകരണം നൽകാനാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, സമയത്തിന്റെ കുറവുള്ളതുകൊണ്ട് വിശദീകരിക്കാൻ സാധിക്കില്ല. എന്താണ് അറിയേണ്ടതെന്ന പോയിന്റ് ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. ബി. സത്യൻ: സർ, എത്ര തുകയാണ് ഈ പദ്ധതിക്ക് ആവശ്യമായിട്ടുള്ളത്; ഇതിന് റെയിൽവേ വകുപ്പിന്റെ അനുമതി കിട്ടുമോ; 2018-19 സാമ്പത്തിക വർഷം റെയിൽവേയ്ക്ക് ഏറ്റവും വലിയ വരുമാനം കിട്ടിയത് കേരളത്തിൽനിന്നാണ്. എന്നാൽ ഓരോ ഘട്ടങ്ങളായി കേന്ദ്രം സംസ്ഥാനത്തോട് കാണിച്ചുകൊണ്ടിരിക്കുന്ന അവഗണന തുടരുകയാണ്. ആ സാഹചര്യവുംകൂടി മനസ്സിലാക്കിയിട്ടാണ് ഈ പദ്ധതിക്ക് അനുമതി കിട്ടുമോ ഇല്ലയോ എന്ന് ഞാൻ ചോദിച്ചത്. ടിക്കറ്റ് ബുക്ക് ചെയ്തിട്ട് അത് ക്യാൻസൽ ചെയ്താൽ ഈടാക്കുന്ന തുക

മുതൽ ബുക്കിംഗിനുവേണ്ടി അടയ്ക്കുമ്പോൾ വരുന്ന പണമടക്കം വരുന്ന കാര്യങ്ങളിൽ കേരളത്തോട് വിവിധ ഘട്ടങ്ങളിലായി സ്വീകരിച്ചിട്ടുള്ള വിരുദ്ധ നിലപാടുകൾ കേന്ദ്രം തുടരുന്ന സാഹചര്യത്തിൽ ഇത്തരമൊരു പദ്ധതിയുമായി സഹകരിക്കാൻ കേന്ദ്ര ഗവൺമെന്റും റെയിൽവേയും തയ്യാറാകുമോ? തിരുവനന്തപുരത്തുനിന്നും കാസർഗോഡ് പോകുമ്പോൾ തിരുവനന്തപുരത്തുനിന്ന് കന്യാകുമാരിയിലേയ്ക്കുള്ള റെയിൽപ്പാതകൂടി ഈ നാടിന്റെ ഭാഗമാണ്. എം.എൽ.എ.-മാരായ ശ്രീ. സി. കെ. ഹരീന്ദ്രനും ശ്രീ. കെ. ആൻസലനുമൊക്കെ നിരന്തരം ഉന്നയിക്കുന്നതാണ്. തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള പ്രദേശം ഒറ്റപ്പാതയായി കിടക്കുകയാണ്. ഡബ്ലിംഗ് ഇപ്പോൾ നിലവിലുണ്ട്, അതിന്റെ കൂടെയാണ് രണ്ടുപാത കൂടി ഇരട്ടിപ്പിച്ച് ഒരു പുതിയ പദ്ധതി തയ്യാറാക്കുന്നത്. തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽകൂടി ഇതിന്റെ ഭാഗമായി വരുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, നമുക്ക് ഈ ചോദ്യത്തിൽ കേന്ദ്രീകരിച്ച് നിൽക്കാം. പരമ്പരാഗതമായി തുടർന്നുവരുന്നതും ഇപ്പോഴും തുടരുകയും ചെയ്യുന്ന റെയിൽവേയുടെ കേരളത്തോടുള്ള അവഗണനയിൽ മുങ്ങി ഈ പദ്ധതിയും ഇല്ലാതാകുമോ എന്നാണ് അങ്ങ് ചോദിച്ചത്. ഇത് നടക്കാനാണ് സാദ്ധ്യത. കാരണം, 2016-ൽ ഒരു ജോയിന്റ് വെഞ്ച്വർ വേണമെന്ന് അവരാണ് ആവശ്യപ്പെട്ടത്. അതനുസരിച്ച് നമ്മൾ രൂപീകരിച്ചു, പദ്ധതി കൊടുത്തു. ഇനി റെയിൽവേ ബോർഡിന്റെ അംഗീകാരം വേണം. അത് സ്റ്റാറ്റ്യൂട്ടറിയാണ്, ലഭിക്കും, ലഭിക്കാതിരിക്കേണ്ട കാര്യമില്ല. ഫുൾ സ്പീഡ് റെയിൽവേ കോറിഡോറാണ് അവർ ആദ്യം പറഞ്ഞത്. നമുക്ക് ഫുൾ സ്പീഡുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. സെമി സ്പീഡിനുതന്നെ തിരുവനന്തപുരത്തുനിന്നും കാസർഗോഡെത്താൻ നാലുമണിക്കൂർ മതി. ഫുൾ സ്പീഡാണെങ്കിൽ രണ്ടുമണിക്കൂർ കൊണ്ടെത്തും. കേരളത്തിന്റെ ജനസംഖ്യ, പരിസ്ഥിതി ഇതെല്ലാം പരിഗണിക്കുമ്പോൾ നമുക്ക് സെമി സ്പീഡ് പദ്ധതി മതി. ഇതുതന്നെ 532 കി.മീറ്റർ ആണ്. തിരുവനന്തപുരം കൊച്ചുവേളിയിൽ തുടങ്ങി കാസർഗോഡ് വരെയാണ് പ്രസ്തുത റെയിൽപ്പാത. മുഖത്തല-കൊല്ലം-ഭരണിക്കാവ്-ചെങ്ങന്നൂർ- കോട്ടയം- ഏറ്റുമാനൂർ - എറണാകുളം -കൊച്ചി വിമാനത്താവളം-തൃശ്ശൂർ- ശങ്കരമംഗലം - തിരുനാവായ – തിരൂർ - താനൂർ - പരപ്പനങ്ങാടി-കോഴിക്കോട് - കൊയിലാണ്ടി - തലശ്ശേരി - കണ്ണൂർ - കൃഷ്ണപുരം - ചെറുവത്തൂർ-കാഞ്ഞങ്ങാട് വഴി കാസർഗോഡ് എത്തിച്ചേരും. തിരുവനന്തപുരം മുതൽ തിരൂർ വരെ 310 കിലോമീറ്റർ. നിലവിലുള്ള റെയിൽവേ ലൈനിൽനിന്നും ഒരു കിലോമീറ്റർ മുതൽ 24 കിലോമീറ്റർ വരെ ദൂരത്തിൽ കടന്നുപോകുന്ന ഗ്രീൻ ഫീൽഡ് പാതയാണ് വിഭാവന ചെയ്തിട്ടുള്ളത്. തിരൂർ മുതൽ കാസർഗോഡ് വരെയുള്ള 222 കിലോമീറ്റർ നിലവിലുള്ള റെയിൽവേപ്പാതയ്ക്ക് സമാന്തരമായി കടന്നുപോകും. പത്ത് റെയിൽവേ സ്റ്റേഷനുണ്ടാകും - കൊച്ചുവേളി,

കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്. ഇതാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ചെലവ് 56,000-66,000 കോടി രൂപയ്ക്കിടയ്ക്കുവരും. ചെലവിന്റെ 50 ശതമാനം സംസ്ഥാനം നൽകണമെന്നാണ് അവർ ആവശ്യപ്പെട്ടത്. ദേശീയപാതയ്ക്ക് 50 ശതമാനം ചോദിച്ചെങ്കിലും നെഗോസിയേഷൻ നടത്തി 25 ശതമാനമാക്കിയപ്പോൾ 44,000 കോടി രൂപ എന്നുള്ളത് 6,000 കോടി രൂപയ്ക്കടുത്തായി. കാസർഗോഡ് ടെണ്ടർ ചെയ്തതിന് 340 കോടി രൂപ അടച്ചുകഴിഞ്ഞു. ഇതിൽ 50 ശതമാനമാണ് ആവശ്യപ്പെട്ടിരിക്കുന്നത്, വിഹിതമൊന്നും കുറച്ചിട്ടില്ല. എന്തായാലും ഈ പദ്ധതി 5 വർഷംകൊണ്ട് പൂർത്തീകരിക്കുമ്പോൾ 66,405 കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പക്ഷേ ഈ പദ്ധതിയുമായി മുമ്പോട്ടു പോകുമ്പോൾ ഭൂമി ഏറ്റെടുക്കലടക്കം ഒരുപാട് കാര്യങ്ങളുണ്ട്. നമുക്ക് പ്രയാസമുണ്ടെങ്കിലും ഇത് അംഗീകരിച്ചില്ലെങ്കിൽ അവർ തരില്ല. ഇത്തരത്തിലുള്ള ഒരു ഗൺ പോയിന്റ് ഭീഷണിയാണുള്ളത്. പക്ഷെ കേന്ദ്ര ഗവൺമെന്റാണ് പറയുന്നത്, നമുക്ക് അയച്ചാൽ മതി. ക്യാബിനറ്റ് കൂടി ഇത് തത്വത്തിൽ അംഗീകരിക്കുകയും പദ്ധതിയുടെ അംഗീകാരത്തിന് കേന്ദ്ര റെയിൽവേ ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തു. പിന്നെ അങ്ങ് പല കാര്യങ്ങളും പറഞ്ഞു. എല്ലാത്തിനും ഇവിടെ മറുപടി പറയുന്നില്ല. തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കലിന്റെ വിഷയത്തിൽ അതിന്റെ പകുതി തമിഴ്നാടായതുകൊണ്ട് കേരളത്തിലെ ജോയിന്റ് വെഞ്ച്വർ കമ്പനിയുടെ കീഴിൽ വരികയില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ റെയിൽവേ വികസനത്തിന് മുഖ്യമന്ത്രിയും താങ്കളും നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. തലശ്ശേരി-മൈസൂർ റെയിൽവേ തലശ്ശേരിക്കാരും മലബാറുകാരും എത്രയോ കാലമായി ഉയർത്തിക്കൊണ്ടിരിക്കുന്ന ആവശ്യമാണ്. തലശ്ശേരി-മൈസൂർ റെയിൽവേ യാഥാർത്ഥ്യമാക്കാൻ താങ്കൾ നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. തലശ്ശേരി-മൈസൂർ റെയിൽവേ ലൈനിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? കർണ്ണാടകയ്ക്കകത്തെ പൊളിറ്റിക്കൽ ഇൻസ്റ്റബിലിറ്റി ഇതിനെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നുണ്ടോ? പുതിയ ട്രെയിനുകളൊന്നും കേരളത്തിന് അനുവദിക്കുന്നില്ല. അനുവദിക്കുന്ന ട്രെയിനുകളുടെ ബോഗികൾ പലതും പഴകിയതാണ്. പുതിയ ട്രെയിനുകൾ അനുവദിപ്പിക്കാനും അതിൽ പുതിയ ബോഗികൾ സ്ഥാപിക്കാനും എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാരിന് സ്വീകരിക്കാനാവുക?

ശ്രീ. ജി. സുധാകരൻ: സർ, കർണ്ണാടകത്തിൽ പൊളിറ്റിക്കൽ സ്റ്റെബിലിറ്റിയായാലും ഇൻസ്റ്റബിലിറ്റിയായാലും നമ്മളോടൊപ്പം വേഗത്തിൽ നടക്കില്ല, അവർ

അങ്ങനെതന്നെ നിൽക്കുകയാണ്. അവരെ ബോദ്ധ്യപ്പെടുത്താൻ നമ്മൾ ശ്രമിച്ചുകൊണ്ടേയിരിക്കുകയാണ്. ഈയിടെ നിയമസഭയിൽ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കർണ്ണാടകയിൽ പോയി ഇക്കാര്യം സംസാരിച്ചുവെന്ന് പറഞ്ഞു. അദ്ദേഹം പോയി സംസാരിച്ച സമയത്ത് അവിടെ കോൺഗ്രസ് ഗവൺമെന്റാണ്. പക്ഷെ മാറ്റങ്ങളൊന്നുമുണ്ടായില്ല. പിന്നീട് കോൺഗ്രസ് ഗവൺമെന്റ് മാറി. ബി.ജെ.പി. ആണ് ഇപ്പോൾ അവിടെ ഭരിക്കുന്നത്. നമ്മുടെയൊരു ഡ്രീം പ്രോജക്ടാണ് തലശ്ശേരി-മൈസൂർ റെയിൽവേപ്പാത. അതിൽനിന്നും നമ്മൾ പുറകോട്ടുപോകരുത്. ചീഫ് സെക്രട്ടറി തലത്തിലുള്ള മീറ്റിംഗ് നടത്താൻ നീക്കം നടത്തിയിട്ടുണ്ട്. കേരളത്തിന്റെ ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി കർണ്ണാടക ഇൻഫ്രാസ്ട്രക്ചർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെക്കണ്ട് ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. അലൈൻമെന്റ് ഫിക്സേഷനും സർവ്വേ അനുമതിക്കുവേണ്ടിയുള്ള ഉന്നതതല മീറ്റിംഗിനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. കർണ്ണാടക ഗവൺമെന്റിൽനിന്നും അനുകൂല മറുപടി വന്നുകഴിഞ്ഞാൽ ഈ പദ്ധതി നടക്കും. കർണ്ണാടക ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടത്. കോൺഗ്രസ്സും ബി.ജെ.പി.-യും ഭരിച്ചപ്പോൾ അവരുടെ നിലപാടിൽ ഒരു മാറ്റവും വന്നിട്ടില്ല. 'നോ' എന്ന് അവർ പറയുന്നില്ലെങ്കിലും ഇങ്ങനെ വച്ചിരിക്കുകയാണ്. നമ്മൾ അതുമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, അതത് സംസ്ഥാനങ്ങളുടെ റെയിൽവേ വികസനത്തിന് അവരവർതന്നെ റെയിൽവേ വികസന കോർപ്പറേഷനുകൾ രൂപീകരിക്കണമെന്നുള്ളത് കേന്ദ്ര ഗവൺമെന്റ് വർഷങ്ങൾക്കുമുമ്പ് വച്ച നിർദ്ദേശമാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയും മറ്റും എത്രയോ നാളുകൾക്ക് മുമ്പ് റെയിൽവേ വികസന കോർപ്പറേഷനുകൾ രൂപീകരിക്കുകയുണ്ടായി. വൈകി യാണെങ്കിലും നമ്മൾ കേരളത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ മുൻകയ്യെടുക്കാൻ ഇത്തരമൊരു കോർപ്പറേഷൻ രൂപീകരിച്ചുവെന്നുള്ളതാണ് ഏറ്റവും അഭിമാനകരമായ സംഗതി. റെയിൽവേ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സെമി ഹൈസ്പീഡ് റെയിൽപ്പാത പദ്ധതി നടപ്പിലാക്കുന്നതിന് എത്ര ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ; അതിന്റെ നടപടികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ എന്നറിയാൻ താല്പര്യമുണ്ട്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, നടപടികൾ ആരംഭിച്ചിട്ടില്ല. കാരണം കേന്ദ്ര റെയിൽവേ ബോർഡിന്റെ അംഗീകാരം വന്നാൽ മാത്രമേ സർവ്വേ നടത്താൻ സാധിക്കുകയുള്ളൂ. അംഗീകാരം കിട്ടിയാലുടൻ നടപടികൾ ആരംഭിക്കുന്നതാണ്. പ്രസ്തുത ആവശ്യത്തിനായി 1226.45 ഹെക്ടർ ഭൂമി ആവശ്യമാണ്. നാലുവരി ദേശീയപാതയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തുകൊടുത്തു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൊടുക്കാൻ

സാധിക്കും. പരമാവധി സ്ഥാപനങ്ങളെ നശിപ്പിക്കാതെയുള്ള ഗ്രീൻ അലൈൻമെന്റാണ് നോക്കുന്നത്. ഇത് സാക്ഷാൽക്കരിക്കാൻ സാധ്യതയുണ്ട്. കാരണം, ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിനും താൽപ്പര്യമുണ്ട്. 2018 ജനുവരി 17-ന് ശ്രീ. പീയുഷ് ഗോയലിന്റെ വീട്ടിൽ പോയി ഇക്കാര്യം സംസാരിച്ചപ്പോൾ അദ്ദേഹം ഫുൾ സ്പീഡ് എടുക്കാനാണ് പറഞ്ഞത്. അപ്പോൾ നമുക്കത് പറ്റില്ലെന്ന് പറഞ്ഞു. അവർ അതിന് അനുകൂലമാണ്. അതിന്റെ പ്രൊസീഡ്യുവറൊക്കെ നടക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്ലതുപോലെ ഇതിനായി മുന്നിൽ നിൽക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ സർവ്വേ നടത്തി സ്ഥലം എടുക്കാം.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ പാതകൾക്ക് കർണ്ണാടക സർക്കാർ ചീഫ് സെക്രട്ടറി തലത്തിൽ നടത്തിയ ചർച്ചയിൽ ഉന്നയിച്ച തടസ്സം പാത, വനത്തിനകത്തുകൂടെ കടന്നുപോകുന്നു എന്നുള്ളതാണ്. എന്നാൽ കെ.ആർ.ഡി.സി. പുതിയ അലൈൻമെന്റുണ്ടാക്കി വനമില്ലാതെ തലശ്ശേരിയിൽനിന്നും മൈസൂരിലേയ്ക്ക് പോകുന്ന റെയിൽവേ പാതയും നിലമ്പൂരിൽനിന്നും നഞ്ചൻകോടിലേയ്ക്ക് പോകുന്ന റെയിൽവേ പാതയും വയനാട് ജില്ലയിലെ കേണിച്ചിറയിൽ സംഗമിച്ച് പുൽപ്പള്ളി-കൊളവള്ളി വഴി എച്ച്.ഡി.കോട്ട വഴി നാഗർഹോളയുടെയും ബന്ദിപ്പൂർ വനത്തിന്റെയും ഇടയിൽ വനമില്ലാത്ത പ്രദേശത്തുകൂടിയുള്ള അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റ് സംബന്ധിച്ച് കർണ്ണാടക സർക്കാരുമായി സംസാരിച്ച് സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. കർണ്ണാടക ഗവൺമെന്റിന്റെ നിലപാട് നേരത്തേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ, അവർ ആവശ്യപ്പെട്ടതുപോലെ വനമില്ലാത്ത അലൈൻമെന്റ് കെ.ആർ.ഡി.സി. ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. അത് നടപ്പിലാക്കാൻ മുൻകൈ എടുക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇവിടെ ആശങ്കയുടെ കാര്യമില്ല. ഇത് നടപ്പിലാക്കുന്നതിന് ക്രിയാത്മകവും സാധ്യതാപരവുമായ നീക്കങ്ങളാണ് നടത്തുന്നതെന്നാണ് ബഹുമാനപ്പെട്ട മെമ്പർ തന്നെ ചൂണ്ടിക്കാണിച്ചത്. തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേപാതകൾ രണ്ട് പ്രോജക്ടുകളാണെങ്കിലും ഇതിന് വനം പരിസ്ഥിതി മന്ത്രി, വൈൽഡ് ലൈഫ് സ്റ്റാന്റിംഗ് കമ്മിറ്റി, കടുവാ സങ്കേത കമ്മിറ്റി തുടങ്ങിയവരുടെയെല്ലാം അനുവാദം വേണം. കർണ്ണാടക സംസ്ഥാനത്തിലെ വനമാണ്. റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ മൈസൂരും നിലമ്പൂരും രണ്ട് റെയിൽവേപാതകളും ഒരേ ഗേറ്റ്‌വേയിലൂടെ കടന്നുപോകാനുള്ള പ്രൊപ്പോസലാണ് കൊടുത്തിരിക്കുന്നത്. അക്കാര്യം ചർച്ച ചെയ്യാൻ സംസ്ഥാന ചീഫ് സെക്രട്ടറി കർണ്ണാടകത്തിൽ പോകുന്നുണ്ട്. അത് ശുഭപര്യവസായി ആകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സെമി ഹൈ സ്പീഡ് റെയിൽ തിരൂർ വരെ നിലവിലുള്ള റെയിൽവേ ലൈനിനോട് ചേർന്നാണ് പോകുന്നതെന്ന് സൂചിപ്പിച്ചു. ഇതേ നിലയിൽ തിരുവനന്തപുരംവരെ പോകാനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ? ജനസാന്ദ്രത കൂടുതലുള്ള പ്രദേശമാണ്, പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടുതലുണ്ടാകാം, ആയിരക്കണക്കിന് കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായി വരുന്നു, 1226 ഹെക്ടർ ഭൂമി ഇതിനായി ഏറ്റെടുക്കേണ്ടി വരുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ അങ്ങ് ഇവിടെ സൂചിപ്പിച്ചു. ശതാബ്ദിയും രാജധാനിയും പോലുള്ള എക്സ്പ്രസ് ട്രെയിനുകൾ വളരെ ചുരുങ്ങിയ സമയംകൊണ്ട് എറണാകുളത്തും മലബാർ മേഖലയിലും എത്തിച്ചേരുന്നുണ്ട്. നിലവിലുള്ള റെയിൽവേ ലൈനുകളെ കൂടുതൽ ശക്തിപ്പെടുത്തിയും പുതിയ കോച്ചുകൾ അനുവദിപ്പിച്ചുകൊണ്ടും അങ്ങനെയുള്ള സാഹചര്യങ്ങളിലേയ്ക്ക് കടക്കാൻ ഗവൺമെന്റ് കേന്ദ്രവുമായി ചർച്ചകൾ നടത്തി നടപടികൾ സ്വീകരിക്കണം. ഹൈ സ്പീഡ് റെയിലുമായി ബന്ധപ്പെട്ട് ഒട്ടനവധി ആശങ്കകൾ ഇതുമായി വരുന്ന പ്രദേശങ്ങളിലുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗം വിളിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. തിരുവനന്തപുരംവരെ നിലവിലുള്ള റെയിൽവേ ലൈനിലൂടെ പോകാനുള്ള സാഹചര്യം ഉണ്ടാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, Systra ആണ് ഹൈ സ്പീഡ് റെയിൽ പദ്ധതിയുടെ കൺസൾട്ടന്റും പദ്ധതി തയ്യാറാക്കുന്നതും. അവർ ആദ്യ പദ്ധതി തന്നപ്പോൾത്തന്നെ ഇക്കാര്യം ഉന്നയിക്കുകയും രേഖാമൂലം എഴുതിക്കൊടുക്കുകയും വിശദമായ റിപ്പോർട്ട് നൽകുകയും ചെയ്തു. അതിൽ ഇന്നുള്ള റെയിൽവേ ലൈനിനോടൊപ്പം പോയാൽ ഇപ്പോഴുള്ളതിന്റെ പകുതി ചെലവ് കൂടി ആവശ്യമായി വരും. ഒരുപാട് സ്ഥാപനങ്ങൾ ഇല്ലാതാകുകയും പലയിടത്തും പ്രയാസങ്ങൾ നേരിടുകയും ലക്ഷക്കണക്കിന് ജനങ്ങളെ മാറ്റേണ്ടിവരികയും ഒരുപാട് സ്ഥലങ്ങൾ വെറുതെ പോകുകയും ചെയ്യും. അത് വലിയൊരു ദുരന്തമായി മാറും. ഏതാണ്ട് ആയിരത്തോളം ചെറുതും വലുതുമായ വളവുകൾ നിവർത്തേണ്ടി വരും. അതുകൊണ്ട് ഇത് ഫീസിബിളല്ല. നിലവിലുള്ള റെയിൽവേ ലൈനിലൂടെ പോകാൻ സാധിക്കുമോ എന്നുള്ളതാണ് ആദ്യം നോക്കിയത്. അത് പരിശോധിച്ചിട്ട് ശരിയാകില്ലെന്ന് കണ്ടതുകൊണ്ടാണ് വേണ്ടെന്ന് വച്ചത്. ഇത് ഗ്രീൻഫീൽഡ് അലൈൻമെന്റായതുകൊണ്ട് കഴിയുന്നത്ര സ്ഥാപനങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും സംരക്ഷിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കുറച്ചൊക്കെ നഷ്ടപ്പെടുമായിരിക്കും. ഇപ്പോൾ കിട്ടിയ അലൈൻമെന്റ് കൂടുതൽ ശാസ്ത്രീയവും സാമ്പത്തികമായി ലാഭകരവും വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്നതും ജനങ്ങൾക്ക് ക്ലേശം കുറയ്ക്കുന്നതുമാണ്. അവരുടെ ഭൂമിയും മറ്റും നഷ്ടപ്പെടുന്നതാണ് ക്ലേശമെന്ന് പറയുന്നത്. ആത്യന്തികമായി കേരളത്തിന്

ക്ലേശരഹിതമായി സഞ്ചാരം ഉറപ്പാക്കുകയും ചെയ്യും. ജനപ്രതിനിധികളുടെ യോഗം വിളിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാം.

ശ്രീ. കെ. എം. ഷാജി: സർ, നമ്മളൊക്കെ എതിർപ്പ് പ്രകടിപ്പിക്കുമ്പോഴും ലോകത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഒന്നോ രണ്ടോ ട്രെയിനുകൾ വരുന്നുണ്ടെന്ന് പറയുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ മേഖലകൾ തെരഞ്ഞെടുത്ത് കേരള സർക്കാരിന് ഒന്നോ രണ്ടോ ട്രെയിനുകൾ ഏറ്റെടുക്കാവുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അക്കാര്യം ആലോചിച്ചിട്ടില്ല. ഇത് ആദ്യം ജനപ്രതിനിധികളോട് ആലോചിക്കേണ്ടതും വലിയ സാമ്പത്തിക പ്രശ്നമുള്ളതുമാണ്. അക്കാര്യം ചർച്ച ചെയ്യാമെന്ന് മാത്രമേ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാടുനിന്നും തൃശ്ശൂരിലേയ്ക്കുള്ള റെയിൽവേ പാത ഷൊർണ്ണൂർ വഴിയാണുള്ളത്. നേരിട്ടൊരു പാതയില്ല. ആകെയുള്ളത് റോഡ് മാർഗ്ഗം കുതിരാൻ വഴി പോവുകയെന്നുള്ളതാണ്. റെയിൽവേ പാത അവിടെയില്ലാത്ത സാഹചര്യത്തിൽ കുതിരാൻ വഴി യാത്ര ചെയ്യുന്നത് വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ആംബുലൻസിനോ ആളുകൾക്കോ പോകാൻ പറ്റുന്നില്ല. കഴിഞ്ഞ ദിവസം വാളയാറിൽ പോകുന്നതിനായി ഞാൻ യു.ഡി.എഫ്. കൺവീനറുടെ വാഹനത്തിൽ പോയപ്പോൾ ആളുകൾ ബസ്സിൽനിന്നും വാഹനത്തിൽ നിന്നും ഇറങ്ങി ചീത്ത വിളിക്കുകയാണ്. ഞങ്ങൾ എല്ലാ ദിവസവും യാത്രാക്ലേശം അനുഭവിച്ചു കൊണ്ടിരിക്കുന്നു എന്നാണ് അവിടെയുള്ള ആളുകൾ പറയുന്നത്. ഇത് ഗുരുതരമായ പ്രശ്നമായി മാറുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്ന് ഇതിനൊരു പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. റെയിൽവേ ലൈൻ ഇതുവഴിയില്ലാത്തതുകൊണ്ടാണ് അവിടത്തെ റോഡ് എന്ന ഓപ്ഷൻ വഴി ഈ ചോദ്യം ചോദിച്ചത്. കുതിരാൻ വഴി യാത്ര ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. എത്രയോ വർഷംകൊണ്ട് അനുഭവിക്കുന്ന പ്രയാസമാണ്. കാലങ്ങളായി ഒരു ജനത അനുഭവിക്കാൻ വിധിക്കപ്പെട്ടുകയാണ്. തൃശ്ശൂർ-പാലക്കാട്, പാലക്കാട്-തൃശ്ശൂർ യാത്ര വലിയ പ്രശ്നമായി മാറുകയാണ്. അങ്ങയുടെ അടിയന്തര ഇടപെടലുണ്ടാകണം. ഇക്കാര്യത്തിൽ അങ്ങ് നേരിട്ട് വന്ന് പ്രശ്നപരിഹാരം കാണാനുള്ള എല്ലാ സാധ്യതകളും ആരായണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, ശ്രീ. കെ. രാജൻ ഈ വിഷയം വിശദമായി അവതരിപ്പിച്ചതാണ്. അദ്ദേഹത്തെപ്പോലെ ഇത്രയും രൂക്ഷമായും ബീഭത്സമായും അവതരിപ്പിക്കാൻ ആർക്കാണ് കഴിയുന്നത്. ഒരു തുരങ്കം തുറക്കുന്ന കാര്യമാണ് പറഞ്ഞത്. അക്കാര്യം നമുക്ക് ആലോചിക്കാം. അവിടെ ഞാൻ ഒരുവർഷംമുമ്പ് യോഗം വിളിച്ചുചേർത്തതിന്റെ അടിസ്ഥാനത്തിൽ ടാർ ചെയ്തിട്ടുണ്ട്. നമുക്ക് യോഗം വിളിക്കാം. ശ്രീ. എ. സി. മൊയ്തീനും ശ്രീ. വി. എസ്. സുനിൽകുമാറും വിളിച്ച് എൻ.എച്ച്.എ.-യെപ്പറ്റി പറഞ്ഞു. റെയിൽവേ ലൈനിന്റെ ഭാഗമല്ലെങ്കിലും പരിശ്രമം തുടരാം.

**കേന്ദ്രസർക്കാരിന്റെ കരട് സമുദ്ര മത്സ്യബന്ധന നിയമം**

3 (*93) ശ്രീ. എസ്. ശർമ്മ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സമുദ്ര മത്സ്യബന്ധന നിയമത്തിന്റെ കരടിൽ തീരക്കടൽ മത്സ്യബന്ധനത്തിനുപോലും രജിസ്ട്രേഷനു പുറമേ കേന്ദ്രസർക്കാരിന്റെ ലൈസൻസ് നേടിയിരിക്കണമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നതിനെതിരെ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരും എതിർപ്പുയർത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന വിഷയമായ മത്സ്യബന്ധനത്തിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവർന്നെടുക്കുന്നതാണോ നിർദ്ദിഷ്ട നിയമമെന്നത് പരിശോധനാ വിധേയമാക്കിയിരുന്നോ;

(സി) സംസ്ഥാനം പ്രസ്തുത കരട് നിയമത്തിനുമേൽ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് അറിയിക്കാമോ; അവയോട് കേന്ദ്രസർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധനാവിധേയമാക്കിയിട്ടുണ്ട്. കരട് ബില്ലിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അപ്പപ്പോൾത്തന്നെ

അറിയിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് കേന്ദ്ര ഫിഷറീസ് സെക്രട്ടറി സംസ്ഥാനത്ത് നേരിട്ട് വരികയും അവരുമായി നടത്തിയ ചർച്ചയിൽ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ബില്ലിന്മേൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കരട് നിയമത്തിന്മേൽ ചുവടെ പറയുന്ന പ്രധാന നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്:

- 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ ലൈസൻസ് നൽകുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

- കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ-2019-ൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തണം.

- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

- നിയമ ലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോ പോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെയും ഇതിനായി ചുമതലപ്പെടുത്തണം.

- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.

- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.

- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.
- സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.
- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
- 'മത്സ്യബന്ധന യാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

സംസ്ഥാനം സമർപ്പിച്ച ആകെ 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ടി നിർദ്ദേശങ്ങൾ വളരെ ഗുണകരമായതാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന ഫിഷറീസ് വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, സംസ്ഥാനം സമർപ്പിച്ച 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ടി നിർദ്ദേശങ്ങൾ വളരെ ഗുണകരമായതാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന ഫിഷറീസ് വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് പ്രധാന ചോദ്യത്തിന്റെ മറുപടിയുടെ അവസാനമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും നോക്കുമ്പോൾ ഭരണഘടനാപരമായി ഫിഷറീസ് എന്നുള്ളത് സ്റ്റേറ്റ് സബ്ജക്റ്റാണ്. സംസ്ഥാനത്തിന് അധികാരപ്പെട്ട മേഖലയിൽ നിയമനിർമ്മാണം കൊണ്ടുവരുന്നതിനാണ് കേന്ദ്രസർക്കാർ മുൻകയ്യെടുത്തിട്ടുള്ളത്. ഇക്കാര്യം നമ്മൾ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് 43 നിർദ്ദേശങ്ങൾ അംഗീകരിച്ചതിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട ഭാഗം അംഗീകരിച്ചിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ വിഷയം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇപ്പോൾ കേന്ദ്രത്തിന് പുതുതായിട്ടാണ് ഫിഷറീസ് മന്ത്രാലയം വന്നിരിക്കുന്നത്. മത്സ്യമേഖലയിൽ വളരെ സമഗ്രമായ നിയമനിർമ്മാണം നടത്തിയിട്ടുള്ള സംസ്ഥാനമാണ് കേരളം. 1980 മുതലുള്ള കാലം പരിശോധിച്ചാൽ വളരെ കൃത്യമായി ഇടപെടുകയും നിയമനിർമ്മാണങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള സംസ്ഥാനമാണിത്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് 200 നോട്ടിക്കൽ മൈൽ വരെയുള്ളതിന് ഒരു നിയമനിർമ്മാണവും ഇന്ത്യാ രാജ്യത്തില്ല. ഇപ്പോൾ അവർ നിയമമുണ്ടാക്കാൻ പോകുകയാണ്. അതിന്റെ ഭാഗമായി ഇടപെടുമ്പോഴാണ് സംസ്ഥാനത്തിന്റെ പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽകൂടി അവരുടെ കരടിൽപ്പെട്ടത്. അതാണ് സംസ്ഥാന സർക്കാർ ശക്തമായി ചൂണ്ടിക്കാട്ടിയത്. നിർഭാഗ്യവശാൽ മറ്റൊരു സംസ്ഥാനവും ഇതിനെ എതിർത്തില്ല. തമിഴ്നാട്, ആന്ധ്ര തുടങ്ങിയ എല്ലാ സംസ്ഥാനങ്ങളും പോയതിൽ കേരളം മാത്രമാണ് വളരെ കൃത്യമായി ബദൽ നിർദ്ദേശങ്ങൾ വയ്ക്കുകയും സംസ്ഥാനത്തിന്റെ അവകാശം സംരക്ഷിക്കണമെന്ന് ശക്തമായി വാദിക്കുകയും ചെയ്തത്. ഇത്തരത്തിൽ ബദലായ നിർദ്ദേശം വച്ചത് കേരളമായതുകൊണ്ടാണ് കേന്ദ്ര ഫിഷറീസ് വകുപ്പ് സെക്രട്ടറി കേരളത്തിൽ വന്ന് സംസ്ഥാനവുമായി ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ സന്നദ്ധമായത്. സംസ്ഥാന പരിധിയിൽ വരുന്ന 12 നോട്ടിക്കൽ മൈൽ വരെയുള്ള ഒരു കാര്യത്തിലും കേന്ദ്രസർക്കാർ ഇടപെടാനുദ്ദേശിക്കുന്നില്ല എന്നാണ് ആ ചർച്ചയിൽ അവർ ഉറപ്പ് നൽകിയത്. അതിനപ്പുറത്തേയ്ക്കുള്ളതിന് കേന്ദ്രസർക്കാർ നിയമം കൊണ്ടുവരുമ്പോൾ കേരളത്തിലെ തൊഴിലാളികൾ 12 നോട്ടിക്കൽ മൈൽ ദൂരത്തല്ല നിൽക്കുന്നതെന്നുള്ളതാണ് പ്രശ്നം. ഓഖി ദുരന്തമുണ്ടായ അവസരത്തിൽ 78

നോട്ടിക്കൽ മൈൽ അകലത്തിലാണ് മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടത്. 12 നോട്ടിക്കൽ മൈലാണ് സംസ്ഥാനത്തിന്റെ അധികാര പരിധിയെങ്കിലും തൊഴിലാളികൾ അതിനപ്പുറത്തേയ്ക്ക് പോകുന്നതുകൊണ്ടാണ് നമ്മളിൽ ആശങ്ക ഉയർത്തിയത്. അതുകൊണ്ടാണ് കേന്ദ്രസർക്കാർ നിയമമുണ്ടാക്കാൻ പോകുന്ന 200 നോട്ടിക്കൽ മൈലിനകത്തുള്ള നിയന്ത്രണകാര്യങ്ങൾ സംസ്ഥാന ഗവൺമെന്റുകൾക്കാണ് കൈമാറേണ്ടതെന്ന് സംസ്ഥാനം ആവശ്യപ്പെട്ടത്. അക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഉറച്ചുനിൽക്കുകയാണ്. വിദേശ ട്രോളറുകൾ വരുന്നതടക്കമുള്ള ചില കാര്യങ്ങളിൽ അവർ മനസ്സ് തുറന്നിട്ടില്ല. അതിനകത്തുള്ള ആപത്ത് ഗവൺമെന്റ് തിരിച്ചറിയുന്നുണ്ട്. അതിശക്തമായ നിലപാടുമായി കേരള സർക്കാർ മുന്നോട്ടുപോകും.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഇതുസംബന്ധിച്ച ഗൗരവതരമായ സ്ഥിതി വിശേഷങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വന്നിട്ടുണ്ട്. കേന്ദ്ര മത്സ്യബന്ധന നിയമവുമായി ബന്ധപ്പെട്ട് യാനങ്ങളുടെ രജിസ്ട്രേഷൻ, സർവ്വയലൻസ് സർട്ടിഫിക്കേഷൻ, നിയമലംഘനത്തിനുള്ള പിഴ, മത്സ്യബന്ധന യാനങ്ങളുടെ നിയമന വ്യവസ്ഥ എന്നിവയെല്ലാം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്നാണ് നിയമംകൊണ്ട് വിവക്ഷിക്കുന്നത്. അങ്ങനെ വരുമ്പോൾ കേരളത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത തൊഴിലാളികൾ പൂർണ്ണമായും പുറത്താകും. അത് കടലോരത്ത് വലിയ സംഘർഷത്തിലേയ്ക്കും ആപത്കരമായ സ്ഥിതിവിശേഷത്തിലേയ്ക്കും തൊഴിലെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിലേയ്ക്കും പട്ടിണി മരണത്തിലേയ്ക്കും വഴിവയ്ക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഭരണപരമായും നേതൃത്വപരമായും ഗവൺമെന്റ് മുൻകയ്യെടുക്കുമ്പോൾ ഇക്കാര്യം ജനങ്ങളെക്കൂടി അറിയിക്കുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടെയും യോഗം വിളിച്ചുചേർത്ത് ആശയവിനിമയം നടത്തി കേരളം ഒറ്റക്കെട്ടായി ഇതിനെ എതിർക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, തീർച്ചയായും അത്തരമൊരു ഇടപെടലിലേയ്ക്കാണ് കേരള സർക്കാർ പൊയ്ക്കൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന് പറയുമ്പോൾ വിദേശ ട്രോളറുകൾ കടന്നുവരുന്നതിനെയാണ് നാം ഭയപ്പെടുന്നത്. അതിനകത്ത് സംസ്കൃത ഭാഷയാണ് അവർ ഉപയോഗിച്ചതെങ്കിലും അത് നമുക്ക് മനസ്സിലാകുന്നതുകൊണ്ട് സംസ്ഥാന സർക്കാർ ആ പ്രൊപ്പോസൽ വച്ചു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുമ്പോൾ അത് പരമ്പരാഗത തൊഴിലാളികളെയോ അവരുടെ

കോ-ഓപ്പറേറ്റീവുകളെയോ ആയിരിക്കണം പരിഗണിക്കേണ്ടതെന്ന പ്രൊപ്പോസൽ കേരള സർക്കാർ കൊടുത്തു. കുത്തകക്കമ്പനികൾക്ക് ട്രോളറുകൾ ഇന്ത്യൻ സമുദ്രത്തിലേയ്ക്ക് കൊണ്ടുവന്ന് മത്സ്യബന്ധനത്തിന് ഉപയോഗിക്കാവുന്നതാണെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് അത്തരം ആധുനിക സാങ്കേതികവിദ്യയോട് സംസ്ഥാന സർക്കാർ യോജിക്കുന്നില്ല. പക്ഷേ അതിന് പര്യാപ്തമാക്കേണ്ടത് പരമ്പരാഗത തൊഴിലാളികളെയാണ്. പരമ്പരാഗത തൊഴിലാളികൾക്ക് ഒറ്റയ്ക്ക് ഇത്രയും വലിയ ഇൻവെസ്റ്റ്മെന്റ് നടത്താൻ കഴിയാത്തതുകൊണ്ടാണ് കോ-ഓപ്പറേറ്റീവ്സ് എന്ന പദപ്രയോഗം സർക്കാർ നടത്തിയത്. നമ്മുടെ നാട്ടിലെ പരമ്പരാഗത തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനായി ഗവൺമെന്റ് നിതാന്ത ജാഗ്രത പുലർത്തുന്നതുകൊണ്ട് ഈ ഡ്രാഫ്റ്റ് വന്നപ്പോൾത്തന്നെ ട്രേഡ് യൂണിയനുകളെ വിളിച്ചുചേർത്ത് ആദ്യം ചർച്ച ചെയ്തതും ബദലായ പ്രൊപ്പോസൽ വച്ചതും കേരളമാണ്. കേന്ദ്ര ഫിഷറീസ് വകുപ്പ് സെക്രട്ടറി ഇവിടെ വന്നപ്പോൾ എല്ലാ ട്രേഡ് യൂണിയനുകളെയും ഞങ്ങൾ അറിയിച്ചു. സെക്രട്ടറി തലത്തിൽ നടത്തിയ ചർച്ചയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളും പങ്കാളിയായി. അവർക്ക് നേരിട്ട് കേന്ദ്ര ഫിഷറീസ് വകുപ്പ് സെക്രട്ടറിയുടെ മുന്നിൽ ഈ ആശങ്ക ഉന്നയിക്കാനുള്ള അവസരം കൊടുത്തു. ഇന്നലെ ഇവിടെ ചർച്ച ചെയ്ത ആർ.സി.ഇ.പി. കരാറിലും സമുദ്രത്തിലേയ്ക്കുള്ള വിദേശ കടന്നുകയറ്റം ഒളിഞ്ഞിരിക്കുന്നതുകൊണ്ട് ക്ഷീരവകുപ്പ് ചെയ്തതുപോലെ എല്ലാ തൊഴിലാളി സംഘടനകളുടെയും വിപുലമായ കൺവെൻഷൻ വിളിച്ചുചേർക്കാൻ ഫിഷറീസ് വകുപ്പ് ആലോചിക്കുന്നുണ്ട്. വേണ്ടിവന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽകൂടി ട്രേഡ് യൂണിയനുകളുടെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീമതി യു. പ്രതിഭ: സർ, ആർ.സി.ഇ.പി. കരാറിന്റെ ആഘാതത്തെ സംബന്ധിച്ച് ഒരു ദിവസത്തെ ചർച്ച നടത്തിയതിനുശേഷം അതിനേക്കാൾ തീവ്രമായി കേന്ദ്രസർക്കാരിന്റെ കരട് സമുദ്ര മത്സ്യബന്ധന നിയമത്തിന്റെ പിടിയിലേയ്ക്ക് വരികയാണ്. ഇതുസംബന്ധിച്ച് വളരെ വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. നോട്ടിഫിക്കേഷൻ വന്നപ്പോൾത്തന്നെ വളരെ കൃത്യമായി ഇതിലിടപെട്ട ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനം കേരളമാണ്. അതിന്റെ ഭാഗമായി റൂൾസ് കമ്മിറ്റിയിൽ സംസ്ഥാനത്തിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നുള്ളതും അങ്ങേയറ്റം പ്രതീക്ഷയ്ക്ക് ഇടനൽകുന്നതാണ്. കേന്ദ്രസർക്കാർ ഈ നിയമം കൊണ്ടുവരുന്നതിനാലും കേന്ദ്രസർക്കാരിനെ ഒരു കാലത്തും വിശ്വസിക്കാൻ കഴിയില്ലെന്നുള്ളതുകൊണ്ടും

പാവപ്പെട്ട മത്സ്യ ത്തൊഴിലാളികളെ മാത്രമല്ല തീരദേശത്തെയാകെ വലിയ തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലേയ്ക്കുള്ള ഇടപെടൽകൂടി വരികയാണ്. അതുകൊണ്ട് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ തീരദേശത്തെയാകെ ബോധവൽക്കരിക്കുന്നതിന് പ്രതിപക്ഷത്തിന്റെ സഹായം വേണം. പ്രതിപക്ഷം പലപ്പോഴും ഇത്തരം കാര്യങ്ങളിൽ ഭരണപക്ഷത്തിന്റേതാണെന്ന തരത്തിലുള്ള രഹസ്യ ക്യാമ്പയിൻ നടത്താറുണ്ട്. തെരഞ്ഞെടുപ്പ് വരുമ്പോഴൊക്കെ അത് കൂടുതലാണ്. അതുകൊണ്ട് എല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട്, അപകടകരമാകുന്ന ഈ നിയമത്തിനെതിരെ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വലിയ പ്രക്ഷോഭത്തിന് വകുപ്പ് നേതൃത്വം നൽകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ആ ഗൗരവത്തിൽത്തന്നെയാണ് ഫിഷറീസ് വകുപ്പ് ഇടപെട്ടിട്ടുള്ളത്. മത്സ്യമേഖലയിൽ വരാൻപോകുന്ന പുതിയ നിയമനിർമ്മാണം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ മത്സ്യ ത്തൊഴിലാളികൾ ഒറ്റക്കെട്ടായി ഉയർത്തിപ്പിടിക്കേണ്ട പ്രശ്നമാണ്. അങ്ങനെ തന്നെയാണ് ഈ പ്രശ്നത്തെ കാണുന്നത്. അതുകൊണ്ടാണ് കേന്ദ്രസർക്കാരിന്റെ റൂൾസ് കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധികളെ വേണമെന്ന് ആവശ്യപ്പെടുകയും സർക്കാർ രണ്ടുപേരെ കൊടുക്കുകയും ചെയ്തത്. വളരെ ജാഗ്രതയോടുകൂടിയാണ് ഈ രംഗത്ത് നിലയുറപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കടലോര മേഖല വലിയ കഷ്ടത്തിലാണെന്ന് എല്ലാവർക്കുമറിയാം. ആ പ്രശ്നം പരിഹരിക്കാനായി ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും കാണിക്കുന്ന ശ്ലാഘനീയമായ പ്രവർത്തനത്തെ അഭിനന്ദിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ എന്റെ മണ്ഡലത്തിലെ ബേക്കൽ ഹാർബറിനുവേണ്ടി തുക വകയിരുത്തിയിരുന്നു. അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. അതിന് ഐ.ഐ.ടി. പഠനം നടത്തിയാൽ മാത്രമേ അതിന്റെ പ്രവർത്തനം നടത്താൻ കഴിയുകയുള്ളൂവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും പറഞ്ഞിട്ടുള്ളത്. ആ പഠനം പൂർത്തീകരിച്ച് എത്രയുംവേഗം പ്രാവർത്തികമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതിന് മുൻകയ്യെടുത്തിട്ടുണ്ട്, പഠനം നടക്കുകയാണ്. അടിയന്തര നടപടി സ്വീകരിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

## രേഖാമൂലം നല്കിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡുകളിലെ അപകടമുണ്ടാകുന്ന വളവുകൾ

4 (*94) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാക്കുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ദേശീയ പാതയിലെ പ്രധാന വളവുകൾ നിവർത്തുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ സാമൂഹ്യാഘാത പഠനം ഏത് ഏജൻസിയാണ് നടത്തുന്നത്; വ്യക്തമാക്കാമോ;

(സി) ദേശീയ സംസ്ഥാന പാതകൾ കേരളത്തിലെ ആകെ റോഡുകളുടെ ഒൻപതു ശതമാനം മാത്രമാണെന്നിരിക്കെ ഇവിടങ്ങളിൽ ഏറ്റവും കൂടുതൽ അപകടങ്ങൾ നടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അപകടം പതിവായ സ്ഥലങ്ങളിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ പോലീസിൻെറയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണം ഉറപ്പുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻബേർഡുകൾ സ്ഥാപിക്കാറുണ്ട്. വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻബോർഡുകൾ, വേഗത പരിധി, 'No Overtaking' സൈൻബോർഡുകൾ, ഷെവറോൺ എന്നീ സൈനുകൾ സ്ഥാപിക്കാറുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റമ്പിൾ

സ്ലീപ്പുകൾ റോഡിന് കുറുകെ സ്ഥാപിക്കാറുണ്ട്. അപകട സാധ്യതാ മേഖലകളിൽ റോഡിന് മതിയായ വീതിയില്ലെങ്കിൽ സ്ഥല ലഭ്യതയനുസരിച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കാറുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിംഗുകളും സ്റ്റഡുകളും സ്ഥാപിക്കാറുണ്ട്. ഓവർടേക്കിംഗ് അനുവദനീയമല്ല എന്നറിയിക്കുന്ന മുന്നറിയിപ്പ് സൈൻബോർഡുകളും സ്ഥാപിക്കാറുണ്ട്. ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കാറുണ്ട്. അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.

ദേശീയപാതാ വിഭാഗത്തിന്റെ അധികാര പരിധിയിലുള്ള റോഡുകളിലെ വളവുകൾ നിവർത്തുന്നതിന് സ്ഥലം ലഭ്യമായ ഇടങ്ങളിൽ പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കാറുണ്ട്. കൂടാതെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം കണ്ടെത്തിയ ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകൾ നവീകരിക്കുന്നതിലും മറ്റ് പ്രവൃത്തികളിലും ആവശ്യാനുസരണം റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്താറുണ്ട്.

(ബി) ദേശീയപാതാ 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. CALA (Competent Authority for Land Acquisition) തീരുമാനിക്കുന്ന ഏജൻസിയാണ് സാമൂഹ്യാഘാത പഠനം നടത്തുന്നത്.

(സി) ദേശീയ പാതയിലും സംസ്ഥാന പാതയിലും അപകടങ്ങൾ നടക്കുന്നതിന്റെ കാരണങ്ങൾ പലതുണ്ട്.

- റോഡിലെ വാഹനപ്പെരുപ്പം.
- ശരിയായ ഡ്രൈവിംഗ് രീതികൾ അവലംബിക്കാത്തത്.
- അമിത വേഗത/മത്സര ഓട്ടം.
- അശ്രദ്ധ.
- റോഡുകൾക്ക് ആവശ്യമായ വീതി ഇല്ലാത്തത്.
- റോഡുകൾക്ക് കുണ്ടും കുഴിയും.
- ഇടറോഡുകളിൽനിന്ന് പ്രധാന റോഡുകളിലേയ്ക്ക് സുരക്ഷിതമല്ലാത്ത രീതിയിൽ പ്രവേശിക്കുന്നത്.
- ട്രാഫിക് നിയമ ലംഘനം.
- ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
- ട്രാഫിക് നിയമങ്ങൾ പാലിക്കാനുള്ള വിമുഖത.

- അപകടകരമായ രീതിയിൽ റോഡരികിലുള്ള പാർക്കിംഗ്.
- മദ്യപിച്ച് വാഹനങ്ങൾ ഓടിക്കുന്നത്.
- സീറ്റ് ബെൽറ്റ്/ഹെൽമറ്റ് ധരിക്കാതെ വാഹനം ഓടിക്കുന്നത്.
- മൊബൈൽ ഫോണിന്റെ ഉപയോഗം.
- ട്രാഫിക് ലെയിൻ അച്ചടക്കം പാലിക്കാത്തത്.
- ഡ്രൈവർമാരുടെ ശാരീരിക ക്ഷമത, ഉറക്കമില്ലായ്മ.
- വാഹനങ്ങളുടെ അപാകതകൾ.
- കാൽനടക്കാരുടെ ഭാഗത്തുനിന്നും വരുന്ന പിഴവുകൾ.
- കയ്യേറ്റങ്ങൾ, അനധികൃത പരസ്യ ബോർഡ് സ്ഥാപിക്കൽ.

(ഡി) അപകടം പതിവായ സ്ഥലങ്ങളിൽ അവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ പോലീസിന്റെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണം ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളെ MoRTH മാനദണ്ഡ പ്രകാരം അപകടങ്ങളുടെ എണ്ണം കണക്കിലെടുത്ത് ബ്ലാക്ക് സ്പോട്ടായി പരിഗണിക്കുന്നു. അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നു. അതോടൊപ്പം ബ്ലാക്ക് സ്പോട്ടുകളിൽ പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടുകൂടി സംയുക്ത സ്ഥലപരിശോധന നടത്തി, സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബ്ലാക്ക് സ്പോട്ടുകളുടെ തിരുത്തലിനായുള്ള തുടർനടപടികൾ ഫണ്ട് ലഭ്യതയനുസരിച്ച് സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ അപകടസാധ്യതാ മേഖലകൾ അപകട രഹിതമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ**

5 (*95) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 കാലയളവിൽ നടന്ന ദേശീയപഠന സർവ്വേ പ്രകാരം സ്കൂൾ വിദ്യാഭ്യാസ ഗുണമേന്മയിൽ ദേശീയ ശരാശരിയെക്കാൾ പിന്നിലായിരുന്ന സ്ഥാനത്തുനിന്ന് നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം ഗുണമേന്മയിൽ

തുടർച്ചയായി രണ്ടാം വർഷവും രാജ്യത്ത് ഒന്നാം സ്ഥാനം കൈവരിക്കുന്ന സ്ഥിതിയിലേക്ക് ഉയർത്തുന്നതിന് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യ വികസനം, പഠനാവസരം, അധ്യയനഫലം, അവസര സമത്വം എന്നീ മേഖലകളിലെല്ലാം മുൻനിരയിലെത്തിക്കുന്നതിന് നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളെ മികവുറ്റ സ്ഥാപനങ്ങളാക്കിത്തീർക്കുന്നതിന് കിഫ്ബി ഫണ്ട് ഉൾപ്പെടെ വിനിയോഗിച്ചുകൊണ്ട് അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>):

(എ) 2019 സെപ്റ്റംബർ 30-ന് നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. നമുക്കു ലഭിച്ച സ്കോർ 82.2% ആണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്ഥാനം നൽകിയിരിക്കുന്നത്. ഈ പഠനത്തിൽ അടിസ്ഥാന വർഷമായി പരിഗണിച്ചിരിക്കുന്നത് 2015-16 ആണ്. പ്രസ്തുത വർഷം കേരളത്തിന്റെ സ്കോർ 77.6% ആയിരുന്നു. അക്കാദമിക് കാര്യങ്ങൾക്ക് പരിഗണിച്ചിരിക്കുന്നത് 2017-18-ൽ നടന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വേ ആണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യത്തെ 2 വർഷത്തെ പ്രവർത്തനങ്ങൾ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സ്കൂൾ ക്യാമ്പസിനേയും ക്ലാസ്സ് മുറി വിനിമയത്തേയും പരിവർത്തിപ്പിച്ച് പൊതുവിദ്യാലയങ്ങളെ ജനാധിപത്യബോധവും മതനിരപേക്ഷ മൂല്യവും ഉൾക്കൊള്ളുന്ന മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ മുന്നോട്ടുവച്ച നിലപാട്.

ഇതിന്റെ ഭാഗമായി, അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച് മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരോ സ്കൂളിലും അക്കാദമിക് മാസ്റ്റർപ്ലാൻ, വ്യക്തിഗത മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കുകയും അനുയോജ്യമായ തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. കെട്ടിടമുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്മാർട്ട് ക്ലാസ്സ് മുറികൾ 'സമഗ്ര വിദ്യാഭ്യാസ പോർട്ടലിൽ' ആവശ്യ പഠന വിഭവങ്ങൾ, ടാലന്റ്

ലാബ്, ജൈവ വൈവിധ്യ ഉദ്യാനം, അദ്ധ്യാപകർക്ക് സമഗ്ര ശാക്തീകരണ പരിപാടി തുടങ്ങിയവ ഇതിലുൾപ്പെട്ടും.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കാൻ 2017-18-ലെ ബഡ്ജറ്റിൽ അനുവദിച്ച-141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി രൂപ പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. 39 സ്കൂളുകളുടെ നിർമ്മാണച്ചുമതല SPV-യായ ഇൻകെലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ അനുവദിക്കുന്നതിന്റെ ഭാഗമായി, 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV-യായി INKEL-നെ ചുമതലപ്പെടുത്തി. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV-യായി KILA-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി നിരവധി അക്കാദമിക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ 'സമഗ്ര' പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലെ ഹൈടെക് പ്രവർത്തനങ്ങൾക്ക് 9,941 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കിവരുന്നു. ഭാഷാ വികാസത്തിനും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. എല്ലാ വിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകളും ഓട്ടിസം പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ വലിയതോതിലുള്ള പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

അവസര സമത്വത്തിന്റെ രംഗത്ത് കേരളം ബഹുദൂരം മുന്നിലാണ്. കേരളത്തിന്റെ സ്കോർ 95.4 ശതമാനമാണ്. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികൾക്ക് നൽകുന്ന പരിഗണന, നഗര-ഗ്രാമ അന്തരം ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ, ആൺകുട്ടി-പെൺകുട്ടി സമത്വം, പ്രത്യേക പരിഗണന വേണ്ടവർക്കുള്ള പിന്തുണ എന്നിവയെല്ലാം അടങ്ങുന്നതാണ് ഈ ഘടകം.

(സി) മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്ത 141 സ്കൂളുകളെ 5 കോടി രൂപ വീതം ചെലവഴിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ 8 സ്കൂളുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് കൈമാറിക്കഴിഞ്ഞു. ഈ മാസം മൂന്ന് സ്കൂളുകളിലെ പ്രവൃത്തി പൂർത്തിയാക്കി കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60%-ലധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോമഗിച്ചുവരുന്നു. 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിൽ 7 സ്കൂളുകൾ പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. ഈ മാസം ഒരു സ്കൂൾകൂടി കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 29 സ്കൂളുകളിൽ 60%-ൽ കൂടുതൽ പണികൾ പൂർത്തീകരിച്ചു. ബാക്കി സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ഭൂവിനിയോഗം സംബന്ധിച്ച വിദഗ്ദ്ധ പഠനം**

6 (*96) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പതിനഞ്ച് ശതമാനത്തോളം പ്രദേശം ഉരുൾപൊട്ടൽ ഭീഷണിയും അത്രതന്നെ പ്രദേശം പ്രളയ ഭീഷണിയും ഉള്ളതാണെന്ന പ്രാഥമിക റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗം സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രളയത്തിൽ നദികളിലും കായലുകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കംചെയ്യുവാനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ആപത്ഘട്ടത്തിൽ കാര്യക്ഷമമായി ഇടപെടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ശാക്തീകരിക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭൂവിനിയോഗം സംബന്ധിച്ച പഠനം നടത്തണമെന്ന ദുരന്ത നിവാരണ അതോറിറ്റിയുടെ അഭിപ്രായം ആർ.കെ.ഐ., ഡെവലപ്മെന്റ് പ്ലാനിൽ Table 5: Disaster Risk Management Action and Result Framework -ഐറ്റം 4.2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രളയത്തിൽ നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയബാധിത നദികളായ പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ നദികളിൽ ആരംഭിച്ച സാന്റ് ആഡിറ്റിംഗ് നടപടികൾ പൂർത്തിയായിവരുന്നു. 15-1-2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 125 പ്രകാരവും 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവും അനുസരിച്ച് മണൽ വാരുന്നതിന് സാന്റ് ആഡിറ്റ് നിർബന്ധമാണ്.

(സി) ദുരന്ത നിവാരണ അതോറിറ്റി 2016-ലെ ദുരന്ത ലഘൂകരണ പദ്ധതിയിൽ ദുരന്ത ലഘൂകരണം ശാക്തീകരിക്കാൻ ലക്ഷ്യംവച്ച് നടപ്പാക്കണമെന്ന നിർദ്ദേശത്തിന്മേൽ സമർപ്പിച്ച പ്രൊപ്പോസലിൽ സിവിൽ ഡിഫൻസ് - സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ സേന സർക്കാർ രൂപീകരിച്ചു. സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. ബഹു. മുഖ്യമന്ത്രിയും ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയും നേരിട്ട് ഓരോ പ്രധാന ദുരന്ത സമയത്തും ഈ സെന്ററിൽനിന്നും ദുരന്ത പ്രതികരണ പ്രവർത്തനത്തിന് മേൽനോട്ടം നൽകുന്നു. പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ട് ദുരന്ത സമയങ്ങളിൽ വിവര സംവേദനത്തിന് തടസ്സം നേരിടാതിരിക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാകളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite phone) നൽകി. പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകാൻ Location Based Messaging System എന്ന സാങ്കേതികവിദ്യ നടപ്പാക്കാൻ നടപടി ആരംഭിച്ചു. സംസ്ഥാന ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചു. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018-ലെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത

ലഘൂകരണ പദ്ധതിപ്രകാരം നിക്ഷിപ്ത ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന് കേരളത്തിലുള്ള 15 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ കൂടാതെ ഒരു റഡാർകൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറി ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute MG University and Kerala State Remote Sensing and Enviornment Centre എന്നിവരെ ചുമതലപ്പെടുത്തി. കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കാൻ ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോയെന്ന് പരീക്ഷിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീര സംരക്ഷണ സേനയുടെ കപ്പലിൽ പരീക്ഷണം നടത്തി. United Nations Development Programme, Environment Programme, SPHERE India എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താൻ 22-8-2019-ലെ സ.ഉ.(സാധാ) നമ്പർ.538/2019/ഡി.എം.ഡി. പ്രകാരം 13 തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്.

**കൃത്രിമപ്പാര് നിർമ്മാണം**

7 (*97) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ഡോ. എം. കെ. മുനീർ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത രീതിയിൽ ക്ലാഞ്ഞിൽ ഉപയോഗിച്ച് കൃത്രിമപാര് നിർമ്മിക്കുന്നത് കടൽ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടുമെന്നുകണ്ട് ഇതിന്റെ നിർമ്മാണം സർക്കാർ നിരോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നിരോധന ഉത്തരവ് പുറപ്പെടുവിച്ച ശേഷവും കൃത്രിമപാര് നിർമ്മാണം നടക്കുന്നത് വ്യാപകമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വേണ്ടത്ര ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ ഈ വിധം നിരോധന ഉത്തരവ് പുറപ്പെടുവിച്ചത്; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) തീരപ്രദേശങ്ങളിലും മറ്റും കടലിലെ സ്വാഭാവികമായ ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടുന്ന രീതിയിലുള്ള അശാസ്ത്രീയ മത്സ്യബന്ധന രീതികൾ തടയുന്നതിനായി KMFR Act-ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ചട്ടം 6(2) പ്രകാരം മരച്ചില്ലകൾ കൂട്ടിക്കെട്ടിയോ, തെങ്ങിന്റെ ക്ലാഞ്ഞിൽ, പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വലകൾ എന്നിവ കൂട്ടിക്കെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിന് അനുയോജ്യമായ കടൽത്തട്ടുകൾ പഠനങ്ങളിലൂടെ കണ്ടെത്തി അവിടെ മാത്രമേ നിക്ഷേപിക്കാവൂ.

(ബി) KMFR ചട്ടങ്ങൾ ഉത്തരവായശേഷം ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. ടി രീതിയിലുള്ള അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ ഫിഷറീസ് വകുപ്പിന് കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫിഷറീസ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളായ സി.എം.എഫ്.ആർ.ഐ., സി.ഐ.എഫ്.റ്റി. എന്നിവയിലെ ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള 10 അംഗ വിദഗ്ധ കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടി അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുള്ളത്.

**ഹാരിസൺസ് പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമി**

8 (*98) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

തിരിച്ചുപിടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിനായി ഉന്നതതല യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നോ; പ്രസ്തുത യോഗം ചേർന്നിരുന്നോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ വിഷയത്തിൽ സിവിൽ കോടതിയെ സമീപിക്കുവാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഡി) സിവിൽ കോടതിയിൽ ഈ കേസ് നടത്തുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ) ഉണ്ട്. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയും അവരുടെ മുൻഗാമികളും അവരിൽനിന്നും ഭൂമി നേടിയവരും സമാനമായ മറ്റുള്ളവരും കൈവശം വച്ചിരിക്കുന്നതും നിയമംമൂലം കൈമാറ്റം ചെയ്തിട്ടില്ലാത്തതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതിചെയ്യുന്ന അധികാര പരിധിയിൽ വരുന്ന സിവിൽ കോടതിയിൽ സർക്കാരിനുവേണ്ടി കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ലെ സ.ഉ. (കൈ)172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻപ്രകാരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) തീരുമാനിച്ചിരുന്നു. രണ്ട് തവണ ഉന്നതതല യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും അപ്രതീക്ഷിതമായ കാലവർഷക്കെടുതിയുടെയും 5 നിയമസഭാ മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മോഡൽ കോഡ് ഓഫ് കണ്ടക്ട് നിലവിൽ വന്നതിന്റെയും പശ്ചാത്തലത്തിൽ പ്രസ്തുത യോഗം മാറ്റിവയ്ക്കുകയാണുണ്ടായത്.

(സി) ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഹാരിസൺസ് മലയാളം ലിമിറ്റഡും അവരുടെ മുൻഗാമികളായ മലയാളം പ്ലാന്റേഷനും കൈവശം വച്ചിരിക്കുന്നതും വില്പന നടത്തിയിട്ടുള്ളതുമായ 76000-ത്തിൽ അധികം ഏക്കർ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കം

സിവിൽ കോടതിയിൽ സർക്കാർ കേസ് നടത്തി സ്ഥാപിച്ചെടുക്കേണ്ട പശ്ചാത്തലത്തിൽ അത്തരം കേസുകളുടെ ഫലപ്രദമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം എ 1/116/18/റവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.

**കശുവണ്ടി മേഖലയുടെ പുനരുദ്ധാരണം**

9 (*99) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിച്ച് മേഖലയെ പുനരുദ്ധരിക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) തോട്ടണ്ടി ഇറക്കുമതിയുടെ നടപടിക്രമങ്ങൾ സമഗ്രമായി പരിശോധിച്ച് അവ കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എത്തുമ്പോൾ തോട്ടണ്ടി ദൗർലഭ്യംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ബാങ്കുകൾ അധിക വായ്പ നല്കിവരികയാണ്. റിവൈവൽ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ച തീരത്ത് പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം 17000 മെട്രിക് ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കകം 3000 മെട്രിക് ടൺ തോട്ടണ്ടി കൂടി ഇറക്കുമതി ചെയ്യുന്നതാണ്. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സന്നദ്ധമാണ്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. <u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡന്റ്സ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി പ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകി വരുന്നു.

4. ഹൈഡെൻസിറ്റി പ്ലാന്റിംഗ് - ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

(ബി) കേരള കാഷ്യൂ ബോർഡ് കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇ-ടെണ്ടർ സംവിധാനം വഴി ഏറ്റവും സുതാര്യമായ നടപടിക്രമങ്ങളാണ് ഇറക്കുമതിക്കായി സ്വീകരിച്ചുവരുന്നത്.

(സി) പൊതുമേഖലയിലെ 40 ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടി ഇപ്പോൾ കേരളാ കാഷ്യൂ ബോർഡ് വഴി ലഭ്യമാക്കിവരുന്നു. കാഷ്യൂ ബോർഡിന്റെ വാർഷിക തോട്ടണ്ടി സംഭരണ ലക്ഷ്യം ഒരു ലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുമേഖലയിലേത് എന്നപോലെ സ്വകാര്യ മേഖലയിലെയും കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി ലഭ്യമാക്കാൻ സാധിക്കും. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കപ്പെടുന്നതിലൂടെ തോട്ടണ്ടി ദൗർലഭ്യംമൂലം സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെടും.

## സംസ്ഥാനത്തിന്റെ റെയിൽവേ വികസനം

10 (*100) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയിരട്ടിപ്പിക്കൽ, വർഷങ്ങൾക്കു മുൻപ് അനുമതി ലഭിച്ച പുതിയ റെയിൽപാതകളുടെ നിർമ്മാണം, സിഗ്നലിംഗ് സമ്പ്രദായത്തിന്റെ ആധുനീകരണം, സംസ്ഥാന സർക്കാർ ചെലവിന്റെ പങ്കുവഹിക്കാമെന്ന വ്യവസ്ഥയിൽ കേരള

റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ - റെയിൽവേ സംയുക്ത സംരംഭങ്ങൾ തുടങ്ങി സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ എല്ലാം നടപ്പ് ബജറ്റിലും കേന്ദ്രസർക്കാർ അവഗണിച്ചത് സംസ്ഥാനത്തിന്റെ പൊതു വികസനത്തെപ്പോലും മന്ദീഭവിപ്പിക്കുന്ന സാഹചര്യത്തിൽ അർഹമായ പരിഗണന നേടിയെടുക്കാൻ നടത്തുന്ന ശ്രമങ്ങൾ അറിയിക്കാമോ;

(ബി) ആവശ്യത്തിന് പുതിയ വണ്ടികൾ അനുവദിക്കാത്തതും ഉള്ളവയിലെ കോച്ചുകൾ കുറച്ചതും സംസ്ഥാനത്ത് ട്രെയിൻ യാത്ര ദുസ്സഹമാക്കിയ കാര്യം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ;

(സി) റെയിൽവേയുടെ അനാസ്ഥ കാരണം സമയക്രമം പാലിക്കുന്നതിൽ രാജ്യത്തുതന്നെ ഏറ്റവും പിന്നിലാണ് തിരുവനന്തപുരം ഡിവിഷൻ എന്ന ആക്ഷേപം ഉള്ള സാഹചര്യത്തിൽ യാത്രക്കാരുടെ ദുരിതം പരിഹരിക്കാൻ റെയിൽവേയുടെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. റെയിൽവേ പാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കംവന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബജ്ഡറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ കേരളത്തിൽ മാത്രമായൊരു റെയിൽവേ സോൺ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോൾ ഇല്ലെന്ന നിലപാടാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

(ബി) ആവശ്യത്തിന് പുതിയ വണ്ടികൾ അനുവദിക്കാത്തതും ഉള്ളവയിലെ കോച്ചുകൾ കുറച്ചതും സംസ്ഥാനത്ത് ട്രെയിൻ യാത്ര ദുസ്സഹമാക്കിയ കാര്യം

കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ LHB കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ ട്രെയിനുകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എൽ.എച്ച്.ബി. കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന മുഴുവൻ ട്രെയിനുകളിലും ബയോ ടോയ്‌ലറ്റുകളുള്ള കോച്ചുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽനിന്നും ബാംഗ്ലൂരിലേയ്ക്കുള്ള വർദ്ധിച്ച തോതിലുള്ള യാത്രാ ആവശ്യവും സ്വകാര്യ ബസ്സുകൾ യാത്രക്കാരെ ചൂഷണത്തിന് വിധേയമാക്കുന്നതും കണക്കിലെടുത്ത് കേരള-ബാംഗ്ലൂർ സെക്ടറിൽ ദിവസേന രണ്ട് അധിക ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധിക ട്രെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ കാരണം ചില ട്രെയിനുകളിൽ വെട്ടിക്കുറച്ച ബോഗികൾ പുന:സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന 7 ട്രെയിനുകളിൽ ഓരോ എ.സി. ത്രീ ടയർ കോച്ച് അധികമായി അനുവദിച്ചിട്ടുണ്ട്. കൊല്ലം-കായംകുളം, ആലപ്പുഴ-എറണാകുളം സെക്ഷനുകളിൽ നിലവിലുള്ള പഴക്കം ചെന്ന ബോഗികൾക്ക് പകരം 12 കാർ മെമു/എമു റേക്ക് ഉപയോഗിച്ച് കൂടുതൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-പാലക്കാട് അമൃത എക്സ്പ്രസ് ട്രെയിനിന്റെ സമയമാറ്റംമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയപട്ടിക പൂർവ്വസ്ഥിതിയിൽ ആക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) രാജ്യത്ത് ആകെയുള്ള 68 ഡിവിഷനുകളിൽ ട്രെയിൻ സമയക്രമം പാലിക്കുന്നതിനാൽ ദക്ഷിണ റെയിൽവേയ്ക്ക് കീഴിലുള്ള തിരുവനന്തപുരം ഡിവിഷൻ 63-ാം സ്ഥാനത്താണ്. മിക്ക ട്രെയിനുകളും മണിക്കൂറിൽ ശരാശരി 30 കിലോമീറ്ററിലും താഴെ വേഗത്തിലാണ് സർവ്വീസ് നടത്തുന്നത്. ഇത് ദേശീയ ശരാശരിയെക്കാൾ വളരെ താഴെയാണ്. ഇത്തരത്തിൽ സമയക്രമം പാലിക്കാത്തതുമൂലം സംസ്ഥാന, കേന്ദ്ര സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്കും സാധാരണ ജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു.

യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer Time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ട സമയമായി പുന:ക്രമീകരിക്കുക എന്ന

കുറുക്കുവഴിയാണ് അറ്റകുറ്റപ്പണിയുടെയും പാതയിരട്ടിപ്പിക്കലിന്റെയും പേരുപറഞ്ഞ് റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. അശാസ്ത്രീയവും തെറ്റിദ്ധാരണാജനകവുമായ സമയക്രമ നിർണ്ണയം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്.

സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹു. മുഖ്യമന്ത്രി പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

കേരളത്തോടുള്ള റെയിൽവേയുടെ അവഗണന അവസാനിപ്പിക്കണമെന്നും സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ അനുകൂല നിലപാട് കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ട് 10-7-2019-ന് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് വീണ്ടും കത്ത് അയച്ചിട്ടുണ്ട്. അനുകൂല തീരുമാനം കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു.

### പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

11 (*101) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അതിരൂക്ഷമായ മത്സ്യവരൾച്ചയിൽ നിന്നും അവരെ സംരക്ഷിക്കുവാൻ ഒരു സമ്പാദ്യ പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള മത്സ്യബന്ധനോപകരണങ്ങളെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കുന്ന കാര്യം ജി.എസ്.ടി. കൗൺസിലിൽ കൊണ്ടുവരുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ സബ്സിഡി പുനരാരംഭിക്കുന്നതിനും പെർമിറ്റ് വഴി നിലവിൽ നൽകുന്ന എണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യം പരിഗണിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) 1. മത്സ്യബന്ധന ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി.

2. ജീവൻ സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി.

3. മത്സ്യബന്ധന ഉപകരണങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതി.

4. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി.

5. സമ്പാദ്യ സമാശ്വാസ പദ്ധതി തുടങ്ങി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ പദ്ധതി എന്നീ പദ്ധതികൾ വഴി ധനസഹായം അനുവദിക്കുന്നുണ്ട്. പുതിയ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് മോട്ടോറുകളുടെ ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കുന്നതിന് ജി.എസ്.ടി. കൗൺസിലിനോട് അപേക്ഷിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വലകളുടെ ജി.എസ്.ടി. ഇപ്പോൾ 5 ശതമാനമാക്കി കുറച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാർ പൊതുവിതരണ സമ്പ്രദായം വഴി അനുവദിച്ചിട്ടുള്ള പെർമിറ്റ് വഴി നൽകുന്ന ഇന്ധനങ്ങൾ (എണ്ണകൾ) വിതരണം ചെയ്യുന്നത് സിവിൽ സപ്ലൈസ് വകുപ്പുവഴിയാണ്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളായ മണ്ണെണ്ണയുടെയും ഡീസലിന്റെയും വില കുറയ്ക്കുന്നതിനും അധിക സബ്സിഡി അനുവദിക്കുന്നതിനും കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല.

## മൂന്നാർ മേഖലയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ചവർ

12 (*102) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിൽ പട്ടയവ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയം റദ്ദാക്കി ഭൂമി സർക്കാരിന്റെ ഉടമസ്ഥതയിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

ഭൂമി സർക്കാരിന്റെ ഉടമസ്ഥതയിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ഉടമകൾക്കുതന്നെ പുതിയ പാട്ടവ്യവസ്ഥയിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) ഭാവിയിൽ പാട്ടവ്യവസ്ഥ ലംഘിക്കില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 22/8/2019-ലെ സ.ഉ.(എം.എസ്)269/2019 നമ്പർ ഉത്തരവ് പ്രകാരം, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെ തറ വിസ്തൃതിയുള്ള (പ്ലിന്ത് ഏരിയ) കെട്ടിടം മാത്രമാണുള്ളതെങ്കിൽ, അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ചു കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ല എന്ന് വ്യക്തമായി തെളിയിക്കുന്ന പക്ഷം (ആർ.ഡി.ഒ.-യുടെ സർട്ടിഫിക്കറ്റ്) പ്രസ്തുത ഉത്തരവിന്റെ തീയതിവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും, പതിച്ചു നൽകിയ 15 സെന്റ് വരെയുള്ള പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിലേറെ തറ വിസ്തൃതിയുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന്റെ കൈവശക്കാർ അത് അവരുടെ ഏകജീവനോപാധിയാണെന്ന് വ്യക്തമായി തെളിയിക്കുകയാണെങ്കിൽ അത്തരം സവിശേഷ സാഹചര്യങ്ങൾ പ്രത്യേകം പരിശോധിച്ച് നീതിയുക്തമായി തീരുമാനമെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച വിഭാഗത്തിൽ ഉൾപ്പെടാത്തതും പട്ടയ ഭൂമിയിലുള്ളതുമായ വാണിജ്യ നിർമ്മാണങ്ങൾ നിലവിലുള്ള ഭൂമിയുടെ പട്ടയം റദ്ദുചെയ്ത് ഭൂമിയും നിർമ്മിതികളും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിക്കൊണ്ട് നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള നിരക്കുകൾക്കും

വ്യവസ്ഥകൾക്കും വിധേമയായി പാട്ടത്തിന് നൽകാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) ഇതുസംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഏറ്റെടുക്കാൻ തീരുമാനിക്കുന്ന ഭൂമിയുടെ കൈവശക്കാർക്ക് മുൻഗണനനൽകി നിലവിലുള്ള പാട്ട വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പാട്ട വ്യവസ്ഥകൾ ലംഘിക്കുന്നതായി കണ്ടെത്തിയാൽ, നിലവിലുള്ള നിയമ പ്രകാരം പാട്ടം റദ്ദാക്കി ഭൂമിയും നിർമ്മിതികളും നഷ്ടപരിഹാരം കൂടാതെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതാണ്.

**മീൻപിടിത്ത നിയന്ത്രണ നിയമം**

13 (*103) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര മത്സ്യബന്ധനം പൂർണ്ണമായും വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക് പതിച്ചുകൊടുക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ പുതുതായി മീൻപിടുത്ത നിയന്ത്രണ നിയമം പാസ്സാക്കിയെടുക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കരട് രൂപം സർക്കാരിന് ലഭ്യമായിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത നിയമത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്ന കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ പ്രസ്തുത നിയമം നടപ്പിലാക്കുക വഴി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നതിനാൽ സമുദ്രത്തിൽ പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെയുള്ള തീരദേശ മേഖലയുടെ അവകാശം സംസ്ഥാന സർക്കാരുകൾക്ക് തന്നെ നൽകണമെന്ന രീതിയിൽ കേന്ദ്രത്തിനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരട് ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അറിയിച്ചിട്ടുണ്ട്. കരട് ബിൽ സംബന്ധിച്ച നിരവധി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 48 നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. അതിനുശേഷം ചെറുതും വലുതുമായി 36 പുതിയ നിർദ്ദേശങ്ങൾ കൂടി സമർപ്പിച്ചിട്ടുണ്ട്. ഇവ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേരളം സമർപ്പിച്ച നിർദ്ദേശങ്ങളോട് അനുകൂലമായാണ് കേന്ദ്രം പ്രതികരിച്ചിരിക്കുന്നത്. ഇതിനു പുറമേ റൂൾ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ കേരളത്തിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്താനും കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കരട് നിയമത്തിന്മേൽ ചുവടെ പറയുന്ന പ്രധാന നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്:

- 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുതലപ്പെടുത്തണം.
- കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ -2019-ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തണം.)
- നിയമലംഘനം പരിശോധിക്കുന്നന്നതിനുള്ള അധികാരം കോസ്റ്റ് ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.
- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.
- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.
- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.
- സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.
- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
- 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളുകൂടി ഉൾപ്പെടുത്തണം.
- പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

സംസ്ഥാനം സമർപ്പിച്ച ആകെ 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ടി നിർദ്ദേശങ്ങൾ വളരെ ഗുണകരമായതാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന ഫിഷറീസ് വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനങ്ങളുടെ അധികാരപരിധിയായ 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ നിലവിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## നിർമ്മാണങ്ങളിൽ നിലവാരം ഉറപ്പാക്കുന്നതിന് നടപടി

14 (*104) ശ്രീ. പി. വി. അൻവർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കൂട്ടുകെട്ട് പാലാരിവട്ടം ഉൾപ്പെടെ വിവിധ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ വ്യാപകമായി നടത്തിയിരുന്ന അഴിമതി അവസാനിപ്പിക്കുവാൻ സാധ്യമായിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ വകുപ്പിൽ ലഭ്യമാണോ;

(സി) കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ചുള്ള നിർമ്മാണങ്ങളിൽ ഉന്നത നിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) നിർമ്മാണത്തിൽ വീഴ്ച കണ്ടെത്തുന്ന സാഹചര്യത്തിൽ കരാറുകാരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുവെ സാധ്യമായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ചില ഉദ്യോഗസ്ഥർ അഴിമതിയും ക്രമക്കേടും കാട്ടി നടപടി വാങ്ങുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ത്രിതല ഗുണനിലവാര പരിശോധനകൾ നടപ്പിലാക്കിവരുന്നു. കൂടാതെ, അഴിമതികളെക്കുറിച്ച് പരാതി ലഭിക്കുന്ന പക്ഷം അന്വേഷണം താമസംവിനാ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, സ്ഥലമാറ്റം, വാർഷിക വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടയൽ, നഷ്ടപരിഹാരം ഈടാക്കൽ എന്നിവയുൾപ്പെടുന്ന കർശന ശിക്ഷണ നടപടികളും ഏർപ്പെടുത്തുക വഴി അഴിമതികൾ നിയന്ത്രിക്കാനും വളരെയേറെ ഇല്ലാതാക്കാനും സാധിച്ചിട്ടുണ്ട്.

(ബി) ലഭ്യമാണ്.

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ റോഡുകളുടെയും പാലങ്ങളുടെയും

നിർമ്മാണ പ്രവൃത്തികളുടെ ഏകോപനത്തിന്റെ പ്രധാന ചുമതല കേരള റോഡ് ഫണ്ട് ബോർഡിനാണ്. ഉന്നത നിലവാരത്തിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നത്. അവയുടെ സൂക്ഷ്മ പരിശോധന കിഫ്ബി നടത്തിയശേഷം, ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തിയിട്ടാണ് പ്രവൃത്തികൾക്ക് സാമ്പത്തികാംഗീകാരം നൽകുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാനദണ്ഡങ്ങളും കിഫ്ബി മാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കൊപ്പം പ്രവൃത്തികളിൽ നേരിട്ട് മേൽനോട്ടം വഹിക്കുന്നതിനായി 89 പ്രോജക്ട് എഞ്ചിനീയർമാരേയും 200 സൈറ്റ് സൂപ്പർവൈസർമാരേയും നിയമിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായുള്ള ഗുണനിലവാര പരിശോധനയാണ് നടത്തിവരുന്നത്. പ്രാഥമികഘട്ട പരിശോധന നടത്തുന്നതിനായി സൈറ്റുകളിൽത്തന്നെ പരിശോധനാ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പരിശോധന പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നടത്തി വരുന്നു. കൂടാതെ, മൊബൈൽ ക്വാളിറ്റി മാനേജ്മെന്റ് യൂണിറ്റ് (കിഫ്ബി ഓട്ടോ ലാബ്) ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് കിഫ്ബി സാങ്കേതിക വിഭാഗം എല്ലാ സൈറ്റുകളിലും ഇൻസ്പെക്ഷൻ നടത്തി നിർമ്മാണങ്ങളുടെ നിലവാരം ഉറപ്പ് വരുത്തുന്നുണ്ട്.

(ഡി) Defect Liability Period-ൽ ഉണ്ടാകുന്ന എല്ലാ കേടുപാടുകളും കോൺട്രാക്ടർ സ്വന്തം ചെലവിൽ നന്നാക്കണമെന്നും ഇതിൽ വീഴ്ചവരുത്തുന്നപക്ഷം ഫൈൻ ഉൾപ്പെടെ എല്ലാ നഷ്ടങ്ങളും ബില്ലിൽനിന്ന് കുറയ്ക്കുകയോ Performance Guarantee-ൽ നിന്നും ഈടാക്കുകയോ ചെയ്യുന്നതാണ്. ഗൗരവമായ വീഴ്ചകൾ വരുത്തുന്ന കരാറുകാരുടെ ലൈസൻസ് റദ്ദാക്കുന്നതിനും കരിമ്പട്ടികയിൽപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്.

**സമുദ്ര പരിധി സംബന്ധിച്ച കേന്ദ്ര നിയമം**

15 (*105) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള പന്ത്രണ്ട് നോട്ടിക്കൽ മൈൽ സമുദ്ര പരിധിയിൽ കൂടി കേന്ദ്രസർക്കാരിന് അധികാരം നൽകുന്ന നിർദ്ദിഷ്ട

നിയമ നിർമ്മാണത്തിൽ മത്സ്യബന്ധന മേഖലയിലുള്ളവരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ കരട് മത്സ്യബന്ധന നിയമം 2019-ൽ പ്രസിദ്ധീകരിച്ച ഉടൻതന്നെ അത് സംസ്ഥാന താല്പര്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടും സംസ്ഥാനങ്ങളുടെ അധികാരത്തിനുമേലുള്ള കടന്നുകയറ്റമാണെന്നും ബോധ്യപ്പെടുത്തിക്കൊണ്ടും കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. തുടർന്ന് കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് സംസ്ഥാനത്തിന്റെ ആശങ്കകൾ അറിയിക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി. ചുവടെ പറയുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നത്:

- 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുതലപ്പെടുത്തണം.
- കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ-2019-ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തണം.
- നിയമ ലംഘനം പരിശോധിക്കുന്നന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.
- നിയമ ലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോ പോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.

- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.
- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്തുകളയണം.
- സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.
- നിയമ ലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
- 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

സംസ്ഥാനം സമർപ്പിച്ച ആകെ 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ടി നിർദ്ദേശങ്ങൾ വളരെ ഗുണകരമായതാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന ഫിഷറീസ് വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ്**

16 (*106) ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി പൂർണ്ണമായ അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള അപകടങ്ങളെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായി ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. 7-12-2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഫിഷറീസ് വകുപ്പ് മത്സ്യബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി മുഖേന മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ ഇൻഷ്വറൻസ് തുകയായി ലഭിക്കും. അപകട മരണത്തിന് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയും പ്രധാൻ മന്ത്രി സുരക്ഷാ ബീമ യോജന പദ്ധതി, ആം ആദ്മി ബീമ യോജന എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് മുഖേനയും അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലും മരണമടയുന്നന്നവരുടെ കുടുംബത്തിന് 10 ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും.

(ബി) ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായി ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 17-9-2018-ൽ ബഹു.ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മത്സ്യബോർഡ് പ്രതിനിധികളും ഇൻഷ്വറൻസ് കമ്പനിയുടെ പ്രതിനിധികളുമായി ചേർന്ന് ഇൻഷ്വറൻസ് അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് യോഗം കൂടുകയുണ്ടായി. അതിൻപ്രകാരം മേഖലാ അടിസ്ഥാനത്തിൽ അപേക്ഷകളിൽ നിലവിലുള്ള പോരായ്മകൾ/ന്യൂനതകൾ ഇൻഷ്വറൻസ് കമ്പനി അറിയിക്കുമ്പോൾ ആയത് പരിഹരിച്ച് നൽകി കാലതാമസം കൂടാതെ ക്ലെയിം തുക വിതരണം ചെയ്യുന്നതിന് 25-9-2018-ന് ആലപ്പുഴ, 28-9-2018-ന് കോഴിക്കോട്, 1-10-2018-ന് എറണാകുളം, 3-10-2018-ന് കണ്ണൂർ, 5-10-2018-ന് തിരുവനന്തപുരം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ അദാലത്ത് സംബന്ധിച്ച യോഗം ചേരുകയും ആയത് പ്രകാരം ന്യൂനതകൾ പരിഹരിച്ച് ക്ലെയിം തുക അപേക്ഷകർക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്.

## ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം

17 (*107) ശ്രീ. ജി.എസ്.ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ്ട്രൈബ്യൂണലുകളിൽ അവലംബിച്ചുപോരുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള വിവിധ ലാന്റ് ട്രൈബ്യൂണലുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) ലാന്റ് ട്രൈബ്യൂണലുകളിലെ കേസുകളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് അധികാരമുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം നിരീക്ഷിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് ട്രൈബ്യൂണലുകളിൽ അവലംബിച്ചു വന്നിരുന്ന നടപടികൾ

നിയമത്തിനുള്ളിൽ നിന്നുകൊണ്ട് സുതാര്യമാക്കാൻ ധാരാളം നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാന്റ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസീൽദാർ (എൽ.എ.)-ക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാന്റ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

3. ലാന്റ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.

4. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാന്റ് ട്രൈബ്യൂണൽ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി.

5. ലാന്റ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകി.

6. ജന്മിമാർക്ക് നോട്ടീസ് നൽകുന്നതുമായി ബന്ധപ്പെട്ട് നോട്ടീസ് കൈപ്പറ്റാത്ത കേസുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ Contest ചെയ്യാത്ത കേസുകളിൽ എക്സ് പാർട്ടിയായി വിധി പ്രസ്ഥാവിക്കാനും സംവിധാനമൊരുക്കി.

7. കേരളത്തിലുണ്ടായിരുന്ന 300 ഓളം ലാന്റ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കാർഡ് മോഡേണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചു.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നിലവിലുണ്ടായിരുന്ന ലാന്റ് ട്രൈബ്യൂണലുകളിലെ കേസുകൾ 500-ൽ താഴെയായി കുറയ്ക്കാൻ കഴിഞ്ഞതിനെത്തുടർന്ന് പ്രസ്തുത ലാൻഡ് ട്രൈബ്യൂണലുകളെ കൂടുതൽ കേസ്സുകൾ നിലവിലുണ്ടായിരുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം,

കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലേയ്ക്ക് മാറ്റി പുതിയ ട്രൈബ്യൂണലുകളായി രൂപീകരിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ബാക്കിയുണ്ടായിരുന്ന നാമമാത്രമായ കേസുകൾ തീർപ്പാക്കാൻ പ്രസ്തുത ജില്ലകളിലെ എല്ലാ താലൂക്ക് തഹസീൽദാർമാർക്കും എൽ.റ്റി.-യുടെ അധിക ചുമതല കൂടി നൽകിയിട്ടുണ്ട്. ഈയിനത്തിൽ 34 ലാൻഡ് ട്രൈബ്യൂണലുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിലായി 17 ലാന്റ് ട്രൈബ്യൂണലുകൾ നിലവിലുണ്ട്. ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലായി 15 സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ ആദിവാസികളുമായി ബന്ധപ്പെട്ട പട്ടയ പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കാൻ അട്ടപ്പാടിയിൽ സ്പെഷ്യൽ എൽ.റ്റി. ഓഫീസ് അനുവദിച്ചിട്ടുണ്ട്. ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ. ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി-കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലുകളിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള ഓഫീസർമാരാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാന്റ് ട്രൈബ്യൂണല് പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസീൽദാർ (എൽ.എ)-ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലുകളിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസർമാരായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

3. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.

4. ലാന്റ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

5. ജന്മിമാർ നോട്ടീസ് കൈപ്പറ്റാത്ത കേസുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ Contest ചെയ്യാത്ത കേസുകളിൽ എക്സ്പാർട്ടി ആയി വിധി പ്രസ്ഥാവിക്കാനും നിലവിൽ കഴിയുന്നുണ്ട്.

6. കേരളത്തിലുണ്ടായിരുന്ന മുന്നൂറോളം ലാന്റ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കാർഡ് മോഡേണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചിട്ടുണ്ട്.

7. ജില്ലകളിൽ ഒന്നാം ഘട്ട ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാന്റ് ട്രൈബ്യൂണൽ പട്ടയ പകർപ്പുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകും.

8. കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാന്റ് ബോർഡ് നടത്തിവരുന്നു.

**കേന്ദ്ര വിദ്യാഭ്യാസ നയം**

18 (*108) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യം, മതനിരപേക്ഷത, അവകാശസമത്വം തുടങ്ങിയ മൂല്യങ്ങൾ പകർന്നുനൽകി രാജ്യത്തിന്റെ അഖണ്ഡതയും ഉൾച്ചേർന്ന വികസനവും ഉറപ്പാക്കുകയെന്ന വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് വേണ്ടത്ര പ്രചോദനം നൽകുന്നതല്ല പുതിയ കേന്ദ്ര വിദ്യാഭ്യാസനയത്തിന്റെ കരട് എന്ന ആക്ഷേപം ഉള്ളതിനാൽ അത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) നിലവിലെ സാഹചര്യത്തിൽത്തന്നെ പ്രാകൃതവും പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഉപാധിയായി പാഠ്യപദ്ധതിയെ കേന്ദ്ര ഭരണകൂടം വിനിയോഗിക്കുമ്പോൾ അതിന് അനുകൂല സാഹചര്യം ഒരുക്കുന്ന വിധത്തിൽ പാഠ്യക്രമം രൂപപ്പെടുത്തുന്നതിന് മാർഗ്ഗമൊരുക്കാനുള്ള പുതിയ വിദ്യാഭ്യാസ നയത്തോടുള്ള വിയോജനം രേഖപ്പെടുത്തുമോ;

(സി) അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഭാവിലോകത്തെ സാധ്യതകൾക്ക് അനുഗുണമാകുന്ന തരത്തിൽ സംസ്ഥാന തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) മാനവ വിഭവവികസന മന്ത്രാലയം ചർച്ചയ്ക്കായി പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിൽ ഫെഡറൽ സംവിധാനത്തിനൊടൊത്തു പോകാത്ത ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. സംസ്ഥാനത്തിന് നിരവധി കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമുണ്ട്. അത്തരം അവകാശങ്ങളെ ദുർബലപ്പെടുത്തുകയും കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ കരട് വിദ്യാഭ്യാസ നയത്തിലുണ്ട് എന്നും അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാഠപുസ്തകങ്ങൾ പോലും കേന്ദ്രീകരിച്ച് തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ കരട് രേഖയിലുണ്ട്. ഇത് ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് യോജിച്ചുപോകുന്നവയല്ലെന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എസ്.സി.ഇ.ആർ.ടി. ഗവേണിംഗ് ബോഡി, സ്റ്റേറ്റ് കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയിൽ ഇക്കാര്യം ചർച്ച ചെയ്യുകയും പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയുടെ കാഴ്ചപ്പാട്, സമീപനം എന്നിവ രൂപപ്പെടുത്തുന്നതിന് വിവിധ പഠനങ്ങൾ എസ്.സി.ഇ.ആർ.ടി. ഇതിനകം നടത്തിയിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ദേശീയ ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ തലങ്ങളിലെ ചർച്ചയ്ക്കായി പാഠ്യപദ്ധതിയുടെ കാഴ്ചപ്പാട്, സമീപനം എന്നിവ ഉൾക്കൊള്ളുന്ന കരട് രേഖ വികസിപ്പിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

## ഇതരസംസ്ഥാന ബോട്ടുകളെ നിയന്ത്രിക്കാൻ നടപടി

19 (*109) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന ഇതരസംസ്ഥാന ബോട്ടുകളിൽനിന്നും യൂസേഴ്സ് ഫീ ഈടാക്കാറുണ്ടോ;

(ബി) നിരോധിച്ച പെലാജിക് നെറ്റും ട്രോൾ നെറ്റും പോലുള്ള വലകൾ ഉപയോഗിച്ച് ഇതരസംസ്ഥാന ബോട്ടുകൾ പിടിക്കുന്ന ചെറുമീനുകൾ വളത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫിഷറീസ് വകുപ്പിന്റെ അനാസ്ഥ കാരണം സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിലും യൂസേഴ്സ് ഫീ കൃത്യമായി ഈടാക്കാത്തതിനാൽ സർക്കാർ വരുമാനത്തിലും നഷ്ടം ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്തെ ഹാർബറുകൾ ഉപയോഗിക്കുന്നതിന് ഇതര സംസ്ഥാന ബോട്ടുകളിൽനിന്നും പെർമിറ്റ് ഫീസ് ഈടാക്കാറുണ്ട്.

(ബി) സംസ്ഥാനത്ത് അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി കെ.എം.എഫ്.ആർ. ആക്ട്, റൂൾ എന്നിവ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യ ബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ സംസ്ഥാന വ്യത്യാസമില്ലാതെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. പുതുക്കിയ കെ.എം.എഫ്.ആർ - റൂൾ 4 പ്രകാരം പഴ്സീൻ, പെലാജിക് ട്രോൾ മിഡ് വാട്ടർട്രോൾ, ബുൾട്രോൾ അഥവാ പെയർട്രോൾ എന്നിവ നിരോധിച്ചിട്ടുണ്ട്. കേരളം നടപ്പിലാക്കിയ കെ.എം.എഫ്.ആർ. നിയമ ചട്ട ഭേദഗതികൾ എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയും ആയതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇതര സംസ്ഥാനങ്ങളിലുൾപ്പെടെ ചെറു മത്സ്യങ്ങളെ പിടിച്ച് നശിപ്പിക്കുന്നത് പൂർണ്ണമായി തടയാൻ സാധിക്കും.

(സി) സംസ്ഥാനത്തെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി കെ.എ .എഫ്.ആർ. ആക്ട്, റൂൾ എന്നിവ കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീമായ മത്സ്യബന്ധനം നിയന്ത്രിക്കാൻ കഴിഞ്ഞതിലൂടെ സംസ്ഥാനത്തിന്റെ മത്സ്യോൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിക്കുകയും 2017-18-ൽ 4.83 ലക്ഷം മെട്രിക് ടൺ ആയിരുന്ന മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിക്കുകയും

ചെയ്തിട്ടുണ്ട്. പുതുക്കിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ പ്രകാരം മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് എന്നിവ കൃത്യമായും ഈടാക്കുന്നുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

20 (*110) ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. യു. ആർ. പ്രദീപ് :

ശ്രീ. ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി ഈ സർക്കാർ ആവിഷ്കരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി 9941 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായി കിഫ്ബി മുഖേന എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഉപകരണങ്ങളുടെ വിതരണം സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രൈമറി അദ്ധ്യാപകർക്ക് പ്രത്യേക ഐ.ടി. പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിലാണ് നടപ്പിലാക്കുന്നത്. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല കർമ്മസേനയും നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാന മിഷനുമുണ്ട്. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനായി ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിച്ചുകൊണ്ട് ചിട്ടയായ ആസൂത്രണത്തോടുകൂടി സൂക്ഷ്മതയോടെയും സമയബന്ധിതവുമായി നിർവ്വഹിക്കുകയും ലക്ഷ്യമിട്ട ഗുണഫലങ്ങൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ

വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും സംയോജിപ്പിച്ചുകൊണ്ടും താഴെപ്പറയുന്ന നാല് മേഖലകളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്:

(1) <u>ഭൗതിക സൗകര്യ വികസനം</u>

അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ടും പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ടുമുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18-ലെ ബഡ്ജറ്റിൽ അനുവദിച്ച 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി രൂപ ഉപയോഗിച്ച് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. കൂടാതെ 39 സ്കൂളുകളുടെ നിർമ്മാണച്ചുമതലയ്ക്ക് SPV-യായി 'ഇൻകെലിനെ' ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ അനുവദിക്കുന്ന പദ്ധതി പ്രകാരം 166 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് SPV-യായി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് SPV-യായി KILA-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും.

(2) <u>സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ/വിദ്യാലയം</u>

8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കി. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്ര പോർട്ടൽ വികസിപ്പിച്ചു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉൾപ്പെടെ

11579 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയാക്കി.

(3) <u>അക്കാദമിക പ്രവർത്തനങ്ങൾ</u>

1. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനം നടന്നു വരുന്നു.
2. ഭാഷാ വികാസത്തിനായി മലയാളത്തിളക്കം ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നീ പദ്ധതികൾ.
3. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ പദ്ധതി'
4. ശാസ്ത്രപഠനവും ഗണിത പഠനവും മികവാർന്നതാക്കാൻ ശാസ്ത്ര പാർക്കുകൾ, ശാസ്ത്ര ഗണിത ക്ലബുകൾ, ഗണിത വിജയം, ഉല്ലാസ ഗണിതം തുടങ്ങിയവ.
5. കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് 'ടാലന്റ് ലാബ്' പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
6. ജൈവവൈവിധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്.
7. അദ്ധ്യാപക പരിശീലനം.
8. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ.
9. അധ്യയന നിലവാരം ഉയർത്തുന്നതിനായി കേരളത്തിന്റെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ.

(4) <u>സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ</u>

വിദ്യാലയ വികസന പ്രവർത്തനങ്ങളിലെല്ലാംതന്നെ വലിയ തോതിലുള്ള പൊതുസമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നു. പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി പഠനോത്സവങ്ങൾ പോലെയുള്ള പരിപാടികൾ പി.ടി.എ.-യുടെയും പൊതുസമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടക്കുന്ന പദ്ധതികളെക്കുറിച്ച് രക്ഷകർത്താക്കളുമായി സംവദിച്ച് അവരുടെ പിന്തുണ തേടുന്നുണ്ട്.

(ബി) ഉണ്ട്. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയായിട്ടുണ്ട്.

(സി) പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിക്കായി 292 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിക്കായി 493.5 കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 993 കോടി രൂപയും മികവിന്റെ കേന്ദ്രങ്ങൾക്ക് (141 സ്കൂളുകൾ) 705 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 96 സ്കൂളുകൾക്ക് 288 കോടി രൂപയും കിഫ്ബിയുടെ ധനസഹായത്തോടെ നല്കുന്നുണ്ട്.

(ഡി) ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം 2019 നവംബർ 15-നകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് നാല് ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകി. ലോവർ പ്രൈമറി (45166), അപ്പർ പ്രൈമറി (36760) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തിരുന്നു.

**എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

21 (*111) ഡോ. എം. കെ. മുനീർ :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യങ്ങളെ ആകർഷിച്ച് നടത്തുന്ന ലൈറ്റ് ഫിഷിംഗ്മൂലം ചെറുമീനുകളും സൂക്ഷ്മ ജീവികൾ പോലും നശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തങ്ങളുടെ ആശങ്ക സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ലൈറ്റ് ഫിഷിംഗ് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 12 വോൾട്ടിൽ കൂടുതലുള്ള കൃത്രിമ പ്രകാശം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചുകൊണ്ട് 1-9-2018-ലെ ജി.ഒ. (പി) നമ്പർ 18-2018/മ.ഇ.വ. ഉത്തരവ് പ്രകാരം കെ.എം.എഫ്.ആർ. റൂൾ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ സഹായത്തോടെ പരിശോധനകൾ ശക്തമാക്കുകയും നിയമലംഘകർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**പൊതുവിദ്യാലയങ്ങളുടെ വികസനം**

22 (*112) ശ്രീ.വി. ജോയി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കു യർത്താനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പൊതു വിദ്യാലയങ്ങളുടെ ആസ്തി വികസനത്തിനായി കിഫ്ബി മുഖേനയും അല്ലാതെയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എത്ര തുകയുടേതാണെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാലയങ്ങളുടെ ആസ്തി വികസനത്തിനായി ആകെ എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയെന്നതിന്റെ കണക്കു ലഭ്യമാണോ;

(ഡി) അദ്ധ്യാപകരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും ടീച്ചേഴ്സ് ബാങ്കിലുണ്ടായിരുന്നവരുടെ തൊഴിൽ സംരക്ഷണത്തിനും സ്വീകരിച്ച നടപടി അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. സംസ്ഥാനത്തെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിവരുന്നു:

1. ഭൗതിക സൗകര്യ വികസനം

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തൽ

8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്ര പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. 9,941 പ്രൈമറി സ്കൂളുകളെ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അക്കാദമികം

അക്കാദമിക മികവിനായി എല്ലാ വിദ്യാലങ്ങളും തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കിവരുന്നു. അതോടൊപ്പം ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

4. സമൂഹ പങ്കാളിത്തം

വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കി വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുവിദ്യാലയങ്ങളുടെ ആസ്തി വികസനത്തിനായി മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത 141 സ്കൂളുകൾക്ക് 687.63 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത 213 സ്കൂളുകളിൽ കിഫ്ബിയുടെ അനുമതി ലഭിച്ച 185 സ്കൂളുകൾക്കായി 550.04 കോടി രൂപയും ചേർത്ത് ആകെ 1237.67 കോടി രൂപ കിഫ്ബി അനുവദിച്ചു. കൂടാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതിക്കായി 493.5 കോടി രൂപയും ഹൈടെക് ലാബ് പദ്ധതിക്കായി (പ്രൈമറി സ്കൂൾ വിഭാഗം) 291 കോടി രൂപയും കിഫ്ബി മുഖേന സ്കൂളുകളിലെ ഐ.സി.ടി. ആസ്തി വിസനത്തിനായി ചെലവഴിക്കുന്നുണ്ട്. ഇതിനുപുറമെ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എസ്.എസ്.കെ. പദ്ധതിയുടെ ഭാഗമായി 88.99 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ അനുമതി ലഭിച്ചു. ഇതിൽ 54.23 കോടി രൂപയുടെ പദ്ധതി നടപ്പാക്കി.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ സ്കൂളുകളിലെ തസ്തിക നിർണ്ണയ ഉത്തരവുപ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും പ്രസ്തുത ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ 1:1 അനുപാതത്തിലാണ് നിയമനം നടത്തേണ്ടത്. ആദ്യത്തേത് സംരക്ഷിതാദ്ധ്യാപകനും രണ്ടാമത്തേത് മാനേജരുമാണ്. സംരക്ഷിത അദ്ധ്യാപക ബാങ്കിലുൾപ്പെട്ട ജീവനക്കാരെ സംരക്ഷിച്ച് നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണം**

23 (*113) ശ്രീ. എം. മുകേഷ് :
ശ്രീ. സജി ചെറിയാൻ:
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് കേന്ദ്രസർക്കാർ ചുങ്കം ഏർപ്പെടുത്തിയതും യഥേഷ്ടം കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയതും വ്യവസായത്തിന് കനത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതിനാൽ ഇതു തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) തോട്ടണ്ടി ഇറക്കുമതിക്ക് രൂപീകരിച്ച കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇറക്കുമതി പൂർണ്ണമായും ഇ-ടെൻഡർ വഴിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന്

രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ധനകാര്യ സ്ഥാപനങ്ങളായ ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചുതീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് ഇതിനകം 17000 മെട്രിക് ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കകം 3000 മെട്രിക് ടൺ കൂടി ഇറക്കുമതി ചെയ്യുന്നതാണ്. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സന്നദ്ധമാണ്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധന സഹായമായി നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. <u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡന്റ്സ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു

വേണ്ടിയുള്ള പ്രത്യേക പദ്ധതി പ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകിവരുന്നു.

4. ഹൈഡെൻസിറ്റി പ്ലാന്റിംഗ് - ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. മാതൃക കശുമാവിൻ തോട്ടം -സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

(ബി) സർക്കാരിന്റെ നിരന്തര ഇടപെടലിനെ തുടർന്ന് ഇറക്കുമതി ചുങ്കം 2.5%-ത്തിലേയ്ക്ക് കേന്ദ്രഗവൺമെന്റ് കുറവ് വരുത്തിയിട്ടുണ്ട്. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം പൂർണ്ണമായി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ പ്രവർത്തനംമൂലം അസംസ്കൃത കശുവണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ കഴിഞ്ഞു. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി തുടർച്ചയായി ലഭ്യമാക്കിവരുന്നു. കാഷ്യൂ ബോർഡിന്റെ തോട്ടണ്ടി ഇറക്കുമതി ഇപ്പോൾ പൂർണ്ണമായും ഇ-ടെൻഡർ സംവിധാനത്തിലൂടെയാണ് നടത്തിവരുന്നത്.

### പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

24 (*114) ശ്രീ. എം. സ്വരാജ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും പുനർനിർമ്മിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എത്ര കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഇതിനായുള്ള തുക അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് 2018-ലെ പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും പുനർനിർമ്മിക്കാൻ 21-8-2018-ലെ സ.ഉ.(സാധാ)നമ്പർ 1309/2018/പൊ.മ.വ. ഉത്തരവ് പ്രകാരം ഒന്നാം ഘട്ടമായി 1,000 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 31-10-2018-ലെ സ.ഉ.(സാധാ)നമ്പർ 8985/2018/ധന ഉത്തരവ് പ്രകാരം പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി 400 കോടി രൂപ 3054-03-337-96 (NP) ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ/ പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 22-12-2018-ലെ സ.ഉ.(സാധാ)നമ്പർ 1978/2018/പൊ.മ.വ. ഉത്തരവ് പ്രകാരം 1191 കോടി രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. 16-11-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 432/2018-ധന ഉത്തരവ് പ്രകാരം പ്രളയവുമായി ബന്ധപ്പെട്ട പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ചീഫ് എഞ്ചിനീയർമാർക്ക് നിലവിലുള്ള സാമ്പത്തിക പരിധി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 31 റോഡുകൾ (818.87km) RKI-ൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം (2019-20) 300 കോടി രൂപ ലോക ബാങ്കിൽ നിന്നും ലഭിക്കുന്ന വികസന വായ്പയിൽനിന്നും അനുവദിക്കുന്നതിന് 13-8-2019 G.O. (MS)25/2019 P&EA പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

നിരത്തു വിഭാഗത്തിനുകീഴിൽ ഈ വർഷം ആഗസ്റ്റ് മാസത്തിൽ ഉണ്ടായ കനത്ത കാലവർഷംമൂലം 797 റോഡുകളിൽ ഗതാഗത തടസ്സം നേരിട്ടിരുന്നു. മണ്ണിടിച്ചിൽ മൂലമുണ്ടായ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിച്ചിരുന്നു. റോഡുകൾ ഒലിച്ചുപോകുകയും ഇടിഞ്ഞുപോകുകയും ചെയ്ത ഭാഗങ്ങളിൽ താൽക്കാലിക നടപടികൾ സ്വീകരിച്ച് ഗതാഗതം പുനഃസ്ഥാപിച്ചു. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന്

നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പുനർനിർമ്മാണത്തിന്റെ ഭാഗമായി ലഭ്യമായ ഫണ്ടുകളുപയോഗിച്ച് റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഡിസൈൻ ചെയ്ത് പ്രളയത്തെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ 2018-ലെ കടൽ ക്ഷോഭവും പ്രളയവും നിമിത്തം പാളയം-ശംഖു മുഖം ആഭ്യന്തര വിമാനത്താവളം റോഡിലെ ശംഖു മുഖം ബീച്ച് റോഡ് ഭാഗികമായി ഏകദേശം 300 മീറ്റർ തകർന്നിട്ടുണ്ട്. ആയത് പുനസ്ഥാപിക്കുന്നതിനുള്ള ചെലവ് 42.62 ലക്ഷം രൂപയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

2018-ലെ പ്രളയം നിമിത്തം തകർന്ന പൊതുമരാമത്ത് റോഡുകളുടെ പുനർ നിർമ്മാണത്തിനായി 1600 കി.മീ. റോഡുകളുടെ പട്ടിക പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തയ്യാറാക്കി കെ.എസ്.ടി.പി.-ക്ക് നൽകുകയുണ്ടായി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ ബാങ്കിന്റെയും ലോകബാങ്കിന്റെയും ധനസഹായം ഉറപ്പാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 666 കി.മീ. റോഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനായുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി KSTP കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. കൂടാതെ ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ ചെമ്മണ്ണാർ ഗ്യാപ്പ് റോഡും പൈനാവ്-താന്നിക്കണ്ടം-അശോക കവല റോഡും അടൂർ-ചെങ്ങന്നൂർ റോഡും 307.96 കോടി രൂപ ഉപയോഗപ്പെടുത്തി പുനർനിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ വർഷം ഉണ്ടായ പ്രളയത്തിൽ നിരത്തു വിഭാഗത്തിനു കീഴിൽ വിവിധ ജില്ലകളിലായി 5031 കി.മീ. റോഡുകൾക്ക് 2,958.33 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. കൂടാതെ കഴിഞ്ഞ പ്രളയത്തിൽ റോഡുകളുടെ പുനർനിർമ്മാണത്തിനായി 13,527 കോടി രൂപ ആവശ്യമായി വന്നിരുന്നു.

കടൽ ക്ഷോഭവും പ്രളയവുംമൂലം കെ.ആർ.എഫ്.ബി.-യുടെ അധീനതയിലുള്ള 300 മീറ്റർ റോഡാണ് ഭാഗികമായി തകർന്നിരിക്കുന്നത്. ആയതിനാൽ വൻതോതിലുള്ള പുനർനിർമ്മാണം ആവശ്യമായി വരുന്നില്ല. കൂടാതെ ടി റോഡ് കൺസഷണർ മുഖാന്തരമാണ് നടപ്പിലാക്കിവരുന്നത്.

കെ.എസ്.ടി.പി.-യുടെ കീഴിൽ ഒന്നാം ഘട്ടമായി 666 കി.മീ. റോഡിന്റെ പുനർനിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിന് കരാർ നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പുനർ നിർമ്മാണത്തിനായി ഏകദേശം 3,996 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) ഈ വർഷം നിരത്തു വിഭാഗത്തിന് കീഴിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ ദുരന്ത നിവാരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കിന്റെയും ധനസഹായത്തോടെയാണ് കെ.എസ്.ടി.പി. പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നത്. ആയതിനായി ലോകബാങ്ക് 1400 കോടി രൂപയും ജർമ്മൻ ബാങ്ക് 1,800 കോടി രൂപയും ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

**പട്ടയം ലഭ്യമാക്കാൻ നടപടി**

25 (*115) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്.രാജേന്ദ്രൻ:
ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയം ഇല്ലാത്ത കൂടുതൽ പേർക്ക് പട്ടയം ലഭ്യമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അർഹരായവർക്ക് പട്ടയം നൽകാൻ കഴിയും വിധം ഭൂമിയുമായി ബന്ധപ്പെട്ട തടസ്സങ്ങളും തർക്കങ്ങളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചതും വിതരണം ചെയ്യാത്തതുമായ വനഭൂമിക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെയുൾപ്പെടെ സംയുക്ത പരിശോധന ആവശ്യമുള്ള വനഭൂമിയുടെ സ്ഥലപരിശോധന പൂർത്തിയാക്കി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അയച്ചുകൊടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽനിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽകേട്ട് പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. അപ്രകാരം 111004 പട്ടയങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) അർഹരായവർക്ക് പട്ടയം നൽകാൻ കഴിയുംവിധം ഭൂമിയുമായി ബന്ധപ്പെട്ട തടസ്സങ്ങളും തർക്കങ്ങളും പരിഹരിച്ച് പട്ടയം നൽകുന്നത് വേഗത്തിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) 1-1-1977-ന് മുമ്പുള്ള വനഭൂമിയിലെ കുടിയേറ്റം ക്രമീകരിക്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ച കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ 5 ജില്ലകളിലെ 28,588.159 ഹെക്ടർ ഭൂമിക്ക് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്ന നടപടി കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ പൂർത്തിയായിട്ടുള്ളതും ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ കേന്ദ്രാനുമതി ലഭിച്ച ഭൂമിക്ക് പട്ടയവിതരണ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. കൂടാതെ 1-1-1977-നുമുൻപ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് ആയത് പതിച്ച് കൊടുക്കുന്നതിനായി റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതുമായ ഭൂമിക്ക് നിലവിൽ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമല്ലാത്ത കേസ്സുകളിൽ 1993-ലെ പ്രത്യേകം ഭൂമി പതിവു (1-1-1977-നുമുൻപ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങളിലെ ചട്ടം 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകിയും കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ സംയുക്ത പരിശോധന നടത്തിയ സമയത്ത് ഭൂമിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ

ടി ഭൂമിയിൽ ഇല്ലാത്തതുമായ മരങ്ങളുടെ മരവില നിർണ്ണയിച്ച് നൽകിയും പട്ടയം അനുവദിക്കുന്നതിന് തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാ കളക്ടർക്ക് അനുമതി നൽകി 22-6-2019-ലെ സർക്കാർ ഉത്തരവ് (കൈ)189/2019/റവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

(ഡി) സംയുക്ത പരിശോധന പൂർത്തിയായ ജില്ലകളിൽ കേന്ദ്രാനുമതിക്കായി ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഭൂപതിവ് ചട്ടങ്ങളിൽ ഇടുക്കി ജില്ലയ്ക്കായി വരുത്തിയ ഭേദഗതി**

26 (*116) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയ്ക്ക് മാത്രമായി 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് മന്ത്രിസഭ തീരുമാനം എടുത്തത് എന്നാണെന്ന് അറിയിക്കാമോ;

(സി) പട്ടയഭൂമി എന്ത് ആവശ്യത്തിന് നൽകിയോ അതിന് മാത്രമേ ഉപയോഗിക്കാവൂ എന്നും പ്രസ്തുത ഭൂമിയിൽ വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) പട്ടയഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വില്ലേജാഫീസറുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) കാർഷിക മേഖലയിലെ തകർച്ചമൂലം ബുദ്ധിമുട്ടുന്ന ഇടുക്കിയിലെ കർഷകർക്ക് പ്രസ്തുത ഉത്തരവ് തിരിച്ചടിയായതിനാൽ ഇത് പിൻവലിക്കുമോ; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) ഇല്ല. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നത് കൃഷിക്കും ഗൃഹ നിർമ്മാണത്തിനും ഗുണപരമായ ഉപയോഗത്തിനും മാത്രമാണ്. എന്നാൽ 7-8-2019-ലെ ഇനം 3254 പ്രകാരമുള്ള മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 22-8-2019-ൽ പുറപ്പെടുവിച്ചിട്ടുള്ള

സ.ഉ.(കൈ)നമ്പർ 269/2019/റവ ഉത്തരവിൻ പ്രകാരം 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് വേണ്ടി മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെ തറ വിസ്തൃതിയുള്ള (പ്ലിന്ത് ഏരിയ) കെട്ടിടം മാത്രമാണുള്ളതെങ്കിൽ, അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ചു കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലായെന്ന് വ്യക്തമായി തെളിയിക്കുന്ന പക്ഷം (ആർ.ഡി.ഒ.-യുടെ സർട്ടിഫിക്കറ്റ്) ഉത്തരവിന്റെ തീയതി വരെയുള്ള നിർമ്മാണങ്ങൾ മാത്രം ക്രമീകരിക്കുന്നതിന് 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റ് വരെയുള്ള പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയലേറെ തറവിസ്തൃതിയുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന്റെ കൈവശക്കാർ അത് അവരുടെ ഏക ജീവനോപാധിയാണെന്ന് വ്യക്തമായി തെളിയിക്കുകയാണെങ്കിൽ അത്തരം സവിശേഷ സാഹചര്യങ്ങൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും പ്രത്യേകം റിപ്പോർട്ട് തയ്യാറാക്കി നീതിയുക്തമായ തീരുമാനമെടുക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും സർക്കാർ തലത്തിൽ നീതിയുക്തമായ തീരുമാനമെടുക്കേണ്ടതാണെന്നും മുൻ പരാമർശിച്ചവയിൽ ഉൾപ്പെടുത്താത്തതും പട്ടയ ഭൂമിയിലുള്ളതുമായ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമിയും നിർമ്മിതികളും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിക്കൊണ്ട്, നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പാട്ടത്തിന് നൽകുന്നതിനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്ത് ഇനിമേലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത ഉത്തരവിൽ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന യാതൊന്നുമില്ലാത്ത സാഹചര്യത്തിൽ ടി ഉത്തരവ് പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല.

## പൊതുവിദ്യാലയങ്ങളിൽ സ്റ്റാർസ് പദ്ധതി

27 (*117) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷ്യബോധത്തോടെ ദൃഢനിശ്ചയമുള്ള പ്രവർത്തനം വഴി പൊതു വിദ്യാലയങ്ങളിലേക്ക് ഗണ്യമായ എണ്ണം വിദ്യാർത്ഥികളെ അധികമായി ആകർഷിക്കാൻ പ്രാപ്തമാക്കിയതിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ രംഗത്ത് രാജ്യത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയതിനെത്തുടർന്ന് ലോകബാങ്ക് സഹായത്തോടെയുള്ള സ്റ്റാഴ്സ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ കിടയറ്റതാക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാലയങ്ങൾ നിലനിൽക്കേണ്ടതും സംരക്ഷിക്കപ്പെടേണ്ടതുമാണെന്നുള്ള സർക്കാരിന്റെ നിലപാട് പൊതുസമൂഹം അംഗീകരിച്ചതും പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തിയതും അത് പൊതുസമൂഹത്തിന്റെയാകെ പങ്കാളിത്തത്തോടെ പ്രായോഗിക തലത്തിൽ നടപ്പിലാക്കിയതും പൊതുവിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തി. ഒരു കോടി, മൂന്ന് കോടി, അഞ്ച് കോടി പദ്ധതികളുടെ നടത്തിപ്പിലൂടെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ വലിയ വികസനം ഉണ്ടായിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം മുഖേന ശ്രദ്ധ, സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം ഫോർ ട്രൈബൽ കോസ്റ്റൽ എന്നീ പദ്ധതികളും സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ സുരീലി ഹിന്ദി, മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളുടെയെല്ലാം പ്രത്യക്ഷ പ്രതിഫലനമാണ് കഴിഞ്ഞ മൂന്ന്

വർഷങ്ങളിലായി 5,04,851 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി എത്തിയത്. എല്ലാ കുട്ടികളെയും പൊതു വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വാർഡ് തലങ്ങളിൽ വീടുകൾതോറും കയറിയുള്ള സ്ക്വാഡ് വർക്ക്, രക്ഷിതാക്കൾക്കും ജനപ്രതിനിധികൾക്കുമുള്ള പരിശീലനം, രക്ഷാകർതൃ ബോധവത്കരണം, കോർണർ പി.ടി.എ., പഠനോത്സവം തുടങ്ങിയ പരിപാടികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ ആവശ്യമായ റിസോഴ്സ് അദ്ധ്യാപകരുടെയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും നിയമനം നടത്തി. കിടപ്പിലായ ഭിന്നശേഷിക്കാരായ കുട്ടികളുടെ അക്കാദമിക മികവിനു വേണ്ടി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസവും സാമൂഹികവൽക്കരണത്തിനായി ചങ്ങാതിക്കൂട്ടം പരിപാടിയും നടത്തിയിട്ടുണ്ട്. കൂടാതെ വിദ്യാലയം ആകർഷകമാക്കാനും ഭൗതിക സൗകര്യം ഉയർത്തുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സ്റ്റാർസ് പദ്ധതിക്ക് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടയുള്ള 6 സംസ്ഥാനങ്ങളിലെ പഠനബോധന പ്രക്രിയയും പഠന നേട്ടങ്ങളും ശാക്തീകരിക്കുക (Strenthening teaching Learning and Results for States) എന്ന പദ്ധതി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം വഴി നടപ്പിലാക്കാനുള്ള പ്രാരംഭ ചർച്ചകൾ നടന്നിട്ടുണ്ട്. ഈ പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ മാനവവിഭവശേഷി മന്ത്രാലയമാണ് നടപ്പിലാക്കുക. ഈ പദ്ധതിയുടെ ഭാഗമായി പ്രീ സ്കൂൾ വിദ്യാഭ്യാസം, പഠന വിലയിരുത്തൽ സമ്പ്രാദയത്തിന്റെ മെച്ചപ്പെടുത്തൽ, അദ്ധ്യാപക ശാക്തീകരണം വഴിയുള്ള സ്കൂൾ നേതൃത്വവും പഠനബോധന പ്രക്രിയയുടെ ശാക്തീകരണവും തൊഴിൽ നൈപുണിയും വൊക്കേഷണൽ വിദ്യാഭ്യാസവും വിദ്യാഭ്യാസ മാനേജ്മെന്റും നിർവ്വഹണവും എന്നീ മേഖലകളിലാണ് സാമ്പത്തിക അക്കാദമിക സഹായങ്ങൾ ലഭ്യമാകുന്നത്. 'STARS' പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എം.എച്ച്.ആർ.ഡി. ഉത്തരവ് ലഭിക്കേണ്ടതുണ്ട്.

(സി) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിനും തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പ്രവർത്തനങ്ങളാണ് കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ഇതിന്റെ ഭാഗമായി;

1. എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. 4752 സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

2. 4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉൾപ്പെടെ 11579 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി.

3. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയായി. കിഫ്ബി ധനസഹായത്തോടെയുള്ള 292 കോടി രൂപയുടെ പദ്ധതിയാണിത്.

4. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലെയും തെരഞ്ഞെടുക്കപ്പെട്ട ഒരു സ്കൂൾ എന്ന നിലയിൽ 141 സ്കൂളുകൾക്ക് 5 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 96 സ്കൂളുകൾക്ക് 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്താനും കിഫ്ബി മുഖാന്തിരം 993 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിച്ച് കോൺട്രാക്ടർമാർക്ക് വർക്ക് അവാർഡ് ചെയ്യുകയും നിർമ്മാണ പ്രവൃത്തികള് പുരോഗമിച്ചുവരികയുമാണ്.

5. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ആധുനിക വിവര വിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠന ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

6. അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളിൽ വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക്

നാലുദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകി. ലോവർ പ്രൈമറി (45166), അപ്പർ പ്രൈമറി (36760), ഹൈസ്കൂൾ (26860), ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി (22761) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു.

7. ഹൈസ്കൂൾ ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെതന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കാട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു.

**ഗണിത പഠനം അനായാസമാക്കുന്നതിന് പദ്ധതി**

28 (*118) ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ.കെ. ഡി. പ്രസേനൻ :
ശ്രീ. റ്റി. വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഗണിത പഠനം അനായാസമാക്കുന്നതിന് ഗണിതം വിജയം, ഉല്ലാസ ഗണിതം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം ക്ലാസ്സുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഗണിതം വിജയം പദ്ധതി പരിഷ്കരിച്ച് ഹയർ സെക്കണ്ടറി തലംവരെയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള അദ്ധ്യാപക, ഫാക്കൽറ്റി പരിശീലനങ്ങളും കൈപ്പുസ്തകങ്ങളും വർക്കബുക്കുകളും സജ്ജീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) ഈ വർഷം ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ഉല്ലാസ ഗണിത പദ്ധതിയും മൂന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിൽ ഗണിത വിജയം പദ്ധതിയും 'സമഗ്ര ശിക്ഷാ, കേരള' മുഖേന നടപ്പിലാക്കിവരുന്നു.

(സി) ഗണിത വിജയം പരിപാടി ഹയർ സെക്കന്ററി തലംവരെ വ്യാപിപ്പിക്കുന്നതിനുള്ള ആശയ രൂപീകരണങ്ങൾ നടന്നുവരുന്നു.

(ഡി) ഉല്ലാസ ഗണിതം ഒന്നാം ക്ലാസ് പദ്ധതിയുടെ അദ്ധ്യാപകർക്കുള്ള പരിശീലനങ്ങൾ എല്ലാ ജില്ലയിലും പൂർത്തീകരിച്ചു. സ്കൂളുകളിൽ പ്രസ്തുത പരിപാടി നടന്നുവരുന്നു. രണ്ടാം ക്ലാസ് ഉല്ലാസഗണിതം പരിപാടിയുടെ അദ്ധ്യാപക പരിശീലനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതിനായി അദ്ധ്യാപകർക്കുള്ള പരിശീലന മൊഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിനൽകി. ഉല്ലാസഗണിതം പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് കുട്ടികൾക്കാവശ്യമായ ഗണിത പഠനോപകരണങ്ങൾ കിറ്റുകളാക്കി സ്കൂളുകൾക്ക് നൽകുന്നു.

ഗണിത വിജയം പരിപാടിയുടെ ഭാഗമായി 3, 4 ക്ലാസ്സുകളിലെ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികൾ ബി.ആർ.സി. തലത്തിൽപൂർത്തി യായിവരുന്നു. ഇതിന്റെ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് പരിശീലനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി ക്ലാസ് ഗണിത ലാബുകൾ സജ്ജീകരിച്ചുവരുന്നു. അദ്ധ്യാപകർക്കുള്ള പരിശീലന മൊഡ്യൂൾ, കൈപ്പുസ്തകം, വർക്ക് ബുക്ക് എന്നിവ തയ്യാറാക്കിനൽകി.

യു.പി. ക്ലാസുകളുടെ ഗണിതവിജയം പരിപാടികൾ മൊഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിക്കഴിഞ്ഞു. 3, 4 ക്ലാസുകളിലെ ഗണിതവിജയം പരിപാടിയുടെ പരിശീലനങ്ങൾ ജില്ലകളിൽ പൂർത്തിയായിവരുന്ന മുറയ്ക്ക് യു.പി. ക്ലാസ്സുകളുടെ അദ്ധ്യാപക പരിശീലനം ആരംഭിക്കും.

ഗണിതവിജയം, ഉല്ലാസഗണിതം എന്നീ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും എൽ.പി., യു.പി. ക്ലാസ്സുകളിൽ ഗണിത പഠന ഉപകരണങ്ങൾ നൽകും.

**വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സംവിധാനത്തിലെ പാളിച്ചകൾ**

29 (*119) <u>ശ്രീ. പി. ജെ. ജോസഫ് :</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :

<u>ശ്രീ. മോൻസ് ജോസഫ് :</u>

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരശേഖരണം പൂർണ്ണമാകാത്തതും ഓൺലൈൻ സാങ്കേതികപ്രശ്നങ്ങളും എഴുതി നൽകാൻ രസീതില്ലാത്തതും വില്ലേജ് ഓഫീസുകളെ പ്രതിസന്ധി യിലാക്കിയിരിക്കുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ രസീത് മാത്രം ഉപയോഗിക്കണമെന്ന നിർദ്ദേശം കാരണം പല വില്ലേജ് ഓഫീസുകളിലും നടക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി മാന്വൽ രസീതുകൂടി പ്രസ്തുത ഓഫീസുകളിൽ നിന്നും നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) എല്ലാ വില്ലേജുകളിലും വിവരശേഖരണവും ഇവ ഓൺലൈനാക്കുന്നതും പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സർവ്വേ നമ്പർ പരിശോധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്താൽ മതിയെന്ന നിർദ്ദേശം പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ കഴിയാതെ നിരവധി രേഖകൾ വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോ; എങ്കിൽ വ്യക്തമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വിലേജുകളിൽ 1645 വില്ലേജുകളിൽ ഓൺലൈൻ മുഖേനയും 4 വില്ലേജുകളിൽ ഓഫ് ലൈൻ മുഖേനയും ഭൂനികുതി അടയ്ക്കാൻ കഴിയുന്നതാണ്. എന്നാൽ ഓൺലൈനിൽ ഡാറ്റാ ലഭ്യമല്ലെന്ന കാരണത്താൽ പ്രസ്തുത വ്യക്തിയുടെ ഭൂനികുതി അടവാക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. ഇത്തരം സംഗതികളിൽ മുൻകാലങ്ങളിൽ ചെയ്തുവരുന്നതുപോലെ വില്ലേജ് ഓഫീസിൽ നേരിട്ടുവന്ന് പൊതുജനത്തിന് കരം അടവാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) ഓൺലൈൻ രസീത് മാത്രമേ ഉപയോഗിക്കാവൂ എന്ന് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. ഓൺലൈനായി രസീത് നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നേരിട്ടാൽ പൊതുജനത്തിന് മാന്വൽ രസീത് നൽകുകയും ആയത് അന്നേദിവസം തന്നെ മാന്വൽ ആയി നൽകിയ വിവരങ്ങൾ കമ്പ്യൂട്ടറിൽ അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്.

(സി) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ വിവരങ്ങളും തണ്ടപ്പേർ വിവരങ്ങളുമാണ് ഓൺലൈൻ ആക്കുന്നത്. പ്രസ്തുത രജിസ്റ്ററുകൾ വില്ലേജ് ഓഫീസിൽവച്ചുതന്നെ ഡാറ്റാ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ഡിജിറ്റൈസ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ആകെ 1664 വില്ലേജുകളിൽ 1649 വില്ലേജുകളുടെ വിവരങ്ങൾ ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ബാക്കി 15 വില്ലേജുകളിലെ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടൻതന്നെ പൂർത്തീകരിക്കുന്നതാണ്.

(ഡി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരമാണ്. പ്രസ്തുത വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട ആധാരങ്ങൾ ഓൺലൈൻ മുഖാന്തിരം വില്ലേജ് ആഫീസിലേയ്ക്ക് വരികയും പോക്കുവരവ് ചെയ്ത് തണ്ടപ്പേർ പിടിച്ച് നികുതി അടവാക്കുകയുമാണ് ചെയ്യുന്നത്. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ രജിസ്ട്രേഷൻ സമയത്ത് ഓൺലൈനായി സർവ്വേ നമ്പർ പരിശോധിക്കാൻ കഴിയുന്നതാണ്.

നിലവിൽ സംസ്ഥാനത്തെ 1664 വില്ലേജുകളിലെ 1649 വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി ചെയ്തിട്ടുണ്ട്. എങ്കിലും വില്ലേജ് ഓഫീസുകളിലെ പ്രധാനപ്പെട്ട രേഖകളായ ബി.റ്റി.ആർ., തണ്ടപ്പേർ രജിസ്റ്റർ, എ രജിസ്റ്റർ, എഫ്.എം.ബി. എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റലായി സൂക്ഷിക്കുന്നതിന് വകുപ്പ് നിയമപരമായ ടെണ്ടർ മുഖേന ഒരു ഏജൻസിയെ (M/s. സ്മാർട്ട് ഐ.ടി. സർവ്വീസസ്, കൽക്കട്ട) തെരഞ്ഞെടുത്തിട്ടുള്ളതും ടി ഏജൻസി 1-11-2019 മുതൽ പ്രസ്തുത ജോലി തുടങ്ങുന്നതുമാണ്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

30 (*120) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u>

<u>ശ്രീ. എം. മുകേഷ് :</u>

<u>ശ്രീ. കെ. ജെ. മാക്സി:</u>

<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അപകടത്തിൽപ്പെടുന്ന സാഹചര്യത്തിൽ രക്ഷാപ്രവർത്തനം ദുഷ്കര മാകാതിരിക്കാൻ മത്സ്യത്തൊഴിലാളികൾ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കടലിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) കടലിൽ ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി മത്സ്യത്തൊഴിലാളി കളെയും മത്സ്യബന്ധനയാനങ്ങളെയും കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ നൽകുന്നതിന് സാഗര എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മത്സ്യബന്ധവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മത്സ്യത്തൊഴിലാളികൾക്ക് 40,000 ലൈഫ്ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 556 എണ്ണം ജി.പി.എസും 1132 എണ്ണം ലൈഫ് ബോയിയെയും വിതരണം ചെയ്തുകഴിഞ്ഞു. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടുകൂടി അടിയന്തര ഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. അതിന്റെ ആദ്യഘട്ടമായി 5000 എണ്ണം നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 875 എണ്ണം വിതരണം ചെയ്തു. ISRO ആദ്യം വികസിപ്പിച്ച നാവിക് ഉപകരണങ്ങളിൽ one way communication മാത്രമേ സാധ്യമാകുന്നുള്ളുവെന്ന പരിമിതി മനസ്സിലാക്കി Two way communication സംവിധാനം ഉൾപ്പെടുന്ന പുതിയ നാവിക ഉപകരണങ്ങൾ ISRO വികസിപ്പിച്ചെടുത്തിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള അവയുടെ നിർമ്മാണത്തിന് KELTRON-ന് സാങ്കേതികവിദ്യ കൈമാറാനും ധാരണയായിട്ടുണ്ട്. Two way communication ഉള്ള നാവിക് ഉപകരണങ്ങളായിരിക്കും ഇനി വിതരണം ചെയ്യുക. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധനയാനങ്ങൾക്ക് ബി.എസ്.എൻ.എൽ.-മായി ചേർന്ന് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്തുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി കൂടുതൽ ബലവത്തായ 120 എഫ്.ആർ.പി. ബോട്ടുകൾ (മത്സ്യബന്ധന യൂണിറ്റുകൾ) സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകൾ ചേർന്ന് 40% സബ്സിഡിയോടെ 200 എഫ്.ആർ.പി. മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കഴിയുന്നത്ര വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. അതിൽ ആദ്യത്തേത് 2020 ജനുവരിയിൽ ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2019-20 പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 1500 മത്സ്യബന്ധനയാനങ്ങൾക്ക് 75% സബ്സിഡിയോടുകൂടി DAT, VHF, GPS എന്നിവയുൾപ്പെടുന്ന കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിച്ചുവരുന്നു. ഓരോ ഗ്രാമത്തിലും 5 യാനങ്ങളും ഒരു യാനത്തിൽ 3 പേർ എന്ന ക്രമത്തിൽ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ഓഖി, പ്രളയം പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുകയെന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ സ്ക്വാഡിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ രക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ലഭ്യമാക്കും.

(ഡി) തയ്യാറാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 സാഗര ഫെസിലിറ്റേറ്റേഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. അവർ പ്രധാനപ്പെട്ട ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനകം 15661 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാനും സാഗരയിലൂടെ കഴിയും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡ് സുരക്ഷാ ഫണ്ട്

1(1133) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്ലാൻ ഫണ്ട് പ്രവർത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് പദ്ധതി ഫണ്ടിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയ്ക്ക് ഭരണാനുമതി നൽകിയ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെയും ദേശീയപാതയുടെയും പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

## ടെൻഡർ ഇല്ലാതെ സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകിയ പ്രവൃത്തികൾ

2 (1134) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ടെൻഡർ നടപടികളില്ലാതെ സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പേരും തുകയും ഏജൻസികളുടെ പേരും ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) വകുപ്പിന്റെ പ്രവൃത്തികൾ ടെൻഡറില്ലാതെ ഇത്തരം ഏജൻസികൾക്ക് നൽകുന്നതുമൂലം വകുപ്പിന് എന്ത് നേട്ടമാണുള്ളത്; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) അക്രെഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; ഓരോ പ്രവൃത്തിക്കും ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഏതെല്ലാം ഏജൻസികൾക്ക്/കമ്പനികൾക്ക് എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന് കീഴിൽ പാലങ്ങളുടെ പരിസരം വൃത്തിയാക്കലും കാടുകൾ വെട്ടലും പ്രവൃത്തിക്കായി 7.39 ലക്ഷം രൂപ ടെണ്ടർ നടപടികളില്ലാതെ നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ കീഴിൽ താമരശ്ശേരി ചുരത്തിലെ നിർമ്മാണ പ്രവൃത്തികൾ (1.86 കോടി രൂപ) ഊരാളുങ്കൽ ലേബർ സൊസൈറ്റിയെ ടെണ്ടർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികളില്ലാതെ ഏൽപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മറ്റു പ്രവൃത്തികൾ ഈ സർക്കാർ നൽകിയിട്ടില്ല.

(ബി) 2018 ആഗസ്റ്റ് മാസമുണ്ടായ തുടർച്ചയായ മഴയിൽ ദേശീയപാത 766 താമരശ്ശേരി ചുരത്തിലെ 8 മീറ്റർ ഉയരമുള്ള കരിങ്കൽ സംരക്ഷണ ഭിത്തി 50 മീറ്റർ നീളത്തിൽ പൂർണ്ണമായും തകർന്ന് നിലംപതിക്കുകയും അപകട സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതിനാലും വലിയ തോതിൽ ഗതാഗതം തടസ്സപ്പെടുകയും വനഭൂമി വെട്ടിനിരത്തി താൽക്കാലികമായി ഒറ്റ വരിയിൽ ഭാരവണ്ടികൾ ഒഴികെയുള്ളവ മാത്രം കടത്തിവിടേണ്ടിവന്ന ചുരത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം പരിഗണിച്ചും ടെണ്ടർ നടപടികൾ കാലതാമസം ഉണ്ടാക്കുമെന്നതിനാലും പ്രവൃത്തികൾ അതിവേഗത്തിൽ നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ ഒഴിവാക്കി അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിച്ച് നടപ്പിലാക്കാൻ മന്ത്രിസഭാ തീരുമാനപ്രകാരം 3-8-2018-ലെ G.O. (Rt)No.1264/2018/PWD പ്രകാരം സർക്കാരിൽനിന്നും ഭരണാനുമതി നൽകുകയും അതിൻപ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) അക്രെഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ധനകാര്യ വകുപ്പിന്റെ 30-7-2014-ലെ G.O. (P)No.311/14/Fin, G.O.(P)No.107/16/Fin 27-7-2016-ലെ എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) പൊതുമരാമത്ത് ദേശീയപാത, കെ.എസ്.ടി.പി. വിഭാഗങ്ങളുടെ പരിധിയിൽ കരാർ വ്യവസ്ഥകൾക്ക് വിധേയമായി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ദേശീയപാതയുടെ പ്രവൃത്തികൾ MoRTH-ന്റെ വ്യവസ്ഥകൾ പ്രകാരമാണ് ചെയ്യുന്നത് എന്നതിനാൽ അവരുടെ കരാറിൽതന്നെ മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാർ വയ്ക്കുന്നത്.

KSTP ഉൾപ്പെടെയുള്ള ലോകബാങ്ക് പ്രവൃത്തികൾക്കും മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ സംസ്ഥാന പൊതുമരാമത്ത് പ്രവൃത്തികളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ സാധാരണയായി ഉൾപ്പെടുത്താറില്ല. അതുകൊണ്ടുതന്നെ സംസ്ഥാന പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഈ സർക്കാർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അധികാരത്തിൽ വന്നതിനുശേഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിന് സർക്കാർ പ്രത്യേക ഉത്തരവുകളൊന്നും നൽകിയിട്ടില്ല. ലോകബാങ്ക്, ദേശീയപാത എന്നിവ സംസ്ഥാന PWD-യുടേതല്ലാത്തതിനാൽ അതിൽ സംസ്ഥാന PWD-ക്ക് പങ്കില്ല.

**നെടുമങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

3 (1135)ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിനു കീഴിൽ പഴയ വാളിക്കോട് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗതിയിലാണ്. പൊതുമരാമത്ത് വകുപ്പിലെ മറ്റു വിഭാഗങ്ങൾ മുഖാന്തരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികൾ**

4 (1136) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മുൻഗണന നൽകുന്നുണ്ടോ; എങ്കിൽ എന്തൊക്കെ പരിഗണനകളാണ് സൊസൈറ്റികൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്തിന്റെ പ്രവൃത്തികൾ ടെണ്ടർ വഴിയോ ടെണ്ടർ ഒഴിവാക്കിയോ നൽകിയിട്ടുണ്ടോ;

(സി) ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത സൊസൈറ്റിക്ക് ടെണ്ടർ പ്രകാരം നൽകിയത്; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണ്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ടെണ്ടർ പ്രകാരമല്ലാതെ നൽകിയ പ്രവൃത്തികളുടെ വിശദാംശം അടങ്കൽ തുക ഉൾപ്പെടെ നൽകുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നിലവിലുള്ള നിയമപ്രകാരം ചില പരിഗണനകൾ നൽകാറുണ്ട്.

കെട്ടിട വിഭാഗത്തിനു കീഴിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം ടെണ്ടറിൽ 10% അധിക തുകയിലുള്ള പ്രൈസ് പ്രിഫറൻസും സെക്യൂരിറ്റി ഇ.എം.ഡി. മുതലായവയിൽനിന്ന് ഒഴിവാക്കൽ തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകുന്നത്.

(ബി) നൽകിയിട്ടുണ്ട്.

(സി) ടെണ്ടർ വഴി ചട്ടപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ലഭിച്ച ദേശീയപാത വിഭാഗം പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയും കിഫ്ബി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II* ആയും ചേർക്കുന്നു.

(ഡി) ദേശീയപാത വിഭാഗത്തിനു കീഴിൽ താമരശ്ശേരി ചുരത്തിലെ നിർമ്മാണ പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ടെണ്ടർ നടപടികളില്ലാതെ കാബിനറ്റ് തീരുമാനപ്രകാരം ഏൽപ്പിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസമുണ്ടായ തുടർച്ചയായ മഴയിൽ ദേശീയപാത 766 താമരശ്ശേരി ചുരത്തിലെ 8 മീറ്റർ ഉയരമുള്ള കരിങ്കൽ സംരക്ഷണ ഭിത്തി 50 മീറ്റർ നീളത്തിൽ പൂർണ്ണമായും തകർന്ന് നിലംപതിക്കുകയും അപകട സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതിനാലും വലിയ തോതിൽ ഗതാഗതം തടസ്സപ്പെടുകയും വനഭൂമി വെട്ടിനിരത്തി താൽക്കാലികമായി ഒറ്റ വരിയിൽ ഭാരവണ്ടികൾ ഒഴികെയുള്ളവ മാത്രം കടത്തിവിടേണ്ടിവന്ന ചുരത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം പരിഗണിച്ചും ടെണ്ടർ നടപടികൾ കാലതാമസം ഉണ്ടാക്കുമെന്നതിനാലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ ഒഴിവാക്കി അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിച്ച് നടപ്പിലാക്കാൻ മന്ത്രിസഭാ തീരുമാനപ്രകാരം 13-8-2018-ലെ G.O.(Rt)No.1264/2018/PWD പ്രകാരം സർക്കാരിൽനിന്നും ഭരണാനുമതി ലഭിക്കുകയും അതിൻപ്രകാരം സർക്കാരിൽനിന്നും 1.86 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ദേശീയപാത വിഭാഗം ചീഫ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

പാലങ്ങൾ വിഭാഗത്തിനു കീഴിൽ പാലത്തിന്റെ പരിസരം വൃത്തിയാക്കലും കാടുവെട്ടലും :—

1. കോഴിക്കോട് സെക്ഷൻ - 1.49 ലക്ഷം രൂപ
2. വടകര സെക്ഷൻ - 2.95 ലക്ഷം രൂപ
3. തിരുവമ്പാടി സെക്ഷൻ - 2.95 ലക്ഷം രൂപ

**പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

5(1137) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിലേക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിരത്തു വിഭാഗത്തിനു കീഴിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഗുണനിലവാര പരിശോധന കർശനമാക്കിയിട്ടുണ്ട്. പ്രവൃത്തികളെല്ലാംതന്നെ സർക്കാർ അംഗീകരിച്ച standard bid document പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. പാലങ്ങളുടെ പ്രവൃത്തികൾക്കും മെയിന്റനൻസിനുമായി പ്രത്യേക വിഭാഗം സൃഷ്ടിച്ചു. നിരത്തു വിഭാഗത്തിന് കീഴിൽവരുന്ന പ്രവൃത്തികൾക്ക് ആധുനിക സാങ്കേതിക വിദ്യകളായ ഷ്രഡ്ഡഡ് പ്ലാസ്റ്റിക്, NRMB, കയർ ഭൂവസ്ത്രം, recycling തുടങ്ങിയവ ഉപയോഗിച്ചുവരുന്നു. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഡിസൈൻ വിഭാഗം ശക്തിപ്പെടുത്തുകയും പുതിയ ഓഫീസ് ആരംഭിക്കുകയും ചെയ്തു.

ദേശീയപാത വിഭാഗത്തിനു കീഴിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച്

ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ നിയന്ത്രണത്തിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക, ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുക തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ചുകോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കംചെയ്ത് പുതുക്കി നിർമ്മിക്കുന്നതിനും ഇത്തരത്തിലുള്ള കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. ഗുണനിലവാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി അഞ്ചുകോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ MoRTH സ്പെസിഫിക്കേഷനും ഐ.ആർ.സി. മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള നവീകരണവിദ്യയാണ് സ്വീകരിച്ചുവരുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നിലവിലുണ്ട്. 5-1-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ 1/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. റോഡുകൾ, പാലങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

നിരത്തുകളും പാലങ്ങളും വിഭാഗത്തെ മൂന്നായി വിഭജിച്ച് നിരത്തുകൾ, നിരത്ത് പരിപാലനം, പാലങ്ങൾ എന്നിവ രൂപീകരിച്ചു. പുതിയ പാലങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ നൂതന രീതികൾ അവലംബിച്ച് സമയബന്ധിതമായി നടപ്പിൽവരുത്തുന്നതിനായാണ് ചീഫ് എഞ്ചിനീയർ തലവനായി മെയിന്റനൻസ് വിഭാഗവും പാലങ്ങൾ വിഭാഗവും രൂപീകരിച്ചിട്ടുള്ളത്.

കെട്ടിട വിഭാഗത്തിനുകീഴിൽ വിജിലൻസ് വിംഗിന്റെ പ്രവർത്തനം ശക്തമാക്കി. അതുവഴി അഴിമതി ഇല്ലാതാക്കാൻ സാധിച്ചു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചു. പ്രവൃത്തികളുടെ ബില്ലുകൾ മാറുന്നതിന് ക്വാളിറ്റി കൺട്രോൾ ലാബുകളിൽനിന്ന് സാക്ഷ്യപത്രം നിർബന്ധമാക്കിയിട്ടുണ്ട്. അതുവഴി പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നു. പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികളിലുള്ള പരിശീലനം നൽകി വരുന്നതുവഴി പ്രവൃത്തികളുടെ മേൽനോട്ടം മുമ്പത്തേക്കാൾ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

**പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ രീതികളിൽ വരുത്തുന്ന മാറ്റം**

6 (1138) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം പൊതുമരാമത്തിന് കീഴിലുള്ള പാലങ്ങൾക്കും റോഡുകൾക്കും ഉണ്ടാക്കിയ വലിയ നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണ രീതികളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭാവിയിൽ നിർമ്മിക്കുന്ന പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് പരിഗണിക്കുന്നത്;

(സി) നിലവിലുള്ള റോഡുകൾ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും പുതിയ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ മാത്രം നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) അഴിമതിയും കെടുകാര്യസ്ഥതയുമാണ് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നത് എന്ന് വിലയിരുത്തുന്നുണ്ടോ;

(ഇ) എങ്കിൽ വകുപ്പിനെ അഴിമതിമുക്തവും ചലനാത്മകവും ആക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിക്കുന്നതിനും ഇതിനായി പ്രകൃതി സൗഹൃദമായ ആധുനിക നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

പുതിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ 2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിന്റെ ജലനിരപ്പ് (Maximum Flood Level)-നെ ആസ്പദമാക്കി ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡങ്ങളനുസരിച്ച് ഉയരം കൂടിയ പാലങ്ങളായും (High Level Bridges) ഇവ പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ ഉയരം കുറഞ്ഞ പാലങ്ങളായും (Submersible Bridges) ആണ് ഇപ്പോൾ ഡിസൈൻ ചെയ്തുവരുന്നത്. വെള്ളപ്പൊക്കത്തിൽ നദിയിൽകൂടി ഒഴുകിവരുന്ന മരങ്ങൾ ഇടിച്ച് പാലത്തിന്റെ ബീമുകൾക്ക് സ്ഥാനചലനം സംഭവിക്കാതിരിക്കാൻ ഇന്റഗ്രൽ ബ്രിഡ്ജസ് എന്ന നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ട്. കൂടാതെ വെള്ളപ്പൊക്കംമൂലം നദിയിൽകൂടി ഒഴുകിവരുന്ന അധിക ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ അപ്രോച്ച് റോഡിനുവേണ്ടി നിർമ്മിക്കുന്ന എർത്തേൻ എംബാങ്ക്മെന്റിനുപകരം (Earthen Embankment) ലാൻഡ് സ്പാനുകൾ (Land Spans) നൽകിവരുന്നു.

(ബി) ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) പ്രളയത്തിൽ തകർന്ന റോഡുകൾ 15 വർഷം ഈടുനിൽക്കുന്ന ഡിസൈൻ റോഡുകളായി പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് റോഡുകൾ ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കുന്നു.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

കൂടാതെ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ട അളവിൽ ബിറ്റുമിൻ സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

**ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

7 (1139) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ 2018-19 ലെ ബജറ്റിൽ പ്രഖ്യാപിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(സി) 2019-20-ലെ ബജറ്റിൽ ഇരിങ്ങാലക്കുട മണ്ഡലത്തിനായി ഭരണാനുമതിയുള്ള വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ എണ്ണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ തുക സഹിതമുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) നിരത്തു വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കെട്ടിടം വിഭാഗത്തിന് കീഴിൽ മിനി സിവിൽ സ്റ്റേഷൻ ഇരിങ്ങാലക്കുട - ജി.ഐ. റൂഫിംഗ് - 55% പൂർത്തിയായി.

(ബി) നിരത്ത് വിഭാഗത്തിനു കീഴിൽ 2018-19-ൽ കാക്കാത്തുരുത്തി-മതിലകം റോഡ് 2/960 മുതൽ 3/870 വരെ ബി.എം.&ബി.സി. - 100 ലക്ഷം രൂപ - പ്രവൃത്തി ആരംഭിച്ചു. 2018-19 -ൽ താണിശ്ശേരി - കാരാഞ്ചിറ റോഡ് കി.മീ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1/000 മുതൽ 6/000 വരെ - 170 ലക്ഷം രൂപ - 80% പൂർത്തീകരിച്ചു. 2018-19-ൽ ഇരിങ്ങാലക്കുട - കാട്ടൂർ റോഡ് കി.മീ. 0/000 മുതൽ 3/000 വരെ - 230 ലക്ഷം രൂപ - ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

കെട്ടിടം വിഭാഗത്തിനു കീഴിൽ ഇരിങ്ങാലക്കുട കോർട്ട് കോംപ്ലക്സ് നിർമ്മാണം - 2925 ലക്ഷം രൂപ - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട ഗവ. ആയുർവ്വേദ കോളേജിന്റെ പുതിയ കെട്ടിട നിർമ്മാണം - 250 ലക്ഷം രൂപ - 15% പ്രവൃത്തി പൂർത്തിയായി.

(സി) നിരത്തു വിഭാഗത്തിനു കീഴിൽ 2019-20 തൊമ്മാന - തുമ്പൂർ - പുത്തൻചിറ റോഡ് കി.മീ. 2/000 മുതൽ 4/200 വരെ ബി.എം.&ബി.സി. പ്രവൃത്തി - 200 ലക്ഷം രൂപ - സാങ്കേതികാനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2019-20-ലെ ബഡ്ജറ്റിൽ ഇരിങ്ങാലക്കുട മണ്ഡലത്തിനായി ഭരണാനുമതിയുള്ള വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള കെട്ടിട വിഭാഗത്തിനു കീഴിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ എണ്ണം താഴെ ചേർക്കുന്നു:

1. ഇരിങ്ങാലക്കുട കോർട്ട് കോംപ്ലക്സ് നിർമ്മാണം - 2925 ലക്ഷം രൂപ - പ്രവൃത്തി ആരംഭിച്ചു.
2. ഇരിങ്ങാലക്കുട ഗവ. ആയുർവ്വേദ കോളേജിന്റെ പുതിയ കെട്ടിട നിർമ്മാണം - 250 ലക്ഷം രൂപ - 15 % പ്രവൃത്തി പൂർത്തിയായി.
3. ഗവ. മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കാട്ടൂർ - പുതിയ കെട്ടിട നിർമ്മാണം - 153 ലക്ഷം രൂപ - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.
4. ഗവ. മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ഇരിങ്ങാലക്കുട - ടെണ്ടർ കഴിഞ്ഞിട്ടുണ്ട്.

**റോഡ് നിർമ്മാണത്തിലെ അപാകതകൾ**

8 (1140) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ വ്യാപകമായി പൊട്ടിപ്പൊളിയുന്നതിനുള്ള കാരണം നിർമ്മാണ സമയത്തെ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണെന്ന് വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളും ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങളും റോഡ് പണിയിലും അറ്റകുറ്റപ്പണിയിലും പാലിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനാണ് വിജിലൻസ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്;

(ഡി) വിജിലൻസിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധന പൂർത്തിയാക്കിയ റോഡുകളിൽ ചിലത് പൊട്ടിപ്പൊളിഞ്ഞത് നിർമ്മാണ സമയത്തെ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ചില റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണിയിലും MORTH Specification-ഉം ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി&ഡി) വിജിലൻസ് ക്രമക്കേടുകൾ കണ്ടെത്തിയ ഏതാനും റോഡുകളുടെ പട്ടികയും ആയതിൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു*.

**പാലാരിവട്ടം മേൽപ്പാലം അഴിമതി**

9 (1141) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അന്നത്തെ യു.ഡി.എഫ്.സർക്കാരും ബന്ധപ്പെട്ട മന്ത്രിയും ക്രമവിരുദ്ധമായി നടത്തിയിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ഇതിനായി അന്നത്തെ സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിന് വ്യവസ്ഥ ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇതിൽ എത്ര ശതമാനം തുകയാണ് മൊബിലൈസേഷൻ അഡ്വാൻസെന്നും അതിൽ എത്ര ശതമാനമാണ് നൽകിയതെന്നും ഇത് എത്ര കോടി രൂപ വരുമെന്നുമുള്ള വിശദാംശം നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിച്ചുവരുന്നു. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ കേസ് നമ്പർ 1/2019 ആയി FIR ഫയൽ ചെയ്ത് അന്വേഷണം പുരോഗമിക്കുകയാണ്.

(ബി-ഡി) 22-2-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ. 18/2014/പൊ.മ.വ. പ്രകാരം 72.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. 15-7-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ. 57/2014/പൊ.മ.വ. പ്രകാരം 8,25,59,768 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിന് ഉത്തരവായിരുന്നു. ഇത് കരാർ തുകയായ 41,27,98,842-ന്റെ 20 ശതമാനമാണ്. ഇത് മുഴുവനായും അനുവദിച്ചിരുന്നു.

**പാലാരിവട്ടം പാലത്തിന്റെ തകർച്ച**

10 (1142) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലത്തിന്റെ തകർച്ചയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ള കാരണങ്ങൾ എന്തെല്ലാമാണ്; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അഴിമതിയുടെ ഭാഗമായി വകുപ്പ്തലത്തിൽ ആർക്കെതിരെയെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗുണമേന്മ കുറഞ്ഞ കോൺക്രീറ്റ് ഉപയോഗിച്ചതും സ്ട്രക്ചർ ഡിസൈനിന്റെ പാളിച്ചയും നിർമ്മാണ വേളയിലെ ശരിയായ മേൽനോട്ട മില്ലായ്മയുമാണ് പാലാരിവട്ടം പാലത്തിന്റെ തകർച്ചയുടെ കാരണങ്ങളെന്നാണ് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ളത്.

(ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും ഇതുവരെ ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

11(1143) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചിത കാലപരിധിക്കുള്ളിൽ തകരാറിലായാൽ ബന്ധപ്പെട്ട പ്രവൃത്തി നടത്തിയവരെയും നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെയും കണ്ടെത്തി ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനും കുറ്റക്കാരിൽനിന്നും പുനർനിർമ്മാണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ ഉദ്യോഗസ്ഥരും കരാറുകാരും ചേർന്ന് നടത്തിയ ക്രമക്കേടുകളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എത്ര കരാറുകാരുടെ ലൈസൻസ് റദ്ദാക്കിയെന്നും കരാറുകാരിൽ നിന്നും എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് 31-8-2013-ലെ സ.ഉ. (കൈ)നമ്പർ 73/2013/പൊ.മ.വ. പ്രകാരം മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഇതിൻപ്രകാരമാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നത്.

(ബി) നിശ്ചിത കാലപരിധിക്കുള്ളിൽ തകരാറിലായാൽ ബന്ധപ്പെട്ട പ്രവൃത്തി കരാറുകാരൻ സ്വന്തം ചെലവിൽ തകരാർ പരിഹരിക്കേണ്ടതാണ്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കരാറുകാരന്റെ രജിസ്ട്രേഷൻ റദ്ദാക്കി കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നു. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച കണ്ടെത്തുന്നപക്ഷം അവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്:

1. ആർ/പി 15-16 – ഇടപ്പള്ളി - മൂവാറ്റുപുഴ റോഡിൽ - 8/000-നും 8/950-നും ഇടയ്ക്കുള്ള ഭാഗം 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ചുള്ള ഉപരിതല നവീകരണം.

2. ആർ/പി 15-16 - ഇടപ്പള്ളി - മൂവാറ്റുപുഴ റോഡിൽ - 9/210 -നം 10/000 -നം ഇടയ്ക്കുള്ള ഭാഗം 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ചുള്ള ഉപരിതല നവീകരണം.

3. ആർ/പി 15-16 - ഇടപ്പള്ളി - മൂവാറ്റുപുഴ റോഡിൽ - 10/150-നം 11/020-നം ഇടയ്ക്കുള്ള ഭാഗം 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ചുള്ള ഉപരിതല നവീകരണം.

4. ഇടുക്കി - നാലുമുക്ക് റോഡിന്റെ വീതി കൂട്ടൽ.

(ഡി) മേൽപ്പറഞ്ഞ 1, 2, 3 പ്രവൃത്തികളുടെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 4-ാമത്തെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറുകാരനെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കിഫ്ബിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ നിർത്തിവച്ച പ്രവൃത്തികൾ

12(1144) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മൊബൈൽ ക്വാളിറ്റി മാനേജ്മെന്റ് യൂണിറ്റിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കിഫ്ബിയുടെ എത്ര പദ്ധതികളാണ് നിർമ്മാണ പ്രവർത്തികളുടെ അപാകതയും, കാലതാമസവും കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കെ.ആർ.എഫ്.ബി.-യുടെ ചുമതലയുള്ള 7 കരാർ പ്രവൃത്തികൾ കിഫ്ബി താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ബി) താൽക്കാലികമായി നിർത്തിവച്ച 7 കരാർ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. ആയൂർ - ഇത്തിക്കര റോഡ് (കൊല്ലം ജില്ല)

2. പേരാമ്പ്ര – ചെറുവണ്ണൂർ - വടകര റോഡ് (കോഴിക്കോട് ജില്ല)

3. കല്ലടുക്ക -ചെർക്കള റോഡ് (കാസർഗോഡ് ജില്ല)

4. പാങ്ങോട് -കടക്കൽ ചിങ്ങേലി -ചടയമംഗലം റോഡ് (കൊല്ലം ജില്ല)

5. അമരവിള - ഒറ്റശേഖരമംഗലം റോഡ് (തിരുവനന്തപുരം ജില്ല)

6. കള്ളിക്കാട് -പാറശ്ശാല ഹിൽ ഹൈവേ (തിരുവനന്തപുരം ജില്ല)

7. കൈതവന പഴയനടക്കാവ്- അമ്പലപ്പുഴ വടക്കേനട റോഡ് (ആലപ്പുഴ ജില്ല).

(സി) നിർത്തിവച്ച പ്രവൃത്തികളുടെ കിഫ്ബി റിപ്പോർട്ട് പരിശോധിക്കുന്നതിനുവേണ്ടി പ്രോജക്റ്റ് ഡയറക്ടർ, പി.എം.യു.- കെ.ആർ.എഫ്.ബി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - കെ.ആർ.എഫ്.ബി., റോഡ്സ് ചീഫ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥരുമായി മീറ്റിംഗ് നടത്തുകയുണ്ടായി. മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കിഫ്ബി ഇൻസ്പെക്ഷൻ അതോറിറ്റി നൽകിയ ഒബ്സർവ്വേഷൻ മെമ്മോയിലെ നിർദ്ദേശങ്ങൾ ഉടനടി പാലിച്ച് ആവശ്യമായ രേഖകൾ സഹിതം റിപ്പോർട്ട് നൽകാനും പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി മാന്വലിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിർത്തിവച്ച പ്രവൃത്തികൾ പ്രോജക്റ്റ് ഡയറക്ടർ, പി.എം.യു.-കെ.ആർ.എഫ്.ബി. നേരിട്ട് പരിശോധന നടത്തി പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മനക്കകടവ് -പട്ടിമറ്റം -നെല്ലാട് -പത്താംമൈൽ റോഡിന്റെ ബി.എം.&ബി.സി. പ്രവൃത്തികൾ

13(1145) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മനക്കകടവ്-പട്ടിമറ്റം -നെല്ലാട്-പത്താം മൈൽ റോഡിന്റെ ബി.എം.&ബി.സി. പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കരാർ കാലാവധി കഴിയുന്നതിനുമുമ്പ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് ശേഷമുള്ള റെസ്റ്റൊറേഷൻ പ്രവൃത്തികൾ 2019 നവംബർ മാസത്തോടെ പൂർത്തീകരിക്കാൻ സാധിച്ചാൽ ഡിസംബറിൽ ബി.എം.&ബി.സി. പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇല്ല. യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയിലെ കാലതാമസവും പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിനും, മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള താമസവും നേരിടുന്നതിനാൽ പ്രവൃത്തി കരാർ കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കുകയില്ല.

## കിഫ്ബിയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

14(1146) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി ഇതിനകം എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

കിഫ്ബിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

## തിരുവമ്പാടി മണ്ഡലത്തിലെ റോഡ് നിർമ്മാണം

15 (1147) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മണാശ്ശേരി-പുൽപറമ്പ് -പുള്ളിക്കാപറമ്പ് റോഡ്, തിരുവമ്പാടി-ആനക്കാംപൊയിൽ-മറിപ്പുഴ റോഡ്, അടിവാരം-കേളൻമൂല റോഡ് എന്നീ റോഡുകളുടെ നിർമ്മാണപ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ;

(ബി) കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മണാശ്ശേരി-പുൽപ്പറമ്പ്-ചുള്ളിക്കാപറമ്പ് റോഡിന്റെ (കി.മീ. 0/000 മുതൽ 7/000 വരെ) 50.96 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. തിരുവമ്പാടി-ആനക്കാംപൊയിൽ-മറിപ്പുഴ റോഡിന്റെ (കി.മീ. 0/000 മുതൽ 18/261 വരെ) 93.80 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ.-ഉം കേളനൂല -അടിവാരം റോഡിന്റെ (കി.മീ. 0/000 മുതൽ 23/700 വരെ) 116.425 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ.-ഉം സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി സാങ്കേതിക വിഭാഗത്തിന്റെ വിശദ പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ അനുബന്ധ രേഖകൾ സമർപ്പിക്കാൻ കോഴിക്കോട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ കിഫ്ബി പ്രവൃത്തികൾ**

16 (1148) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയവയിൽ നിർമ്മാണം ആരംഭിച്ചവ ഏതെല്ലാമെന്നും അവ ഏതൊക്കെ ഘട്ടങ്ങളിലാണെന്നും വ്യക്തമാക്കാമോ; ഇവയിൽ നിർമ്മാണം പൂർത്തീകരിച്ചവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ഭരണാനുമതി നൽകിയതിനുശേഷം നിർമ്മാണപ്രവൃത്തി ആരംഭിക്കാത്തവ ഏതെല്ലാമെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ഡി) തടസ്സങ്ങൾനീക്കി പ്രസ്തുത പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതിൽ 109 പ്രവൃത്തികളുടെയും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതിൽ 2 പ്രവൃത്തികളുടെയും 177.70 കി.മീ. നീളത്തിൽ മലയോര ഹൈവേയുടെയും 15കി.മീ. നീളത്തിൽ തീരദേശ ഹൈവേയുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു*. കുണ്ടന്നൂർ ഫ്ലൈഓവറിന്റെ 70%

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പണികളും എടപ്പാൾ ഫ്ലൈ ഓവറിന്റെ 20% പണികളും പൂർത്തിയാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച 6 പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ചേർത്തല - തണ്ണീർമുക്കം റോഡ്
2. വാറൻ കവല - കോൾ ഗേറ്റ് കാവുങ്കൽ റോഡ്
3. മുട്ടത്തി പറമ്പ് - അർത്തുങ്കൽ റോഡ്
4. കണിച്ചുകുളങ്ങര എൻ.എച്ച്. കായിപ്പുറം കായലോരം റോഡ്
5. പയ്യോളി - പേരാമ്പ്ര റോഡ്
6. ആറാംമൈൽ - പാറപ്രം റോഡ്

(സി&ഡി) സ്ഥലം ലഭ്യമായ പ്രവൃത്തികൾക്ക് സാങ്കേതികാംഗീകാരം നൽകി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാമ്പത്തികാംഗീകാരം ലഭിച്ചതിൽ സ്ഥലമേറ്റെടുക്കേണ്ട പ്രവൃത്തികളിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. സ്ഥലം ലഭ്യമായശേഷം സാങ്കേതികാംഗീകാരം നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

## വൺ ടൈം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ നവീകരണവും പുനരുദ്ധാരണവും

17(1149) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നശേഷം പൊതുമരാമത്ത് വകുപ്പ് വൺടൈം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ നവീകരണത്തിനും/പുനരുദ്ധാരണത്തിനും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര റോഡുകൾക്കായി എത്ര തുക അനുവദിച്ചുവെന്നും അനുവദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് വകയിരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വൺ ടൈം പദ്ധതി പ്രഖ്യാപിക്കേണ്ടത് ധനകാര്യ വകുപ്പാണ്. ഇതുവരേയും ഒറ്റത്തവണ സിദ്ധാന്തം (വൺ ടൈം പദ്ധതി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ

18 (1150) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. പൂർണ്ണതോതിൽ കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ റീച്ചുകൾക്കാണ് ഇതിനകം അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ ഇതിനകം കരാർ ഉറപ്പിച്ച് ഏതൊക്കെ റീച്ചുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതെന്നും അത് ആകെ എത്ര കിലോമീറ്റർ ഉണ്ടെന്നും വിശദമാക്കാമോ;

(ഡി) മലയോര ഹൈവേ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ സ്ഥലം വനംവകുപ്പിൽനിന്നും വിട്ടുകിട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; അതിനായുള്ള സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഇ) സംസ്ഥാനത്ത് 2018- 2019 കാലയളവിലുണ്ടായ പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മലയോര ഹൈവേയുടെ അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഇതുമൂലം പദ്ധതി ചെലവിൽ വർദ്ധനവ് ഉണ്ടാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 3,500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് ജി.ഒ.(ആർ.ടി.) നമ്പർ 942/2017/പി.ഡബ്ല്യു.ഡി. തീയതി 10-7-2017 പ്രകാരം കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3,500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്കുവേണ്ടി ആവശ്യമായ സ്ഥലം

ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിൽ 1,506.24 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 177.70 കി.മീ. നീളത്തിൽ 589.91 കോടി മതിപ്പ് ചെലവുള്ള മലയോര ഹൈവേയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലൂടെയും കടന്നുപോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു (തിരുവനന്തപുരം-4, കൊല്ലം-1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-2, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കാസർഗോഡ്-4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽനിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ. ആണ്. അംഗീകാരം ലഭിച്ച റീച്ചുകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(സി) തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ 7 പ്രവൃത്തികൾ ആരംഭിച്ചു. പ്രവൃത്തി ആരംഭിച്ച റീച്ചുകൾ അനുബന്ധം ആയി ചേർക്കുന്നു*.

(ഡി) മലയോര ഹൈവേ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗങ്ങളിൽ വനംവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഇതുപ്രകാരം വനഭൂമി വിട്ടുകിട്ടുന്നതിലേയ്ക്കായി ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചുവരുന്നു.

(ഇ) വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ഏതാനും ഡിവിഷനുകളിലെ ചില മേഖലയിൽ അലൈൻമെന്റ് പുനർക്രമീകരണം നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അലൈൻമെന്റിൽ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വനംവകുപ്പ് 3 വർഷമായി യാതൊരു അനുവാദവും നൽകിയിട്ടില്ല. ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി 2017-ൽ കേന്ദ്ര വനംവകുപ്പ് സെക്രട്ടറിയെ കണ്ട് ചർച്ച നടത്തിയിരുന്നു. സംസ്ഥാന വനം വകുപ്പ് ശിപാർശ ചെയ്താൽ പരിഗണിക്കാമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ വനം ചീഫ് കൺസർവ്വേറ്റർ ഇതുവരെയും ശിപാർശ അയച്ചതായി കാണുന്നില്ല. ഇക്കാര്യം ബഹു. വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമല റോഡ് നിർമ്മാണം

19 (1151) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണ പ്രവർത്തികൾക്ക് 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുകയാണ് ഓരോ വർഷവും ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ നാളിതുവരെ ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശബരിമലയുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | വർഷം | സർക്കാർ ഉത്തരവ് | അനുവദിച്ച തുക (ലക്ഷത്തിൽ ) | അനുവദിച്ച പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|---|
| 1 | 2016-17 | G.O.(Rt)No. 56/2016/PWD dated 28-7-2016 | 8,943.54 | 21 |
| 2 | 2017-18 | G.O.(Rt)No. 47/2017/PWD dated 25-8-2017 | 14,076.00 | 329 |
| 3 | 2018-19 | G.O.(Rt)No. 1302/2018/PWD dated 20-8-2018 | 20,000.00 | 247 |
| 4 | 2019-20 | G.O.(Rt)No. 803/2019/PWD dated 29-6-2019 | 22,424.00 | 40 |

തുക അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു*.

(ബി) ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2016-17 | 6,163.65 |
| 2 | 2017-18 | 11,775.55 |
| 3 | 2018-19 | 7,711.72 |
| 4 | 2019-20 | 0 |

2016-17-ൽ കെ.എസ്.ടി.പി.-ക്ക് അനുവദിച്ചിരുന്ന 85 ലക്ഷം രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. 2017-18, 2018-19 വർഷങ്ങളിലെ ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികളുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

(സി) 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലായി 556 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) നാളിതുവരെ ആരംഭിക്കാത്ത പ്രവൃത്തികളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു*.

**മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പദ്ധതി**

20(1152) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പ്രവൃത്തിയിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ജംഗ്ഷനുകൾ നവീകരിക്കുന്നതിന്റെയും വഴിവിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന്റെയും പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ 76% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൈക്കോട് മുതൽ വെട്ട്റോഡ് വരെയുള്ള ഉപരിതല നവീകരണവും അനുബന്ധ പ്രവൃത്തികളും അടൂർ ഹൈസ്കൂൾ ജംഗ്ഷൻ, പോത്തൻകോട്, കിളിമാനൂർ തുടങ്ങിയ ജംഗ്ഷനുകളുടെ നവീകരണം, എം.സി. റോഡിലേയ്ക്കുള്ള സൈഡ് റോഡുകളിൽ ആവശ്യമായ സ്ഥലത്ത് ഗ്രേറ്റിംഗ്, 660 മീറ്റർ ഓട, 2 കലുങ്കുകൾ, സോളാർ സ്ട്രീറ്റ് ലൈറ്റ്, മിനി മാസ്റ്റ് ലൈറ്റ്, സൈഡ് റോഡുകൾ, റോഡ് ഹമ്പ്, റോഡ് മാർക്കിംഗ്, സൈൻ ബോർഡ്, റോഡ് സ്റ്റഡ് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ.

(ബി) പ്രസ്തുത പദ്ധതിക്കായി 6.3 കോടി രൂപ മെയിന്റനൻസ് കോസ്റ്റ് ഉൾപ്പെടെ 147 കോടി രൂപയാണ് അടങ്കൽ തുക.

(സി) 2019 ഡിസംബർ 31-നകം പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**റോഡുകൾ ടാർ ചെയ്യുന്നതിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക്**

21 (1153) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ ടാർ ചെയ്യുന്നതിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ടാർ ചെയ്യുന്ന റോഡുകൾ കൂടുതൽ കാലം കേടാകാതെ നിലനിൽക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ടാറിംഗിനായി പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരത്തു വിഭാഗത്തിന് കീഴിൽ ഏകദേശം 300 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്. CRRI, NATPAC തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക് ചേർത്ത് ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 2018-19 സാമ്പത്തിക വർഷം സെൻട്രൽ ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് പൊടിച്ചത് കലർത്തി നടപ്പിലാക്കുന്നതിനും നിരത്ത് വിഭാഗത്തിന് കീഴിൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് ടാർ ചെയ്യുന്ന റോഡുകളിൽ എല്ലാംതന്നെ 50% നീളം പ്ലാസ്റ്റിക് ചേർത്ത് നിർമ്മാണ പ്രവൃത്തി അവലംബിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**റോഡിൽ ചപ്പുചവറുകൾ കത്തിക്കുന്നവർക്കെതിരെ നടപടി**

22(1154) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു റോഡുകളിൽ ചപ്പുചവറുകൾ കൂട്ടിയിട്ട് കത്തിച്ച് പുതിയ ടാറിംഗ് കഴിഞ്ഞ റോഡുകൾക്ക് ഉൾപ്പെടെ നാശനഷ്ടം വരുത്തുന്ന പ്രവണത തുടർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ചപ്പുചവറുകൾ കൂട്ടിയിട്ട് കത്തിച്ച് റോഡിന് നാശനഷ്ടം വരുത്തുന്നവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള പ്രവണത തുടരുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പൊതുമരാമത്ത് വകുപ്പ് റോഡുകൾ നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിക്കുന്നതുൾപ്പെടെ Highway Protection Act-ലെ വ്യവസ്ഥകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥയുള്ളതും അപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**കുതിരാൻ തുരങ്ക ഭാഗത്തുണ്ടാകുന്ന ഗതാഗത തടസ്സം**

23(1155) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544-ൽ വടക്കഞ്ചേരിക്കും മണ്ണുത്തിക്കും ഇടയിലെ കുതിരാൻ തുരങ്ക ഭാഗത്തുണ്ടാകുന്ന ഗതാഗത തടസ്സംമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാതയിലെ കുഴികൾ അടപ്പിച്ച് ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശബരിമല തീർത്ഥാടനകാലം ആരംഭിക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര പരിഗണന നൽകുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം 30-8-2019-ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ നിർമ്മാണ കമ്പനിയുടെ റിസ്ക് & കോസ്റ്റിൽ പുതിയ ഏജൻസിയെക്കൊണ്ട് റോഡിന്റെ മെയിന്റനൻസ് നടത്താൻ റീജിയണൽ ആഫീസർ NHAI തീരുമാനിക്കുകയും ഇപ്പോൾ എമർജൻസി മെയിന്റനൻസ് ടെണ്ടർ ക്ഷണിക്കുകയും അതിൻപ്രകാരം എമർജന്റ് റിപ്പെയർ വർക്കുകൾ ഉടൻതന്നെ പൂർത്തിയാക്കുന്നതാണെന്ന് NHAI അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി 2018-ൽ കുതിരാൻ തുരങ്കം നേരിൽ സന്ദർശിക്കുകയും തൃശ്ശൂർ കളക്ടറേറ്റിൽവച്ച് കളക്ടർ, കരാറുകാർ, NHAI അധികാരികൾ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. 2019 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും വാഗ്ദാനം നടപ്പിലാക്കുന്നതിൽ കരാറുകാരനും NHAI-യും പരാജയപ്പെട്ടു. കരാറുകാരനെതിരെ കരാർ വ്യവസ്ഥ ലംഘിച്ചതിന് നടപടി സ്വീകരിക്കാനും ടെർമിനേറ്റ് ചെയ്യാൻ നടപടിയെടുക്കാനും NHAI-യോട് കത്തുവഴി ആവശ്യപ്പെട്ടിരിക്കുകയാണ്. NHAI-യുമായുള്ള കരാറായതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുന്നതിൽ പരിമിതികളുണ്ട്.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

24 (1156) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 2016 ഏപ്രിൽ 1-ന് ശേഷം ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പുനർനിർമ്മിക്കുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുകയുടെയും ചെയ്ത പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്*.

**തൃശ്ശൂർ ജില്ലയിലെ പൊതുമരാമത്ത് റോഡുകൾ**

25(1157) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയ തൃശ്ശൂർ ജില്ലയിലെ കേച്ചേരി വേലൂർ റോഡ്, മുതുവറ ആമ്പലംകാവ് റോഡ്, അടാട്ട് ചിറ്റിലപ്പിള്ളി റോഡ്, അത്താണി പുതുരുത്തി റോഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭരണാനുമതിക്കായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ് (File No.G2/245/2019/PWD).

**റോഡുകളുടെ ഗുണനിലവാരം**

26 (1158) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം റോഡുകളുടെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ. വിശദമാക്കുമോ;

(ഡി) നിലവിൽ അവലംബിച്ചിട്ടുള്ള തൊഴിൽ സംസ്കാരം നവീകരിച്ചതിലൂടെയും കൂടുതൽ ഊർജ്ജസ്വലതയും പ്രൊഫഷണലിസവും പ്രകടിപ്പിക്കുന്നതിന് വകുപ്പിലെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എഞ്ചിനീയർമാർക്ക് അവസരം നൽകുകയും വഴി പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാതലായ മാറ്റവും ഗുണനിലവാരവും കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൂടുതൽ കാലം ഈടുനിൽക്കുന്ന ബി.എം.&ബി.സി. റോഡുകൾ നിർമ്മിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് & റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ട അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

(ബി&സി) സ്വാഭാവിക റബ്ബർ, കയർ, ജിയോടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രമുഖ്യം നൽകിവരുന്നു. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ നിലവിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ഏകദേശം 300 കി.മീ. റോഡുകളും നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ഉപയോഗിച്ച് 1700 കി.മീ. റോഡുകളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് 20 കി.മീ. റോഡുകളും നിർമ്മിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തികൾ എൻ.ആർ.എം.ബി. ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക് ചേർത്ത ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് നിശ്ചിത ദൈർഘ്യം സ്ട്രെച്ചറുകളുടെ ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് പൊടിച്ചത് കലർത്തി

നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചുവെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാധ്യസ്ഥരാണ്. ആലപ്പുഴ ജില്ലയിൽ സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉൾപ്പെട്ടിട്ടുണ്ട്.

ഇത്തരം റോഡുകൾ നല്ല നിലവാരം പുലർത്തുന്നതായി കണ്ടുവരുന്നു.

(ഡി) ഉണ്ട്. എഞ്ചിനീയർമാർക്ക് പരിശീലന പരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിക്കുകവഴി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു. ആയതുവഴി വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാതലായ മാറ്റവും ഗുണനിലവാരവും ഉറപ്പാക്കാൻ സഹായിക്കുന്നു. കൂടാതെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ പരിശോധനകൾ നിർബന്ധമായും നടത്തിവരുന്നു.

**നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടി**

27 (1159) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടനെ തന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതുമൂലം വൻ സാമ്പത്തിക നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഇതു സംബന്ധിച്ച് സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം പൈപ്പുകളും കേബിളുകളും സ്ഥാപിച്ചതിനുശേഷം റോഡ് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് അതത് നിയമസഭാ മണ്ഡലത്തിലെ എം.എൽ.എ.-യെ ചെയർമാനാക്കി കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് അറിയിപ്പ് നൽകാറുണ്ട്. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ റോഡ് മുറിക്കേണ്ടതായിവരുന്ന സന്ദർഭങ്ങളിൽ പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ ആവശ്യമായ തുകയും ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന കേടുപാടുകൾക്കായി അധിക തുകയും ഈടാക്കി വരുന്നു. KIIFB മുഖാന്തരം നടപ്പിലാക്കുന്ന പുതിയ നിർമ്മാണത്തിൽ cable trench നിർമ്മിക്കാൻ പ്രൊവിഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല.

(ബി) ഇതുസംബന്ധിച്ച് 5-1-2018-ലെ സ.ഉ. (സാധാ) നമ്പർ. 30/2018/ പി.ഡബ്ല്യൂ.ഡി., 24-8-2018-ലെ സ.ഉ. (സാധാ) നമ്പർ. 1321/2018/പി.ഡബ്ല്യൂ.ഡി. എന്നിവ പ്രകാരം സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) തീയതി, 22-11-2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്.

റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(സി) പൈപ്പുകളും കേബിളുകളും സ്ഥാപിച്ചതിനുശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ യൂട്ടിലിറ്റിയുമായി ബന്ധപ്പെട്ട വകുപ്പുകളെ ഉത്തരവാദിത്തപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിക്കാറുണ്ട്.

(ഡി) റോഡുകൾ മുറിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിനായി ബന്ധപ്പെട്ട നിയമസഭാ മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായി 4-7-2019ലെ സ.ഉ. (സാധാ) നമ്പർ 819/2019/പി.ഡബ്യൂ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന്റെ മാനദണ്ഡങ്ങൾ**

28 (1160) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേശീയ പാതകളുടെ നിർമ്മാണത്തിൽ റോഡിന്റെ വീതി സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങളാണ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്വീകരിക്കാറുള്ളത്; (ഉദാ: റബ്ബറൈസ്ഡ് / ബി.എം & ബി.സി.) പ്രസ്തുത നിർമ്മാണത്തിൽ അവലംബിച്ചുവരുന്ന നിർമ്മാണ രീതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) വിവിധ രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ ഓരോ രീതിയുടെയും യൂണിറ്റ് കോസ്ററ് എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) അഴുക്കുചാൽ നിർമ്മാണത്തിന്റെ യൂണിറ്റ് നിരക്ക് എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ (IRC) മാനദണ്ഡങ്ങൾക്കനുസൃതമായും ഭൂമിയുടെ ലഭ്യതയും അനുസരിച്ചാണ് സംസ്ഥാന പാതകളുടെ നിർമ്മാണത്തിൽ റോഡിന്റെ വീതി നിശ്ചയിക്കുന്നത്.

സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ഉത്തരവാദിത്വത്തിലാണ്. IRC താഴെപ്പറയുന്ന കോഡുകളുടെ സ്റ്റാൻഡേർഡ്/മാനദണ്ഡങ്ങൾ പ്രകാരമാണ് ദേശീയപാതകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നത്.

- IRC 73 - 1980 - Geometric Design Standards for Rural Highways.
- IRC SP 73 - Manual for Specification and Standards of Two laning of Highways with paved shoulders.
- IRC SP 84 - Manual for Specification and Standards of Four laning of Highways.
- IRC SP 87 - Manual for Specification and Standards of Six laning of Highways.

(ബി) നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകളിൽ 17-4-2013-ലെ സ.ഉ. (സാധാ) നമ്പർ 36/2013/പി.ഡബ്ല്യു.ഡി. പ്രകാരം MORTH specification-ന് അനുസൃതമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി നിലവിൽ ബി.എം.& ബി.സി., ഡി.ബി.എം. & ബി.സി., ക്ലോസ് ഗ്രേഡ് ചിപ്പിംഗ് കാർപ്പറ്റ്, ഓപ്പൺ ഗ്രേഡ് ചിപ്പിംഗ് കാർപ്പറ്റ് തുടങ്ങി വിവിധ രീതികൾ വാഹന സാന്ദ്രതയുടെയും മണ്ണിന്റെ ഘടനയുടെയും അടിസ്ഥാനത്തിൽ അവലംബിക്കുന്നു. ഇതിൽ ബി.സി. ഉപരിതലം പുതുക്കുന്നതിന് NRMB Shredded Plastic തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുമുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കണസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(സി) വിവിധ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ MORTH Specification പ്രകാരമാണ് നടപ്പിലാക്കുന്നത്. ഓരോ നിർമ്മാണ പ്രവൃത്തിയുടെയും ഡിസൈൻ പ്രകാരം ആയതിൽ ഉൾപ്പെട്ടിട്ടുള്ള ഉപപ്രവൃത്തികൾക്കനുസൃതമായും യൂണിറ്റ് കോസ്റ്റിന് വ്യത്യാസമുണ്ടാകും. കൂടാതെ ഓരോ ജില്ലയുടെയും നിരക്കുകൾക്ക് Cost Index-ന്റെ അടിസ്ഥാനത്തിൽ വ്യത്യാസമുണ്ടാകും. പൊതുമരാമത്ത് വകുപ്പ് ഓരോതരം പ്രവൃത്തികളുടെയും നിരക്കുകൾ പ്രൈസ് സോഫ്റ്റ്വെയറിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) അഴുക്കുചാൽ നിർമ്മാണം ഓരോ പ്രദേശത്തെയും സ്വാഭാവിക ചരിവ്, മഴയുടെ അളവ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്. ഇതിൻ പ്രകാരം ഓടകളുടെ cross section-ൽ വ്യത്യാസമുണ്ടാകും. കൂടാതെ കോസ്റ്റ് ഇൻഡെക്സിന്

അനുസരിച്ച് വിവിധ പ്രദേശങ്ങളിലെ നിരക്കുകൾക്ക് വ്യത്യാസമുണ്ടാകും. മണ്ണ് നീക്കം ചെയ്യൽ, ഫൗണ്ടേഷൻ, Sidewall, cover slab തുടങ്ങി വിവിധ sub items ഓട നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിലാണ് 80 യൂണിറ്റ് നിരക്ക് കണക്കാക്കുന്നത്.

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന ഓരോ പദ്ധതികൾക്കും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ പ്രവൃത്തികളെല്ലാം ഉൾപ്പെടുത്തിയാണ് അനുമതി ലഭ്യമാക്കാറുള്ളത്. ഇതിൽ അഴുക്കുചാൽ ആവശ്യമാണെങ്കിൽ ആയതുകൂടി ഉൾപ്പെടുത്താറുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ റോഡരികിലെ പെട്രോൾ പമ്പുകൾ**

29 (1161) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൻെറ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നാഷണൽ ഹൈവേയുടെ അരികിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഫീസ് ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൻെറ നിലവിലെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വൻ ലാഭത്തിലുള്ള പെട്രോൾ കമ്പനികളിൽ നിന്ന് ഈ ഇനത്തിൽ ഫീസ് ഈടാക്കി തുക റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന വിഷയം ഗൗരവമായി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) പെട്രോൾ പമ്പ് അനുവദിക്കുന്ന വിഷയത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയമം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിൻെറ റോഡുകൾക്കും ബാധകമാക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നില്ല.

(ബി) ദേശീയപാതയുടെ വശങ്ങളിൽ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രായലത്തിന്റെ 24-7-2013-ലെ കത്ത് നമ്പർ RW/NH-33023/19/99-DO-III പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്.

(സി&ഡി) ഇത്തരത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.

(ഇ) 22-10-2019-ലെ ജി.ഒ. (എം.എസ്.) നമ്പർ 46/2019/പി.ഡബ്ല്യൂ.ഡി. പ്രകാരം പെട്രോൾ പമ്പ് അനുവദിക്കുന്ന വിഷയത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയമം സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കും ബാധകമാക്കിയിട്ടുണ്ട്.

## വല്ലാർപാടം-പനമ്പുകാട് റോഡ്, പിഴല-കടമക്കുടി പാലം എന്നിവയുടെ ഡി.പി.ആർ.

30(1162) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് ബൗണ്ട് റോഡ്, പിഴല-കടമക്കുടി പാലം എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വല്ലാർപാടം റിംഗ് ബണ്ട് റോഡ് പ്രോജക്ടിന്റെ ഭൂരിഭാഗം സ്ഥലവും പോർട്ട് ട്രസ്റ്റിന്റെ അധീനതയിലും ഇറിഗേഷൻ വിഭാഗത്തിന്റെ അധീനതയിലും ബാക്കി മുളവുകാട് പഞ്ചായത്തിന്റെ പരിധിയിലും വരുന്നതാണ്. പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത ഭാഗം വിട്ടുകിട്ടാത്തതിനാൽ കിഫ്ബിയിൽനിന്ന് സാമ്പത്തികാംഗീകാരം ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

പിഴല-കടമക്കുടി പാലത്തിനുവേണ്ടിയുള്ള ഫൈനൽ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് രൂപകൽപ്പന വിഭാഗത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ഡിസൈൻ പൂർത്തിയായതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ**

31(1163) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കിലോമീറ്റർ റോഡ് പുതുതായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; അവയ്ക്കായി ഇറക്കിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഇനിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ തുടർന്നു വരുന്ന റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, എത്ര കിലോ മീറ്റർ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ തദ്ദേശസ്വയംഭരണ റോഡുകൾ ഒന്നുംതന്നെ ഏറ്റെടുക്കേണ്ടതില്ലെന്നാണ് മന്ത്രിസഭാ തീരുമാനം.

**മഴക്കെടുതിയിൽ പൊതുമരാമത്ത് റോഡുകൾക്കുണ്ടായ നഷ്ടം**

32 (1164) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ്. പി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ.എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മഴക്കെടുതിയിൽ പൊതുമരാമത്ത് റോഡുകൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് വർഷത്തിൽ നാലു മാസത്തോളം മഴ പെയ്യുന്ന സ്ഥിതിവിശേഷമുള്ളതിനാൽ മഴയിൽ തകരാത്ത റോഡുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ;

(സി) മഴയിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനോടൊപ്പം മഴയെ അതിജീവിക്കുന്ന ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

**ഉത്തരം**

(എ) ഈ വർഷത്തെ മഴക്കെടുതിയിൽ റോഡുകൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ട്. നിരത്തു വിഭാഗത്തിൽ മൊത്തം 5031.51 കി.മീ. റോഡുകൾക്ക് വിവിധ തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. സംരക്ഷണഭിത്തി, കലുങ്കുകൾ മുതലായവയ്ക്ക് നാശനഷ്ടങ്ങളും ഉപരിതലത്തിന് കേടുപാടും സംഭവിച്ചിട്ടുണ്ട്. മൊത്തം 2,958.33 കോടി രൂപയുടെ കേടുപാടുകൾ സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത്. KSTP റോഡുകൾക്ക് 89,62,210 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. ദേശീയപാതയ്ക്കുണ്ടായ നഷ്ടം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) സംസ്ഥാനത്ത് തുടർച്ചയായി പെയ്യുന്ന മഴ കണക്കിലെടുത്ത് മഴയെ അതിജീവിക്കുന്ന ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ കാലം ഈടുനിൽക്കുന്ന ബി.എം & ബി.സി. റോഡുകളും ജിയോ ടെക്സ്റ്റൈൽ, കയർ, പ്ലാസ്റ്റിക് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴവെള്ളം ഒഴുക്കുന്നതിനാവശ്യമായ ഓടകളും കലുങ്കുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ Rebuild Kerala പദ്ധതിയിൽ ഉൾപ്പെടുത്തി കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

കെ.എസ്.ടി.പി.-യുടെ കീഴിൽ 2018-ലെ പ്രളയം നിമിത്തം തകർന്ന റോഡുകൾ പ്രളയത്തെ അതിജീവിക്കുന്ന തരത്തിൽ പുനർനിർമ്മിക്കുന്നതിനുവേണ്ടി ജർമ്മൻ ബാങ്ക് (KFW) ആദ്യഘട്ടത്തിൽ 90 മില്യൺ യൂറോ ഡോളറും (720 കോടി രൂപ) രണ്ടാം ഘട്ടത്തിൽ 80 മില്യൺ യൂറോ ഡോളറും (640 കോടി രൂപ) വായ്പ നൽകാമെന്ന് ധാരണയിലായിട്ടുണ്ട്. ഇതിനായി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. KFW ബാങ്കുമായുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനായി 1600 കി.മീ. റോഡുകളുടെ പട്ടിക

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം തയ്യാറാക്കി കെ.എസ്.ടി.പി.-ക്ക് നൽകുകയുണ്ടായി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ ബാങ്കിന്റെയും ലോകബാങ്കിന്റെയും ധനസഹായം ഉറപ്പാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 666 കി.മീ. റോഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**ആനക്കാംപൊയിൽ -കള്ളാടി-മേപ്പാടി തുരങ്ക പാത**

33 (1165) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത നിർമ്മാണ പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പദ്ധതിയുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്ന് അന്തിമ അനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ പദ്ധതി നിർവ്വഹണത്തിന്റെ സമയക്രമം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആനക്കാംപൊയിൽ- കള്ളാടി-മേപ്പാടി തുരങ്ക പാതയുടെ നിർമ്മാണത്തിനായി 12-2-2019-ലെ സ.ഉ. (സാധാ) നമ്പർ 212/2019/പി.ഡബ്ല്യു.ഡി., 31-5-2019-ലെ സ.ഉ. (സാധാ) നമ്പർ. 684/2019/പി.ഡബ്ല്യു.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനെ പദ്ധതി നിർവ്വഹണത്തിനുള്ള (Turn Key വ്യവസ്ഥയിൽ) എസ്.പി.വി.-യായും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനും നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കുറുകോട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തി**

34 (1166) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ കുറുകോട്ട ദ്വീപിൽ നിന്നും വടുതല ഭാഗത്തുള്ള സെന്റ്

പീറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്ന കുറുകോട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ട സ്ഥലം എത്രയെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കുറുകോട്ട പാലത്തിന്റെ ഡിസൈൻ ലഭിച്ച പ്രകാരം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് വട്ടുതല ഭാഗത്ത് ഏകദേശം 200 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും സ്ഥലം ആവശ്യമാണ്. വട്ടുതല ഭാഗത്ത് പ്രദേശവാസികളുടെ എതിർപ്പുമൂലം ഒരു ബോർ ഹോളിന്റെ ഡീറ്റെയിൽസ് മാത്രമേ മണ്ണ് പരിശോധന സമയത്ത് എടുത്തിട്ടുള്ളൂ. TGD പ്രകാരം വട്ടുതല ഭാഗത്ത് 3 ലാൻഡ് സ്പാനുകളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ലാൻഡ് സ്പാൻ കഴിഞ്ഞ് Existing road level എത്തുന്നതിന് ഏകദേശം 80 മീറ്ററോളം Embankment length വരും. ഇത് ഉൾപ്പെടെ 5 പോയിന്റിൽ ബോർ ഹോൾ ഡീറ്റയിൽസ് അധികമായി എടുക്കാൻ ഡിസൈൻ വിഭാഗത്തിൽനിന്നും നിർദ്ദേശിച്ചതനുസരിച്ച് 5 പോയിന്റിൽ confirmatory bore hole details എടുക്കുന്നതിനും Traffic volume survey നടത്തുന്നതിനും Cost benefit analysis report തയ്യാറാക്കുന്നത് ഉൾപ്പെടെ 7,60,000 രൂപയുടെ അഡീഷണൽ എസ്റ്റിമേറ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി ലഭിച്ചു. ഇതിന്റെ ടെണ്ടർ വിളിച്ചു. പെരുമാറ്റച്ചട്ടം നിലനിന്നതിനാൽ കരാർ ഉടമ്പടി ചെയ്തിട്ടില്ല. കരാർ ഉടമ്പടി വയ്ക്കുന്ന മുറയ്ക്ക് വട്ടുതല ഭാഗത്ത് മണ്ണ് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർക്ക് (ഡിസൈൻ) സമർപ്പിച്ച് ഡിസൈൻ ലഭിക്കേണ്ടതുണ്ട്.

(സി) വട്ടുതല ഭാഗത്ത് ഏകദേശം 50 സെന്റും കുറുങ്കോട്ട ഭാഗത്ത് ഏകദേശം 120 സെന്റ് സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ വട്ടുതല ഭാഗത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും നിലവിലുള്ള റോഡിന് ഏകദേശം 5.50 മീറ്റർ മാത്രം വീതിയുള്ളതുമാണ്. വളരെയധികം വീടുകളെ ബാധിക്കുമെന്നുള്ളതുകൊണ്ട് പരിസരവാസികളുടെ എതിർപ്പുമൂലം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങാൻ സാധിച്ചിട്ടില്ല.

## പാലങ്ങളുടെ ബലപരിശോധന

35(1167) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ പാലങ്ങളുടെ ബലപരിശോധന നടത്തിയിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ പുനർനിർമ്മിക്കണമെന്ന് കണ്ടെത്തിയ പാലങ്ങൾ എത്രയാണെന്ന് അറിയിക്കുമോ; ആയതിൽ എത്ര പാലങ്ങളുടെ നിർമ്മാണം ഇതിനകം ആരംഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തംമൂലം എത്ര പാലങ്ങളാണ് അപകടാവസ്ഥയിൽ ആയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പാലങ്ങളുടെ പുനർനിർമ്മാണത്തിനായി അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന പാലങ്ങൾ ബലപരിശോധന നടത്തിയിട്ടില്ല. പരിശോധന നടത്തുന്ന കാര്യം പരിഗണനയിലാണ്. എന്നാൽ ഏനാത്ത് പാലത്തിന്റെ അടിത്തറ ദുർബലപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 2635 പാലങ്ങളുടെ ബലപരിശോധന പ്രാഥമികമായി നടത്തുകയും അതിൽ 162 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതായുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

(ബി) 2018-ലെ പ്രളയത്തിൽ പൊല്ലംപാറ (വയനാട്), പെരിയവാര (ഇടുക്കി), കുണ്ടറച്ചോല (പാലക്കാട്) എന്നിങ്ങനെ 3 പാലങ്ങൾ ഗതാഗതയോഗ്യമല്ലാത്തവിധം തകരുകയും കൂടാതെ 67 പാലങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. 2019-ലെ പ്രളയത്തിൽ കൈപ്പനിക്കടവ് (മലപ്പുറം), പോത്തുണ്ടി (കോഴിക്കോട്), നടുത്തോട് (കോഴിക്കോട്) എന്നീ പാലങ്ങൾ ഗതാഗത യോഗ്യമല്ലാത്തവിധം തകർന്നുപോകുകയും കൂടാതെ 68 പാലങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.

(സി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് പാലങ്ങൾക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനും പുനർനിർമ്മാണത്തിനുമായി 20 പാലങ്ങൾക്കായി 23.92 കോടി രൂപയുടെ ഭരണാനുമതിയും 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് പാലങ്ങൾക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനും പുനർനിർമ്മാണത്തിനുമായി 24 പാലങ്ങൾക്കായി 110 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## പാലാരിവട്ടം പാലം

36(1168) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലം കോടതിയുടെ അനുമതിയില്ലാതെ പൊളിക്കരുതെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) പാലം നിർമ്മിച്ച കിറ്റ്കോ, പാലത്തിന് ഏതെങ്കിലും തരത്തിലുള്ള തകരാർ ഉള്ളതായി സർക്കാരിനെ രേഖാമൂലം അറിയിച്ചിരുന്നോ;

(സി) എങ്കിൽ പ്രസ്തുത അറിയിപ്പ് എന്നാണ് ലഭിച്ചത്; അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ഡി) ലോഡ് ടെസ്റ്റ് നടത്തി പാലത്തിന്റെ ബലം പരിശോധിക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അത് ചെയ്യാതെ പാലം പൊളിച്ച് പണിയുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) പാലം പൊളിച്ച് പണിയുന്നതിന് എത്ര കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; പാലം നിർമ്മിച്ച കിറ്റ്കോയിൽ നിന്നും ഈ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 10-10-2019-ലെ ഇടക്കാല ഉത്തരവ് പ്രകാരം കോടതിയുടെ അനുമതിയില്ലാതെ പൊളിക്കരുതെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ബി&സി) തകരാർ സംബന്ധിച്ച് കിറ്റ്കോ സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല. RBDCK നിയമിച്ച കൺസൾട്ടന്റാണ് KITCO.

(ഡി) ആവശ്യമെങ്കിൽ ലോഡ് ടെസ്റ്റ് ചെയ്യാൻ കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ പാലങ്ങളുടെ ലോഡ് ടെസ്റ്റിനുള്ള IRC മാർഗ്ഗനിർദ്ദേശത്തിൽ ലോഡ് ടെസ്റ്റിന് ചില മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ പാരഗ്രാഫ് 6.8.3 ഇപ്രകാരമാണ് "The structure shall not show any cracks more than 0.30mm for (normal) moderate exposure and 0.20mm for severe conditions of exposure, spalling or deflections which are incompatible with safety requirements, as prescribed in the relevant design codes" .

ഐ.ഐ.റ്റി.-യുടെ പരിശോധനയിൽ സ്ട്രക്ചറിന്റെ വിള്ളലുകൾ 0.30mm-നേക്കാൾ കൂടുതലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ലോഡ്

ടെസ്റ്റ് നടത്തേണ്ട ആവശ്യമില്ലെന്നാണ് സമിതി വിലയിരുത്തിയത്. ലോഡ് ടെസ്റ്റ് നടത്തുന്നതിന് IIT സമർപ്പിച്ച റിപ്പോർട്ടിലും ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ടിലും സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലും ശിപാർശ ചെയ്തിട്ടില്ല. പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി.-യുടെ റിപ്പോർട്ട്, ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശ പ്രകാരമാണ് പാലാരിവട്ടം പാലത്തിന്റെ പുനരുദ്ധാരണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

(ഇ) സർക്കാരിനുണ്ടായ നഷ്ടം പാലം നിർമ്മിച്ച കോൺട്രാക്ടറിൽനിന്ന് ഈടാക്കാൻ ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലം പുനരുദ്ധാരണത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ DMRC-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിച്ചാൽ മാത്രമേ ചെലവ് സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ.

## പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം

37 (1169) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി.യിലെ വിദഗ്ദ്ധ പരിശോധന നടത്തിയിരുന്നോ; പ്രസ്തുത വിദഗ്ദരുടെ ശിപാർശ എന്തായിരുന്നു വെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം പൂർണ്ണമായും പൊളിച്ച് നീക്കി പുതിയത് പണിയണമെന്ന ശിപാർശ അവർ നൽകാത്ത സാഹചര്യത്തിൽ പാലം പൊളിച്ച് നീക്കുവാനുള്ള തീരുമാനം കൈക്കൊണ്ടത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) പാലം നിർമ്മാണ കരാറിൽ ലോഡ് ടെസ്റ്റ് നടത്തി പാലത്തിന്റെ ബലക്ഷയം പരിശോധിക്കുവാൻ വ്യവസ്ഥയുണ്ടോ; പ്രസ്തുത വ്യവസ്ഥ അനുസരിച്ച് പാലാരിവട്ടം പാലത്തിന്റെ ലോഡ് ടെസ്റ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി.-യിലെ വിദഗ്ദ്ധർ പരിശോധന നടത്തിയിരുന്നു. ഐ.ഐ.റ്റി.-യുടെ ഫൈനൽ റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതോടൊപ്പം ഡോ. ഇ. ശ്രീധരനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരെ ഉപയോഗിച്ച് നടത്തിയ പരിശോധനാ റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. ഈ രണ്ട് റിപ്പോർട്ടുകളും വിലയിരുത്തി വിദഗ്ദ്ധാഭിപ്രായം നൽകാൻ ചീഫ് എഞ്ചിനീയർമാർ അടങ്ങുന്ന വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. ആ സമിതിയുടെ റിപ്പോർട്ടും ഇക്കാര്യത്തിൽ പരിഗണിച്ചിട്ടുണ്ട്.

(ബി) പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി.-യുടെ റിപ്പോർട്ട്, ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ. ഇ. ശ്രീധരൻ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി രൂപീകരിച്ച വിദഗ്ദ്ധ സാങ്കേതിക സമിതിയുടെ ശിപാർശ പ്രകാരമുള്ള നടപടിയാണ് പ്രസ്തുത വിഷയത്തിൽ കൈക്കൊണ്ടത്. അതിനനുസരിച്ചുള്ള റീഹാബിലിറ്റേഷൻ പ്രവൃത്തികൾ നടത്താനും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ദീർഘകാലം നിലനിൽക്കണമെന്നതിനുമാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

(സി) ആവശ്യമെങ്കിൽ ലോഡ് ടെസ്റ്റ് ചെയ്യാൻ കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ പാലങ്ങളുടെ ലോഡ് ടെസ്റ്റിനുള്ള IRC മാർഗ്ഗനിർദ്ദേശപ്രകാരം ലോഡ് ടെസ്റ്റിന് ചില മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ പാരഗ്രാഫ് 6.8.3 ഇപ്രകാരമാണ് "The structure shall not show any cracks more than 0.30mm for (normal) moderate exposure and 0.20mm for severe conditions of exposure, spalling or deflections which are incompatible with safety requirements, as prescribed in the relevant design codes" .

ഐ.ഐ.റ്റി.-യുടെ പരിശോധനയിൽ സ്ട്രക്ചറിന്റെ വിള്ളലുകൾ 0.30mm-നേക്കാൾ കൂടുതലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ലോഡ് ടെസ്റ്റ് നടത്തേണ്ട ആവശ്യമില്ലെന്നാണ് സമിതി വിലയിരുത്തിയിട്ടുള്ളത്. കൂടാതെ IIT സമർപ്പിച്ച റിപ്പോർട്ടിലും ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ടിലും സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലും ലോഡ് ടെസ്റ്റ് നടത്താൻ ശിപാർശ ചെയ്തിട്ടില്ല. എന്നാൽ കരാറുകാരനും കരാറുകാരുടെ ഒരു സംഘടനയും മാത്രം ലോഡ് ടെസ്റ്റ് നടത്തണമെന്ന് ആവശ്യമുന്നയിച്ചിട്ടുണ്ട്.

**ദേശീയപാത വികസനം**

38(1170) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നാല്പത്തിയഞ്ച് മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഏതുഘട്ടത്തിലാണ്; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറുന്നതിനുണ്ടായിട്ടുള്ള കാലതാമസം ദേശീയപാത വികസനത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ ഇതിനായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്തിന് ആവശ്യമായ തുകയുടെ നിശ്ചിത ശതമാനം സംസ്ഥാന സർക്കാർ നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എത്ര തുകയാണ് ചെലവാക്കേണ്ടി വരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ദേശീയപാത വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സമീപനം സഹായകമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയപാത നാല്പത്തിയഞ്ച് മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നുംവില തഹസിൽദാർ (CALA) മാരെ നിയോഗിച്ചിട്ടുണ്ട്.

(സി) ദേശീയപാത വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായി വരുന്ന തുകയുടെ 25% സംസ്ഥാന സർക്കാരാണ് നൽകുന്നത്. NH 66-ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5,500 കോടിയോളം രൂപ സംസ്ഥാന വഹിക്കേണ്ടിവരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്.

(ഡി) ദേശീയപാത വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സമീപനം സഹായകരമാണ്. നിലവിൽ 3 പ്രോജക്ടുകളുടെ ബിഡ് തയ്യാറാക്കിവരുന്നു. ഈ സാമ്പത്തിക വർഷംതന്നെ 148.98 കി.മീറ്ററിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാനാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഉദ്ദേശിക്കുന്നത്.

**ദേശീയപാത വികസനം**

39 (1171) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയപാത വികസനത്തിൽ അഭിമുഖീകരിച്ചിരുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രതിസന്ധികൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിൽ സംസ്ഥാന വിഹിതം എത്ര ശതമാനം തുകയാണെന്ന് അറിയിക്കാമോ;

(ഡി) ദേശീയപാത വികസനം എന്നത്തേക്ക് ആരംഭിക്കാമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ദേശീയപാത വികസനത്തിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി സ്ഥലമേറ്റെടുക്കുന്നതിൽ വരുന്ന കാലതാമസമാണ്. സ്ഥലമേറ്റെടുക്കലിനായി വേണ്ടിവരുന്ന തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണെന്നാണ് NHAI-യും MoRTH-ഉം പറയുന്നത്.

(ബി) രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമമനുസരിച്ച് High-1, High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും High-2 ഇനത്തിൽപ്പെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ 2-5-2019-ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുകയും കത്ത് അയയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High-1-ലേയ്ക്ക് മാറ്റുന്നതിനും തയ്യാറായി. തുടർന്ന് ദേശീയപാത 66-ന്റെ വീതി കൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരമടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 8-8-2019-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു.

(സി) ദേശീയപാത വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായി വരുന്ന തുകയുടെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയും ദേശീയപാത വികസനം തടസ്സപ്പെടാതിരിക്കാൻ അത് അംഗീകരിച്ച് ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

(ഡി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നുംവില തഹസീൽദാർ (CALA)യെ നിയമിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്.

തലശ്ശേരി-മാഹി ബൈപ്പാസ് പ്രവൃത്തി പുരോഗതിയിലാണ്. കോഴിക്കോട് ബൈപ്പാസ് പ്രവൃത്തി കരാർ വച്ചെങ്കിലും കരാറുകാരന്റെ വീഴ്ചകാരണം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നു. കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള -നീലേശ്വരം, കോഴിക്കോട് ജില്ലയിലെ മൂരാട്, പാലൊളി പാലങ്ങൾ എന്നിവ ടെണ്ടർ നടപടിയിലാണ്. കഴക്കൂട്ടം മേൽപ്പാലം, നീലേശ്വരം ആർ.ഒ.ബി. എന്നിവ പുരോഗതിയിലാണ്. ബാക്കി റീച്ചുകൾ ഭൂമിയെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## ദേശീയപാത വികസനം

40(1172) <u>ശ്രീ. കെ .ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനം ദ്രുതഗതിയിലാക്കാനും നാളിതുവരെയുണ്ടായിരുന്ന തടസ്സങ്ങൾ നീക്കാനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ദേശീയപാതകൾ വികസിപ്പിക്കാനും മുൻകാലങ്ങളിൽ നിലനിന്നിരുന്ന തടസ്സങ്ങൾ നീക്കാനും കേന്ദ്ര സർക്കാരിൽ നിന്നും ആയതിനു വേണ്ടുന്ന 40,000 കോടി രൂപ നേടിയെടുക്കാനും, വൈകിയ പദ്ധതികൾക്ക് പുതുജീവൻ നൽകാനും സ്ഥലലഭ്യതയനുസരിച്ച് റോഡുനിർമ്മാണം ഉറപ്പുവരുത്താനുമായി സർക്കാർ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തിന് എത്തരത്തിൽ ഗുണകരമാകും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിർവഹണങ്ങൾക്ക് ലഭ്യമാകുന്ന കേന്ദ്രസഹായം എത്ര; എത്ര തുക സംസ്ഥാനം വഹിക്കേണ്ടിവരും എന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വികസനത്തിൽ ഉൾപ്പെട്ട പ്രധാന റോഡുകൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ദേശീയപാത വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിക്ക് 3425.096 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ 1986.369 ഹെക്ടർ ഭൂമി സർക്കാരിന്റെ

കൈവശമുണ്ട്. ബാക്കി 1438.737 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ 659.557 ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും 548.192 ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും 302.163 ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത 66-ന്റെ 45 മീറ്ററിൽ വീതികൂട്ടൽ പ്രവൃത്തി 27 പാക്കേജുകളായി വിഭജിച്ചിരിക്കുന്നു. രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1, High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും High-2 ഇനത്തിൽപെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ 2-5-2019-ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുകയും കത്ത് അയയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High-1-ലേയ്ക്ക് മാറ്റുന്നതിനും തയ്യാറായി. തുടർന്ന് ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 8-8-2019-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. NH 66-ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഏകദേശം 5500 കോടിയോളം രൂപ സംസ്ഥാനം വഹിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയുടെയും സ്ഥാവരജംഗമ വസ്തുക്കളുടെയും കൃത്യമായ വില കണക്കാക്കി നഷ്ടപരിഹാരത്തുക തിട്ടപ്പെടുത്തിയാൽ മാത്രമേ കൃത്യമായി തുക അറിയുകയുള്ളൂ.

(ഡി) ദേശീയപാത വികസനത്തിൽ ഉൾപ്പെട്ട പ്രധാന റോഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**മുണ്ടൂർ മുതൽ പുറ്റേക്കര വരെ സ്ഥലമേറ്റെടുക്കൽ നടപടി**

41 (1173) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ ജംഗ്ഷൻ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവശ്യമായ കണ്ടിജൻസി ചാർജ്ജ് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ ജംഗ്ഷൻ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ്ജ് അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. 50,00,000 രൂപ കണ്ടിജൻസി ചാർജ്ജായി തൃശ്ശൂർ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. എന്നാൽ തുക അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി പ്രൊപ്പോസലിൽ ഉള്ളടക്കം ചെയ്തിരുന്നില്ല. ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാനായി ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതുമരാമത്ത് (ജി) വകുപ്പിന് നൽകിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കാറായ ദിവസങ്ങളിൽ ലഭിച്ച പ്രൊപ്പോസലിൽ 2018-19-ലെ bill ID-യാണുള്ളത്. ടി പ്രൊപ്പോസലിന് ആവശ്യമായ ഭരണാനുമതി നടപ്പുസാമ്പത്തിക വർഷത്തിലെ bill ID എന്നിവ ലഭ്യമായാലുടൻ ഫയൽ ധനകാര്യ വകുപ്പിന് അയച്ച് ടി തുക തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്.

**കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം**

42 (1174) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - തൃശ്ശൂർ ദേശീയപാതയിൽ സ്ഥിതി ചെയ്യുന്ന കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങളുടെ ഉപയോഗത്തിനായി എന്ന് തുറന്ന് കൊടുക്കാൻ കഴിയും; അറിയിക്കാമോ;

(ബി) പ്രസ്തുത നിർമാണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഡിസൈൻ, നിർമ്മാണം, സാമ്പത്തികം, ഓപ്പറേഷൻ & മെയിന്റനൻസ് (DBFOT) എന്ന Concession Agreement അടിസ്ഥാനത്തിൽ NH

47-ൽ 6 വരി പാത വടക്കഞ്ചേരി മുതൽ (240 കി.മീ. മുതൽ 270 കി.മീ. വരെ) തൃശ്ശൂർ വരെയുള്ള ഭാഗം ടണൽ ഉൾപ്പെടെ നിർമ്മിക്കുന്നതിന് NHAI-യും തൃശ്ശൂർ എക്സ്പ്രസ് വേ ലിമിറ്റഡ് എന്ന കമ്പനിയും ചേർന്ന് 24-8-2009-ൽ 20 വർഷത്തേയ്ക്കുള്ള കരാർ വയ്ക്കുകയും സ്ഥലം കൈമാറുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ പദ്ധതിയുടെ 82% Physical progress പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള 28.355 കി.മീ. റോഡ് വർക്കിൽ 22 കി.മീ. 6 വരിപ്പാത പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള റോഡുപണിയും ടണൽ പണിയും 2020 ഒക്ടോബറിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി തിരുവനന്തപുരത്തുവച്ചും തൃശ്ശൂർ കളക്ടറേറ്റിൽവച്ചും ഇതുസംബന്ധിച്ച് കരാർ കമ്പനി, NHAI എന്നിവരുമായി 25-9-2018-ൽ യോഗം ചേർന്നിരുന്നു. 25-10-2019-ന് കേന്ദ്രമന്ത്രിക്കും NHAI -ചെയർമാനും കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ടണൽ നിർമ്മാണം നേരിടുന്ന തടസ്സങ്ങൾ താഴെപ്പറയുന്നു:

1. ടണലിന്റെ രണ്ട് പ്രവേശന കവാടങ്ങളുടെയും ചരിവ് ബലപ്പെടുത്തുന്നതിന് 1.43 ഹെക്ടർ വനഭൂമി ഏറ്റെടുക്കേണ്ടിവരും. അതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

2. നിർമ്മാണ കമ്പനിക്ക് ടണൽ വർക്ക് പൂർത്തിയാക്കുന്നതിനുള്ള സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നു. പുതിയ സാമ്പത്തിക സ്രോതസ് കണ്ടെത്തുന്നതിന് കമ്പനി നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3. സ്ഥലവാസികളുടെ തുടരെയുള്ള എതിർപ്പ് കാരണം പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടിവരുന്നു.

4. കരാർ കമ്പനി തുടർച്ചയായി കരാർ വ്യവസ്ഥകൾ ലംഘിച്ചിട്ടും അവർക്കെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ NHAI നിസ്സംഗത പാലിക്കുന്നു.

5. പ്രവൃത്തിയുടെ കരാർ NHAI-യുമായിട്ടായതിനാൽ സംസ്ഥാന സർക്കാരിന് കരാറുകാരനെതിരെ നടപടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. അതുകൊണ്ടുതന്നെ കേന്ദ്രമന്ത്രിയുമായി ബഹു.മുഖ്യമന്ത്രി നടത്തിയ ചർച്ചകളിലും ഈ വിഷയം ഉന്നയിച്ചിട്ടുണ്ടായിരുന്നു. പൂർണ്ണമായും കേന്ദ്രസർക്കാരിന്റേയും NHAI-യുടേയും നിയന്ത്രണത്തിലായതിനാൽ സംസ്ഥാന സർക്കാരിന് പരിമിതിക്കകത്തുനിന്നുള്ള ഇടപെടൽമാത്രമാണ്സാധ്യമാകുന്നത്.

## ദേശീയപാതയുടെ വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ

43 (1175) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി.ജെ.ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ വികസനത്തിനായി ഇനിയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാനുള്ളത് ഏതെല്ലാം ജില്ലകളിലാണ്; ഇവിടങ്ങളിൽ 3 എ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ എത്രത്തോളമായെന്നറിയിക്കാമോ;

(ബി) സർവ്വേ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ എന്നേക്ക് കല്ലുകൾ സ്ഥാപിക്കാൻ കഴിയും; അവിടങ്ങളിലെ ഗുണഭോക്താക്കളുടെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ആയത് എന്നേക്ക് വിതരണം ചെയ്യാൻ കഴിയും എന്നറിയിക്കാമോ;

(സി) ചേർത്തല-കഴക്കൂട്ടം ദേശീയപാതയിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര റീച്ചുകളായാണ് പണി നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ഈ പാതയുടെ ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ദേശീയപാതയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാനുള്ള ജില്ലകളും ആയതിന്റെ 3എ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(ബി) അതിർത്തി കല്ലുകൾ ഇടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. CALA-യിൽനിന്നും നിർദ്ദേശം ലഭിച്ചതനുസരിച്ച് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ അർഹരായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നു.

(സി) ചേർത്തല-കഴക്കൂട്ടം ദേശീയപാതയിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ചേർത്തല-കഴക്കൂട്ടം വരെയുള്ള ദേശീയപാതാ വികസന പ്രവൃത്തികൾ 5 പാക്കേജുകളിലായി നടത്താനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനാവൂ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയപാതകളുടെ വികസനം

44 (1176) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം ഇപ്പോഴും യാഥാർത്ഥ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനം ഇതുവരെ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്രവും ദേശീയപാത അതോറിറ്റിയുമാണ് തുടർനടപടികൾ വൈകിപ്പിക്കുന്നതെന്നത് ശരിയാണോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ദേശീയപാതകളുടെ വികസനത്തിന് കേന്ദ്രം ആവശ്യപ്പെട്ട വിഹിതം എത്രയാണെന്നും പ്രസ്തുത തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1, High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും High-2 ഇനത്തിൽപ്പെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ 2-5-2019-ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിൽപ്പെട്ടവയായിട്ടാണ് NHAI കണക്കാക്കിയിരുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി ചർച്ച നടത്തുകയും High-2-ൽനിന്നും മുൻഗണനാക്രമം മാറ്റി നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന

പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. NHAI 17-10-2019-ൽ സംസ്ഥാന സർക്കാരിന് നൽകിയ കത്ത് പ്രകാരം 349.70 കോടി രൂപ ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന വിഹിതമായി നൽകേണ്ടിവരുമെന്ന് അറിയിച്ചിട്ടുണ്ട്. അതുപ്രകാരം സംസ്ഥാന വിഹിതം എൻ.എച്ച്.എ.ഐ.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ തുടർച്ചയായി കാസർഗോഡ് ജില്ലയിലെ റീച്ചുകൾ ഉൾപ്പെടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണെന്ന് NHAI അറിയിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ ഭൂമിയുടെ വില കൂടുതലാണെന്ന പ്രശ്നത്തിന്റെ പേരിൽ NHAI കാലതാമസം വരുത്തിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ഭൂമി വില പങ്കുവയ്ക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചതിനെത്തുടർന്ന് നടപടികൾക്ക് വേഗം കൈവന്നിട്ടുണ്ട്.

(ഡി) ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായിവരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിക്കുകയും ചെയ്തു. NHAI 17-10-2019-ൽ സംസ്ഥാന സർക്കാരിന് നൽകിയ കത്ത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയായ ഭൂമിക്ക് 349.70 കോടി രൂപ ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന വിഹിതമായി നൽകേണ്ടിവരുമെന്ന് അറിയിച്ചിട്ടുണ്ട്. അതുപ്രകാരം സംസ്ഥാന വിഹിതം എൻ.എച്ച്.എ.ഐ.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ തുക കണക്കാക്കാനാവുകയുള്ളൂ. NHAI-യുടെ ഏകദേശ കണക്കുകൾ പ്രകാരം 5,500 കോടിയോളം രൂപയാണ് പ്രതീക്ഷിക്കുന്നത്. അന്തിമ കണക്കെടുപ്പിനനുസരിച്ച് ഇതിൽ മാറ്റങ്ങൾ വരുന്നതാണ്.

## ദേശീയപാത 66-ന്റെ വികസനം

45 (1177) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കേരളവും കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയവും ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായോ;

(ബി) എങ്കിൽ ദേശീയപാതയുടെ വീതി ഇതു പ്രകാരം 45 മീറ്ററായിരിക്കുമോ; എത്ര കിലോമീറ്റർ ദൈർഘ്യമാണ് ഈ ദേശീയ പാതയ്ക്കുണ്ടാകുക; ഇതിനായി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; സംസ്ഥാനം എത്ര കോടി രൂപ ഇതിനായി വിനിയോഗിക്കുമെന്ന് അറിയിക്കാമോ;

(സി) എത്ര ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കേണ്ടിവരും; ഇതിനായി എത്ര പേരെ കൂടി ഒഴിപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു രണ്ടും നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കേരളവും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ദേശീയപാതയുടെ വീതി 45 മീറ്ററായി വികസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരം ഈ ദേശീയപാതയ്ക്ക് 570.75 കി.മീ. ദൈർഘ്യമാണുള്ളത്. സ്ഥലമേറ്റെടുപ്പിനായി വേണ്ടിവരുന്ന തുകയുടെ 25% വിഹിതം സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. അതുപ്രകാരം NH 66-ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5500 കോടിയോളം രൂപ സംസ്ഥാനം വഹിക്കേണ്ടിവരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. മൊത്തം ചെലവ് NHAI ലഭ്യമാക്കിയിട്ടില്ല.

(സി) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് 3425.096 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ 1986.369 ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശമുണ്ട്. ബാക്കി 1438.737 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ 659.557 ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും 548.192 ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും 302.163 ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഇനിയും ഒഴിപ്പിക്കേണ്ടവരുടെ വിവരങ്ങൾ CALA മൂല്യനിർണ്ണയം നടത്തിവരുന്നു. ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക RFCTLARR Act 2013 പ്രകാരം നൽകിവരികയാണ്.

(ഡി) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നുംവില തഹസീൽദാർ (CALA) മാരെ നിയമിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്. എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാനാവില്ല.

## നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം

46 (1178) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ ടെണ്ടർ നടപടികൾ

പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം നടപടി സ്വികരിച്ചിട്ടുണ്ട്;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കരാർ വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്.

(ബി) എസ്.സി./എസ്.ടി./റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പ്രവൃത്തി സ്ഥലത്തുവച്ച് നടത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 12 മാസംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് കരാർ നൽകിയിട്ടുള്ളത്.

**ആശുപത്രി കെട്ടിടങ്ങൾക്ക് ആധുനിക ഡിസൈൻ**

47 (1179) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം നടത്തുന്ന പുതിയ ആശുപത്രി കെട്ടിടങ്ങൾക്ക് ആധുനിക ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പുതിയ കാലത്തെ ആധുനിക ചികിത്സാ രീതികളെ സഹായിക്കുന്ന ഉപകരണങ്ങൾ രോഗികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന തരത്തിൽ സ്ഥാപിക്കുന്നതിന് ഉചിതമായ രീതിയിൽ കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ ഇതുമായി ബന്ധപ്പെട്ടവർക്ക് പ്രത്യേകമായ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽനിന്നുള്ള നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കുന്ന ഡ്രോയിംഗുകൾ അനുസരിച്ചാണ് കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ചെയ്യുന്നത്. ഇത്തരം ഡിസൈൻ വിവിധ ഐ.എസ്. കോഡ് നിർദ്ദേശങ്ങൾ പ്രകാരമാണ് ചെയ്തുവരുന്നത്.

(ബി) പുതിയ കാലത്തെ ആധുനിക ചികിത്സാ രീതികളെ സഹായിക്കുന്ന ഉപകരണങ്ങൾ രോഗികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന തരത്തിൽ സ്ഥാപിക്കുന്നതിനായി ഉചിതമായ രീതിയിൽ തന്നെയാണ് നിലവിൽ കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുന്നത്. ഇതിനായി മെച്ചപ്പെട്ട പരിശീലനം വാസ്തുശിൽപ്പ വിഭാഗത്തിലെ ആർക്കിടെക്ടുമാർക്ക് ആവശ്യമെങ്കിൽ നൽകാവുന്നതാണ്.

**കോലഞ്ചേരി മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണം**

48(1180) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരി മിനി സിവിൽസ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത മിനി സ്റ്റേഷന്റെ രണ്ടാംഘട്ടം നിർമ്മാണത്തിന് എത്ര രൂപയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിവരം നൽകുമോ;

(സി) കോലഞ്ചേരി മിനി സിവിൽസ്റ്റേഷൻ രണ്ടാംഘട്ടത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോലഞ്ചേരി മിനി സിവിൽ സ്റ്റേഷൻ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള 2 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് ലഭ്യമായത് പരിശോധിച്ചുവരുന്നു.

**വിദ്യാഭ്യാസ ജില്ലാ ഉപഡയറക്ടർ കാര്യാലയത്തിന്റെ ശോച്യാവസ്ഥ**

49(1181) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ജില്ലാ ഉപഡയറക്ടറുടെ കാര്യാലയത്തിന്റെ ശോച്യാവസ്ഥ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ കണക്കിലെടുത്ത് സിവിൽ സ്റ്റേഷനിലേക്ക് ഓഫീസ് ഷിഫ്റ്റ് ചെയ്യുന്നകാര്യം അടിയന്തരമായി പരിഗണിക്കുമോയെന്ന് അറിയിക്കാമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. നിലവിൽ ഡി.ഡി.ഇ. ഓഫീസ് പ്രവർത്തിക്കാൻ പര്യാപ്തമായ കെട്ടിടം സിവിൽ സ്റ്റേഷനിൽ ലഭ്യമല്ല.

(സി) ഡി.ഡി.ഇ. ഓഫീസ് സമുച്ചയങ്ങളിൽ ജി.എച്ച്. സെക്ഷൻ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ അൺഫിറ്റ് ആണെന്ന് 20-6-2017-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിച്ചിരുന്നു. ഇതുസംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന 5.20 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കരാർ വച്ചിരുന്നു. പക്ഷെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ കാരണവും മറ്റും ടി പ്രവൃത്തി ചെയ്യേണ്ടതില്ലെന്ന് ഡി.ഡി.ഇ. 22-10-2019-ലെ കത്ത് പ്രകാരം കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിച്ചിട്ടില്ല.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ നടന്നുവരുന്ന പ്രവൃത്തികൾ

50(1182) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇവയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ ചുമതലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## റസ്റ്റ് ഹൗസുകളുടെ നവീകരണം

51 (1183) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റസ്റ്റ് ഹൗസുകളെ മോഡൽ റസ്റ്റ് ഹൗസുകളാക്കുന്ന പദ്ധതിയിൽ ഏതൊക്കെ റസ്റ്റ് ഹൗസുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത മോഡൽ റസ്റ്റ് ഹൗസുകളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മോഡൽ റസ്റ്റ് ഹൗസുകളാക്കുമ്പോൾ ജീവനക്കാരുടെ എത്ര അധിക തസ്തിക ഉണ്ടാക്കേണ്ടി വരും; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ റസ്റ്റ് ഹൗസുകളിലും അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുകയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള നവീകരണ പ്രവൃത്തികൾ നടന്നുവരികയുമാണ്. റസ്റ്റ് ഹൗസുകളെ ക്ലാസ് I, ക്ലാസ് II വിഭാഗങ്ങളായി തരംതിരിച്ചുകഴിഞ്ഞു. ചുറ്റുമതിലില്ലാത്ത വിശ്രമ മന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തിക്കല്ലുകളോ സ്ഥാപിക്കുന്നതിനും കെട്ടിടങ്ങളുടെ അകവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാന്റീൻ സൗകര്യം ഏർപ്പെടുത്താൻ കഴിയുന്ന എല്ലാ റസ്റ്റ് ഹൗസുകളിലും ക്യാന്റീൻ ഏർപ്പെടുത്തിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ആദ്യമായി യൂണിഫോം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാനും ട്രെയിനിംഗ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. റസ്റ്റ്ഹൗസുകളുടെ നവീകരണ പ്രവൃത്തികൾക്കായി പ്ലാൻ ഹെഡിൽ 2016-17-ൽ 6 പ്രവൃത്തികൾക്കായി 405 ലക്ഷം രൂപയും 2017-18-ൽ 8 പ്രവൃത്തികൾക്കായി 576.32 ലക്ഷം രൂപയും നോൺ പ്ലാൻ ഫണ്ട് ഹെഡിൽ 2015-16-ൽ 2 പ്രവൃത്തികൾക്കായി 36.20 ലക്ഷം രൂപയും 2017-18-ൽ 7 പ്രവൃത്തികൾക്കായി 184.85 ലക്ഷം രൂപയും 2018-19-ൽ 2 പ്രവൃത്തികൾക്കായി 50.05 ലക്ഷം രൂപയുമുള്ള ഭരണാനുമതികൾ ലഭിക്കുകയും പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നതുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ സർക്കാർ വന്നതിനുശേഷം റസ്റ്റ് ഹൗസ് വാടക താഴെപ്പറയും പ്രകാരം പുതുക്കി:

| മുറിയുടെ തരം | ക്ലാസ് I | ക്ലാസ് II |
|---|---|---|
| എ.സി. | 1000 | 750 |
| നോൺ എ.സി. | 600 | 400 |
| അഡീഷണൽ ബെഡ് | 150 | 150 |
| സ്യൂട്ട് റൂം | 1500 | 1000 |
| സ്യൂട്ട് റൂം എ.സി. | 2000 | 2000 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2015-16-ൽ രണ്ട് കോടി രൂപയായിരുന്ന വരുമാനം 2018-19-ൽ 12 കോടി രൂപയായി വർദ്ധിച്ചു.

(ബി) 12 റസ്റ്റ് ഹൗസുകളെയാണ് മോഡൽ റസ്റ്റ് ഹൗസുകളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുള്ളത്. 551.8114 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗതിയിലാണ്. ഫ്രണ്ട് ഓഫീസ്, ഓൺലൈൻ റിസർവ്വേഷൻ തുടങ്ങിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) റസ്റ്റ് ഹൗസുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുന്നതാണ്.

## റസ്റ്റ് ഹൗസുകളിലെ ക്രമക്കേടുകൾ

52 (1184) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഈ വർഷം നടത്തിയ അന്വേഷണത്തിൽ ഏതൊക്കെ റസ്റ്റ് ഹൗസുകളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കാമോ; ആയതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം 2016 നവംബർ, ഡിസംബർ മാസങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എറണാകുളം, തിരുവനന്തപുരം, കോട്ടയം റസ്റ്റ് ഹൗസുകളിലും ബന്ധപ്പെട്ട സെക്ഷനുകളിലും ഡിവിഷൻ ഓഫീസുകളിലും പരിശോധന നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ വർഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. ചങ്ങനാശ്ശേരി, കായംകുളം, പാലാ, കുന്നംകുളം, ആലുവ എന്നീ റസ്റ്റ് ഹൗസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും പൊതുമരാമത്ത്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിജിലൻസിന്റെ അന്വേഷണത്തെത്തുടർന്ന് ചങ്ങനാശ്ശേരി, കുന്നംകുളം എന്നീ റസ്റ്റ് ഹൗസുകളിലെ കെയർടേക്കർമാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പാലാ റസ്റ്റ് ഹൗസിലെ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടിനെത്തുടർന്ന് പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കുകയും മാനേജർക്ക് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. ആലുവ റസ്റ്റ് ഹൗസിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് 2 അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മെമ്മോ നൽകിയിട്ടുണ്ട്.

**ശബരിമലയിൽ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ്**

53 (1185) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന റസ്റ്റ്ഹൗസ് കെട്ടിടത്തിൽ അവകാശം ഉന്നയിച്ച് ഒരു സംഘടന കേരള ഹൈക്കോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിനുവേണ്ടി ഹൈക്കോടതിയിൽ ഹാജരായ സർക്കാർ വക്കീലിന്റെ പേര് വ്യക്തമാക്കാമോ; ഉടമസ്ഥത പൊതുമരാമത്ത് വകുപ്പിനാണെന്നിരിക്കെ കെട്ടിടത്തിന്റെ നിയന്ത്രണം സ്വകാര്യ സംഘടനയ്ക്ക് അനുവദിക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) അവകാശം തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) WP(c)35830/2016 റിട്ട് പെറ്റീഷൻ 4-11-2019-ന് വാദത്തിനായി വച്ചിട്ടുണ്ട്. പുതുക്കിയ കൗണ്ടർ അഫിഡവിറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) കേസിൽ വകുപ്പിനുവേണ്ടി ഹാജരായത് സീനിയർ ഗവൺമെന്റ് പ്ലീഡറായ ശ്രീ. കെ. വി. മനോജ് കുമാറാണ്. 30-11-2016-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പരാതിക്കാരനും കയ്യേറ്റക്കാരിൽ ഒരാളുമായ ശ്രീ. എ. കെ. അരവിന്ദാക്ഷൻ എന്ന റിട്ടയേർഡ് പി.ഡബ്ല്യു.ഡി. എഞ്ചിനീയറെ എഞ്ചിനിയേഴ്സ് പിൽഗ്രിം ഷെൽട്ടർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ റിസീവറായി നിയമിക്കുകയുണ്ടായി. ടിയാൻ വരവ് ചെലവ് കണക്കുകൾ 31-12-2016-ന് മുമ്പായി ബഹു. ഹൈക്കോടതിയെ അറിയിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

(സി) അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 18-9-2016-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിടവിഭാഗം പത്തനംതിട്ടയുടെ ഓഫീസിൽനിന്നും എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്ക് നോട്ടീസ് നൽകുകയും തുടർന്ന് കയ്യേറ്റം ഒഴിയാത്തതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 29-10-2016-ലെ ഉത്തരവ് പ്രകാരം 31-10-2016-ൽ ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് ലോക്ക് ചെയ്തു. ടി ഷെൽട്ടർ കമ്മിറ്റിയുടെ ആളുകൾ 13-11-2016 വരെ കെട്ടിടത്തിന്റെ ലോക്ക് തല്ലിപ്പൊളിച്ചതിനാൽ അതുമായി ബന്ധപ്പെട്ട് പമ്പ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തു. ഇതിനെത്തുടർന്ന് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റി സെക്രട്ടറി ഹൈക്കോടതിയിൽ WP(c)35830/2016 ഫയൽ ചെയ്യുകയും 30-11-2016-ലെ ഇടക്കാല ഉത്തരവ് പ്രകാരം റിസീവറായി വാദിയായ ശ്രീ. എ. കെ. അരവിന്ദാക്ഷനെ കോടതി നിയമിക്കുകയും ചെയ്തു. 3-4-2017-ൽ ടി വിധി തുടരാൻ ഇടക്കാല ഉത്തരവുണ്ടായി. കേസിൽ വാദം ഹൈക്കോടതിയിൽ ആരംഭിച്ചിട്ടുണ്ട്. വിശദമായ പുതിയ കൗണ്ടർ അഫിഡവിറ്റും സമർപ്പിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിനൊപ്പം നിൽക്കാതെ കയ്യേറ്റക്കാരെ സഹായിക്കുന്ന തരത്തിൽ മൗനം പാലിക്കുന്നത് കയ്യേറ്റക്കാരന് ഗുണകരമായിട്ടുണ്ട്. ദശലക്ഷകണക്ക് രൂപയുള്ള സ്വത്ത് നിരവധി പതിറ്റാണ്ടുകളായി ചില വ്യക്തികൾ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് കൈവശംവച്ച് അനുഭവിക്കുന്നു. വലിയ വാടകകളാണ് ഈടാക്കുന്നത്. എങ്ങനെയാണ് ഈ അന്യായത്തിന് പിൻബലം കിട്ടുന്നത് എന്നത് പരിശോധിച്ചുവരുന്നു.

**പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖാന്തരം ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

54 (1186) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പൊതുമരാമത്തിന്റെ കെട്ടിടവിഭാഗം മുഖാന്തരം ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം മുഖാന്തരം ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുണ്ടന്നൂർ, വൈറ്റില മേൽപ്പാല നിർമ്മാണ പ്രവൃത്തികൾ**

55 (1187) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ കുണ്ടന്നൂർ, വൈറ്റില മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) വൈറ്റില ഫ്ലൈഓവറിന്റെ നിർമ്മാണം 75 ശതമാനവും കുണ്ടന്നൂർ ഫ്ലൈഓവറിന്റെ നിർമ്മാണം 68 ശതമാനവും പൂർത്തിയായിട്ടുണ്ട്. രണ്ട് പദ്ധതികളും 2020 മാർച്ചിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പി.യു.കെ.സി. റോഡ് നവീകരണം**

56 (1188) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.യു.കെ.സി. റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് എത്ര ഘട്ടമായി എത്ര വീതിയിലാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പാവങ്ങാട് മുതൽ ഉള്ള്യേരി വരെയുള്ള ആദ്യഘട്ട നവീകരണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ;

(ഡി) പി.യു.കെ.സി. റോഡിന്റെ ഡി.പി.ആർ. കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.യു.കെ.സി. റോഡ് രണ്ട് ഘട്ടമായി 14 മീറ്റർ വീതിയിൽ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി&ഡി) പുതിയങ്ങാടി മുതൽ ഉള്ള്യേരി വരെയുള്ള ആദ്യഘട്ട നവീകരണ പ്രവൃത്തിക്കായി 92.58 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായ ഉള്ള്യേരി

മുതൽ കുറ്റ്യാടി വരെയുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### സി.ആർ.എഫ്. ഉപയോഗിച്ച ഷൊർണ്ണൂരിലെ റോഡുകൾ

57 (1189) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19 വർഷങ്ങളിൽ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ 2018-19 വർഷത്തിൽ വാണിയംകുളം-വല്ലപ്പുഴ റോഡിന്റെ പുനരുദ്ധാരണം (11.6 കി.മീ. - 11.6 കോടി രൂപ) നടന്നുവരുന്നു. ഇതിൽ 8.5 കി.മീ. ഭാഗം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽക്കൂടിയാണ് കടന്നുപോകുന്നത്. 2016-17, 2017-18 വർഷങ്ങളിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

### തങ്കളം - കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് പ്രവൃത്തി

58 (1190) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ രണ്ട് റീച്ചുകളിലായി 14.5 കോടി രൂപ വകയിരുത്തിയിട്ടുള്ള തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന കോൺട്രാക്ടറെ ഒഴിവാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന് ഇരുപത് ശതമാനം തുകയുടെ ഭരണാനുമതിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച രണ്ട് റീച്ചുകളുടെയും ടെണ്ടർ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) തങ്കളം - കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ച "ബഡ്ജറ്റ് വർക്ക് 2019-20 - Construction of Thakkalam -Kozhipilly new byepass road Ch.0/000 to 1/000" എന്ന പ്രവൃത്തിയുടെ 4.50 കോടി രൂപയുടെ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അടുത്ത റീച്ചിന്റെ ഭരണാനുമതിക്കായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിലുണ്ടായിരുന്ന കോൺട്രാക്ടറെ 26-10-2019-ലെ G.O.(Rt)No.1243/2019/PWD പ്രകാരം പ്രവൃത്തിയുടെ കരാറിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണം**

59 (1191) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മുനിസിപ്പാലിറ്റിയുടെയും എക്സൈസ് വകുപ്പിന്റെയും സ്ഥലം ഏറ്റെടുക്കുവാൻ ഡിപ്പാർട്ട്മെന്റ് തലത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർക്ക് വിശദമായ പ്ലാനും സർവ്വെ നമ്പറും പ്രകാരം എം.എൽ.എ കത്ത് നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ.-യുടെ പ്രസ്തുത കത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകളുടെ സ്ഥലം ഏറ്റെടുക്കുവാൻ വകുപ്പുതലത്തിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോതമംഗലം മുനിസിപ്പാലിറ്റിയുടെയും എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെയും സ്ഥലം ഏറ്റെടുക്കുന്നതിനായി ഡിസ്ട്രിക്ട് കളക്ടർക്ക് മൂവാറ്റുപുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത സ്ഥലത്തിന്റെ സമ്മതപത്രം ലഭിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത്

ഉപവിഭാഗം, കോതമംഗലത്തിന്റെ ഓഫീസിൽനിന്നും മുനിസിപ്പൽ സെക്രട്ടറിക്കും എക്സൈസ് കമ്മീഷണർക്കും കത്തുകൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ കോതമംഗലം മുനിസിപ്പൽ സെക്രട്ടറിക്കും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും സമ്മതപത്രത്തിനുവേണ്ടി കത്ത് നൽകിയിട്ടുള്ളതാണ്. ഇക്കാര്യം താലൂക്ക് സഭയിലും പല പ്രാവശ്യം ചർച്ചചെയ്യപ്പെടുകയുമുണ്ടായി. എന്നിട്ടും സമ്മതപത്രം നൽകാത്ത സാഹചര്യത്തിൽ മൂവാറ്റുപുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്ന് 14-2-2018-ന് ജില്ലാ കളക്ടറെ കത്ത് മുഖാന്തരം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ മുനിസിപ്പാലിറ്റിയോ എക്സൈസ് വകുപ്പോ സമ്മതപത്രം നൽകിയിട്ടില്ല.

**താനൂർ മണ്ഡലത്തിലെ തീരദേശ ഹൈവേ**

60 (1192) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) താനൂർ ഭാഗത്തുകൂടിയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) താനൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന പാതയുടെ റീച്ച് 1 പ്രവൃത്തിയായ പടിഞ്ഞാറേക്കര മുതൽ ഉണ്യാൽ ജംഗ്ഷൻവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഏറ്റെടുത്ത് കാനകളുടെയും കലുങ്കുകളുടെയും പാർശ്വഭിത്തികളുടെയും പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ റീച്ച് 2-ന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ഫ്ലൈഓവർ ഉൾപ്പെടുന്ന അടുത്ത റീച്ചിലെ അലൈൻമെന്റ് തയ്യാറാക്കിയെങ്കിലും കൂടുതൽ വീടുകളും കെട്ടിടങ്ങളും പ്രസ്തുത അലൈൻമെന്റിൽ ഉൾപ്പെട്ടതിനാൽ കിഫ്ബിയുടെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ നടത്തി അലൈൻമെന്റ് ഫിക്സ് ചെയ്തതിനുശേഷം മാത്രമേ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. റീച്ച് 3-ന്റെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മേൽ പ്രവൃത്തിയുടെ റീച്ചിൽ ആവശ്യമായ സ്ഥലം ലഭ്യമല്ല. ആയതിനാൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ കെട്ടുങ്ങൽ പാലത്തിന് സമീപവും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. താനൂർ മേൽപ്പാലത്തിനുള്ള അലൈൻമെന്റ് കിഫ്ബി മുഖാന്തരം ഡ്രോൺ സർവ്വേ നടത്തി അലൈൻമെന്റ് നിശ്ചയിച്ചുകിട്ടേണ്ടതുണ്ട്.

(സി) നിലവിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന റീച്ച്-1 സ്ട്രച്ച് 8-3-2019-ൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇത് 7-9-2020-നുള്ളിൽ പൂർത്തീകരിക്കാൻ കഴിയും. ബാക്കി ഭാഗങ്ങളിൽ തടസ്സങ്ങൾ നീങ്ങുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാനാവുകയുള്ളൂ. അതിനുശേഷം മാത്രമേ പൂർത്തീകരണം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്താനാവുകയുള്ളൂ.

**നെന്മാറ നിയോജകമണ്ഡലത്തിലെ റോഡുകൾ**

61 (1193) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ഏതെല്ലാം റോഡുകളാണ് നെന്മാറ നിയോജകമണ്ഡലത്തിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി അടിയന്തരമായി റോഡുപണി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. മുതലമട -ചെമ്മണാമ്പതി റോഡ് കി.മീ. 9/900 മുതൽ 11/200 വരെ
2. കൊല്ലങ്കോട് -കുനിശ്ശേരി റോഡ് കി.മീ. 4/000 മുതൽ 8/500 വരെ
3. മുതലമട റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 2/000 മുതൽ 5/260 വരെ
4. കൊടുവായൂർ - പല്ലാവൂർ - വിത്തിനശ്ശേരി റോഡ് കി.മീ. 5/000 മുതൽ 11/754 വരെ

മേൽ പ്രവൃത്തികളിൽ മുതലമട റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 2/000 മുതൽ 5/260 വരെ ബി.എം.&ബി.സി. ചെയ്യുന്ന പ്രവൃത്തിക്ക് 31-8-2019-ലെ സ.ഉ. (സാധാ) നമ്പർ 1071/2019/പൊ.മ.വ. പ്രകാരം 152 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതിക്കുവേണ്ടി ലഭ്യമായ പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ ജില്ലയിലെ റോഡുകൾ

62 (1194) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സംസ്ഥാനപാത പദവിയുള്ള റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത റോഡുകളുടെ പേരുകൾ വിശദമാക്കാമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ ജില്ലാ മേജർ റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ സംസ്ഥാനപാത പദവിയുള്ള റോഡുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ ജില്ലാ മേജർ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ

63(1195) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ ഏത് വഴിയാണ് കടന്നുപോകുന്നത്; ഓരോ നിയോജകമണ്ഡലത്തിലൂടെയും എത്ര കിലോമീറ്റർ നീളത്തിലാണ് കടന്നുപോകുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര പാലങ്ങളാണ് പണിയുന്നതെന്നും അവ എവിടെയെല്ലാമാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ വരുന്ന ഏതെങ്കിലും റീച്ചിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; അതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഇ) ഓരോ റീച്ചിനും ഭരണാനുമതി നൽകാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ "മാഹി പാലം - മുഴപ്പിലങ്ങാട് - മുഴപ്പിലങ്ങാട് ബീച്ച്- എടക്കാട് - കുറുവ - പ്രഭാത് ജംഗ്ഷൻ - പയ്യാമ്പലം -

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നീർക്കടവ് ചാൽ - അഴീക്കൽ - മാട്ടൂൽ സൗത്ത് - പുതുവളപ്പ് - പാലക്കോട് - രണ്ട്തെങ്ങ് - വലിയപറമ്പ് ബീച്ച്" വഴിയാണ് കടന്നുപോകുന്നത്.

തലശ്ശേരി - 12.70 കി.മീ.

ധർമ്മടം - 10.20 കി.മീ.

കണ്ണൂർ - 9.10 കി.മീ.

അഴീക്കോട് - 10.90 കി.മീ.

കല്ല്യാശ്ശേരി - 10.775 കി.മീ.

പയ്യന്നൂർ - 24.967കി.മീ.

ആകെ - 78.642 കി.മീ.

(ബി) 5 പാലങ്ങൾ

1. അയ്യാരകത്ത് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി

2. നീർക്കടവ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി

3. മാട്ടൂൽ സൗത്ത് പാലം - ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചു

4. ഓലീക്കൽ പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി

5. നീരൊഴുക്കുംചാൽ - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി

(സി) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ച് മുതൽ അഴീക്കൽ വരെയുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേയിൽ 8 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായവ ഉൾപ്പെടുത്തി ഡി.പി.ആർ. സമർപ്പിച്ചിരുന്നെങ്കിലും റോഡിന്റെ വീതി 14 മീറ്റർ ആക്കിയതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല.

(ഡി) കിഫ്ബിയും പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗവുമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

(ഇ) ഉണ്ട്. റോഡിന്റെ വീതി 14 മീറ്ററാക്കി വർദ്ധിപ്പിച്ച പുതിയ അലൈൻമെന്റ് പ്രകാരം സർവ്വേ ചെയ്ത് മുഴപ്പിലങ്ങാട് ബീച്ച് മുതൽ എടക്കാട് വരെയുള്ള 3.6 കി.മീ. റോഡിന്റെയും പാലക്കോട് മുതൽ മിൽ റോഡ് വരെയുള്ള 6 കി.മീ. റോഡിന്റെയും ഡി.പി.ആർ. കിഫ്ബി തയ്യാറാക്കിവരികയാണ്. ബാക്കിയുള്ള ഭാഗം കിഫ്ബി ഡ്രോൺ സർവ്വേ നടത്തി സെന്റർ ലൈൻ മാർക്ക് ചെയ്തതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

## അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

64 (1196) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡുകളാണ് നവീകരിച്ചതെന്നും റോഡുകളുടെ പേരും ഭരണാനുമതി നൽകിയ തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ; ഏതെല്ലാം റോഡുകൾ ബി.എം. ആന്റ് ബി.സി നിലവാരത്തിൽ പണിതുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ ബജറ്റ്/നോൺ ബജറ്റ് ഇനത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിലേതെങ്കിലും ടെണ്ടർ ചെയ്യാനുണ്ടോ എന്നും ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 47.35 കിലോ മീറ്റർ റോഡുകളാണ് ആകെ നവീകരിച്ചത്.

1. കരിയാട് - മറ്റൂർ റോഡ് - 5.1 കി.മീ. - 4 കോടി രൂപ
2. മഞ്ഞപ്ര - ചുള്ളി റോഡ് - 3 കി.മീ. - 9.38 ലക്ഷം രൂപ
3. മഞ്ഞപ്ര - മലയാറ്റൂർ റോഡ് - 3.05 കി.മീ. - 76 ലക്ഷം രൂപ
4. സെബിയൂർ കോളനി റോഡ് - 1.7 കി.മീ. - 20 ലക്ഷം രൂപ
5. ശൃംഗേരി മഠം റോഡ് - 0.25കി.മീ. - 8.65 ലക്ഷം രൂപ
6. ശ്രീ ശങ്കര കോളേജ് റോഡ് - 1.5 കി.മീ. - 2.78 ലക്ഷം രൂപ
7. വേങ്ങൂർ - നായത്തോട് റോഡ് - 3.3 കി.മീ. - 197.95 ലക്ഷം രൂപ
8. മൂക്കന്നൂർ - ഏഴാറ്റുമുഖം റോഡ് - 4 കി.മീ. - 67.1 ലക്ഷം രൂപ
9. റെയിൽവേ സ്റ്റേഷൻ റോഡ് - 0.80 കി.മീ. - 27.65 ലക്ഷം രൂപ
10. അങ്കമാലി - മാഞ്ഞാലി റോഡ് - 0.70 കി.മീ. -72.4 ലക്ഷം രൂപ
11. ചേരാനെല്ലൂർ - ട്രേസ് റോഡ് - 2.70 കി.മീ. - 278 ലക്ഷം രൂപ
12. കറുകുറ്റി - ആഴകം റോഡ് - 3 കി.മീ. - 38 ലക്ഷം രൂപ
13. കറുകുറ്റി - ഏഴാറ്റുമുഖം റോഡ് - 3 കി.മീ. - 125 ലക്ഷം രൂപ

14. കാലടി – ആനപ്പാറ റോഡ് - 12.8 കി.മീ. - 25 കോടി രൂപ
15. ബ്ലാച്ചിപ്പാറ – പാലിശ്ശേരി റോഡ് - 2 കി.മീ. - 25 ലക്ഷം രൂപ
16. വേങ്ങൂർ – കിടങ്ങൂർ റോഡ് - 2.7 കി.മീ. - 30 ലക്ഷം രൂപ

(ബി) ബി.എം. &ബി.സി. റോഡുകൾ

1. കരിയാട് - മറ്റൂർ റോഡ്
2. അങ്കമാലി - റെയിൽവേ സ്റ്റേഷൻ റോഡ്
3. അങ്കമാലി - മാഞ്ഞാലി - മധുരപ്പുറം റോഡ്
4. വേങ്ങൂർ - നായത്തോട് റോഡ്

(ബി) 1. Sabarimala Festival 2018-19 providing BM&BC to MC road ch.233/300 to 240/600 – മഴ കാരണം ടാറിംഗ് നിർത്തിവച്ചിരിക്കുന്നു. എം.സി. റോഡ് - 515 ലക്ഷം രൂപ.

2. B/W 2017-18 Vengoor-Nayathodu road ch.0/300 to 0/900 – new alignment in acquisition land – 181.50 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിക്കുന്നു.

3. B/W 2016-17 improvements to NH Link road 0/000 to 0/500 and Angamaly Market landing road 0/000 to 0/800 providing CC drain & BM&BC- 188.7 ലക്ഷം രൂപ – പ്രവൃത്തി പുരോഗമിക്കുന്നു.

4. B/W 2016-17 Re-surfacing and construction of drain to Angamaly– Paravur Road 3/500 to 5/400 (1900m – 43.45 Lakhs)- താലൂക്ക് അതിർത്തി നിർണ്ണയിച്ച്തന്നിട്ടില്ലാത്തത് കാരണം പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല.

5. O/R 2018-19 providing chipping carpet patch repair and other improvements to Karukutty – Moozhikulam road ch. 3/000 to 6/500km – മഴ കാരണം പ്രവൃത്തി നിർത്തിവച്ചിരിക്കുന്നു.

6. O/R 2018-19 providing chipping carpet and other improvements to Blachippara – Palissery road ch. 5/500 to 6/00 (Balance portion of additional Budget work) – മഴ കാരണം പ്രവൃത്തി തുടങ്ങിയിട്ടില്ല.

7. O/R 2018-19 providing chipping carpet and other improvements to Blachippara - Palissery road ch. 0/000 to 64 - മഴ കാരണം പ്രവൃത്തി തുടങ്ങിയിട്ടില്ല.
8. O/R 2018-19 Urgent BT patch repair to Kidangoor - Bethlehem road ch. 0/000 to 6/000km - മഴ കാരണം പ്രവൃത്തി തുടങ്ങിയിട്ടില്ല.
9. Providing Tile work to 9th mile AA road ch. 0/450 to 1/330 (Balance Portion) - മഴ കാരണം പ്രവൃത്തി തുടങ്ങിയിട്ടില്ല.

**തലശ്ശേരി മണ്ഡലത്തിലെ റോഡുകൾക്കുള്ള ഫണ്ട്**

65 (1197) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽ നിന്നും ഏതൊക്കെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1. തലശ്ശേരി മണ്ഡലത്തിൽ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് 2019-20 വർഷത്തിൽ നോൺ പ്ലാൻ ഫണ്ട് (എസ്.എൽ.ടി.എഫ്.) 105 ലക്ഷം രൂപ അനുവദിച്ചു.
2. കിഫ്ബി ഫണ്ട് ഉപയോഗിച്ച് തിരുവങ്ങാട് - ചമ്പാട് റോഡിന്റെ നിലവാരം ഉയർത്തുന്നതിനുള്ള 59.70 കോടി രൂപയുള്ള ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചു.

**കൊണ്ടാഴി - മായന്നൂർ റോഡ് പുനരുദ്ധാരണം**

66 (1198) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പി.ഡബ്ല്യു.ഡി. ഡിവിഷനിലെ ചേലക്കര സെക്ഷൻ പരിധിയിൽ വരുന്ന കൊണ്ടാഴി-മായന്നൂർ റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) പതിനൊന്ന് കിലോമീറ്റർ നീളം വരുന്ന ഈ റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായത് കണക്കിലെടുത്ത് പുനരുദ്ധാരണത്തിന് ആവശ്യമായ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര സെക്ഷന്റെ പരിധിയിൽ വരുന്ന കൊണ്ടാഴി - മായന്നൂർ റോഡിൽ കി.മീ. 1/400 മുതൽ 1/810, 2/440 മുതൽ 6/200, 7/700 മുതൽ 9/000 വരെ Budget work 2009-10 - Improvements to Kondazhy - Mayannur road എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 2010-11 കാലഘട്ടത്തിലാണ് അവസാനമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയത്. കി.മീ. 9/000 മുതൽ 10/914 വരെയുള്ള ഭാഗം 2018 ഡിസംബർ മാസത്തിലാണ് ഉപരിതലം പുതുക്കൽ നടത്തിയത്.

(ബി) കൊണ്ടാഴി - മായന്നൂർ റോഡ് 0/000 മുതൽ 10/914 കി.മീ. വരെ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് 2019-20 Vol. II ക്രമനമ്പർ 1089 ആയി 1100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയിൽ 100 രൂപ ടോക്കൺ പ്രൊവിഷനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഷെഹീദാർ പള്ളി - ടെക്സ്മോ ജംഗ്ഷൻ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

67 (1199) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ നബാഡിൽ ഉൾപ്പെടുത്തി 4.98 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന ഷെഹീദാർ പള്ളി-ടെക്സ്മോ ജംഗ്ഷൻ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ നിലച്ച അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിക്കായി ശ്രീ. മെഹബൂബ് എന്ന കരാറുകാരന് ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. ദീർഘ സമയമെടുത്ത് പണികൾ ആരംഭിച്ചെങ്കിലും കാലതാമസമുണ്ടായതിനാൽ ടിയാനെ പൊതുമരാമത്ത് ചട്ടപ്രകാരം കരാറിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. തുടർന്ന് കരാറുകാരൻ നൽകിയ അപേക്ഷയിന്മേൽ ടി വർക്ക് ചീഫ് എഞ്ചിനീയറുടെ 26-7-2019-ലെ ഉത്തരവ് നമ്പർ സി.ഇ./ആർ&ബി/എൻ.ബി.-23/ആർ -3/17 പ്രകാരം 30-11-2019-നുള്ളിൽ കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും തീർത്തുകൊള്ളാമെന്ന ഉറപ്പിന്മേൽ കരാർ പുനഃസ്ഥാപിച്ച് നൽകിയിരുന്നു. എന്നാൽ കരാറുകാരൻ പണികൾ പുനരാരംഭി

ക്കാതിരുന്നതിനാൽ ടിയാന്റെ പേരിൽ കർശന നടപടി സ്വീകരിക്കുമെന്ന് 19-10-2019-ലെ എബി2/7204/2016 നമ്പർ കത്ത് പ്രകാരം ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരനെ അറിയിച്ചിട്ടുണ്ട്.

## റോഡുകളുടെ നവീകരണം

68 (1200) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്നും ഓരോ റോഡിനും എത്ര തുക എപ്പോഴാണ് അനുവദിച്ചതെന്നും വിശദക്കാമോ;

(സി) ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം റോഡുകളുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്; ടെണ്ടർ നടപടി പൂർത്തീകരിക്കാനുള്ള റോഡുകൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2,862.95 ലക്ഷം രൂപ. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കോഴിക്കോട് മാവൂർ റോഡ് നിർമ്മാണം

69 (1201) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡ് നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം സർവ്വേ നമ്പരിലെ എത്ര സ്ഥലം വീതമാണ് ഏറ്റെടുത്തതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ സംബന്ധിച്ച രേഖകൾ ലഭ്യമാണോ;

(സി) ഇവയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് മാവൂർ റോഡ് നിർമ്മാണം വളരെ വർഷങ്ങൾക്കുമുമ്പ് നടന്നിട്ടുള്ളതിനാലും അടുത്തകാലത്ത് ഭൂമി ഏറ്റെടുക്കൽ നടപടി ഉണ്ടായിട്ടില്ലാത്തതിനാലും ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ആയത് പരിശോധിച്ച് വിശദമായ റിപ്പോർട്ട്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സർക്കാരിൽ സമർപ്പിക്കാൻ ജില്ലാ കളക്ടർക്കും നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നതാണ്.

(സി) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

**മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണം**

70 (1202) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നവീകരണത്തിന് സ്ഥലമേറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 25-9-2018-ലെ G.O.(Rt) No.1515/2018/PWD നമ്പർ ഉത്തരവ് പ്രകാരം മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനത്തിന് 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 17-4-2019-ലെ G.O.(Rt) No.1036/2019/RD പ്രകാരം ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിക്കുകയും ഏറ്റെടുക്കലിനായി റവന്യൂ വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തിയായാലുടൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ഒ.ഡി.ആർ. ലെവൽ റോഡുകൾ**

71 (1203) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അധീനതയിലുള്ള ഒ .ഡി.ആർ. ലെവലിലുള്ള റോഡുകൾ പി ഡബ്ള്യൂ.ഡി. ഏറ്റെടുക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) പി.ഡബ്ള്യൂ.ഡി. റോഡുകളുമായി ബന്ധിപ്പിച്ചിരുന്ന ഏറെ പ്രധാനപ്പെട്ട ഇത്തരം റോഡുകൾ ജനങ്ങൾ ഏറെ ആശ്രയിക്കുന്നതിനാൽ ഈ റോഡുകൾ വികസിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ തദ്ദേശസ്വയംഭരണ റോഡുകൾ ഒന്നും ഏറ്റെടുക്കേണ്ട തില്ലെന്നതാണ് സർക്കാർ നയം.

**കളരാന്തിരി പട്ടിണിക്കര നെല്ലാങ്കണ്ടി റോഡ് നിർമ്മാണം**

72 (1204) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പൊതുമരാമത്ത് റോഡ് ഡിവിഷന് കീഴിൽ കൊടുവള്ളി സെക്ഷൻ പരിധിയിലുള്ള കളരാന്തിരി പട്ടിണിക്കര നെല്ലാങ്കണ്ടി റോഡിൽ 2006 മേയ് മുതൽ 2011 ഏപ്രിൽ വരെയുള്ള കാലയളവിൽ ഏതൊക്കെ ചെയിനേജിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത റോഡിൽ ഏതെങ്കിലും കൾവർട്ട് പുതുതായി നിർമ്മിക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഈ കാലയളവിൽ പ്രസ്തുത റോഡിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിശദാംശങ്ങളും ഭരണാനുമതി നൽകിയ ഉത്തരവുകളിൽ ലഭ്യമായ 2 ഉത്തരവുകളുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കോഴിക്കോട് എയർപോർട്ടിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പദ്ധതി**

73 (1205) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് എയർപോർട്ടിൽ പുനഃസ്ഥാപിച്ച പശ്ചാത്തലത്തിൽ എയർപോർട്ടിലേക്കുള്ള വിവിധ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി ഇതേവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള നവീകരണ പദ്ധതിയിലേക്ക് മലപ്പുറം ജില്ലയിൽ നിന്ന് ഏതൊക്കെ പ്രവൃത്തികൾക്കുള്ള പ്രപ്പോസലുകളാണ് ലഭിച്ചതെന്ന് അറിയിക്കാമോ; ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) 2020-ലെ ഹജ്ജ് നടപടിക്രമങ്ങൾ ആരംഭിച്ച സ്ഥിതിക്ക് അടിയന്തരമായി കലിക്കറ്റ് എയർപോർട്ടിലേക്കുള്ള റോഡുകൾ നന്നാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് എയർപോർട്ടിലേയ്ക്കുള്ള വിവിധ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുമില്ല.

(സി) കോഴിക്കോട് എയർപോർട്ടിലേയ്ക്കുള്ള പ്രധാന ലീഡിംഗ് റോഡ് ഇപ്പോൾ ഗതാഗതയോഗ്യമാണ്.

**മഴവഞ്ചേരി -ചൂണ്ടൽ റോഡിന്റെ വികസനം**

74 (1206) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തി പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി സർക്കാരിന്റെയോ കിഫ്ബിയുടെയോ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത റോഡിൽ കേച്ചേരി, ചൂണ്ടൽ എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ മലപ്പുറം ജില്ലയിലെ ഭാഗം ഉൾപ്പെടുത്തിയും തൃശ്ശൂർ ജില്ലയിലെ ഭാഗം ഉൾപ്പെടുത്തിയും വെവ്വേറെ ഡി.പി.ആർ. സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ തൃശ്ശൂർ കുറ്റിപ്പുറം റോഡിലെ മലപ്പുറം ജില്ലയിലെ പൊന്നാനി, തവനൂർ മണ്ഡലങ്ങൾ ഉൾപ്പെടെ

29.88 കി.മീ. ദൂരം റീബിൽഡ് കേരളയുടെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ തൃശ്ശൂർ ജില്ലയിലെ മാത്രം ഭാഗം ഉൾപ്പെടുത്തി ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) പ്രസ്തുത റോഡ് പ്രവൃത്തിയിൽ കേച്ചേരി, ചൂണ്ടൽ എന്നിവിടങ്ങളിൽ പാലങ്ങളുടെ നിർമ്മാണം ഉൾപ്പെട്ടിട്ടില്ല.

**തളിപ്പറമ്പ- ഇരിട്ടി റോഡ്**

75 (1207) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തളിപ്പറമ്പ് - ഇരിട്ടി റോഡിന് എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) നിലവിൽ പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ഭാഗമാണ് ടെൻഡർ ചെയ്തതെന്നും ഇതിനായി നീക്കിവച്ചത് എത്ര രൂപയാണെന്നും അറിയിക്കാമോ;

(ഡി) തളിപ്പറമ്പ് നിന്നും തുടർച്ചയായി 46/470 കിലോമീറ്റർ ഭാഗം റോഡിന്റെ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനു പകരം റോഡിന്റെ രണ്ടറ്റത്തേയും പ്രവൃത്തി മാത്രമായി ടെൻഡർ ചെയ്യാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) ശേഷിക്കുന്ന 16.800 കിലോമീറ്റർ ഭാഗം വീതികൂട്ടി മെക്കാഡം ടാറിംഗ് നടത്തുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തെ സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിട്ടി - ശ്രീകണ്ഠപുരം - തളിപ്പറമ്പ റോഡിന് (30 കി.മീ.) 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ പ്രസ്തുത റോഡിന്റെ ഇരിട്ടി മുതൽ കണിയാർവയൽ വരെയും (22.470 കി.മീ.) ചെർക്കളം മുതൽ കപ്പാലം വരെയും (6.825കി.മീ.) ആകെ 29.295 കി.മീ. ഭാഗമാണ് ടെണ്ടർ ചെയ്തത്. ഇതിനായി 35 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇരിട്ടി -ശ്രീകണ്ഠപുരം -തളിപ്പറമ്പ് റോഡിന്റെ 30 കി.മീ. ഭാഗം പുനരുദ്ധാരണത്തിന് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇരിട്ടിയിൽനിന്ന് കണിയാർവയൽ വരെ 22.47 കി.മീ. റോഡും ചെർക്കളം മുതൽ കപ്പാലം വരെ 6.825 കി.മീ. റോഡും കൂടി ആകെ 29.295 കി.മീ. റോഡിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തത്. പ്രവൃത്തി ഇരിട്ടിയിൽ നിന്നാണ് ആരംഭിച്ചത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർണ്ണമായും 46.47 കി.മീ. ഉൾപ്പെടുത്താൻ സാധിക്കുമായിരുന്നില്ല. ആലക്കോട്, പയ്യന്നൂർ, ചെറുപുഴ ഭാഗത്തുനിന്നുള്ളവർക്ക് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് ചെർക്കളയിൽനിന്നും നണിച്ചേരിക്കടവ് പാലം - മയ്യിൽ - ചാലോട് വഴി എളുപ്പം എത്തിച്ചേരാവുന്നതും കരിമ്പം ഭാഗത്തെ അപകട വളവുകൾ മെച്ചപ്പെടുത്തുന്നതുംകൂടി പരിഗണിച്ചാണ് ചെർക്കളം മുതൽ കപ്പാലം വരെയുള്ള ഭാഗം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. കപ്പാലം മുതൽ തളിപ്പറമ്പ് ദേശീയപാത വരെ 375 മീറ്റർ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം പ്രവൃത്തി ചെയ്തുവരുന്നു.

(ഇ) ചെർക്കളം മുതൽ കണിയാർ വരെയുള്ള 16.80 കി.മീ. ഏറ്റെടുക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതാണ്.

**പീരുമേട്ടിൽ ബഡ്ജറ്റ് അംഗീകാരമുള്ള ഗ്രാമീണ റോഡുകൾ**

76 (1208) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയിരക്കണക്കിന് കിലോമീറ്റർ ദൂരം ഗ്രാമീണ റോഡുകളും, 220 കിലോമീറ്ററിൽ കുറവ് പി.ഡബ്ല്യു.ഡി. റോഡുമുള്ള പീരുമേട് നിയോജകമണ്ഡലത്തിൽ ബജറ്റ് അംഗീകാരം ലഭിച്ചിട്ടുള്ള വളരെ പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ വൺ ടൈം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തി ചെയ്യുവാനായി ലഭിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

ഗ്രാമീണ റോഡുകളുടെ വൺ ടൈം പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. വൺടൈം പദ്ധതിക്കായി ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടില്ല. 2020-21-ലെ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയാൽ നിർമ്മിക്കാൻ കഴിയും.

## കോവിലകംതാഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

77 (1209) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകംതാഴെ പാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത സ്വകാര്യവ്യക്തികളുടെ ഭൂമിയ്ക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോ;

(ബി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുത്ത എത്രപേർക്കാണ് നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ളത്; ഇവർക്ക് നഷ്ടപരിഹാരതുക ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) കോവിലകംതാഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഒരാൾ ഒഴികെയുള്ളവർക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. ടിയാൾക്ക് നഷ്ടപരിഹാരം ഉടൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി കരാറുകാരന് 26-9-2019-ന് സ്ഥലം കൈമാറി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ ഇനിഷ്യൽ ലെവൽ എടുക്കുന്ന പണി പൂർത്തീകരിച്ചിട്ടുണ്ട്.

## ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

78 (1210) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ബൈപ്പാസിന്റെ സ്കെച്ച്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇത് തയ്യാറാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ബൈപ്പാസുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ചതുപ്പ് പ്രദേശങ്ങളിലൂടെയും വെള്ളക്കെട്ടുള്ള ഭാഗങ്ങളിലൂടെയുമാണ് നിർദ്ദിഷ്ട ബൈപ്പാസ് കടന്നുപോകുന്നത്. തുടർച്ചയായുണ്ടാകുന്ന മഴമൂലം സോയിൽ ടെസ്റ്റിംഗ് യഥാസമയം പൂർത്തിയാക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഡി.പി.ആർ. തയ്യാറാക്കാൻ താമസം നേരിടുന്നത്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ ഹൈവേ**

79 (1211) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ, തീരദേശ ഹൈവേ പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ ഹൈവേ മാട്ടൂൽ സൗത്ത് മുതൽ ഓലക്കീൽ പാലം വരെ 10.775 കി.മീ. ആണ്. ഇതിൽ റോഡിന്റെയും രണ്ട് പാലങ്ങളുടെയും (നീരൊഴുക്കും ചാൽ-ഓലക്കീൽ കടവ്) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഈ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാട്ടൂൽ സൗത്ത് മുതൽ ഓലക്കീൽ വരെയുള്ള തീരദേശ ഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായെങ്കിലും നിർദ്ദിഷ്ട തീരദേശ പാതയുടെ വീതി 14 മീറ്റർ ആക്കി ഉയർത്തിയതിനാൽ കിഫ്ബിയുടെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ ചെയ്ത് സെന്റർ ലൈൻ മാർക്ക് ചെയ്തതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള കോഴിക്കോട്ടുള്ള പഞ്ചായത്ത് റോഡുകൾ**

80 (1212) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 വർഷത്തിൽ കോഴിക്കോട് റോഡ് വിഭാഗത്തിന് കീഴിലുള്ള ഏതെല്ലാം പഞ്ചായത്ത് റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ അപ്രകാരം ഏറ്റെടുത്തു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) 2006-2011 കാലയളവിൽ കോഴിക്കോട് നിരത്ത് വിഭാഗം ഡിവിഷനുകീഴിൽ പഞ്ചായത്ത് റോഡുകളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

**ഇരിങ്ങാലക്കുട-ചന്തക്കുന്ന് മുതൽ ഠാണ വരെയുള്ള റോഡുവികസനം**

81 (1213) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡിലെ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന ചന്തക്കുന്ന് മുതൽ ഠാണവരെയുള്ള ഭാഗത്തിന്റെ വികസനത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡിൽ ഠാണ-ചന്തക്കുന്ന് റോഡ് 117 മീറ്റർ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 16 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**തിരുവനന്തപുരം പി.എം.ജി.-പ്ലാമൂട് റോഡ്**

82 (1214) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിൽനിന്നും പ്ലാമൂടിലേക്ക് പോകുന്ന റോഡിൽ കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുവാൻ സാധിക്കാത്തതിനാൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വീതികൂട്ടുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ വീതി അടിയന്തരമായി കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കാൽനടയാത്രക്കാർക്ക് അപകടം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**തിരുവനന്തപുരം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

83 (1215) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) 2016-17,2017-18,2018-19 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2019-20-ലെ ബജറ്റ് പ്രകാരം തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിനുകീഴിൽ സി.ആർ.എഫ്. ജഗതി-തിരുവല്ലം (എം.സി.ആർ.) റോഡ്, തിരുവനന്തപുരം ജില്ല എന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ ബി.എം.ബി.സി. നിർമ്മാണം ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പള്ളിമുക്ക്-മെഡിക്കൽ കോളേജ് റോഡ് എന്ന പ്രവൃത്തിക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ബഡ്ജറ്റ് പ്രവൃത്തിയായി ഈ റോഡിന്റെ നിർമ്മാണം നടത്തിയതിനാൽ കിഫ്ബി പ്രവൃത്തിക്കായി ഏറ്റെടുത്തില്ല.

പാലം വിഭാഗത്തിനുകീഴിൽ പൊന്നറ (പെരുനെല്ലി) പാലം പുനർനിർമ്മാണത്തിന്റെ Super structure പ്രവൃത്തികളും അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ പ്രവൃത്തികളും നടന്നുവരുന്നു. വള്ളക്കടവ് താൽക്കാലിക ഡൈവേർഷൻ റോഡ് നിർമ്മാണം പ്രവൃത്തി അനുവദിച്ചു. ബണ്ട് നിർമ്മാണം പുരോഗമിക്കുന്നു. ഈസ്റ്റ്ഫോർട്ട്-മണക്കാട് ഫ്ലൈഓവർ (അട്ടക്കുളങ്ങര) നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി.-യായി നിയമിച്ചിട്ടുണ്ട്.

നിരത്ത്, കെട്ടിട വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വക്കം കായിക്കരക്കടവ് പാലം നിർമ്മാണം**

84 (1216) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വക്കം കായിക്കരക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്ന നടപടി വിശദമാക്കുമോ?

ഉത്തരം

വക്കം കായിക്കര പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചു. കൂടാതെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടിയും കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

**നഗരൂർ പാലം നിർമ്മാണം**

85 (1217) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ നഗരൂർ പാലം നിർമ്മാണത്തിന് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക അനുവദിച്ചതു പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ പാലം നിർമ്മാണത്തിന് 2019-20 ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാലത്തിന്റെ ഡിസൈൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൂനൂർ പാലം നിർമ്മാണവും ടൗൺ നവീകരണവും**

86 (1218) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂനൂർപുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന പൂനൂർ പാലത്തിന്റെ ഡി.പി.ആർ. കിഫ്ബി അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൂന്നൂർ പാലം നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂന്നൂർ പാലം നിർമ്മാണവും ടൗൺ നവീകരണവും എപ്പോൾ ആരംഭിക്കാനാവുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂന്നൂർ പുഴയ്ക്കുകുറുകെ നിർമ്മിക്കുന്ന പൂന്നൂർ പാലത്തിന്റെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ട്. അനുമതിക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അലൈൻമെന്റിലും ഡിസൈനിലും മാറ്റം വന്നതിനാൽ ഡി.പി.ആർ. പുതുക്കി സമർപ്പിക്കേണ്ടിവന്നതിനാലാണ് കാലതാമസം നേരിട്ടത്.

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

**കണ്ണൂർ ജില്ലയിലെ പാലങ്ങൾ**

87 (1219) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എതൊക്കെ പാലങ്ങളാണ് പുതുക്കിപ്പണിയുന്നതിനും ബലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) കിഫ്ബിയിലുൾപ്പെടുത്തി പഴയങ്ങാടിയിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ച പാലങ്ങൾ

(1) കോളാട് പാലം

(2) മൂന്നാം പാലം (രണ്ട് പാലങ്ങൾ)

(3) കുറവ പാലം

(4) അച്ചാരത്ത് പാലം

(5) നാറാണത്ത് പാലം

(6) പഞ്ചവടി പാലം

(7) പഴയങ്ങാടി പാലം

(8) ഒളവറ പാലം

(9) കവ്വായി പാലം

(10) അരവഞ്ചൽ പാലം

(11) മണിയറ പാലം

(12) ചേക്കുപാലം

(13) കൊല്ലാക്കൽ പാലം

(14) കുയ്യാലി പാലം

(15) ആനപ്പന്തി പാലം

(16) അയ്യപ്പൻ തോട് പാലം

(17) മരുതായി പാലം

(18) അഞ്ചരക്കണ്ടി പാലം

(19) ചിറ്റാരിത്തോട് പാലം

(20) പത്തായക്കല്ല് പാലം

(21) കല്ലിക്കണ്ടി പാലം

(22) പുത്തൂർ പാലം

<u>ബലപ്പെടുത്തുന്നതിന് തീരുമാനിച്ച പാലങ്ങൾ</u>

(1) പുന്നക്കടവ് പാലം

(2) പാലപ്പുഴ പാലം

(3) പെരിങ്ങത്തൂർ പാലം

(4) ചെറ്റക്കണ്ടി പാലം

(5) കണ്ണാപുരം പാലം

(6) പൂച്ചെട്ടുക്കൽ പാലം

(7) നെല്ലിക്കാപ്പാലം

(8) പഴയങ്ങാടി പാലം.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പാലം ഉൾപ്പെടെ മൂന്ന് പാലങ്ങൾ ഒരേ കരാറിൽ ഉൾപ്പെടുത്തിയാണ് ബലപ്പെടുത്തൽ പ്രവൃത്തി നിർവ്വഹിക്കുന്നത്. (മൊത്തം കരാർ തുക 3.32 കോടി രൂപയാണ്). ഇതിൽ പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിനായി 2.52 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2020 മാർച്ച് 31-ഓടുകൂടി പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി പഴയങ്ങാടിയിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡിസൈൻ ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**ചുള്ളിമാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം**

88 (T*1220) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബജറ്റിൽ പ്രഖ്യാപിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ആലത്തൂർ നിയോജക മണ്ഡലത്തിലെ ചുള്ളിമാട് പാലത്തിന് 10 കോടി രൂപയ്ക്ക് ഭരണാനുമതിയും 9.78 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**കുലശേഖരം കോവിൽക്കടവ് പാലം നിർമ്മാണം**

89 (1221) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ്, കാട്ടാക്കട നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കുലശേഖരം കോവിൽക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് കാട്ടാക്കട മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കുലശേഖരം കോവിൽക്കടവ് പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നവംബർ മാസത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വേങ്കോട് തൊട്ടിപ്പാലത്തിന്റെ പുനർനിർമ്മാണം**

90 (1222) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ, വെള്ളറട എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വേങ്കോട് തൊട്ടിപ്പാലത്തിന്റെ പുനർ നിർമ്മാണത്തിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ തടസ്സങ്ങൾ മാറ്റി അടിയന്തര പ്രാധാന്യത്തോടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ, വെള്ളറട പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വേങ്കോട് തൊട്ടിപ്പാലത്തിന്റെ പുനർനിർമ്മാണത്തിനായി 310 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടാമ്പി പാലത്തിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

91 (1223) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പട്ടാമ്പി പാലത്തിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനായി നല്കിയിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ എന്നാണ് പൊതുമരാമത്ത് (ഇലക്ട്രിക്കൽ) വിഭാഗത്തിൽ ലഭിച്ചതെന്നും അത് നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും തീയതി സഹിതം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തെങ്കിലും മറുപടി സ്ഥലം എം.എൽ.എ.-യ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമില്ല എങ്കിൽ അതിനുള്ള നടപടികൾ അടിയന്തരമായി ആരംഭിക്കുവാൻ സാധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിയുടെ 15,20,000 രൂപയുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് ഭരണാനുമതിക്കും തുകയ്ക്കുംവേണ്ടി പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസൽ 13-9-2018-ന് ഇ-മെയിൽ വഴി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് ലഭിച്ചു. തുടർന്ന് പാലക്കാട് ജില്ലാ കളക്ടർക്ക് 22-10-2018 തീയതിയിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രൊപ്പോസലിന്മേലുള്ള നടപടികൾ സ്വീകരിക്കേണ്ടത് ജില്ലാ കളക്ടറാണ്.

(ഡി) ഭരണാനുമതിയും തുകയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**മുളവുകാട് കേരളേശ്വരം പാലത്തിന്റെ പ്രവർത്തന പുരോഗതി**

92 (1224) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മുളവുകാട് കേരളേശ്വരം പാലത്തിന്റെ പ്രവർത്തനപുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസ്സം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) മുളവുകാട് കേരളേശ്വരം പാലം നിർമ്മാണത്തിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ വാല്യം 2 അനുബന്ധം 2 പേജ് നമ്പർ 33 ക്രമനമ്പർ 722

പ്രകാരം 100 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. പ്രാരംഭ നടപടിയായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, ഡിസൈൻ തയ്യാറാക്കി, ഡിസൈനിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്താൽ മാത്രമേ കിഫ്ബി അംഗീകാരം ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ഹരിപ്പാട് വലിയഴീക്കൽ പാലത്തിന്റെ നിർമ്മാണം

93 (1225) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തുവാനുള്ളത്;

(സി) പാലത്തിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വലിയഴീക്കൽ പാലത്തിന് 37 മീറ്റർ നീളമുള്ള 13 സ്പാനുകളും 110 മീറ്റർ നീളമുള്ള മൂന്ന് സ്പാനുകളുമാണുള്ളത്. 37 മീറ്റർ നീളമുള്ള 12 സ്പാനുകൾ പൂർത്തിയായിട്ടുണ്ട്.

(ബി) അഴിമുഖത്തേയ്ക്കുള്ള മൂന്ന് 110 മീറ്റർ സ്പാനുകളുടെ നിർമ്മാണവും 37 മീറ്റർ നീളമുള്ള ഒരു സ്പാനിന്റെ നിർമ്മാണവും ഇരുകരകളിലെയും അപ്രോച്ച് റോഡുകളുടെ നിർമ്മാണവും പൂർത്തിയാക്കാനുണ്ട്. അപ്രോച്ച് റോഡിനും പാലം നിർമ്മാണത്തിനുമുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി സ്ഥലം ലഭ്യമാക്കുമ്പോൾ അപ്രോച്ച് റോഡിന്റെയും പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും.

(സി) 2020 ഡിസംബർ മാസം പൂർത്തീകരിക്കാവുന്ന വിധത്തിലാണ് നിർമ്മാണം പുരോഗമിക്കുന്നത്.

## പാറപ്പുറം-വല്ലം കടവ് പാലത്തിന്റെ നിർമ്മാണം

94 (1226) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ പെരിയാറിനു കുറുകെയുള്ള പാറപ്പുറം വല്ലം കടവ് പാലത്തിന്റെ നിർമ്മാണം നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലമാണ് നിർമ്മാണം സ്തംഭനാവസ്ഥയിൽ ആയിരിക്കുന്നത്. എത്രയുംവേഗം നിർമ്മാണം പുനരാരംഭിക്കുന്നതിന് സെപ്റ്റംബർ മാസത്തിൽത്തന്നെ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയത്തോടനുബന്ധിച്ച് നിർമ്മാണ വസ്തുക്കളുടെ ദൗർല്ലഭ്യവും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്.

(സി) 1-12-2019 വരെയാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നത്. എന്നാൽ നിർമ്മാണം സ്തംഭനാവസ്ഥയിൽ ആയതുമൂലം ദീർഘിപ്പിച്ച കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയില്ല. കരാറുകാരൻ ഉടൻ പണി ആരംഭിച്ചാൽ 31-12-2020-നുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കരാറുകാരൻ പ്രവൃത്തി പുനരാരംഭിച്ചിട്ടില്ലെങ്കിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുമൻതൊടി പാലം നിർമ്മാണം**

95 (1227) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ കുമൻതോടിന് കുറുകെ കുമൻതൊടി പാലം നിർമ്മാണത്തിന് ഭരണാനുമതിക്കായി പൊതുമരാമത്ത്(ഡി)വകുപ്പിൽ നിന്നും 422/2019/D1/PWD നമ്പർ ആയി ധനവകുപ്പിലേക്ക് ഫയൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലെ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) 2019-20 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാലങ്ങളുടെ പുനർനിർമ്മാണം

96 (1228) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെ സർവ്വേയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) കാലപ്പഴക്കമുള്ള പാലങ്ങളുടെ പുനർനിർമ്മാണം അടിയന്തരമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ അടിയന്തരമായി പുതുക്കി പണിയേണ്ട പാലങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തെക്കുംപുറം ളുറ്റിപാടം പാലം, തിരുവഴിയോട് പാലം, കുമ്പളക്കോട് പാലം, കണ്ണന്നൂർക്കടവ് (ഗായത്രി) പാലം, ചീനംപുഴ പാലം, ഊട്ടറ പാലം.

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കണ്ണന്നൂർക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ വിംഗിന് സമർപ്പിച്ചു. ഊട്ടറ ആർ.ഒ.ബി.-യുടെ നിർമ്മാണത്തിനും ഊട്ടറ പുഴപ്പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കാനുമുള്ള സർവ്വേ പൂർത്തീകരിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) കണ്ണന്നൂർക്കടവ് (ഗായത്രി) പാലം, ഊട്ടറ പാലം.

## പള്ളിപ്പുറം കോൺവെന്റ് പാലത്തിന്റെ നിർമ്മാണ പുരോഗതി

97 (1229) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിപ്പുറം കോൺവെന്റ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

ഉത്തരം

8 സ്പാനുകളിലായി നിർമ്മിക്കുന്ന പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ 54 പൈലുകളിൽ 11 പൈലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പാലത്തിന്റെ അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കേണ്ടതിന് 329 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ 26-10-2019-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചെമ്പുകടവ്, കുപ്പായക്കോട്, വഴിക്കടവ് പാലങ്ങളുടെ പുനർനിർമ്മാണം

98 (1230) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്തിൽ നാശം സംഭവിച്ചതും പ്രളയത്തിൽ തകർന്നതുമായ തിരുവമ്പാടി മണ്ഡലത്തിലെ ചെമ്പുകടവ്, കുപ്പായക്കോട്, വഴിക്കടവ് എന്നിവിടങ്ങളിൽ പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഭരണാനുമതി നൽകുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തരമായി പുതുക്കി പണിയേണ്ട പാലങ്ങൾ ചെമ്പുകടവ് പാലം, കുപ്പായക്കോട് പാലം, വഴിക്കടവ് പാലം എന്നിവയാണ്. അതിൽ ചെമ്പുകടവ് പാലം പുനർനിർമ്മാണത്തിനുള്ള 527 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും കുപ്പായക്കോട് പാലം പുനർനിർമ്മാണത്തിനുള്ള 310 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. വഴിക്കടവ് പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള ടെന്റേറ്റീവ് ഡ്രോയിംഗ് ലഭ്യമായിട്ടില്ല.

## പാലാരിവട്ടം പാലം

99 (1231) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലത്തിന്റെ നിർമ്മാണ ക്രമക്കേടുമായി ബന്ധപ്പെട്ട് മദ്രാസ് ഐ.ഐ.റ്റി.-യുടെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. ഇ. ശ്രീധരന്റെ കണ്ടെത്തലുകളുടെ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിൽ ഏതാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ടി പാലം പുതുക്കിപണിയുന്ന കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് മദ്രാസ് ഐ.ഐ.റ്റി.-യിലെ വിദഗ്ദ്ധർ പരിശോധന നടത്തിയിരുന്നു. ഐ.ഐ.റ്റി.-യുടെ ഫൈനൽ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി.-യുടെ ഫൈനൽ റിപ്പോർട്ടിന്മേൽ ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി.-യുടെ റിപ്പോർട്ട്, ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും ആ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച നിർദ്ദേശം അംഗീകരിക്കുകയും 25-10-2019-ലെ സ.ഉ.(കൈ)നമ്പർ 52/2019/പൊമവ പ്രകാരം പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി ഡി.എം.ആർ.സി.-യെ ഏൽപ്പിക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**കീരക്കുണ്ട് പാലം നിർമ്മാണം**

100 (1232) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ചിട്ടുള്ള കീരക്കുണ്ട് (കുറുവ) പാലം നിർമ്മാണത്തിന് ആവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചു വന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഭരണാനുമതി നൽകിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിംഗിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ നടപടികൾ പുരോഗമിക്കുന്നു. ഡിസൈൻ പൂർത്തിയായാൽ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

(സി) ഇൻവെസ്റ്റിഗേഷൻ ഡിസൈൻ നടപടികൾ, ഡി.പി.ആർ. പ്രവൃത്തിക്ക് വേണ്ട ഭരണാനുമതി/സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ, എഗ്രിമെന്റ് നടപടികൾ എന്നിവയെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

**നെന്മാറയിലെ പാലങ്ങളുടെ പുനർനിർമ്മാണം**

101 (1233) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ പ്രളയകാലത്ത് തകർന്ന ഏതെല്ലാം പാലങ്ങളുടെ പുനർനിർമ്മാണത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2018-19 പ്രളയകാലത്ത് തകർന്ന നെന്മാറ-നെല്ലിയാമ്പതി റോഡിലെ 11/400 കി.മീ.-ൽ കുണ്ടറച്ചോല പാലം പുനർനിർമ്മാണത്തിന് 1.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ പണി പൂർത്തിയായി. പാർശ്വഭിത്തിയുടെ പണി പുരോഗമിക്കുന്നു.

**പോങ്ങുംമൂട് പുന്നാവൂർ പാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

102 (1234) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പോങ്ങുംമൂട് പുന്നാവൂർ പാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ആയതിന്റെ തുടർനടപടികളെക്കുറിച്ചും നിർമ്മാണം എന്നാരംഭിക്കാനാകുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പോങ്ങുംമൂട് പുന്നാവൂർ പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 410 ലക്ഷം രൂപയുടെ

ഭരണാനുമതിയും 283 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുതിയ എൽ.എ. ആക്ടുപ്രകാരം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി എസ്.ഐ.എ. പഠനം പൂർത്തീകരിക്കുകയും എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കുമ്മല്ലൂർ പാലം നിർമ്മാണം

103 (1235) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം പണി ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം തുടർ നടപടികൾ അവശേഷിക്കുന്നുണ്ടെന്നും ആയത് പൂർത്തിയാക്കി എന്ന് പാലം പണി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കുമ്മല്ലൂർ പാലം നിർമ്മാണത്തിനായി 2017-18 കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. കിഫ്ബിയിൽനിന്ന് ഡി.പി.ആർ. അംഗീകരിച്ച് ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയാണെങ്കിൽ ടെണ്ടർ നടപടി പൂർത്തിയാക്കി പണി ആരംഭിക്കാൻ കഴിയും.

## വയ്യാറ്റിൻകര പാലം നിർമ്മാണം

104 (1236) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിളിമാനൂർ-അടയമൺ-കടയ്ക്കൽ റോഡിലെ വയ്യാറ്റിൻകര പാലം നിർമ്മാണത്തിന് 2019-20-ലെ ബജറ്റിൽ തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

### ഉത്തരം

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വയ്യാറ്റിൻകര പാലം നിർമ്മാണത്തിന് 2019-20-ലെ ബഡ്ജറ്റിൽ തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**തലപ്പാടി മുതൽ ചെർക്കളം വരെയുള്ള എൻ.എച്ച്.-ന്റെ പ്രവൃത്തി**

105 (T*1237) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തലപ്പാടി മുതൽ ചെർക്കളം വരെയുള്ള എൻ.എച്ച്. അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത വകയിൽ നാളിതുവരെയായി സ്ഥലം ഉടമകൾക്ക് എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിശ്ചിത നഷ്ടപരിഹാര തുക കൂടിപ്പോയി എന്ന എൻ.എച്ച്. അതോറിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലം ഉടമസ്ഥർക്ക് തുക നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ വില്ലേജുകളിലെ സ്ഥലം ഉടമസ്ഥർക്കാണ് തുക നൽകാനുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) തർക്കം പരിഹരിച്ച് സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരതുക നൽകി സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി എന്ന് തുടങ്ങാനാവും; വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ചെർക്കളം വരെയുള്ള ദേശീയപാത വികസന പ്രവൃത്തികൾക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ 258 കോടി രൂപ അനുവദിച്ചു. പ്രസ്തുത ഭാഗത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി 129.63 കോടി രൂപ CALA നൽകിയിട്ടുണ്ട്.

(ബി-ഡി) നിശ്ചിത നഷ്ടപരിഹാര തുക കൂടിപ്പോയി എന്ന നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലഉടമകൾക്ക് തുക നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചാലക്കുടി കോർട്ട് ജംഗ്ഷനിലെ അണ്ടർ പാസ്സേജിന്റെ നിർമ്മാണം**

106 (1238) ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി കോർട്ട്ജംഗ്ഷനിലെ നിർദ്ദിഷ്ട അണ്ടർ പാസ്സേജിന്റെ നിർമ്മാണം മന്ദഗതിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

*'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലവാസികളുടെ എതിർപ്പും അത് പരിഹരിച്ച് നിർമ്മാണം നടത്തുന്നതിന് പ്രാദേശിക ഭരണകൂടത്തിന്റെ സഹകരണക്കുറവുംകൊണ്ട് 2008-ൽ അംഗീകാരം ലഭിച്ച അണ്ടർപ്പാസിന്റെ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. എതിർപ്പുകൾ എല്ലാം തീർക്കാൻ കഴിഞ്ഞത് 2018 മാർച്ചിലാണ്.

അണ്ടർപ്പാസിന്റെ പുതുക്കിയ എസ്റ്റിമേറ്റ് NHAI അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ തുടങ്ങുന്നതാണ്.

**വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാത നിർമ്മാണം**

107 (1239) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 20 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

**നാഷണൽ ഹൈവേ 766-ൽ കുന്ദമംഗലം ജംഗ്ഷനിൽ ബൈപ്പാസ്**

108 (1240) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 766-ൽ കുന്ദമംഗലം ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചത് ഏത് സ്ഥാപനത്തെയാണെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തി എത്ര ഘട്ടമായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഓരോ ഘട്ടത്തിലും എത്ര രൂപ വീതമാണ് ചെലവ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒന്നാം ഘട്ടത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം വരാനുള്ള കാരണം വിശദമാക്കാമോ; പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ-സി) കുന്ദമംഗലം ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ് എന്ന പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് പദ്ധതി പ്രധാന റോഡുകളുമായി ബന്ധിപ്പിക്കപ്പെടാത്തതിനാൽ ദേശീയപാതയുടെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേയ്ക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി (ഫേസ് 1- പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ്-62.15 കോടി രൂപ, ഫേസ് 2- ഉണ്ടോടിക്കടവ്-പടനിലം -24.90 കോടി രൂപ, ഫേസ് 3- പണ്ടാരപ്പറമ്പ്-കാരന്തൂർ 96.40 കോടി രൂപ) ചെയ്യുന്നതിന് ആകെ 183.45 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് ആർ.ബി.ഡി.സി.കെ. നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**റാന്നി ഇട്ടിയപ്പാറ ശബരിമല പിൽഗ്രിം സെന്റർ നിർമ്മാണം**

109 (1241) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഇട്ടിയപ്പാറയിൽ ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; എത്ര രൂപയാണ് പദ്ധതിയ്ക്കായി അനുവദിച്ചത്;

(ബി) ഈ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനായി ഇതിൽ നിന്നും എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എത്ര രൂപയ്ക്കാണ് ടെണ്ടർ ചെയ്തത്; ടെണ്ടർ ലഭിച്ചത് ആർക്കാണ്; തുക എത്രയായിരുന്നു എന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണം നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഇ) നിർമ്മാണം വീണ്ടും ടെണ്ടർ ചെയ്യാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റാന്നി ഇട്ടിയപ്പാറയിൽ ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം 10-10-2014-ലാണ് ആരംഭിച്ചത്. ഈ പ്രവൃത്തിയുടെ ഭരണാനുമതി 16 കോടി രൂപയാണ്.

(ബി) ഈ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 72.69 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് 15.45 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(സി) 15.45 കോടി രൂപയ്ക്കാണ് ഈ പദ്ധതി ടെണ്ടർ ചെയ്തിരിക്കുന്നത്. റോജർ മാത്യു മൂവാറ്റുപുഴയ്ക്ക് 17.18 കോടി രൂപയ്ക്കാണ് ടെണ്ടർ അംഗീകാരം നൽകിയത്.

(ഡി) സമയബന്ധിതമായി പണി പൂർത്തീകരിക്കാത്തതുകൊണ്ട് കരാറുകാരനെ ഈ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയതിനാലാണ് പണി നിർത്തിവച്ചത്.

(ഇ) ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കിവരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയതിനെതിരെ കേസ് ഫയൽ ചെയ്യുകയും കേസ് തള്ളുകയും ചെയ്തിട്ടുള്ളതാണ്. കരാറുകാരൻ വീണ്ടും സർക്കാരിനെതിരെ കേസ് ഫയൽ ചെയ്യുകയും സർക്കാരിന്റെ ഭാഗത്തുനിന്നും അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്റെ വാദം നടന്നുകൊണ്ടിരിക്കുകയുമാണ്.

**മാവൂർ രജിസ്ട്രാർ ഓഫീസ് കെട്ടിടം**

110 (1242) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ പതിനഞ്ച് സെന്റ് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) മാവൂർ റോഡ് നിർമ്മിക്കാൻ മണ്ണെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് വിലക്കെടുത്തതും ഉപയോഗമില്ലാത്തതിനാൽ അന്യാധീനപ്പെട്ടുകിടക്കുന്നതുമായ പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) മാവൂർ രജിസ്ട്രാർ ഓഫീസിന് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചുനൽകുന്നത്, റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വകുപ്പ് വക സ്ഥലം പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ

പരിഗണിക്കേണ്ടതില്ല എന്ന് സർക്കുലർ നിലവിലുള്ള സാഹചര്യത്തിൽ ഇപ്രകാരം പൊതുമരാമത്ത് വകുപ്പ് വക സ്ഥലങ്ങൾ വിട്ടുനൽകുന്നത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുകയാണ് പതിവ്. ഈ സാഹചര്യത്തിൽ മാവൂർ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതിന് നിർവ്വാഹമില്ല.

**മാതമംഗലം ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം നിർമ്മാണം**

111 (1243) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്ന് മൂന്ന് കോടി രൂപ അനുവദിച്ച് ഉത്തരവായ പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽനിന്ന് ഭരണാനുമതി ലഭിച്ചത് എന്നാണ്;

(സി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചത് എന്നാണ്;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാതമംഗലം ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് എസ്.പി.വി. ആയി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എസ്.പി.വി.-യെ മാറ്റണം എന്നാവശ്യപ്പെട്ട് കൈറ്റ് നൽകിയ കത്ത് സർക്കാർ പരിശോധിച്ചുവരുന്നു. ആയതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) 7-6-2018-ൽ കിഫ്ബിയിൽനിന്ന് ഭരണാനുമതി ലഭിച്ചു.

(സി) 23-7-2018-ൽ സാങ്കേതികാനുമതി ലഭിച്ചു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ടെണ്ടർ നടപടികൾ 2019 മാർച്ചിൽ ആരംഭിച്ചിരുന്നു. എന്നാൽ അനുയോജ്യരായ കരാറുകാരെ കിട്ടാത്തതുമൂലം റീ-ടെണ്ടർ നടത്തിയിട്ടുണ്ട്.

തുടർനടപടികൾക്കായി എസ്.പി.വി.-യെ മാറ്റണമെന്ന കൈറ്റിന്റെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

112 (1244) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം തടസ്സപ്പെടുത്തുന്നതിന് സ്വകാര്യ വ്യക്തി നടത്തുന്ന അനാവശ്യമായ എതിർപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണത്തിനുള്ള സൈറ്റ് 15-10-2018-ന് നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറി കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് നടപടികൾ 5-12-2018-ന് പൂർത്തീകരിച്ച് നിർമ്മാണ നടപടികൾ 17-9-2019-ന് ആരംഭിച്ചിട്ടുണ്ട്. എന്നാൽ കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമായ കെട്ടിട നിർമ്മാണ അനുമതിക്കെതിരെ ശ്രീ. കെ. വി. വിജയകുമാരൻ എന്നയാൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl.658/19 നമ്പറായി ഫയൽ ചെയ്ത ഒരു ഹർജിയിന്മേൽ Building Permit സ്റ്റേ ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം 3-10-2019 മുതൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് വക സ്ഥലത്തിന്റെ സമീപവാസിയായ ശ്രീ. നജ്ജൂൺ നാസ്സർ ടി സ്ഥലത്തിന് അവകാശവാദം ഉന്നയിച്ച് ബഹു. ആലത്തൂർ മുൻസിഫ് കോടതിയിൽ O.S. No.191/2017 ഫയൽ ചെയ്യുകയും കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽനിന്നും എതിർകക്ഷികളെ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത I.A. No.935/2017 കേസ് ബഹു. കോടതിയുടെ 31-8-2017-ലെ ഉത്തരവുപ്രകാരം തള്ളുകയുമുണ്ടായി. ഇതിനെതിരെ പരാതിക്കാരൻ C.M.A. (Civil Miscellaneous Appeal) No.101/2017 ബഹു പാലക്കാട് അഡീഷണൽ ജില്ലാ കോടതിയിൽ ഫയൽ

ചെയ്തെങ്കിലും ആയതും 12-12-2017-ലെ വിധിന്യായ പ്രകാരം തള്ളുകയും ബഹു. മുൻസിഫ് കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്.

തുടർന്ന് Land Assignment Rules 1964 Section 6 പ്രകാരം Beneficial Enjoyment-നായി പ്രസ്തുത സ്ഥലം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. നജ്ജൺ നാസർ റവന്യൂ ഡിവിഷണൽ ഓഫീസറെ സമീപിച്ചുവെങ്കിലും പ്രസ്തുത അപേക്ഷയും നിരസിച്ചിട്ടുള്ളതാണ്.

ഇതിനെതിരെ ശ്രീ. നജ്ജൺ നാസർ സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. അതോടൊപ്പം പ്രസ്തുത അപ്പീലിൽ സർക്കാർ തീരുമാനം വരുന്നതിനുമുമ്പ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C)No.32911/2018 നമ്പറായി ഒരു ഹർജി ഫയൽ ചെയ്യുകയും അതിന്മേൽ പരാതിക്കാരനെ നേരിൽ കേട്ട് തീരുമാനമെടുക്കണമെന്ന ബഹു. കോടതിയുടെ 9-10-2018-ലെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ച് ടിയാനെ നേരിൽ കേട്ട് അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുണ്ട്.

സർക്കാർ ഉത്തരവിനെതിരെ റിവിഷൻ ഹർജി നൽകുന്നതിനുള്ള സാവകാശത്തിനായി ശ്രീ. നജ്ജൺ നാസർ ഹൈക്കോടതിയിൽ സമർപ്പിച്ച WP(C)No.7461/2019(G) നമ്പർ ഹർജി പരിഗണിച്ച് ഒരാഴ്ചത്തേയ്ക്കുകൂടി തൽസ്ഥിതി തുടരുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 19-3-2019-ന് ബഹു. കോടതി ടി ഹർജിയും തീർപ്പാക്കിയിട്ടുള്ളതാണ്.

അവസാനമായി 16-3-2019 WP(C)No.8696/2019 നമ്പരായി ഒരു റിട്ട് ഹർജികൂടി ശ്രീ. നജ്ജൺ നാസർ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത കേസ് 22-5-2019-ന് പരിഗണിച്ചുവെങ്കിലും അന്തിമ വിധി ആയിട്ടില്ല.

ശ്രീ. കെ. വി. വിജയകുമാരൻ എന്നയാളും ടി കെട്ടിട നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നതിലേയ്ക്കായി കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമായ കെട്ടിട നിർമ്മാണ അനുമതിക്കെതിരെയും അത് പ്രകാരമുള്ള നിർമ്മാണ നടപടികളെയും ചോദ്യം ചെയ്തുകൊണ്ട് കുഴൽമന്ദം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ റീജിയണൽ മാനേജർ, കരാറുകാരനായ ശ്രീ. മുഹമ്മദ് ബഷീർ എന്നിവരെ കക്ഷി ചേർത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിന് സമർപ്പിച്ച 658/2019 എന്ന അപ്പീലിന് 25-9-2019-ലെ IA.No.1429/2019 ഉത്തരവുപ്രകാരം നിർമ്മാണ നടപടികളിന്മേൽ സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം 3-10-2019 മുതൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

ശ്രീ. കെ. വി. വിജയകുമാരൻ എന്നയാൾ സബ് രജിസ്ട്രാർ ഉൾപ്പെടെയുള്ളവരെ എതിർകക്ഷികളാക്കികൊണ്ട് ബഹു. ഹൈക്കോടതിയിൽ 4-10-2019-ന് ഒരു റിട്ട് പെറ്റീഷൻ കൂടി ഫയൽ ചെയ്തിട്ടുള്ളതാണ്. ആയതും കോടതിയുടെ പരിഗണനയിലാണ്.

## പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ

113 (1245) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-5-2016 ൽ 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതും 26-5-2018-ന് ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതുമായ കൊച്ചി നിയോജക മണ്ഡലത്തിലെ പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എവിടെ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല.

(ബി) ടി നിർമ്മാണ പ്രവർത്തനങ്ങൾക്കായി റവന്യൂ വകുപ്പിൽനിന്നും സ്ഥലം കൈമാറ്റം ചെയ്ത് കിട്ടിയിട്ടില്ല.

## ചെങ്ങന്നൂർ ആയുർവ്വേദ ആശുപത്രിയുടെ നിർമ്മാണം

114 (1246) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടും ചെങ്ങന്നൂർ ആയുർവ്വേദ ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുമോയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ & ബി) ചെങ്ങന്നൂർ ആയുർവ്വേദ ആശുപത്രി നിർമ്മാണത്തിനായി നിർദ്ദിഷ്ട സൈറ്റിൽനിന്നും മണ്ണ്, പാറ എന്നിവ നീക്കംചെയ്യുന്ന പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ സ്ഥലത്ത് 110 കെ. വി. ഇലക്ട്രിക് ലൈൻ കടന്നുപോകുന്ന ടവർ സ്ഥിതി ചെയ്യുന്നതിനാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽനിന്നും അനുമതി ലഭിക്കേണ്ടതായിവന്നു. കൂടാതെ ഈ ടവറിന്റെ സാന്നിധ്യംമൂലം ഒറിജിനൽ പ്ലാൻ നിർദ്ദിഷ്ട സ്ഥലത്ത് പാകമാകാതെ വരികയും അതുമൂലം പ്ലാനും സക്ചറൽ ഡിസൈനും പുതുക്കേണ്ടതായി വന്നതുമൂലമാണ് നിർമ്മാണം ആരംഭിക്കാൻ കഴിയാതിരുന്നത്. ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡ്രോയിംഗും പുതുക്കിയതുപ്രകാരം ഉടൻ നിർമ്മാണം ആരംഭിക്കുന്നതാണ്.

(സി) ഉടൻ ആരംഭിക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

115 (1247) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ തൊട്ടിൽപ്പാലം-കുണ്ട്തോട്, കുളങ്ങരത്ത്-നമ്പ്യാത്താൻ കുണ്ട്, മലയോര ഹൈവേയുടെ ഭാഗമായ പുലുവ-തൊട്ടിൽപ്പാലം തുടങ്ങിയ റോഡുകളുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

തൊട്ടിൽപ്പാലം-കുണ്ട്തോട് റോഡിന് 14.25 കോടി രൂപയുടെയും വിലങ്ങാട്-വാളൂക്ക് കുമ്പളച്ചോല-കുളങ്ങരത്ത് റോഡിന് 41.31 കോടി രൂപയുടെയും സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികളും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയോര ഹൈവേയുടെ ഭാഗമായ പുലുവ-തൊട്ടിൽപ്പാലം റോഡിന് 88.13 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇതിൽ ആകെയുള്ള 28 കി.മീ. റോഡിൽ 12.5 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ 14.1 കി.മീ. ഭാഗത്തിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ റോഡ് പ്രവൃത്തികൾ**

116 (1248) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡ് പ്രവൃത്തികൾ ചെയ്യാനാണ് പ്രാഥമിക അനുമതി നൽകിയതെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾ ടെൻഡർ ചെയ്തുവെന്നും അറിയിക്കുമോ;

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ശ്രീകണ്ഠപുരം-ചെമ്പന്തൊടി-നടുവിൽ റോഡ്, മണക്കടവ്- മൂരിക്കടവ്- കാപ്പിമല-ആലക്കോട് റോഡ്, പൂവൻചാൽ-കോളി-കാപ്പിമല റോഡ്, ആലക്കോട്-പാത്തൻപാറ-കനകക്കുന്ന്-വെള്ളാട് റോഡ് എന്നിവയുടെ പ്രവൃത്തികൾ ഓരോന്നും ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) മലയോര ഹൈവേയിൽപ്പെട്ട കരുവഞ്ചാൽ, ആലക്കോട്, നടുവിൽ... എന്നീ പാലങ്ങളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* അവ കൂടാതെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്റ്റിവിറ്റി പാക്കേജിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ റോഡുകൾകൂടി ഉൾപ്പെടുന്ന കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-പാനൂർ-പൂക്കോട്-കൂത്തുപറമ്പ്-മട്ടന്നൂർ റോഡ് (53.15 കി.മീ.) മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ റോഡ് (63.50 കി.മീ.) എന്നീ പ്രവൃത്തികൾക്കുകൂടി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡ്, മണക്കടവ്-മൂരിക്കടവ്-കാപ്പിമല-ആലക്കോട് റോഡ്, പൂവൻചാൽ-കോളി-കാപ്പിമല റോഡ്, ആലക്കോട്-പാത്തൻപാറ-കനകക്കുന്ന്-വെള്ളാട് റോഡ് എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

(സി) നടുവിൽ, ആലക്കോട്, കരുവഞ്ചാൽ എന്നീ പാലങ്ങൾ ഉൾപ്പെടുന്ന മലയോര ഹൈവേയുടെ ഭാഗം കിഫ്ബി പ്രവൃത്തിയായല്ല ഏറ്റെടുത്തിരുന്നത്. കരുവഞ്ചാൽ, ആലക്കോട് എന്നീ പാലങ്ങളുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നടുവിൽ പാലം പുനർനിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**വല്ലാർപ്പാടം റിംഗ് ബണ്ട് റോഡ്**

117 (1249) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള വല്ലാർപാടം റിംഗ് ബൗണ്ട് റോഡിന്റെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭരണാനുമതി എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച വല്ലാർപ്പാടം റിംഗ് ബണ്ട് റോഡിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ഭൂരിഭാഗം സ്ഥലവും പോർട്ട് ട്രസ്റ്റിന്റെ അധീനതയിലും ഇറിഗേഷൻ വിഭാഗത്തിന്റെ അധീനതയിലും ബാക്കി മുളവുകാട് പഞ്ചായത്തിന്റെ പരിധിയിലും വരുന്നതാണ്. പൊതുമരാമത്ത് വകുപ്പിന് പ്രസ്തുതഭാഗം സ്ഥലം വിട്ടുകിട്ടാത്തതിനാൽ കിഫ്ബിയിൽനിന്ന് സാമ്പത്തികാംഗീകാരം ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

**പുളിയറക്കോണം-കുഴക്കാട് ക്ഷേത്രം റോഡിന്റെ നിലവിലെ സ്ഥിതി**

118 (T*1250) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്നും കിഫ്ബി വഴി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി ലഭ്യമായ പുളിയറക്കോണം കുഴക്കാട് ക്ഷേത്രം റോഡിന്റെ (വിവിധ റീച്ചുകളായ പുളിയറക്കോണം മണ്ണയം റോഡ്, ചൊവ്വള്ളൂർ എൻ.എസ്.എസ്. എച്ച്.എസ്. റോഡ്, നെടുംകുഴി ഇടമല റോഡ് പരുത്തംപാറ മൈലാടി റോഡ് നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളും തുടർനടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കിഫ്ബി പദ്ധതിയിൽ നവീകരണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത പുളിയറക്കോണം കുഴക്കാട് ക്ഷേത്രം റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബി അധികാരികൾ സൈറ്റ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ റോഡുകളുടെ

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അടിയന്തര അറ്റകുറ്റപ്രവൃത്തികൾക്കായി താഴെപ്പറയുന്ന പ്രവൃത്തികൾ അറേഞ്ച് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1 | പുളിയറക്കോണം - മണ്ണയം റോഡ് | 1.44 ലക്ഷം |
| 2 | ചൊവ്വള്ളൂർ - എൻ.എസ്.എസ്. റോഡ് | 6 ലക്ഷം |
| 3 | നെടുംകുഴി-ഇടമല-പരുത്തൻപാറ-മൈലാടിറോഡ് | 8 ലക്ഷം |

**പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

119 (1251) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നാട്ടിക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ഏതെല്ലാം പ്രവൃത്തികൾക്കായി അനുവദിച്ചുവെന്ന് വിശദാംശം നൽകുമോ;

(ബി) തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസിനെ ആധുനിക നിലവാരത്തിലാക്കി മാറ്റുന്നതിന് കിഫ്ബി മുഖാന്തിരം കഴിഞ്ഞ വർഷം തുക അനുവദിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക മണ്ഡലത്തിൽ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച തൃപ്രയാർ പാലം എന്ന കിഫ്ബി പ്രവൃത്തിയാണുള്ളത്. ഈ പ്രവൃത്തിക്കായി ഡി.പി.ആർ. സമർപ്പിച്ച് 28.423 കോടി രൂപയ്ക്ക് സാമ്പത്തികാംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

നാട്ടിക-കയ്പമംഗലം നിയമസഭാ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന അഴിമാവ് കടവ് പുഴപാല നിർമ്മാണത്തിനായി G.O. (Rt)No.1531/2017/PWD dated 15-10-2017 പ്രകാരം 17.28 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ അധികാര പരിധിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം ആയും കെട്ടിട വിഭാഗത്തിന്റെ അധികാര പരിധിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം ആയും പാലങ്ങൾ വിഭാഗത്തിന്റെ അധികാര പരിധിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം ആയും ചേർക്കുന്നു.*

നിരത്ത് വിഭാഗത്തിനുകീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ അറ്റകുറ്റപ്രവൃത്തികൾക്കായി 225.75 ലക്ഷം രൂപ, 2017-18-ൽ 284.5 ലക്ഷം രൂപ,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2018-19-ൽ 397.9 ലക്ഷം രൂപ, 2019-20-ൽ 219 ലക്ഷം രൂപ വീതം ഭരണാനുമതി നൽകി തുക അനുവദിച്ചിട്ടുണ്ട്. നിരത്തുവിഭാഗത്തിനുകീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസിനെ ആധുനിക നിലവാരത്തിലാക്കി മാറ്റുന്നതിന് കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. G.O.(Rt)No.995/2017/Tax. Dept Dated 5-12-2017 പ്രകാരം 1,18,80,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫീസിൽനിന്നും ക്ഷണിച്ചിരുന്നു. ഇതിൽ പങ്കെടുത്ത കരാറുകാരൻ MSME Certificate (Excemption from Payment of EMD and tender cash) സമർപ്പിച്ചിരുന്നു. ഇത് pruchase of goods and service-ന് മാത്രം ബാധകമാകുന്നതാണ്. അതുകൊണ്ട് bid reject ചെയ്തിരുന്നു. ടി കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ഇതിന്റെ തീരുമാനം ആകാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല.

**അപ്ഗ്രഡേഷൻ നടത്താൻ തീരുമാനിച്ച റോഡുകൾ**

120 (T*1252) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതി മുഖേന അനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്ത എത്ര റോഡുകളാണ് അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ അപ്ഗ്രേഡേഷൻ നടത്താൻ തീരുമാനിച്ച റോഡുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) എഗ്രിമെന്റ് വച്ച് നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക്, ആയതു പൂർത്തിയായ ശേഷമാണോ അപ്ഗ്രേഡേഷൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി മുഖേന അനുമതി നൽകിയ 34 പ്രവൃത്തികളാണ് ഡിസൈൻ അപ്ഗ്രഡേഷന് തീരുമാനിച്ചിരിക്കുന്നത്. ഇതുപ്രകാരം 6 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. ഇവ സംബന്ധിച്ച് അന്തിമ തീരുമാനം ലഭിച്ചിട്ടില്ല.

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ താഴെപ്പറയുന്ന റോഡുകളാണ് അപ്ഗ്രഡേഷനുവേണ്ടി പരിഗണിക്കപ്പെടാൻ ഉൾപ്പെടുത്തിയിരിക്കുന്നത്:

1. പയ്യോളി-പേരാമ്പ്ര റോഡ്
2. മുട്ടുങ്കൽ-പക്രാന്തളം റോഡ്
3. താമരശ്ശേരി-വരട്ടിയാക്കൽ റോഡ്.

(സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ കിഫ്ബിയുടെ ചട്ടങ്ങൾ പ്രകാരം കരാറിനുള്ളിൽ നിർത്തി ചെയ്യാവുന്ന ആ രീതിയിലും അല്ലാത്തവ രണ്ടാം ഘട്ടമായും ചെയ്യാം എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**പട്ടാമ്പിയിൽ നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്**

121 (1253) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് ഓഫീസ് നിലവിലില്ലാത്തത് നിരത്തു വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ വളരെ ദുഷ്കരമാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പിയിൽ നിരത്തു വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി മണ്ഡലത്തിലെ പ്രവൃത്തികൾ ഷൊർണ്ണൂർ ഓഫീസാണ് നടത്തിവരുന്നത്. പട്ടാമ്പിയിൽ നിരത്തുവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് ഓഫീസുകളും തസ്തികകളും**

122 (1254) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് എവിടെയൊക്കെയാണ് പുതിയ ഓഫീസുകളും തസ്തികകളും സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ലൈൻമാൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ പുതുതായി സൃഷ്ടിച്ച ഓഫീസുകളുടെയും തസ്തികകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>പുതിയ ഓഫീസുകൾ</u>

1. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ
2. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കണ്ണൂർ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട്
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തൃശ്ശൂർ
5. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ആറ്റിങ്ങൽ
6. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, മെഡിക്കൽ കോളേജ് പാരിപ്പള്ളി
7. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, മെഡിക്കൽ കോളേജ് കളമശ്ശേരി
8. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, മെഡിക്കൽ കോളേജ് പാലക്കാട്
9. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, മെഡിക്കൽ കോളേജ് മഞ്ചേരി
10. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, തളിപ്പറമ്പ്
11. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, കാഞ്ഞങ്ങാട്.

<u>പുതിയതായി സൃഷ്ടിച്ച തസ്തികകൾ</u>

| | | |
|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 4 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 7 |
| 4 | ഡിവിഷണൽ അക്കൗണ്ടന്റ് | 2 |
| 5 | ഹെഡ് ക്ലർക്ക് | 2 |
| 6 | ഒന്നാം തരം ഓവർസീയർ | 37 |
| 7 | രണ്ടാം തരം ഓവർസീയർ | 12 |
| 8 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 6 |
| 9 | ലൈൻമാൻ | 4 |
| | ആകെ | 76 |

(ബി) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ 4 ലൈൻമാൻ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് വിഭാഗങ്ങളിൽ ലൈൻമാൻ തസ്തിക സൃഷ്ടിക്കുന്നതിനായി ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി**

123(1255) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പിൽ ക്രമക്കേടുകൾ നടത്തിയതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു; അതിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ജോലിയിൽ കൃത്രിമം കാണിച്ച കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കാമോ;

(സി) എത്ര കരാറുകാരുടെ ലൈസൻസ് റദ്ദാക്കി അവരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കരാറുകാരിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അപ്രകാരം പിഴയിനത്തിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ ക്രമക്കേടുകൾ നടത്തിയതിന്റെ പേരിൽ 276 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്/സ്വീകരിച്ചുവരുന്നു. ഇതിൽ 9 ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ടിട്ടുണ്ട്. ഇവരിൽ 7 പേർ വിരമിച്ചവരാണ്.

(ബി) കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാര നിൽനിന്നും പിഴ ഈടാക്കുക, കരാർ ലൈസൻസ് റദ്ദാക്കുക, ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുക, കൃത്രിമം കാണിക്കുന്ന കരാറുകാരിൽനിന്നും റെസ്റ്റോറേഷൻ തുക കണ്ടുകെട്ടുക, കാലാവധിക്കുള്ളിൽ ഉടമ്പടി വയ്ക്കാതെ പ്രവൃത്തിയിൽനിന്നും പിൻമാറിയിട്ടുള്ള കാരാറുകാരന്റെ ഇ.എം.ഡി. തുക സർക്കാരിലേയ്ക്ക് കണ്ടുകെട്ടുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ M/s Concord Constructions, Kallatra Compound, Railway Station Road, Kanhangad, Kerala എന്ന കരാറുകാരൻ ആലപ്പുഴ ജില്ലയിലെ റോഡുകളുടെ റീസർഫസിംഗ് ജോലികളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ദേശീയപാത സൂപ്രണ്ടിംഗ്

എഞ്ചിനീയറുടെ ഓഫീസിൽ എഗ്രിമെന്റിൽ ഏർപ്പെട്ട പ്രവൃത്തി ഗാരന്റി കാലാവധിക്ക് മുമ്പുതന്നെ റോഡുകൾ പൂർണ്ണമായും തകർന്നതിനാൽ കരാറുകാരന്റെ ലൈസൻസ് റദ്ദാക്കി കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നു. തുടർന്ന് ബഹു. കോടതി നിർദ്ദേശപ്രകാരം ലൈസൻസ് റദ്ദാക്കിയ പ്രക്രിയ പുനഃപരിശോധിച്ച് കരിമ്പട്ടികയിലായിരുന്ന മൂന്നുവർഷത്തോളം കാലാവധി സസ്പെൻഷൻ കാലാവധിയായി കണക്കിലെടുത്ത് രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടുണ്ട്.

ആലപ്പുഴ നിരത്ത് വിഭാഗത്തിനുകീഴിലെ WCNB റോഡ് നവീകരണത്തിന്റെയും ചുങ്കം പാലത്തിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. ശ്യാംരാജു എന്ന കരാറുകാരനെയും കോട്ടയം നിരത്ത് വിഭാഗത്തിനുകീഴിൽ ശ്രീ. ബ്ലസൻ ജോർജ് എന്ന കരാറുകാരനെയും പായിപ്പാട് മാമൂട് റോഡിൽ ഓട നിർമ്മാണവും കലുങ്ക് പുനരുദ്ധാരണവും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ടും ലൈസൻസ് റദ്ദാക്കി ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിട വിഭാഗം സൗത്ത് സർക്കിളിനുകീഴിൽ രണ്ടുപേരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പൊതുമരാത്ത് നിരത്ത് വിഭാഗത്തിൽ ലൈസൻസ് റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് പിഴ ഈടാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ ബന്ധപ്പെട്ട കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിലാണ് പുനഃക്രമീകരിച്ചിട്ടുള്ളത്. WCNB റോഡ്, ചുങ്കം പാലം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 9,30,382.05 രൂപ ശ്രീ. ശ്യാംരാജുവിൽനിന്ന് ഈടാക്കിയിട്ടുണ്ട്. ശ്രീ. ബ്ലസൻ ജോർജ് എന്ന കരാറുകാരനിൽനിന്നും റിസ്ക് കണക്കാക്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തൃശ്ശൂർ ഡിവിഷനുകീഴിൽ പ്രവൃത്തിയിൽ കൃത്രിമം കാണിച്ചതിന് ശ്രീ. സി. കെ. ജേക്കബ് എന്ന കരാറുകാരന്റെ സെക്യൂരിറ്റി തുകയായ 87,400 രൂപ കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ നോർത്ത് സർക്കിളിന് കീഴിൽ ഇ.എം.ഡി. തുകയായ 1,00,000 രൂപ (50,000x2) സർക്കാരിലേയ്ക്ക് പിഴയായി കണ്ടുകെട്ടിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പ് നടത്തിയ നിയമനങ്ങൾ

124 (1256) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വയനാട് ജില്ലയിൽ ആകെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) വയനാട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുള്ള കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാത്ത് വകുപ്പിൽ വയനാട് ജില്ലയിൽ 23 നിയമനങ്ങൾ പി.എസ്.സി. വഴി നടത്തിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ക്ലാർക്ക് | - | 9 |
| ടൈപ്പിസ്റ്റ് | - | 2 |
| ഓഫീസ് അറ്റൻഡന്റ് | - | 6 |
| വാച്ച്മാൻ | - | 6 |
| ആകെ | | 23 |

(ബി) വയനാട് ജില്ലയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| വാച്ച്മാൻ | - | 2 |
| ക്ലാർക്ക് | - | 1 |
| ലൈൻമാൻ | - | 4 |
| ആകെ | | 9 |

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

125 (1257) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ്സ്, ബിൽഡിംഗ്സ് എന്നീ വിഭാഗത്തിലെ ഒഴിവുകൾ പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുമരാത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 80 ഒഴിവുകൾ നിലവിലുണ്ട്.

(ബി) റോഡ്സ് വിഭാഗത്തിൽ 14 ഒഴിവും ബിൽഡിംഗ്സ് വിഭാഗത്തിൽ 19 ഒഴിവും നിലവിലുണ്ട്.

**ഗ്രേഡ്-III ഓവർസിയർ തസ്തികകളിൽ നിയമനം**

126 (1258) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ നിരത്ത് വിഭാഗം ഓഫീസുകളിൽ ഗ്രേഡ്-III ഓവർസിയർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

**വർക്കല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

127 (1259) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജക മണ്ഡലത്തിൽ വർക്കല-തൊടുവേ പാലം നിർമ്മാണ പ്രവൃത്തിയാണ് പാലം വിഭാഗം ഏറ്റെടുത്തിട്ടുള്ളത്. ടി പ്രവൃത്തിയുടെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

RBDCK-യ്ക്ക് കീഴിൽ:-

1. വെൺകുളം ആർ.ഒ.ബി., പുന്നമൂട് ആർ.ഒ.ബി.

19-4-2018-ലെ G.O.(Rt)No.718/2018/PWD പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി.-യായി നിയമിച്ചിട്ടുള്ളതും ഈ പദ്ധതിയുടെ വിശദമായ സമിതി റിപ്പോർട്ടും ജി.എ.ഡി.യും തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്.

2. ഇടവ ആർ.ഒ.ബി.

ഇടവ ആർ.ഒ.ബി. നിർമ്മാണത്തിനായി 27-9-2016-ലെ G.O.(Rt) No.1324/2016/PWD പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി.-യായി നിയമിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന 13-7-2017-ൽ നൽകിയിട്ടുള്ളതും പിന്നീട് രണ്ട് ജംഗ്ഷനുകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 29-8-2018-ൽ പുതുക്കിയ അർത്ഥന തിരുവനന്തപുരം ജില്ലാ കളക്ടർക്കും നൽകിയിട്ടുള്ളതുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതി 21-1-2019-ലെ G.O.(Rt)No.225/2019/RD പ്രകാരം ലഭിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ച് 26-4-2019-ൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർ നടപടിക്രമങ്ങൾ പാലിച്ച് നിലവിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

ദേശീയപാത വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ സി.ആർ.എഫ്. പ്രവൃത്തി നരിക്കല്ല് തച്ചോട്, പനയറ-ചാവറോഡ്-ഞെക്കാട് റോഡ് വികസനം 75% പൂർത്തീകരിച്ചു. സി.ആർ.എഫ്. പ്രവൃത്തി 28-ാം മൈൽ വെട്ടിയറ-കെട്ടിടമുക്ക്-പലവക്കോട്, ഇടമണ്ണിയ-മുക്കട റോഡിന്റെ വികസനം എന്ന പ്രവൃത്തി 20% പൂർത്തീകരിച്ചു. മേൽ പ്രവൃത്തികൾ പുരോഗതിയിലാണ്.

നിരത്തു വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായും* കെട്ടിട വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായും ചേർക്കുന്നു.*

**തലശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

128 (1260) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഇതുവരെയും പൂർത്തിയാക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 വർഷത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ തലശ്ശേരി മണ്ഡലത്തിൽ ചേക്ക പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.

നിരത്ത്, ദേശീയപാത, കിഫ്ബി, കെട്ടിടം വിഭാഗങ്ങളുടെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

129 (1261) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20 വർഷങ്ങളിലെ ബജറ്റുകളിൽ ടോക്കൺ പ്രൊവിഷനായി വന്നിട്ടുള്ള മലപ്പുറം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളും കെട്ടിടങ്ങളും തരംതിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) നിരത്തുവിഭാഗത്തിനുകീഴിൽ 2018-19 വർഷങ്ങളിലെ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ വന്നിട്ടുള്ള മലപ്പുറം മണ്ഡലത്തിലെ റോഡുകൾ.

1. പാണായി-പെരിമ്പലം-ആനക്കയം റോഡ്
2. ഉമ്മത്തൂർ-പാലം ലിങ്ക് റോഡ്
3. പാലക്കാട്-മോങ്ങം റോഡ്
4. കോട്ടപ്പടി ബൈപ്പാസ് റോഡ്
5. ചെളൂർ-ചാപ്പനങ്ങാടി റോഡ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

6. പാറമ്മൽ-പറങ്കി മൂച്ചിക്കൽ റോഡ്

7. അത്താണിക്കൽ-വെള്ളൂർ-ആലക്കാട്-തടപറമ്പ് റോഡ്

8. മൊറയൂർ-അരിമ്പ്ര-പൂക്കോട്ടൂർ റോഡ്

9. അരിമ്പ്ര-മുസ്ല്യയാരങ്ങാടി റോഡ്

10. മുണ്ടുപറമ്പ്-ചെന്നത്ത്-മാരിയാട് റോഡ്

11. ഇരുമ്പുഴി-മേൽമുറി റോഡ്

12. മുള്ളമ്പാറ-കോണികല്ല്-ഇരുമ്പുഴി റോഡ്.

2019-20 ടോക്കൺ പ്രൊവിഷൻ ഉള്ളത്

1. പാറമ്മൽ-പറങ്കിമൂച്ചിക്കൽ റോഡ്

2. ചേളൂർ-ചാപ്പനങ്ങാടി റോഡ്

3. അത്താണിക്കൽ-വെള്ളൂർ-ആലക്കാട്-തടപറമ്പ് റോഡ്

4. മൊറയൂർ-അരിമ്പ്ര-പൂക്കോട്ടൂർ റോഡ്.

പാറമ്മൽ-പറങ്കിമൂച്ചിക്കൽ റോഡ്, ചേളൂർ-ചാപ്പനങ്ങാടി റോഡ്, അത്താണിക്കൽ-വെള്ളൂർ-ആലക്കാട്-തടപറമ്പ് റോഡ്, മൊറയൂർ-അരിമ്പ്ര-പൂക്കോട്ടൂർ റോഡ് എന്നിവയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ടോക്കൺ പ്രൊവിഷനിൽ അംഗീകാരം കിട്ടിയ കോട്ടപ്പടി ബൈപ്പാസ് റോഡ് ബി.എം. ആന്റ് ബി.സി. ചെയ്ത് നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായുള്ള ഡ്രെയിനേജ് പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

കെട്ടിട വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കളമശ്ശേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

130 (1262) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കളമശ്ശേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം പ്രവൃത്തികളാണ് ഒഴിവാക്കിയത്; ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ കാലയളവിൽ കളമശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച നിരത്തുവിഭാഗത്തിനും കെട്ടിട വിഭാഗത്തിനും കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പൊതുമരാത്ത് ദേശീയപാതാ വിഭാഗത്തിന്റെ അധികാര പരിധിയിൽ ഈ സർക്കാരിന്റെ കാലയളവിൽ കളമശ്ശേരി നിയോജകമണ്ഡലത്തിൽ പ്രവൃത്തികൾക്കൊന്നും തന്നെ ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 2016-17-ൽ MORTH-ൽ നിന്നും ഭരണാനുമതി ലഭിച്ച ഇടപ്പള്ളി മേത്താനം-നോർത്ത് കളമശ്ശേരി ഫാക്ടറി റോഡ് 12 കി.മീ. നീളത്തിൽ 11 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**കോങ്ങാട് മണ്ഡലത്തിലെ മരാമത്ത് പണികൾ**

131 (1263) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിന് 2019-20-ൽ അനുവദിച്ചിട്ടുള്ള മരാമത്ത് പണികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭ്യമാക്കി ടെൻഡർ നടപടികളിലേയ്ക്കും പ്രവൃത്തികളിലേക്കും കടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൻ കീഴിൽ കോങ്ങാട് മണ്ഡലത്തിലെ തച്ചൻപാറ പഞ്ചായത്തിലെ മൂന്നാം തോട്ടുപാലം നിർമ്മാണത്തിനായി 2019-20 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. ആയതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് 2.90 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയതിനെത്തുടർന്ന് ഇൻവെസ്റ്റിഗേഷനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിനുകീഴിൽ കോങ്ങാട് മണ്ഡലത്തിൽ 2019-20 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടി ത്രിക്കണ്ണൂർ എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനായി 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

നിരത്തുകൾ വിഭാഗത്തിൻ കീഴിൽ പാലക്കാട് നിരത്ത് ഉപവിഭാഗം കാര്യാലയത്തിന് കീഴിൽ വരുന്ന കോങ്ങാട് മണ്ഡലത്തിൽ 2019-20-ൽ എസ്.എൽ.ടി.എഫ്.-യു.പി.ആർ.- പാലക്കാട്-പൊന്നാനി റോഡ് കി.മീ. 21/00-22/00 പ്രവൃത്തികൾക്കായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് നിരത്ത് ഉപവിഭാഗത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കൽപ്പറ്റ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

132 (1264) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവക്കായി എത്ര കോടി രൂപയുടെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ഇനം,വർഷം തിരിച്ച് പട്ടിക ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ ഇനി ടെണ്ടർ ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിലെ പാലങ്ങൾ വിഭാഗത്തിനുകീഴിൽ 2019-20 വർഷത്തിൽ തുർക്കി പാലത്തിന് 4.97 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കൽപ്പറ്റ വരാമ്പറ്റ റോഡ്
2. കണിയാമ്പറ്റ മീനങ്ങാടി റോഡ്
3. മേപ്പാടി ചൂരൽമല റോഡ്
4. മലയോര ഹൈവേ-പച്ചിലക്കാട്-കൈനട്ടി-കൽപ്പറ്റ ബൈപ്പാസ് റോഡ്

കിഫ്ബി പ്രവൃത്തികളിൽ ടെണ്ടർ ചെയ്യുവാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

കാക്കവയൽ-കോലവയൽ-കരിയമ്പാടി റോഡ്

മണ്ണാർകുണ്ട് പാലം

കൽപ്പറ്റ ചുഴലി പാലം

കോട്ടത്തറ ഡാം പാലം.

കെട്ടിട, ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II, III ആയി ചേർക്കുന്നു.*

## സർക്കാർ സ്ഥാപനങ്ങൾ വൃത്തിയിലും അടുക്കും ചിട്ടയിലും സൂക്ഷിക്കുന്നതിന് നടപടി

133 (1265) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, വിവിധ ഡയറക്ടറേറ്റുകൾ തുടങ്ങിയവയുടെ പരിസരങ്ങളിലും ഇടനാഴികളിലും കോടിക്കണക്കിന് രൂപ വിലപിടിപ്പുള്ള ഫർണ്ണിച്ചറുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച വസ്തുക്കളിൽ അറ്റകുറ്റപ്പണി തീർത്ത് പുനരുപയോഗത്തിനുള്ളവ കണ്ടെത്തുന്നതിനും അല്ലാത്തവ ലേലം ചെയ്ത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) മേൽ സൂചിപ്പിച്ച വസ്തുക്കളിൽ ഉൾപ്പെട്ട ഇ-വേസ്റ്റുകൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ കൂടുതൽ വൃത്തിയിലും അടുക്കും ചിട്ടയിലും സൂക്ഷിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വസ്തുക്കൾ സംബന്ധിച്ച് അറ്റകുറ്റപ്പണികൾ അതാത് വകുപ്പോ ഹൗസ് കീപ്പിംഗ് വിഭാഗമോ പുനരുപയോഗത്തിന് ഉള്ളവ കണ്ടെത്തുകയും അല്ലാത്തവ അതാതു വകുപ്പ് മേധാവി ആവശ്യപ്പെടുന്നതനുസരിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയും അതാത് വകുപ്പ് മേധാവികൾ ലേലം ചെയ്ത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

(സി) ഇ-വേസ്റ്റുകൾ സംബന്ധിച്ച് പുനരുപയോഗത്തിനുള്ളവ കണ്ടെത്തുകയും അല്ലാത്തവ അതാത് വകുപ്പ് മേധാവികൾ നിർദ്ദേശിക്കുന്നതനുസരിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിലുള്ള പെയിന്റിംഗ്, പ്ലംബിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ പൊതുമരാത്ത് വകുപ്പ് കെട്ടിട വിഭാഗം ചെയ്യുന്നുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ്.-ൽ അനുവദിച്ച തുക**

134 (1266) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് (എസ്.എൽ.റ്റി.എഫ്.)-ന് കീഴിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ എസ്.എൽ.റ്റി.എഫ്.-ന് കീഴിൽ അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 196 ലക്ഷം |
| 2017-18 | 283 ലക്ഷം |
| 2018-19 | 315 ലക്ഷം |
| 2019-20 | 160 ലക്ഷം |

## ഷൊർണ്ണൂർ മണ്ഡലത്തിൽ നബാർഡ് പദ്ധതി

135 (1267) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ നബാർഡ് RIDF XXIV ഉൾപ്പെടുത്തി, അമ്പലപ്പാറ മേലൂർ-കീഴൂർ റോഡ് കി.മീ.4/500-9/200 വരെ പുനരുദ്ധരിക്കുന്നതിനായി 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

136 (1268) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2016-17-ന് മുൻപ് ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2019-20 വരെ ആസ്തിവികസന ഫണ്ട് പ്രകാരവും മറ്റ് പദ്ധതികൾ പ്രകാരവും പൊതുമരാമത്ത് വകുപ്പ് റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ് വിഭാഗങ്ങൾ വഴി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നത് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി സാങ്കേതിക അനുമതി എന്നിവയുടെയും ടെണ്ടർ ചെയ്തതിന്റെയും പ്രവൃത്തി എത്ര ശതമാനം പൂർത്തിയായിട്ടുണ്ട് എന്നതിന്റെയും വിശദാംശം നൽകാമോ;

(ഡി) നാളിതുവരെ ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികളുണ്ടെങ്കിൽ ആയതിൻെറ കാരണങ്ങൾ അറിയിക്കുമോ;

(ഇ) സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിനുകീഴിൽ 2016-17-നുമുമ്പ് ആരംഭിച്ച പ്രവൃത്തികളിൽ

1. പെരിന്തൽമണ്ണ പി.ടി.എം. കോളേജിന്റെ പവലിയൻ നിർമ്മാണം ആദ്യത്തെ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ബാലൻസ് വർക്ക് ടെണ്ടർ ചെയ്ത് നൽകിയിട്ടുണ്ട്.
2. മേലാറ്റൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിട നിർമ്മാണം ആദ്യത്തെ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. പുതിയ കരാറുകാരന് പ്രവൃത്തി നൽകി പുനരാരംഭിച്ചിട്ടുണ്ട്.

(ബി-ഇ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിനു കീഴിൽ 2016-17 മുതൽ 2019-20 വരെ ആസ്തി വികസന ഫണ്ട് പ്രകാരവും മറ്റ് പദ്ധതികൾ പ്രകാരവും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പുലാമന്തോൾ ജി.എച്ച്.എസ്.എസ്.-ന് കെട്ടിട നിർമ്മാണം

ഭരണാനുമതി നമ്പർ : GO(Rt)4357/2016/G1/Edu.dated 26-12-2016 for Rs.220 Lakhs

സാങ്കേതിക അനുമതി നമ്പർ: MLPM 2019-20 BL/20166/37 dated 30-8-2019 for Rs.217.12 Lakhs

നിലവിലെ സ്ഥിതി: ടെണ്ടർ നടപടി നടന്നുവരുന്നു.

2. താഴെക്കാട് ജി.എം.എൽ.പി. സ്കൂളിന് കെട്ടിട നിർമ്മാണം

ഭരണാനുമതി നമ്പർ : GO(Rt)911/2018/G1/Edu.dated 01-03-2018 for Rs.100 Lakhs

സാങ്കേതികാനുമതി നമ്പർ: 3346/2018-19 dated 29-10-2018 for Rs.100 Lakhs

നിലവിലെ സ്ഥിതി: ടെണ്ടർ ചെയ്ത് പ്രവൃത്തി നടന്നുവരുന്നു.

3. ചെമ്മാണിയോട് ജി.എൽ.പി. സ്കൂളിന് കെട്ടിട നിർമ്മാണം

ഭരണാനുമതി നമ്പർ : G.O.(Rt)1724/2017/G1/Edu.dated 30-6-2017 for Rs.40 Lakhs

നിലവിലെ സ്ഥിതി: സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

മേൽ പ്രവൃത്തിക്ക് സ്ഥലം സംബന്ധിച്ച് തർക്കമുണ്ടായിരുന്നു. ആയത് പരിഹരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ പട്ടുകത്തുരുത്ത് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് 63.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയുടെ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. 2018-ലെ പ്രളയം കാരണം സൈറ്റിലെ അവസ്ഥയിൽ മാറ്റം വന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പട്ടുകത്തുരുത്ത് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ശ്രീ. ടി. മുഹമ്മദ് റാഫിഖ് എന്നയാൾക്ക് കരാർ നൽകുകയും 22-5-2018-ന് സ്ഥലം കൈമാറുകയും ചെയ്തിരുന്നു. തുടർന്ന് 2018-ലെ പ്രളയം കാരണം സൈറ്റിലെ അവസ്ഥയിൽ മാറ്റം വരികയും പാലം കൂടുതൽ നീളത്തിലും ഉയരത്തിലും ചെയ്യേണ്ടതായി കാണുകയും ചെയ്തു. ഇപ്പോൾ അനുവദിച്ച തുകയായ 63 ലക്ഷം രൂപ ഉപയോഗിച്ച് ഈ പ്രവൃത്തി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി നൽകാനും ഇൻവെസ്റ്റിഗേഷൻ നടത്തി ആവശ്യമായ നീളത്തിലും ഉയരത്തിലും പാലം നിർമ്മിക്കാനും തീരുമാനിക്കുകയും അതിനായി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

നിരത്ത് വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഹോളി ഫെയ്ത്തിലെ ഫ്ലാറ്റുകളുടെ വിലയും രജിസ്ട്രേഷനും

137 (1269) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങളിൽ ഒന്നായ ഹോളി ഫെയ്ത്തിലെ ഫ്ലാറ്റുകളുടെ വില കുറച്ച് കാണിച്ച് രജിസ്ട്രേഷൻ ഫീസിനത്തിൽ വൻ തട്ടിപ്പ് നടത്തി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2007 മാർച്ച് 17 ന് മരട് സബ് രജിസ്ട്രാർ ഓഫീസിൽ ഹോളി ഫെയ്ത്തിലെ 1460/2007 മുതൽ 1490/2007 വരെയുള്ള 30 ഫ്ലാറ്റുകളുടെ ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓരോ ഫ്ലാറ്റിന്റെയും വിലയായി രജിസ്ട്രേഷൻ രേഖകളിൽ എന്ത് തുക വീതമാണ് കാണിച്ചിട്ടുള്ളത്; ആരുടെ പേരിലാണ് അവ ഓരോന്നും രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) രജിസ്ട്രേഷനിൽ മുദ്രവില കുറഞ്ഞു എന്ന് കാണിച്ച് ഹോളി ഫെയ്ത്തിലെ ഏതെങ്കിലും ഫ്ലാറ്റ് ഉടമസ്ഥന് നോട്ടീസ് നൽകിയിരുന്നോ; ഇല്ലെങ്കിൽ എന്ത് കൊണ്ട്;

(ഇ) മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവിന്റെ പേരിൽ ഹോളി ഫെയ്ത്തിൽ ഫ്ലാറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് വിലയാണ് പ്രസ്തുത ഫ്ലാറ്റിന് രജിസ്ട്രേഷൻ രേഖകളിൽ കാണിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫ്ലാറ്റുകളുടെ ആധാരങ്ങളിൽ വില കുറച്ച് കാണിച്ച് മുദ്രവിലയും രജിസ്ട്രേഷനും ഫീസും കുറച്ച് വച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2007 മാർച്ച് 17-ന് മരട് സബ് രജിസ്ട്രാർ ഓഫീസിൽ 1460/2007 നമ്പർ മുതൽ 1490/2007 വരെയുള്ള നമ്പറുകളിലുള്ള ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 1460/2007 നമ്പർ ആധാരം ടി ഫ്ലാറ്റുമായി ബന്ധപ്പെട്ടതല്ല.

(സി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഹോളി ഫെയ്ത്തിലെ ഫ്ലാറ്റുകളിൽ 72 ആധാരങ്ങളിൽ കേരള സ്റ്റാമ്പ് ആക്ട് 45(ബി) പ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 30 കേസുകളിൽ കുറവ് തുക അടച്ചിട്ടുണ്ട്.

(ഇ) 2006 മുതൽ 2016 വരെയുള്ള കാലയളവിലാണ്. 90 ഫ്ലാറ്റുകളുടെ രജിസ്ട്രേഷൻ. ഏത് മുഖ്യമന്ത്രി എന്ന് വ്യക്തമല്ലാത്തതിനാൽ മറുപടി നൽകാൻ കഴിയില്ല.

## പുതിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് റവന്യൂ അധികാരികളുടെ ആർ.ഒ.ആർ. സർട്ടിഫിക്കറ്റ്

138 (1270) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ അധികാരികളുടെയോ, വസ്തു ഉടമയുടെയോ പിശകുമൂലം രജിസ്റ്റർ ചെയ്ത പഴയ ആധാരങ്ങളിലെ സർവ്വേ നമ്പരുകളിലും മറ്റും തെറ്റ് വന്നിട്ടുള്ളത് ടി വസ്തു മറ്റൊരാൾക്കോ, സ്ഥാപനത്തിനോ തീരാധാരം ചെയ്ത് കൊടുക്കുന്ന സമയം, ടി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഴയ ആധാരത്തിലെ സർവ്വേ നമ്പരുകളിലെ തെറ്റുകൾ റവന്യൂ അധികാരികളുടെ റൈറ്റ് ഓഫ് റെക്കോർഡ്സ് (ആർ.ഒ.ആർ.) സർട്ടിഫിക്കറ്റ് പ്രകാരം തെറ്റ് തിരുത്തി പ്രമാണം ആധാരം ചെയ്യുന്നതിന് എന്തെങ്കിലും തെറ്റുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ പുതിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് റവന്യൂ അധികാരികളുടെ ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നിർബന്ധമാണോ;

(സി) ഇതിന് ഏതെങ്കിലും സർക്കാർ ഉത്തരവുണ്ടോ; കോപ്പി ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(ഡി) ഏത് നിയമപ്രകാരമാണ് ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പ് നൽകുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പഴയ ആധാരങ്ങളിലെ സർവ്വേ നമ്പരുകളിലും മറ്റും തെറ്റ് വന്നിട്ടുള്ളത് തിരുത്തി പ്രമാണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) നിർബന്ധമില്ല.

(സി&ഡി) 'ബി'പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനവും ഓൺലൈൻ സേവനങ്ങളും**

139 (1271) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം രജിസ്ട്രേഷൻ വകുപ്പിന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വകുപ്പ് എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ ഓൺലൈൻ മുഖേന നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

| | | |
|---|---|---|
| (എ) സ്റ്റാമ്പ് ഡ്യൂട്ടി | - | 2419.74 കോടി രൂപ |
| രജിസ്ട്രേഷൻ ഫീസ് | - | 896.33 കോടി രൂപ |
| ആകെ വരുമാനം | - | 3,316.08 കോടി രൂപ. |

(ബി)

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം.

3. ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

5. സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, സൊസൈറ്റി രജിസ്ട്രേഷൻ തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

6. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷന് ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം

7. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

9. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

10. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.

**ആധാരം രജിസ്ട്രേഷൻ**

140 (1272) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം നാളിതുവരെ സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണവും ആയതിന്മേൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭ്യമായ തുകയും എത്രയാണ്;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്ര;

(സി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിലെ മഷി പുരട്ടൽ അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ആധാരത്തിന്റെ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുവാൻ രജിസ്ട്രേഷൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; പ്രസ്തുത സംവിധാനം എന്നു മുതൽ പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പു സാമ്പത്തിക വർഷം 2019 സെപ്തംബർ മാസം വരെ ആകെ രജിസ്റ്റർ ചെയ്ത 408590 ആധാരങ്ങളിൽനിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 1153.81 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ബി) 2087 എണ്ണം.

(സി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിലെ മഷി പുരട്ടൽ അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്നതാണ്.

(ഡി) 2018 മുതൽ ഓൺലൈൻ പോക്കുവരവിന്റെ ഭാഗമായി സ്കാൻ ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആധാരങ്ങളുടെ പകർപ്പുകൾ ഓൺലൈനായി കാണുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആധാര പകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് മുന്നോടിയായി സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുകയും ആദ്യ ഘട്ടമായി സംസ്ഥാനത്തെ 6 ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. കൂടാതെ ഇതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും അടിയന്തരമായി പുരോഗമിക്കുകയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആധാരപകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ സാധിക്കും.

**ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം**

141 (1273) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ട് എത്ര മാസമായെന്നും പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉദുമ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 1.062 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ട് 15 മാസം കഴിഞ്ഞു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് കെട്ടിട നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്.

(സി) നിർമ്മാണം ആരംഭിച്ചിട്ടില്ല. ഉദുമ സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ദാനമായി ലഭിച്ച 10 സെന്റ് വസ്തുവിൽ 6.1 സെന്റ് വസ്തു വയൽ ആയതിനാൽ അതിന്റെ പരിവർത്തനാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങളുടെ രജിസ്ട്രേഷൻ തുക**

142 (1274) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊളിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ള മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങൾ വിൽപ്പന നടത്തിയപ്പോൾ അത് വില കുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്തത് വഴി സർക്കാരിന് ലഭിക്കേണ്ട രജിസ്ട്രേഷൻ തുകയിലും, സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) രജിസ്ട്രേഷനിൽ മുദ്രവില കുറഞ്ഞതിന് ഏതെങ്കിലും ഫ്ലാറ്റുടമകൾക്ക് മരട് സബ്-രജിസ്ട്രാർ ഓഫീസിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(സി) ഫ്ലാറ്റുടമകൾക്ക് നൽകുന്ന നഷ്ടപരിഹാരം, അവർ രജിസ്ട്രേഷൻ ചെയ്ത തുക കൂടി പരിശോധിച്ച ശേഷമാണോ എന്നതിൽ വ്യക്തമായ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ആധാരത്തിൽ വില കുറച്ച് രജിസ്റ്റർ ചെയ്തതായുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങളിൽ 134 ആധാരങ്ങളിൽ കേരള സ്റ്റാമ്പ് ആക്റ്റ് 45 (ബി) പ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 69 കേസുകളിൽ കുറവ് തുക അടച്ചിട്ടുണ്ട്.

(ബി) ഇല്ല. എറണാകുളം ജില്ലാ രജിസ്ട്രാറുടെ കാര്യാലയത്തിൽനിന്നാണ് പ്രസ്തുത കേസുകളിൽ നോട്ടീസ് നൽകിയിട്ടുള്ളത്.

(സി) ഫ്ലാറ്റുകൾ രജിസ്റ്റർ ചെയ്ത തുകയുടെ കൂടി അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനാണ് റിട്ടയേർഡ് ജസ്റ്റിസ് ബാലകൃഷ്ണൻനായർ കമ്മീഷൻ തീരുമാനം എടുത്തിരിക്കുന്നത്. എന്നാൽ ഓരോ ഫ്ലാറ്റുടമയ്ക്കും 25,00,000 രൂപ വീതം നഷ്ടപരിഹാരം അനുവദിക്കാൻ ബഹു. സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണം**

143 (1275) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണത്തിന് പഞ്ചായത്ത് നൽകാൻ തീരുമാനിച്ച ഭൂമികൈമാറ്റത്തിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി എടച്ചേരി പഞ്ചായത്തിന് സർക്കാർ കൈമാറി നൽകിയ എടച്ചേരി വില്ലേജിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട 50 സെന്റ് വസ്തുവിൽനിന്നും 10 സെന്റ് സ്ഥലം എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്നതിന് 28-1-2019-ന് ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ ഉത്തരവ് ലഭ്യമായിട്ടില്ല.

**അണ്ടർ വാല്യുവേഷൻ നോട്ടീസ്**

144 (1276) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജി.എൽ) 22-4-2019-ൽ പുറപ്പെടുവിച്ച അണ്ടർ വാല്യുവേഷൻ നോട്ടീസ് നമ്പർ യുവി/14/1800/14 പ്രകാരം തോമസ് ജോർജ്ജ്, റ്റി.സി.10/948(8), മണ്ണാംമൂല, പേരൂർക്കട, തിരുവനന്തപുരം എന്നയാൾക്ക് നോട്ടീസ് കൊടുത്ത പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഇതിന് മറുപടി കിട്ടിയോ; മറുപടിയുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഡോക്യുമെൻറ് നമ്പർ 1800/2014 പ്രകാരം 26-4-2014-ൽ കഴക്കൂട്ടം എസ്.ആർ.ഒ- യിൽ നടത്തിയ 50 സെന്റ് വസ്തുവിന്റെ ആധാരത്തിൽ സർക്കാർ നിശ്ചയിച്ച സ്റ്റാമ്പ് ഡ്യൂട്ടിയേക്കാൾ (20,52000) നാല് ലക്ഷത്തി നാല്പത്തി എണ്ണായിരം രൂപ കൂടുതൽ തുക കാണിച്ച് ഇരുപത്തിയഞ്ച് ലക്ഷത്തിന് നടത്തിയ ആധാരത്തിൽ രജിസ്ട്രേഷൻ വകുപ്പ് നിയമാനുസരണം അല്ലാതെ നടപടിക്ക് നീങ്ങിയതിന് എതിരെ കക്ഷികൾ ഹൈക്കോടതി ഉത്തരവ് വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഹൈക്കോടതിയുടെ 20-9-2019-ലെ WP(C)No.24294/2019(J)നമ്പർ കേസ്സിലെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്താണ് പറയുന്നത്; വിശദമാക്കുമോ; കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കേസ് ഹൈക്കോടതിയിൽ 17-10-2019-ന് പോസ്റ്റ് ചെയ്ത പ്രകാരം അന്നേ ദിവസം ഹൈക്കോടതി എന്ത് നടപടി സ്വീകരിച്ചു; അന്നേദിവസത്തെ കോടതി ഉത്തരവ് എന്തായിരുന്നുവെന്ന് വിശദമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) രജിസ്ട്രേഷൻ വകുപ്പിന് വേണ്ടി ഹൈക്കോടതിയിൽ ഈ കേസിൽ സർക്കാർ വക്കീൽ ഹാജരായോ; എന്തെങ്കിലും അഫിഡവിറ്റ് സർക്കാർ സമർപ്പിച്ചോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അണ്ടർ വാല്യുവേഷൻ നടപടിയുടെ ഭാഗമായി കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1800/14-ാം നമ്പർ ആധാരം എഴുതിവാങ്ങിയ കക്ഷിയായ ശ്രീ. തോമസ് ജോർജിന് നോട്ടീസ് നൽകിയിരുന്നു. ടി നോട്ടീസിന് ശ്രീ. തോമസ് ജോർജ് സമർപ്പിച്ച മറുപടിയുടെ പകർപ്പ് ഇതോടൊപ്പം നൽകുന്നു.*

(ബി-ഡി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് 24-10-19-ൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. പരാതിക്കാരൻ ഫയൽ ചെയ്ത ഒബ്ജക്ഷനിന്മേൽ പരാതിക്കാരനെ 4-ാം കക്ഷിയായ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ നേരിൽ കേട്ടശേഷം അഡ്ജ്യൂഡിക്കേറ്റ് ചെയ്ത് 3 ആഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്നും അതുവരെ ടി ആധാരത്തിന്മേൽ റിക്കവറി നടപടി സ്വീകരിക്കരുതെന്നും കോടതി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സർക്കാർ വക്കീൽ ഹാജരായിട്ടുണ്ട്. ഈ കേസിൽ സർക്കാർ അഫിഡവിറ്റ് സമർപ്പിച്ചിട്ടില്ല.

**റെയിൽവേ വികസന പദ്ധതികൾ**

145 (1277) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്ക് മുമ്പ് അനുമതി ലഭിച്ച അങ്കമാലി - ശബരി റയിൽ പാത, തിരുനാവായ - ഗുരുവായൂർ പാത, എറണാകുളം - കുമ്പള രണ്ടാം പാത, കുമ്പള - തുറവൂർ രണ്ടാം പാത, തുറവൂർ - അമ്പലപ്പുഴ രണ്ടാം പാത എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ മരവിപ്പിക്കുവാൻ റയിൽവേ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ശബരി പാതയുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന കാര്യത്തിൽ നിന്നും സർക്കാർ പുറകോട്ട് പോയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന റയിൽവേ വികസന പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റയിൽവേ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി)

അങ്കമാലി -ശബരി റെയിൽ പാത

അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2,815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽനിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസീൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രധാന മന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ

ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.

പാതയുടെ പരിപാലനത്തിനും നടത്തിപ്പിനും ആവശ്യമായ തുകയിൽനിന്നും അധികരിച്ച് ലഭിക്കുന്ന വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആകെ 131.6348 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

അങ്കമാലി-ശബരി പദ്ധതി ചെലവിന്റെ 50% സംസ്ഥാനം വഹിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

<u>തിരുനാവായ-ഗുരുവായൂർ പാത</u>

1995-96 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച. 30.8 കി.മീ. ദൈർഘ്യമുള്ള ഗുരുവായൂർ - തിരുനാവായ പാതയുടെ 17.4 കി.മീ. തൃശ്ശൂർ ജില്ലയിലും 21.8 കി.മീ. മലപ്പുറം ജില്ലയിലൂടെയും കടന്നുപോകുന്നു. ഇതിൽ തൃശ്ശൂർ ജില്ലയിലെ 9 കി.മീ. ദൂരം ലൊക്കേഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഏറ്റെടുക്കേണ്ട 18.6108 ഹെക്ടർ ഭൂമിയിൽ 0.02 ഹെക്ടർ ഭൂമി മാത്രമാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളത്. ജനങ്ങളുടെ എതിർപ്പുകാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുവാൻ സാധിച്ചിട്ടില്ല. സർവ്വേ നടപടികൾക്കാവശ്യമായ പോലീസ് സംരക്ഷണം ലഭ്യമാക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജനങ്ങളിൽനിന്നും ശക്തമായ എതിർപ്പ് ഉയരുന്നുണ്ട്.

<u>എറണാകുളം-കുമ്പള രണ്ടാം പാത, കുമ്പള-തുറവൂർ രണ്ടാം പാത, തുറവൂർ-അമ്പലപ്പുഴ രണ്ടാം പാത</u>

എറണാകുളം-അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കുന്നതാണെന്ന് പദ്ധതി പ്രഖ്യാപന വേളയിൽ അറിയിച്ചിരുന്നു. എന്നാൽ ഉയർന്ന ഭൂമി വില കാരണം പദ്ധതി ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് റെയിൽവേ ആവശ്യപ്പെടുന്നത്. എന്നാൽ 2010 മുതൽ 2015 വരെയുള്ള വിവിധ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കണമെന്ന്ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ പദ്ധതികൾ മരവിപ്പിക്കാൻ റെയിൽവേ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ എന്നതുസംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

**സെമി ഹൈസ്പീഡ് റെയിൽ പദ്ധതി**

146 (1278) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വേളി മുതൽ കാസർഗോഡ് വരെ അഞ്ഞൂറ്റിപ്പത്ത് കിലോമീറ്റർ ദൂരം സെമി ഹൈസ്പീഡ് റെയിൽ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഇതിനായി വിശദ പഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുത്ത് ഡി.പി.ആർ. തയ്യാറാക്കി റെയിൽവെ ബോർഡിന്റെ അംഗീകാരം തേടിയിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി എത്ര പേരെ പുനരധിവസിപ്പിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ വിശദമായ പഠനം നടത്തുന്നതിലേയ്ക്കായി "സിസ്ട്ര" എന്ന സ്ഥാപനത്തെ ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. 26-8-2019-ലെ സ.ഉ.(കൈ)നമ്പർ 43/2019/ഗതാ പ്രകാരം റെയിൽവേ ബോർഡിന്റെ അംഗീകാരം

ലഭ്യമായതിനുശേഷം മാത്രം വാല്യു കാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഈ പദ്ധതിക്കായി 3030.624 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായും 6395 വീടുകൾ ഒഴിപ്പിക്കേണ്ടതായും വരും.

56,442 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## റെയിൽവേ പദ്ധതികൾ

147 (T*1279) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിലേറിയതിനുശേഷം വർഷങ്ങൾക്കു മുമ്പേ റെയിൽവേ ബോർഡിന്റെ അനുമതി ലഭിച്ചിരുന്ന കേരളത്തിലെ റെയിൽവേ പദ്ധതികൾ ഏതെങ്കിലും റെയിൽവേ ബോർഡ് മരവിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റെയിൽവേ പദ്ധതികൾക്ക് അനുമതി ലഭിച്ച വർഷവും ഇതുവരെ പ്രവൃത്തികൾക്ക് ചെലവായ തുകയും വിശദീകരിക്കുമോ; ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ശബരി പാത, ഗുരുവായൂർ-തിരുനാവായ പാത എന്നീ പദ്ധതികൾക്കായി കേന്ദ്രവിഹിതം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ഈ പദ്ധതികൾ എങ്ങനെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിലവിൽ സർക്കാർ അധികാരത്തിലേറിയതിനുശേഷം വർഷങ്ങൾക്കുമുമ്പേ റെയിൽവേ ബോർഡിന്റെ അനുമതി ലഭിച്ചിരുന്ന കേരളത്തിലെ റെയിൽവേ പദ്ധതികൾ റെയിൽവേ ബോർഡ് മരവിപ്പിച്ചതായി ഉത്തരവുകൾ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

*'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) അങ്കമാലി-ശബരി പദ്ധതി ചെലവിന്റെ 50% വഹിക്കുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.

ഗുരുവായൂർ-തിരുനാവായ പാതയ്ക്കായി 50% തുക സംസ്ഥാന സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിനെതിരെ ജനങ്ങളുടെ എതിർപ്പുയരുന്നുണ്ട്.

**അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം**

148 (1280) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറ്റ് ലാന്റിസ് റെയിൽവേ മേൽപ്പാലത്തിനായുള്ള വിശദമായ പദ്ധതി രേഖയുടെ കരട് 2-6-2018-ൽ ആർ.ബി.ഡി.സി.കെ-യിൽ സമർപ്പിച്ചിട്ടും പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) കിഫ്ബിയുടെ അംഗീകാരം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടതായ 31.19 ആർ (77.06 സെന്റ്) സ്ഥലം അടിയന്തരമായി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്ഥലമെടുപ്പ് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി & ഡി) ഈ പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ടിയിരുന്നത് 1.3218 ഹെക്ടർ സ്ഥലമാണ്. ഇതിൽ 1.0133 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇനി ഏറ്റെടുക്കേണ്ട 50.49 ആർ സ്ഥലത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി ലഭിച്ചാലുടൻതന്നെ സ്ഥലമേറ്റെടുപ്പിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങൾ**

149 (1281) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനാണ് നടപടികൾ കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേര് വിവരങ്ങളും ഏത് ഏജൻസിയിൽ നിന്നാണ് ഫണ്ട് ലഭ്യമാക്കുന്നതെന്നും ഓരോന്നിന്റെയും തുക എത്രയാണെന്നും തരംതിരിച്ച് വിശദമാക്കാമോ;

(സി) നിലവിൽ ഓരോ പദ്ധതിയും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മാവേലിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം**

150 (1282) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കുമോ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് സ.ഉ.(സാധാ)നമ്പർ 718/2018/പൊ.മ.വ. തീയതി 19-4-2018 പ്രകാരം ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയമിച്ചിട്ടുണ്ട്. വിശദമായ സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈൻമെന്റ് തയ്യാറാക്കി വിശദമായ പദ്ധതി റിപ്പോർട്ട് 1-10-2019-ന് ആർ.ബി.ഡി.സി.കെ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വാത്തുരുത്തി റെയിൽവേ മേൽപ്പാലം**

151 (1283) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബജറ്റിൽ മുപ്പതുകോടി രൂപ വകയിരുത്തിയിട്ടുള്ളതും 10-7-2017 ന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഭരണാനുമതി നല്കിയിട്ടുള്ളതുമായ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ രൂപരേഖയ്ക്ക് ഏതെല്ലാം ഏജൻസികളാണ് അംഗീകാരം നൽകേണ്ടത്; വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയതും പോർട്ട് ട്രസ്റ്റ് അംഗീകരിച്ചതുമായ അലൈൻമെന്റ് മറ്റ് ഏജൻസികൾ അംഗീകരിക്കാത്തതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ;

(സി) എല്ലാ ഏജൻസികൾക്കും സമ്മതമായ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) എല്ലാവർക്കും സമ്മതമായ അലൈൻമെന്റ് എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാത്തുരുത്തി ആർ.ഒ.ബി.-യുടെ രൂപരേഖയ്ക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, കൊച്ചിൻ ഷിപ്പ്യാർഡ്, സതേൺ റെയിൽവേ എന്നീ ഏജൻസികളുടെ അംഗീകാരമാണ് വേണ്ടത്. മേൽപ്പാലത്തിനാവശ്യമായ ഭൂരിഭാഗം ഭൂമിയും പോർട്ട് ട്രസ്റ്റിന്റെയും ഷിപ്പ്യാർഡിന്റെയും കൈവശമായതിനാൽ അവരുടെയും നേവൽ എയർപോർട്ടിന്റെ അടുത്തായതിനാൽ നേവിയുടെയും അനുമതി ആവശ്യമാണ്. റെയിൽവേ ട്രാക്കിന് മുകളിലൂടെയുള്ള മേൽപ്പാലത്തിന്റെ ഡിസൈൻ റെയിൽവേയും അംഗീകരിക്കേണ്ടതുണ്ട്.

(ബി & സി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് അംഗീകരിച്ച അലൈൻമെന്റുകളൊന്നിൽ നേവിയുടെ സ്ഥലമാവശ്യമുള്ളതിനാലും സുരക്ഷയെക്കുറിച്ചുള്ള ആശങ്കകളും കാരണമാണ് അംഗീകരിക്കാത്തത്. മറ്റൊരു അലൈൻമെന്റ് ഓപ്ഷനിൽ ഷിപ്പ് യാർഡിന്റെ സ്ഥലം ആവശ്യമായതിനാലാണ് അംഗീകരിക്കാത്തത്. കൂടാതെ സാധാരണയിൽനിന്ന് വ്യത്യസ്തമായി റെയിൽവേ ട്രാക്കിന് മുകളിൽ വളഞ്ഞ രൂപരേഖ റെയിൽവേ അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത അലൈൻമെന്റ് സാധ്യമാകൂ.

നിലവിൽ പ്രായോഗികമായ 5 അലൈൻമെന്റ് ഓപ്ഷനുകൾ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ആർ.ബി.ഡി.സി.കെ.) തയ്യാറാക്കി എല്ലാ ഏജൻസികളക്കും സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധി മീറ്റിംഗുകളും വിവിധ ഏജൻസികളുമായി സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ട്. എന്നാൽ എല്ലാ ഏജൻസികൾക്കും സ്വീകാര്യമായി ഒരു അലൈൻമെന്റ് സാധ്യമായിട്ടില്ല.

(ഡി) എല്ലാവർക്കും സമ്മതമായ അലൈൻമെന്റ് തയ്യാറാക്കുന്നതിലേയ്ക്കുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

## തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങൾ

152 (1284) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) ആയതിൽ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) പൂർത്തിയാക്കി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ്, ഇടവ, കരമന, വെൺകുളം, പുന്നമൂട്, വെട്ട് റോഡ്, കണിയാപുരം, ബാലരാമപുരം, ക്ലേഗേറ്റ്, ശാർക്കര, മഞ്ചാടി മൂടി എന്നീ ആർ.ഒ.ബി. കളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യും കടയ്ക്കാവൂർ-മുരുക്കുംപുഴ സ്റ്റേഷനുകൾക്കിടയിൽ 570-ാം നമ്പർ എൽ.സി.-ക്കുപകരം വരുന്ന ആർ.ഒ.ബി.-യുടെ നിർമ്മാണം കെ.ആർ.ഡി.സി.എൽ.-നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ചിറയിൻകീഴ്, ഇടവ, കരമന ആർ.ഒ.ബി.-കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ് (ജി.എ.ഡി.) അംഗീകാരം ദക്ഷിണ റെയിൽവേയിൽനിന്ന് ലഭ്യമായിട്ടുണ്ട്. കടയ്ക്കാവൂർ-മുരുക്കുംപുഴ സ്റ്റേഷനുകൾക്കിടയിൽ 570-ാം നമ്പർ എൽ.സി.-ക്ക് പകരം വരുന്ന ആർ.ഒ.ബി.-യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ് (ജി.എ.ഡി.) അനുമതിക്കായി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം

153 (1285) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കുമോ; എത്ര ശതമാനം വിദ്യാർത്ഥികളാണ് പുതുതായി പ്രവേശനം നേടിയതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എത്ര ക്ലാസ് മുറികളാണ് സ്മാർട്ട് ക്ലാസ്സുകളാക്കി മാറ്റിയതെന്ന് അറിയി ക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ എൽ.പി., യു.പി., ഹൈസ്കൂൾ വരെയുള്ള പൊതു വിദ്യാലയങ്ങളിൽ 2017-18-ൽ 31,513, 2018-19-ൽ 31,399, 2019-20-ൽ 31533 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2018-19 വർഷം പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ശതമാനം 2.4%-ഉം, 2018-19 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2019-20 വർഷം 2.45%-ഉം ആണ്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (KITE) നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കികൊണ്ടിരിക്കുന്നത്. ആറ്റിങ്ങൽ മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം ഹൈടെക്കാക്കിയ ക്ലാസ് മുറികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

154 (1286) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ ശിപാർശ ചെയ്ത കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ കരടിന്മേൽ സംസ്ഥാന സർക്കാർ അതിന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാകുകയെന്ന് അറിയിക്കാമോ;

(സി) ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന ശിപാർശയായ ദേശീയ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദ്യാഭ്യാസ മേഖലയെ കേന്ദ്രീകൃത സംവിധാനത്തിന്റെ കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കുന്ന ദേശീയ വിദ്യാഭ്യാസ കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ഏതൊക്കെ അധികാരങ്ങൾ കവർന്നെടുക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2019 സെപ്റ്റംബർ 21-ന് ചേർന്ന കേബ് കമ്മിറ്റി യോഗത്തിൽ കേരളത്തിന്റെ അഭിപ്രായം അറിയിക്കുകയുണ്ടായി. കരട് നയം അമിതമായ കേന്ദ്രീകരണത്തിന് ഇടനൽകുകയും നിലവിലുള്ള ഫെഡറൽ സംവിധാനത്തിന് ദോഷകരമാകുകയും ചെയ്യും. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള ഘടന തുടരാനനുവദിക്കണമെന്നും അല്ലാതെ 5+3+3+4 രീതിയിലേയ്ക്ക് മാറാൻ നിർബന്ധിതമാക്കുന്നത് ഫെഡറൽ സംവിധാനത്തിനകത്ത് സംസ്ഥാനത്തിന്റെ അവകാശത്തെ നിഷേധിക്കലാണ് എന്ന കാര്യം കേബ് യോഗത്തിൽ സംസ്ഥാന നിലപാടായി വ്യക്തമാക്കുകയുണ്ടായി.

(ബി) ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് നയം ആവശ്യമായ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ അംഗീകരിച്ച് സർക്കാർ നയമായി വരുന്ന ഘട്ടത്തിലേ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാകുകയുള്ളൂ.

(സി) ദേശീയ വിദ്യാഭ്യാസ കമ്മീഷൻ (രാഷ്ട്രീയ ശിക്ഷാ ആയോഗ്) അധികാരത്തിന്റെ കേന്ദ്രീകരണത്തിനിടയാക്കുമെന്നും ആയതിനാൽ പ്രസ്തുത നിർദ്ദേശം പിൻവലിക്കണമെന്നുമാണ് സംസ്ഥാനത്തിന്റെ അഭിപ്രായം.

(ഡി) കരട് നയത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നുവെന്നുണ്ടെങ്കിൽ അതുംകൂടി വരുത്തി സർക്കാർ നയമായി കേന്ദ്ര സർക്കാർ അംഗീകരിച്ച് പുറത്തിറങ്ങിയ ശേഷമേ ഇതുസംബന്ധിച്ച് വ്യക്തതയുണ്ടാകുകയുള്ളൂ.

**അദ്ധ്യാപക നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത**

155 (1287) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റഗുലർ പഠനം വഴിയുള്ള വിദ്യാഭ്യാസ യോഗ്യതകൾ കൂടാതെ കറസ്പോണ്ടൻസ്, ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വഴിയുള്ള ബിരുദാനന്തര ബിരുദം കൂടി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക നിയമനത്തിന് പരിഗണിച്ചുകൊണ്ട് 24-10-2018-ൽ G.O(MS) No.4349/2018/g.edn എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം പ്രൈമറി-ഹൈസ്കൂൾ തലങ്ങളിലും കറസ്പോണ്ടൻസ്, ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വഴിയുള്ള യോഗ്യതകൾ പരിഗണിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അതാത് സ്പെഷ്യൽ റൂളുകളിൽ ആവശ്യമായി ഭേദഗതികൾ വരുത്തി യിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള യോഗ്യതകൾ എല്ലാം റെഗുലർ പഠനത്തിലൂടെ കൈവരിക്കണമെന്ന നിബന്ധന ഒഴിവാക്കി 24-10-2018 തീയതി സ.ഉ.(സാധാ)നമ്പർ 4340/2018/പൊ.വി.വ. എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ കെ.ഇ.ആർ.-ലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്.

(സി) ബാധകമല്ല.

**സ്റ്റാർസ് പദ്ധതി**

156 (1288) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന സ്റ്റാർസ് പദ്ധതിയിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ലോകബാങ്കിൽ നിന്നും പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് ലഭ്യമാകുന്നതെന്നും സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്നും അറിയിക്കാമോ;

(സി) സ്റ്റാർസ് പദ്ധതിയിലൂടെ അദ്ധ്യാപനവും അദ്ധ്യയനവും മെച്ചപ്പെടുത്തുന്ന എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടതോടുകൂടി വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്വങ്ങൾ വർദ്ധിച്ചിട്ടില്ലേയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന സ്റ്റാർസ് പദ്ധതിയിലേയ്ക്ക് സംസ്ഥാനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

അടിസ്ഥാന ലക്ഷ്യം താഴെപ്പറയുന്നവയാണ്:

1. പ്രീസ്കൂൾ വിദ്യാഭ്യാസ ശാക്തീകരണം
2. പഠന വിലയിരുത്തൽ സംവിധാനം മെച്ചപ്പെടുത്തൽ
3. സ്കൂൾ നേതൃത്വം, അദ്ധ്യാപക പരിശീലനം എന്നിവ വഴി പഠനബോധന പ്രക്രിയ മെച്ചപ്പെടുത്തൽ
4. കുട്ടികളെ സ്കൂൾ വിദ്യാഭ്യാസ പൂർത്തിയാക്കുമ്പോഴേയ്ക്ക് തൊഴിൽ നൈപുണിയുള്ളവരാക്കൽ
5. ഭരണ നിർവ്വഹണവും മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനുള്ള വികേന്ദ്രീകൃത ആസൂത്രണവും.

(ബി) അനുവദിക്കുന്ന തുകയെക്കുറിച്ച് കൃത്യമായി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിൽനിന്നും ഉത്തരവ് ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ വിഹിതം 40% ആണ്.

(സി) കർമ്മപദ്ധതി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയവുമായി വിശദമായ ചർച്ചയിലൂടെ രൂപീകരിക്കേണ്ടിയിരിക്കുന്നു.

(ഡി) വർദ്ധിച്ചിട്ടുണ്ട്.

**വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ പാർക്ക്**

157 (1289) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഒല്ലൂർ നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം വിദ്യാലയങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ചെലവഴിക്കുന്ന തുക എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ടി. പി. എസ്. ഹൈസ്കൂൾ, തൃക്കൂർ.

(സി) പതിനായിരം രൂപ.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ**

158 (1290) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2017-18-ലെ ബജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവിധ സ്കൂളുകളെ തെരഞ്ഞെടുത്ത് യഥാക്രമം 5, 3 കോടി രൂപ വീതം അനുവദിച്ചിരുന്നു. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) നാട്ടിക മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകളുടെ പ്രവർത്തനങ്ങളുടെ വിശദാംശവും ഏജൻസികളുടെ പ്രവർത്തനങ്ങളുടെ വിശദാംശവും നൽകാമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18-ലെ ബഡ്ജറ്റിൽ അനുവദിച്ച 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി രൂപ പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി 'കൈറ്റ്' ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. 39 സ്കൂളുകളുടെ നിർമ്മാണച്ചുമതല SPV ആയി 'ഇൻകെലി'ന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണത്തിനായി SPV ആയി ഇൻകെലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണത്തിനായി SPV ആയി WAPCOS-നെ ചുമതലപ്പെടുത്തുന്നതിന് കൈറ്റിൽനിന്നും സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2018-19-ലെ ബഡ്ജറ്റിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് SPV ആയി ഇൻകെലിനെ ചുമതലപ്പെടുത്തി. ഇതിൽ 76 സ്കൂളുകൾ ഇൻകെലിന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിക്കുകയും 51 സ്കൂളുകളുടെ DPR തയ്യാറാക്കി ഭരണാനുമതിക്ക് സർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2018-19-ലെ ബഡ്ജറ്റിൽ 500-നും

1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം എൽ.എസ്.ജി.ഡി. മുഖാന്തരം നടത്താനും SPV ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാട്ടിക മണ്ഡലത്തിൽ 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ ചേർപ്പ് ഗവ. സ്കൂളിനേയും 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നാട്ടിക ഫിഷറീസ് സ്കൂളിനേയും തെരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ എസ്.പി.വി. ആയ കൈറ്റ് മുഖേന ശ്രീശൈലം കോൺട്രാക്ടിംഗ് ആന്റ് റിയൽ എസ്റ്റേറ്റ് എന്ന ഏജൻസിയെ ആണ് ഏൽപ്പിച്ചിട്ടുള്ളത്. 2018-19-ൽ ആയിരത്തിന് മുകളിൽ കുട്ടികൾ പഠിക്കുന്ന വലപ്പാട് ജി.വി.എച്ച്.എസ്.എസ്.-ന് 3 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും എസ്.പി.വി. അയി ഇൻകെലിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന തളിക്കുളം ജി.വി.എച്ച്.എസ്.എസ്., പെരിങ്ങോട്ടുകര ജി.എച്ച്.എസ്.എസ്., കിഴപ്പിള്ളിക്കര ജി.എൻ.എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനത്തിന്റെ പ്രസ്തുത പ്രവൃത്തികളുടെ എസ്.പി.വി. ആയി 'കില'യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കെ-ടെറ്റ് പരീക്ഷയിലെ പാസ് മാർക്ക്

159 (1291) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തുന്ന കെ-ടെറ്റ് പരീക്ഷയിലെ പാസ് മാർക്ക് എത്ര ശതമാനമാണെന്ന് അറിയിക്കുമോ; കെ-ടെറ്റ് പരീക്ഷക്ക് തുല്യമായ സെറ്റ്, എം.എഡ്., എം.ഫിൽ തുടങ്ങിയ പരീക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള പാസ് മാർക്ക് എത്ര ശതമാനമാണ്;

(ബി) കെ-ടെറ്റ് പരീക്ഷയിലെ ഉയർന്ന പാസ്മാർക്ക് നിബന്ധന നൂറുകണക്കിന് അദ്ധ്യാപകരെ ദോഷകരമായി ബാധിക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത പരീക്ഷയുടെ പാസ് മാർക്ക് കെ-ടെറ്റിന് തത്തുല്യമായ സെറ്റ്, എം.എഡ്., എം.ഫിൽ തുടങ്ങിയ പരീക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള പാസ് മാർക്കിന് സമാനമാക്കി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 15-3-2017-ലെ സ.ഉ. (കൈ) നമ്പർ 18/2017/പൊവിവ. പ്രകാരം ജനറൽ കാറ്റഗറിക്ക് 60% (90 മാർക്ക്) ആയും എസ്.സി./എസ്.ടി./ ഒ.ബി.സി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് കെ-ടെറ്റ് പാസ്സാകുന്നതിന് മിനിമം മാർക്ക് 55% (82 മാർക്ക്) ആയും പി.എച്ച്. വിഭാഗങ്ങൾക്ക് 50% (75 മാർക്ക്) ആയും നിജപ്പെടുത്തിയിട്ടുണ്ട്.

സെറ്റിന് രണ്ട് പേപ്പറാണ് ഉള്ളത്. ഇതിന് നിശ്ചയിച്ചിട്ടുള്ള പാസ് മാർക്ക് ചുവടെ ചേർക്കുന്നു:

1. പൊതുവിഭാഗത്തിന് ഓരോ പേപ്പറിനും കുറഞ്ഞത് 40 മാർക്ക് വീതവും ആകെ 48% മാർക്കും നേടണം.
2. ഒ.ബി.സി. നോൺ ക്രീമിലെയർ വിഭാഗത്തിന് ഓരോ പേപ്പറിനും കുറഞ്ഞത് 35 മാർക്ക് വീതവും ആകെ 45% മാർക്കും നേടണം.
3. പി.എച്ച്./എസ്.സി./എസ്.ടി.-ക്ക് ഓരോ പേപ്പറിനും കുറഞ്ഞത് 35 മാർക്ക് വീതവും ആകെ 40% മാർക്കും നേടണം.

എം.എഡ്., എം.ഫിൽ തുടങ്ങിയ പരീക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള പാസ് മാർക്ക് എത്ര ശതമാനമാണെന്നത് സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

| സർവ്വകലാശാല | എം.ഫിൽ | എം.എഡ് |
|---|---|---|
| കേരള സർവ്വകലാശാല | 55.00% | 50.00% |
| എം.ജി.സർവ്വകലാശാല | 50.00% | 50.00% |
| കണ്ണൂർ സർവ്വകലാശാല | 55.00% | 50.00% |
| ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല | 55.00% | 50.00% |
| കാലിക്കറ്റ് സർവ്വകലാശാല | 5-6 UGC grade point | 50.00% |

(ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE)-യെ ആണ്. ഈ സ്ഥാപനമാണ് അദ്ധ്യാപക യോഗ്യതാ പരിക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് ഇതിൽ മാറ്റംവരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല.

## കെ-ടെറ്റ് പരീക്ഷകൾക്ക് അപേക്ഷകളിൽ തെറ്റുകൾ തിരുത്താൻ നടപടി

160 (1292) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാറ്റഗറികളിൽ കെ.ടെറ്റ് പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്ന പരീക്ഷാർത്ഥികൾക്ക് അപേക്ഷകളിൽ വരുന്ന തെറ്റുകൾ തിരുത്താൻ അവസരം ഇല്ലാത്തതിനാൽ അവസര നഷ്ടവും ധനനഷ്ടവും ഉണ്ടാകുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നിലധികം കാറ്റഗറികൾക്ക് അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന ഒരു പരീക്ഷാർത്ഥി അപേക്ഷ സമർപ്പിക്കുമ്പോൾ ഒരു കാറ്റഗറിക്ക് മാത്രം അപേക്ഷ സമർപ്പിച്ചാൽ പിന്നീട് മറ്റൊരു കാറ്റഗറിക്ക് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) ഇന്റർനെറ്റ് കഫേകൾ വഴിയും അക്ഷയ സെന്ററുകൾ വഴിയും മറ്റും അപേക്ഷ സമർപ്പിക്കുമ്പോൾ കാറ്റഗറിയോ മറ്റെന്തെങ്കിലും പ്രസക്ത വിവരങ്ങളോ തെറ്റായി രേഖപ്പെടുത്തിയാൽ ആയത് എഡിറ്റ് ചെയ്യാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്കുള്ളിൽ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കെ-ടെറ്റ് അപേക്ഷ സബ്മിറ്റ് ചെയ്യുന്നതിന് മുമ്പായി അപേക്ഷകന് view ചെയ്യാനും print എടുക്കാനും ആവശ്യമെങ്കിൽ edit ചെയ്യാനും അവസരമുണ്ട്. എന്നാൽ അപേക്ഷ Final Submit ചെയ്തുകഴിഞ്ഞാൽ പേര്, ജാതി, കാറ്റഗറി വിഭാഗം, വിഷയം എന്നിവയിൽ ഒന്നുംതന്നെ തിരുത്തലുകൾ അനുവദിക്കുന്നതല്ല. കാറ്റഗറി III-ലെ വിഷയം തെരഞ്ഞെടുക്കുന്നതിലെ തെറ്റ് ഒഴികെ മറ്റുള്ള തെറ്റുകൾ സംഭവിക്കുന്നതുമൂലം പരീക്ഷാർത്ഥിക്ക് പരീക്ഷയെഴുതുന്നതിനുള്ള അവസരം നഷ്ടമാകുന്നില്ല. പരീക്ഷ വിജയിക്കുന്നവർക്ക് പേര്, ജനനത്തീയതി, ജാതി എന്നിവ പിന്നീട് തിരുത്തി നൽകുന്നുണ്ട്.

(ബി) ഒന്നിലധികം കാറ്റഗറികളിൽ അപേക്ഷിക്കുന്നവർക്ക് ഒരു അപേക്ഷയിൽതന്നെ അവ തെരഞ്ഞെടുക്കണമെന്നുള്ള നിർദ്ദേശം വിജ്ഞാപനത്തിലും ഓൺലൈനായി അപേക്ഷിക്കാനുള്ള ലിങ്കിലും വ്യക്തമായി നൽകിയിട്ടുണ്ട്. ഒരാൾതന്നെ ഒന്നിലധികം അപേക്ഷകൾ നൽകുമ്പോൾ ഒരേ ദിവസം നടക്കുന്ന പരീക്ഷകൾക്കുതന്നെ രണ്ട് പരീക്ഷാകേന്ദ്രം പരീക്ഷാർത്ഥിക്ക് ലഭിക്കുന്ന സാഹചര്യം ഉണ്ടാകും. ഇത് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് ഇടയാക്കും. ഈ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒരു പരീക്ഷാർത്ഥി ഒന്നിൽകൂടുതൽ കാറ്റഗറികൾക്ക് ഒരു തവണ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ എന്ന് നിശ്ചയിച്ചിരിക്കുന്നത്.

(സി) ഭരണപരമായ അസൗകര്യങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഉപചോദ്യം (എ)-യ്ക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ച പ്രകാരം Final Submit ചെയ്തുകഴിഞ്ഞാൽ തിരുത്തൽ വരുത്താൻ മറ്റൊരവസരം നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**ദേശീയ വിദ്യാഭ്യാസ നയം**

161 (1293) <u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന താല്പര്യത്തിനനുയോജ്യമായ തരത്തിൽ ഇതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ നയങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചതായി അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മാനവവിഭവ വികസന മന്ത്രാലയം ചർച്ചയ്ക്കായി പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിൽ ഫെഡറൽ സംവിധാനത്തിനോടൊത്തു പോകാത്ത ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. സ്റ്റേറ്റിനും നിരവധി കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമുണ്ട്. അത്തരം അവകാശങ്ങളെ ദുർബലപ്പെടുത്തുകയും കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ കരട് വിദ്യാഭ്യാസ നയത്തിലുണ്ടെന്നും അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്കൂൾ ഘടനപോലും കേന്ദ്രീകരിച്ച് തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ കരട് രേഖയിലുണ്ട്. ഇത് ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് യോജിച്ചുപോകുന്നവയല്ലെന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

## സ്വകാര്യ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

162 (1294) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്വകാര്യ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) എത്ര കുട്ടികൾ പഠിക്കുന്ന സ്കൂളിനാണ് എയ്ഡഡ് പദവി നൽകുവാൻ ഉദ്ദേശിക്കുന്നത്;

(സി) എയ്ഡഡ് പദവിക്കായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത് ഏത് ജില്ലയിൽ നിന്നാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30.-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് കൂടിയ യോഗതീരുമാനപ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനിതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർനടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽനിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഓരോ സ്കൂളുകളിലേയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി രൂപ സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ 7-9-2019-ലെ സ.ഉ. (സാധാ) 7242/2019/ധന നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ Additional Authorization അനുവദിച്ചിട്ടുണ്ട്. കൂടാതെ 30-8-2019-ലെ സ.ഉ.

(കൈ) 133/2019/പൊ.വി.വ. പ്രകാരം മാനസിക/ഭൗതീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ നവീകരണം**

163 (1295) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനും നിർമ്മാണങ്ങൾക്കും 2016-17 മുതൽ നാളിതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ വർഷങ്ങളായി ആരംഭിക്കാത്തതിന്റെ കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ എം.ജി.എം. എച്ച്.എസ്.എസ്.- 6 കോടി, പാലിശ്ശേരി എച്ച്.എസ്.എസ്. -3 കോടി, മഞ്ഞപ്ര എച്ച്.എസ്.എസ്. -1 കോടി, കുറുമശ്ശേരി യു.പി.എസ്. ഓഡിറ്റോറിയം -21 ലക്ഷം , മാമ്പ്ര പാറക്കടവ് എൽ.പി.എസ്.- 120 ലക്ഷം, പാറക്കടവ് ജി.എൽ.പി.എസ്.- 120 ലക്ഷം , പുളിയനം എച്ച്.എസ്.-1 കോടി, മൂക്കന്നൂർ എച്ച്.എസ്.-1 കോടി എന്നീ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാക്രമം അനുവദിച്ച തുക വിനിയോഗിച്ച് എസ്റ്റിമേറ്റെടുത്ത് ടെണ്ടറും നടത്തി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) മേൽ സ്കൂളുകളുടെ പ്രവൃത്തികൾക്ക് ഏതൊക്കെ ഏജൻസികൾക്കാണ് നിർമ്മാണ ചുമതല നിശ്ചയിച്ചിട്ടുള്ളത്; നാളിതുവരെ ഓരോ ഏജൻസിയും നടത്തിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിക്കുമോ; വിശദാംശം സ്കൂൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ 5 കോടി രൂപ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണത്തിനായി എം.ജി.എം.എച്ച്.എസ്.എസ്. നായത്തോടിന് ഭരണാനുമതി നൽകി, സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അഡ്മിൻ ബ്ലോക്കിന്റെ 60% പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ അനുവദിച്ച, 500 മുതൽ 1000 കുട്ടികൾ വരെ പഠിക്കുന്ന സ്കൂളുകളിൽനിന്നും കിഫ്ബി ഫണ്ടുപയോഗിച്ചുള്ള ഒരു കോടി രൂപ കെട്ടിട

നിർമ്മാണത്തിനായി അങ്കമാലി നിയോജകമണ്ഡലത്തിൽനിന്നും ഭരണാനുമതി നൽകിയ നാല് സ്കൂളുകൾ ഗവ. എച്ച്.എസ്.എസ്. മൂക്കന്നൂർ, ഗവ. എച്ച്.എസ്.എസ്. മഞ്ഞപ്ര, ഗവ. എച്ച്.എസ്.എസ്. പാലിശ്ശേരി, ഗവ. എച്ച്.എസ്. പുളിയനം എന്നിവയാണ്.

(ബി-ഡി) എം.ജി.എം.എച്ച്.എസ്.എസ്. നായത്തോട് പണി നടന്നു കൊണ്ടിരിക്കുന്നു. എൽ.പി. ബ്ലോക്ക് (G+2) പൂർത്തിയാക്കി. ഒന്നാം ബ്ലോക്കിന്റെ (G+2) ഡിമോളിഷൻ പൂർത്തിയാക്കി.

പാലിശ്ശേരി എച്ച്.എസ്.എസ്., മഞ്ഞപ്ര എച്ച്.എസ്.എസ്., പുളിയനം എച്ച്.എസ്., മൂക്കന്നൂർ എച്ച്.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല.

ജി.യു.പി.എസ്. കുറുമശ്ശേരി

കുറുമശ്ശേരി യു.പി.എസ്. പ്ലാൻ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ആണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. ഓഡിറ്റോറിയം പണി ആരംഭിക്കുന്നതിനുള്ള ടെണ്ടർ ആയിട്ടുണ്ട്.

ജി.എൽ.പി.എസ്. പാറക്കടവ്

പ്രളയ ദുരിതാശ്വാസ പുനർ നിർമ്മാണ പ്രവൃത്തികൾക്കായി എം.പി.എൽ. എ.ഡി. (ശ്രീ. ഇന്നസെന്റ് എം.പി.) ഫണ്ടിൽനിന്നും 120 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുള്ളത് പാറക്കടവ് ബ്ലോക്ക് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. എസ്റ്റിമേറ്റിൽ ഡ്രോയിംഗ് മാറ്റം വരുത്തുന്നതിന് വീണ്ടും സമർപ്പിച്ചിട്ടുണ്ട്.

ജി.എൽ.പി.എസ്. മാമ്പ്ര പാറക്കടവ്

പ്രളയ ദുരിതാശ്വാസ പുനർനിർമ്മാണ പ്രവൃത്തികൾക്കായി എം.പി.എൽ.എ.ഡി. (ശ്രീ. ഇന്നസെന്റ് എം.പി.) ഫണ്ടിൽനിന്നും 120 ലക്ഷം രൂപ അനുവദിച്ചുകിട്ടിയിട്ടുള്ളത് പാറക്കടവ് ബ്ലോക്ക് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കെട്ടിടം പണിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിലെ ഓട്ടിസം പാർക്ക്

164 (1296) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതെന്നും അവയുടെ നടപടികൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സ്കൂളുകൾ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു.

**സ്കൂളുകളിലെ സൗജന്യ ഉച്ചഭക്ഷണ വിതരണം**

165 (1297) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതലത്തിൽ നിലവിൽ ഏത് ക്ലാസുവരെയാണ് സൗജന്യ ഉച്ചഭക്ഷണ വിതരണം നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഹയർസെക്കണ്ടറി തലംവരെ വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ 8-ാം ക്ലാസ്സുവരെയാണ് (സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ) സൗജന്യ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം സ്പെഷ്യൽ സ്കൂളുകൾ, എം.ജി.എൽ.സി.-കൾ എന്നിവിടങ്ങളിലും പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) തത്കാലം പരിഗണനയിലില്ല.

(സി) സ്കൂളുകളിൽനിന്ന് ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ലബോറട്ടറിയിൽ മൈക്രോബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്പോൺസർഷിപ്പുള്ളതും കൊല്ലം മുണ്ടയ്ക്കലിൽ പ്രവർത്തിക്കുന്നതുമായ സി.ഇ.പി.സി.ഐ. (കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ) ലബോറട്ടറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് സ്കൂളുകളിൽനിന്ന് സാമ്പിളുകൾ ശേഖരിക്കുന്നതും പരിശോധനകൾ നടത്തുന്നതും ഇതോടൊപ്പം ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ, അതത് പ്രദേശത്തെ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്കൂളുകളിൽ പരിശോധന നടത്തുകയും

ആവശ്യമായ ഘട്ടങ്ങളിൽ ഭക്ഷണ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കുകയും ചെയ്യുന്നു. ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിലെ നൂൺമീൽ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലെ നൂൺഫീഡിംഗ് സൂപ്പർവൈസർമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉച്ചഭക്ഷണ വിഭാഗത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ സ്കൂളുകൾ സന്ദർശിക്കുകയും ഭക്ഷണം പാകം ചെയ്യുന്നതിലും അത് വിതരണം ചെയ്യുന്നതിലും പാലിക്കേണ്ട ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ, ശുചിത്വം എന്നിവ സ്കൂൾ അധികൃതർ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യാറുണ്ട്.

## മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണം

166 (1298) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മിക്കുന്ന മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം കരാറുകാരന്റെ അനാസ്ഥമൂലം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത കെട്ടിടത്തിന്റെ ഇതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെട്ടിട നിർമ്മാണം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കരാർ ചുമതലയുള്ള ശ്രീശൈലം ഗ്രൂപ്പ് പ്രസ്തുത നിർമ്മാണം നിധി എന്റർപ്രൈസസ് എന്ന നിർമ്മാണ കമ്പനിക്ക് സബ്കോൺട്രാക്ട് നൽകി നിർമ്മാണ പ്രവൃത്തി എത്രയുംവേഗം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2019-20 അദ്ധ്യയന വർഷം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ജി.എച്ച്.എസ്.എസ്. മുല്ലശ്ശേരി സ്കൂൾ കെട്ടിടത്തിന്റെ ഫൗണ്ടേഷനിൽ 100% മരാമത്ത് പണികളും പില്ലറുകളുടെ 50% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

## സ്കൂളുകളിൽ കമ്പ്യൂട്ടറുകളുടെയും അനുബന്ധഉപകരണങ്ങളുടെയും അറ്റകുറ്റപ്പണി

167 (1299) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജനപ്രതിനിധികൾ വാങ്ങി നൽകിയതുൾപ്പെടെ ലക്ഷക്കണക്കിന് രൂപയുടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അറ്റകുറ്റപ്പണി നടത്താതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്ന സാഹചര്യത്തിൽ തുടർസേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാരിന്റെയും എം.പി., എം.എൽ.എ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉൾപ്പെടെ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സാങ്കേതിക സമിതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും നൽകുന്ന ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾക്ക് അഞ്ച് വർഷത്തെ വാറണ്ടിയും വിൽപ്പനാനന്തര സേവന വ്യവസ്ഥകളും കൃത്യമായി നിർദ്ദേശിച്ചിട്ടുണ്ട്. വാറണ്ടി കാലയളവിനുശേഷം ഐ.സി.ടി. ഉപകരണങ്ങൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് കെൽട്രോണുമായി ചേർന്ന് കൈറ്റ് ഹാർഡ്‌വെയർ ക്ലിനിക്കുകൾ നടത്തുന്നുണ്ട്.

(ബി) പ്രൈമറി വിഭാഗം സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾ ഹൈടെക് ആക്കുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ ലഭ്യമാക്കുന്ന ഐ.സി.ടി. ഉപകരണങ്ങൾ, ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ, ഡിജിറ്റൽ പഠനവിഭവങ്ങൾ സാങ്കേതിക സംവിധാനങ്ങൾ, പഠന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സംവിധാനങ്ങൾ

ഒരുക്കിയിട്ടുണ്ട്. ഉപകരണങ്ങളെയും ഇന്റർനെറ്റിനെയും സംബന്ധിച്ച് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ കംപ്ലെയിന്റ് മാനേജ്മെന്റ് സിസ്റ്റം (kite.kerala.gov.in/support), കോൾസെന്റർ സംവിധാനം (1800 425 6200) ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, ഇ-മെയിലിംഗ് സിസ്റ്റം (Support@kite.kerala.in) റവന്യൂ ജില്ലാ തലത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

168 (1300) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര തുക അനുവദിച്ചെന്നും ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത തുക അനുവദിച്ച സ്കൂളുകളിൽ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്:

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ലഭിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഗവ.ടൗൺ എൽ. പി.എസ്.നെടുമങ്ങാട് | 30,00,000 | പണി പൂർത്തിയായി |
| 2 | വിദ്യാധിരാജ എൽ.പി.എസ്. എട്ടാംകല്ല് | 5,00,000 | പാചകപ്പുരയുടെ പണി നടന്നുവരുന്നു. |
| 3 | ജി.യു.പി.എസ്. കണിയാപുരം | 25,00,000 (2017-18) | 2018-19-ൽ പണി പൂർത്തിയായി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ജി.യു.പി.എസ്. കൊഞ്ചിറ | 1,00,00,000 | പണി തുടരുന്നു. |
| 5 | ജി.യു.പി.എസ്. പോത്തൻകോട് | 1. 20,00,000<br>2. 2,00,00,000<br>3. 7,00,000 (ടോയ്‌ലെറ്റ്) | പ്രാഥമിക ഘട്ടം പണി പൂർത്തിയായി |
| 6 | ജി.എൽ.പി.എസ്. ആലുംമൂട് | 15,00,000 (2017-18) | പണി പൂർത്തിയായി |
| 7 | ജി.എൽ.പി.എസ്. ചീരാണിക്കര | 96,00,000 (2018-19) | പണി തുടരുന്നു |
| 8 | ജി.എൽ.പി.എസ്. കരിച്ചാറ | 36,00,000 | പണി പൂർത്തിയായി |
| 9 | ജി.എൽ.പി.എസ്. തച്ചപ്പള്ളി | 1. 25,00,000 (MLA ഫണ്ട്)<br>2. 25,00,000 (MP ഫണ്ട്) | പണി പൂർത്തിയായി |
| 10 | ജി.എൽ.പി.എസ്. കൊല്ല | 30,00,000 (2016-17) | പണി പൂർത്തിയായി |
| 11 | ഗവ.ബോയ്സ് എച്ച്.എസ്. നെടുമങ്ങാട് | 1,10,000 (എസ്.എസ്.എ.) | പണി പൂർത്തീകരിച്ചു. |
| 12 | ഗവ.ഗേൾസ്എച്ച്. എസ്. നെടുമങ്ങാട് | 5,00,00,000 (കിഫ്ബി) | 80% പണി പൂർത്തീകരിച്ചു. |
| 13 | ഗവ.എച്ച്.എസ്. പൂവത്തൂർ | 1. 30,00,000 (എം.എൽ.എ. ഫണ്ട്)<br>2.7,27,000 (മുനിസിപ്പാലിറ്റി) | വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ല. |
| 14 | ഗവ.എച്ച്.എസ്.എസ്. നെടുവേലി | 20 ലക്ഷം എച്ച് .എസ്.വിഭാഗം കെട്ടിടനിർമ്മാണത്തിന് | |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | ഗവ.എച്ച്.എസ്.എസ്. കന്യാകുളങ്ങര | 3 കോടി 25 ലക്ഷം കിഫ്ബി പദ്ധതി (2016-17) | നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 16 | ജി.എച്ച്.എസ്. അയിരൂർപ്പാറ | 3 കോടി കിഫ്ബി പദ്ധതി (2018-19) | |
| 17 | ജി.യു.പി.എസ്. കണിയാപുരം | | |
| 18 | ജി.വി.എച്ച്. എസ്.എസ്. പിരപ്പൻകോട് | | |
| 19 | ജി.വി.എച്ച്. എസ്.എസ്. പൂവത്തൂർ | ഒരു കോടി കിഫ്ബി പദ്ധതി (2018-19) | നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി കിലയെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 20 | ജി.യു.പി.എസ്. കോലിയക്കോട് | | |
| 21 | ജി.യു.പി.എസ്. പോത്തൻകോട് | | |
| 22 | ജി.എച്ച്.എസ്.എസ്. നെടുവേലി | | |
| 23 | ജി.വി.എച്ച്. എസ്.എസ്. കരകുളം | | |
| 24 | ജി.യു.പി.എസ്. കൊഞ്ചിറ | | |
| 25 | ജി.എച്ച്.എസ്. കരിപ്പൂർ | | |

**പൊതുവിദ്യാലയങ്ങളിൽ പുതുതായി അഡ്മിഷൻ തേടിയ കുട്ടികൾ**

169 (1301) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അദ്ധ്യയനവർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പുതുതായി അഡ്മിഷൻ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ മികച്ച കെട്ടിട സൗകര്യങ്ങളും അക്കാദമിക്, ഐ.റ്റി. പഠന സൗകര്യങ്ങളും ലഭ്യമാക്കി മെച്ചപ്പെട്ട പഠന സൗകര്യം ലഭ്യമായതാണ് കുട്ടികൾ വലിയ തോതിൽ പൊതുവിദ്യാലയങ്ങളിൽ എത്താൻ കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-20 അദ്ധ്യയന വർഷം പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം റവന്യൂ ജില്ല തിരിച്ച് താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 15,172 |
| 2 | കൊല്ലം | 15,815 |
| 3 | പത്തനംതിട്ട | 4,621 |
| 4 | ആലപ്പുഴ | 11,402 |
| 5 | കോട്ടയം | 6,811 |
| 6 | ഇടുക്കി | 3,971 |
| 7 | എറണാകുളം | 14,108 |
| 8 | തൃശ്ശൂർ | 12,026 |
| 9 | പാലക്കാട് | 15,721 |
| 10 | മലപ്പുറം | 24,141 |
| 11 | കോഴിക്കോട് | 15,705 |
| 12 | വയനാട് | 2,962 |
| 13 | കണ്ണൂർ | 13,814 |
| 14 | കാസർഗോഡ് | 7,289 |
| | ആകെ | 1,63,558 |

(ബി) ഉണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കുട്ടികൾ കൂടുന്നതെന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖേന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചതും അക്കാദമിക് നിലവാരം ഉയർന്നതും ക്ലാസ്സ് മുറികൾ ഹൈടെക് ആക്കിയതും കുട്ടികളെയും രക്ഷിതാക്കളെയും വലിയ തോതിൽ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്.

## ഹൈടെക് ക്ലാസ്മുറികൾ

170 (1302) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സുറികൾ ഹൈടെക് ആക്കുന്നതിനായി കായംകുളം മണ്ഡലത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി നടത്തിപ്പിനായി ഇതുവരെ 2.6 കോടി രൂപയോളം (രണ്ട് കോടി അറുപത് ലക്ഷം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## കെ.എസ്.ടി.എ. റിപ്പോർട്ടിലെ ഭാഗങ്ങൾ ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ

171 (1303) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന തലക്കെട്ടിലുള്ള ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ, രണ്ടു വർഷം മുമ്പ് കെ.എസ്.ടി.എ. പുറത്തിറക്കിയ റിപ്പോർട്ടിലെ ചില പേജുകൾ അതേപടി ചേർത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള സ്റ്റേറ്റ് ടീച്ചേഴ്സ് അസോസിയേഷന്റെ 2017-ലെ റിപ്പോർട്ടിലെ 105, 106 പേജുകൾ ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ 49, 50 പേജുകളായി അതുപോലെ പകർത്തുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഖാദർ കമ്മീഷൻ ചെയർമാൻ ശ്രീ.എം.എ.ഖാദർ, അംഗം ശ്രീ.സി. രാമകൃഷ്ണൻ എന്നിവർ കെ.എസ്.ടി.എ. റിപ്പോർട്ട് തയ്യാറാക്കിയ പാനലിലും ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) 2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായിട്ടാണ് സർക്കാർ പ്രൊഫ. ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചത്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിലെ ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊണ്ട് മാത്രമേ അത് സാധിക്കുകയുള്ളൂ എന്ന് തുടർന്ന് കണ്ടെത്തുകയും അതിൻപ്രകാരം സമിതിയുടെ പരിഗണനാ

വിഷയങ്ങൾ പുതുക്കി നിശ്ചയിക്കുകയും വിദഗ്ദ്ധ സമിതി അക്കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പ്രസ്തുത റിപ്പോർട്ടിന് സർക്കാർ 'തത്വത്തിൽ' അംഗീകാരം നൽകി നടപ്പിലാക്കിവരികയാണ്. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമം പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത് വിദ്യാഭ്യാസ രംഗത്തെ ഒന്നാംതലമുറ പ്രശ്നങ്ങളായ സ്കൂൾ പ്രാപ്യതയും പഠനതുടർച്ചയുമാണ്. ഈ രണ്ട് കാര്യങ്ങൾ ഏതാണ്ട് പൂർണ്ണമായും ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇനി ക്ലാസിൽ എത്തിച്ചേർന്ന മുഴുവൻ കുട്ടികൾക്കും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി വേണ്ടിവന്ന ഘടനാപരമായും ഉള്ളടക്കപരമായുമുള്ള മാറ്റങ്ങളാണ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്.

ഡോ. വി. എസ്. കോത്താരി കമ്മിഷൻ റിപ്പോർട്ട്, നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് രാജ്യത്തിനകത്തും പുറത്തും വിദ്യാഭ്യാസ മേഖലയിൽ ലഭ്യമായ വിവിധ പഠനങ്ങളും റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പരിശോധിച്ചിരുന്നു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവരുമായി നടത്തിയ വിശദമായ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിലാണ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാഭ്യാസത്തിന്റെ ഘടനയുടെ ഭാഗമായ വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലകൾ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ ശിപാർശകൾ അതിനാൽത്തന്നെ പൂർണ്ണവും സമഗ്രവുമാണ്.

(സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലികമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ പ്രൊഫ. ഡോ. എം. എ. ഖാദറും ശ്രീ. സി. രാമകൃഷ്ണൻ, ശ്രീ. ജി. ജ്യോതിചൂഡൻ എന്നിവർ അംഗങ്ങളുമാണ്.

**ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള നിർവ്വഹണ പ്രവർത്തനങ്ങൾ**

172 (1304) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇതിന്റെ ഭാഗമായി പ്രസ്തുത വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ; നിർവ്വഹണ പ്രവർത്തനങ്ങൾ ഈ സ്കൂളുകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള നിർവ്വഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്ന പദ്ധതിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഹരിപ്പാട് മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഹൈടെക് സ്കൂൾ പദ്ധതിക്കായി ആകെ 493.5 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ ഐ.സി.ടി. ഉപകരണങ്ങൾ ഹരിപ്പാട് മണ്ഡലത്തിലെ സ്കൂളുകളിൽ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ്, സ്കൂളുകൾക്കുള്ള ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ, പുതുതായി ഡിജിറ്റൽ പഠന വിഭവങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള പ്രത്യേക പരിശീലനങ്ങൾ തുടങ്ങിയവയ്ക്കുള്ള തുക വരുംവർഷങ്ങളിലേയ്ക്കും ചെലവഴിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്നതിന് നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളിലേയും ക്ലാസ് മുറികളിലേക്ക് ലാപ്ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനുള്ള മൗണ്ടിംഗ് കിറ്റ്, വൈറ്റ് സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ഫേസ് പ്ലേറ്റ്, HDMI കേബിൾ, അതിവേഗ ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാക്കി. സ്കൂളിന് പുതുതായി ഉപയോഗിക്കുന്നതിന് ഡി.എസ്.എൽ.ആർ. ക്യാമറ, വെബ് ക്യാം ടെലിവിഷൻ, മൾട്ടി ഫംഗ്ഷൻ പ്രിന്റർ എന്നിവ ലഭ്യമാക്കി. ഉപകരണങ്ങൾക്കൊപ്പം ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പാഠ്യപ്രവർത്തനങ്ങൾക്ക് 'സമഗ്ര' വിഭവ പോർട്ടലും ഉപയോഗിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും നൽകുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതി പ്രവർത്തനങ്ങൾ മണ്ഡലത്തിലെ സ്കൂളുകളിലും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

(ഡി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള മിക്ക പ്രവർത്തനങ്ങളും മണ്ഡലത്തിലുൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഏകദേശം പൂർത്തിയാക്കി, 2019 നവംബറിൽ പദ്ധതി പൂർത്തീകരിക്കുന്നതിന്റെ നടപടി സ്വീകരിച്ചുവരുന്നു.

**ഹൈടെക് വിദ്യാലയ പദ്ധതി**

173 (1305) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഹൈടെക് വിദ്യാലയ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ തുക ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും സ്കൂളുകൾക്ക് സഹായം ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വിശദീകരിക്കാമോ;

(സി) ഫോക്കസ് സ്കൂളുകളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ തുക നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല.

**ഹൈടെക് സ്കൂളുകൾ**

174 (1306) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈടെക് സ്കൂളുകൾക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള സർക്കാർ, എയ്ഡഡ്, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലാണ് 493.5 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ ഭാഗമായി ഇതുവരെ 376.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ്, സ്കൂളുകൾക്കുള്ള ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ, പുതുതായി ഡിജിറ്റൽ പഠന വിഭവങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള പ്രത്യേക പരിശീലനങ്ങൾ തുടങ്ങിയവയ്ക്കുള്ള തുക വരുംവർഷങ്ങളിലേയ്ക്കും ചെലവഴിക്കുന്നതാണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഇതുവരെ ചെലവഴിച്ച തുക (രൂപ കോടിയിൽ) | ജില്ല | ഇതുവരെ ചെലവഴിച്ച തുക (രൂപ കോടിയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 32.03 | തൃശ്ശൂർ | 32.35 |
| കൊല്ലം | 31.00 | പാലക്കാട് | 30.89 |
| പത്തനംതിട്ട | 14.62 | മലപ്പുറം | 49.14 |
| ആലപ്പുഴ | 22.30 | കോഴിക്കോട് | 35.65 |
| കോട്ടയം | 23.64 | വയനാട് | 12.08 |
| ഇടുക്കി | 14.12 | കണ്ണൂർ | 28.69 |
| എറണാകുളം | 31.67 | കാസർഗോഡ് | 18.45 |

**വർക്കല മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂമുകൾ**

175 (1307) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എല്ലാ സ്കൂളുകളിലുമായി ആകെഎത്ര സ്മാർട്ട് ക്ലാസ്സ്മുറികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രൈമറി സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വർക്കല മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) വർക്കല മണ്ഡലത്തിലെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സജ്ജമായ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല നിലവിൽ നടപ്പിലാക്കുന്നത്. പകരം ഹൈടെക് ലാബ് പദ്ധതിയാണ് സജ്ജമാക്കുന്നത്. വർക്കല മണ്ഡലത്തിൽ പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി സജ്ജമാക്കിയ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരം-കിഫ്ബി മുഖാന്തരം ഫണ്ടുകൾ**

176 (1308) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനാണ് കിഫ്ബി മുഖാന്തിരം ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന എട്ട് സ്കൂളുകൾക്കാണ് കിഫ്ബി വഴി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചത്.

1. ചിറക്കര ജി.എച്ച്.എസ്.എസ്. - 5 കോടി രൂപ - നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.
2. കതിരൂർ ജി.വി.എച്ച്.എസ്.എസ്.- 2017-18-ൽ 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും KITE ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ജി.എച്ച്.എസ്.എസ്. തിരുവങ്ങാട്, ഗവ. ബ്രണ്ണൻ എച്ച്.എസ്.എസ്. തലശ്ശേരി എന്നീ സ്കൂളുകൾ 2018-19-ൽ 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും നിർമ്മാണച്ചുമതല SPV ആയ INKEL-നെ ഏൽപ്പിക്കുകയും ചെയ്തു.

ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ ജി.വി.എച്ച്.എസ്.എസ്.കൊടുവള്ളി,ജി.ച്ച്.എസ്.എസ്.ചുണ്ടങ്ങാപ്പൊയിൽ, ജി.എച്ച്.എസ്.എസ്. തലശ്ശേരി, ജി.എച്ച്.എസ്.എസ്. വടക്കമ്പാട് എന്നീ സ്കൂളുകളുടെ നിർമ്മാണം എൽ.എസ്.ജി.ഡി. മുഖാന്തരം നടത്താനും SPV ആയി കിലയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കേരളത്തിലെ വിദ്യാഭ്യാസ നിലവാരം**

177 (1309) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിയ കേരളത്തിന് ഈ വകയിൽ എന്തെങ്കിലും പ്രത്യേക കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നിലവാരം അന്തർദ്ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിയ കേരളത്തിന് സ്റ്റാർസ് (STARS) പദ്ധതിപ്രകാരം ധനസഹായം ഈ വർഷം എം.എച്ച്.ആർ.ഡി.യിൽനിന്നും ലഭ്യമാകും.

(ബി&സി) സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഭൗതിക സൗകര്യങ്ങളും അക്കാദമിക സഹായങ്ങളും വർദ്ധിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ഓരോ സ്കൂളും പൊതുസമൂഹത്തിന്റെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ അക്കാദമിക മാസ്റ്റർ പ്ലാനും വ്യക്തിഗത മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നു.

- മാതൃഭാഷയിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുന്നതിന് 'മലയാളത്തിളക്കം' പരിപാടി, ഇംഗ്ലീഷ് ഭാഷ അനായാസേന കൈകാര്യം ചെയ്യുന്നതിന് 'ഹലോ ഇംഗ്ലീഷ്' പരിപാടി, ഹിന്ദി ഭാഷ ലളിതമായി മനസ്സിലാക്കുന്നതിന് 'സുരീലി ഹിന്ദി' പരിപാടി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- ഒന്നും രണ്ടും ക്ലാസ്സുകളിലെ കുട്ടികളുടെ ഗണിതപഠനം കളികളിലൂടെ, സന്തോഷത്തോടെ പഠിക്കുന്നതിന് 'ഉല്ലാസഗണിതം' പരിപാടി നടപ്പിലാക്കി.

- മൂന്നുമുതൽ ഉയർന്ന ക്ലാസ്സുകളിൽ വരെയുള്ള കുട്ടികളുടെ ഗണിത പഠനം ആസ്വാദ്യകരമാക്കുന്നതിന് 'ഗണിതവിജയം' പരിപാടി നടപ്പിലാക്കി.

- കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നതിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ വായനക്കാർഡുകൾ തയ്യാറാക്കി നൽകി. ഇത് എപ്രകാരം ഉപയോഗിക്കണമെന്നുള്ള പ്രായോഗിക ക്ലാസ്സുകൾ അദ്ധ്യാപകർക്ക് നൽകി.

- ശാസ്ത്ര വിഷയങ്ങൾ രസകരവും താൽപ്പര്യപൂർവവും ആയി പഠിക്കുന്നതിന് എൽ.പി.-യിൽ 'ശാസ്ത്ര കൗതുകം' പരിപാടി, യു.പി.യിൽ 'ശാസ്ത്രപാർക്ക്', ഉയർന്ന ക്ലാസ്സുകളിൽ 'ശാസ്ത്രപഥം' എന്നീ പരിപാടികൾ ആവിഷ്കരിച്ചുനടപ്പിലാക്കി.

- പഠനസൗകര്യങ്ങൾ മികവുറ്റതാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത സ്കൂളുകൾക്ക് 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ നൽകി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പരിപാടി അന്തിമഘട്ടത്തിലാണ്.

- സ്കൂളുകളിൽ ശാസ്ത്ര ലാബുകൾ, ക്ലാസ് ഗണിത ലാബുകൾ, ക്ലാസ് ലൈബ്രറികൾ എന്നിവ സജ്ജീകരിച്ചുനൽകി.

- സ്കൂളുകളെ ഉന്നത സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുള്ള ട്വിന്നിംഗ് പരിപാടിക്കും തുടക്കംകുറിച്ചു.

- യു.പി., എച്ച്.എസ്. ക്ലാസ്സുകളിലെ കുട്ടികൾക്ക് സാമൂഹ്യശാസ്ത്രം ആസ്വദിച്ച് പഠിക്കുന്നതിന് 'ജ്യോഗ്രഫി ലാബ്' നടപ്പിലാക്കുന്ന പരിപാടി ആരംഭിച്ചു.

- കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധ നൽകുന്നതിന് അദ്ധ്യാപകർ മെന്റർമാരായി പ്രവർത്തിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

- ഹയർസെക്കണ്ടറി വിഭാഗം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ക്യാമ്പ്, ഹിസ്റ്ററി, ജ്യോഗ്രഫി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ അധിക വായനാസാമഗ്രി നൽകൽ എന്നിവ നടപ്പിലാക്കി.
- ഇംഗ്ലീഷ് തീയേറ്റർ പ്രവർത്തനങ്ങൾ സ്കൂളിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ഹൈസ്കൂൾ ക്ലാസ്സുകളിൽ ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ബയോളജി, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങൾക്ക് അധിക വായനാസാമഗ്രികളും വർക്ക്ഷീറ്റുകളും തയ്യാറാക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ഹൈസ്കൂൾ, ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഭാഷ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞു.
- 45000 ഹൈസ്കൂൾ, ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക്കാക്കി.
- എൽ.പി., യു.പി. സ്കൂളുകളിൽ ഹൈടെക് സംവിധാനം ഒരുക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്.
- അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും സൗകര്യപ്രദമായ 'സമഗ്ര' പോർട്ടൽ ആരംഭിച്ചു.
- അദ്ധ്യയന വർഷം, ഓരോ ടേം എന്നിവ ആരംഭിക്കുന്നതിനുമുൻപ് സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകം എത്തിക്കുന്നു. അത് QR കോഡിന്റെ സഹായത്തോടെ ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യമൊരുക്കി.
- ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാതൃഭാഷയിൽ തയ്യാറാക്കി നൽകി.
- ധാരാളം ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളായി മാറി.
- സ്കൂളുകളിൽ ലാംഗ്വേജ് ലാബുകൾ ആരംഭിച്ചു.
- സ്കൂളുകളിൽ ക്ലാസ് ലൈബ്രറി, സെൻട്രൽ ലൈബ്രറി എന്നീ ആശയങ്ങൾ നടപ്പിലാക്കാനുള്ള സഹായം നൽകി.

'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവവൈവിധ്യ ഉദ്യാനങ്ങൾ സ്കൂളുകളിൽ തയ്യാറാക്കി. ഇവ പാഠപുസ്തകവുമായി ബന്ധിപ്പിക്കുന്നതിനുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കിനൽകി.

**സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി**

178 (1310) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി കെട്ടിട നിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ എത്ര സ്കൂളുകളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എത്ര സ്കൂളുകളിൽ പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ടെന്നും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി കെട്ടിട നിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 141 സ്കൂളുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതിൽ 8 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

(ബി) പ്രവൃത്തി പൂർത്തിയാക്കിയ 8 സ്കൂളുകൾക്ക് പുറമേ 3 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻതന്നെ പൂർത്തിയാക്കി കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60 ശതമാനത്തിലധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലും പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിലും പ്രതിമാസ അവലോകനം നടത്തി തുടർനടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനം**

179 (1311) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, തിരുവമ്പാടി മണ്ഡലത്തിലെ ജി.എച്ച്.എസ്. പുതുപ്പാടി, ജി.എം.യു.പി.എസ്. ചേന്ദമംഗല്ലൂർ, ജി.യു.പി.എസ്. മണാശ്ശേരി, ജി.എം.യു.പി.എസ്. കൊടിയത്തൂർ, ജി.എം.യു.പി.എസ്. കൈതപ്പൊയിൽ എന്നീ സ്കൂളുകൾക്ക് അനുവദിച്ച പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 'കിഫ്ബി' ധനസഹായത്തോടെ 3 കോടി രൂപ നിർമ്മാണ പ്രവർത്തനത്തിന് ഭരണാനുമതി നൽകിയ തിരുവമ്പാടി മണ്ഡലത്തിലെ ജി.എച്ച്.എസ്. പുതുപ്പാടി, ജി.എം.യു.പി.എസ്. ചേന്ദമംഗലൂർ എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ജി.എം.യു.പി.എസ്. ചേന്ദമംഗലൂരിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ജി.എച്ച്.എസ്. പുതുപ്പാടിയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

2018-19 സാമ്പത്തിക വർഷം 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ ഭരണാനുമതി നൽകിയ ഉത്തരവിലുൾപ്പെട്ട ജി.യു.പി.എസ്. മണാശ്ശേരി, ജി.എം.യു.പി.എസ്. കൊടിയത്തൂർ, ജി.എം.യു.പി.എസ്. കൈതപ്പൊയിൽ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിന് എസ്.പി.വി.യായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നടപടി**

180 (1312) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങൾക്കുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ, നിർവ്വഹണ പ്ലാൻ എന്നിവ ഉദ്ദേശിക്കുന്ന വിധത്തിൽ എല്ലാ സ്കൂളുകളും തയ്യാറാക്കിയിട്ടുണ്ടോ;

(സി) 'പഠനോത്സവങ്ങൾ' സമൂഹത്തോട് ഏതൊക്കെ തരത്തിലുള്ള വിനിമയത്തിനാണ് കുട്ടികളെ പ്രാപ്തരാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പി.റ്റി.എ., എസ്.എം.സി. എന്നീ സംവിധാനങ്ങളുടെ ഫലപ്രദമായ ഏകോപനം ഏതൊക്കെ വിധത്തിൽ കൈവരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ആരംഭിച്ചത്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ അറിവ്, കഴിവ്, നൈപുണി, മനോഭാവം എന്നിവ ഏറ്റവും ഉയർന്ന തലത്തിലേയ്ക്കുയർത്തുന്നതിനായി പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം, നൂതന വിവരസാങ്കേതിക വിദ്യാസങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിനും ഉറപ്പുവരുത്തുന്നതിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിലൂന്നിക്കൊണ്ട് അക്കാദമിക മികവ്, വിദ്യാലയ മികവ് എന്ന ലക്ഷ്യം നേടാനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് പൊതുവിദ്യാലയങ്ങളിൽ നടക്കുന്നത്.

(ബി) പൊതുവിദ്യാലയങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ എന്നത് നവീനമായ ആശയമാണ്. എല്ലാ സ്കൂളുകളും ഇത് തയ്യാറാക്കിയിട്ടുണ്ട്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ മെച്ചപ്പെടുത്തലുകൾക്ക് വിധേയമാണ്. അതുപോലെ നിർവ്വഹണ പ്ലാനുകളും സ്കൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയും പരിവർത്തനത്തിന് വിധേയമാണ്. നിരന്തരമായി നടക്കുന്ന ഈ പ്രകിയയിലൂടെയാണ് മികച്ച നിലയിലേയ്ക്ക് അക്കാദമിക മാസ്റ്റർ പ്ലാനും നിർവ്വഹണ പ്ലാനും വികസിച്ചുവരിക.

(സി) 'പഠനോത്സവങ്ങൾ' വഴി ഓരോ കുട്ടിയും ആർജ്ജിച്ച കഴിവുകൾ പൊതുസമൂഹത്തിൽ പങ്കുവയ്ക്കാൻ കഴിഞ്ഞു. കുട്ടികളുടെ ആത്മവിശ്വാസം ഇതുമൂലം ഉയർന്നിട്ടുണ്ട്. ഒരു കുട്ടിയുടെ മികവുകൾ തന്റെ രക്ഷിതാവിനെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുന്നതിന് പഠനോത്സവങ്ങൾ സഹായിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സർക്കാർ എലിമെന്ററി സ്കൂളുകൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ എസ്.എം.സി. സംവിധാനവും സർക്കാർ എയ്ഡഡ് സ്കൂളുകളിലും സർക്കാർ ഹൈസ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലും പി.ടി.എ. സംവിധാനവും നിലവിലുണ്ട്. ഇന്ത്യൻ പാർലമെന്റ് പാസാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എസ്.എം.സി.-കളും സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പ്രകാരം പി.ടി.എ.-കളും സംസ്ഥാനത്തെ സ്കൂളുകളിൽ ശക്തമായും ഫലപ്രദമായും ഇടപെട്ട് സ്കൂളുകളുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നുവരുന്നു.

## ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ സമഗ്രവികസനം

181 (1313) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ സമഗ്ര വികസനത്തിന് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകൾക്ക് ഒരു കോടി രൂപ വീതം പണം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി എന്തെല്ലാമാണെന്ന് വിവരിക്കാമോ?

ഉത്തരം

(എ-സി) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളെ തെരഞ്ഞെടുത്ത് കിഫ്ബി ധനസഹായം ഒരു കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. അങ്ങാടിക്കൽ സൗത്ത്, ജി.എച്ച്.എസ്.എസ്. ബുധനൂർ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ എസ്.പി.വി.യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനും ഒരു കോടി രൂപ അനുവദിച്ച സ്കൂളുകളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ജി.യു.പി.എസ്. പെണ്ണുകര | 99.97 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 2 | ജി.യുപി.എസ്.പെരിശ്ശേരി | 100 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 3 | ജി.എച്ച്.എസ്. ബുധനൂർ, യു.പി. വിഭാഗം | 100 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 4 | ജി.എച്ച്.എസ്.എസ്. പുലിയൂർ | 100 ലക്ഷം | പ്രവൃത്തി ആരംഭിച്ചു |
| 5 | ജി.ജെ.ബി.എസ്. വെൺമണി | 100 ലക്ഷം | കെട്ടിടംപൊളിക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചുവരുന്നു. |
| 6 | ജി.ജെ.ബി.എസ്. ചെറിയനാട് | 100 ലക്ഷം | |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | ജി.എൽ.പി.എസ്. പെരിങ്ങിള്ളിപ്പുറം | 100 ലക്ഷം | പൊതുമരാമത്ത് വകുപ്പിന് ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്. |
| 8 | ജി.ജെ.ബി.എസ്. പൂന്താല | 100 ലക്ഷം | |
| 9 | ഗവ. യു.പി. സ്കൂൾ (കിഴക്കേനട) ചെങ്ങന്നൂർ | 100 ലക്ഷം | |

## ഇടുക്കി ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ ഡ്രൈവർ തസ്തികയും വാഹനവും

182 (1314) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ എത്ര ഡ്രൈവർ തസ്തികയും എത്ര വാഹനവും നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ മൂന്ന് നിയോജകമണ്ഡല പരിധി പ്രവർത്തന മേഖലയായിട്ടുള്ള കട്ടപ്പന വിദ്യാഭ്യാസ ജില്ലാ ഓഫീസിന് അനുവദിച്ചിരുന്ന ഡ്രൈവർ തസ്തികയും വാഹനവും പ്രസ്തുത ഓഫീസിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഡ്രൈവർ തസ്തികയും വാഹനവും ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് ഒരു ഡ്രൈവർ തസ്തികയും ഒരു വാഹനവുമുണ്ട്.

(ബി) കട്ടപ്പന വിദ്യാഭ്യാസ ജില്ലാ ഓഫീസിന് അനുവദിച്ചിരുന്ന വാഹനം കാലപ്പഴക്കംകാരണം ഉപയോഗശൂന്യമാകുകയും സർക്കാർ ഉത്തരവ് പ്രകാരം ടി വാഹനം ലേലം ചെയ്യുകയും ചെയ്തു. ടി ഓഫീസിൽ ജോലി ചെയ്തിരുന്ന ഡ്രൈവർ ഇപ്പോൾ തൊടുപുഴ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കിവരുന്നു. കട്ടപ്പന ഡി.ഇ.ഒ. ഓഫീസിൽ വാഹനം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഡി.ഇ.ഒ. സർക്കാരിൽ സമർപ്പിച്ച അപേക്ഷ ശിപാർശയ്ക്കും വിശദമായ പ്രൊപ്പോസലിനുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## ഒല്ലൂർ മണ്ഡലത്തിലെ ഹൈടെക് ക്ലാസ് റൂമുകൾ

183 (1315) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിലാണ് ഹൈടെക് ക്ലാസ് റൂമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്കൂളുകളിൽ ആയതിൻെറ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കിയ സ്കൂളുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## കോങ്ങാട് മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയ സ്കൂളുകൾ

184 (1316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് മൂന്നുകോടി രൂപാ വീതം നൽകിയ എത്ര സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അപ്രകാരം ഭരണാനുമതി നൽകിയ സ്കൂളുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.ഐ.റ്റി.ഇ.യെ എസ്.പി.വി. ആയി തെരഞ്ഞെടുക്കുകയും പിന്നീട് ആയത് ഇൻകെല്ലിനെ ഏല്പിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) അതിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് മൂന്നുകോടി രൂപവീതം നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു:

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ജി.എച്ച്.എസ്. മങ്കര
2. ജി.എച്ച്.എസ്.എസ്. കാരക്കുറിശ്ശി
3. ജി.എച്ച്.എസ്. കരിമ്പ
4. ജി.എച്ച്.എസ്.എസ്. പൊട്ടശ്ശേരി
5. ജി.യു.പി.എസ്. കോങ്ങാട്.

(ബി) ഇല്ല. ആദ്യഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി.യായ കൈറ്റിനെയാണ് ചുമലപ്പെടുത്തിയിരുന്നത്. കൈറ്റ് പലവട്ടം ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. കൂടാതെ വെള്ളപ്പൊക്കം, തെരഞ്ഞെടുപ്പ്, കെട്ടിടം പൊളിച്ചുമാറ്റാൻ ഉണ്ടായ കാലതാമസം എന്നീ കാരണങ്ങളാൽ പ്രവൃത്തികൾക്ക് കാലതാമസം വന്നിരുന്നു.

(സി&ഡി) ഉണ്ട്. മങ്കരയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എസ്.പി.വി. ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കൈറ്റ് പലവട്ടം ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിലുള്ള എസ്.പി.വി. ആയി ഇൻകെലിനെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്. കാരക്കുറിശ്ശിയുടെ നിർമ്മാണ പ്രവർത്തനവും എസ്.പി.വി. ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ്. കരിമ്പ, ജി.എച്ച്.എസ്. പൊട്ടശ്ശേരി, ജി.യു.പി.എസ്. കോങ്ങാട് എന്നീ സ്കൂളുകൾക്ക് 2018-19-ൽ ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി ഇൻകെലിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇൻകെൽ മുഖാന്തരം നടന്നുവരുന്നു. പ്രവൃത്തികൾ എത്രയുംപെട്ടെന്ന് പൂർത്തിയാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹൈടെക് സ്കൂളുകളുടെ മന്ദിര നിർമ്മാണം**

185 (1317) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സൗത്ത് വാഴക്കുളം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ, കടയിരിപ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ മന്ദിര നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തികരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സൗത്ത് വാഴക്കുളം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ എച്ച്.എസ്.എസ്. ബ്ലോക്ക് വെർട്ടിക്കൽ എക്സ്പാൻഷൻ (G+2) സ്ട്രക്ചർ പൂർത്തിയാക്കി. വെളിയിലുള്ള പെയിന്റിംഗ് ഇലക്ട്രിക്കൽ ജോലികൾ നടന്നുവരുന്നു. എച്ച്.എസ്.എ. ബ്ലോക്കിന്റെ (G+1) സ്ട്രക്ചർ പൂർത്തിയാക്കി പുറത്തുള്ള പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് ജോലികൾ നടക്കുന്നു. എച്ച്.എസ്. ബ്ലോക്ക് വെർട്ടിക്കൽ എക്സ്പാൻഷൻ (G+1) സ്ട്രക്ചറും പെയിന്റിംഗും പൂർത്തിയാക്കിയിട്ടുണ്ട്. കിച്ചൺ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പുറത്തെ പ്ലാസ്റ്ററിംഗ് ജോലികൾ നടന്നുവരുന്നു. പ്രവൃത്തികൾ 2019 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

കടയിരിപ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി 30-9-2019-ന് സ്കൂളിന് കൈമാറിയിട്ടുണ്ട്.

**സ്കോൾ കേരളയിലെ നിയമനങ്ങൾ**

186 (1318) ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കോൾ കേരളയിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിനോക്കുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നിയമനരീതി സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## ഉദുമ മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി പദ്ധതി

187 (1319) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം ഉദുമ മണ്ഡലത്തിലെ എത്ര സ്കൂളുകൾക്ക് മൂന്ന് കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ മേലമ്പാടി പഞ്ചായത്തിലെ ജി.എച്ച്.എസ്.എസ്. അഡൂർ, ബേഡഡുക്ക പഞ്ചായത്തിലെ ജി.എച്ച്.എസ്. കുണ്ടംകുഴി, ഉദുമ പഞ്ചായത്തിലെ ജി.എച്ച്.എസ്.എസ്. ഉദുമ എന്നീ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബി പദ്ധതി പ്രകരാം ഉദുമ മണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾക്ക് മൂന്നുകോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്:

1. ജി.എച്ച്.എസ്.എസ്. ബന്ധടുക്ക
2. ജി.എച്ച്.എസ്.എസ്. അഡൂർ
3. ജി.എച്ച്.എസ്.എസ്. കണ്ടംകുഴി
4. ജി.എച്ച്.എസ്.എസ്. ഉദുമ
5. ജി.എച്ച്.എസ്.എസ്. ചെമ്മനാട്
6. ജി.എച്ച്.എസ്.എസ്. പള്ളിക്കര
7. ജി.എച്ച്.എസ്.എസ്. ഇരിയണ്ണി.

(ബി) മേലമ്പാടി പഞ്ചായത്തിലെ ജി.എച്ച്.എസ്.എസ്. അഡൂരിന്റെ നിർമ്മാണം 'KITE'-നെ ചുമതലപ്പെടുത്തിയിരുന്നു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ബേഡഡുക്ക പഞ്ചായത്തിലെ ജി.എച്ച്.എസ്. കുണ്ടംകുഴി, ഉദുമ പഞ്ചായത്തിലെ ജി.എച്ച്.എസ്.എസ്. ഉദുമ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കൈറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എസ്.പി.വി.യായി 'INKEL'-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിലെ പഠന നിലവാരം

188 (1320) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം;

(ബി) ഇത്തരം നടപടികൾ വഴി പഠന നിലവാരം മെച്ചപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഇല്ലെങ്കിൽ ഒരു ശാസ്ത്രീയ പഠനം നടത്തി പൊതുവിദ്യാഭ്യാസ മേഖലയിലെ പഠന നിലവാരം വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച് മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിദ്യാഭ്യാസ ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കി. പൊതുജന പങ്കാളിത്തത്തോടെ വിദ്യാഭ്യാസം ജനകീയമാക്കി. വിദ്യാഭ്യാസ മേഖലയിലെ വിവിധ ഏജൻസികളുടെ ഏകോപനം സാധ്യമാക്കി. സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ, വ്യക്തിഗത മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുകയും അനുയോജ്യമായ തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ഭാഷ, ഗണിതം, ശാസ്ത്രം തുടങ്ങിയ മേഖലകളിൽ പ്രത്യേക അക്കാദമിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. (മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, ശാസ്ത്രപഥം, ശ്രദ്ധ, ന്യൂമാറ്റ്സ്, സ്റ്റെപ്സ് തുടങ്ങിയ പഠന പരിപോഷണ പരിപാടികൾ) വിവിധ അക്കാദമിക മേഖലകളിൽ ഗവേഷണ പഠനങ്ങൾ നടത്തുകയും അവയുടെ അടിസ്ഥാനത്തിൽ പ്രായോഗിക ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. സമഗ്ര വിദ്യാഭ്യാസ പോർട്ടലിൽ ആവശ്യമായ ഡിജിറ്റൽ പഠനവിഭവങ്ങൾ ഒരുക്കി, ടാലന്റ് ലാബ്, ജൈവ വൈവിധ്യ ഉദ്യാനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി, അദ്ധ്യാപകർക്കായി സമഗ്ര ശാക്തീകരണ പരിപാടികൾ നടത്തി. 8 മുതൽ 12 വരെ ക്ലാസ്സുകളിലെ ക്ലാസ്സുമുറികൾ സ്മാർട്ട് ക്ലാസ്സ് മുറികളായി മാറ്റുന്നതിന് സാധിച്ചു. എല്ലാ പ്രൈമറി ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഓരോ

കുട്ടിയേയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള അക്കാദമിക ഇടപെടലിനായി വ്യക്തിഗത മാസ്റ്റർപ്ലാൻ തയ്യാറാക്കി അനുയോജ്യമായ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. പാഠ്യപദ്ധതി വിനിമയം വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ഫലപ്രദമാക്കി. പഠനബോധന പ്രക്രിയയിൽ അദ്ധ്യാപകർക്കും കുട്ടികൾക്കും ഒരേപോലെ പിന്തുണ ലഭിക്കുന്നതിന് സമഗ്ര പോർട്ടൽവഴി പഠന വിഭവങ്ങൾ ലഭ്യമാക്കുകയും നിരന്തരം ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ മികവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കി, റിസോഴ്സ് അദ്ധ്യാപകർക്ക് പരിശീലനം നൽകി.

സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഭൗതിക സൗകര്യങ്ങളും അക്കാദമിക സഹായങ്ങളും വർദ്ധിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഓരോ സ്കൂളും പൊതുസമൂഹത്തിന്റെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ അക്കാദമിക മാസ്റ്റർ പ്ലാനും വ്യക്തിഗത മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നു.

മാതൃഭാഷയിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുന്നതിന് 'മലയാളത്തിളക്കം' പരിപാടി, ഇംഗ്ലീഷ് ഭാഷ അനായാസേന കൈകാര്യം ചെയ്യുന്നതിന് 'ഹലോ ഇംഗ്ലീഷ്' പരിപാടി, ഹിന്ദി ഭാഷ ലളിതമായി മനസ്സിലാക്കുന്നതിന് 'സുരീലി ഹിന്ദി' പരിപാടി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഒന്നുംരണ്ടും ക്ലാസ്സുകളിലെ കുട്ടികളുടെ ഗണിതപഠനം കളികളിലൂടെ, സന്തോഷത്തോടെ പഠിക്കുന്നതിന് 'ഉല്ലാസഗണിതം' പരിപാടി നടപ്പിലാക്കി.

മൂന്നുമുതൽ ഉയർന്ന ക്ലാസ്സുകളിൽ വരെയുള്ള കുട്ടികളുടെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന് 'ഗണിതവിജയം' പരിപാടി നടപ്പിലാക്കി.

കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നതിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ വായനക്കാർഡുകൾ തയ്യാറാക്കിനൽകി. ഇത് എപ്രകാരം ഉപയോഗിക്കണമെന്നുള്ള പ്രായോഗിക ക്ലാസ്സുകൾ അദ്ധ്യാപകർക്ക് നൽകി.

ശാസ്ത്രവിഷയങ്ങൾ രസകരവും താൽപ്പര്യപൂർവ്വവുമായി പഠിക്കുന്നതിന് എൽ.പി.-യിൽ 'ശാസ്ത്ര കൗതുകം' പരിപാടി, യു.പി.-യിൽ 'ശാസ്ത്രപാർക്ക്', ഉയർന്ന ക്ലാസ്സുകളിൽ 'ശാസ്ത്രപഥം' എന്നീ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

പഠനസൗകര്യങ്ങൾ മികവുറ്റതാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത സ്കൂളുകൾക്ക് 5 കോടി രൂപ, 3 കോടി

രൂപ, 1 കോടി രൂപ നൽകി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പരിപാടി അന്തിമഘട്ടത്തിലാണ്.

സ്കൂളുകളിൽ ശാസ്ത്ര ലാബുകൾ, ക്ലാസ് ഗണിത ലാബുകൾ, ക്ലാസ് ലൈബ്രറികൾ എന്നിവ സജ്ജീകരിച്ചുനൽകി.

സ്കൂളുകളെ ഉന്നത സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ട്വിന്നിംഗ് പരിപാടിക്കും തുടക്കം കുറിച്ചു.

യു.പി., എച്ച്.എസ്. ക്ലാസ്സുകളിലെ കുട്ടികൾക്ക് സാമൂഹ്യശാസ്ത്രം ആസ്വദിച്ച് പഠിക്കുന്നതിന് 'ജ്യോഗ്രഫി ലാബ്' നടപ്പിലാക്കുന്ന പരിപാടി ആരംഭിച്ചു.

കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധ നൽകുന്നതിന് അദ്ധ്യാപകർ മെന്റർമാരായി പ്രവർത്തിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ഹയർസെക്കണ്ടറി വിഭാഗം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ക്യാമ്പ്, ഹിസ്റ്ററി, ജ്യോഗ്രഫി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ അധിക വായനാസാമഗ്രി നൽകൽ എന്നിവ നടപ്പിലാക്കി.

ഇംഗ്ലീഷ് തിയേറ്റർ പ്രവർത്തനങ്ങൾ സ്കൂളിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹൈസ്കൂൾ ക്ലാസ്സുകളിൽ ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ബയോളജി, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങൾക്ക് അധിക വായനാസാമഗ്രികളും വർക്ക്ഷീറ്റുകളും തയ്യാറാക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഹൈസ്കൂൾ, ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഭാഷ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞു.

45000 ഹൈസ്കൂൾ, ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക്കാക്കി.

എൽ.പി., യു.പി. സ്കൂളുകളിൽ ഹൈടെക് സംവിധാനം ഒരുക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്.

അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും സൗകര്യപ്രദമായ സമഗ്ര പോർട്ടൽ ആരംഭിച്ചു. അദ്ധ്യയനവർഷം, ഓരോ ടേം എന്നിവ ആരംഭിക്കുന്നതിനുമുൻപ് സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകം എത്തിക്കുന്നു. അത് QR കോഡിന്റെ സഹായത്തോടെ ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യമൊരുക്കി. ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാതൃഭാഷയിൽ തയ്യാറാക്കി നൽകി. ധാരാളം ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളായി മാറി. സ്കൂളുകളിൽ ലാംഗ്വേജ് ലാബുകൾ ആരംഭിച്ചു. സ്കൂളുകളിൽ ക്ലാസ് ലൈബ്രറി, സെൻട്രൽ ലൈബ്രറി എന്നീ ആശയങ്ങൾ നടപ്പിലാക്കാനുള്ള സഹായം നൽകി.

'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവവൈവിധ്യ ഉദ്യാനങ്ങൾ സ്കൂളുകളിൽ തയ്യാറാക്കി ഇവ പാഠപുസ്തകവുമായി ബന്ധിപ്പിക്കുന്നതിനുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകി.

(ബി) ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാനതല അച്ചീവ്മെന്റ് സർവ്വേ നടത്തി (SAS) ഒരു ബ്ലോക്കിൽനിന്നും ഏറ്റവും കുറഞ്ഞത് 20 സ്കൂളുകൾ എന്ന നിലയിൽ പഠനം നടത്തി. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾ, നഗരം, ഗ്രാമം, തീരപ്രദേശം, വനപ്രദേശം എന്നിങ്ങനെ എല്ലാ പ്രാദേശിക സവിശേഷതകളും ഉൾക്കൊള്ളുന്നവയാണെന്ന് ഉറപ്പുവരുത്തിയിരുന്നു. ഒരു ക്ലാസ്സിൽ വിവിധ വിഷയങ്ങളിലെ പഠനനേട്ട നിലവാരത്തിന്റെ താരതമ്യ പഠനം നടത്തി. ഇതുകൂടാതെ എം.എച്ച്.ആർ.ഡി.-യുടെ നേതൃത്വത്തിൽ സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡെക്സ് (SEQI), പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡെക്സ് (PGI) എന്നീ സർവ്വേകളും നടത്തിയിട്ടുണ്ട്.

(സി) ഈ വർഷവും തുടർ വർഷങ്ങളിലും പഠനനിലവാരം മെച്ചപ്പെടുന്നുണ്ടോ എന്നതുസംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ചരിത്ര പ്രാധാന്യമുള്ള സ്കൂളുകളുടെ സംരക്ഷണം**

189 (1321) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രാധാന്യമുള്ള സ്കൂളുകളെ 'ഹെറിറ്റേജ് പദ്ധതി'യിൽ ഉൾപ്പെടുത്തി സംരക്ഷിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇരുനൂറ്റി പത്ത് വർഷം മുൻപ് സ്ഥാപിക്കപ്പെട്ട ആറ്റിങ്ങൽ ടൗൺ യു. പി. സ്കൂൾ 'ഹെറിറ്റേജ് പദ്ധതി' യിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ 150 വർഷം പിന്നിട്ട എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേകം ധനസഹായം നൽകുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൈതൃക സ്കൂൾ സംരക്ഷണ പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുവേണ്ടി ലഭിച്ച സ്കൂളുകളുടെ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**അസാപ് നടപ്പാക്കുന്നതിനുള്ള മാനദണ്ഡം**

190 (1322) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; വിശദവിവരം നൽകാമോ;

(ബി) അസാപ്പ് നടപ്പാക്കുന്നതിനായി സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. ഗവ.എച്ച്.എസ്. കിഴക്കഞ്ചേരി
2. ഗവ. എച്ച്.എസ്.എസ്. കുനിശ്ശേരി
3. ഗവ. ഗേൾസ് എച്ച്.എസ്.എസ്. ആലത്തൂർ
4. ഗവ. എച്ച്.എസ്.എസ്. എരിമയൂർ
5. സി.എ.എച്ച്.എസ്.എസ്. കുഴൽമന്ദം
6. കെ.സി.പി.എച്ച്.എസ്.എസ്. കാവശ്ശേരി
7. ഗവ. എച്ച്.എസ്.എസ്. തേങ്കുറിശ്ശി, വിളയന്നൂർ.

2018-19 വർഷം നിർദ്ദിഷ്ട മാനദണ്ഡപ്രകാരമുള്ള 25 കുട്ടികൾ ലഭ്യമല്ലാത്തതിനാൽ നിലവിൽ കുനിശ്ശേരി ഗവ. എച്ച്.എസ്.എസ്.-ൽ അസാപ് പരിശീലനമില്ല.

(ബി) സർക്കാർ/എയ്ഡഡ് മേഖലയിലുള്ള എല്ലാ ഹയർസെക്കണ്ടറി സ്കൂളുകൾക്കും അസാപ് പരിശീലനത്തിന് താൽപ്പര്യപത്രം നൽകാവുന്നതാണ്. ഇത്തരം സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായി ക്ലാസ്സുകൾ നടത്തുന്നതിന് അനുയോജ്യമായ സ്മാർട്ട് ക്ലാസ് റൂമും 15 എണ്ണം കമ്പ്യൂട്ടറുകളുടെ ലഭ്യതയും ആവശ്യമുണ്ട്. ഒന്നാംവർഷ ഹയർസെക്കണ്ടറി ക്ലാസ്സിലെ കുറഞ്ഞത് 25 കുട്ടികൾ താൽപ്പര്യപ്പെടുന്ന പക്ഷം അസാപ് പരിശീലനം അനുവദിച്ചുവരുന്നു.

## ദേവികുളം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾ

191 (1323) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ദേവികുളം നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള മൊത്തം പദ്ധതികളെയും നിർമ്മാണ പ്രവൃത്തികളേയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട മുഴുവൻ സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കോതമംഗലം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് അനുദിച്ച ഫണ്ട്

192 (1324) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോതമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ വിവിധ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്നും ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും ഏതെല്ലാം സ്കീം പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) അപ്രകാരം തുക അനുവദിച്ചിട്ടുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇനിയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനായി ജി.എച്ച്.എസ്.എസ്. പല്ലാരിമംഗലം, ജി.വി.എച്ച്.എസ്.എസ്. നേര്യമംഗലം എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ INKEL-നെ ഏൽപ്പിച്ചിട്ടുണ്ട്.

**മുളക്കുളം ഗവ. യു.പി. സ്കൂൾ കെട്ടിടനിർമ്മാണം**

193 (1325) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുവർഷം പിന്നിട്ട മുളക്കുളം ഗവ. യു.പി.സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുള്ളത് ഈ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) കാലപ്പഴക്കംകൊണ്ട് ശോച്യാവസ്ഥയിലായ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുന്നകാര്യം പരിഗണിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രൊപ്പോസൽ പരിഗണനയിലാണ്.

**അക്കാദമിക നിലവാരവും പഠന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

194 (1326) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികളുടെ അക്കാദമിക നിലവാരവും പഠനസൗകര്യങ്ങളും മികവുറ്റതാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കുട്ടികളുടെ അക്കാദമിക നിലവാരവും പഠന സൗകര്യങ്ങളും മികവുറ്റതാക്കുന്നതിന് ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ ചുവടെ നൽകുന്നു:

ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള മെന്ററിംഗ് സംവിധാനം നടപ്പിലാക്കും. ഒരു നിശ്ചിത എണ്ണം കുട്ടികളുടെ സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് ആവശ്യമായ വ്യക്തിഗത പിന്തുണ നൽകുന്നതിനുള്ള ചുമതല ഒരു അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് നൽകും. അദ്ധ്യാപക ശാക്തീകരണ

പ്രക്രിയയുടെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ 'റിസോഴ്സ്പൂൾ' തയ്യാറാക്കി അദ്ധ്യാപകർക്ക് പത്തു ദിവസത്തെ റസിഡൻസ് പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. നിരന്തര മൂല്യനിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഓൺലൈൻ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഓരോ സ്കൂളും പൊതുസമൂഹത്തിന്റെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ അക്കാദമിക മാസ്റ്റർ പ്ലാനും വ്യക്തിഗത മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്നു.

മാതൃഭാഷയിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുന്നതിന് 'മലയാളത്തിളക്കം' പരിപാടി, ഇംഗ്ലീഷ് ഭാഷ അനായാസേന കൈകാര്യം ചെയ്യുന്നതിന് 'ഹലോ ഇംഗ്ലീഷ്' പരിപാടി, ഹിന്ദി ഭാഷ ലളിതമായി മനസ്സിലാക്കുന്നതിന് 'സുരീലിഹിന്ദി' പരിപാടി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഒന്നുംരണ്ടും ക്ലാസ്സുകളിലെ കുട്ടികളുടെ ഗണിതപഠനം കളികളിലൂടെ, സന്തോഷത്തോടെ പഠിക്കുന്നതിന് 'ഉല്ലാസഗണിതം' പരിപാടി നടപ്പിലാക്കി.

മൂന്നുമുതൽ ഉയർന്ന ക്ലാസ്സുകളിൽ വരെയുള്ള കുട്ടികളുടെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന് 'ഗണിതവിജയം' പരിപാടി നടപ്പിലാക്കി.

കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നതിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ വായനക്കാർഡുകൾ തയ്യാറാക്കി നൽകി. ഇത് എപ്രകാരം ഉപയോഗിക്കണമെന്നുള്ള പ്രായോഗിക ക്ലാസ്സുകൾ അദ്ധ്യാപകർക്ക് നൽകി.

ശാസ്ത്രവിഷയങ്ങൾ രസകരവും താൽപ്പര്യപൂർവ്വവുമായി പഠിക്കുന്നതിന് എൽ.പി.-യിൽ 'ശാസ്ത്ര കൗതുകം' പരിപാടി, യു.പി.-യിൽ 'ശാസ്ത്രപാർക്ക്', ഉയർന്ന ക്ലാസ്സുകളിൽ 'ശാസ്ത്രപഥം' എന്നീ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

പഠനസൗകര്യങ്ങൾ മികവുറ്റതാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത സ്കൂളുകൾക്ക് 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ നൽകി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പരിപാടി അന്തിമഘട്ടത്തിലാണ്.

സ്കൂളുകളിൽ ശാസ്ത്ര ലാബുകൾ, ക്ലാസ് ഗണിത ലാബുകൾ, ക്ലാസ് ലൈബ്രറികൾ എന്നിവ സജ്ജീകരിച്ചുനൽകി.

സ്കൂളുകളെ ഉന്നത സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ട്വിന്നിംഗ് പരിപാടിക്കും തുടക്കം കുറിച്ചു.

യു.പി., എച്ച്.എസ്. ക്ലാസ്സുകളിലെ കുട്ടികൾക്ക് സാമൂഹ്യശാസ്ത്രം ആസ്വദിച്ച് പഠിക്കുന്നതിന് 'ജ്യോഗ്രഫി ലാബ്' നടപ്പിലാക്കുന്ന പരിപാടി ആരംഭിച്ചു.

കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധ നൽകുന്നതിന് അദ്ധ്യാപകർ മെന്റർമാരായി പ്രവർത്തിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ഹയർസെക്കണ്ടറി വിഭാഗം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ക്യാമ്പ്, ഹിസ്റ്ററി, ജ്യോഗ്രഫി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ അധിക വായനാസാമഗ്രി നൽകൽ എന്നിവ നടപ്പിലാക്കി.

ഇംഗ്ലീഷ് തീയേറ്റർ പ്രവർത്തനങ്ങൾ സ്കൂളിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഹൈസ്കൂൾ ക്ലാസ്സുകളിൽ ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ബയോളജി, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങൾക്ക് അധിക വായനാസാമഗ്രികളും വർക്ക്ഷീറ്റുകളും തയ്യാറാക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഹൈസ്കൂൾ, ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഭാഷ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞു.

45000 ഹൈസ്കൂൾ, ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക്കാക്കി.

എൽ.പി., യു.പി. സ്കൂളുകളിൽ ഹൈടെക് സംവിധാനം ഒരുക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്.

അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും സൗകര്യപ്രദമായ 'സമഗ്ര' പോർട്ടൽ ആരംഭിച്ചു.

അദ്ധ്യയനവർഷം, ഓരോ ടേം എന്നിവ ആരംഭിക്കുന്നതിനുമുൻപ് സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകം എത്തിക്കുന്നു. അത് QR കോഡിന്റെ സഹായത്തോടെ ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യമൊരുക്കി.

ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാതൃഭാഷയിൽ തയ്യാറാക്കി നൽകി.

ധാരാളം ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളായി മാറി.

സ്കൂളുകളിൽ ലാംഗ്വേജ് ലാബുകൾ ആരംഭിച്ചു. സ്കൂളുകളിൽ ക്ലാസ് ലൈബ്രറി, സെൻട്രൽ ലൈബ്രറി എന്നീ ആശയങ്ങൾ നടപ്പിലാക്കാനുള്ള സഹായം നൽകി.

'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവവൈവിധ്യ ഉദ്യാനങ്ങൾ സ്കൂളുകളിൽ തയ്യാറാക്കി. ഇവ പാഠപുസ്തകവുമായി ബന്ധിപ്പിക്കുന്നതിനുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകി.

## ശാസ്ത്രപഥം ക്യാമ്പ്

195 (1327) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ഉണ്ണി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചിയും ശാസ്ത്രാവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ 'ശാസ്ത്രപഥം' എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) കുട്ടികൾ പഠിക്കുന്ന ശാസ്ത്രതത്വങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും വിവിധ ശാസ്ത്രവിഷയങ്ങളിലുള്ള ഉന്നത വിദ്യാഭ്യാസ-ഗവേഷണ സാധ്യതകളെക്കുറിച്ച് അറിവ് നേടാനും കുട്ടികളെ സഹായിക്കും വിധം എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ശാസ്ത്ര ക്യാമ്പിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്യാമ്പിൽ ഏതെല്ലാം ശാസ്ത്രവിഷയങ്ങളാണ് കൈകാര്യം ചെയ്തതെന്നും വിദ്യാർത്ഥികൾക്കായി ക്ലാസ്സുകൾ നയിച്ചത് ആരൊക്കെയാണെന്നും അറിയിക്കാമോ;

(ഡി) ആധുനിക ശാസ്ത്രോപകരണങ്ങളും കണ്ടുപിടിത്തങ്ങളും സാമൂഹ്യ പുരോഗതിക്കായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുവാൻ ഇത്തരം ശാസ്ത്ര ക്യാമ്പുകൾ തുടർന്നും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പതിനൊന്നാം ക്ലാസിൽ സയൻസ് കോമ്പിനേഷനിൽ പഠിക്കുന്ന തെരഞ്ഞെടുത്ത കുട്ടികൾക്കായി 2018-19 വർഷം സമഗ്രശിക്ഷാ കേരളം ഹയർസെക്കണ്ടറി വിദ്യാഭ്യാസം, കൊളിജീയറ്റ് വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'ശാസ്ത്രപഥം'. ഓരോ ജില്ലയിലും തെരെഞ്ഞെടുത്ത കോളേജുകളിൽ അതാത് ജില്ലയിലെ കുട്ടികൾക്ക് മൂന്നുദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ ശാസ്ത്രാവബോധം, ശാസ്ത്രചരിത്രം, ശാസ്ത്രജ്ഞന്മാരുടെ ജീവിത ചരിത്രം, ശാസ്ത്രസാങ്കേതിക സ്ഥാപന സന്ദർശനം, വിദ്യാർത്ഥികളുടെ പ്രോജക്ട് അവതരണം, ശാസ്ത്രരംഗത്തുള്ള പുതിയ നേട്ടങ്ങൾ, ഐ.ടി. മേഖലയുടെ ഉപയോഗം, പരീക്ഷണങ്ങളും പ്രവർത്തനങ്ങളും പ്രഭാഷണങ്ങൾ, ശാസ്ത്രത്തിൽ

ഉണ്ടാകുന്ന വികാസവികാസങ്ങൾ, സമൂഹത്തെ നേരിട്ട് ബാധിക്കുന്ന ശാസ്ത്ര വിഷയങ്ങൾ, ശാസ്ത്രവിജ്ഞാനം എന്നിങ്ങനെ സമൂഹവുമായി പങ്കുവയ്ക്കാം. ശാസ്ത്രജ്ഞന്മാരുമായിട്ടുള്ള മുഖാമുഖം എന്നിവയ്ക്ക് ഊന്നൽ നൽകി. കോളേജിലെ ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക ജില്ലാതല പ്രോഗ്രാം കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു. ജില്ലാതലത്തിലെ ഓരോ ക്യാമ്പിൽനിന്നും മികവ് പുലർത്തിയ അഞ്ചുവീതം കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് 'ഐസർ' തിരുവനന്തപുരത്ത് അഞ്ച് ദിവസത്തെ സംസ്ഥാനതല ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാനതല ക്യാമ്പിൽ 104 കുട്ടികളും 14 അദ്ധ്യാപകരും പങ്കെടുത്തു.

(സി) ശാസ്ത്രപഥം ജില്ലാതല ക്യാമ്പിൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, കണക്ക് എന്നീ ശാസ്ത്ര വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ജില്ലാതല ക്യാമ്പിൽ ശാസ്ത്രരംഗത്തെ വിദഗ്ദ്ധർ, കോളേജ് പ്രൊഫസർമാർ, ശാസ്ത്രജ്ഞന്മാർ എന്നിവർ ക്ലാസുകൾ നയിച്ചു. ജില്ലാതല ക്യാമ്പുകളിൽ ഓരോ ബാച്ചിലും റിസർച്ച് സ്കോളർമാർ, പി.ജി. വിദ്യാർത്ഥികൾ എന്നിവർ മെന്റർമാരായി പ്രവർത്തിച്ചു.

സംസ്ഥാനതല 'ശാസ്ത്രപഥം' ക്യാമ്പ് ഐസർ തിരുവനന്തപുരത്തുവച്ച് നടത്തി. ഐ.ഐ.റ്റി. അദ്ധ്യാപകർ ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപകർ, ശാസ്ത്രജ്ഞന്മാർ ഐ.ഐ.എസ്.റ്റി., ഐ.ഐ.എസ്.ഇ.ആർ. എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, പ്രസിദ്ധരായ പ്രൊഫസർമാർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഐ.ഐ.എസ്.ഇ.ആർ.-ലെ റിസർച്ച് സ്കോളർമാരും ബി.എസ്.എം.എസ്. വിദ്യാർത്ഥികളും മെന്റർമാരായി പ്രവർത്തിച്ചു.

(ഡി) കഴിഞ്ഞവർഷം നടപ്പിലാക്കിയ 'ശാസ്ത്രപഥം' പദ്ധതി ഈ വർഷവും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഈ വർഷം ശാസ്ത്രപഥം പരിപാടിയുടെ സംസ്ഥാനതല ക്യാമ്പ് ഐ.ഐ.എസ്.ഇ.ആർ. തിരുവനന്തപുരം, ഐ.ഐ.റ്റി. പാലക്കാട് എന്നീ സ്ഥാപനങ്ങളിൽ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു.

ഈ വർഷം സയൻസ് വിദ്യാർത്ഥികളക്കായി ശാസ്ത്രപഥം പരിപാടി നടപ്പിലാക്കുന്നതോടൊപ്പം ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗം കുട്ടികൾക്കും ഒരു പരിപാടി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു.

**കുളത്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്.**

196 (1328) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്നതിനുവേണ്ടി നിർമ്മാണ പ്രവൃത്തിക്ക് അനുവദിച്ച മൂന്ന് കോടി രൂപയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര തുകയ്ക്കാണ് ടെണ്ടർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18-ൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2019-ൽ തന്നെ കുളത്തൂർ വി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്നതിനുവേണ്ടി നിർമ്മാണ പ്രവൃത്തിയുടെ എസ്.പി.വി.-യായി 'കൈറ്റി'നെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ കൈറ്റിന് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2017-18 വർഷത്തിൽ ഭരണാനുമതി നൽകിയ, നിലവിൽ വർക്ക് ഓർഡർ നൽകാത്ത 50 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ എസ്.പി.വി.യായി വാപ്കോസിനെ (WAPCOS) ചുമതലപ്പെടുത്തണം എന്നാവശ്യപ്പെട്ട് കൈറ്റ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത 50 സ്കൂളുകളുടെ പട്ടികയിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ വി.എച്ച്.എസ്.എസ്.-ഉം ഉൾപ്പെട്ടിട്ടുണ്ട്.

## കുട്ടികൾക്ക് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സംവിധാനം

197 (1330) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്ന പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും വാങ്ങുമ്പോൾ, സ്കൂൾ തലത്തിലുള്ള നൂൺഫീഡിംഗ് കമ്മിറ്റികൾക്ക് പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംവിധാനമില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വാങ്ങുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നൂൺ ഫീഡിംഗ് കമ്മിറ്റികൾക്ക് അധികാരവും പരിശോധനാ സംവിധാനവും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) അവശ്യംവേണ്ട ഗുണമേന്മ പരിശോധനകൾക്കുശേഷമാണ് പ്രാദേശിക ക്ഷീരകർഷകരിൽനിന്നും സഹകരണ സംഘങ്ങൾ പാൽ ശേഖരിക്കുന്നത് എന്നുള്ളതിനാൽ അത്തരത്തിൽ ഗുണമേന്മ ഉറപ്പുവരുത്തപ്പെടുന്നുണ്ട്.

പാലിന്റെ ഗുണമേന്മ സംബന്ധിച്ച ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക ക്ഷീരസംഘങ്ങളിൽനിന്നും പാൽ വാങ്ങുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി തികച്ചും വികേന്ദ്രീകൃതമായ രീതിയിലാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ഭക്ഷ്യധാന്യം ഒഴികെ എല്ലാ ഭക്ഷ്യവസ്തുക്കളും (പാൽ ഉൾപ്പെടെ) വാങ്ങുന്നത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയുടെ മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ്.

പാലിന്റെ ഗുണമേന്മ ലാക്ടോമീറ്റർ അടക്കമുള്ള ഉപകരണങ്ങളുടെ സഹായത്തോടെ ക്ഷീര സഹകരണ സംഘങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരം സംഘങ്ങളിൽനിന്നും വാങ്ങുന്ന പാൽ തിളപ്പിച്ചാറ്റിയാണ് കുട്ടികൾക്ക് കുടിക്കാൻ നൽകുന്നത്. ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്തിടങ്ങളിൽ മിൽമയുടെ പാൽ വാങ്ങണമെന്ന് പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂളുകൾക്ക് കെട്ടിടം

198 (1331) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങൾക്ക് മൂന്ന് കോടി രൂപയുടെയും അഞ്ഞൂറിലധികം വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങൾക്ക് ഒരു കോടി രൂപയുടെയും നിർമ്മാണ അടങ്കൽ തുകയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് മൂന്നുകോടി രൂപ 'കിഫ്ബി' ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 166 സ്കൂളുകളെ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ ധനസഹായത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. മൂന്നുകോടി രൂപ ധനസഹായ പദ്ധതിക്ക് 'ഇൻകെലി'നെയും ഒരു കോടി രൂപ പദ്ധതിക്ക് 'കില'യേയും (KILA) Special Purpose Vehicle ആയി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാലയങ്ങളിലെ നീന്തൽക്കുളം**

199 (1332) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽക്കുളം ഒരുക്കുന്ന പദ്ധതിയിലേക്ക് തിരുവമ്പാടി നിയോജകമണ്ഡലത്തിൽനിന്നും നിർദ്ദേശിക്കപ്പെട്ട സ്കൂളുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിന്റെ മാനദണ്ഡവും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

200 (1333) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 5 കോടി രൂപ, 3 കോടി രൂപ വീതം അനുവദിച്ച സ്കൂളുകളിൽ എത്ര സ്കൂളുകളുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ;

(ബി) കൈറ്റ്, കിറ്റ്കോ എന്നീ സ്ഥാപനങ്ങളെ നിലവിൽ പ്രസ്തുത പദ്ധതിയുടെ എസ്.പി.വി.കളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതുമൂലം വന്നു ചേർന്നിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകളിൽ 8 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തു. (തിരുവനന്തപുരം-1, മലപ്പുറം-2, കോഴിക്കോട്-1, വയനാട്-1, കണ്ണൂർ-2, കാസർഗോഡ്-1) 3 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഈ മാസം കൈമാറ്റം ചെയ്യും. 48 സ്കൂളുകളിൽ 60 ശതമാനത്തിലധികം പണികൾ പൂർത്തിയായിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി രൂപ പദ്ധതിയുടെ ഭാഗമായ സ്കൂളുകളിൽ 7 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. ഒരു സ്കൂൾകൂടി പൂർത്തീകരിച്ച് ഈ മാസം കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 29 സ്കൂളുകളിൽ 69 ശതമാനത്തിലധികം പണി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2018-19-ലെ ബഡ്ജറ്റിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തി. ഇതിൽ 76 സ്കൂളുകൾ ഇൻകെലിന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിക്കുകയും 51 സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

(ബി&സി) 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18-ൽ ഭരണാനുമതി ലഭിച്ച സ്കൂളുകളിൽ 'കൈറ്റ്' പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിക്കാത്ത 39 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കൈറ്റ് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 28 സ്കൂളുകളുടെയും തുടർപ്രവർത്തനങ്ങൾക്കും എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻകെലിന് കൈമാറ്റം ചെയ്ത 39 സ്കൂളുകളിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## 5 കോടി, 3 കോടി, 1 കോടി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിലെ പദ്ധതിപ്രവർത്തനങ്ങൾ

201 (1334) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 5 കോടി, 3 കോടി, 1 കോടി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്ന് കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. കൊട്ടപ്പുറം, ജി.എച്ച്.എസ്.എസ്. വാഴക്കാട്,

ജി.എച്ച്.എസ്. ചാലിയപ്പുറം, ജി.വി.എച്ച്.എസ്. ഓമാനൂർ, ജി.എം.യു.പി.എസ്. കൊണ്ടോട്ടി, ജി.യു.പി.എസ്. ചിറയിൽ എന്നീ സ്കൂളുകളുടെ പ്രവൃത്തി ടെണ്ടർ പൂർത്തിയായിട്ടുണ്ടോ; നടപടികൾ അറിയിക്കാമോ;

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. ചുള്ളിക്കോട്, ജി.എച്ച്.എസ്.എസ്. മുതുവല്ലൂർ, ജി.യു.പി.എസ്. ചീക്കോട്, ജി.എം.യു.പി.എസ്. വാഴക്കാട്, ജി.എച്ച്.എസ്.എസ്. തടത്തിൽപറമ്പ് എന്നീ സ്കൂളുകളിലെ പ്രവൃത്തി ടെണ്ടർ പൂർത്തിയായോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18-ലെ ബഡ്ജറ്റിൽ അനുവദിച്ച 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 3 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി രൂപ പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 28 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. 39 സ്കൂളുകളുടെ നിർമ്മാണച്ചുമതല എസ്.പി.വി.യായി ഇൻകെലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ഭരണാനുമതി നൽകിയ, നിലവിൽ വർക്ക് ഓർഡർ നൽകാത്ത സ്കൂളുകളിലെ 50 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ എസ്.പി.വി.-യായി വാപ്കോസിനെ (WAPCOS) ചുമതലപ്പെടുത്തണം എന്നാവശ്യപ്പെട്ട് കൈറ്റ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2018-19-ലെ ബഡ്ജറ്റിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തി. ഇതിൽ 76 സ്കൂളുകൾ ഇൻകെലിന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിക്കുകയും 51 സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുമുണ്ട്. ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2018-19-ലെ ബഡ്ജറ്റിൽ 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന്റെ എസ്.പി.വി.-യായി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മൂന്നുകോടി രൂപ പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. കൊട്ടപ്പുറം, ജി.എച്ച്.എസ്.എസ്. വാഴക്കാട്, ജി.എച്ച്.എസ്. ചാലിയപ്പുറം എന്നീ സ്കൂളുകളുടെ നിർമ്മാണം എസ്.പി.വി. ആയ കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് എസ്.പി.വി. ആയി WAPCOS-നെ ചുമതലപ്പെടുത്തണമെന്ന കൈറ്റിന്റെ ആവശ്യം സർക്കാർ പരിഗണിച്ചുവരുന്നു. ജി.വി.എച്ച്.എസ്. ഓമാനൂർ, ജി.എം.യു.പി.എസ്. കൊണ്ടോട്ടി, ജി.യു.പി.എസ്. ചിറയിൽ എന്നീ സ്കൂളുകൾക്ക് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി രൂപ പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. ചുള്ളിക്കോട്, ജി.എച്ച്.എസ്.എസ്. മുതുവല്ലൂർ, ജി.യു.പി.എസ്. ചീക്കോട്, ജി.എം.യു.പി.എസ്. വാഴക്കാട്, ജി.എച്ച്.എസ്.എസ്. തടത്തിൽപറമ്പ് എന്നീ സ്കൂളുകളുടെ നിർമ്മാണത്തിന് എസ്.പി.വി.യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**എൽ.പി., യു.പി. വിഭാഗങ്ങൾ ഹൈടെക് ആക്കുന്നത് സംബന്ധിച്ച്**

202 (1335) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. പി., യൂ. പി വിഭാഗങ്ങൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി നിശ്ചിത അനുപാതത്തിലുള്ള വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ ചുരുക്കം ചില വിദ്യാലയങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കാനായിട്ടില്ല എന്നവിവരം ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതൊക്കെ എൽ.പി., യു. പി. സ്കൂളുകൾക്കാണ് ഇനിയും ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതായുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രൈമറി വിഭാഗം സ്കൂളുകളിൽ ഒരു ക്ലാസിൽ ശരാശരി 7 കുട്ടികളെങ്കിലുമുള്ള വിദ്യാലയങ്ങൾ ഹൈടെക് ലാബ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടാത്ത സ്കൂളുകളിലും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രൈമറി ഹൈടെക് ലാബ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടാത്ത സ്കൂളുകൾക്കും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

**ചെറായി ഗവ. എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം**

203 (T*1336) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി ഗവൺമെന്റ് എൽ.പി.സ്കൂൾ കെട്ടിടം കിഫ്ബിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) വൈപ്പിൻ മണ്ഡലത്തിലെ ചെറായി ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം 'കിഫ്ബി'യിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ല.

**നോർത്ത് മഴവന്നൂർ യു.പി. സ്കൂളിൽ അടിസ്ഥാനസൗകര്യ വികസനം**

204 (1337) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർത്ത് മഴവന്നൂർ യു.പി. സ്കൂളിൽ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**പാചകത്തൊഴിലാളികളുടെ വേതനം**

205 (1338) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പാചകത്തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡം വിശദമാക്കാമോ ;

(സി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് യൂണിഫോം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ യൂണിഫോം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 5-9-2016 മുതൽ പാചകത്തൊഴിലാളികളുടെ കുറഞ്ഞ വേതനം 400 രൂപയായും കൂടിയ വേതനം 475 രൂപയായും വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 1-4-2017 മുതൽ കുറഞ്ഞ വേതനത്തിൽ 50 രൂപയുടെയും 1-4-2019 മുതൽ മറ്റൊരു 50 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) ഇല്ല. നിലവിൽ 500 കുട്ടികൾക്ക് ഒരു പാചകത്തൊഴിലാളിയും 500-ന് മുകളിൽ കുട്ടികൾക്ക് രണ്ട് പാചകത്തൊഴിലാളികളും എന്ന കണക്കിലാണ് നിയമിച്ചിട്ടുള്ളത്.

(സി) യൂണിഫോം അനുവദിച്ചിട്ടില്ല. യൂണിഫോം അനുവദിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുള്ള നടപടി**

206 (1339) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്. എസ്.-ൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അനുമതി നൽകുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>ഭൗതിക സൗകര്യ വികസനം</u>

സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ചാലക്കുടി ഗവ. വി.എച്ച്.എസ്.എസ്.-ന് 5 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രം ആക്കുന്നതിന് തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2018-19 വർഷം അടിസ്ഥാനസൗകര്യ വികസനത്തിനായി ഒരു കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ജി.എച്ച്.എസ്.എസ്. ചായ്പ്പൻകുഴി, ജി.എച്ച്.എസ്.എസ്. കൊടകര എന്നീ സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന് എസ്.പി.വി. ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയും അടിസ്ഥാനസൗകര്യ വികസനത്തിനായി ഫണ്ട് നൽകിവരുന്നു.

<u>ആധുനിക സാങ്കേതികവിദ്യാ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ</u>

8 മുതൽ 12 വരെയുള്ള ക്ലാസ് മുറികളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്ന നടപടികൾ കൈറ്റ് മുഖാന്തരം നടപ്പിലാക്കിയിട്ടുണ്ട്.

<u>അക്കാദമികം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക മികവിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ ചാലക്കുടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കിവരുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കി വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്.-ൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിനായുള്ള അപേക്ഷകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

## ഒറ്റ ഡയറക്ടറേറ്റിനുകീഴിൽ പന്ത്രണ്ടാം ക്ലാസ്സുവരെ വിദ്യാഭ്യാസം

207 (1340) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം ഒരു ഡയറക്ടറേറ്റിന് കീഴിലാക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ഉത്തരം

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 31-5-2019-ലെ സ.ഉ. (കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനത്തിനുകീഴിൽ രൂപീകരിക്കുകയും 1-6-2019-ലെ സ.ഉ. (സാധാ) നമ്പർ 3139/2019/പൊ.വി.വ. പ്രകാരം ശ്രീ. ജീവൻ ബാബു കെ., ഐ.ഐ.എസ്.-നെ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ആയി നിയമിക്കുകയും ചെയ്തു. പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർ തസ്തിക വൈസ് പ്രിൻസിപ്പൽ എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്.

നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതുപോലെ തുടർന്നുവരുന്നു. ഉപജില്ല, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകൾ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, വെക്കോഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവ തൽസ്ഥിതിയിൽ തന്നെ തുടരുന്നു. എല്ലാ ഓഫീസുകളും ഡയറക്ടർ ജനറൽ എഡ്യൂക്കേഷന്റെ അധീനതയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത സംവിധാനം പൂർണ്ണതയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടം, വിവിധ വിശേഷാൽ ചട്ടങ്ങൾ, വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂളുകളിലെ കലാപഠനം സംബന്ധിച്ച്

208 (T* 1341) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സായാഹ്നങ്ങളിലും ഒഴിവു ദിവസങ്ങളിലും കലാപഠനത്തിന് സൗകര്യമാകുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് 'കലാകായികസാംസ്കാരിക പാർക്ക് ' എന്ന ആശയം നടപ്പിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ആയതിന്റെ വിപുലീകരണത്തിനായി സ്കൂൾ കലാമേളകളുടെ മാന്വൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കലാ കായിക സാംസ്കാരിക പാർക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കലാ കായിക സാംസ്കാരിക പാർക്ക് എന്ന പദ്ധതി നടപ്പിലാക്കാനായി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

**ജി.എഫ്.സി. എന്റർപ്രണർഷിപ്പ് അദ്ധ്യാപകനിയമനം**

209 (1342) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ ജി.എഫ്.സി. എന്റർപ്രണർഷിപ്പ് വിഷയത്തിലെ അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; എത്ര പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് ഇതിനകം നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ പദ്ധതിയിലെ കോഴ്സ് സബ്ജക്ടായ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്ന വിഷയത്തിൽ രണ്ട് ബാച്ചുകളുള്ള സ്കൂളുകളിൽ താല്ക്കാലിക അദ്ധ്യാപകരെ ഉപയോഗിച്ച് ക്ലാസ്സുകൾ നടത്തുന്നതിനുപകരം പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 20-4-2018-ലാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. 218 പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 24 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയും ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

(ബി) മൂന്നോ അതിന് മുകളിൽ കോഴ്സുകളുള്ള സ്കൂളുകളിൽ ജി.എഫ്.സി. അദ്ധ്യാപകരുടെ ജോലിഭാരം 8 മണിക്കൂറിന് മുകളിലായതിനാൽ സ്കെയിൽ ഓഫ് പേയിൽ സ്ഥിരം അദ്ധ്യാപകരെ പി.എസ്.സി. വഴി നിയമിച്ചുവരുന്നു.

രണ്ട് കോഴ്സുകളുള്ള സ്കൂളുകളിൽ 6 മണിക്കൂറിൽതാഴെ മാത്രം ജോലിഭാരം ഉള്ളതിനാൽ ജി.എഫ്.സി. തസ്തികയിൽ കൺസോളിഡേറ്റഡ് പേയിലാണ് അദ്ധ്യാപകരെ നിയമിക്കുന്നത്.

ആയതിനാൽ രണ്ട് ബാച്ചുകളുള്ള സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപകർക്കുപകരം പി.എസ്.സി. ലിസ്റ്റിൽനിന്നും സ്ഥിരനിയമനം നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**വി.എച്ച്.എസ്.ഇ. സ്കൂളിൽ ഡെന്റൽ ടെക്നോളജി കോഴ്സ്**

210 (1343) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ഡെന്റൽ ടെക്നോളജി കോഴ്സ് നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിൽ ചേരുന്നതിനുള്ള അടിസ്ഥാന യോഗ്യത എന്താണ്; വിശദമാക്കാമോ;

(ബി) മുൻകൂർ അനുമതിയില്ലാതെ ഡെന്റൽ പാരാ ഡെന്റൽ കോഴ്സുകൾ നടത്തരുതെന്ന് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ സംസ്ഥാന സർക്കാരിന് നോട്ടീസ് നൽകിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രസ്തുത നടപടി വി.എച്ച്. എസ് .ഇ. സ്കൂളുകളിൽ പ്രസ്തുത കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എസ്.എസ്.എൽ.സി.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

**ഹയർസെക്കണ്ടറി സ്കൂളുകളുടെ നവീകരണം**

211 (1344) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം ഹയർസെക്കണ്ടറി സ്കൂളുകൾക്കാണ് ഹയർസെക്കണ്ടറി പ്ലാൻ ഫണ്ടിൽ നിന്നും ലാബ്, ലൈബ്രറി എന്നിവ നവീകരിക്കുന്നതിന് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം മാതിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിനും പയ്യന്നൂർ കണ്ടങ്കാളി ഷേണായി സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിനും ലാബ്, ലൈബ്രറി എന്നിവ നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം മാതമംഗലം സി.പി.എൻ.എം. ഗവ. ഹയർ സെക്കണ്ടറി സ്കൂളിനും പെരിങ്ങോം ഗവ. ഹയർ സെക്കണ്ടറി സ്കൂളിനും ലാബ്, ലൈബ്രറി എന്നിവ നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷത്തെ പ്രവൃത്തി Kerala Infrastructure and Technology for Education (KITE) മുഖേന നിർമ്മിക്കാൻ 6-11-2017-ലെ G.O. (Rt) No. 4198/2017/G.Edn. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിൽനിന്നും KITE പിന്മാറുകയും 19-10-2019-ലെ സ.ഉ. (സാധാ) നമ്പർ 4310/2019/പൊ.വി.വ. പ്രകാരം പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. 2018-19 വർഷത്തെ പദ്ധതി സിഡ്കോയെ ഏൽപ്പിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) 2018-19 വർഷത്തെ പദ്ധതി സിഡ്കോ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. 2017-18-ലെ പദ്ധതിയുടെ പുതുക്കിയ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ**

212 (1345) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

എങ്കിൽ എത്ര വർഷം താൽക്കാലിക സേവനം ചെയ്തവരെയാണെന്നും അവർ ആരെല്ലാമാണെന്നുമുള്ള വിശദാംശം സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) നിലവിൽ ഈ ഡയറക്ടറേറ്റിൽ താൽക്കാലിക ജോലി ചെയ്യുന്ന ആരെയെങ്കിലും സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഫയൽ സംബന്ധമായ വിശദാംശം ലഭ്യമാക്കുമോ;

(സി) ദീർഘകാലമായി സേവനം ചെയ്തുവരുന്ന താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ/നിയമങ്ങൾ പ്രകാരം എത്ര വർഷം സേവനം ചെയ്ത താൽക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുന്നതിന് യോഗ്യരായി കണക്കാക്കാറുള്ളതെന്ന വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) നിലവിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ താൽക്കാലിക ജോലി ചെയ്യുന്ന ആരെയും സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ദീർഘകാലമായി സേവനം ചെയ്തുവരുന്ന താൽക്കാലികക്കാരെ സ്ഥരിപ്പെടുത്തുന്നതുസംബന്ധിച്ച് പ്രത്യേക നിയമങ്ങൾ ഉള്ളതായി കാണുന്നില്ല.

**സ്കൂളുകളിലെ കായികാദ്ധ്യാപകർ**

213 (1346) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ കായികാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽനിന്നും മാറ്റി ജനറൽ അദ്ധ്യാപകരായി പരിഗണിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതുമൂലം കായിക അദ്ധ്യാപകർക്ക് എന്തെല്ലാം നേട്ടങ്ങളും കോട്ടങ്ങളും ആണ് ഉണ്ടാകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.ഇ.ആർ. അദ്ധ്യായം XXIII മൂന്നാം ചട്ടപ്രകാരമാണ് അദ്ധ്യാപകരുടെ വ്യത്യസ്ത തസ്തികകൾ നിർണ്ണയിച്ചിരിക്കുന്നത്. ആയതുപ്രകാരം പ്രൈമറി, സെക്കണ്ടറി തലത്തിൽ താഴെപ്പറയുന്ന അദ്ധ്യാപക തസ്തികകൾ ആണ് നിലനിൽക്കുന്നത്:

(i) പ്രധാനാദ്ധ്യാപകൻ

(ii) ഹൈസ്കൂൾ ടീച്ചർ-ഭാഷാ വിഷയങ്ങൾ

(iii) അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ

(iv) ലോവർ പ്രൈമറി സ്കൂൾ ടീച്ചർ

(v) ഭാഷാ അദ്ധ്യാപകർ

(vi) സ്പെഷ്യലിസ്റ്റ് ടീച്ചർ

(a) ഡ്രോയിംഗ് ടീച്ചർ, (b)ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ,

(c) കമ്പൈൻഡ് (ഡ്രോയിംഗ് ആന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ),

(d) തയ്യൽ ടീച്ചർ, മ്യൂസിക് ടീച്ചർ etc.

(vii) ക്രാഫ്റ്റ് ടീച്ചർ

(viii) പാർട്ട്ടൈം ടീച്ചേഴ്സ്

(ix) ട്രെയിനിംഗ് സ്കൂൾ ടീച്ചർ.

ഇപ്രകാരം വ്യത്യസ്ത കാറ്റഗറികളായാണ് അദ്ധ്യാപക തസ്തികകൾ നിജപ്പെടുത്തിയിരിക്കുന്നത്. ജനറൽ അദ്ധ്യാപകർ എന്ന വിഭാഗമില്ല. അതുകൊണ്ടുതന്നെ കായികാദ്ധ്യാപകരെ ജനറൽ അദ്ധ്യാപകരായി പരിഗണിക്കുക എന്ന ആവശ്യം പരിഗണനാർഹമല്ല.

(ബി) ഡോ. എം. എ. ഖാദർ കമ്മീഷൻ റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും റിപ്പോർട്ടിലെ ശിപാർശകളിലെ മൂന്നും നാലും നിർദ്ദേശങ്ങൾ മാത്രമാണ് ഭേദഗതികളോടെ നടപ്പിലാക്കിയിട്ടുള്ളത്. ആയവ കായികാദ്ധ്യാപകരുമായി ബന്ധപ്പെട്ടതല്ല.

## സ്കൂളുകൾക്കുള്ള സൈബർ സുരക്ഷാ പ്രോട്ടോക്കോൾ

214 (1347) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ 'സൈബർ സുരക്ഷ പ്രോട്ടോക്കോൾ' കർശനമായി പാലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കുട്ടികളുടെ സ്വകാര്യ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്കൂൾ വെബ്സൈറ്റുകൾ സ്വകാര്യ സർവറുകളിൽ പോസ്റ്റ് ചെയ്യുന്നത് വിലക്കിയിട്ടുണ്ടോ;

(സി) സ്കൂളുകളിൽ ഹാർഡ് വെയർ, സോഫ്റ്റ് വെയർ ഉപകരണങ്ങൾ വാങ്ങാനും വിന്യസിക്കുവാനും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സ്കൂളുകളിൽ സൈബർ സുരക്ഷ പ്രോട്ടോക്കോൾ പാലിക്കുന്നതിന് പ്രത്യേക സൈബർ സേഫ്റ്റി പ്രോട്ടോക്കോൾ 'കൈറ്റ്' മുഖാന്തിരം തയ്യാറാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. സ്കൂളുകളിലേയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും നൽകുന്ന എല്ലാ ഐ.ടി. ഉപകരണങ്ങൾക്കും അഞ്ച് വർഷത്തെ വാറണ്ടി, ഉപകരണങ്ങളുടെ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ തുടങ്ങിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ഹൈടെക് സ്കൂളുകളുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

215 (1348) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ഘട്ടത്തിൽ ഹൈടെക് സ്കൂളുകളാക്കി ഉയർത്തുന്നതിനായി തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയ സ്കൂളുകളിൽ പ്രവൃത്തി മന്ദഗതിയിലാണ് നടക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈടെക് സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കെ.ഐ.ടി.ഇ., ഡബ്ല്യൂ.എ.പി.കെ.ഒ.എസ്. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഒന്നാംഘട്ടത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18-ലെ ബഡ്ജറ്റിൽ അനുവദിച്ച 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിരുന്നു. മൂന്ന് സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള മൂന്നുകോടി പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 28 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി കൈറ്റ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. 39 സ്കൂളുകളുടെ നിർമ്മാണച്ചുമതല എസ്.പി.വി.-യായി ഇൻകെലിന് നൽകിയിട്ടുള്ളതിൽ 25 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിന് എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തി. ഇതിൽ 76 സ്കൂളുകൾ ഇൻകെലിന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിക്കുകയും 51 സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2018-19-ലെ ബഡ്ജറ്റിൽ 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഭരണാനുമതി നൽകി പ്രസ്തുത പ്രവൃത്തികളുടെ എസ്.പി.വി.യായി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂളുകൾക്ക് ഐ.റ്റി. ഉപകരണങ്ങൾ**

216 (1349) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലേക്കുള്ള ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുന്നതിൽ സുതാര്യത ഉറപ്പാക്കുവാനും, അനാവശ്യവും വിലകൂടിയതുമായ ഉപകരണങ്ങൾ വാങ്ങുന്നത് തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സർക്കാർ ഫണ്ടുപയോഗിച്ച് സ്കൂളുകളിലേക്ക് ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് റ്റി.വി. എന്നിവ വാങ്ങുന്നത് തടഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്കൂളുകൾ വാങ്ങുന്ന ഐ.റ്റി. ഉപകരണങ്ങൾക്ക് വില്പനാനന്തര സേവന വ്യവസ്ഥ ഉറപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ചീത്തയാകുന്ന ഉപകരണങ്ങൾ നന്നാക്കാതിരിക്കുകയോ, പരാതികൾ പരിഹരിക്കാതിരിക്കുകയോ ചെയ്യുന്ന വില്പനക്കാർ/വിതരണക്കാരിൽനിന്നും പിഴ ഈടാക്കുന്നതിന് വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്.

(ബി) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സാങ്കേതിക സമിതി നിശ്ചയിക്കുന്ന ഉപകരണങ്ങളാണ് സ്കൂളുകൾക്ക് ലഭ്യമാക്കുന്നത്. ഹൈടെക്/സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ്ടോപ്, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് എന്നിവയാണ്. മാർഗ്ഗനിർദ്ദേശങ്ങളിൽ പരമാർശിക്കാത്ത ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് ടി.വി. പോലുള്ളവയുടെ ഉപയോഗം കാര്യക്ഷമമല്ല എന്ന് കണ്ടെത്തിയതിനാൽ സ്കൂളുകളിൽ വിന്യസിക്കേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. സ്കൂളുകളിലേയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും നൽകുന്ന എല്ലാ ഐ.ടി. ഉപകരണങ്ങൾക്കും അഞ്ച് വർഷം വാറണ്ടി ഉറപ്പാക്കുന്നതിനും സർക്കാർ അംഗീകരിച്ചിട്ടുള്ള തുകയ്ക്ക് ഉപരിയായി ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേക ചാർജ്ജുകൾ ഈടാക്കാൻ പാടില്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഹൈടെക് സ്കൂൾ പദ്ധതി, പ്രൈമറി ഹൈടെക് ലാബ് പദ്ധതി പ്രകാരം സ്കൂളുകൾക്ക് നൽകുന്ന ഉപകരണങ്ങൾക്ക് അഞ്ച് വർഷത്തെ വാറണ്ടി ഉറപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഏതെങ്കിലും ഉപകരണത്തിന് തകരാറ് സംഭവിച്ചാൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനും അത് യഥാസമയം പരിഹരിക്കപ്പെടാതിരുന്നാൽ വിൽപ്പനക്കാർ/വിതരണക്കാരിൽനിന്നും പിഴ ഈടാക്കുന്നതിനും നിലവിലുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ടി.എ. റസാഖ് സ്മാരക കെട്ടിടനിർമ്മാണം**

217 (1350) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ഉപജില്ലയിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ തുറക്കലിൽ ടി.എ. റസാഖ് സ്മാരക കെട്ടിടം നിർമ്മിക്കാൻ 2017- ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി അമ്പത് ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടും ഇത് വരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്കൂൾ കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും സഹിതമുള്ള വിശദമായ പ്രൊപ്പോസൽ സ്കൂൾ അധികൃതർ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നെന്മാറ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ പുനരുദ്ധാരണം**

218 (1351) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിൽ അനുവദിക്കുന്ന സ്കൂളുകളുടെ എസ്റ്റിമേറ്റും മറ്റും തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ചുവടെ പറയുന്ന സ്കൂളുകൾക്കാണ് മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ളത്.

ജി.എച്ച്.എസ്. മുതലമട

ജി.എച്ച്.എസ്.എസ്. കൊടുവായൂർ

ജി.ജി.വി.എച്ച്.എസ്.എസ്. നെന്മാറ.

(ബി&സി) ജി.എച്ച്.എസ്. മുതലമട സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്. കൊടുവായൂർ സ്കൂളിന്റെ നിർമ്മാണം എസ്.പി.വി.-യായ കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജി.ജി.വി.എച്ച്.എസ്.എസ്. നെന്മാറ 2018-19 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചതാണ്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ആഡിറ്റോറിയം**

219 (1352) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ആഡിറ്റോറിയം നിർമ്മിക്കുന്നതിനും വിവിധ ക്ലാസ്സ് മുറികൾ സജ്ജമാക്കുന്നതിനും നൂറു വർഷം പൂർത്തിയാക്കുന്ന സ്കൂളുകളുടെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) കടപ്പൂർ സ്കൂളിന്റെ ആഡിറ്റോറിയം നിർമ്മാണത്തിന് രണ്ടു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയെങ്കിലും ഇപ്പോഴും അനുമതി ലഭിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ പൈതൃക സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ആഡിറ്റോറിയം നിർമ്മാണത്തിനും ആവശ്യമായ പ്രൊപ്പോസലുകൾ നിഷ്കർഷിക്കപ്പെട്ട രീതിയിൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## അട്ടത്തോട് ഗവ. ട്രൈബൽ എൽ.പി. സ്കൂളിന് കെട്ടിടം

220 (1353) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വനത്തിൽ സ്ഥിതിചെയ്യുന്ന അട്ടത്തോട് ഗവ.ട്രൈബൽ എൽ.പി.സ്കൂളിന് വനാവകാശ നിയമപ്രകാരം എത്ര ഭൂമിയാണ് ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് ഇതിനായി സമർപ്പിച്ചത്;

(സി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) പട്ടികവർഗ്ഗ വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും പണം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇവിടെ കെട്ടിടം പണിയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1 ഏക്കർ 25 സെന്റ് സ്ഥലം.

(ബി) Rs.9,37,89,504 (ഒൻപത് കോടി മുപ്പത്തേഴ് ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി അഞ്ഞൂറ്റിനാല് രൂപ).

(സി&ഡി) ഭരണാനുമതി നൽകിയിട്ടില്ല. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ ടെണ്ടർ നടപടി

221 (1354) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും 3 കോടി രൂപ അനുവദിച്ച കോക്കല്ലൂർ ജി.എച്ച്. എസ്സ്.എസ്സ്,അത്തോളി ജി.വി.എച്ച്. എസ്സ്.എസ്സ്, പൂനൂർ ജി.എച്ച്. എസ്സ്.എസ്സ്., ബാലുശ്ശേരി ജി.ജി.എച്ച്. എസ്സ്.എസ്സ് എന്നീ സ്കൂളുകളുടെ പ്രവൃത്തികൾ ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ടോ;

(ബി) ഈ സ്കൂളുകളുടെ ടെണ്ടർ നടപടി ആരംഭിച്ച തീയതിയും ടെണ്ടർ ഏറ്റെടുത്ത ഏജൻസി ഏതാണെന്നും അറിയിക്കാമോ;

(സി) സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. 2017-18 വർഷത്തിൽ ഭരണാനുമതി നൽകിയ, നിലവിൽ വർക്ക്ഓർഡർ നൽകാത്ത സ്കൂളുകളിലെ 50 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ എസ്.പി.വി.-യായി വാപ്കോസിനെ (WAPCOS) ചുമതലപ്പെടുത്തണം എന്നാവശ്യപ്പെട്ട് കൈറ്റ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത സ്കൂൾ ലിസ്റ്റിൽ കോക്കല്ലൂർ ജി.എച്ച്.എസ്.എസ്., അത്തോളി ജി.വി.എച്ച്.എസ്.എസ്., ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസ്. എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. 2.3.2019-ൽ ഈ സ്കൂളുകളുടെ ടെണ്ടർ വിളിച്ചിരുന്നു.

(സി) ഉണ്ട്. അടിയന്തര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**സ്കൂളുകളുടെ ഡി.പി.ആർ. അംഗീകാരവും സാമ്പത്തികാനുമതിയും**

222 (1355) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി തയ്യാറാക്കിയ രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ ജി. എച്ച്. എസ്. എസ്, ചിറക്കര ജി. എച്ച്. എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഡി. പി. ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്നും, പ്രസ്തുത ഡി. പി. ആർ. കിഫ്ബി അംഗീകരിച്ച്, ഇതിനോടകം സ്കൂളുകൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളുകളുടെ ഡി. പി. ആർ. സംബന്ധിച്ച് നിലവിലെ സ്ഥിതിയെന്തെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ ജി.എച്ച്.എസ്.എസ്.-ന് അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ടി സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തുയിട്ടുണ്ട്. കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ചിറക്കര ജി.എച്ച്.എസ്.-ന് 2018-19-ൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ചേലക്കരയിലെ ഹൈടെക് സ്കൂളുകളായി ഉയർത്തിയവയുടെ പ്രവൃത്തി**

223 (1356) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് സ്കൂളുകളായി ഉയർത്തിയ ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമല വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പഴയന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ, പാഞ്ഞാൾ ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ കെട്ടിട നിർമാണ പ്രവൃത്തി ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനുമായി (കെ.ഐ.റ്റി.ഇ.) ബന്ധപ്പെട്ട് സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്വാമല വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പഴയന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ, പാഞ്ഞാൾ ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തി എസ്.പി.വി. ആയ കൈറ്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പാഞ്ഞാൾ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവൃത്തിക്കായി 'കൈറ്റ്' ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിനെ തുടർന്ന് കൈറ്റിന്റെ നിർദ്ദേശപ്രകാരം 2017-18 ബഡ്ജറ്റിൽ ഉൾപ്പെട്ട 67 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന് 2019 ആഗസ്റ്റിൽ എസ്.പി.വി. ആയി 'ഇൻകെലി'നെ നിയമിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിൽ പാഞ്ഞാൾ ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 'ഇൻകെൽ' ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിലെ പ്രവൃത്തികൾ**

224 (1357) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വട്ടേക്കാട് ഗവൺമെന്റ് യു. പി. സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തികൾ ഏത് ഘട്ടം വരെയായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ച് മാസമായി തുടർപണികൾ ഒന്നും നടക്കുന്നില്ലായെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത സ്കൂളിന്റെ പകുതി പണി കഴിഞ്ഞ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ കോസ്റ്റ് ഫോർഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ടിൽനിന്നുമാണ് ധനസഹായം നൽകുന്നത്. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിവിധ തലങ്ങളിൽ വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഓട്ടിസം പാർക്ക്**

225 (1358) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓട്ടിസം പാർക്കിന്റെ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) കാലതാമസം ഒഴിവാക്കി ഓട്ടിസം പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുണ്ടന്നൂർ ജെ.ബി.എസ്. അടിസ്ഥാന സൗകര്യവികസനം**

226 (1359) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുണ്ടന്നൂർ ജെ. ബി. എസ്.-ലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കൂടുതൽ വിദ്യാർത്ഥികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതിനും സഹായകമായ ഒരു പദ്ധതി നടപ്പിലാക്കുമോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് തീരദേശ വികസന കോർപ്പറേഷൻ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനത്തിന് 3 കോടി രൂപ പ്രകാരം ഫിഷറീസ് & പോർട്ട്സ് ഡെവലപ്മെന്റ് വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

**പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം**

227 (1360) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരനിയമനം ലഭിക്കാത്ത പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം നിലവിൽ എത്രയാണ് എന്നറിയിക്കുമോ; ഇത് മതിയായ വേതനമായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉയരുന്ന ജീവിതചെലവുകൾ പരിഗണിച്ചും സംസ്ഥാനത്തെ കുറഞ്ഞ കൂലി നിലവാരം കണക്കിലെടുത്തും സ്ഥിരനിയമനം ലഭിക്കാത്ത പ്രീപ്രൈമറി അദ്ധ്യാപകരുടെ വേതനം പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിൽ ജോലി ചെയ്യുന്ന പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് 9-7-2019-ലെ ജി.ഒ. (പി) നമ്പർ 81/2019/ഫിൻ സർക്കാർ ഉത്തരവിലെ കാറ്റഗറി VI പ്രകാരമുള്ള വേതനം നൽകിവരുന്നു.

**പാലക്കാട് ജില്ലയിൽ എൽ.പി.എസ്.എ. ഒഴിവുകൾ**

228 (1361) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എൽ.പി.എസ്.എ. വിഭാഗത്തിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടന്നുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ എൽ.പി.എസ്.എ. വിഭാഗത്തിൽ 96 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) 67 ഒഴിവുകൾ പി.എസ്.സി.-ക്ക് 17-10-2019-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29 ഒഴിവുകൾ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറിന് മാറ്റിവച്ചിരിക്കുകയാണ്.

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും 362 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

**മുല്ലശ്ശേരി എ.ഇ.ഒ. ഓഫീസ്**

229 (1362) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സൂപ്രണ്ടിനെ സംബന്ധിച്ച് അദ്ധ്യാപക സംഘടനാ പ്രതിനിധികൾ സമർപ്പിച്ച നിവേദനത്തിന്മേൽ പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ 3-9-2019-ലെ 1715/2019/വി.ഐ.പി/M(EDN)) നമ്പർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള പഞ്ചായത്ത് വക പഴയ കെട്ടിടത്തിലേക്ക് നിലവിലെ എ.ഇ.ഒ. ഓഫീസ് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവിടേക്ക് പ്രസ്തുത ഓഫീസ് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് സൂപ്രണ്ടിനെ സംബന്ധിച്ച് അദ്ധ്യാപക സംഘടനാ പ്രതിനിധികൾ സമർപ്പിച്ച പരാതിയിൽ വിശദമായ അന്വേഷണം നടത്തി ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷണം നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീനിയർ സൂപ്രണ്ട് ശ്രീ. ജസ്റ്റിൻ സി. ഫ്രാൻസിസിനെ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

(ബി) മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് വക പഴയ കെട്ടിടം നിലവിൽ സുരക്ഷിതമല്ലാത്തതിനാലും കാലപ്പഴക്കമുള്ളതിനാലും അറ്റകുറ്റപ്പണികൾ നടത്തി പൂർണ്ണസജ്ജമാക്കിയാൽ മാത്രമേ ടി കെട്ടിടത്തിലേയ്ക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് മാറ്റാവാൻ കഴിയുകയുള്ളൂ.

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ നിയമനം

230 (1363) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിൽ എത്ര സെക്ഷനുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ വിശദാംശം നൽകുമോ;

(ബി) ഡയറക്ടറേറ്റിലെ പല സെക്ഷനുകളിലും ഉദ്യോഗസ്ഥരുടെ അഭാവം മൂലം ധാരാളം ഫയലുകൾ തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഡി.പി.ഐ.യിലെ പല പ്രധാന സെക്ഷനുകളിലും ചില ഉദ്യോഗസ്ഥർ മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരമുള്ള ജീവനക്കാരെ വർഷങ്ങളായി പ്രസ്തുത സെക്ഷനിൽ തന്നെ നിയമിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിൽ 44 സെക്ഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഡയറക്ടറേറ്റിലെ ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. കുടിശ്ശിക ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അദാലത്തുകൾ ഉൾപ്പെടെയുള്ള നടപടികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി 5772 പെൻഡിംഗ് ഫയലുകൾ (രണ്ട് വർഷത്തിന് മുകളിലുള്ളവ) തീർപ്പാക്കി. ഇത്തരത്തിൽ ഇനി 2778 ഫയലുകൾ മാത്രമാണ് ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകളിലുംകൂടി അവശേഷിക്കുന്നത്. ഇവയും തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) 1-4-2018 മുതൽ ഡയറക്ടറേറ്റിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിവരികയാണ്. ഇ-ഫയൽ സംവിധാനത്തിലേയ്ക്ക് മാറുന്ന സംക്രമണഘട്ടത്തിൽ (Transition Period) ജീവനക്കാരെ പൂർണ്ണമായും മാറ്റി നിയമിക്കുന്നത് ഭരണപരമായ പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാലാണ് ജീവനക്കാരെ പൂർണ്ണമായി മാറ്റി നിയമിക്കാതിരുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നിവിടങ്ങളിലെ അദ്ധ്യാപക നിയമനം

231 (1364) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. ഇ.ആർ.ടി., ഡയറ്റ് എന്നിവിടങ്ങളിലെ ഫാക്കൽറ്റികളുടെ നിയമനം എപ്രകാരമാണെന്നും ഇതിനായി എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങളിൽ ചില അദ്ധ്യാപക സംഘടനകൾ സ്വാധീനം ചെലുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഒഴിവാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എസ്.സി.ഇ.ആർ.ടി.-യിലെ ഫാക്കൽറ്റി നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) ഡയറ്റിലെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ടോ; എങ്കിൽ അത് വേഗത്തിൽ തീർപ്പാക്കി നിയമനങ്ങളിൽ സ്പെഷ്യൽ റൂൾസ് ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾ നിലവിൽ ഇല്ലാത്തതിനാൽ ഫാക്കൽറ്റികളെ അന്യത്ര സേവന വ്യവസ്ഥയിലാണ് എസ്.സി.ഇ.ആർ.ടി.-യിൽ നിയമിക്കുന്നത്. ഡയറ്റ് ലക്ചർ ഫാക്കൽറ്റി നിയമനം സ്പെഷ്യൽ റൂൾ മുഖേനയാണ് നടത്തേണ്ടത്. 50% പി.എസ്.സി. മുഖേനയും 50% യോഗ്യരായ സർക്കാർ സ്കൂൾ അദ്ധ്യാപകരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയുമാണ് നിയമിക്കേണ്ടത്. എന്നാൽ നിലവിലുള്ള സ്പെഷ്യൽ റൂളിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഡയറ്റിൽ നിലവിലുള്ള ലക്ചറർ തസ്തികയിലെ ഒഴിവുകൾ താൽക്കാലികമായി അന്യത്ര സേവന വ്യവസ്ഥയിൽ നികത്തിയിട്ടുണ്ട്. ഡയറ്റ് ലക്ചറർ തസ്തികയിൽനിന്നുമുള്ള സ്ഥാനക്കയറ്റംവഴി സീനിയർ ലക്ചറർ തസ്തികകളും സീനിയർ ലക്ചറർ തസ്തികയിൽനിന്നുള്ള സ്ഥാനക്കയറ്റംവഴി പ്രിൻസിപ്പാൾ തസ്തികകളിലും നിയമനം നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) ഉണ്ട്. കോടതി വ്യവഹാരം വേഗത്തിൽ തീർപ്പാക്കി ഡയറ്റിലെ നിയമനങ്ങളിൽ സ്പെഷ്യൽ റൂൾസ് ബാധകമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ സ്ഥിരനിയമനം**

232 (1365) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ താൽക്കാലിക സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഏത് മാനദണ്ഡപ്രകാരമാണ് പ്രസ്തുത നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**അദ്ധ്യാപക നിയമനാംഗീകാര വ്യവസ്ഥകൾ**

233 (1366) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസ്ഥകൾ പാലിക്കുന്ന സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുശേഷം സംസ്ഥാനത്ത് എത്ര അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഇതുപ്രകാരം അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാനുള്ള എത്ര അപേക്ഷകൾ സർക്കാരിൽ തീർപ്പാക്കാനുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള വിദ്യാഭ്യാസ നിയമങ്ങളുടെയും ചട്ടങ്ങളുടെയും കാലാകാലങ്ങളിൽ സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകിവരുന്നത്.

(ബി&സി) 8-3-2019-ലെ സർക്കാർ പരിപത്രം നമ്പർ ജെ2/57/2019/പൊ.വി.വ. പ്രകാരം വ്യവസ്ഥകളിൽ ഇളവുകൾ അനുവദിച്ച് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിയമനാംഗീകാരം നൽകിയവരുടെയും തീർപ്പാക്കാനുള്ള അപേക്ഷകളുടെയും വിവരം ശേഖരിച്ചുവരുന്നു.

**അൺ എയ്ഡഡ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ**

234 (1367) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ക്കൂളുകളിൽ ജോലിനോക്കുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ടകാലം അതിക്രമിച്ചുവെന്ന വിലയിരുത്തലുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അൺഎയ്ഡഡ് മേഖലയുടെ അഭാവത്തിൽ വിദ്യാർത്ഥികളുടെ പഠനത്തിന് സർക്കാർ സ്കൂളുകളിൽ കൂടുതൽ അവസരമൊരുക്കേണ്ടിവരുമെന്നത് സർക്കാരിന് ഭാരിച്ച ചുമതലയാവുമെന്ന് കണ്ട് സർക്കാർ അദ്ധ്യാപകരുടേതിന് തുല്യമായ യോഗ്യതകളോടെ അൺഎയ്ഡഡ് സ്കൂളുകളിൽ വർഷങ്ങളായി ജോലിചെയ്തുവരുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ അടിയന്തരമായി നിശ്ചയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പേമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## സ്വകാര്യ അൺ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം

235 (1368) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ.മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പാക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്ദേശ്യലക്ഷ്യം നിറവേറ്റുന്നതിനായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പേമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

## വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

236 (1369) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഏതെല്ലാം സ്കൂളുകൾക്ക് ഏതെല്ലാം ഇനങ്ങളിൽ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയെന്ന് ഇനം തിരിച്ച് പട്ടിക ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഏതെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന് കാരണമെന്തെന്നും വിശദമാക്കാമോ;

(സി) 31-12-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 5503/18/ പൊ.വി.വ പ്രകാരം ഒരു കോടി രൂപ വീതം അനുവദിച്ച കൽപ്പറ്റ മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൽപ്പറ്റ മണ്ഡലത്തിലെ താഴെപ്പറയുന്ന വിദ്യാലയങ്ങളെയാണ് കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ തെരഞ്ഞെടുത്തിട്ടുള്ളത്.

<u>മികവിന്റെ കേന്ദ്രം (2017-18)</u>

ജി.വി.എച്ച്.എസ്.എസ്., കൽപ്പറ്റ - 5 കോടി

<u>അടിസ്ഥാന സൗകര്യ വികസനം (2017-18)</u>

ജി.എച്ച്.എസ്.എസ്., കാക്കവയൽ - 3 കോടി

ജി.എച്ച്.എസ്.എസ്., മേപ്പാടി - 3 കോടി

<u>1000-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനം (2018-19)</u>

ജി.എച്ച്.എസ്.എസ്., കണിയാംമ്പെറ്റ - 3 കോടി

<u>500-നും 1000-ത്തിനുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനം (2018-19)</u>

1. ജി.യു.പി.എസ്., കണിയാംമ്പെറ്റ - 1 കോടി
2. ജി.വി.എച്ച്.എസ്.എസ്., വെള്ളാർമല - 1 കോടി
3. ജി.എച്ച്.എസ്., അച്ചൂർ - 1 കോടി
4. ജി.എച്ച്.എസ്.എസ്., വൈത്തിരി - 1 കോടി
5. ജി.യു.പി.എസ്., പിണങ്ങോട് - 1 കോടി
6. ജി.എച്ച്.എസ്., കോട്ടത്തറ - 1 കോടി
7. ജി.എച്ച്.എസ്., റിപ്പൺ - 1 കോടി
8. ജി.എച്ച്.എസ്., പനങ്കണ്ടി - 1 കോടി
9. ജി.എച്ച്.എസ്.എസ്., പടിഞ്ഞാറത്തറ - 1 കോടി

(ബി&സി) കൽപ്പറ്റ ജി.വി.എച്ച്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ജി.എച്ച്.എസ്. എസ്., മേപ്പാടി, ജി.എച്ച്.എസ്.എസ്., കാക്കവയൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എസ്.പി.വി.-യായ കൈറ്റ് ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി.-യായി 'ഇൻകെലി'നെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻകെൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ്.എസ്., കണിയാംബെറ്റയുടെ നിർമ്മാണ എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുകയും ആയതിൽ ഉൾപ്പെട്ട കൽപ്പറ്റ മണ്ഡലത്തിലെ 9 സ്കൂളുകളുടെയും നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി.-യായി 'കില'യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.ജി.ടി.ഇ. കോഴ്സുകൾക്ക് തത്തുല്യമായ കോഴ്സുകൾ

237 (1370) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ & ഹയർ), മലയാളം (ലോവർ & ഹയർ), ഹിന്ദി (ലോവർ & ഹയർ), ഷോർട്ട് ഹാന്റ് ഇംഗ്ലീഷ് & മലയാളം (ലോവർ & ഹയർ) എന്നിവയ്ക്ക് തത്തുല്യമായി അംഗീകരിച്ച കോഴ്സുകൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ?

### ഉത്തരം

പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ & ഹയർ), മലയാളം (ലോവർ & ഹയർ), ഹിന്ദി (ലോവർ & ഹയർ), ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് & മലയാളം (ലോവർ & ഹയർ) എന്നിവയ്ക്ക് തത്തുല്യമായി അംഗീകരിച്ച പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ കോഴ്സുകൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.ജി.ടി.ഇ. (ടൈപ്പ്റൈറ്റിംഗ് & ഷോർട്ട് ഹാന്റ്)യ്ക്ക് തുല്യമായ കോഴ്സുകൾ

238 (1371) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ & ഹയർ), മലയാളം (ലോവർ &ഹയർ), ഹിന്ദി (ലോവർ & ഹയർ}, ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് & മലയാളം (ലോവർ & ഹയർ) എന്നിവയ്ക്ക് തത്തുല്യമായി അംഗീകരിച്ച കോഴ്സുകൾ ഏതെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) മേൽപ്പറഞ്ഞവയ്ക്ക് ഏതെല്ലാം സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾക്കാണ് അംഗീകാരമുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ & ഹയർ), മലയാളം (ലോവർ & ഹയർ), ഹിന്ദി (ലോവർ & ഹയർ), ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് & മലയാളം (ലോവർ & ഹയർ) എന്നിവയ്ക്ക് തത്തുല്യമായി അംഗീകരിച്ച പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ കോഴ്സുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 17-7-1965-ലെ ജി.ഒ.(എം.എസ്.) നമ്പർ 526 എന്ന സർക്കാർ ഉത്തരവിന്റെ ഖണ്ഡിക III പ്രകാരം സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ /കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾക്കാണ് അംഗീകാരമുള്ളത്.

## ചലഞ്ച് ഫണ്ട്

239 (1372) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലഞ്ച് ഫണ്ട് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്; ഈ പദ്ധതി നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട സ്കൂളുകൾ എന്തെല്ലാം നടപടിക്രമങ്ങളാണ് അനുവർത്തിക്കേണ്ടത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗത്തിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്കൂൾ മാനേജ്മെന്റ് /സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക, പരമാവധി ഒരു കോടി രൂപ വരെ നൽകുന്ന പദ്ധതിയാണ് ചലഞ്ച് ഫണ്ട്. പ്രസ്തുത പദ്ധതി നിലവിലുണ്ട്.

(ബി) 1-3-2018-ലെ സ.ഉ.(അച്ചടി) നമ്പർ30-2018/ധന പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## നാഷണൽ സർവ്വീസ് സ്കീം

240 (1373) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിൽ നാഷണൽ സർവ്വീസ് സ്കീം പ്രവർത്തിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കീം പ്രവർത്തിപ്പിക്കുന്നതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രേസ് മാർക്ക് എത്രയാണ്; ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ നിയന്ത്രണം നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലോ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലോ നാഷണൽ സർവ്വീസ് സ്കീം പ്രവർത്തിക്കുന്നതിന് നിയന്ത്രണമില്ല.

(ബി) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നാഷണൽ സർവ്വീസ് സ്കീം ഗ്രാന്റ് നൽകുന്നത് കേന്ദ്ര സർക്കാരാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 2018-19 വർഷത്തിലേയ്ക്ക് നാഷണൽ സർവ്വീസ് സ്കീം സെല്ലിന് ലഭിച്ചത് 94,14,125 (തൊണ്ണൂറ്റി നാല് ലക്ഷത്തി പതിനാലായിരത്തി ഒരുന്നൂറ്റി ഇരുപത്തിയഞ്ച്) രൂപയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 240 മണിക്കൂർ റെഗുലർ ആക്ടിവിറ്റിയിലും ഒരു സപ്ത ദിന ക്യാമ്പിലും പങ്കെടുക്കുന്ന വോളണ്ടിയർമാർക്ക് രണ്ട് ശതമാനം ഗ്രേസ് മാർക്ക് ലഭിക്കുന്നു. നാഷണൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളണ്ടിയർമാർക്ക് 3% ഗ്രേസ് മാർക്ക് ലഭിക്കുന്നു. സംസ്ഥാന ദേശീയ അവാർഡ് ജേതാക്കൾക്ക് 3%-വും റിപ്പബ്ലിക് ഡേ പരേഡ് ക്യാമ്പിൽ പങ്കെടുത്തവർക്ക് 5%-വും അന്തർദേശീയ ക്യാമ്പിൽ പങ്കെടുത്തവർക്ക് 6%-വും ഗ്രേസ് മാർക്ക് ലഭിക്കും.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാർക്ക് 2% (രണ്ട് ശതമാനം) മുതൽ 6% (ആറ് ശതമാനം) വരെ ഗ്രേസ് മാർക്കാണ് അനുവദിച്ചുവരുന്നത്. നിലവിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

**അദ്ധ്യയന ദിവസങ്ങൾ**

241 (1374) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19 വർഷത്തിൽ ആകെ എത്ര അദ്ധ്യയന ദിവസങ്ങൾ ആണ് ഉണ്ടായിരുന്നത് ;

(ബി) ഏറ്റവും കൂടുതലും കുറവും അദ്ധ്യയന ദിവസങ്ങൾ ഏത് ജില്ലയിലായിരുന്നു ;

(സി) 2019-20-ൽ 200 അദ്ധ്യയന ദിവസങ്ങൾ വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2018-19 വർഷത്തിൽ വിദ്യാഭ്യാസ കലണ്ടർ പ്രകാരം ആകെ 200 അദ്ധ്യയന ദിനങ്ങളാണ് ഉണ്ടായിരിക്കുന്നത്.

(ബി) ഏറ്റവും കൂടുതൽ അദ്ധ്യയന ദിവസങ്ങൾ കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലും കുറവ് ആലപ്പുഴ ജില്ലയിലുമായിരുന്നു. ലഭിച്ച പ്രവൃത്തി ദിനങ്ങൾ, നൽകിയ അവധി ദിനങ്ങൾ,

അവധി ദിനങ്ങൾക്ക് പകരമുള്ള പ്രവൃത്തി ദിനങ്ങൾ എന്നിവ സംബന്ധിച്ച ജില്ലാതല വിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | 2018-19-ൽ ആകെലഭിച്ച സാധ്യായ ദിനങ്ങളുടെ എണ്ണം | 2018-19 ജില്ലാ തലത്തിൽ പ്രഖ്യാപിച്ച അവധി ദിനങ്ങളുടെ എണ്ണം | അവധി ദിനങ്ങൾക്ക് പകരം അധ്യയനം നടത്തിയ ദിനങ്ങളുടെഎണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 198 | 6 | 4 |
| 2 | കൊല്ലം | 199 | 4 | 3 |
| 3 | പത്തനംതിട്ട | 197 | 10 | 7 |
| 4 | ആലപ്പുഴ | 188 | 17 | 5 |
| 5 | കോട്ടയം | 200 | 8 | 8 |
| 6 | ഇടുക്കി | 197 | 9 | 6 |
| 7 | എറണാകുളം | 197 | 12 | 9 |
| 8 | തൃശ്ശൂർ | 198 | 6 | 4 |
| 9 | പാലക്കാട് | 200 | 6 | 6 |
| 10 | മലപ്പുറം | 200 | 18 | 18 |
| 11 | കോഴിക്കോട് | 200 | 8 | 8 |
| 12 | വയനാട് | 200 | 14 | 14 |
| 13 | കണ്ണൂർ | 196 | 12 | 8 |
| 14 | കാസർഗോഡ് | 199.5 | 2.5 | 2 |

(സി) 2019-20 അദ്ധ്യയന വർഷം 200 അദ്ധ്യയന ദിവസങ്ങൾ ഉറപ്പാക്കാൻവേണ്ടി രണ്ടാം ശനിയാഴ്ച ഒഴികെയുള്ള ശനിയാഴ്ചകൾ പ്രവൃത്തി ദിനമാക്കി ക്രമീകരിച്ചും കലോത്സവങ്ങൾ, മേളകൾ എന്നിവയുടെ നടത്തിപ്പിന് പരമാവധി അവധി ദിനങ്ങൾ ഉൾപ്പെടുത്തിയും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ പരീക്ഷകൾ ഒരേ സമയം നടത്താൻ തീരുമാനിച്ചതിലൂടെയുള്ള പരീക്ഷാദിനങ്ങളുടെ ക്രമീകരണത്തിലൂടെയും പരമാവധി സാധ്യായ ദിവസങ്ങൾ ഉറപ്പുവരുത്താൻ ശ്രമിച്ചിട്ടുണ്ട്.

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

242 (1375) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികൾ ഉച്ചയൂണ വിളമ്പാൻ പാടില്ലെന്ന് പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സ്കൂളുകളിൽ ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ആരാണെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷണം കുട്ടികൾ വിളമ്പാൻ പാടില്ലെങ്കിൽ വിതരണം ചെയ്യുന്നതാരാണെന്നും അവർക്കുള്ള വേതനം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ഭക്ഷണം പാകം ചെയ്യുന്നവരുടെ വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഉച്ചഭക്ഷണ പദ്ധതിയുടെ ചട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് കേന്ദ്രസർക്കാർ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിർദ്ദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.(അനുബന്ധം I)*

(ബി & സി) ഭക്ഷണം പാകം ചെയ്യുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ പാചകത്തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. വിതരണം ചെയ്യുന്നതിന് എസ്.എം. സി. അംഗങ്ങൾ, പി.ടി.എ., എം.പി.ടി.എ. അംഗങ്ങൾ, അദ്ധ്യാപക അനദ്ധ്യാപകർ, പാചകത്തൊഴിലാളികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഈ സേവനത്തിന് വേതനം നൽകുന്നില്ല.

(ഡി) പാചകത്തൊഴിലാളികളുടെ ദിവസ വേതനം കുറഞ്ഞത് 500 രൂപയും പരമാവധി 575 രൂപയായും നിജപ്പെടുത്തിയിരിക്കുന്നു.

(ഇ) 2013-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യ ഭദ്രതാ ആക്ടിന്റെ (എൻ.എഫ്.എസ്.എ. 2013) പരിധിയിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 2006-ൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗരേഖ (എം.ഡി.എം. ഗൈഡ്‌ലൈൻസ് 2006) കേന്ദ്രം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം-II).*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

243 (1376) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ മുഖാന്തരം ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും, ഇതിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്.* നിർമ്മാണ പ്രവൃത്തികൾ സത്വരമായി പൂർത്തിയാക്കാൻ അക്രഡിറ്റഡ് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂളുകൾക്കുള്ള കിഫ്ബി ധനസഹായം

244 (1377) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ 3 കോടി രൂപ ഉപയോഗിച്ച് ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്ന കാട്ടിക്കുളം ജി.എച്ച്.എസ്.എസ്, വെള്ളവുണ്ട ജി.എച്ച്.എസ്.എസ്., പനമരം ജി.എച്ച്.എസ്.എസ്. എന്നിവയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടത്തിയിട്ടുള്ള ഇടപെടലുകളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) ഉണ്ട്. കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്തിരുന്ന വയനാട് ജില്ലയിലെ കാട്ടിക്കുളം ജി.എച്ച്.എസ്.എസ്., വെള്ളമുണ്ട ജി.എച്ച്.എസ്.എസ്., പനമരം ജി.എച്ച്.എസ്.എസ്. എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എസ്.പി.വി.-യായ കൈറ്റ് ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിനെ തുടർന്ന് 'കൈറ്റിന്റെ' നിർദ്ദേശ പ്രകാരം ഇത്തരത്തിലുള്ള 67 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൈറ്റിനെ മാറ്റി ഇൻകെലിനെ (INKEL) ചുമതലപ്പെടുത്തി 2019 ആഗസ്റ്റിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇൻകെൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഇൻകെലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ആർ.ഒ.ആർ.സർട്ടിഫിക്കറ്റ്**

245(1378) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ അധികാരികളുടെയോ വസ്തു ഉടമയുടെയോ ഏതെങ്കിലും പഴയ ആധാരങ്ങളിൽ (SRO- ചങ്ങനാശ്ശേരി No. 3317/1994, 3363/1994) തെറ്റുമൂലം സർവ്വേ നമ്പരുകളിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി ശരിയായ പുതിയ സർവ്വേ നമ്പരുകൾ രേഖപ്പെടുത്തി ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് (Right of Records) റവന്യൂ അധികാരികളിൽനിന്നും ലഭിച്ചതുപ്രകാരം പുതിയ ആധാരത്തിൽ ടി പുതിയ സർവ്വേ നമ്പർ രേഖപ്പെടുത്തി വസ്തു തീറാധാരം ചെയ്തുകൊടുക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പഴയ ആധാരങ്ങളിലെ വിവിധ പിശകുകൾ (സർവ്വേ നമ്പർ, തണ്ടപ്പേർ, എല്യക, വിസ്തീർണ്ണം, ലൊക്കേഷൻ മുതലായവ) മൂലം റവന്യൂ അധികാരികളിൽനിന്നും പുതിയതായി ലഭിക്കുന്ന ആർ.ഒ.ആർ സർട്ടിഫിക്കറ്റ് പ്രകാരം ആധാരം രജിസ്റ്റർ ചെയ്ത പുതിയ ഉടമ വില്ലേജിലും ബാങ്കുകളിലും ചെല്ലുമ്പോൾ പോക്കുവരവിനും ലോണിനും മറ്റും ബുദ്ധിമുട്ട് ഉണ്ടാകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റവന്യൂ അധികാരികളിൽ നിന്നും (തഹസീൽദാർ, വില്ലേജ് ഓഫീസർ) ലഭിക്കുന്ന ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് ആണോ തെറ്റുകൾ തിരുത്തിയുള്ള അന്തിമ രേഖയെന്ന് വ്യക്തമാക്കുമോ;

(ഡി) ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ സർവ്വേ നമ്പരിൽ വന്ന പിശക്/മാറ്റംമൂലം ആധാരങ്ങളിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് റവന്യൂ അധികാരികളിൽനിന്നും ലഭിക്കുന്ന ആർ.ഒ.ആർ. സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ സർവ്വേ നമ്പർ രേഖപ്പെടുത്തി വസ്തു തീറാധാരം ചെയ്യാവുന്നതാണ്. എന്നാൽ ആധാരം രജിസ്റ്ററാക്കിയപ്പോൾ വസ്തു ഉടമയ്ക്ക് സംഭവിച്ച പിശകാണ് എങ്കിൽ ആയത് പരിഹരിക്കുന്നതിന് വസ്തു എഴുതിക്കൊടുത്ത കക്ഷിതന്നെ ഒരു പിഴ തിരുത്താധാരം (Rectification Deed) രജിസ്റ്ററാക്കിക്കൊടുക്കേണ്ടതുണ്ട്.

(ബി) ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അല്ല.

(ഡി) ഉണ്ട്. ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള 13-4-2012-ലെ സ.ഉ.(സാധാ) 2214/2012/റവ-യുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**ഒരു പഞ്ചായത്തിന് ഒരു വില്ലേജ്**

246 (1379) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന സംവിധാനമാണോ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന വില്ലേജുകൾ നിലവിലുണ്ടോ;

(സി) എങ്കിൽ ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതിയിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന സംവിധാനമല്ല നിലവിലുള്ളത്. വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് വില്ലേജ് പുനഃസംഘടനയ്ക്ക് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് നിലവിലുള്ള മിക്ക വില്ലേജുകളുടെയും പരിധിയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ ഭാഗങ്ങൾ ഉൾക്കൊണ്ടുവരുന്നു. പഞ്ചായത്തുകളുടെ അതിർത്തികളുടെ അടിസ്ഥാനത്തിൽ വില്ലേജുകളുടെ അതിർത്തികൾ പുനർനിർണ്ണയം ചെയ്യുന്നത് അത്യന്തം ശ്രമകരവും പൊതുജനങ്ങൾക്കും റവന്യൂ ഭരണത്തിന്റെ സുഗമമായ നടത്തിപ്പിനും വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുമാണ്. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ദേവികുളം സബ്കളക്ടറുടെ എൻ.ഒ.സി.**

247 (1380) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഓഫീസുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ/നവീകരണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ദേവികുളം സബ്കളക്ടറുടെ എൻ.ഒ.സി. നേടിയിട്ടുള്ളതെന്നും ഏതൊക്കെ നിർമ്മാണങ്ങൾക്കാണ് ആയത് ലഭിച്ചിട്ടില്ലാത്തതെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾക്ക് ദേവികുളം സബ്കളക്ടർ നൽകിയിട്ടുള്ള മുഴുവൻ എൻ.ഒ.സി.-കളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ വിവിധ സർക്കാർ വകുപ്പുകൾക്ക് നിർമ്മാണ പ്രവൃത്തികൾക്ക് ദേവികുളം സബ്കളക്ടർ നൽകിയിട്ടുള്ള എൻ.ഒ.സി.- കൾ സംബന്ധിച്ച വിവരവും അവയുടെ പകർപ്പും ലഭ്യമാക്കാമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിന്റെയും ദേവികുളം താലൂക്കാഫീസിന്റെയും ചിന്നക്കനാൽ വില്ലേജാഫീസിന്റെയും നവീകരണ

പ്രവൃത്തികളും കുഞ്ചിത്തണ്ണി വില്ലേജാഫീസിന്റെ റിക്കാർഡ് റൂം നിർമ്മാണ പ്രവൃത്തികളുമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ളത്.

(ബി-ഡി) ഇടുക്കി ജില്ലാ കളക്ടറുടെ 27-9-2017-ലെ സി4-25908/2015 നമ്പർ സർക്കുലർ പ്രകാരം Construction for public purpose executed by Government Departments do not require No Objection Certificate എന്ന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ മേൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ദേവികുളം സബ് കളക്ടറുടെ എൻ.ഒ.സി. ആവശ്യമില്ലാത്തതാണ്.

**ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യാൻ നടപടി**

248 (1381) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കും താമസത്തിനുമായി അനുവദിച്ച പട്ടയഭൂമിയിൽ ഖനനാനുമതി നൽകുന്നതിനായി ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നതിന് മന്ത്രിസഭാ യോഗം തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിനും കൃഷിക്കും ബെനിഫിഷ്യൽ എൻജോയ്മെന്റിനുംവേണ്ടി പതിച്ച് നൽകിയതും കൃഷിക്ക് ഉപയുക്തമല്ലാത്തതുമായ ഭൂമിയിൽ നിബന്ധനകൾക്ക് വിധേയമായി ക്വാറിയിംഗ് പ്രവർത്തനത്തിന് അനുമതി നൽകുന്നതിലേയ്ക്കായി ടി ചട്ടങ്ങളിലെ ചട്ടം (4)-ൽ ഭേദഗതി വരുത്തുന്നതിന് 5-3-2019-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ നിയമോപദേശത്തിന്റെ കൂടെ വെളിച്ചത്തിൽ 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം (4) ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ 1-8-2019-ലെ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ ഇക്കാര്യം ഒരിക്കൽകൂടി വിശദമായി പരിശോധിച്ചശേഷം പുതുക്കിയ കുറിപ്പുകൾ വീണ്ടും മന്ത്രിസഭാ യോഗം മുമ്പാകെ കൊണ്ടുവരാൻ നിർദ്ദേശിച്ചു. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറൽ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. 5-3-2019, 1-8-2019 തീയതികളിലെ മന്ത്രിസഭായോഗ

തീരുമാനത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**അനധികൃത കയ്യേറ്റക്കാർക്ക് പുനരധിവാസ നടപടികൾ**

249 (1382) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിലെ സംരക്ഷിത മതിലിന് ചുറ്റുമുള്ള കെ.എസ്. ആർ. ടി. സി.-യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലത്തിലെ അനധികൃത കൈയ്യേറ്റക്കാർക്ക് പുനരധിവാസ നടപടികൾ പൂർത്തിയാക്കിയ ശേഷമേ ഇവർ അനധികൃതമായി കയ്യേറിയ സർക്കാർ ഭൂമി ഒഴിപ്പിക്കു എന്നത് സർക്കാർ നയമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ കേരള ഭൂ സംരക്ഷണ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിൽനിന്ന് സർക്കാർ ഒഴിഞ്ഞുമാറുന്നത് ഭൂഷണമാണോ എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഭൂമി അനധികൃതമായി കയ്യടക്കി കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവർക്ക് സർക്കാർ സഹായത്തോടെ തിരിച്ചടവുള്ള ലോൺ മുഖേന സ്ഥലം കണ്ടെത്തുന്നതിനുള്ള സഹായം നല്കുന്നതിനുള്ള പദ്ധതികൾ ഈ വകുപ്പിൽ ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ ഉള്ള വകുപ്പിലോ അല്ലെങ്കിൽ സർക്കാർ പൊതുമേഖല ബാങ്കുകളുമായി ആശയവിനിമയം നടത്തി പുതിയ പദ്ധതി തയ്യാറാക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സംരക്ഷിത മതിലിന് ചുറ്റുമുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കണമെന്ന് കാണിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ഏതെങ്കിലും നിർദ്ദേശങ്ങളുണ്ടായിരുന്നോ; എങ്കിൽ അതുസംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(ഇ) ലഭിച്ച നിർദ്ദേശത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ഏതൊക്കെ തീയതികളിൽ സ്വീകരിച്ചു എന്നതും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കിഴക്കേകോട്ടയിലെ സംരക്ഷിത മതിലിനോട് ചേർന്ന് കെ.എസ്.ആർ.ടി.സി.-ക്ക് പട്ടയം നൽകിയ വഞ്ചിയൂർ വില്ലേജ് സർവ്വേ നമ്പർ 659-ൽപ്പെട്ട 72.250 സെന്റ് ഭൂമിയിലെ 20 ചെറുകിട കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിച്ചിരുന്നു. ആയതിൻ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരമുള്ള പുനരധിവാസ നടപടികൾ സ്വീകരിച്ചുവരുന്നു. പുനരധിവാസ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണ്.

(ബി) കേരള ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ കർശനമായി നടപ്പാക്കുന്നതാണ്. എന്നാൽ കിഴക്കേകോട്ടയിൽ അനധികൃതമായി പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങളെ ഒഴിപ്പിക്കുന്നതിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവായി കുത്തകപാട്ട പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ച് വരുന്നവർ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിരുന്നു. നീണ്ടകാലയളവായി പാട്ടം അടച്ചുവന്നവരും ഉപജീവന മാർഗ്ഗത്തിനായി ടി സ്ഥലം കച്ചവടത്തിനായി ഉപയോഗിച്ച് വരുന്നതുമായ പ്രത്യേകത കൂടി കണക്കിലെടുത്താണ് ടി വിഷയത്തിൽ പുനരധിവാസം പരിഗണിച്ചത്.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി & ഇ) നിർദ്ദേശം ലഭിച്ചിട്ടില്ല.

**താലൂക്ക് പുനഃസംഘടന**

250 (1383) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ രൂപീകരിച്ച ടീമിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പഠന പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതിനാൽ കളക്ടർമാരുടെ റിപ്പോർട്ട് പരിഗണിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ജോയിന്റ്

കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ടീം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

### വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

251 (1384) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ സമ്പർക്കമുള്ള വില്ലേജ് ആഫീസുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) റവന്യൂ ഓഫീസുകളിൽ ജോലി ചെയ്യുന്ന വി.എഫ്.എ.-മാർക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി പുറപ്പെടുവിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) സ്പെഷ്യൽ റൂൾ നിലവിലില്ല. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

### ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

252 (1385) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകളുണ്ടെന്ന് പേരു സഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാത്തതുകൊണ്ട് കാസർഗോഡ് പോലെയുള്ള പിന്നോക്ക ജില്ലകളിൽ ജനങ്ങൾ നേരിടുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനായി ഗ്രൂപ്പ് വില്ലേജ് വിഭജനം എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് അവസാനമായി ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം ഉണ്ടായത് എപ്പോഴാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു വില്ലേജ് രൂപീകരിക്കുന്നതിന് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് 44 ലക്ഷം രൂപ അനാവർത്തന ചെലവും വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥർക്ക് പ്രതിമാസം ആകെ 1,15,600 രൂപയും നാളത് നിരക്കിലുള്ള ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ആവർത്തന ചെലവും പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് ആകെ 97 ഗ്രൂപ്പ് വില്ലേജുകൾ നിലവിലുണ്ട്. ഈ ഗ്രൂപ്പ് വില്ലേജുകളിൽ ഉൾപ്പെടുന്ന 222 വില്ലേജുകൾ ഉണ്ട്. സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തിരുവനന്തപുരം ജില്ലയിലെ ഇളമ്പ - മുദാക്കൽ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് ഇളമ്പ, മുദാക്കൽ എന്ന പ്രത്യേക വില്ലേജുകൾ ആക്കിയിട്ടുണ്ട്. (ഇളമ്പ വില്ലേജ് ഓഫീസ് ജോലിക്രമീകരണ വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്നു.)

(ഡി) പുതിയ വില്ലേജ് രൂപീകരണം/വില്ലേജ് വിഭജനം പൊതുവായി പരിഗണിച്ച അവസരത്തിൽ സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ആയത് പരിശോധിക്കാവുന്നതാണെന്ന് തീരുമാനിക്കുകയുണ്ടായി. എന്നിരുന്നാലും കാസർഗോഡ് പോലെയുള്ള പിന്നോക്ക ജില്ലകളിലെ ജനങ്ങൾ നേരിടുന്ന ദുരിതം കണക്കിലെടുത്ത് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽപ്പെട്ട പഡ്രെ, കാട്ടുകക്കെ എന്ന ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ)

| ജില്ല | അവസാനമായി ഗ്രൂപ്പ് വില്ലേജ് വിഭജനംനടന്നതീയതി |
|---|---|
| തിരുവനന്തപുരം | 25-9-2017 |
| തൃശ്ശൂർ | 16-9-2015 |
| കാസർഗോഡ് | 17-8-2010 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചാരുംമൂട് കേന്ദ്രമാക്കി പഞ്ചായത്തും വില്ലേജും രൂപീകരണം**

253 (1386) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് കേന്ദ്രമാക്കി പഞ്ചായത്തും, വില്ലേജും രൂപീകരിക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് കേന്ദ്രമാക്കി പഞ്ചായത്തും വില്ലേജും രൂപീകരിക്കുന്നതിന് നിലവിൽ റവന്യൂ വകുപ്പിൽനിന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**പാട്ടക്കുടിശ്ശിക**

254 (1387) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പാട്ടം റദ്ദ് ചെയ്ത് അവ സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ;

(ബി) പാട്ടക്കുടിശ്ശിക സംബന്ധിച്ച് ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശങ്ങളിൽ എന്ത് തീരുമാനമാണ് ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പാട്ടക്കുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കുകയും 2019-20 വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസ്തുത പാട്ടക്കുടിശ്ശിക അടയ്ക്കാൻ പാട്ട കക്ഷികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിക്കുകയും ആയത് സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയവുമാണ്. ഇത്തരത്തിൽ പാട്ടക്കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ/സംഘടനകൾ/വ്യക്തികൾ എന്നിവയുടെ പാട്ടക്കുടിശ്ശിക കണക്കാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കുന്നതിന്

നടപടി സ്വീകരിക്കാനും പാട്ടത്തുക അടവാക്കാത്തപക്ഷം പാട്ടം റദ്ദ് ചെയ്യുന്നതിനുമുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച് സർക്കാർ വസ്തു വീണ്ടെടുക്കാനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ടി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള പാട്ടം സംബന്ധിച്ച വിശദാംശങ്ങൾ 14 ജില്ലകളിൽനിന്നും ശേഖരിച്ച് പരിശോധിക്കുകയും ഇത്തരത്തിൽ പാട്ടകുടിശ്ശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പക്കൽനിന്നും പാട്ടത്തുക ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്.

**പരശുവയ്ക്കൽ വില്ലേജാഫീസ് കെട്ടിടത്തിന്റെ നിർമ്മാണം**

255 (1388) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജാഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പരശുവയ്ക്കൽ വില്ലേജാഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിൽ കരാറുകാരനായ എസ്.ഐ.എൽ.കെ. എന്ന സ്ഥാപനം കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജാഫീസുകളെയാണ് നവീകരിക്കുന്നത്; ആയതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം പരശുവയ്ക്കൽ വില്ലേജ് ഉൾപ്പെടെ 50 വില്ലേജുകളാണ് സ്മാർട്ട് വില്ലേജാഫീസുകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2018-19 പ്ലാൻ സ്കീമിൽ 31-3-2019-ന് ചെലവഴിക്കാൻ കഴിയാതിരുന്ന സ്മാർട്ട് വില്ലേജ്, വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, റവന്യൂ ഓഫീസുകളുടെ നവീകരണം എന്നീ നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റാൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായില്ല. ആയതിനാൽ ടി തുക 2019-20-ലെ പ്ലാൻ ഫണ്ടിൽനിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) 2018-19 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജക മണ്ഡലത്തിൽ പ്രവൃത്തികൾ നിർവ്വഹിക്കുന്ന വില്ലേജുകളുടെയും തുക വകയിരുത്തിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) വാഴിച്ചൽ വില്ലേജ് അഡീഷണൽ റൂം - 7,35,367

(2) പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസ് നിർമ്മാണം - 42,33,777

(3) പെരുങ്കടവിള വില്ലേജ് ചുറ്റുമതിൽ നിർമ്മാണം - 7,30,000

**ഹാരിസൺസ് കൈവശഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ**

256 (1389) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കാൻ ഒരു ഉന്നതതലയോഗവും ഈ സർക്കാർ ഇതുവരെ ചേർന്നിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിൽ കേസിൽ നിർണ്ണായക തീരുമാനങ്ങളെടുത്തത് ഉന്നതതലയോഗങ്ങൾ ചേർന്നാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) ഇതിനിടയിൽ ചില കമ്പനികൾ അവർ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് കരം അടയ്ക്കുന്നതിന് ഹൈക്കോടതിയിൽ നിന്ന് ഉത്തരവ് സമ്പാദിക്കുകയുണ്ടായോ;

(ഡി) സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് സിവിൽ കോടതിയെ സമീപിക്കാനാണോ ഇപ്പോൾ സർക്കാർ തീരുമാനം; എങ്കിൽ അതുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഹാരിസൺ മലയാളം ലിമിറ്റഡും അവരുടെ മുൻഗാമികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് 1957-ലെ കേരള ഭൂമി സംരക്ഷണ നിയമപ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി നേടിയ മറ്റുള്ളവരും 4 ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 38170.92 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ 11-4-2018-ലെ WP(C) 33122/14 & Ors നമ്പർ കേസുകളിലെ ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം റദ്ദാക്കിയിരുന്നു. ഭൂ സംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി

ഏറ്റെടുക്കുന്നതിന് നിയമിതനായ ഉദ്യോഗസ്ഥന് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിന് ജൂറിസ്ഡിക്ഷൻ ഇല്ലെന്ന കാരണത്താലാണ് സ്പെഷ്യൽ ഓഫീസർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവുകൾ കോടതി റദ്ദ് ചെയ്തിട്ടുള്ളത്. പ്രസ്തുത വിധിയെ ചോദ്യം ചെയ്ത് സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ ബഹു. സുപ്രീംകോടതി 17-9-2018-ൽ തള്ളുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയും 6-6-2019-ൽ സ.ഉ.(കൈ) 172/19/റവ നമ്പർ ഉത്തരവ് പ്രകാരം സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയുമുണ്ടായി.

കേസുകൾ ഫയൽ ചെയ്യുന്നത് സംബന്ധിച്ച ഉന്നതതല യോഗം രണ്ട് തവണ ചേരുന്നതിന് നിശ്ചയിച്ചിരുന്നെങ്കിലും അപ്രതീക്ഷിതമായ കാലവർഷക്കെടുതിയുടെയും അഞ്ച് നിയമസഭാ മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മോഡൽ കോഡ് ഓഫ് കണ്ടക്ട് നിലവിൽ വന്നതിന്റെയും പശ്ചാത്തലത്തിൽ പ്രസ്തുത യോഗം മാറ്റിവയ്ക്കുകയാണുണ്ടായത്.

11-4-18-ലെ WP(C) 33122/14 കേസിലെ വിധി ന്യായത്തിനുശേഷം വിവിധ കമ്പനികൾ ഫയൽ ചെയ്ത കേസുകളിൽ സർക്കാർ സിവിൽ കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകളിലെ അഡ്ജ്യൂഡിക്കേഷന് വിധേയമായി കരം സ്വീകരിക്കണമെന്ന തരത്തിലാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

**ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകാൻ നടപടി**

257 (1390) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ കടന്നപ്പള്ളി, പാണപ്പുഴ വില്ലേജുകളിലായി പട്ടയം നൽകിയ എത്ര പേർക്കാണ് ഭൂമി അളന്നുതിട്ടപ്പെടുത്തി നൽകാൻ ബാക്കിയുള്ളതെന്നും എത്ര ഏക്കർ സ്ഥലം ഇപ്രകാരം നൽകാനുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രത്യേക സർവ്വേ ടീമിനെ ഉൾപ്പെടുത്തി സ്ഥലം അളന്നുതിട്ടപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

<u>ഉത്തരം</u>

(എ) കടന്നപ്പള്ളി വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 175 പേർക്ക് 27.30 ഏക്കർ മിച്ചഭൂമിയും പാണപ്പുഴ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി 1303 പേർക്ക് 179.81 ഏക്കർ മിച്ചഭൂമിയും അളന്ന് നൽകാനുണ്ട്.

(ബി) കടന്നപ്പള്ളി വില്ലേജിലെ ഭൂമി അളന്ന് നൽകുന്നതിന് ഒരു സർവ്വെ ടീമിനെ നിയോഗിച്ചിട്ടുണ്ട്.

**ഭൂമി-പട്ടയ വിതരണം**

258 (1391) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കുന്നത്; ആയത് 2016-ൽ എത്രയായിരുന്നു;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര കുടുംബങ്ങൾക്ക്പട്ടയം നൽകി; 2011-16 കാലഘട്ടത്തിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തത്;

(സി) പാട്ടക്കാലവധി കഴിഞ്ഞ സർക്കാർ ഭൂമി നിലവിൽ എത്രയാണുള്ളത്; പ്രസ്തുത ഭൂമി സർക്കാരിൽ മുതൽക്കൂട്ടാക്കാൻ എന്തുനടപടി സ്വീകരിച്ചുവരുന്നു; വ്യക്തമാക്കാമോ;

(ഡി) പാട്ട വ്യവസ്ഥകൾ പാലിക്കാത്ത പാട്ട ഭൂമിയുടെ അളവെത്ര; ആയത് തിരിച്ച് പിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു;

(ഇ) ഭൂമി കയ്യേറ്റക്കാരുടെ കൈവശമുള്ള ഭൂമിയുടെ അളവെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ; പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു;

(എഫ്) നിലവിൽ സർക്കാർ കൈവശമുള്ള ഭൂമിയുടെ അളവെത്ര; ആയത് 2011-16 കാലഘട്ടത്തിൽ എത്രയായിരുന്നു; ഈ സർക്കാരിന്റെ കാലത്ത് തന്നെ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി നൽകി എന്നുറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ നാളിതുവരെ 11004 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ വിതരണം**

259 (1392) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുചങ്ങല പ്രദേശത്തെ ജനങ്ങൾക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും ഇവർക്ക് എന്നേക്ക് പട്ടയം ലഭ്യമാക്കാനാകും എന്നും അറിയിക്കാമോ;

(ബി) അഞ്ചുചങ്ങല പ്രദേശത്ത് പട്ടയം ലഭ്യമാക്കി നൽകുമ്പോൾ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിലേക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പട്ടയം വിതരണം ചെയ്യുന്നതിലെ തടസ്സങ്ങൾ പരിഹരിച്ച് അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ നെയ്യാർ ഡാം ഉൾപ്പെട്ടുവരുന്ന അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കണമെന്ന അപേക്ഷയിന്മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈവശഭൂമി 15 സെന്റായി നിജപ്പെടുത്തി സ്കെച്ച് ഉൾപ്പെടെയുള്ള റിക്കാർഡുകൾ തയ്യാറാക്കി പതിച്ച് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുമ്പോൾ നെയ്യാർഡാം സംരക്ഷിത മേഖലയിൽ MFL+1+10M എന്ന നിലയിൽ സർവ്വേ ചെയ്താൽ മാത്രമേ എത്ര പേരെ പുനരധിവസിപ്പിക്കേണ്ടിവരുമെന്ന കാര്യത്തിൽ വ്യക്തത വരുത്താൻ സാധ്യമാകൂ. അത്തരത്തിലുള്ള സർവ്വേ നടപടികൾ ചെയ്യുന്നതിന് ജനങ്ങളുടെ ഭാഗത്തുനിന്നും എതിർപ്പുകൾ നിലനിൽക്കുന്നതിനാൽ ആയതിന് ഇനിയും കഴിഞ്ഞിട്ടില്ലാത്തതാകുന്നു. നിലവിലെ കൈവശക്കാരെ ഒഴിപ്പിക്കുമ്പോൾ അവരെ പുനരധിവസിപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ ഭൂമി നൽകാൻ കഴിയുമെന്ന് വകുപ്പുതല ചർച്ചയിൽ അവർ അറിയിച്ചിട്ടുണ്ട്.

(സി) പട്ടയം വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടയ വിതരണം

260 (1393) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിവരം നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ ഇനങ്ങളിലായി 111004 പട്ടയങ്ങളും 222 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. അതിൽ 110998 കുടുംബങ്ങൾക്കാണ് പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. കുടുംബങ്ങൾക്ക് വിതരണം ചെയ്ത പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പട്ടയത്തിന്റെ കണക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | 1451 |
| 2 | കൊല്ലം | 1191 |
| 3 | പത്തനംതിട്ട | 207 |
| 4 | ആലപ്പുഴ | 804 |
| 5 | കോട്ടയം | 550 |
| 6 | ഇടുക്കി | 20419 |
| 7 | എറണാകുളം | 3742 |
| 8 | തൃശ്ശൂർ | 30133 |
| 9 | പാലക്കാട് | 13962 |
| 10 | മലപ്പുറം | 19419 |
| 11 | കോഴിക്കോട് | 7517 |
| 12 | വയനാട് | 1325 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 6057 |
| ആകെ | | 110998 |

**പട്ടയ വിതരണം**

261 (1394) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കോഴിക്കോട് മാറാട് രാജീവ്ഗാന്ധി കോളനിയിൽ പട്ടയം കിട്ടാതെ അവശേഷിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ ഇനങ്ങളിലായി 111004 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പട്ടയത്തിന്റെ കണക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | 1451 |
| 2 | കൊല്ലം | 1191 |
| 3 | പത്തനംതിട്ട | 207 |
| 4 | ആലപ്പുഴ | 804 |
| 5 | കോട്ടയം | 550 |
| 6 | ഇടുക്കി | 20419 |
| 7 | എറണാകുളം | 3742 |
| 8 | തൃശ്ശൂർ | 30133 |
| 9 | പാലക്കാട് | 13962 |
| 10 | മലപ്പുറം | 19419 |
| 11 | കോഴിക്കോട് | 7517 |
| 12 | വയനാട് | 1325 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 6057 |
| | ആകെ | 111004 |

(ബി) കോഴിക്കോട് മാറാട് രാജീവ് ഗാന്ധി ദശലക്ഷം കോളനിയിലെ 31 കൈവശക്കാർക്ക് പട്ടയം വിതരണം ചെയ്യാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**കൈവശാവകാശ സർട്ടിഫിക്കറ്റ്**

262(1395) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാർത്ഥ വസ്തുതകൾ മറച്ച് വച്ചുകൊണ്ടും തെറ്റായ വിവരങ്ങൾ നൽകികൊണ്ടും റവന്യൂ അധികാരികളിൽനിന്നും നേടിയിട്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണെന്നും അപ്പീൽ അധികാരി ആരാണെന്നും വ്യക്തമാക്കാമോ;

(ബി) വ്യക്തികളുടെ കൂട്ടവകാശത്തിലുള്ളതും എന്നാൽ കൂട്ടവകാശത്തിലെ വ്യക്തികൾ തമ്മിൽ അവകാശം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതുമായ അവസ്ഥയിൽ കൂട്ടവകാശികളിൽ ഒരാൾക്ക് മാത്രമായി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് റവന്യൂ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വില്ലേജ് ആഫീസർ കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച് കഴിഞ്ഞ് ആയത് തെറ്റാണെന്ന് വില്ലേജ് ആഫീസർക്ക് ബോദ്ധ്യപ്പെട്ടാൽ രേഖകൾ സഹിതം വില്ലേജ് ആഫീസർ തഹസീൽദാർക്ക് റിപ്പോർട്ട് നൽകുന്നു. വില്ലേജ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ ചാർജ്ജ് ആഫീസർ മുഖേന അന്വേഷണം നടത്തി വില്ലേജ് ആഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ് തെറ്റാണെന്ന് ബോധ്യപ്പെടുന്നപക്ഷം ആയത് റദ്ദുചെയ്ത് നടപടിക്രമം പുറപ്പെടുവിക്കുന്നതും പകർപ്പ് കക്ഷിക്കും ബന്ധപ്പെട്ട വില്ലേജ് ആഫീസർക്കും നൽകുന്നു. സേവനാവകാശ നിയമപ്രകാരം ഒന്നാം അപ്പീൽ അധികാരി തഹസീൽദാരും രണ്ടാം അപ്പീൽ അധികാരി റവന്യൂ ഡിവിഷണൽ ഓഫീസറുമാണ്.

(ബി) കൂട്ടവകാശികളിൽ ഒരാൾക്ക് മാത്രമായി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

**മാവിലാക്കടപ്പുറം ഫിഷർമെൻ കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം**

263 (1396) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപ്പറമ്പ ദ്വീപ് പഞ്ചായത്തിൽപ്പെട്ട മാവിലാക്കടപ്പുറം ഫിഷർമെൻ കോളനിയിൽ വർഷങ്ങളായി ജീവിച്ച് വരുന്ന കുടുംബങ്ങൾക്ക് എപ്പോൾ പട്ടയം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപ്പറമ്പ വില്ലേജിലെ ഒരിയര മാവിലാക്കടപ്പുറത്ത് രണ്ടേക്കർ 52 സെന്റ് സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. മാവിലാക്കടപ്പുറം ഫിഷർമെൻ കോളനിയിൽ താമസിച്ചുവരുന്ന ഫിഷറീസ് വകുപ്പ് ശിപാർശ ചെയ്ത 10 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കോളനിയിൽ താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നും അപേക്ഷയും ടി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള ശിപാർശയും എൻ.ഒ.സി.-യും ഫിഷറീസ് വകുപ്പിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടയ വിതരണത്തിന്റെ പുരോഗതി**

264 (1397) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന പട്ടയവിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചിരുന്ന പട്ടികവർഗ്ഗക്കാർക്ക് റെക്കോർഡ് ഓഫ് റൈറ്റിന് പകരം പട്ടയം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടിക്രമവും ആയതിന് എന്തൊക്കെ കടമ്പകളാണ് കടക്കേണ്ടതെന്നും വിശദമാക്കാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് നടന്ന പട്ടയവിതരണത്തെ അപേക്ഷിച്ച് ഈ സർക്കാരിന്റെ പട്ടയവിതരണം ബഹുദൂരം മുന്നിലാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനങ്ങളിലായി നാളിതുവരെ 111004 പട്ടയങ്ങളും 2221 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 45 പട്ടയ മേളകൾ നടത്തിയിട്ടുണ്ട്. സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ

ഓഫീസുകളിൽനിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽകേട്ട് പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ആദിവാസികളുടെ വനഭൂമിയിന്മേലുള്ള വ്യക്തിപരമായ അവകാശം സ്ഥാപിച്ച് നൽകുന്നതിനാണ് റെക്കോർഡ് ഓഫ് റൈറ്റ്സ് നൽകുന്നത്. എന്നാൽ 1-1-1977-ന് മുമ്പുള്ള വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തലിന്റെ ഭാഗമായി 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ പ്രത്യേക ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി നൽകുന്ന ഭൂമിക്ക് പട്ടികവർഗ്ഗക്കാർക്കും പട്ടയം നൽകണമെന്ന വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് നടത്തുന്ന സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ വെബ്സൈറ്റിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി ഓൺലൈനായി പ്രൊപ്പോസൽ സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ കേസുകൾക്കും 1993-ലെ പ്രത്യേക ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നതാണ്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഭൂരഹിതരായ കേരളം പദ്ധതിക്ക് അനുവദിച്ച പട്ടയം ഉൾപ്പെടെ ആകെ 134460 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ നാളിതുവരെ 111004 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**പ്രളയത്തിൽ തകർന്ന വീടുകളുടെ കണക്ക്**

265 (1398) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വീടുകളിൽ വെള്ളം കയറിയതിന്റെ ആശ്വാസധനമായി സർക്കാർ പ്രഖ്യാപിച്ച 10,000 രൂപ നൽകിയ മാനന്തവാടി താലൂക്കിലെ ആളുകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2018-ലെ പ്രളയത്തിൽ മാനന്തവാടി താലൂക്കിൽ ഭാഗികമായി തകർന്ന വീടുകളുടെ എണ്ണവും അതിനു നല്കിയ നഷ്ടപരിഹാര തുകയുടെയും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് മാനന്തവാടി താലൂക്കിലെ ഏതെങ്കിലും അപ്പീലുകൾ തീരുമാനം ആക്കാത്തതായി നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 3783 ആളുകൾക്ക് 10,000 രൂപ അനുവദിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജ് | ആളുകളുടെഎണ്ണം |
|---|---|---|
| 1 | പേരിയ | 164 |
| 2 | വാളാട് | 82 |
| 3 | തവിഞ്ഞാൽ | 261 |
| 4 | മാനന്തവാടി | 532 |
| 5 | എടവക | 389 |
| 6 | നല്ലൂർനാട് | 125 |
| 7 | തിരുനെല്ലി | 33 |
| 8 | തൃശ്ശിലേരി | 154 |
| 9 | പയ്യമ്പള്ളി | 325 |
| 10 | ചെറുകാട്ടൂർ | 448 |
| 11 | പനമരം | 394 |
| 12 | അഞ്ചുകുന്ന് | 378 |
| 13 | പൊരുന്നന്നൂർ | 103 |
| 14 | വെള്ളമുണ്ട | 142 |
| 15 | കാഞ്ഞിരങ്ങാട് | 39 |
| 16 | തൊണ്ടർനാട് | 214 |
| ആകെ | | 3783 |

(ബി)

| ക്രമ നമ്പർ | വില്ലേജ് | എണ്ണം | തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പേരിയ | 286 | 1,45,85,000 |
| 2 | വാളാട് | 228 | 94,75,000 |
| 3 | തവിഞ്ഞാൽ | 527 | 2,30,40,000 |
| 4 | മാനന്തവാടി | 138 | 67,20,000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | എടവക | 247 | 1,00,15,000 |
| 6 | നല്ലൂർനാട് | 131 | 33,30,000 |
| 7 | തിരുനെല്ലി | 94 | 47,60,000 |
| 8 | തൃശ്ശിലേരി | 178 | 62,35,000 |
| 9 | പയ്യമ്പള്ളി | 78 | 38,95,000 |
| 10 | ചെറുകാട്ടൂർ | 303 | 1,49,20,000 |
| 11 | പനമരം | 233 | 1,80,70,000 |
| 12 | അഞ്ചുകുന്ന് | 297 | 1,71,70,000 |
| 13 | പൊരുന്നന്നൂർ | 107 | 34,85,000 |
| 14 | വെള്ളമുണ്ട | 103 | 45,70,000 |
| 15 | കാഞ്ഞിരങ്ങാട് | 61 | 13,65,000 |
| 16 | തൊണ്ടർനാട് | 79 | 31,85,000 |

(സി) 2018-ൽ പ്രളയവുമായി ബന്ധപ്പെട്ട് അപ്പീൽ കേസുകൾ ഒന്നും തീരുമാനമാകാത്തതായി ബാക്കിയില്ല.

**പ്രളയ ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക**

266 (1399) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയക്കെടുതിയിൽ വീടുകൾ നഷ്ടപ്പെട്ട എത്ര പേർക്ക് എത്ര രൂപ വീതം നഷ്ടപരിഹാരം നൽകിയെന്ന് അറിയിക്കുമോ;

(ബി) വസ്തുവകകൾ, കൃഷിനാശം തുടങ്ങിയ നാശനഷ്ടം സംഭവിച്ചവർക്ക് ഓരോ വിഭാഗത്തിലും ആകെ എത്ര കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്;

(സി) 2018-ലെ പ്രളയക്കെടുതികളുടെ ദുരിതാശ്വാസത്തിനായി ഇതിനോടകം മൊത്തം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 15% മുതൽ 100% വരെ വീടുകൾക്ക് നാശനഷ്ടം നേരിടുകയോ ഭൂമി ഉൾപ്പെടെ വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത 4,12,591 കുടുംബങ്ങൾക്ക് സഹായം നൽകി. ഇതിനായി 2832.34 കോടി രൂപ ചെലവഴിച്ചു.

(ബി) അടിയന്തര സഹായമായ 1000 രൂപ 6,92,96 കുടുംബങ്ങൾക്ക് നൽകി. ഇതിനായി 692.966 കോടി രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിലെ ദുർബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും 500 രൂപ വിലവരുന്ന 3,26,048 അധികം സൗജന്യ ഭക്ഷ്യധാന്യ കിറ്റും. ഇതിനായി 16.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. RKLS (Resurgent Kerala Loan) എന്ന പദ്ധതി പ്രകാരം വനിതകൾക്ക് ഒരു കുടുംബത്തിന് ഒരു ലക്ഷം രൂപ സാമ്പത്തിക സഹായ പദ്ധതി വഴി 11-6-2019 വരെ 1435.14 കോടി രൂപ 1,73,167 കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ. എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 1,52,350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ് മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 2260.338 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയ്ക്കുള്ള 30 ലക്ഷം തൈകളും കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനഃസ്ഥാപിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽനിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റ്, പെട്ടിയും പറയും എന്നിവ റിപ്പയർ ചെയ്യുന്നതിനും 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. മിഷൻ

ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്‌മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. പുതുക്കൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി. കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തേ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാണ്.

(സി) 2018-ലെ പ്രളയക്കെടുതികളുടെ ദുരിതാശ്വാസത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2,020.95 കോടി രൂപയും (24-10-2019) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2,515.35 കോടി രൂപയും (16-10-2019 വരെ) ചെലവഴിച്ചിട്ടുണ്ട്.

**പ്രളയം നേരിടുന്നതിന് മുന്നൊരുക്കങ്ങൾ**

267 (1400) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-നെ അപേക്ഷിച്ച് 2019-ലെ പ്രളയം നേരിടുന്നതിന് എന്തൊക്കെ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ടാം പ്രളയത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ വർഷം 2018-നെ അപേക്ഷിച്ച് കൂടുതൽ മഴ ലഭിച്ചതുകൊണ്ടായിരുന്നോ പ്രളയം രൂക്ഷമായതെന്ന് വ്യക്തമാക്കുമോ;

(ഡി) 2019-ലെ പ്രളയ രക്ഷാപ്രവർത്തന സന്നാഹങ്ങൾ എന്തൊക്കെയായിരുന്നു എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിൽ പോലീസ്, അഗ്നി സുരക്ഷാ, ജലസേചനം, കെ.എസ്.ഇ.ബി.എൽ., ഗതാഗത വകുപ്പ്, കേന്ദ്ര സേനകളുടെ പ്രതിനിധികൾ എന്നിവർ ചേർന്ന് സംസ്ഥാനത്തിലെ അടിയന്തര സാഹചര്യം നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ പൂർണ്ണതോതിൽ പ്രവർത്തിച്ചു. ബഹു. മുഖ്യമന്ത്രിയും ബഹു. റവന്യൂ-ദുരന്ത നിവാരണ വകുപ്പുമന്ത്രിയും നേരിട്ട് ഓരോ പ്രധാന ദുരന്ത സമയത്തും ഈ സെന്ററിൽനിന്നും ദുരന്ത പ്രതികരണ പ്രവർത്തനത്തിന് മേൽനോട്ടം നൽകുകയുണ്ടായി. പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ദുരന്ത സമയങ്ങളിൽ വിവരസംവേദനത്തിന് തടസ്സം നേരിടാതിരിക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി.

പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ നടപ്പാക്കാൻ നടപടി ആരംഭിച്ചു. United Nations Development Programme, United Environment Programme, SPHERE India എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് Incident Response System-വും താലൂക്ക് തലംവരെ 9-5-2019-ലെ സ.ഉ.(സാധാ) നമ്പർ 280/2019/ഡി.എം.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്താനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥ സംരംഭങ്ങളുടെയും 2019-ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപുസ്തകം,

വിവിധ കാലാവസ്ഥ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളെയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകൾ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡി.ഇ.ഒ.സി.-കൾ, കേന്ദ്ര ഏജൻസികൾ, രക്ഷാ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നെയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ ക്യാമ്പുകൾ ഏത് രീതിയിൽ പ്രവർത്തിപ്പിക്കണമെന്നും ക്യാമ്പുകൾ എവിടെ നടത്തുമെന്നതും നേരത്തേ കണ്ടെത്താൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്യാമ്പുകളാക്കാൻ കഴിയുന്ന കെട്ടിടങ്ങൾ കാലവർഷം തുടങ്ങുന്നതിന് മുന്നേ കണ്ടെത്തുകയും ഇത്തരം കെട്ടിടങ്ങളുടെ താക്കോലുകൾ വില്ലേജ് ഓഫീസർ കൈവശം സൂക്ഷിക്കുകയും ചെയ്തു. ഈ കെട്ടിടങ്ങളിൽ ശുദ്ധജലം, ടോയ്‌ലെറ്റ് സൗകര്യം, വെളിച്ചം എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) 2019 ആഗസ്റ്റ് മാസം 951.4 mm മഴയാണ് കേരളത്തിൽ ലഭിച്ചത്.

(ഡി) 2019-ലെ പ്രളയ രക്ഷാ പ്രവർത്തന സന്നാഹങ്ങൾക്കായി ഫയർ & റെസ്ക്യൂവിന്റെ 100 ടീമിനെയും പോലീസ് സേനയിൽനിന്ന് 13,662 പേരെയും എൻ.ഡി.ആർ.എഫ്.ന്റെ 13 ടീമിനെയും സേനയിൽനിന്ന് 16 columns-നെയും തീര രക്ഷാ സേനയിൽനിന്ന് 15 ടീമിനെയും വായു സേനയിൽനിന്ന് 1 ഹെലികോപ്റ്റർ, 2 വിമാനം എന്നിവയും നാവിക സേനയുടെ ഒരു ടീമും സജ്ജമായിരുന്നു.

**പ്രളയവും ഉരുൾപൊട്ടലും മൂലമുണ്ടായ നാശനഷ്ടങ്ങൾ**

268 (1401) ശ്രീ. കെ. രാജൻ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയവും ഉരുൾപൊട്ടലും മൂലമുണ്ടായ നാശനഷ്ടങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) പ്രളയത്തിൽ വിവിധ മേഖലകളിൽ ഉണ്ടായ നഷ്ടങ്ങളുടെ വിവരം ലഭ്യമാക്കുമോ;

(സി) 2018-ലെ പ്രളയത്തെ അപേക്ഷിച്ച് 2019-ലെ പ്രളയം എന്തൊക്കെ കാരണങ്ങളാൽ വ്യത്യസ്തമാണെന്ന് വ്യക്തമാക്കുമോ;

(ഡി) രണ്ടാം പ്രളയത്തിൽ ഉപജീവന ഉപാധികളും അവസരങ്ങളും നഷ്ടമായതുമൂലമുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഇ) രണ്ടാം പ്രളയത്തിന് ശേഷമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ചും പുനർ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2019-ൽ കേരളത്തിലുണ്ടായ മഴക്കെടുതിയിലും ഉരുൾപൊട്ടലിലുമായി 2,101.881 കോടി രൂപയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

(സി) അടുത്തടുത്ത വർഷങ്ങളിൽ അതിതീവ്ര മഴ മൂലമുള്ള ദുരന്തം 68 വർഷത്തിനിടയിൽ ആദ്യമായാണ് കേരളം നേരിടുന്നത്. മഴയുടെ തീവ്രത 2018-ലേതിലും കൂടുതലായിരുന്നെങ്കിലും വടക്കൻ കേരളത്തിലാണ് 2019-ലെ പ്രളയ കാരണമായ മഴയുടെ തീവ്രത കൂടുതലായി അനുഭവപ്പെട്ടത്. മലയോര മേഖലയിൽ കൂടുതലായി പെയ്ത മഴ വ്യാപകമായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയ്ക്ക് കാരണമായി.

2018-ലെ പ്രളയത്തിന്റെ ആഘാതത്തിൽനിന്ന് കരകയറി വന്നുകൊണ്ടിരുന്ന കേരള സമൂഹത്തിന് 2019-ലെ പ്രളയം വലിയ തിരിച്ചടിയാണ് നൽകിയത്. കവളപ്പാറയിലെയും പുത്തുമലയിലെയും രണ്ട് വലിയ ഉരുൾപൊട്ടലിൽ കേരളത്തിന് നഷ്ടമായത് 76 വിലപ്പെട്ട ജീവനുകളാണ്. 31000 ഹെക്ടർ സ്ഥലത്തെ കൃഷിയാണ് കേരളത്തിൽ നഷ്ടപ്പെട്ടത്. കേന്ദ്ര മാനദണ്ഡ പ്രകാരംതന്നെ 41 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ജലസേചന മേഖലയിൽ 116 കോടി രൂപയുടെ നഷ്ടവും വൈദ്യുത മേഖലയിൽ 103 കോടി രൂപയുടെ നഷ്ടവും പൊതുമരാമത്ത് റോഡുകൾക്കും പാലങ്ങൾക്കും 205 കോടി രൂപയുടെ നഷ്ടവും തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള നിർമ്മിതികൾക്ക് 170 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്.

അടിയന്തര സഹായമായി 316 കോടി രൂപയും ക്യാമ്പുകളുടെയും മറ്റും നടത്തിപ്പിന് 265 കോടി രൂപയും വീടുകളുടെ നാശനഷ്ടത്തിന് 748 കോടി രൂപയും കേന്ദ്ര മാനദണ്ഡപ്രകാരം നാശനഷ്ടമായി കണക്കാക്കി നൽകിയിട്ടുണ്ട്.

(ഡി) രണ്ടാം പ്രളയത്തിൽ ഉപജീവന ഉപാധികളും അവസരങ്ങളും നഷ്ടമായതുമൂലമുള്ള നഷ്ടം കണക്കാക്കിവരുന്നു.

(ഇ) 2019-ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 1,21,991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95,100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ന് മേലെ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തിവരുന്നു.

2019-ലെ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ വേഗത്തിൽ പരിശോധിച്ച് ജനവാസ യോഗമാണോ അല്ലയോ എന്ന് വ്യക്തമായ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. ഈ സംഘത്തിൽ ഒരു ജിയോളജിസ്റ്റും ഒരു മണ്ണ് സംരക്ഷണ വിദഗ്ധനും ഉണ്ടായിരിക്കും. ഇവർ കണ്ണൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ പരിശോധന നടത്തി വിവിധ പ്രദേശങ്ങൾ സംബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ശിപാർശകൾ നൽകി ഇത്തരത്തിൽ മാറ്റണം എന്ന് കണ്ടെത്തിയ വീടുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ 10 ലക്ഷം രൂപ നൽകിവരുന്നു.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ പ്രളയ നാശനഷ്ടങ്ങൾ**

269 (1402) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തെത്തുടർന്ന് വണ്ടൂർ നിയോജകമണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിവിധ വകുപ്പുകൾ തയ്യാറാക്കിയ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇക്കഴിഞ്ഞ പ്രളയത്തിൽ വണ്ടൂർ നിയോജകമണ്ഡലത്തിൽ പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വീട് തകർന്നവർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ വിതരണം നടത്തും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാശനഷ്ടം സംബന്ധിച്ച കണക്കെടുപ്പ് നടന്നുവരുന്നു.

(ബി&സി) റീബിൽഡ് കേരള ആപ് ഉപയോഗിച്ച് വീടുകളുടെ നാശനഷ്ടം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രളയബാധിത വില്ലേജുകൾ**

270 (1403) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് പ്രളയബാധിതമായി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിലെ പെരിയാറിന്റെ തീരത്തുള്ള കാലടി വില്ലേജിനെ പ്രളയബാധിത വില്ലേജായി പ്രഖ്യാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാലടി വില്ലേജിനെ പ്രളയബാധിത വില്ലേജായി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു. മുഖ്യമന്ത്രിക്ക് ഡോക്കറ്റ് നമ്പർ 190901483 ആയി എറണാകുളം ജില്ലാ കളക്ടർ നൽകിയ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയാമോ; വിശദമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര, പാറക്കടവ്, അങ്കമാലി, മലയാറ്റൂർ, മറ്റൂർ എന്നീ വില്ലേജുകളെയാണ് പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി & സി) കാലടി വില്ലേജിലെ ദുരിതബാധിതരെ മറ്റൂർ വില്ലേജിലുള്ള ക്യാമ്പുകളിലേയ്ക്കാണ് മാറ്റിയിരുന്നതെന്നും കണക്കെടുത്ത വേളയിൽ ക്യാമ്പുകളുള്ള വില്ലേജുകൾ മാത്രം നൽകിയതുമൂലമുണ്ടായ മനഃപൂർവ്വമല്ലാതെ സംഭവിച്ച പിശക് മൂലമാണ് കാലടി വില്ലേജിന്റെ പേര് ഉൾപ്പെടുത്തുവാൻ വിട്ടുപോയത്. എന്നിരുന്നാലും കാലടി വില്ലേജിൽ 4 അംഗ ടീമിന്റെ സർവ്വേ നടത്തിയിട്ടുള്ളതും ദുരിതാശ്വാസത്തിന് അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ബഹു. മുഖ്യമന്ത്രിക്ക് 190901483 എന്ന ഡോക്കറ്റ് നമ്പരിൽ ബഹു. എം.എൽ.എ. നൽകിയ കത്ത് ആവശ്യമായ നടപടിക്കായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതും ജില്ലാ കളക്ടർ 30-9-2019-ലെ നമ്പർ G190901483/2019/EC നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണ്.

**പ്രളയാനന്തര പുനരധിവാസം**

271 (1404) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് പ്രളയങ്ങളിൽ നഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര ധനസഹായ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് എത്ര തുക വീതം ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രളയാനന്തര പുനരധിവാസവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരവും ധനസഹായവും ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര എണ്ണം തീർപ്പാക്കി; ഇനിയും എത്ര എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്; ജില്ലതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018, 2019 എന്നീ കാലയളവിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്ത വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | 2018-ലെ പ്രളയത്തിൽ ആശ്വാസ ധനസഹായം വിതരണം ചെയ്തവരുടെഎണ്ണം | 2019-ലെ പ്രളയത്തിൽ ആശ്വാസ ധനസഹായം വിതരണം ചെയ്തവരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 2604 | 153 |
| 2 | കൊല്ലം | 6247 | 435 |
| 3 | പത്തനംതിട്ട | 51808 | 2925 |
| 4 | ആലപ്പുഴ | 165848 | 9451 |
| 5 | കോട്ടയം | 73401 | 7361 |
| 6 | ഇടുക്കി | 4430 | 479 |
| 7 | എറണാകുളം | 179879 | 7130 |
| 8 | പാലക്കാട് | 8609 | 3394 |
| 9 | തൃശ്ശൂർ | 125932 | 18316 |
| 10 | മലപ്പുറം | 39829 | 18024 |
| 11 | കോഴിക്കോട് | 25223 | 19621 |
| 12 | വയനാട് | 8079 | 8798 |
| 13 | കണ്ണൂർ | 292 | 641 |
| 14 | കാസർഗോഡ് | 0 | 1265 |

ഇതുകൂടാതെ 2019-ലെ പ്രളയത്തിൽ ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയവരായ 18228 കുടുംബത്തിനും 10,000 രൂപയുടെ സഹായം നൽകി.

(ബി) 10-10-2019-ന് ശേഖരിച്ച വിവരം പ്രകാരം ഇനി 12,302 കേസ്സുകളിലാണ് നഷ്ടപരിഹാരം നൽകാനുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | തീർപ്പാക്കിയ അപ്പീൽ അപേക്ഷകൾ | തീർപ്പാക്കാൻ ബാക്കിയുള്ളവ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1234 | 1234 | 0 |
| 2 | കൊല്ലം | 4309 | 4302 | 7 |
| 3 | പത്തനംതിട്ട | 23729 | 23718 | 11 |
| 4 | ആലപ്പുഴ | 123857 | 117027 | 6830 |
| 5 | കോട്ടയം | 35172 | 32083 | 3089 |
| 6 | ഇടുക്കി | 3122 | 2179 | 943 |
| 7 | എറണാകുളം | 163164 | 162823 | 341 |
| 8 | തൃശ്ശൂർ | 37608 | 36992 | 616 |
| 9 | പാലക്കാട് | 12243 | 9441 | 281 |
| 10 | മലപ്പുറം | 8031 | 7243 | (788 കേസുകൾ നിരസിച്ചു.) |
| 11 | കോഴിക്കോട് | 5477 | 5463 | 14 |
| 12 | വയനാട് | 8163 | 7994 | 169 |
| 13 | കണ്ണൂർ | 1589 | 1588 | 1 |
| 14 | കാസർഗോഡ് | 0 | 0 | 0 |

**പ്രളയകാലത്ത് നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

272 (1405) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ തീവ്രമഴയിൽ ദുരിതം നേരിട്ടവർക്ക് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയത്; അറിയിക്കാമോ;

(ബി) പ്രസ്തുത തീവ്രമഴയിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തവർക്ക് എന്തൊക്കെ ആശ്വാസനടപടികളാണ് നൽകിയത്; വ്യക്തമാക്കാമോ;

(സി) ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) 2018-ലെ മഹാപ്രളയത്തിൽ അതിഭീമമായ നഷ്ടം സംഭവിച്ച പലർക്കും അർഹമായ നഷ്ടപരിഹാരം ഇനിയും ലഭ്യമായിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതുസംബന്ധിച്ച് എന്തൊക്കെ കോടതി ഇടപെടലുകളാണ് ഉണ്ടായിട്ടുള്ളത്; ഇവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2019 ആഗസ്റ്റ് മാസത്തിലെ മഴക്കെടുതിയിൽ 97,409 കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് മാറ്റിയിരുന്നതായി ലഭിച്ച കണക്ക്. 2019-ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 121991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം 121.991 കോടി രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ അപേക്ഷ പരിശോധിച്ച് ആയതിന്റെ നാശനഷ്ടം തിട്ടപ്പെടുത്തി മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം സമർപ്പിക്കാവാനും അപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ദുരിതമനുഭവിച്ചവരുടെ വീടുകളും കിണറുകളും പൂർണ്ണ സ്ഥിതിയിലാക്കുന്നതിന് സർക്കാർ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു. 2,13,701 വീടുകൾ വൃത്തിയാക്കിയതായി തദ്ദേശ വകുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള മിനിമം റിലീഫ് കോഡ് നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95,100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷം രൂപയിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് നൽകുന്നത്.

മിനിമം റിലീഫ് കോഡ് അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ന് മേലെ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തിവരുന്നു.

(സി) 2019-ൽ മരണപ്പെട്ട 104 വ്യക്തികളുടെ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

(ഡി) ദുരന്ത പ്രതികരണ നിധിയുടെ കേന്ദ്ര മാനദണ്ഡ പ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. അനുവദനീയമായ അളവിലുള്ള ദുരിതാശ്വാസം (Relief Assistance) നൽകുന്നതിന് മാത്രമാണ് വ്യവസ്ഥയുള്ളത്. അത്തരത്തിൽ ദുരിതാശ്വാസം ലഭിക്കുന്നതിന് അർഹതയുള്ളവർ ആരെങ്കിലും ഒഴിവാക്കപ്പെട്ടതായി പരാതിയുള്ള പക്ഷം അവർക്ക് ക്ലെയിമും അപ്പീലും സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. 15% മുതൽ 100% വരെ തകർച്ച നേരിട്ടതായ 428512 കുടുംബങ്ങൾ ക്രെയിമും അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 412853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകി തീർപ്പാക്കി.

(ഇ) നാശനഷ്ടതോത് അംഗീകരിച്ച ചില വീടുകൾക്ക് ധനസഹായം ലഭിച്ചില്ലെന്ന പരാതിയിന്മേൽ സമർപ്പിക്കപ്പെട്ട കോടതി വ്യവഹാരങ്ങളിലാണ് കോടതി 15 ദിവസത്തിനുള്ളിൽ തുക നൽകണമെന്ന് നിർദ്ദേശിച്ചത്. ഈ താമസം നടപടിക്രമത്തിലെ താമസം മാത്രമാണെന്നും 15% മുതൽ 100% വരെ തകർച്ച നേരിട്ട വീടുകളിൽ 428512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നതായും ഇവയിൽ 412853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകി തീർപ്പാക്കിയെന്നും ബഹു. കോടതിയെ അറിയിക്കാവാൻ അഡ്വക്കേറ്റ് ജനറലിന് അറിയിപ്പ് നൽകിയിട്ടുണ്ട്.

**പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം**

273 (1406) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ടു പ്രളയങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിന് ധനസഹായം ലഭിക്കുന്നതിനായി എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്കാണ് ധനസഹായം ലഭ്യമായിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇതിനായി അപേക്ഷ നൽകിയിട്ടും ധനസഹായം ലഭിക്കാതിരുന്നവരുടെ പേരും, മേൽവിലാസവും സഹായം നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) പ്രളയത്തെത്തുടർന്ന് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിന് കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ 404 പേരും 2019-ൽ 526 പേരും അടക്കം ആകെ 930 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) 2018-ലെ എല്ലാ അപേക്ഷകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. 2019-ലെ ധനസഹായം വിതരണം ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു.

**പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ധനസഹായം**

274 (1407) ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിലും കാലവർഷ കെടുതികളിലുമായി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എത്ര വീടുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്;

(ബി) പൂർണ്ണമായും ഭാഗികമായും നാശനഷ്ടമുണ്ടായവയുടെ കണക്ക് പ്രത്യേകമായി വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ നാശനഷ്ടമുണ്ടായതിൽ എത്രപേർക്ക് എത്ര രൂപ വീതം ആകെ എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്;

(ഡി) ഇനി എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാൻ ബാക്കിയുണ്ട്;വിശദമാക്കാമോ;

(ഇ) പ്രസ്തുത നിയോജകമണ്ഡലത്തിൽ വീടുകൾക്ക് നാശനഷ്ടമുണ്ടായ എല്ലാപേർക്കും അടിയന്തരമായി ധനസഹായം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിൽ 208 വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. 2019-ലെ നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടന്നുവരികയാണ്.

(ബി) 2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച 208 വീടുകളുടെ കണക്ക് ചുവടെ ചേർക്കുന്നു: 2019-ലെ നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടന്നുവരുന്നു.

| | | |
|---|---|---|
| 15% നാശനഷ്ടം | - | 73 പേർക്ക് |
| 16-29% നാശനഷ്ടം | - | 44 പേർ |
| 30-59% നാശനഷ്ടം | - | 40 പേർ |
| 60-74% നാശനഷ്ടം | - | 19 പേർ |
| 75% നാശനഷ്ടം | - | 6 പേർ |
| പൂർണ്ണ നാശം | - | 26 പേർ |

(സി) 208 പേർക്കായി 1,66,48,650 രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രളയത്തിൽ വീടിന് നേരിട്ട നാശനഷ്ടത്തിന്റെ തോത് അനുസരിച്ചാണ് മിനിമം റിലീഫ് കോഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 15 ശതമാനമെങ്കിലും നാശനഷ്ടം നേരിട്ടവർക്കാണ് ദുരിതാശ്വാസ സഹായം നൽകിവരുന്നത്.

| 15% (at least 15%) | മലയോര പ്രദേശങ്ങൾ | | സമതല പ്രദേശങ്ങൾ | | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| | SDRF-ൽ നിന്നും അനുവദിക്കുന്നത് | CMDRF ൽ നിന്നും അനുവദിക്കുന്നത് | SDRF-ൽ നിന്നും അനുവദിക്കുന്നത് | CMDRF-ൽ നിന്നും അനുവദിക്കുന്നത് | |
| <15% | 5,200 | 4,800 | 5,200 | 4,800 | 10,000 |
| 16-29 | 30,500 | 29,500 | 28,500 | 31,500 | 60,000 |
| 30-59 | 51,000 | 74,000 | 47,500 | 77,500 | 1,20,000 |
| 60-74 | 76,500 | 1,73,500 | 71,000 | 1,79,000 | 2,50,000 |
| 75-100 | 1,01,900 | 2,98,100 | 95,100 | 3,04,000 | 4,00,000 |

(ഡി) 2018-ൽ 4 പേർക്ക് അപ്പീൽ മുഖാന്തരം പുനഃപരിശോധന നടത്തിയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(ഇ) 2019-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**മഴക്കെടുതിയിലും ഉരുൾപൊട്ടലിലും സംഭവിച്ച നാശനഷ്ടം**

275 (*T1408) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിലുണ്ടായ മഴക്കെടുതിയിലും ഉരുൾപൊട്ടലിലുമായി എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചുവെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രളയംമൂലം എത്ര പേർ മരണപ്പെട്ടുവെന്നും എത്ര പേരെ കാണാതായെന്നും എത്ര വീടുകൾ പൂർണ്ണമായി ഒലിച്ചുപോയെന്നും എത്ര വീടുകൾക്ക് ഭാഗിക നാശനഷ്ടം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ദുരിതാശ്വാസ സഹായത്തിനായി ലഭിച്ചു; ഇതിൽ കേന്ദ്രസഹായം എത്രയെന്നും വിദേശസഹായം എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകിയെന്നും ആയതിന് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-ൽ കേരളത്തിലുണ്ടായ മഴക്കെടുതിയിലും ഉരുൾപൊട്ടലിലുമായി 2,101.881 കോടി രൂപയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) 2019 ആഗസ്റ്റ് മാസത്തിലെ മഴക്കെടുതിയിൽ 97409 കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയിട്ടുള്ളത്.

(സി) 2019-ലെ പ്രളയംമൂലം 125 പേർക്ക് ജീവഹാനി സംഭവിക്കുകയും 17 പേരെ കാണാതാവുകയും 1967 വീടുകൾ പൂർണ്ണമായും 19297 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 1-8-2019 മുതൽ 26-10-2019 വരെ 314.39 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പരിഹരിക്കുന്നതിന് കേന്ദ്രം അടിയന്തര സഹായം അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5,227.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) 2019-ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രുവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 121991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം 121.991 കോടി രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്.

## ഫ്ലഡ് ലെവൽ മാർക്കിംഗ്

276 (1409) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയങ്ങളുടെ പശ്ചാത്തലത്തിൽ വിവിധ നദികളിൽ ഫ്ലഡ് ലെവൽ മാർക്കിംഗ് നടത്തുന്നതിനായി റവന്യൂ വകുപ്പിൽനിന്ന് തുക അനുവദിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതൊക്കെ നദികളിലാണ് ഇതിനോടകം ഫ്ലഡ് ലെവൽ മാർക്കിംഗ് സ്ഥാപിച്ചിട്ടുള്ളത്; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; ഇതിനായി വരുന്ന ചെലവെത്ര;

(സി) സംസ്ഥാനത്തെ മുഴുവൻ നദികളിലും അനുയോജ്യമായ സ്ഥലങ്ങളിൽ ഫ്ലഡ് ലെവൽ മാർക്കിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയം ബാധിച്ച അച്ചൻകോവിൽ, പമ്പ, മണിമല, പെരിയാർ, മീനച്ചിൽ, ചാലക്കുടി, ഭാരതപ്പുഴ എന്നീ പ്രധാന നദികളിൽ ഫ്ലഡ് ലെവൽ മാർക്കിംഗ് സർവ്വേ നടത്തുന്നതിന് ഇതുവരെ 14 ലക്ഷം രൂപ 11-2-2019-ലെ സ.ഉ.(സാധാ) നമ്പർ481/2018/റവന്യൂ പ്രകാരം, റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) അച്ചൻകോവിൽ, പമ്പ, മണിമല, പെരിയാർ, മീനച്ചിൽ, ചാലക്കുടി, ഭാരതപ്പുഴ എന്നീ 7 നദികളിലാണ് ഫ്ലഡ് ലെവൽ മാർക്കേഴ്സ് സ്ഥാപിച്ചുവരുന്നത്. ഇത് നിലവിൽ വിവിധ ഘട്ടങ്ങളിലാണ്. ഫ്ലഡ് ലെവൽ മാർക്കറുകൾ സ്ഥാപിക്കുന്ന ജോലി നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിട്ടുണ്ട്. ഐ.എൽ.ഡി.എം.-ലെ റിവർ മാനേജ്മെന്റ് സെന്ററിനെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എങ്കിലും സർവ്വേ ഓഫ് ഇന്ത്യ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്തമായാണ് ഈ സർവ്വേ നടപ്പിലാക്കിവരുന്നത്.

(സി) നിലവിൽ നടത്തിവരുന്ന 7 നദികളുടെ ഫ്ലഡ് ലെവൽ മാർക്കിംഗ് സർവ്വേ പൂർത്തിയായശേഷം സംസ്ഥാന ഉന്നതതല സമിതിയുടെ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് പ്രളയം ബാധിച്ച മറ്റ് നദികളിലേയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്.

**പുഴങ്കാവിലും ഒറവുംപുറത്തും തടയണകൾ**

277 (1410) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴങ്കാവ്, ഒറവുംപുറം പ്രദേശങ്ങളിൽ തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തടയണ നിർമ്മാണത്തിനായി ജനപ്രതിനിധികളോ വ്യക്തികളോ സംഘടനകളോ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത തടയണ നിർമ്മാണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ സബ്കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ ഒന്നും തന്നെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ സംസ്ഥാനതല ഉന്നതാധികാര സമിതിക്ക് മുന്നിലില്ല.

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് സംസ്ഥാന ഉന്നതതല സമിതിക്ക് മുന്നിൽ ജില്ലാതല സമിതികളുടെ പരിശോധനയ്ക്കുശേഷം ശിപാർശയുമായിട്ടാണ് പ്രൊപ്പോസലുകൾ വരേണ്ടത്.

(സി) റിവർ മാനേജ്മെന്റ് ഫണ്ട്, തടയണ നിർമ്മാണത്തിനായി ലഭ്യമാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) ഇല്ല.

**കടലുണ്ടിപ്പുഴയുടെ തീരത്ത് പാർശ്വഭിത്തി നിർമ്മാണം**

278 (1411) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽ കടലുണ്ടിപ്പുഴയുടെ തീരത്ത് നൂറാടി മുതൽ കോരം കുണ്ട് (കാളന്തട്ട കുടിവെള്ള പദ്ധതിയുടെ ഉറവിടം) വരെ 400

മീറ്ററിലധികം ദൂരം കരഭാഗം കഴിഞ്ഞ പ്രളയത്തിൽ തകർന്ന സാഹചര്യത്തിൽ ആർ.എം.എഫ്. ഫണ്ട് ഉപയോഗിച്ച് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കണ മെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽ കടലുണ്ടിപ്പുഴയുടെ തീരത്ത് നൂറാടി മുതൽ കാളന്തട്ട കുടിവെള്ള പദ്ധതി വരെയുള്ള പ്രദേശം സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള അപേക്ഷ 6-8-2019 തീയതിയിൽ നടന്ന ആർ.എം.എഫ്.-ന്റെ ജില്ലാ വിദഗ്ദ്ധ സമിതിയിൽ അജണ്ടയായി ഉൾപ്പെടുത്തുകയും സബ്കമ്മിറ്റിയുടെ പരിഗണനയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

**സ്ഥലം കൈമാറ്റം ചെയ്യാൻ സാധിക്കാത്തത് സംബന്ധിച്ച്**

279 (1412) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ചില സ്ഥലങ്ങളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ സ്ഥലം കൈമാറ്റം ചെയ്യുവാനോ വിൽക്കുവാനോ സാധിക്കാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം വിളിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

കോട്ടയം ജില്ലയിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലെ ഏതാനും വില്ലേജുകളിലെ റീ സർവ്വേ റിക്കാർഡുകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയ ഭൂമി കേരള ഭൂപരിഷ്കരണ നിയമം, 1963, സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ചിട്ടുള്ള തോട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്ക് ലാന്റ് ബോർഡിലെ തീർപ്പാക്കിയിട്ടുള്ള മിച്ചഭൂമി കേസ് ഫയലുകൾ പരിശോധിച്ച് ഇളവ് അനുവദിച്ച തോട്ട ഭൂമിയുടെ ഒരു ഡേറ്റാ ബാങ്ക് താലൂക്ക് ലാന്റ് ബോർഡ് തയ്യാറാക്കിയിട്ടുള്ളതാണ്. ആയത് മീനച്ചിൽ, കാഞ്ഞിരപ്പള്ളി

തഹസീൽദാർമാർക്ക് നടപടിക്കായി കൈമാറിയിട്ടുള്ളതും ഇനംമാറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

ടി വിഷയത്തിൽ സെറ്റിൽമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ റിക്കാർഡുകളിൽ തോട്ടം ഇനത്തിൽപ്പെട്ടുവരുന്ന ഭൂമി റീസർവ്വേ പിശകാണെങ്കിൽ ആയത് പരിഹരിച്ച് നൽകുന്നതിന് തഹസിൽദാർ (ഭൂരേഖ)യ്ക്ക് പൂർണ്ണ അധികാരമുള്ളതും ആയത് പരിശോധിച്ച് പരിഹരിച്ച് നൽകുന്നതിന് 26-8-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 303/2017 പ്രകാരം ജില്ലയിലെ ഭൂരേഖ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി വിഷയത്തിൽ മീനച്ചിൽ താലൂക്കിൽ റീസർവ്വേ പിശകായി കണ്ടെത്തിയ ഇത്തരത്തിലുള്ള 1800 അപേക്ഷകളും കാഞ്ഞിരപ്പള്ളി താലൂക്കിലെ 104 അപേക്ഷകളും തീർപ്പാക്കിയിട്ടുള്ളതാണ്. ബാക്കിയുള്ള അപേക്ഷകളിൽ പരിശോധന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.

(ബി) യോഗം കൂടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം**

280 (1413) ശ്രീ. പി. കെ. ശശി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നെൽവയലുകളും തണ്ണീർത്തടങ്ങളും സംബന്ധിച്ച ഡാറ്റാബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുന്നതിനും ഇതുസംബന്ധിച്ച പരാതികൾ യഥാസമയം തീർപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രാദേശിക നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുള്ളതും ഈ

ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നത് നിരീക്ഷിച്ചുവരുന്നതും ഡാറ്റാബാങ്ക് തയ്യാറാക്കിവരുന്നതുമാണ്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായുള്ള ജില്ലാതല അധികൃത സമിതിയും രൂപീകരിച്ചിട്ടുള്ളതാണ്. നിലം നികത്തി വീട് വയ്ക്കുന്നതിനായി നെൽവയൽ ഉടമസ്ഥർ അപേക്ഷ നൽകുന്ന സാഹചര്യത്തിൽ പ്രാദേശിക സമിതി, ജില്ലാതല സമിതി എന്നിവർ നിരസിച്ച് തീരുമാനമെടുക്കുന്ന പക്ഷം അപ്പീൽ ലഭ്യമാകുന്ന സാഹചര്യത്തിൽ പ്രസ്തുത അപേക്ഷയിന്മേൽ അപേക്ഷയ്ക്കാസ്പദമായ സ്ഥലം പരിശോധന നടത്തി പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ ആയ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അപേക്ഷയിന്മേൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി നിയമം വകുപ്പ് 13 പ്രകാരം ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ നെൽവയലോ തണ്ണീർത്തടമോ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും വാഹനമോ യന്ത്രോപകരണങ്ങളോ പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള അനധികൃത പ്രവർത്തനം കണ്ടെത്തുന്നതിനും തടയുന്നതിനുമായി ജില്ലാ/താലൂക്ക് തല സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ആകെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 811 എണ്ണത്തിന്റെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ 49 എണ്ണത്തിന്റെ ഡാറ്റാ ബാങ്ക് പുതിയതായി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. അതിൽ 11 പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്.

(സി) 30-5-2017-ലെ സ.ഉ.(പി) നമ്പർ 34/2017/റവന്യൂ (എസ്.ആർ.ഒ. 301/2017 നമ്പർ വിജ്ഞാപനം) പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തപ്പെട്ട ഭൂമിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപമുള്ള പക്ഷം പുനഃപരിശോധന അപേക്ഷ സമർപ്പിക്കുന്നതിനും 2008-ലെ നിയമപ്രകാരം നിർവ്വചനം ചെയ്തിട്ടുള്ള നെൽവയൽ, തണ്ണീർത്തടം എന്നിവ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പുനഃപരിശോധന അപേക്ഷകൾ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. കൂടാതെ അപേക്ഷ സമർപ്പിക്കാൻ വൈകുകയും മതിയായ

കാരണങ്ങൾ ബോധിപ്പിക്കുകയും ചെയ്യുവരുടെ കാലതാമസം മാപ്പാക്കി പ്രസ്തുത അപേക്ഷകളും പ്രാദേശികതല നിരീക്ഷണ സമിതികൾ സ്വീകരിച്ചിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 12-8-2008-ന് മുമ്പും ശേഷവുമുള്ള ഉപഗ്രഹ ചിത്രങ്ങളുടെയും നേരിട്ടുള്ള സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് തീരുമാനമെടുത്ത് ഡാറ്റാ ബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പ്രാദേശികതല നിരീക്ഷണ സമിതികൾ പൂർത്തിയാക്കിവരുന്നു.

നിലവിൽ ഡാറ്റാ ബാങ്ക് തെറ്റ് തിരുത്തലുകൾ സംബന്ധിച്ച അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സ്വീകരിച്ച് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. തീർപ്പാക്കാൻ കഴിയുന്ന അപേക്ഷകൾ പ്രാദേശിക നിരീക്ഷണ സമിതിയിൽവച്ച് തീർപ്പാക്കുകയും ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചവ ഗസറ്റിൽ തിരുത്തൽ വിജ്ഞാപനം നൽകുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു. അപേക്ഷകളിന്മേൽ സംശയമുള്ള കേസുകളിൽ KSREC-യിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കിയും സ്ഥലപരിശോധന നടത്തിയും അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡേറ്റാ ബാങ്കിൽ തെറ്റ് തിരുത്തുന്നതിനായി ആകെ ലഭിച്ച 2,28,781 അപേക്ഷകളിൽ 1,66,771 എണ്ണത്തിന്റെ ഫീൽഡ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതിനായി KSREC-ക്ക് കൈമാറിയ 20,585 അപേക്ഷകളിൽ 6716 എണ്ണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രാദേശികതല നിരീക്ഷണ സമിതികൾ 1,00,639 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

**കുന്നത്ത്നാട്ടിലെ തരം മാറിയ പതിനഞ്ച് ഏക്കർ ഭൂമി**

281 (1414) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുന്നത്ത്നാട്ടിലെ തരം മാറിയ 15 ഏക്കർ ഭൂമി 2005 ന് മുമ്പ് നെൽവയലായിരുന്നുവെന്ന് സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത 15 ഏക്കർ നികത്തുവാൻ അനുമതി തേടി ഭൂമി വാങ്ങിയ കമ്പനി എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷ ജില്ലാ കളക്ടർ നിരസിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിനെതിരെ കമ്പനി ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി നികത്തുവാൻ അനുമതി നൽകുകയുണ്ടായോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നെൽവയൽ തണ്ണീർത്തടം നികത്തുന്നതിന് അനുമതി നൽകിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കുന്ന ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെടേണ്ട ഭൂമിയാണെന്നും 16-11-2015, 30-12-2015, 26-2-2016 എന്നീ തീയതികളിലാണ് പുതിയതായി മണ്ണിട്ടിരിക്കുന്നതെന്നും സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഈ സ്ഥലം പരിവർത്തനപ്പെടുത്താൻ ലഭിച്ച അപേക്ഷ ജില്ലാ കളക്ടർ നിരസിച്ചിരുന്നു. ടി സ്ഥലം വലിയ ഭൂപ്രദേശമാണെന്നും പരിവർത്തനം ലഭിക്കാൻ അർഹതയില്ലാത്തതാണെന്നുമാണ് നിരസിച്ചതിന് കാരണമായി പറഞ്ഞിരുന്നത്.

(സി) പ്രസ്തുത ഉത്തരവിനെതിരെ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ അപ്പീൽ അനുവദിച്ചുകൊണ്ടും പരിവർത്തനാനുമതി നൽകിക്കൊണ്ടും കമ്മീഷണർ 23-2-2006-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഭൂമി നികത്താൻ സർക്കാർ അനുമതി നൽകിയിട്ടില്ല.

(ഡി) പ്രസ്തുത ഭൂമി നിലവിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടുവരുന്നതാണ്.

**വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ**

282 (1415) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിനുശേഷം നാളിതുവരെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്നും ഏറ്റെടുത്ത ഭൂമി എത്രയെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും ഭൂമി ഏറ്റെടുത്ത വകയിൽ എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സർക്കാർ പദ്ധതികൾക്കല്ലാതെ മറ്റേതെങ്കിലും പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) 2016 മേയ് മാസത്തിനുശേഷം നാളിതുവരെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ജില്ലകളിൽനിന്നും ഏറ്റെടുത്ത ഭൂമി, കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം, നഷ്ടപരിഹാരമായി നൽകിയ തുക എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മറ്റ് പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്തിട്ടില്ല.

**ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള നഷ്ടപരിഹാരം**

283 (1416) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെങ്ങളം മുതൽ അഴിയൂർ വരെയുള്ള ദേശീയപാതാ വികസനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ഇതുവരെ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര രൂപ ആകെ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാതാ വികസനത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ് - നന്തി ബൈപ്പാസ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വെങ്ങളം മുതൽ അഴിയൂർ വരെയുള്ള ദേശീയപാതാ വികസനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ഇതുവരെ 404 എൽ.എ. കേസുകളിലായി 94,17,98,841 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) വടകര താലൂക്കിലെ അഴിയൂർ വില്ലേജ് മുതൽ കോഴിക്കോട് താലൂക്കിലെ രാമനാട്ടുകര വില്ലേജ് വരെ 185.950 കി.മീ. മുതൽ 260.200 കി.മീ. വരെ വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിൽനിന്നുമായി 74.22 കി.മീ. നീളത്തിൽ 124.5697 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനുണ്ട്. ഏറ്റെടുക്കേണ്ട

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥലങ്ങളുടെ മുഴുവൻ 3 എ-യും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വടകര താലൂക്കിൽ അഴിയൂർ ബൈപ്പാസിന് ആകെ കൈമാറേണ്ട 9.9947 ഹെക്ടർ ഭൂമിയിൽ 9.9257 ഹെക്ടർ ഭൂമിയും ദേശീയപാതാ വികസന അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ബാക്കി ഭൂമി ഉടൻ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെയായി ദേശീയപാതാ വികസന അതോറിറ്റിയിൽനിന്നും 73,20,97,368 രൂപ ലഭിച്ചതിൽ 16,07,09,055 രൂപ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി താലൂക്കിൽ ദേശീയപാത 66 വികസനത്തിനാവശ്യമായ സ്ഥലം, റോഡ് വികസന ഭാഗവും ബൈപ്പാസുമുൾപ്പെടെ 93.7373 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനുണ്ട്. കൊയിലാണ്ടി (ചെങ്ങോട്ടുകാവ്) ബൈപ്പാസിനായി നന്തി മുതൽ ചെങ്ങോട്ടുകാവുവരെ 11 കി.മീ. ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ആയതിന്റെ 3 എ, 3 ഡി എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിലുൾപ്പെട്ടുവരുന്ന വ്യക്തിഗത ഭൂമിയുടെ വിസ്തീർണ്ണമളന്നെടുക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

കൊയിലാണ്ടി താലൂക്ക് കൊയിലാണ്ടി എൻ.എച്ച്. ഡിവിഷനിൽ ഉൾപ്പെട്ടുവരുന്ന ഇരിങ്ങൽ വില്ലേജിലെ 2.0991 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 109,62,60,398 രൂപ ദേശീയപാത വികസന അതോറിറ്റിയിൽനിന്നും അനുവദിച്ചുകിട്ടിയതിൽ 29,64,24,774 രൂപയുടെ നഷ്ടപരിഹാരം നാളിതുവരെയായി വിതരണം ചെയ്തിട്ടുണ്ട്.

കോഴിക്കോട് ബൈപ്പാസിന്റെ അക്വിസിഷൻ ജോലികൾപൂർത്തിയാക്കുന്നതിനായി ചേമഞ്ചേരി വില്ലേജിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിനായി 13,35,40,392 രൂപ അനുവദിച്ചതിൽ 7,39,85,754 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

ദേശീയപാത സ്ഥലമേറ്റെടുപ്പ് നടപടികൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഓരോ മാസവും യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നതുമാണ്.

(സി) ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ് ബൈപ്പാസിന്റെ (11 കി.മീ.) എൽ.എ. പ്രവൃത്തി വളരെ നല്ല രീതിയിൽ മുന്നോട്ടുപോവുകയാണ്. ഇതിന്റെ 3 എ പ്രസിദ്ധീകരിക്കുകയും സർവ്വേ നടപടികൾ പൂർത്തിയാക്കിയതിനുശേഷം 3 ഡി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രഥമ സർവ്വേയിൽ റോഡ് വികസനത്തിനാവശ്യമായതും എന്നാൽ 3 എ-യിൽ വിട്ടുപോയതുമായ സർവ്വേ നമ്പറുകളും എന്നാൽ ആദ്യത്തെ 3 എ-യിൽ മതിയായ വിസ്തീർണ്ണം ചേർക്കപ്പെടാതെയുമിരുന്ന സർവ്വേ നമ്പരുകൾക്കൂടി ഉൾപ്പെടുന്ന വീണ്ടുമൊരു 3 എ

പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ 3 ഡി പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിലുൾപ്പെട്ടുവരുന്ന വ്യക്തിഗത ഭൂമിയുടെ വിസ്തീർണ്ണം അളക്കുന്ന പ്രവൃത്തിയും കുഴിക്കൂർ ചമയങ്ങളുടെ എണ്ണമെടുക്കുന്ന പ്രവൃത്തിയും ദ്രുതഗതിയിൽ നടന്നുവരികയാണ്.

**കോതമംഗലം വില്ലേജിലെ സ്ഥലംകയ്യേറ്റം**

284 (1417) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചെയർമാൻ ശ്രീ. ഷിബു തെക്കുംപുറം കോതമംഗലം വില്ലേജിൽ സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട പരാതി റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ അന്വേഷണമോ നിയമാനുസൃത നടപടിയോ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച അന്വേഷണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അന്വേഷണത്തിൽ സ്ഥലം കയ്യേറ്റം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ഇ) സ്ഥലം കയ്യേറ്റവുമായി ബന്ധപ്പെട്ട പരാതിയിന്മേൽ നടത്തിയിട്ടുള്ള അന്വേഷണത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള തുടർ നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി-ഇ) ശ്രീ. സജി ജോർജ്, കൊച്ചുപറമ്പിൽ നൽകിയ പരാതി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതിന് കോതമംഗലം ഭൂരേഖ തഹസിൽദാർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്. കോതമംഗലം ഭൂരേഖ തഹസിൽദാറുടെ റിപ്പോർട്ട് പ്രകാരം പരാതിയിലെ രണ്ടാം എതിർകക്ഷിയായ ശ്രീമതി ബിജി ഷിബു ബഹു. മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ ഒ.എസ്.429/19 നമ്പർ ഹർജി ഫയൽ ചെയ്യുകയും ആയതിൽ സ്റ്റാറ്റസ്കോ നിലനിർത്താൻ ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ ടി കക്ഷി ബഹു. ഹൈക്കോടതിയിൽ WP(C) 23604/19 നമ്പർ ഹർജി ഫയൽ ചെയ്തതായും ആയത് കോടതി നടപടിയിലിരിക്കുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ പരാതി വസ്തുവിലെ കയ്യേറ്റത്തിനെതിരെ ശ്രീ. അനിൽകുമാർ

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 20-8-2019-ലെ WP(C) 22667/19 വിധിയുത്തരവിൽ കയ്യേറ്റം സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി പരിശോധിക്കാനും കയ്യേറ്റം കണ്ടെത്തിയാൽ രണ്ട് മാസത്തിനകം ഒഴിപ്പിക്കാൻ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 5-10-2019-ന് കോതമംഗലം ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം**

285 (1418) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ ഹാരിസൺ മലയാളം പ്ലാന്റേഷനിലുൾപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ ആർക്കാണ്; ഇതു സംബന്ധിച്ച് ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ശബരിമല വിമാനത്താവളത്തിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല, എരുമേലി വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് 2005-ൽ ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനം, M/s ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയിൽനിന്നും വിലയ്ക്ക് വാങ്ങിയ തോട്ടം ഭൂമിയാകുന്നു. പ്രസ്തുത ഭൂമിയുൾപ്പെടെ ഹാരിസൺ മലയാളം കമ്പനി ഉടമസ്ഥാവകാശം സ്ഥാപിക്കാതെ വിൽപ്പന നടത്തിയതും അനധികൃതമായി കൈവശം വച്ചിരിക്കുന്നതുമായ 76000-ത്തിലധികം ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ 11-4-2018-ലെ WP(C) 33122/2014 &Ors നമ്പർ കേസുകളിലെ വിധിയുടെ പശ്ചാത്തലത്തിൽ, സിവിൽ കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ൽ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിനായി കണ്ടെത്തിയിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ചും പ്രസ്തുത ഉത്തരവിൻ പ്രകാരം കേസ്സുകൾ ഫയൽ ചെയ്യുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## ഹരിപ്പാട് മെഡിക്കൽ കോളേജിനുവേണ്ടി ഏറ്റെടുത്ത സ്ഥലം

286 (1419) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിന് വേണ്ടി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തതെന്ന് അറിയിക്കാമോ;

(ബി) ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരമായി ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) ഏറ്റെടുത്ത സ്ഥലം കയ്യേറ്റക്കാരിൽനിന്നും സംരക്ഷിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ചുറ്റുമതിൽ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) നഷ്ടപരിഹാരം ലഭിച്ചിട്ടും എത്ര കുടുംബങ്ങൾ ഈ സ്ഥലത്ത് അനധികൃതമായി താമസിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിനുവേണ്ടി 05.5574 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിരുന്നത്.

(ബി) നഷ്ടപരിഹാരത്തുകയായി ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാര ത്തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉഭയകക്ഷി സമ്മതപ്രകാരം ഏറ്റെടുത്ത വസ്തുക്കൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പേർക്കാണ് ആധാരം ചെയ്തിട്ടുള്ളത്. ഏറ്റെടുത്ത സ്ഥലം കയ്യേറ്റക്കാരിൽനിന്നും സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ചുറ്റുമതിൽ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ഇ) വസ്തുവിന് നഷ്ടപരിഹാരത്തുക ലഭിച്ച 6 കുടുംബങ്ങൾ ഇപ്പോഴും വസ്തു മെഡിക്കൽ കോളേജിന് നൽകാതെ കൈവശം വച്ച് താമസിച്ചുവരുന്നതാണ്.

## ചെറുവള്ളി എസ്റ്റേറ്റ്

287 (1420) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് ഏത് തീയതിയിലെ, ഏത് ഉത്തരവ് പ്രകാരമാണ്; അറിയിക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റേറ്റ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ചർച്ചുമായി ഏതെങ്കിലും തരത്തിലുള്ള തർക്കമോ വ്യവഹാരമോ നിലനില്ക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ബിലീവേഴ്സ് ചർച്ചിന് എത്ര വർഷത്തേയ്ക്കാണ് ഈ എസ്റ്റേറ്റ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും ഒരു വർഷത്തെ പാട്ടത്തുക എത്രയെന്നും ഇതുവരെ പാട്ടത്തുക ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ശബരിമല തീർത്ഥാടകർക്കായി ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടുന്ന സ്ഥലത്ത് വിമാനത്താവളം നിർമ്മിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) സർക്കാർ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുവാൻ ആലോചിക്കുന്നതായ മാധ്യമ റിപ്പോർട്ടുകളിൽ വാസ്തവമുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്താണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിർദ്ദിഷ്ട ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല, എരുമേലി വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ഭൂമി 2005-ൽ M/s ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിന് വില്പനനടത്തിയ തോട്ടം ഭൂമിയാകുന്നു. സ്വാതന്ത്ര്യത്തിനുമുമ്പ് തിരുവിതാംകൂർ ഭരണാധികാരികളും സ്വകാര്യ വ്യക്തികളും പാട്ടമായും ഗ്രാന്റായും റബ്ബർ കൃഷിക്കായി ബ്രിട്ടീഷ് പൗരന്മാർക്കും കമ്പനികൾക്കും നൽകിയ ഭൂമി പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൈമാറ്റം ചെയ്തതും ഉടമസ്ഥത സ്ഥാപിക്കാതെ ഭൂമി വിൽപ്പന നടത്തിയതും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർ ചെറുവള്ളി എസ്റ്റേറ്റ് അടക്കം ഹാരിസൺ കമ്പനിയുടെ കൈവശമുള്ളതും വിൽപ്പന നടത്തിയിട്ടുള്ളതുമായ 38171 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. 11-4-2018-ലെ WP(C) 33122/2014 & Ors കേസ്സുകളിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായപ്രകാരം സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയോഗിച്ച ഉദ്യോഗസ്ഥന് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കാൻ ജൂറിസ്ഡിക്ഷൻ ഇല്ലെന്ന കാരണത്താലാണ് സ്പെഷ്യൽ

ഓഫീസറുടെ ഉത്തരവുകൾ ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളത്. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്നും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു. ഹാരിസൺ മലയാളവും അവരുടെ മുൻഗാമികളും അവരിൽ നിന്ന് ഭൂമി നേടിയവരും കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്ന് സ്ഥാപിക്കുന്നതിനായി ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചതിൻ പ്രകാരം കേസ് ഫയൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 6-6-2019-ൽ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ചെറുവള്ളി എസ്റ്റേറ്റ് നിലവിൽ കൈവശം വച്ചിരിക്കുന്നത് ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനമാണ്. ഉടമസ്ഥത സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടി ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(സി) ബിലീവേഴ്സ് ചർച്ചിന് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല. ബിലീവേഴ്സ് ചർച്ച് 2005-ൽ M/s ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയിൽ നിന്നും വാങ്ങിയ 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന ഭൂമി ഹാരിസൺ മലയാളത്തിന്റെ മുൻഗാമികളെന്ന് അവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് (യു.കെ.) എന്ന ബ്രിട്ടീഷ് കമ്പനിക്ക് തിരുവിതാംകൂർ ഭരണാധികാരികളും തദ്ദേശീയരും ഗ്രാന്റായും പാട്ടമായും നൽകിയ ഭൂമിയിൽ ഉൾപ്പെട്ടതും പാട്ടവ്യവസ്ഥകൾ ലംഘിച്ച് ഹാരിസൺ മലയാളം കമ്പനി വിൽപ്പന നടത്തിയിട്ടുള്ളതുമാകുന്നു.

(ഡി & ഇ) ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ശബരിമല ഗ്രീൻ ഫീൽഡ് എയർപോർട്ട് നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റ് നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. തർക്ക ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സർക്കാരിനോട് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള പശ്ചാത്തലത്തിൽ ഉടമസ്ഥത സംബന്ധിച്ച് സിവിൽ കോടതിയിൽ സർക്കാർ ഫയൽ ചെയ്യുന്ന കേസുകളിലെ അന്തിമ വിധിന്യായ പ്രകാരമേ ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ടി സാഹചര്യത്തിലാണ് ശബരിമല തീർത്ഥാടകർക്കും മറ്റുള്ളവർക്കും പ്രയോജനം ചെയ്യുന്ന ഗ്രീൻഫീൽഡ് എയർപോർട്ടിന് അനുയോജ്യമെന്ന് കണ്ടെത്തിയ ഭൂമി നഷ്ടപരിഹാരം കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നത്.

## പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ

288 (1421) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കയ്യിൽനിന്നും ബിലീവേഴ്സ് ചർച്ച് വാങ്ങിയ ചെറുവള്ളി എസ്റ്റേറ്റ്, സ്പെഷ്യൽ ഓഫീസർ രാജമാണിക്യത്തിന്റെ റിപ്പോർട്ട് പ്രകാരം സർക്കാർ ഭൂമിയാണോ;

(ബി) പ്രസ്തുത എസ്റ്റേറ്റ് നഷ്ടപരിഹാരം നൽകി ശബരിമല വിമാനത്താവളത്തിനായി ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) വിമാനത്താവളത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചു കിട്ടുന്നതിനായി സിവിൽ കോടതിയിൽ കേസ് കൊടുക്കണമെന്നുള്ള കേരള ഹൈക്കോടതിയുടെ 2011 ഏപ്രിൽ 11 -ാം തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ;

(ഡി) ഹാരിസൺ അധികൃതർ അനധികൃതമായി കൈവശം വച്ചിരുന്ന എട്ടു ജില്ലകളിലെ ഭൂമിയിൽ സർക്കാർ ഉടമസ്ഥാവകാശം സ്ഥാപിച്ച് കിട്ടുന്നതിനായി നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) ഇതുപ്രകാരം കോട്ടയം ജില്ലാ കളക്ടർ ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള ഭൂമിയിൽ സർക്കാർ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുവാൻ സർക്കാർ പ്ലീഡർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) വില കെട്ടിവച്ച് ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുവാനുള്ള തീരുമാനം, പാട്ടക്കാലാവധി കഴിഞ്ഞതും ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുള്ളതുമായ മുപ്പത്തിയഞ്ചോളം എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികളെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയില്ലേ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആണ്.

(ബി) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം

നിലനിൽക്കുന്നതിനാൽ നഷ്ടപരിഹാരം കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(സി & ഡി) 11-4-2018-ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ WP(C) 33122/2014&Ors കേസ്സുകളിലെ വിധിന്യായത്തെ തുടർന്ന് ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയുടെയും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിനുവേണ്ടി കേസ്സുകൾ ഫയൽ ചെയ്യുന്നതിനും അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 6-6-2019-ൽ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൻപ്രകാരം സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 6-6-2019-ലെ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്ന ചെറുവള്ളി ഉൾപ്പെടെയുള്ള ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ ഗവ. പ്ലീഡർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് ആക്ടിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം നിലനിൽക്കുന്ന ചെറുവള്ളി എസ്റ്റേറ്റ് ശബരിമല വിമാനത്താവള നിർമ്മാണത്തിനായി നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കമുള്ള കേസ്സുകളെ ദോഷകരമായി ബാധിക്കാനിടയില്ല.

**കരുനാഗപ്പള്ളിയിലെ നിർമ്മാണങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി**

289 (1422) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവ്-ചക്കുവള്ളി റോഡിൽ ചിറ്റുമൂല ഓവർബ്രിഡ്ജിന്റെയും കാട്ടിൽകടവ് പാലത്തിന്റെയും

നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്ഥലം സർവ്വേ ചെയ്യുന്നതിനാവശ്യമായ ഇൻസിഡന്റൽ ചാർജ്ജ് കിഫ്ബിയിൽ നിന്നും റവന്യൂ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പുതിയകാവ്-ചക്കുവള്ളി (ചിറ്റമൂല) റെയിൽവെ മേൽപ്പാലത്തിനായി കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ തഴവ, തൊടിയൂർ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 180.20 ആർസ് (1.820 ഹെക്ടർ) സ്ഥലം 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 13-5-2019-ലെ സ.ഉ.(സാധാ) നമ്പർ 1114/2019/റവ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റിനെ നിയോഗിക്കുന്നതിലേയ്ക്ക് അംഗീകൃത യൂണിറ്റുകളിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതുമാണ്.

കാട്ടിൽകടവ് പാലം

കരുനാഗപ്പള്ളി കാട്ടിൽകടവ് മേൽപ്പാലം നിർമ്മാണത്തിന് പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റിക്വിസിഷൻ അതോറിറ്റിയും എൽ.എ.ഒ.-യും സംയുക്ത സ്ഥലപരിശോധന നടത്തിയതിൽ അലൈൻമെന്റ് വ്യത്യാസം വരുത്തേണ്ടതുണ്ടെന്ന് കാണുന്നു. ആയതിന്റെ നടപടികൾ നടന്നുവരുന്നു.

(ബി) ചക്കുവള്ളി-ചുറ്റുമല ഓവർ ബ്രിഡ്ജിന് റിക്വിസിഷൻ അതോറിറ്റിയായ ആർ.ബി.ഡി.സി.കെ 3,00,000 രൂപ ഇൻസിഡന്റൽ ചാർജ്ജായി കെട്ടിവച്ചിട്ടുണ്ട്.

കാട്ടിൽക്കടവ് പാലത്തിന്റെ ഇൻസിഡന്റൽ ചാർജ് നാളിതുവരെ പി.ഡബ്ല്യു.ഡി. (ബ്രിഡ്ജസ്) ഡിവിഷൻ കെട്ടിവച്ചിട്ടില്ലാത്തതാണ്.

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തുന്നതാണ്.

## പുഴക്കാട്ടിരിയിൽ ഐ.ടി.ഐ.-യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുപ്പ് നടപടി ത്വരിതപ്പെടുത്തുന്നത്

290 (1423) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പുഴക്കാട്ടിരിയിൽ ഐ.ടി.ഐ. യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നതും ഇനി സ്വീകരിക്കാനുള്ളതുമായ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) ഭൂമി കൈമാറ്റം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഭൂമി കൈമാറ്റം പൂർത്തിയാകുന്ന മുറയ്ക്ക് പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിൽ കർക്കിടകം ദേശം സർവ്വേ നമ്പർ 48/1-ൽപ്പെട്ട 1.07 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്ന വിഷയം 34/L1/19/റവ നമ്പർ ഫയലിൽ പരിശോധനയിലാണ്. ആയതിലെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും ഫയൽ അന്തിമ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ഡി) പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ള മങ്കട വില്ലേജിൽ സർവ്വേ 48/1, 48/12 എന്നിവയിൽപ്പെട്ട 80 സെന്റ് ഭൂമി, പുഴക്കാട്ടിരി ഐ.ടി.ഐ.യ്ക്കുവേണ്ടി കൈമാറുന്നതിന് കണ്ടെത്തിയ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഭൂമിയ്ക്കുവേണ്ടി പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ അർത്ഥനാപത്രം ലഭ്യമാകുന്ന മുറയ്ക്ക് മേൽ പരാമർശ ഭൂമിയിൽ നിന്നും ഐ.ടി.ഐ.-യ്ക്ക് കൈമാറിക്കഴിഞ്ഞശേഷം ആവശ്യമായ ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ച് ലഭ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**എക്സൈസ് വകുപ്പിന് അനുവദിച്ച സ്ഥലം**

291 (1424) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തൈയ്ക്കാട് റസിഡൻസി ബിൽഡിംഗും അതിനോട് ചേർന്ന സ്ഥലവും ആരുടെ കൈവശമാണെന്നും പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണവും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്തു നിന്നും എക്സൈസ് വകുപ്പിന് സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലമാണ് വിട്ടുനൽകിയത്; ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) നിലവിൽ അവിടെ പ്രവർത്തിച്ചുവരുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനങ്ങളെ ഈ നടപടി ബുദ്ധിമുട്ടിലാക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തൈക്കാട് വില്ലേജിൽ റീസർവ്വേ ബ്ലോട്ട് 93-ൽ സർവ്വേ നമ്പർ 2-ൽ 7 ഹെക്ടർ 41 ആർ 85 ച.മീ. സ്ഥലം ഒന്നായി കിടക്കുന്നതും ആയത് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവുമാണ്. തൈക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 93-ൽ റീസർവ്വേ നമ്പർ 5-ൽ ഉൾപ്പെട്ട 1.9627 ഹെക്ടറും റീസർവ്വേ നമ്പർ 7-ൽപ്പെട്ട 0.0529 ഹെക്ടറും ഉൾപ്പെടെയുള്ള 2.0516 ഹെക്ടർ (4.98 ഏക്കർ) ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുത്ത് പൊതു ആവശ്യത്തിനായി ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കി 23-12-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 694/15/റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത ഭൂമിയിൽനിന്നും വളരെ പരിമിതമായ ഭൂമി മാത്രം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും കിറ്റ്സിനും പാട്ടത്തിന് അനുവദിക്കുന്നതിനുള്ള അർത്ഥനപത്രം ജില്ലാ കളക്ടർക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമായതായി കാണുന്നില്ല.

(ബി) പ്രസ്തുത സ്ഥലത്തുനിന്നും എക്സൈസ് വകുപ്പിന് 29-10-2018-ലെ സ.ഉ.(കൈ) 396/18/റവന്യൂ പ്രകാരം 14.52 ആർ സ്ഥലം രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം കൈമാറ്റം ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) ഇക്കാര്യത്തിൽ ഒരു പുനഃപരിശോധനയ്ക്ക് ടൂറിസം വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി**

292 (1425) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതിക്ക് തെക്കിൽ വില്ലേജിൽ റവന്യൂ ഭൂമി അനുവദിച്ചു നൽകണമെന്ന വാട്ടർ അതോറിറ്റിയുടെ അപേക്ഷയിൽ റവന്യൂ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ അപേക്ഷയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കിഫ്ബി കുടിവെള്ള പദ്ധതിക്കായി തെക്കിൽ ഗ്രൂപ്പ് വില്ലേജിൽ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട പെരുമ്പള വില്ലേജിലെ റീ.സ.132/2-ൽ ഉൾപ്പെടുന്ന ഭൂമി സ്വകാര്യ വ്യക്തികൾക്കു മുൻപ് പതിച്ച് നൽകിയ സർക്കാർ ഭൂമിയാണ്. ആകയാൽ കുടിവെള്ള പദ്ധതിക്കുവേണ്ടി വാട്ടർ അതോറിറ്റിക്ക് അനുവദിക്കുന്നതിന് മേൽ സ്ഥലത്ത് സർക്കാർ ഭൂമി ലഭ്യമല്ലെന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

**വൈദ്യുതി ബോർഡിന് നൽകിയ റവന്യൂ ഭൂമിയുടെ അനധികൃത കൈമാറ്റം**

293 (1426) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി ഡാം പരിസരത്ത് വൈദ്യുതി ബോർഡ് സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിലുള്ള 21 ഏക്കർ ഭൂമി സംബന്ധിച്ച് അവരറിയാതെ ഹൈഡൽ ടൂറിസം ഡയറക്ടറും രാജക്കാട് സഹകരണ ബാങ്ക് അധികൃതരുമായി കരാറുണ്ടാക്കിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന് അവകാശമില്ലാത്തതും പദ്ധതി ആവശ്യത്തിന് നേരത്തെ ബോർഡിന് കൈമാറിയതുമായ സർക്കാർ തരിശുഭൂമിയാണിതെന്ന് റവന്യൂ റിക്കാർഡുകളിൽ നിന്ന് വ്യക്തമാകുന്നുണ്ടോ;

(സി) പതിച്ചു നൽകിയ ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ ഭൂമി തിരിച്ചു നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ആ നിലയ്ക്ക് ബോർഡിന് നൽകിയ റവന്യൂ ഭൂമിയുടെ ഇപ്പോഴത്തെ കൈമാറ്റം അനധികൃതമാണെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതുസംബന്ധമായി റവന്യൂ വകുപ്പ് മന്ത്രി ജില്ലാ കലക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുക ഉണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ റിക്കാർഡുകൾ പ്രകാരം ടി സ്ഥലം റവന്യൂ പുറമ്പോക്കാണ്.

(സി & ഡി) ഉണ്ട്.

(ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് 5-10-2019-ൽ ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**ലാന്റ് ബാങ്കിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമി**

294 (1427) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലാന്റ് ബാങ്കിൽ ഇപ്പോൾ എത്ര ഭൂമി നിക്ഷിപ്തമായിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്കും വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ലാന്റ് ബാങ്കിൽ ലഭ്യമായ കണക്കുകൾ പ്രകാരം ആകെ 69991.2550 ഹെക്ടർ ഭൂമി നിക്ഷിപ്തമായിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വിസ്തീർണ്ണം(ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 1017.4593 |
| 2 | കൊല്ലം | 3505.3991 |
| 3 | പത്തനംതിട്ട | 1684.4483 |
| 4 | ആലപ്പുഴ | 1394.4047 |
| 5 | കോട്ടയം | 3656.3755 |
| 6 | ഇടുക്കി | 51077.7997 |
| 7 | എറണാകുളം | 2176.7744 |
| 8 | തൃശ്ശൂർ | 1056.5075 |
| 9 | പാലക്കാട് | 739.4891 |
| 10 | മലപ്പുറം | 2478.3831 |
| 11 | കോഴിക്കോട് | 464.6029 |
| 12 | വയനാട് | 220.6927 |
| 13 | കണ്ണൂർ | 270.0243 |
| 14 | കാസർഗോഡ് | 248.8944 |
| ആകെ വിസ്തീർണ്ണം (ഹെക്ടറിൽ) | | 69991.255 |

## വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി

295 (*T1428) ഡോ. എൻ. ജയരാജ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ കൈവശം കാലങ്ങളായി യാതൊരു പദ്ധതികൾക്കും ഉപയോഗിക്കാതെ ഭൂമി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പത്തു വർഷത്തിലധികമായി യാതൊരു പദ്ധതിക്കുമായി നിർദേശം സമർപ്പിക്കാത്ത സ്ഥലങ്ങൾ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ദീർഘനാളായി യാതൊരു പദ്ധതിക്കും നിർദേശം സമർപ്പിച്ചിട്ടില്ലാത്ത ഭൂമി അതത് വകുപ്പുകൾക്ക് ആവശ്യമില്ലാത്തതായി കണക്കിലെടുത്ത് അവയുടെ ഉടമസ്ഥാവകാശം നിലനിർത്തി, ഭൂമി അത്യാവശ്യമായ മറ്റ് വകുപ്പുകൾക്ക് ഉപയോഗാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി അപ്രകാരമുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഓരോ ജില്ലാ തലത്തിലും സ്വരൂപിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 8-5-2019-ലെ സ.ഉ. (സാധാ) 1077/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഇപ്രകാരമുള്ള ഭൂമികൾ അവയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ടി ഭൂമികളുടെ കൈവശാവകാശം ഭൂമി ആവശ്യമുള്ള വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

*'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പാട്ടക്കുടിശ്ശിക അടയ്ക്കാത്തവർക്കെതിരെ നടപടി

296 (1429) ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ബി. സത്യൻ :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായി എത്ര ഏക്കർ ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുള്ളതെന്ന കണക്ക് ലഭ്യമാണോ;

(ബി) ഇപ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് എടുത്തശേഷം പാട്ടക്കുടിശിക യഥാസമയം അടയ്ക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പുതുക്കാത്തവർക്ക് അതിനുള്ള അവസരം നൽകിയിട്ടുണ്ടോ എന്നും അതിന് തയ്യാറാകാത്തവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 4102.7005 ഹെക്ടർ സ്ഥലം.

(ബി) പാട്ടക്കുടിശ്ശിക യഥാസമയം അടയ്ക്കാതെയും ലീസ് വ്യവസ്ഥകൾ ലംഘിക്കുന്നതുമായ പാട്ട കക്ഷികളെ നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുകയും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിക്കുകയും തുടർന്ന് ലീസ് റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാരിൽ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരികയുംചെയ്യുന്നു.

(സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പുതുക്കാത്തവർക്ക് നോട്ടീസ് നൽകി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും കുടിശ്ശിക കണക്കാക്കി ഡിമാന്റ് നോട്ടീസ് നൽകുകയും കുടിശ്ശിക തുക ഈടാക്കി ആവശ്യമുള്ള അപേക്ഷകർക്ക് ലീസ് പുതുക്കൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തുവരുന്നു. കുടിശ്ശിക ഒടുക്കാൻ തയ്യാറാകാത്ത കേസ്സുകളിൽ സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും റവന്യൂ റിക്കവറി നടപടിയിലൂടെ കുടിശ്ശിക തുക ഈടാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുള്ള അവസരം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ പുറമ്പോക്കിൽ കയ്യേറ്റം കണ്ടെത്തിയാൽ പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 1957-ലെയും 2008-ലെയും കേരള ഭൂസംരക്ഷണ നിയമം അനുശാസിക്കുന്ന നടപടികളിലൂടെ ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം

297 (1430) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന് കാരണമെന്താണ് എന്ന് വിശദമാക്കുമോ;

(ബി) റവന്യൂ ടവറിൽ സ്ഥലം അനുവദിച്ച ഓഫീസുകളുടെ വിശദാംശവും ലൊക്കേഷനും മറ്റു വിവരങ്ങളും വ്യക്തമാക്കുമോ;

(സി) റവന്യൂ ടവറിന്റെ പരിപാലനത്തിനും മാനേജ്മെന്റിനുമായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് റവന്യൂ ടവറിന്റെ നിയമാനുസൃതമായ എൻ.ഒ.സി. ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ ലഭിക്കാത്തതിനാൽ കെട്ടിട നമ്പരും വൈദ്യുതി വാട്ടർ കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ലാത്തതാണ്. ആയതിനാലാണ് റവന്യൂ ടവറിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത്.

(ബി) ഹരിപ്പാട് റവന്യൂ ടവറിൽ അനുവദിക്കേണ്ട ഓഫീസുകളെ സംബന്ധിച്ച് അന്തിമ ഉത്തരവ് ബന്ധപ്പെട്ട കളക്ടറേറ്റിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നിരുന്നാലും ഹരിപ്പാട് റവന്യൂ ടവറിൽ സ്ഥലം അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള വിവിധ ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഓഫീസ് | ഫ്ലോർ | ഏരിയ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സബ് ട്രഷറി, ഹരിപ്പാട് | Ground Floor | 191.840 ച.മീ. |
| 2 | കൊമേഴ്സ്യൽ സ്പേസ് (സപ്ലൈ കോ) | Ground Floor | 101.75 ച.മീ. |
| 3 | താലൂക്ക് ആഫീസ്, കാർത്തികപ്പള്ളി(ഇലക്ഷൻ & റിക്കാർഡ്) | 1st Floor | 180.99 ച.മീ. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | സബ് രജിസ്ട്രാർ ഓഫീസ് | 1st Floor | 288.57 ച.മീ. |
| 5 | താലൂക്ക് സപ്ലൈ ഓഫീസ് | 2nd Floor | 198 ച.മീ. |
| 6 | അസിസ്റ്റന്റ് ഡയറക്ടർ അഗ്രിക്കൾച്ചർ ഓഫീസ് | 2nd Floor | 183.85 ച.മീ. |
| 7 | വില്ലേജ് ആഫീസ്, ഹരിപ്പാട് | 2nd Floor | 139.46 ച.മീ. |
| 8 | കയർ ഇൻസ്പെക്ടർ ഓഫീസ് | 2nd Floor | 66.23 ച.മീ. |
| 9 | താലൂക്ക് ലേബർ ഓഫീസ് | 2nd Floor | 66.14 ച.മീ. |
| 10 | എ.പി.പി.1&2 | 2nd Floor | 100.19 ച.മീ. |
| 11 | പെർഫോമൻസ് ആഡിറ്റ് (എൽ.എസ്.ജി.ഡി.) | 2nd Floor | 38.56 ച.മീ. |
| 12 | താലൂക്ക്ഓഫീസ്, കാർത്തികപ്പള്ളി | 3rd Floor | 429.90 ച.മീ. |
| 13 | താലൂക്ക് ഇൻഡസ്ട്രിയൽ ഓഫീസ് | 4th Floor | 107.89 ച.മീ. |
| 14 | എ.ഡി.കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് | 4th Floor | 143.29 ച.മീ. |
| 15 | കോ-ഓപ്പറേറ്റീവ് സൊസൈറ്റി ജനറൽ | 4th Floor | 160.83 ച.മീ. |
| 16 | റീസർവ്വേ സൂപ്രണ്ട് ഓഫീസ് | 5th Floor | 140.30 ച.മീ. |
| 17 | സി.ഡി.പി.ഒ. | 5th Floor | 143.29 ച.മീ. |
| 18 | ഡിസ്ട്രിക്ട്കോർഡിനേറ്റർ, കുടുംബശ്രീ | 5th Floor | 12.26 ച.മീ. |
| 19 | ഫുഡ് & സേഫ്റ്റി | 5th Floor | 48.50 ച.മീ. |
| 20 | ഡയറി ഡെവലപ്മെന്റ് ഓഫീസ് | 5th Floor | 86.32 ച.മീ. |
| 21 | കൊമേഴ്സ്യൽ ടാക്സ് (ജി.എസ്.ടി.) | 6th Floor | 163.78 ച.മീ. |
| 22 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ.എൻ.എച്ച്. | 6th Floor | 140.30 ച.മീ. |
| 23 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ഹരിപ്പാട് | 6th Floor | 100 ച.മീ. |

(സി) ഈ വിഷയം സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും ആയിട്ടില്ല.

## പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾ

298(*T1431) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൽ നിന്നും പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുള്ളത്എന്ന് അറിയിക്കുമോ;

(ബി) അതിന്റെ ഒന്നാം ഘട്ട സഹായമായി എത്ര തുകയാണ് ലഭിച്ചത്; ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് എന്തൊക്കെ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 500 മില്യൺ ഡോളർ വികസന നയവായ്പയും (DPL), ജർമൻ ബാങ്കായ KfW-ൽ നിന്ന് 170 മില്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. റിലീസിംഗ് ഓർഡറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്:

1. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പ് സാമ്പത്തികവർഷം 300 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്).

2. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്).

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്ക് കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

---

*'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യ കൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

(3 മുതൽ 5 വരെയുള്ള പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ)

കൂടാതെ ജലവിഭവം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാര സമിതിയുടെ പരിഗണനയിലാണ്.

**പ്രളയത്തിൽ ആലത്തൂർ മണ്ഡലത്തിലെ വീടുകൾക്കുണ്ടായ നാശനഷ്ടം**

299 (*T1432) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ആലത്തൂർ മണ്ഡലത്തിലെ എത്ര വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ പ്രളയത്തിന്റെ ഭാഗമായി തുറന്ന ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണവും ക്യാമ്പിൽ അഭയം തേടിയവരുടെ എണ്ണവും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-ലെ പ്രളയത്തെ തുടർന്ന് ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ 897 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു.

(ബി) ആലത്തൂർ മണ്ഡലത്തിൽ പ്രളയത്തിന്റെ ഭാഗമായി 8 ക്യാമ്പുകൾ തുറന്നു. 1174 പേർ അഭയം തേടി.

**പ്രളയ നഷ്ടപരിഹാരം**

300 (1433) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ വ്യക്തികൾക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കച്ചവട സ്ഥാപനങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

---

*'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിലെ എടവണ്ണപ്പാറ, വാഴക്കാട് എന്നിവിടങ്ങളിലെ കടകൾക്കും, വ്യാപാരസ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇവർക്ക് നൽകാനുദ്ദേശിക്കുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2019-ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 121991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഇപ്രകാരം 121.99 കോടി രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്.

(ബി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുവാൻ സാധിക്കില്ല. വ്യാപാരികൾക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ അവർ പ്രകൃതി ദുരന്ത ഇൻഷ്വറൻസ് എടുക്കേണ്ടതുണ്ട്.

(സി) ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം എടവണ്ണപ്പാറ, വാഴക്കാട് എന്നിവിടങ്ങളിലെ കടകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

| വിഭാഗം | എണ്ണം | നഷ്ടം (ലക്ഷത്തിൽ) |
|---|---|---|
| എം.എസ്.എം.ഇ. | 112 | 237.34 |
| കടകൾ / വ്യാപാര സ്ഥാപനങ്ങൾ | 282 | 424.66 |
| ആകെ | 394 | 662.00 |

**കണ്ണൂർ ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ നൽകിയ ധനസഹായം**

301 (1434) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയക്കെടുതികളിൽ കണ്ണൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ച എത്രപേർക്ക് 10,000 രൂപ ധനസഹായം നൽകിയെന്ന് അറിയിക്കുമോ;

(ബി) എത്ര കുടുംബങ്ങളാണ് പ്രളയംമൂലം വീട് മാറി താമസിച്ചതെന്നും ഇവർക്ക് ധനസഹായം നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രളയംമൂലം വസ്തുവകകൾ നഷ്ടപ്പെട്ട ചെങ്ങളായി, ശ്രീകണ്ഠപുരം, പേരട്ട, തൊട്ടിൽപ്പാലം, അലക്സ് നഗർ തുടങ്ങിയ പ്രദേശങ്ങളിലെ വ്യാപാരികൾക്ക് എത്ര ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വസ്തുവകകളും വീടും നഷ്ടപ്പെട്ടവർക്ക് പതിനായിരം രൂപയ്ക്ക് പുറമെ സഹായം നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2019-ലെ പ്രളയക്കെടുതികളിൽ കണ്ണൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ച 6411 പേർക്ക് 10,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പ്രളയംമൂലം വീടുമാറി താമസിച്ചവരുടെ കണക്കെടുപ്പ് നടന്നുവരുന്നു.

(സി) പ്രളയംമൂലം വ്യാപാരികൾ നേരിടുന്ന നാശനഷ്ടത്തിന്റെ കണക്കെടുപ്പ് റവന്യൂ വകുപ്പ് മുഖേന നടത്തിയിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം വ്യാപാര സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിന് ആശ്വാസ ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല.

(ഡി) സംസ്ഥാന സർക്കാർ ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള മിനിമം റിലീഫ് കോഡ് നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,09,900 രൂപയാണ് (സമതലത്തിൽ 95,100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. മിനിമം റിലീഫ് കോഡ് അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ത്തിനുമേലെ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോവിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിൽ ഉള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തിവരുന്നു.

## കൽപ്പറ്റ മണ്ഡലത്തിലെ കാലവർഷ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

302 (1435) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; പട്ടികയും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; പട്ടിക ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഭരണാനുമതി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഭരണാനുമതി കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാതെ ഒഴിവാക്കപ്പെട്ട കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

## പ്രളയത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച അടിയന്തര സഹായം

303 (1436) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ആകെ എത്ര തുകയ്ക്കുള്ള നാശനഷ്ടങ്ങൾ സംഭവിച്ചുവെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച അടിയന്തര സഹായമായ പതിനായിരം രൂപ കോഴിക്കോട് ജില്ലയിലെ എത്ര കുടുംബങ്ങൾക്ക് നൽകി കഴിഞ്ഞിട്ടുണ്ടെന്നും സഹായധനം ഇനിയും കൈമാറാൻ ബാക്കി കിടക്കുന്നത് എത്ര കുടുംബങ്ങൾക്കാണെന്നും വ്യക്തമാക്കാമോ ;

(സി) ചില കുടുംബങ്ങൾക്ക് സഹായധനം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട ബാങ്കിംഗ്, ട്രഷറി, ഓൺലൈൻ തടസ്സങ്ങൾ നീക്കാൻ അടിയന്തര നടപടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ഇ) കൊയിലാണ്ടി താലൂക്കിൽ എത്ര പേർക്ക് പതിനായിരം രൂപ വീതം നൽകി കഴിഞ്ഞുവെന്നും ഇനിയും എത്രപേർക്ക് നൽകുവാനുണ്ടെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം 2,101.881 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്.

(ബി) കോഴിക്കോട് ജില്ലയിലെ 19621 കുടുംബങ്ങൾക്ക് ധനസഹായം കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 546 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യാനുള്ള നടപടി നടന്നുവരുന്നു.

(സി) ബാങ്കിംഗ്, ട്രഷറി ഓൺലൈൻ തടസ്സങ്ങൾ ഉള്ളതിനാലും ദുരിതബാധിതർ നൽകിയ അക്കൗണ്ട് വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാലും ചില കുടുംബങ്ങൾക്ക് ഇതുവരെ ധനസഹായം വിതരണം ചെയ്തിട്ടില്ല.

(ഡി) ബാങ്കിംഗ്, ട്രഷറി ഓൺലൈൻ തടസ്സങ്ങൾ നീക്കി തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) കൊയിലാണ്ടി താലൂക്കിൽ 2195 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 44 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വെള്ളപ്പൊക്ക പദ്ധതിയിൽ റോഡ് നവീകരണത്തിനുള്ള ഫണ്ട്**

304 (1437) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും വെള്ളപ്പൊക്ക പദ്ധതിയിൽ ഗ്രാമീണറോഡുകൾ നവീകരിക്കുന്നതിന് അനുവദിക്കുന്ന ഫണ്ട് സമയപരിധിക്കുള്ളിൽ ചെലവഴിക്കാതെ ലാപ്സായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് പ്രസ്തുത പദ്ധതിയിലെ തുക ചെലവഴിക്കാതെ പോകുന്നതെന്ന് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ആരംഭിക്കുന്ന ഫണ്ടിന്റെ പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നതിന് ജില്ലാ, ബ്ലോക്ക് തലങ്ങളിൽ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ഒരു സംവിധാനം കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധി പദ്ധതി നിർവ്വഹണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള നിധിയല്ല. റോഡുകളുടെ പുനരുദ്ധാരണത്തിൽ അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തരമായ പുനരുദ്ധാരണം മാത്രമാണ് പ്രസ്തുത നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായിട്ടുള്ളത്. ഇപ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഒന്നര വർഷത്തെ ഭരണാനുമതി കാലാവധിയാണുള്ളത്. പ്രസ്തുത പ്രവൃത്തി അനുവദിച്ച് കിട്ടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം പ്രവൃത്തി നിർവ്വഹണത്തിനുള്ള കരാറിൽ ഏർപ്പെട്ട് പ്രസ്തുത കരാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത ഭരണാനുമതി റദ്ദാകുന്നതാണ്. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് നിർവ്വഹണാനുമതി നൽകാൻ സാധിക്കാതെ ചില പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന സീനിയോരിറ്റി പരിഗണിച്ചാണ് ബിൽ തുക നൽകുന്നത്. സമയബന്ധിതമായി കരാർ വയ്ക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതിയാണ് റദ്ദാകുന്നത്. ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമില്ല.

(സി) 27-3-2018-ലെ സ.ഉ.(കൈ) നമ്പർ 3/2018/ഡി.എം.ഡി. പ്രകാരം പ്രവൃത്തികളുടെ ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചും പ്രവൃത്തികളുടെ നിർവ്വഹണം വിലയിരുത്തുന്നതിനും സംവിധാനം നിലവിലുണ്ട്.

**മഴക്കെടുതിയിൽ സംസ്ഥാനത്തുണ്ടായ നഷ്ടം**

305 (1438) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം അതിതീവ്ര മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും പ്രളയത്തിലും മറ്റു കെടുതികൾകൊണ്ടും സംസ്ഥാനത്തുണ്ടായ യഥാർത്ഥ നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക

അടിയന്തര സഹായമായി ലഭിച്ചു; പ്രളയബാധിതർക്കു വിതരണം ചെയ്യുന്നതിനായി അധിക അരി വിഹിതം അനുവദിച്ചിരുന്നോ; ഇതിനായി എത്ര തുക കേന്ദ്രം വാങ്ങി;

(ബി) നാശനഷ്ടം വിലയിരുത്താനായി കേന്ദ്ര സംഘം എത്തിയിരുന്നോ; അവർ നാശനഷ്ട കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; കഴിഞ്ഞ വർഷത്തെ പ്രളയം തകർത്ത പ്രദേശങ്ങളിലെ പുനർനിർമ്മിതിക്കായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് അറിയിക്കാമോ ;

(സി) ഇത്തവണത്തെ പ്രളയത്തിൽ അടിയന്തര സഹായത്തിന് അർഹരായവരെ കണ്ടെത്തുന്നതിനും തുക സമയബന്ധിതമായി കൈമാറുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ട്. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടുള്ള മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം 2,101.881 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്. നിലവിൽ കേന്ദ്രത്തിൽനിന്നും ഒരു സഹായവും ലഭിച്ചിട്ടില്ല. അധിക വിഹിതം അരി അനുവദിച്ചിട്ടില്ല.

(ബി) കേന്ദ്ര സംഘം വന്നിരുന്നു. അവർ നാശനഷ്ട കണക്ക് തയ്യാറാക്കിയതായുള്ള വിവരം ലഭ്യമല്ല. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2,904.85 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 2018-ലെ പ്രളയത്തിനായി ലഭിച്ചിട്ടുള്ളത്.

(സി) ക്യാമ്പിൽ താമസിച്ചവരുടെ വിവരങ്ങൾ നേരത്തേ തന്നെ ശേഖരിച്ചു. പ്രസ്തുത കുടുംബങ്ങൾക്ക് നേരിട്ട് സർക്കാരിൽനിന്നും 10,000 രൂപയുടെ ധനസഹായം വിതരണം ചെയ്തു. ഇത് താഴേത്തട്ടിലുള്ള തടസ്സങ്ങൾ ഒഴിവാക്കാൻ സഹായിച്ചു. ഒരു മൊബൈൽ ആപ് തയ്യാറാക്കി തകർന്ന വീടുകളുടെ വിപുലമായ വിവര ശേഖരണ സംവിധാനം ഒരുക്കി. വിവര ശേഖരണം റവന്യൂ, പഞ്ചായത്ത് വകുപ്പുകൾ സംയുക്തമായി നടത്തിവരുന്നു.

**ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ**

306 (1439) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഭൂമി സംബന്ധമായ വിവരങ്ങൾ ഓൺലൈൻ വഴി പരിശോധിക്കുന്നതിനും അവ ആധാരം രജിസ്റ്റർ ചെയ്യുന്ന വേളയിൽ ഉൾക്കൊള്ളിക്കുവാനുമുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഭൂ സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ എന്നീ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നികുതി അടയ്ക്കുവാൻ വില്ലേജാഫീസുകളിൽ ആരംഭിച്ച ഇ-പോസ് സംവിധാനം ഫലപ്രദമാണോയെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത്, പൊതുജനത്തിന് ഓൺലൈൻ മുഖേന ഏത് രാജ്യത്തിരുന്നും നികുതി അടയ്ക്കുവാനുള്ള സംവിധാനം നടപ്പിലായിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിൽക്കൂടി പ്രസ്തുത പദ്ധതി എത്രയുംവേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) നിലവിൽ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ReLIS, PEARL എന്നീ സോഫ്റ്റ്‌വെയർ പരസ്പരം ബന്ധപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഒരു ആധാരം രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ അത് വില്ലേജ് ഓഫീസിലേയ്ക്ക് വരികയും പോക്കുവരവ് ചെയ്തുകഴിഞ്ഞാൽ പൊതുജനത്തിന് ഓൺലൈൻ മുഖേനയോ വില്ലേജിൽ നേരിട്ട് എത്തിയോ നികുതി അടയ്ക്കാവുന്നതാണ്. എന്നാൽ സബ്ഡിവിഷൻ ആവശ്യമായ സംഗതികളിൽ സർവ്വേ സ്കെച്ചിൽ ഓൺലൈനായി മാറ്റം വരുത്തുന്നതിനുള്ള ഇന്റഗ്രേഷൻ ഇതുവരെ നടപ്പിലായിട്ടില്ല. റീസർവ്വെ പൂർത്തിയായ വില്ലേജുകളിലെ സ്കെച്ചുകൾ, ഓൺലൈനിൽ അപ്ഡേറ്റ് ചെയ്ത് "ഭൂ-നക്ഷ" എന്ന സോഫ്റ്റ്‌വെയർ മുഖേന ReLIS, PEARL എന്നിവയുമായി ഇന്റഗ്രേഷൻ നടത്തുന്നതിനുള്ള പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ഡി) സംസ്ഥാനത്താകെ 827 വില്ലേജുകളിൽ 10,810 രസീതുകളിലായി 13,14,349 രൂപ നാളിതുവരെ ഇ-പോസ് മെഷീൻ മുഖേന സ്വീകരിച്ചിട്ടുണ്ട്. പണമിടപാട് നടക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും ഫെഡറൽ ബാങ്കിന്റെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കാമെന്ന ധനവകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെഡറൽ ബാങ്ക് സൗജന്യമായിട്ടാണ് ടി മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. ടി

മെഷീനുകൾ സ്ഥാപിച്ചതുവഴി വകുപ്പിന് പണം ചെലവായിട്ടില്ല എന്നുള്ള വസ്തുതയും നാളിതുവരെയുള്ള കളക്ഷനും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ടി പദ്ധതി ഫലപ്രദമാണെന്ന് വിലയിരുത്താവുന്നതാണ്.

**തിരുപുറം വില്ലേജ് ഓഫീസ് മന്ദിരം പുനർനിർമ്മാണം**

307 (1440) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുപുറം വില്ലേജ് ഓഫീസ് മന്ദിരം പുനർനിർമ്മിക്കുന്നതിനു ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എത്ര തുകയാണ് അനുവദിച്ചത്; അറിയിക്കുമോ;

(ബി) തിരുപുറം വില്ലേജ് ഓഫീസർ പുനർനിർമ്മാണ പ്രവർത്തി ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര മാസം കൊണ്ടാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത്; ഏതെല്ലാം പ്രവൃത്തികൾ ആണ് ചെയ്യുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്. 6,15,772 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്ന സർക്കാർ അംഗീകൃത ഏജൻസിയെയാണ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 9 മാസം കൊണ്ടാണ് പ്രസ്തുത പ്രവൃത്തി തീർപ്പാക്കേണ്ടിയിരുന്നത്. എന്നാൽ ഫണ്ടിന്റെ ദൗർലഭ്യം കാരണം നിർമ്മാണ പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. അഡീഷണൽ റൂം നിർമ്മിക്കുന്ന പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

**കോടശ്ശേരി, അതിരപ്പിള്ളി വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം**

308 (1441) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി, അതിരപ്പിള്ളി വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട അതിരപ്പിള്ളി വില്ലേജ് പ്ലാൻ സ്കീം 2019-20 പ്രകാരം സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. കോടശ്ശേരി വില്ലേജ് പ്ലാൻ സ്കീം 2019-20 പ്രകാരം വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി രണ്ട് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ**

309 (1442) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബജറ്റിൽ 20% തുക നീക്കിവച്ച ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ വിശദമായ ഡി.പി.ആർ. ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ബാലുശ്ശേരിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സർക്കാർ സ്ഥാപനങ്ങൾക്കാണ് മിനി സിവിൽ സ്റ്റേഷനിൽ പുതുതായി കെട്ടിട സൗകര്യം ലഭ്യമാക്കാൻ സാധിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ 20% തുക നീക്കിവച്ച ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട്/ശിപാർശ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ബാലുശ്ശേരി വില്ലേജ് ഓഫീസ്, സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്, അഗ്രിക്കൾച്ചറൽ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, എക്സൈസ് ഓഫീസ്, ഐ.സി.ഡി.എസ്. ഓഫീസ് എന്നീ സർക്കാർ സ്ഥാപനങ്ങൾക്കാണ് മിനി സിവിൽ സ്റ്റേഷനിൽ പുതുതായി കെട്ടിട സൗകര്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

**പത്തനാപുരം മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ**

310 (1443) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് എം.എൽ.എ.യുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും പുനർനിർമ്മിതിക്കും നടപടികളായിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) എങ്കിൽ, പത്തനാപുരം നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് എന്തെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും പുനർ നിർമ്മിതിക്കുമായി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിലുൾപ്പെടുത്തി മെയിന്റനൻസ്, ചുറ്റുമതിൽ നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം എന്നിവയും സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികളും ചെയ്തുവരുന്നു. കൂടാതെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി വിളക്കുടി, ചക്കുവരയ്ക്കൽ എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നവീകരണത്തിനായി ശിപാർശ സമർപ്പിച്ചിട്ടുമുണ്ട്.

(സി) I. സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം

| | | |
|---|---|---|
| തലവൂർ | - | 44 ലക്ഷം |
| പുന്നല | - | 44 ലക്ഷം |

II. വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം

| | |
|---|---|
| പട്ടാഴി വടക്കേക്കര - ചുറ്റുമതിൽ | - 5 ലക്ഷം |
| വിളക്കുടി - ചുറ്റുമതിൽ | - 5 ലക്ഷം |
| പിടവൂർ - ചുറ്റുമതിൽ | - 5 ലക്ഷം |
| പട്ടാഴി - അഡീഷണൽ റൂം | - 10 ലക്ഷം |

2019-20 സാമ്പത്തിക വർഷത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പട്ടാഴി, പിറവന്തൂർ എന്നീ വില്ലേജുകൾക്ക് യഥാക്രമം അറ്റകുറ്റപ്പണി, ചുറ്റുമതിൽ നിർമ്മാണം എന്നീ

പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും എസ്റ്റിമേറ്റ് എടുക്കുന്നതിന് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഡി) തലവൂർ വില്ലേജ് ഓഫീസ് - ഫൗണ്ടേഷൻ പൂർത്തിയായി.

പുന്നല – ഭരണാനുമതി നൽകിയിട്ടുണ്ട്.

വിളക്കുടി വില്ലേജിന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ചക്കുവരയ്ക്കൽ വില്ലേജിലും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>അടിസ്ഥാന സൗകര്യ വികസനം</u>

പട്ടാഴി വടക്കേക്കര -പൂർത്തിയായി

വിളക്കുടി -പൂർത്തിയായി

പിടവൂർ -ഒരു വശം പൂർത്തിയായി. മരം മുറിച്ച് മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടാഴി 80% പ്രവൃത്തി പൂർത്തിയായി.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

311 (1444) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കരിപ്പൂര് വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനുള്ള നിർമ്മാണം നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്താകെ 146 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം കരിപ്പൂര് വില്ലേജ് ഉൾപ്പെടെ 50 വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2018-19 പ്ലാൻ സ്കീമിൽ 31-3-2019-ന് ചെലവഴിക്കാൻ കഴിയാതിരുന്ന സ്മാർട്ട് വില്ലേജ്, വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, റവന്യൂ ഓഫീസുകളുടെ നവീകരണം എന്നീ നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റാൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായില്ല. ആയതിനാൽ ടി തുക 2019-20-ലെ പ്ലാൻ ഫണ്ടിൽനിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഇരിമ്പിളിയം വില്ലേജ് ഓഫീസ്

312 (1445) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്ന് ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇരിമ്പില്ലിയം വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 2018-19 വർഷത്തെ ബജറ്റിൽ ഇരുപതു ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ബജറ്റിൽ ഇരുപതു ശതമാനം തുക നീക്കിവെച്ചാൽ ഭരണാനുമതി നൽകുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൊതുമരാമത്ത് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രൊപ്പോസൽ ചീഫ് എൻജിനീയർ അംഗീകരിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ച് ആയത് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ഇ) ഇരിമ്പിളിയം വില്ലേജിന്റെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്ന് ഇരിമ്പിളിയം വില്ലേജ് ഓഫീസ് കെട്ടിടം പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി-എഫ്) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, ഇരിമ്പിളിയം വില്ലേജാഫീസ് കെട്ടിടത്തിന്റെ ഭാഗിക നിർമ്മാണത്തിനായി 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് നിലവിലെ Deligation of Financial Powers പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഇക്കാര്യത്തിൽ വകുപ്പ് തലവന് തന്നെ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സർക്കാർ ലാൻഡ് റവന്യൂ കമ്മീഷണറെ അറിയിക്കുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തിലെ കേരള ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II *(മരാമത്തു പണികളുടെ വിശദ വിവരങ്ങൾ)-ൽ ഉൾപ്പെട്ടിട്ടുള്ള ടി പ്രവൃത്തിക്ക് 50 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് കാണിച്ചിരിക്കുന്നത്. ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾക്കുള്ള തുക 2019-20-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപരിയല്ലാത്തതാണ്. പ്രസ്തുത തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ ഒതുക്കിനിർത്തേണ്ടതാണ്. ഈ സാഹചര്യത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും ഫണ്ടും ലഭിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

**കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന്റെ സ്ഥലം**

313 (1446) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം വിട്ടു നൽകിയെങ്കിലും സാമൂഹ്യ ആഘാത പഠനവും അനുബന്ധ നടപടികളും പൂർത്തീകരിക്കാത്തതു കാരണം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നുവർഷമായി നടക്കാത്തത് റവന്യൂ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കണ്ടെത്തുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതുപോലെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയെക്കുറിച്ച് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(സി) കെട്ടിട നിർമ്മാണത്തിന് ഉപയുക്തമാകുന്ന രീതിയിൽ ലാൻഡ് ഡെവലപ്മെന്റ് നിർദ്ദിഷ്ട സ്ഥലത്ത് നടപ്പിലാക്കുന്നതിനും സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കി കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന്റെ ലാൻഡ് ഡെവലപ്മെന്റ് പൂർത്തിയാകുവാനുള്ള ഫയൽ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കാമോ; ഈ ഫയൽ കൈവശം വച്ചിട്ട് എത്ര ദിവസമായെന്ന് അറിയിക്കാമോ;

(ഇ) ഈ ഫയൽ സംസ്ഥാനതല സമിതിക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ ഫയൽ എന്നേക്ക് കൈമാറാൻ കഴിയും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഇ) റവന്യൂ വകുപ്പിന്റെ 27-2-2015-ലെ ജി.ഒ. (എം.എസ്.) 87/2015/ആർഡി.നമ്പർ ഉത്തരവ് പ്രകാരം കടുത്തുരുത്തി വില്ലേജിലെ സർവ്വേ 32,58,59 എന്നിവയിൽപ്പെട്ട 3.2377 ഹെക്ടർ ഭൂമി ഡെപ്യൂട്ടി കമ്മീഷണർ കേന്ദ്രീയ വിദ്യാലയ സംഗതന്റെ പേരിൽ കേന്ദ്രീയ വിദ്യാലയ നിർമ്മാണ ആവശ്യത്തിലേയ്ക്ക് പാട്ട വ്യവസ്ഥയിൽ 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. ടി ഭൂമി ബി.റ്റി.ആർ. പ്രകാരം നിലമാണ്. ആയതിനാൽ ടി ഭൂമിയിൽ മണ്ണിട്ട് നികത്തിയെങ്കിലേ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കുകയുള്ളു. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്, ഫയർ സ്റ്റേഷൻ, എക്സൈസ് ഓഫീസ്, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിലേയ്ക്കുള്ള ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിനും കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിനുവേണ്ടിയും "പൊതു ആവശ്യം" എന്ന നിലയിൽ നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുഖേന സമർപ്പിച്ച അപേക്ഷകൾ യഥാക്രമം 15-3-2019, 2-4-2019 എന്നീ തീയതികളിൽ കൃഷി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഫയൽ നമ്പർ 67/എൻ.സി.എ 2/19/കൃഷി. ടി അപേക്ഷകൾ 15-10-2019 തീയതിയിൽ കൂടിയ സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും പ്രസ്തുത സ്ഥലം പരിശോധന നടത്തി റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കാൻ സംസ്ഥാനതല സമിതി അംഗത്തെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയുമുണ്ടായി.

(ഇ) ഈ ഫയൽ കൈകാര്യം ചെയ്യതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

## തിരുവനന്തപുരത്തെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

314 (1447) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളവയുടെ തുടർനടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തെരഞ്ഞെടുത്ത വില്ലേജുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളവയുടെ തുടർനടപടികളുടെ പുരോഗതി വിവരം അനുബന്ധം ആയി ചേർക്കുന്നു.*

## കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനം

315 (1448) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ പി. എസ്. സി.- ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ 31-12-2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലാസ്കർ/ഹെൽപ്പർ തസ്തികയിൽ നിലവിൽ രണ്ട് ഒഴിവുകൾ ഉണ്ട്. രണ്ട് ഒഴിവുകളും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 31-12-2019 വരെ ലാസ്കർ/ഹെൽപ്പർ തസ്തികയിൽ റിട്ടയർമെന്റ് ഇല്ല.

(സി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലാസ്കർ/ഹെൽപ്പർ തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഭൂപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം**

316 (1449) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കാൻ റവന്യൂ വകുപ്പ് നടത്തിവരുന്ന കാര്യക്ഷമമായ നടപടികളുടെ ഭാഗമായുള്ള ഉത്തരവുകളിലെ വ്യക്തതക്കുറവ് ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ ഭൂപ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനുള്ള സമഗ്രവും സൂക്ഷ്മവുമായ പഠനത്തിന്റെയും വിവിധ തലങ്ങളിലുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാൻ വകുപ്പിന്റെ ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കമോ ?

ഉത്തരം

(എ) 22-8-2019-ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ. (കൈ) 269/2019/റവ നമ്പർ ഉത്തരവിൽ അവ്യക്തത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി ഉത്തരവിൽ ഭേദഗതി വരുത്തി 14-10-2019-ലെ സ.ഉ.(കൈ) 310/19/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയുൾപ്പെടെ എല്ലാ ജില്ലകളിലേയും ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് 22-8-2019-ലെ സ.ഉ.(കൈ)269/19/റവ നമ്പർ ഉത്തരവ്, 14-10-2019-ലെ സ.ഉ.(കൈ)310/2019/റവ എന്നിവ പുറപ്പെടുവിച്ചിട്ടുള്ളത്. തുടർന്നും ആവശ്യമുള്ള പക്ഷം പഠനങ്ങളും ചർച്ചകളും സംഘടിപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

**ഇനാം പ്രോപ്പർട്ടി പോക്കുവരവ് ചെയ്യുന്നതിനുള്ള വിജ്ഞാപനത്തിന്റെ കാലാവധി ദീർഘിപ്പിച്ചുനല്കാൻ നടപടി**

317 (1450) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം, ഇടക്കൊച്ചി വില്ലേജുകളിലും മറ്റ് വില്ലേജുകളിലും ഇനാം സെറ്റിൽമെന്റ് ഭൂമികൾ പോക്കുവരവ് ചെയ്യാൻ നോട്ടിഫിക്കേഷൻ പ്രകാരം അനുവദിച്ച കാലാവധി അവസാനിച്ചതിനാൽ, വർഷങ്ങളായി തീറുവാങ്ങി ഭൂമി കൈവശം വച്ചനുഭവിക്കുന്നവർക്ക് പ്രസ്തുത ഭൂമി പോക്കുവരവ് ചെയ്യാൻ സാധിക്കാതെ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിമ, അനുഭോഗം, പുറവക എന്നീ ഇനം ഭൂമികൾ ഇനാം സെറ്റിൽമെന്റായി പരിഗണിച്ച് പോക്കുവരവ് ചെയ്യാനുള്ള ഉത്തരവ് 2019-ൽ പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഇനാം സെറ്റിൽമെന്റ് വിജ്ഞാപനത്തിന്റെ കാലാവധി 2018-ഡിസംബർ 31ന് അവസാനിപ്പിച്ചിട്ടുള്ളതിനാലും ഇനാം പ്രോപ്പർട്ടി പോക്കുവരവ് ചെയ്യുന്നതിനുള്ള വിജ്ഞാപനത്തിന്റെ കാലാവധി ദീർഘിപ്പിച്ചു നല്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ വിജ്ഞാപനം എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 1961-ലെ കേരള സർവ്വീസ് ഇനാം ലാൻഡ്സ് (V & E) ആക്ട് പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി ദീർഘിപ്പിക്കണമെന്ന ലാൻഡ് ബോർഡ് സെക്രട്ടറിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**ശ്മശാന ഭൂമിയിൽ വിള്ളൽ**

318 (1451) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ പെരിന്തൽമണ്ണ വില്ലേജിൽ ഉൾപ്പെട്ട മാനത്ത് മംഗലത്ത് സ്ഥിതി ചെയ്യുന്ന ശ്മശാന ഭൂമിയിൽ ഏകദേശം അഞ്ഞൂറ് മീറ്ററോളം വരുന്ന വിള്ളൽ ഉണ്ടായതുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പരിസരവാസികൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സർക്കാരിന്റെ പരിശോധനയിൽ ഈ പ്രതിഭാസത്തിന്റെ കാരണമെന്തെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മുന്നറിയിപ്പുകൾ പ്രദേശവാസികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവർ സ്ഥലം പരിശോധിക്കുകയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ വിശദമായ പരിശോധനയ്ക്കും പഠനത്തിനുമായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് പഠന റിപ്പോർട്ടുകളൊന്നും ലഭ്യമായിട്ടില്ലാത്തതാണ്.

## സാമൂഹ്യ ആഘാത പഠനം

319 (1452) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവ് നികത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടും സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കാത്തതു കാരണം ടെൻഡർ നടപടികളിലേക്ക് പോകാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് റവന്യൂ വകുപ്പ് എത്രയും വേഗം സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് നൽകുമോ; ആയതിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പ് സാമൂഹ്യ ആഘാത പഠനം നടത്തുന്നത് ഏത് ഏജൻസി വഴിയാണെന്ന് വ്യക്തമാക്കാമോ; സാമൂഹ്യ ആഘാത പഠനം നടത്തുവാൻ ഇപ്പോൾ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്ര; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവ് നിവർത്തുന്നതിന് കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുച്ചിറ, കടുത്തുരുത്തി

എന്നീ വില്ലേജുകളിൽപ്പെട്ട 1.9652 ഹെക്ടർ ഭൂമി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 16-8-2018-ലെ സ.ഉ. (സാധാ) നമ്പർ 1277/2018/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 20-8-2019-ൽ പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽനിന്നും ഹാജരാക്കിയിട്ടുള്ള റിക്വിസിഷനിൽ വടയാർ വില്ലേജിലുൾപ്പെട്ട സ്ഥലംകൂടി ഏറ്റെടുക്കാനുള്ളതായി കാണുന്നതിനാൽ അർത്ഥനാധികാരി, ലാന്റ് അക്വിസിഷൻ ഓഫീസർ എന്നിവർ സംയുക്ത പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാന്റ് അക്വിസിഷൻ ഓഫീസർ ആയ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) പാലായ്ക്ക് 2-9-2019-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ നിയമിക്കുന്നതും എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതുമാണ്.

**സംരക്ഷിത സ്മാരകമാക്കാൻ ജില്ലാകളക്ടറുടെ വിജ്ഞാപനം**

320 (1453) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) വിജ്ഞാപനം പുറപ്പെടുവിക്കുവാനായി എറണാകുളം കളക്ടർ സ്വീകരിക്കേണ്ട നടപടികളിൽ വന്നിട്ടുള്ള കാലതാമസം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ആലുവ മണ്ഡലത്തിൽ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനക്കരട് സർക്കാർ പരിശോധിക്കുകയും തുടർന്ന് സ്മാരകത്തിന്റെ പേര്, വിസ്തീർണ്ണം, അതിരുകൾ എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധമായ റവന്യൂ വിശദാംശങ്ങൾ പുരാവസ്തു വകുപ്പ് ഡയറക്ടർ എറണാകുളം ജില്ലാകളക്ടറിൽനിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ജില്ലാകളക്ടറിൽനിന്നും വിശദവിവരങ്ങൾ ലഭ്യമാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**കിഴുമുറിക്കടവ് പാലത്തിനായുള്ള സ്ഥലമെടുപ്പ്**

321 (1454) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കിഴുമുറിക്കടവ് പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ മണീട്, രാമമംഗലം വില്ലേജുകളിൽപ്പെട്ട 0.6547 ഹെക്ടർ സ്ഥലമാണ് കിഴുമുറിക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിട്ടുള്ളത്. പ്രസ്തുത പൊന്നുംവില നടപടിയുടെ പ്രഖ്യാപനം 30-5-2019- നും അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് 26-8-2019-നും അംഗീകരിച്ചിട്ടുള്ളതാണ്. ഡി. വി. എസ്. അംഗീകരിച്ചശേഷം അവാർഡ് പാസ്സാക്കി സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**കരുവമ്പ്രം വില്ലേജ് രൂപീകരണം**

322 (1455) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നറുകര വില്ലേജ് വിഭജിച്ച് കരുവമ്പ്രം വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) കരുവമ്പ്രം വില്ലേജ് രൂപീകരിക്കുന്നതിനായി നിലവിൽ കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയ ഫയൽ നമ്പരും അതിന്റെ നിലവിലെ പുരോഗതിയും അറിയിക്കാമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ നറുകര വില്ലേജ് വിഭജിച്ച് കരുവമ്പ്രം വില്ലേജ് രൂപീകരിക്കുന്നതിനുള്ള റിപ്പോർട്ട് 25-9-2019-ൽ എൽ1-107066/17 നമ്പർ

പ്രകാരം മലപ്പുറം കളക്ടറേറ്റിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ലാന്റ് റവന്യൂ കമ്മീഷണർ ആയത് സർക്കാരിൽ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പുതിയ വില്ലേജ് രൂപീകരണം/വില്ലേജ് വിഭജനം പൊതുവായി പരിഗണിച്ച അവസരത്തിൽ സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ആയത് പരിശോധിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണത്തിന് സ്ഥലമെടുക്കൽ**

323 (1456) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ മാവേലിക്കര വില്ലേജിൽ ഉൾപ്പെടുന്ന മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നവീകരണവുമായിമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ മാവേലിക്കര വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 38 ആർസ് സ്ഥലം എൽ.എ.ആർ.ആർ. ആക്ട്, 2013 മുഖേന ഏറ്റെടുക്കുന്നതിന് 17-4-2019-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1036/2019/റവ പ്രകാരം അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ആലപ്പുഴ പൊന്നുംവില സ്പെഷ്യൽ തഹസീൽദാരെ 14-6-2019-ൽ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിനെ 9-10-2019-ൽ തെരഞ്ഞെടുത്ത് അധികാരപ്പെടുത്തിയിട്ടുള്ളതുമാണ്. അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് കണ്ടിജൻസി ചാർജ് ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ പട്ടയം ലഭിക്കാത്ത പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾ

324 (1457) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയത്തിനായി നിലവിൽ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കല്പിക്കാനായി ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ അപേക്ഷ നൽകിയിട്ടും ഇനിയും പട്ടയം ലഭിക്കാത്ത എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടയത്തിനായി 166751 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്.

(ബി) കാസർഗോഡ് ജില്ലയിൽ അപേക്ഷ നൽകിയിട്ടും ഇനിയും പട്ടയം ലഭിക്കാത്ത 246 പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്.

## മഞ്ഞള്ളൂർ, കടവൂർ വില്ലേജുകളുടെ അതിർത്തി പുനർനിർണ്ണയം

325 (1458) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപ്പുഴ താലൂക്കിലെ മഞ്ഞള്ളൂർ, കോതമംഗലം താലൂക്കിലെ കടവൂർ എന്നീ വില്ലേജുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഇടുക്കി, എറണാകുളം ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ, കടവൂർ എന്നീ വില്ലേജുകളുടെ അതിർത്തി പുനർനിർണ്ണയിക്കുമ്പോൾ ടി വില്ലേജുകളുടെയും മൂവാറ്റുപുഴ, കോതമംഗലം എന്നീ താലൂക്കുകളുടേയും എറണാകുളം ജില്ലയിലേയും അതിർത്തികൾക്കുണ്ടാകുന്ന മാറ്റവും വിസ്തീർണ്ണ വ്യത്യാസവും രേഖപ്പെടുത്തി തിരുത്തൽ വിജ്ഞാപനത്തിന്റെ കരട് തയ്യാറാക്കി ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തു കൊള്ളുന്നു.* എറണാകുളം ജില്ലാ കളക്ടറിൽനിന്നും അന്തിമ റിപ്പോർട്ട് ലഭിക്കാനുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി തിരുത്തൽ വിജ്ഞാപനത്തിന്റെ കരട് തയ്യാറാക്കി അടിയന്തരമായി സമർപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന് സ്ഥലം**

326 (1459) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം കൈമാറ്റ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വക ഭൂമി ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭൂമി കൈമാറ്റനടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വടക്കാങ്ങര വില്ലേജിലെ സർവ്വേ 11/5 ബി-യിൽപ്പെട്ടതും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതുമായ 81 സെന്റ് ഭൂമിയിൽനിന്നും 20 സെന്റ് ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി 5-8-2019-ൽ മലപ്പുറം ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതാണ്. റവന്യൂ റിക്കാർഡുകളിൽ പ്രസ്തുത മാറ്റം വരുത്തുന്നതിനും ഭൂമി മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനും പെരിന്തൽമണ്ണ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ

327 (1460) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി 2019-2020 ബജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പും ജില്ലാ കളക്ടറും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ മേൽനോട്ടച്ചുമതല ആർക്കെങ്കിലും കളക്ടർ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ റിക്വിസിഷൻ പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ല.

(ബി) കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം അനുയോജ്യമാണോ എന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു വരികയാണ്.

(സി) ഭരണാനുമതിക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

## പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികൾ ഏറ്റെടുക്കാൻ നടപടി

328 (1461) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികൾ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ; പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികൾ ഏതെല്ലാം; ഇവയുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ;

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സർക്കാരിന് പിരിഞ്ഞു കിട്ടാനുള്ള തുക; പാട്ടക്കുടിശ്ശിക വരുത്തിയവരുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് എന്നിവ ലഭ്യമാക്കുമോ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടം പുതുക്കി നൽകാത്തതും ഇപ്പോഴും ഉപയോഗിച്ച് വരുന്നതുമായ ഭൂമികളുടെ പാട്ടം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ള പാട്ട ഭൂമികൾ സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) പാട്ടക്കാലാവധി കഴിഞ്ഞ പാട്ട ഭൂമികൾ സർക്കാരിലേക്ക് തിരിച്ചു പിടിക്കുന്നതിന് ഓർഡിനൻസുകൾ/നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണനയിൽ ഉണ്ടോ; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കുടിശ്ശിക അടച്ച് പാട്ടം പുതുക്കാതെ ഇരിക്കുന്നതുമായ കേസ്സുകളിൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുകയെന്നതാണ് സർക്കാർ നിലപാട്.

(സി- ഇ) വിവരം ശേഖരിച്ചുവരുന്നു.

## സർവ്വേയും ഭൂരേഖയും വകുപ്പിൽ പി. & എ.ആർ.ഡി. സമർപ്പിച്ച പഠന റിപ്പോർട്ട്

329 (1462) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ തുടർച്ചാനുമതിയുമായി ബന്ധപ്പെട്ട് പി. & എ. ആർ. ഡി. സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതിയും ആയതിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സർവ്വേയും ഭൂരേഖയും വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തി പഠന റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് തയ്യാറാക്കിയത് ലഭ്യമായിട്ടുണ്ട്. കൂടാതെ വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് സർവ്വേ ഡയറക്ടറും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ടി പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർവ്വേ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള പരിശോധനകൾ നടത്തിവരുന്നു.

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**റവന്യൂ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

330 (1463) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ തുറവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ആർ സർവ്വേ നമ്പർ 534/14 ലെ മൂന്ന് ഏക്കർ ഇരുപത്തി ഏഴ് സെന്റ് റവന്യൂ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 18-6-2019-ലെ 3063-ാം നമ്പർ ചോദ്യത്തിന് മറുപടിയായി പ്രസ്തുത കേസിലെ ഹൈക്കോടതിയുടെ വിധിപ്രകാരം കളക്ടർ രണ്ട് മാസത്തിനകം നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിരുന്നത്. പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്ന കോടതി നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് കോടതി പറഞ്ഞതിലും കൂടുതൽ സമയം അനുവദിക്കാൻ ഉണ്ടായ സാഹചര്യം, ഭൂമി ഏറ്റെടുക്കുന്നതിലെ താമസവും വീഴ്ചയും എന്നിവ റവന്യൂ സെക്രട്ടറി നേരിട്ട് പരിശോധിച്ച് വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഒഴിപ്പിക്കൽ നടപടിക്കെതിരെ ശ്രീമതി കുഞ്ഞമ്മ ആന്റണി ബഹു. ജില്ലാ കളക്ടർ മുമ്പാകെ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളതിൽ 18-10-2019-ന് വിചാരണ നിശ്ചയിച്ചിരുന്നതും എന്നാൽ വാദിയുടെ കൗൺസെൽ അവധി ആവശ്യപ്പെട്ടതിനാൽ വിചാരണ 28-10-2019-ലേയ്ക്ക് മാറ്റിയിട്ടുള്ളതുമാണ്.

**കോതമംഗലം താലൂക്കിലെ റീ സർവ്വേ നടപടികൾ**

331 (1464) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികൾ പൂർത്തിയാക്കാത്ത എത്ര താലൂക്കുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെങ്കിലും താലൂക്കുകളിൽ റീ സർവ്വേ നടപടികൾ നടന്നുവരുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോതമംഗലം താലൂക്കിൽ റീ സർവ്വേ നടപടികൾ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ; ഉണ്ടെങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ റീ സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ലാത്തിനാൽ പോക്ക് വരവ് നടപടികളും, കരം അടപ്പും തടസ്സപ്പെടുന്നതിനാൽ അവിടെ റീ സർവ്വെ നടപടികൾ വേഗത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെയുള്ള 77 താലൂക്കുകളിൽ 24 താലൂക്കുകളിലെ റീസർവ്വേ പ്രവർത്തനം പൂർണ്ണമായി പൂർത്തീകരിച്ചിട്ടുണ്ട്. റീസർവ്വേ പൂർത്തിയാക്കാൻ ശേഷിക്കുന്ന 53 താലൂക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ റീസർവ്വേ നടപടികൾ നടന്നുവരുന്ന താലൂക്കുകളുടെ വിവരം താഴെ ചേർക്കുന്നു:

1. തിരുവനന്തപുരം
2. ചിറയിൻകീഴ്
3. പുനലൂർ
4. പത്തനംതിട്ട
5. കുട്ടനാട്
6. ചേർത്തല
7. വൈക്കം
8. പീരുമേട്
9. തൊടുപുഴ
10. കണയന്നൂർ
11. തൃശ്ശൂർ
12. കുന്ദംകുളം
13. പാലക്കാട്
14. തിരൂർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

15. ഏറനാട്

16. വടകര

17. സുൽത്താൻബത്തേരി

18. ഇരിട്ടി

19. ഹോസ്ദുർഗ്ഗ്.

(സി & ഡി) എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ ആകെയുള്ള 13 വില്ലേജുകളിൽ കുട്ടമ്പുഴ വില്ലേജിന്റെ റീസർവ്വേ ജോലികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. റീസർവ്വേ ജോലികൾക്കുപരിയായി എറണാകുളം ജില്ലയിലെ സർവ്വേയർമാരിൽ ഭൂരിഭാഗം ജീവനക്കാരേയും സ്പെഷ്യൽ സർവ്വേ, LA ജോലികൾ, LRM ജോലികൾ, NH ജോലികൾ എന്നിവയ്ക്കായും നിയോഗിച്ചുവരുന്നു. ഈ സാഹചര്യത്തിൽ കോതമംഗലം താലൂക്കിൽ എന്ന് റീസർവ്വേ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാൻ കഴിയുകയില്ല. എന്നാൽ 10-5-2018-ലെ സ. ഉ. (എം.എസ്.) നമ്പർ 181/2018/റവന്യൂ ഉത്തരവ് പ്രകാരം അംഗീകൃത ഏജൻസികളെ നിയോഗിച്ച് സർവ്വേ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുള്ള പ്രകാരം നടപടി സ്വീകരിക്കുമ്പോൾ കൂടുതൽ വില്ലേജുകളുടെ റീസർവ്വേ ജോലികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

റീസർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ നിലവിലുള്ള റവന്യൂ റിക്കോർഡുകൾ ഉപയോഗിച്ച് പോക്കുവരവ് ചെയ്യുന്നതിനും കരം അടയ്ക്കുന്നതിനും യാതൊരു തടസ്സവും ഇല്ലാത്തതാണ്. കോതമംഗലം നിയമസഭ മണ്ഡലത്തിൽ റീസർവ്വേ നടക്കാത്തതുമൂലം പോക്കുവരവ് നടപടികളും കരം അടവും തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വില്ലേജുകളിൽ റീസർവ്വേ നടപടികൾ**

332 (1465) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) റീസർവ്വേ ചെയ്യാത്തതുമൂലം പൊതുസ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്നതിനും സ്വകാര്യ ഭൂമികളിൽ അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിനും സാധിക്കുന്നില്ലെന്ന കാര്യം ഗൗരവമായി കണക്കിലെടുക്കുമോ;

(സി) റീസർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ മൊറയൂർ, പൂക്കോട്ടൂർ, ആനക്കയം, പന്തല്ലൂർ, പുൽപ്പറ്റ, മേൽമുറി (മലപ്പുറം മുനിസിപ്പാലിറ്റി) എന്നീ വില്ലേജുകളിലെ റീസർവ്വേ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) നിലവിൽ പൊതുസ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്ന വിഷയത്തിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് ഇതര വകുപ്പുകളിൽനിന്നും ലഭ്യമാകുന്ന അപേക്ഷകളിലും സ്വകാര്യ ഭൂമികളിലെ അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ലഭ്യമാകുന്ന അതിർത്തി നിർണ്ണയ അപേക്ഷകളിലും സർവ്വേ വകുപ്പിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി, റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്.

(സി) നിലവിൽ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലായി 30 വില്ലേജുകളുടെ റീസർവ്വേ ജോലികൾ സർവ്വേ വകുപ്പിൽ ലഭ്യമായ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി നടപ്പിലാക്കിവരുന്നു. റീസർവ്വേ നടപടികൾക്കുപരിയായി സ്പെഷ്യൽ സർവ്വേ, LA ജോലികൾ, LRM ജോലികൾ, NH ജോലികൾ എന്നിവയ്ക്കായും സർവ്വേ വകുപ്പിലെ ജീവനക്കാരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. ഇക്കാരണത്താൽ റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായിത്തീരുന്നു. എന്നാൽ 10-5-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 181/2018/റവന്യൂ ഉത്തരവ് പ്രകാരം അംഗീകൃത ഏജൻസികളെ നിയോഗിച്ച് സർവ്വേ ചെയ്യുന്നതിനുള്ള അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിക്കുമ്പോൾ കൂടുതൽ വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

**ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം**

333 (1466) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം നടപ്പാക്കുന്നുണ്ടോ; അതിന്റെ ഉദ്ദേശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(സി) റീ സർവ്വേ നടന്ന സ്ഥലങ്ങളിൽ ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള വ്യാപക പരാതി പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി / അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് അടിസ്ഥാന ഭൂനികുതി രജിസ്ട്രേഷൻ ഡാറ്റാ ഡിജിറ്റൈസ് ചെയ്ത്, പൂർണ്ണ തോതിൽ ഓൺലൈനായി പോക്കുവരവ്, നികുതി സ്വീകരിക്കൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ബി.റ്റി.ആർ. രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തുകയും എന്നാൽ 30 വർഷങ്ങൾക്ക് മുമ്പ് തന്നെ പ്രസ്തുത സ്ഥലം നികത്തി വീട് വച്ച് വീട്ടുകരം അടയ്ക്കുകയും ചെയ്തുവരുന്നവർ പ്രസ്തുത വീട് പുനർനിർമ്മിക്കുവാനായി അനുമതിക്ക് അപേക്ഷിക്കുമ്പോൾ നിലം ആണെന്ന പേരിൽ അനുമതി നിഷേധിക്കുന്ന സാഹചര്യത്തിൽ ഇത്തരം പരാതികൾ പരിഹരിക്കുവാനും ബി.റ്റി.ആർ. രേഖകളിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡസ്ട്രൽ സർവ്വേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മുൻനിർത്തി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്നതിനുവേണ്ടി 25-6-2018-ലെ സ.ഉ. (എം.എസ്.) 236/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുള്ളതും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. കൂടാതെ 30 വില്ലേജുകളുടെ റീസർവ്വേ ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) 26-8-2017-ലെ സ.ഉ.(എം.എസ്.) 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവ്വേ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം.) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത്

നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി താലൂക്കിൽ ലാവണമുള്ള സർവ്വേ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ അടിസ്ഥാന ഭൂനികുതി വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ആകെയുള്ള 1664 വില്ലേജുകളിൽ, 1649 വില്ലേജുകളിലെ പോക്കുവരവ്, നികുതി സ്വീകരിക്കൽ എന്നിവ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഇ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 2 (xvii എ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്ന വിഭാഗത്തിലാണ് ഇത്തരം ഭൂമി ഉൾപ്പെടുന്നത്. ആയതിനാൽ പ്രസ്തുത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി അതായത് റവന്യൂ രേഖകളിൽ തരം മാറ്റുന്നതിനായി, ടി നിയമപ്രകാരമുള്ള ചട്ടങ്ങളിലെ, ചട്ടം 12-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം, ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ വരെയാകുന്ന സംഗതിയിൽ, ടി ചട്ടങ്ങൾക്ക് അനുബന്ധമായുള്ള ഫാറം 6-ലും 20.23 ആറിൽ കൂടുതലാകുന്ന സംഗതിയിൽ ഫാറം 7-ലും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷ അനുവദിക്കുന്ന പക്ഷം, ടി ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിരിക്കുന്ന പട്ടിക പ്രകാരമുള്ള നിശ്ചിത ഫീസ് അടവുവരുത്തി ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്താവുന്നതും നിയമങ്ങൾക്കും ചട്ടങ്ങൾക്കനുസൃതമായി പ്രസ്തുത ഭൂമിയിലുള്ള വീട് പുനർനിർമ്മിക്കാവുന്നതുമാണ്.

## സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള തസ്തികകൾ

334 (1467) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള തസ്തികകളും എണ്ണവും ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകളും എണ്ണവും ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വകുപ്പിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ സ്ഥിരം, താല്ക്കാലിക അടിസ്ഥാനത്തിൽ 3806 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 627 മിനിസ്റ്റീരിയിൽ വിഭാഗം തസ്തികകളും 3179 സാങ്കേതിക വിഭാഗം തസ്തികകളും ഉൾപ്പെടുന്നു. പ്രസ്തുത 3806 തസ്തികകളിൽ 2453 സാങ്കേതിക വിഭാഗം തസ്തികകളും 546 മിനിസ്റ്റീരിയിൽ വിഭാഗം തസ്തികകളും ഉൾപ്പെടെ 2999 തസ്തികകൾ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകളാണ്. സർവ്വേയും ഭൂരേഖയും വകുപ്പിലെ തസ്തികകളിലേയ്ക്ക് സംസ്ഥാനതല നിയമനം ആയതിനാൽ ടി തസ്തികകളുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമല്ല. സർവ്വേയും ഭൂരേഖയും വകുപ്പിലെ സ്ഥിരം, താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സർവ്വേയും ഭൂരേഖയും വകുപ്പിൽ ഒഴിവുള്ള തസ്തികകൾ, ഒഴിവുകളുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

**പ്രളയത്തിൽ പിറവം മണ്ഡലത്തിലുണ്ടായ നഷ്ടം**

335 (T*1468) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ പിറവം നിയോജകമണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിൽ നാശനഷ്ടമുണ്ടായെന്ന് അറിയിക്കുമോ;

(ബി) പ്രളയത്തെ തുടർന്ന് പ്രസ്തുത നിയോജകമണ്ഡലത്തിലെ എത്ര വീടുകൾ പൂർണ്ണമായി തകർന്നു, എത്ര വീടുകൾ ഭാഗികമായി തകർന്നു, എത്ര വീടുകളിൽ വെള്ളം കയറി, എത്ര വീടുകൾ വൃത്തിയാക്കി, എത്ര കിണറുകൾ മലിനമായി, എത്ര കിണറുകൾ വൃത്തിയാക്കി എന്നീ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ, ചോറ്റാനിക്കര, മണീട്, എടക്കാട്ടുവയൽ, പമ്പാക്കുട, തിരുമാറാടി എന്നീ പഞ്ചായത്തുകളിൽ നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി) പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളെ സംബന്ധിച്ച സർവ്വെ അന്തിമ ഘട്ടത്തിലാണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## 'അധികമുള്ള തോട്ടഭൂമി കണ്ടെത്തൽ'

336 (1469) ശ്രീ. ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ പ്രസ്തുത നിയമത്തിൽ നിന്നും ഒഴിവാക്കപ്പെട്ട തോട്ടങ്ങളുടെ എണ്ണവും വിസ്തീർണ്ണവും പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര തോട്ടങ്ങൾ സംസ്ഥാനത്തുണ്ട്; അവയുടെ എണ്ണവും വിസ്തൃതിയും പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ഒഴിവാക്കപ്പെട്ട തോട്ടം ഭൂമികളുടെ ഉടമസ്ഥരുടെ പക്കൽ രേഖകളിൽ ഉള്ളതിനേക്കാൾ അധികഭൂമി കൈവശമുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവ ഡിജിറ്റൽ സർവ്വേ നടത്തി അധികമായി കണ്ടെത്തുന്ന ഭൂമി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഫാമിലി ബെനിഫിറ്റ് സ്കീം

337 (T*1470) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബനാഥൻ മരിച്ചാൽ ജില്ലാ കളക്ടർ വഴി അനുവദിക്കുന്ന ഫാമിലി ബെനിഫിറ്റ് സ്കീം തുക വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തുക അനുവദിക്കുന്നതിൽ എത്ര കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആണ്. തുക വർദ്ധിപ്പിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ബി) ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നവകേരള നിർമ്മാണം**

338 (1471) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ 2018-ലെ മഹാപ്രളയവും 2019-ലെ തീവ്രമഴയും ഉണ്ടായ സ്ഥലങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ പതിനഞ്ച് ശതമാനം ഭൂപ്രദേശങ്ങൾ മണ്ണിടിച്ചിലിനും ഉരുൾ പൊട്ടലിനും സാധ്യതയുള്ള മേഖലയാണെന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നവകേരള നിർമ്മാണത്തിന്റെ ഭാഗമായി ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി പ്രത്യേക ഭവന നിർമ്മാണ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. 2019-ലെ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ വേഗത്തിൽ പരിശോധിച്ച് ജനവാസയോഗ്യം ആണോ അല്ലയോ എന്ന് വ്യക്തമായ ശാസ്ത്രീയ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. എല്ലാ സംഘത്തിലും ഒരു ജിയോളജിസ്റ്റും ഒരു മണ്ണ് സംരക്ഷണ വിദഗ്ദ്ധനും ഉണ്ടായിരിക്കും. പ്രസ്തുത സംഘങ്ങൾ നൽകുന്ന ശിപാർശ പരിശോധിച്ച് സുരക്ഷിതമായ സ്ഥലത്ത് വീട് വയ്ക്കാൻ 10 ലക്ഷം രൂപ നൽകിവരുന്നു. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018-ലെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ

ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ 702 വീടുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ 10 ലക്ഷം രൂപ നൽകിവരുന്നു.

(ബി) ഇല്ല.

(സി) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ Deputy Director General, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ഇവരുടെ ആദ്യ ശിപാർശ പ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേകമായ പരിശോധന നടത്താൻ ജില്ലാ ജിയോളോജിസ്റ്റ്, തദ്ദേശ സ്ഥാപന എഞ്ചിനീയർ എന്നിവർ പ്രത്യേക പരിശോധനാ ഫോറം സ്ഥലം പരിശോധിച്ച് തയ്യാറാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) നിലവിൽ അപകടകരം എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച സംഘവും കണ്ടെത്തിയ സ്ഥലങ്ങളിൽ വസിക്കുന്നവർക്ക് സുരക്ഷിതമായ സ്ഥലത്ത് സ്ഥലം വാങ്ങി വീട് വയ്ക്കാൻ 10 ലക്ഷം രൂപ നല്കുന്നുണ്ട്.

**ഭവനനിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ**

339 (1472) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികളുടെ നോഡൽ ഏജൻസിയായിരുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഈ കാലഘട്ടത്തിൽ ലഭിച്ച നിർമ്മാണ പദ്ധതികൾ, അനുവദിച്ച വായ്പകൾ എന്നിവയെക്കുറിച്ച് വിശദവിവരങ്ങൾ നൽകാമോ;

(സി) 2017-18, 2018-19 എന്നീ വർഷങ്ങളിൽ പ്രസ്തുത ബോർഡിനായി വകയിരുത്തിയിരുന്ന തുകയുടെയും പിന്നീട് തിരിച്ചെടുത്ത തുകയുടെയും കണക്കുകൾ നൽകാമോ; ഇപ്രകാരം തുക തിരിച്ചെടുക്കേണ്ടിവന്ന സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, ബോർഡിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനുള്ള 17.09 ഏക്കർ ഭൂമിയിൽ അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അതുപോലെ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ലഭിക്കാനുള്ള വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ ജില്ലകളിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും വിറ്റഴിയാത്ത ഫ്ലാറ്റുകൾ വിൽക്കുവാനും ബോർഡിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം, ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നുള്ള വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഡിവിഷൻ ഓഫീസുകൾ സംയോജിപ്പിക്കുകയും ബ്രാഞ്ച് ഓഫീസുകൾ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകളിൽ ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഈ സർക്കാർ അധികാരത്തിൽവന്നശേഷം വായ്പകൾ അനുവദിച്ചിട്ടില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഭരണാനുമതി ലഭിച്ച വിവിധ നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1-ലെ പട്ടികയിൽ ചേർത്തിരിക്കുന്നു.*

(സി) 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിനായി വകയിരുത്തിയ തുകയുടെയും പിന്നീട് സർക്കാർ തിരിച്ചെടുത്ത തുകയുടെയും വിശദാംശങ്ങൾ അനുബന്ധം-2-ലെ പട്ടികയിൽ ചേർത്തിരിക്കുന്നു.* സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് സർക്കാർ അനുവദിച്ചിരുന്ന തുക പിൻവലിക്കുമ്പോൾ അതിനുള്ള സാഹചര്യം ഉത്തരവിൽ വ്യക്തമാക്കിയിരുന്നില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള ഹൗസിംഗ് ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ

340 (1473) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൗസിംഗ് ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടെന്നും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ 31-12-2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള 82 ഒഴിവുകളിൽ 4 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ നിലവിലെ ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ മുതലായവ നൽകുന്നതിന് പ്രയാസം നേരിടുകയാണ്. ആയതിനാൽ പി.എസ്.സി. വഴി പുതിയ നിയമനങ്ങൾ നടത്തി അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുക പ്രയാസകരമാണ്. കൂടാതെ, സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഓഫീസുകൾ പലതും നിർത്തലാക്കി വരുന്ന സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ മുഴുവൻ ഒഴിവുകളും നികത്തേണ്ട സാഹചര്യവും നിലവിലില്ല.

(ബി) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 31-12-2019 വരെ നിലവിലുള്ള ഒഴിവുകൾ കൂടാതെ വിരമിക്കൽ മുഖേന പുതിയ ഒഴിവുകൾ പ്രതീക്ഷിക്കുന്നില്ല. ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിലവിലുള്ള 82 ഒഴിവുകളിൽ 4 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലെ തസ്തികകൾ ഉൾപ്പെടെ വിവിധ കാറ്റഗറികളിലായി 205 തസ്തികകൾ റദ്ദ് ചെയ്യുന്നതിനുള്ള ഭവന നിർമ്മാണ ബോർഡിന്റെ പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. കൂടാതെ, നിലവിൽ ഒഴിഞ്ഞുകിടക്കുന്ന 481 തസ്തികകൾ റദ്ദാക്കുന്ന വിഷയത്തിൽ കൂടി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പ്രളയ നഷ്ടപരിഹാരം

341 (1474) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് പ്രളയങ്ങളിൽ നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര ധനസഹായ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് എത്ര തുക വീതം ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്;

(ബി) നഷ്ടപരിഹാരവും ധനസഹായവും ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ തീർപ്പാക്കിയവയും, തീർപ്പാക്കാൻ ഉള്ളവയും എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിൽനിന്നും എത്ര പേർക്ക് പ്രളയാനന്തര നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണം തീർപ്പാക്കി; എത്ര എണ്ണം നിരാകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2018, 2019 എന്നീ കാലയളവിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്ത വിവരം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | 2018-ലെപ്രളയത്തിൽ ആശ്വാസ ധനസഹയം വിതരണം ചെയ്തവരുടെ എണ്ണം | 2019-ലെപ്രളയത്തിൽ ആശ്വാസ ധനസഹയം വിതരണം ചെയ്തവരുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 2604 | 153 |
| 2 | കൊല്ലം | 6247 | 435 |
| 3 | പത്തനംതിട്ട | 51808 | 2925 |
| 4 | ആലപ്പുഴ | 165848 | 9451 |
| 5 | കോട്ടയം | 73401 | 7361 |
| 6 | ഇടുക്കി | 4430 | 479 |
| 7 | എറണാകുളം | 179879 | 7130 |
| 8 | പാലക്കാട് | 8609 | 3394 |
| 9 | തൃശ്ശൂർ | 125932 | 18316 |
| 10 | മലപ്പുറം | 39829 | 18024 |
| 11 | കോഴിക്കോട് | 25223 | 19621 |
| 12 | വയനാട് | 8079 | 8798 |
| 13 | കണ്ണൂർ | 292 | 6411 |
| 14 | കാസർഗോഡ് | 0 | 1265 |

ഇതുകൂടാതെ 2019-ലെ പ്രളയത്തിൽ ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയവരായ 18228 കുടുംബത്തിനും 10,000 രൂപയുടെ സഹായം നല്കി.

(ബി) 10-10-2019-ന് ശേഖരിച്ച വിവരം പ്രകാരം ഇനി 12,302 കേസുകളിലാണ് നഷ്ടപരിഹാരം നൽകേണ്ടത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി സമർപ്പിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | തീർപ്പാക്കിയ അപ്പീൽ അപേക്ഷകൾ | തീർപ്പാക്കാൻ ബാക്കിയുള്ളവ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | തിരുവനന്തപുരം | 1234 | 1234 | 0 |
| 2 | കൊല്ലം | 4309 | 4302 | 7 |
| 3 | പത്തനംതിട്ട | 23729 | 23718 | 11 |
| 4 | ആലപ്പുഴ | 123857 | 117027 | 6830 |
| 5 | കോട്ടയം | 35172 | 32083 | 3089 |
| 6 | ഇടുക്കി | 3122 | 2179 | 943 |
| 7 | എറണാകുളം | 163164 | 162823 | 341 |
| 8 | തൃശ്ശൂർ | 37608 | 36992 | 616 |
| 9 | പാലക്കാട് | 12243 | 9441 | 281 |
| 10 | മലപ്പുറം | 8031 | 7243 | 0(788 കേസ്സുകൾ നിരസിച്ചു) |
| 11 | കോഴിക്കോട് | 5477 | 5463 | 14 |
| 12 | വയനാട് | 8163 | 7994 | 169 |
| 13 | കണ്ണൂർ | 1589 | 1588 | 1 |
| 14 | കാസർഗോഡ് | 0 | 0 | 0 |

(സി) 2018-ൽ ഏറനാട് മണ്ഡലത്തിൽ ആകെ 583 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 591 അപേക്ഷകൾ ലഭിച്ചു. 7 അപേക്ഷകൾ നിരാകരിച്ചു. 2019-ലെ പ്രളയത്തെ തുടർന്നുള്ള നഷ്ടം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## വൈത്തിരി താലൂക്കിൽ വീടും സ്ഥലവും ലഭ്യമാക്കുന്നതിന് നടപടികൾ

342 (T*1475) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വൈത്തിരി താലൂക്കിൽ എത്ര പേർക്ക് വീടും സ്ഥലവും നഷ്ടമായിട്ടുണ്ട്; വില്ലേജ് തിരിച്ച് പട്ടിക ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് വീടും സ്ഥലവും ലഭ്യമാക്കിയിട്ടുണ്ട്; പട്ടിക ലഭ്യമാക്കാമോ;

(സി) ഇനിയും വീടും സ്ഥലവും ലഭ്യമാക്കാൻ ബാക്കിയുള്ളവർക്ക് അത് ലഭ്യമാക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 2018-ൽ വൈത്തിരി താലൂക്കിൽ വീടും സ്ഥലവും നഷ്ടമായവരുടെ വില്ലേജ് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജ് | വീടിനും സ്ഥലത്തിനും നാശനഷ്ടം ഉണ്ടായവരുടെ വിവരം |
|---|---|---|
| (1) | (2) | (3) |
| 1 | അച്ചൂരാനം | 18 |
| 2 | ചുണ്ടേൽ | 1 |
| 3 | കാവുമന്ദം | 1 |
| 4 | കോട്ടപ്പടി | 4 |
| 5 | കുന്നത്തിടവക | 9 |
| 6 | പൊഴുതന | 1 |
| 7 | വെങ്ങപ്പള്ളി | 1 |
| | ആകെ | 35 |

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതിൽ 30 പേർക്ക് വീടും സ്ഥലവും ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | വില്ലേജ് |
|---|---|---|
| (1) | (2) | (3) |
| 1 | ശ്രീമതി സരസു പുതിയവീട്ടിൽ | അച്ചൂരാനം |
| 2 | ശ്രീമതി കൗസല്യ | അച്ചൂരാനം |
| 3 | ശ്രീമതി മിനി വി. | അച്ചൂരാനം |
| 4 | ശ്രീമതി ഗീത കെ. | അച്ചൂരാനം |
| 5 | ശ്രീ. അബ്ദുൾ അസീസ് | അച്ചൂരാനം |
| 6 | ശ്രീമതി ലീല കെ. | അച്ചൂരാനം |
| 7 | ശ്രീമതി പത്മിനി അമ്മ | അച്ചൂരാനം |
| 8 | ശ്രീ. ഫൈസൽ പി. | അച്ചൂരാനം |
| 9 | ശ്രീ. നാസർ | അച്ചൂരാനം |
| 10 | ശ്രീമതി കദീജ അമ്മദ് | അച്ചൂരാനം |
| 11 | ശ്രീമതി ഉഷ | അച്ചൂരാനം |
| 12 | ശ്രീമതി കുഞ്ഞീമ | അച്ചൂരാനം |
| 13 | ശ്രീ. മൊയ്തു | അച്ചൂരാനം |
| 14 | ശ്രീമതി ബീക്കുട്ടി പി. | അച്ചൂരാനം |
| 15 | ശ്രീമതി ഉമ്മൈമത്ത് | അച്ചൂരാനം |
| 16 | ശ്രീ. അബ്ദുൾ ലത്തീഫ് | അച്ചൂരാനം |
| 17 | ശ്രീ. അബ്ദു റഹ്മാൻ പി. | ചൂണ്ടേൽ |
| 18 | ശ്രീമതി കല്ല്യാണി | കാവുമന്ദം |
| 19 | ശ്രീമതി സുലോചന | കോട്ടപ്പടി |
| 20 | ശ്രീമതി നസീമ സമദ് | കോട്ടപ്പടി |

| (1) | (2) | (3) |
|---|---|---|
| 21 | ശ്രീ. ദയാനന്ദൻ പി.വി | കോട്ടപ്പടി |
| 22 | ശ്രീമതി രാധാലക്ഷ്മി | കോട്ടപ്പടി |
| 23 | ശ്രീമതി പാത്തുമ്മ ടി. | കോട്ടപ്പടി |
| 24 | ശ്രീ. മോഹനൻ വി.എൻ | കോട്ടപ്പടി |
| 25 | ശ്രീമതി സരോജിനി | കോട്ടപ്പടി |
| 26 | ശ്രീ. വിനോദ് | കോട്ടപ്പടി |
| 27 | ശ്രീ. പി. എസ്. ജോർജ്ജ് | കോട്ടപ്പടി |
| 28 | ശ്രീ. അസീസ് കെ. ടി | കോട്ടപ്പടി |
| 29 | ശ്രീമതി ഷാഹിനി (കദീജ) | പൊഴുതന |
| 30 | ശ്രീമതി മോളി വെള്ളൻ | വെങ്ങപ്പള്ളി |

(സി) 3 പേർ സ്ഥലം കണ്ടെത്തിയിട്ടില്ല. അയതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് രണ്ട് പേർ സ്ഥലം കണ്ടെത്തിയിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

**മാനന്തവാടി താലൂക്കിലെ പ്രളയാനന്തര സഹായം**

343 (1476) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ മാനന്തവാടി താലൂക്കിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ പട്ടിക എണ്ണവും പേരും വിലാസവും ഉൾപ്പെടെ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രളയത്തിൽ മാനന്തവാടി താലൂക്കിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ടതും സർക്കാർ ധനസഹായത്താൽ പുതിയ സ്ഥലം വാങ്ങിയതായതുമായവരുടെ പേരും വിലാസവും അടങ്ങിയ പട്ടിക ലഭ്യമാക്കാമോ;

(സി) 2018-ലെ പ്രളയത്തിൽ മാനന്തവാടി താലൂക്കിൽ പൂർണ്ണമായും വീട് തകർന്നവരുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) അപ്രകാരം പൂർണ്ണമായും വീട് തകരുകയും പുതിയ വീടിന് ഒന്നാം ഗഡു സർക്കാർ സഹായം നൽകിയ ആളുകളുടെ പേരും വിലാസവും അടങ്ങിയ പട്ടിക ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി)

| വില്ലേജിന്റെ പേര് | എണ്ണം |
|---|---|
| (1) | (2) |
| അഞ്ചുകുന്ന് | 69 |
| ചെറുകാട്ടൂർ | 43 |
| എടവക | 18 |
| കാഞ്ഞിരങ്ങാട് | 1 |
| മാനന്തവാടി | 20 |
| നല്ലൂർനാട് | 6 |
| പനമരം | 49 |
| പേരിയ | 21 |
| പയ്യമ്പള്ളി | 38 |
| പെരുന്നന്നൂർ | 11 |
| തവിഞ്ഞാൽ | 37 |
| തിരുനെല്ലി | 11 |
| തൊണ്ടർനാട് | 9 |
| തൃശ്ശിലേരി | 13 |
| വാളാട് | 8 |
| വെള്ളമുണ്ട | 13 |

(ഡി) അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയക്കെടുതിയിൽപ്പെട്ട് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ

344 (1477) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയക്കെടുതിയിൽപ്പെട്ട് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വീടുകൾ തകർന്നതിന്റെ നഷ്ടപരിഹാരം സംബന്ധിച്ച് എത്ര അപ്പീലുകൾ ലഭിച്ചുവെന്നും, അതിൽ ഇനിയും തീർപ്പാക്കുവാൻ എത്ര അപ്പീലുകളുണ്ടെന്നും വിശദമാക്കാമോ;

(സി) പൂർണ്ണമായും നശിച്ച എത്ര വീടുകളുടെ പുനർനിർമ്മാണം ആരംഭിച്ചുവെന്നും അതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും വെളിപ്പെടുത്താമോ;

(ഡി) സന്നദ്ധ സംഘടനകൾ നിർമ്മാണം ഏറ്റെടുത്ത എത്ര വീടുകൾ ഇതിനകം പൂർത്തിയാക്കിയെന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; ഏങ്കിൽ ലഭ്യമാക്കുമോ;

(ഇ) പൂർണ്ണമായും സർക്കാർ ആഭിമുഖ്യത്തിൽ നിർമ്മാണം ആരംഭിച്ച വീടുകളിൽ എത്രയെണ്ണം ഇതിനകം പൂർത്തിയാക്കിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 4,08,097 വീടുകൾ ഭാഗികമായും 16,796 വീടുകൾ പൂർണ്ണമായും തകർന്നു.

(ബി) 2,97,934 അപ്പീൽ ലഭിച്ചു. 12,302 കുടുംബങ്ങൾക്ക് ഇനി തുക നല്കാനുണ്ട്.

(സി) 8130 വീടുകൾ പൂർത്തിയായി.

(ഡി) 565 വീടുകൾ പൂർത്തിയായി.

(ഇ) 1818 വീടുകൾ പൂർത്തിയായി.

## ശുചിത്വ സാഗരം പദ്ധതി

345 (1478) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് സംസ്ഥാനത്ത് ആരംഭിച്ച ശുചിത്വ സാഗരം പദ്ധതി കൂടുതൽ ക്രിയാത്മകമായി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധനത്തിനിടയിൽ വലയിൽ കുടുങ്ങുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കരക്കെത്തിച്ച് കഴുകി വൃത്തിയാക്കി ഷ്രെഡിംഗ് യൂണിറ്റ് വഴി ചെറുതാക്കി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനായി ശുചിത്വ മിഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതിക്ക് ഐക്യരാഷ്ട്ര സഭയുടെയും ലോക സാമ്പത്തിക ഫോറത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കടലിലെ ജീവജാലങ്ങളുടെ നിലനിൽപ്പിനും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായ പ്ലാസ്റ്റിക് മാലിന്യങ്ങളെ കടലിൽനിന്നും മത്സ്യബന്ധന ബോട്ടുകൾ വഴി ശേഖരിച്ച് സംസ്കരിച്ച് ഉപോല്പ്പന്നങ്ങളാക്കി മാറ്റുന്നതിനായി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ശുചിത്വ മിഷൻ, സാഫ് എന്നിവ മുഖേന കൊല്ലം ജില്ലയിലെ നീണ്ടകര, ശക്തികുളങ്ങര ഹാർബറുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ശുചിത്വ സാഗരം പദ്ധതി. പദ്ധതി ക്രിയാത്മകമായി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കടലിൽനിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പുറമേ കായലിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കൂടി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നു. കൊല്ലം ജില്ലയിൽ ആരംഭിച്ച പദ്ധതി മറ്റ് ജില്ലകളിൽകൂടി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശുചിത്വസാഗരം പദ്ധതിയുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പരീക്ഷണാടിസ്ഥാനത്തിൽ നീണ്ടകര ഹാർബറിൽ ആരംഭിച്ച പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 63.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ശുചിത്വസാഗരം പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വ മിഷനിൽ നിന്ന് ഇതുവരെ ആകെ 24.20 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(സി) അംഗീകാരം ലഭിച്ചിട്ടില്ല. ലോക സാമ്പത്തിക ഫോറത്തിന്റെ വെബ്സൈറ്റിൽ ഈ പദ്ധതിയെക്കുറിച്ചുള്ള വിവരണവും യു.എൻ. റിപ്പോർട്ടും ലഭ്യമാണ്.

**ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രത്തിന്റെ പ്രവർത്തനം**

346 (1479) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും വിശദാംശം 2019 ഏപ്രിൽ 1 മുതൽ രേഖപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ;

(ബി) വിഴിഞ്ഞത്ത് ഉദ്ഘാടനം കഴിഞ്ഞ ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രം പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എന്തൊക്കെ കാര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തേണ്ടത്; വിശദമാക്കാമോ;

(സി) ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രത്തിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഫിഷറീസ് സ്റ്റേഷൻ, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും തൊഴിലാളികളുടെയും യാനത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി. തയ്യാറാക്കിയത് നടപ്പിലാക്കിവരുന്നു. ഇതിനകം 15597 മത്സ്യബന്ധനയാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

(ബി) വിഴിഞ്ഞത്ത് ഉദ്ഘാടനം കഴിഞ്ഞ ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രം പ്രവർത്തന സജ്ജമായിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിനാവശ്യമായ മറ്റ് അനുബന്ധ സൗകര്യങ്ങളും കൂടി ഏർപ്പെടുത്തിവരുന്നു.

(സി) മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം, ഫിഷറീസ് സ്റ്റേഷൻ എന്നിവ നിലവിൽ വിഴിഞ്ഞത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾ ഉടനെ പുതിയ ട്രെയിനിംഗ് സെന്റർ കെട്ടിടത്തിലേയ്ക്ക് മാറുന്നതാണ്.

## ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച കരട് ബിൽ

347 (1480) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് സ്വദേശി/വിദേശി ബോട്ടുകൾക്ക് അനുമതി നൽകുന്നതുമായും ആയതിന്റെ ദൂരപരിധി നിശ്ചയിക്കുന്നതുമായും ബന്ധപ്പെട്ട കേന്ദ്രസർക്കാരിന്റെ കരട് ബിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിന് വന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബില്ലിന്റെ ഉള്ളടക്കം സംക്ഷിപ്തമായി വിശദമാക്കാമോ;

(സി) പ്രസ്തുത ബില്ലിന്മേൽ എന്ത് മറുപടിയാണ് സംസ്ഥാനം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബില്ലിന്റെ കരട് അനുബന്ധമായി ചേർക്കുന്നു.*

(സി) കരടിൻമേൽ സംസ്ഥാനത്തിന്റെ അഭിപ്രായം ചുവടെ പറയും പ്രകാരമാണ് സമർപ്പിച്ചിട്ടുള്ളത്:

- 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.
- കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ- 2019 – ൽ കേന്ദ്രസർക്കാരിന്റെ അധികാരപരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാരപരിധിയിൽത്തന്നെ നിലനിർത്തണം.
- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.
- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.
- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.
- സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യ വിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.
- മത്സ്യബന്ധനയാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

- 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

**കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട ആശങ്ക**

348 (1481) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് മുതൽ കന്യാകുമാരി വരെ ഒരു പുതിയ കപ്പൽപാത രൂപീകരിക്കുവാനുള്ള നീക്കംമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ സ്വീകരിച്ച ഇടപെടലുകൾ എന്തൊക്കെയാണ്;

(ബി) 2018-ൽ കൂടിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത കപ്പൽപാത സുരക്ഷിത ദൂരത്തേക്ക് മാറ്റണമെന്ന ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ടോ; അതിന്മേലുള്ള കേന്ദ്ര പ്രതികരണം അറിയിക്കുമോ;

(സി) 12 നോട്ടിക്കൽ മൈലിനു പുറത്ത് മത്സ്യബന്ധനം നടത്തുന്ന മത്സ്യ ബന്ധനയാനങ്ങൾക്ക് സ്പെഷ്യൽ ട്രാക്കിംഗ് സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ നൽകുന്നതിന് പുതുതായി കൊണ്ടുവന്ന സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ആശങ്ക ഉണ്ടായിട്ടുണ്ട്. ടി കപ്പൽ പാത സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറം മാറ്റിസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്ന കടൽ പ്രദേശത്തുനിന്ന് കപ്പൽ പാത ദൂരേയ്ക്ക് മാറ്റണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനോട് 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ചുചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ശക്തമായി ഉന്നയിക്കുകയുണ്ടായി. അതിനുശേഷം 22-11-2018-ന് കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിക്കും കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്ത് നിന്നും 50 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്ക് നിർദ്ദിഷ്ട കപ്പൽ പാത മാറ്റി സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ പ്രകാരം വെസ്സൽ ട്രാക്കിംഗ് സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളിലായി 100 വീതം യന്ത്രവൽകൃത യാനങ്ങളിൽ സബ്സിഡിയോടെ ടി സിസ്റ്റം ഘടിപ്പിച്ച് മോണിറ്റർ ചെയ്തുവരുന്നു. കെ.എം.എഫ്.ആർ. റൂൾ പ്രകാരം സെപ്തംബർ 1, 2019 മുതൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം മത്സ്യബന്ധനത്തിന് പോകുന്ന എല്ലാ മെക്കനൈസ്ഡ് യാനങ്ങളിലും നിർബന്ധമാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ഇത് സംബന്ധിച്ച ബോധവൽക്കരണവും കടലിലും ഹാർബറുകളിലും പരിശോധനയും നടത്തിവരുന്നു. 2019-20 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 750 മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം 50% സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതി ക്ഷോഭങ്ങളും മുൻകൂട്ടി അറിയുന്നതിന് സഹായകരമായ "നാവിക്" ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് ചെറുവള്ളങ്ങളിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിനാവശ്യമായ നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരികയാണ്. ആദ്യഘട്ടമായി 5000 എണ്ണം നാവിക് ഉപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള കരാർ കെൽട്രോണുമായി ഒപ്പുവയ്ക്കുകയും 875 ഉപകരണങ്ങൾ വിതരണം ചെയ്ത് നൽകിയിട്ടുമുണ്ട്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വേഗത്തിൽ കരയിലെത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് സഹായകമായ 3 മറൈൻ ആംബുലൻസുകൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ ഷിപ്പ്യാർഡുമായി ചേർന്ന് പുരോഗമിച്ചുവരുന്നു. കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിന് സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.-യുടെ സഹായത്തോടെ

വികസിപ്പിച്ചെടുത്തിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് അപകട മുന്നറിയിപ്പ് നൽകുന്നതിന് ടി ആപ്ലിക്കേഷനിലൂടെ സാധിക്കും. കൂടാതെ ഓഖി, പ്രളയം പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്തും മത്സ്യഗ്രാമങ്ങളിലുമായി 60 കടൽ സുരക്ഷ സ്ക്വാഡുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 900 മത്സ്യത്തൊഴിലാളികളും 300 യാനങ്ങളുമടങ്ങുന്നതാണ് കടൽ സുരക്ഷാ സ്ക്വാഡ്. ഇതിനകം 317 മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ പരിശീലനം നൽകികഴിഞ്ഞു. കൂടാതെ ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 40,000 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. 2018-19 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 566 എണ്ണം ജി.പി.എസ്.-കളും 1132 ലൈഫ് ബോയികളെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

**സമഗ്ര ജലപരിഷ്കരണ നയം**

349 (1482) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുന്തോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നിന്നും ഓരോ വർഷവും എത്ര ടൺ മത്സ്യമാണ് ലഭിച്ചത്; നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(സി) ഈ സാഹര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജല പരിഷ്കരണ നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സമുദ്ര മേഖലയിൽനിന്നും ഉൾനാടൻ മേഖലയിൽനിന്നും ഉണ്ടായിട്ടുള്ള മത്സ്യ ഉല്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഉൾനാടൻ ഉല്പാദനം (മെട്രിക് ടൺ) | സമുദ്ര ഉല്പാദനം (മെട്രിക് ടൺ) | ആകെ (മെട്രിക് ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 | 1,92,027 | 6,09,730 | 8,01,757 |
| ആകെ | 5,69,238 | 1,58,752 | 21,50,990 |

(സി) വന വിഭവങ്ങളിൽ ആദിവാസികൾക്കുള്ള പരമ്പരാഗത അവകാശം പോലെ കടൽ മത്സ്യ വിഭവങ്ങളുടെ മേൽ മത്സ്യത്തൊഴിലാളികൾക്ക് ഉടമസ്ഥാവകാശവും കടപ്പുറത്ത് വീട്‌വച്ച് താമസിക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ അക്വേറിയം റിഫോംസ് ബില്ലിലെ പ്രൊവിഷൻ ഇന്ത്യൻ ഭരണ ഘടനയിലെ Article 297-ന് വിരുദ്ധമാണെന്ന് അഡ്വക്കേറ്റ് ജനറലിന്റെ പരാമർശം വന്നതിനാൽ നിലവിൽ ടി ബിൽ റീഡ്രാഫ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ഡി) ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്നത് മനസ്സിലാക്കി CMFRI-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് കർശനമായി നടപ്പിലാക്കി അത്തരം അശാസ്ത്രീയ മത്സ്യബന്ധന രീതി ഒരു പരിധി വരെ സംസ്ഥാനത്ത് നിയന്ത്രിക്കാനും

സാധിച്ചിട്ടുണ്ട്. 2018 സെപ്റ്റംബറിൽ KMFR റൂൾ Amendment വരികയും ട്രോൾ നെറ്റ് കോഡ് എൻഡിൽ സ്ക്വയർ മെഷ് കർശനമാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

**കിഫ്ബി വഴി മത്സ്യമാർക്കറ്റ് നവീകരണം**

350 (1483) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ നടക്കാട്, വിളവൂർക്കൽ മാർക്കറ്റുകൾ നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 65 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ നടക്കാട്, വിളവൂർക്കൽ എന്നീ മാർക്കറ്റുകൾ നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് വിശദ എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

**ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ**

351 (1484) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിക്ക് സമർപ്പിച്ച 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും**

352 (1485) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്എന്ന് അറിയിക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്ത് എവിടെയെല്ലാം ഫാക്ടറികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ 'നളപാകം' എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് മൂല്യ വർദ്ധിത ഉണക്ക മത്സ്യവും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നു. കൂടാതെ വിവിധങ്ങളായ മീൻ അച്ചാറുകളും ചമ്മന്തിപ്പൊടിയും കോർപ്പറേഷൻ മുഖേന വിപണിയിൽ എത്തിക്കുന്നു. നേരിട്ട് സൂപ്പർ മാർക്കറ്റുകൾ വഴിയും ഓൺലൈൻ മാർക്കറ്റിംഗിലൂടെയുമാണ് ഉണക്ക മത്സ്യ വിഭവങ്ങൾ വിപണനം നടത്തുന്നത്. ഇതുകൂടാതെ നിലവിലെ പ്ലാന്റ് നവീകരിക്കുന്നതിനും മൊബൈൽ വിൽപ്പന യൂണിറ്റ് സജ്ജമാക്കുന്നതിനും ഒരു ലഘുഭക്ഷണശാല സ്ഥാപിക്കുന്നതിനുമായി അനുമതിയും നൽകിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃശ്ശൂർ ജില്ലയിൽ ചാവക്കാട് ഒരു 'സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്' സ്ഥാപിച്ചിട്ടുണ്ട്. ആയത് തുടർപ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി ചാവക്കാട് മുനിസിപ്പാലിറ്റിക്ക് 6-6-2016-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ മാത്രമാണ് പ്രോസസ്സിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നത്. ശക്തികുളങ്ങരയിൽ നിലവിലുള്ള പ്രോസസ്സിംഗ് പ്ലാന്റ് വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനരംഗത്ത് നവീനരീതികൾ അവലംബിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപ്പു സാമ്പത്തിക വർഷത്തിൽ 2.07 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് ഓഖിബാധിത മേഖലയിലെ മത്സ്യത്തൊഴിലാളി വനിതകൾക്കും തൊഴിൽ നൽകുന്നതിന് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ഒരു മത്സ്യസംസ്കരണ കേന്ദ്രം ആരംഭിക്കുന്നതിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ, കണ്ണൂർ ജില്ലയിലെ ചലീൽ ഗോപാലപേട്ടയിൽ ഒരു 'സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്' സ്ഥാപിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ICZMP-യുടെ Encore programme-ൽ ഉൾപ്പെടുത്തി അംഗീകാരവും ധനസഹായവും ലഭ്യമാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

### മത്സ്യബന്ധനത്തിന് കണ്ണിയകലമുള്ള വലകൾ

353 (1486) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ.എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുമ്പോൾ നിശ്ചിത കണ്ണിയകലമുള്ള വലകൾ ഉപയോഗിച്ച് മാത്രമേ നടത്താവൂ എന്ന് നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഓരോ ഇനം മീനിനുമനുസരിച്ച് വലയ്ക്ക് നിശ്ചിത കണ്ണിയകലം വേണമെന്നുള്ള സി.എം.എഫ്.ആർ.ഐ. റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പത്ത് സെന്റീമീറ്ററിൽ താഴെയുള്ള വളരെ ചെറിയ മത്തി പിടിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പതിനാല് സെന്റീമീറ്ററിൽ താഴെ നീളമുള്ള ചെറിയ അയല പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) മത്സ്യക്കുഞ്ഞുങ്ങളെ കൊന്നുകൊണ്ടുള്ള മീൻപിടിക്കൽ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) നിബന്ധനയുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ KMFR ചട്ടങ്ങളിൽ പ്രധാന വലകളുടെ കുറഞ്ഞ കണ്ണിവലിപ്പം (Mesh size) നിഷ്കർഷിച്ചിട്ടുണ്ട്.

( സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ പരിശോധനകൾ ശക്തമാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

(ഇ) CMFRI-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യയിനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധനയാനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു. KMFR Act പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾക്ക് പിഴ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം CMFRI-യിൽവച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ മിനിമം ലീഗൽ സൈസ് (MLS) നടപ്പിലാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ എല്ലാം തന്നെ CMFRI-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കണമെന്നും MLS നടപ്പിലാക്കുമെന്നും ധാരണയാവുകയും ചെയ്തിട്ടുണ്ട്. പുതിയ KMFR ചട്ടങ്ങൾ പ്രകാരം ട്രോൾവലകളുടെ കോഡ് എന്റിൽ സ്ക്വയർമെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ ആകെ വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ച് KMFR ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയും നടപ്പിലാക്കിവരികയുമാണ്.

**മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ സംവിധാനങ്ങൾ**

354 (1487) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനങ്ങളെയും മറ്റ് പ്രകൃതി ക്ഷോഭങ്ങളെയും സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്നതിനുള്ള നാവിക് ഉപകരണം എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഘടിപ്പിക്കുമെന്ന ഉറപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നാവിക് ഉപകരണം വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് നൽകുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുവാൻ സാധിക്കുന്ന വിധത്തിലുള്ള മൊബൈൽ ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പ്രസ്തുത മൊബൈൽ ആപ്പ് രൂപകല്പന ചെയ്തതെന്ന് അറിയിക്കുമോ;

(ഡി) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുവാൻ മറൈൻ ആംബുലൻസ് ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രാവർത്തികമാക്കിയിട്ടുണ്ട്. 15000 എണ്ണം നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും ഇതുവരെ 875 നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണത്തിന് One Way Communication സൗകര്യമേ ഉള്ളൂവെന്ന പോരായ്മ ഉണ്ടെന്ന മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം പരിഗണിച്ച് Two Way Communication ഉള്ള നാവിക് ഉപകരണം വികസിപ്പിച്ചെടുക്കുന്നതിന് ISRO-യെ ചുമതലപ്പെടുത്തുകയും അതിൻപടി ISRO പ്രവർത്തനം നടത്തിവരികയുമാണ്. Two Way Communication നോട് കൂടിയ നാവിക് ഉപകരണമേ ഇനി വിതരണം ചെയ്യുകയുള്ളൂ.

(സി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് "സാഗര" എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിവരുന്നു. NIC ആണ് ടി മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിലവിൽ 15,661 മത്സ്യത്തൊഴിലാളി യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പ്രാഥമിക ചികിത്സ നൽകി കഴിയുന്നത്ര വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

## ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ

355 (1488) ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കടലിൽ എവിടെയും വൻകിട കമ്പനികൾക്ക് മത്സ്യബന്ധനത്തിന് സൗകര്യമൊരുക്കാൻ കേന്ദ്രസർക്കാർ പുതിയ മീൻപിടിത്ത നിയന്ത്രണ നിയമം കൊണ്ടുവരുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുന്നതാണെന്ന് വ്യക്തമാക്കാമോ;

(സി) കടലിൽ 12 നോട്ടിക്കൽ മൈൽ ദൂരപരിധിക്കുള്ളിൽ മത്സ്യബന്ധനത്തിനുള്ള പെർമിറ്റ് നൽകുന്നതിനുള്ള അവകാശം സംസ്ഥാന സർക്കാരുകളിൽ തന്നെ നിക്ഷിപ്തമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന തരത്തിലുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പ് സാഫ് മുഖേന 2018-19 സാമ്പത്തിക വർഷത്തിൽ ബദൽ ജീവനോപാധി കണ്ടെത്തുന്നതിനായി "മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷി വികസനവും" (Basic Infrastructural Facilities and Human Development of Fisher folk) എന്ന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള തീരമൈത്രി പദ്ധതിയുടെ അടങ്കൽ തുക 11.10 കോടി രൂപയാണ്. ബദൽ ജീവനോപാധിപദ്ധതികൾ കണ്ടെത്തുന്നതിനും നിലവിലുള്ള സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കുമാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ 2018-19 വർഷത്തിൽ അഷ്ടമുടി phase II പദ്ധതിക്കായി 120 ലക്ഷം രൂപയും 3R

pilot പദ്ധതിക്കായി 178 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ബദൽ ജീവനോപാധി പദ്ധതിക്കായി 715 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) പുതിയ കരട് ബിൽ പ്രകാരം തീരക്കടലിലെ മത്സ്യബന്ധനം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെതന്നെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തുന്നതാണ്. ആഴക്കടൽ മത്സ്യബന്ധനത്തിലുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം പ്രസിദ്ധീകരിച്ച കരടിൽ ഉണ്ടായിരുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഉൾപ്പെടെ ബാധിക്കുമായിരുന്നതുമായ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ ഭൂരിഭാഗവും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ അധികാരപരിധി കൃത്യമായി രേഖപ്പെടുത്തുന്നതിനും തീരക്കടലിലെ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര മറൈൻ ഫിഷറീസ് ബില്ലിൽ മാറ്റങ്ങൾ വരുത്തുന്നതിനായി ചുവടെ പറയുംപ്രകാരം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്:

- 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.
- കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ 2019 - ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തണം.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ് ഗാർഡ്, നേവി എന്നിവരിൽമാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.
- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ് /മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.
- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.
- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികള വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.
- സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യ വിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധനയാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
- 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാതരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

## മത്സ്യകർഷകരുടെയും തൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താൻ നടപടി

356 (1489) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകർഷകരുടെയും തൊഴിലാളികളുടെയും ആളോഹരി വരുമാനം ഉയർത്തി അവരുടെ ജീവിതനിലവാരം മെച്ചെപ്പെടുത്തുക എന്ന നയം പ്രാവർത്തികമാക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മൂല്യവർദ്ധനവ് വഴി മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ടോയെന്നും, ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുത്തുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യ ഉൽപ്പാദനം ഇരട്ടിയാക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 21 ഇനം വിവിധ കൃഷി രീതികൾ ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 2019-20 വർഷത്തിൽ ജനകീയ മത്സ്യകൃഷിക്ക് 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം നീലവിപ്ലവം

പദ്ധതിയിലുൾപ്പെടുത്തി അടങ്കൽ തുക 4,851 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിംഗ് ഓഫ് എഫ്.എം.സി.-കൾ എന്ന പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം 295 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കാൻ അവർ അംഗമായുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം വഴി എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.) പ്രകാരം കേന്ദ്ര സബ്സിഡിയോടുകൂടി പലിശരഹിത വായ്പ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരാണ് പലിശ സബ്സിഡി അനുവദിക്കുന്നത്. കൂടാതെ മത്സ്യഫെഡിന്റെ സഹകരണ സംഘങ്ങൾ വഴി തീരദേശ ലേലം ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. അതുവഴി മത്സ്യത്തിന് ലഭിക്കേണ്ട വില ഉറപ്പാക്കാൻ ഒരുപരിധിവരെ സാധിക്കുന്നു. അതിനായി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കുന്നു. മത്സ്യവിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ അടയ്ക്കുന്നവർക്ക് ഇതിന്റെ അരശതമാനം തുക സർക്കാർ വിഹിതമായി അനുവദിച്ച് ആകെ 1.50% തുക ഉല്പാദന ബോണസ്സായി നൽകുകയും ചെയ്യുന്നുണ്ട്.

(ബി) മത്സ്യത്തിന്റെ വില മൂല്യവർദ്ധിത ഉല്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്ന ബ്രാന്റിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്. ഈ ഉല്പന്നങ്ങളുടെ വിപണനം ഫിഷ് മാർട്ട് വഴി നടത്തുന്നു. പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനത്തിന് ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർ/ഡീലർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശീതീകരിച്ച മത്സ്യത്തിന്റെയും ചെമ്മീൻ തോടിൽനിന്നുള്ള കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തുന്നു.

ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മൂല്യവർദ്ധനവ് വഴി മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ പൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ദേശീയ മത്സ്യവികസന ബോർഡ്/ കേന്ദ്ര സർക്കാർ ധനസഹായത്തോടെ 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന്

അനുമതി ലഭിച്ചു. ഇതിൽ 36 എണ്ണം പൂർത്തീകരിച്ചു. 2 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലും മറ്റൊരെണ്ണം പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇതുകൂടാതെ കിഫ്ബിയിൽനിന്നുള്ള ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 25 പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂരിൽ 502.00 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന പദ്ധതി പരിഗണനയിലാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ' ഡ്രിഷ് കേരള' എന്ന പേരിൽ മൂല്യവർദ്ധിത ഉണക്കമത്സ്യ ഉൽപ്പന്നങ്ങളും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ച് ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്തു നൽകിയിട്ടുണ്ട്. 2019-20 വർഷത്തിൽ ICZMP (ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ചലീൽ ഗോപാലപേട്ടയിൽ ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് ഹബ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. Society for Assistance to Fisherwomen (SAF) മുഖാന്തിരം മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ ഉണക്ക മത്സ്യ വിപണനവും തീരമൈത്രി എന്ന ബ്രാന്റ് നാമത്തിൽ വിപണിയിലെത്തിക്കുന്നു. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 4 കോടി രൂപ അടങ്കൽ തുകയുള്ള വിഴിഞ്ഞം ഫിഷ് പ്രോസസ്സിംഗ് സെന്റർ-ന് അനുമതി നൽകി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(സി) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പാക്കുന്നതിനുമായി അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പ് വരുത്തുന്നതിനുതകുന്ന മത്സ്യ ലേലം, വിപണനം, ഗുണനിലവാര പരിപാലനം ബിൽ സർക്കാർ പരിഗണനയിലാണ്.

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പാക്കേജ്

357 (1490) ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കടലോരത്ത് അൻപത് മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്നവർ നിരന്തര കടലാക്രമണ ഭീഷണി നേരിടുന്നതിനാൽ അവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിരുന്നോ; ഇത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്എന്നറിയിക്കാമോ;

(സി) 2018-ലെ മഹാപ്രളയത്തിൽ കേടുസംഭവിച്ച മത്സ്യബന്ധന തുറമുഖങ്ങളും മത്സ്യം കരയ്ക്കടുപ്പിക്കുന്ന കേന്ദ്രങ്ങളും പുനരുദ്ധരിക്കുവാൻ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ; ആണെങ്കിൽ അതിന്റെ കാരണമെന്തെന്നും ഇതിനായി കേന്ദ്രസർക്കാരിൽ എന്തെങ്കിലും പദ്ധതി രൂപരേഖ സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി ബജറ്റിൽ പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജ് ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് മത്സ്യത്തൊഴിലാളി മേഖലയോട് കാണിക്കുന്ന അവഗണന ആണെന്നതിനാൽ പ്രസ്തുത പാക്കേജ് അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഈ സർക്കാർ സ്വീകരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു:

(1) ബി.ഐ.എഫ്&എച്ച്.ഡി.എഫ് (2016-17) സമഗ്ര ഭവന പദ്ധതി

ഭൂരഹിതരും ഭവനരഹിതരുമായ 800 മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. പദ്ധതിപ്രകാരം സ്ഥലം വാങ്ങിയ 699 പേരിൽ 620 പേർ ഇതിനകം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(2) <u>കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജ് (2016-17)</u>

കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. പദ്ധതിപ്രകാരം സ്ഥലം വാങ്ങിയ 129 പേരിൽ 117 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(3) <u>ബി.ഐ.എഫ്&എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി</u>

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്. പദ്ധതിപ്രകാരം സ്ഥലം വാങ്ങിയ 433 പേരിൽ 239 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകി. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി (2017-18)-ൽ 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നത്.

(ബി)അതെ, തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു. 18865 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായി 13,986 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വകയിരുത്തിയിട്ടുണ്ട്. ബാക്കി ആവശ്യമായ തുക വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്താനാണുദ്ദേശിച്ചിട്ടുള്ളത്.

(സി) അല്ല. പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ 18,854.10 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പുലിമുട്ടുകളുടെ പുനർ നിർമ്മാണം, ഹാർബർ ബേസിനിലെയും ചാനലിലെയും അടിഞ്ഞുകൂടിയ മണ്ണ് ഡ്രഡ്ജിംഗ് മുഖേന നീക്കംചെയ്യുന്ന പ്രവൃത്തി, അടിസ്ഥാന സൗകര്യങ്ങളുടെ കേടുപാടുകൾ തീർക്കൽ എന്നിവ ഉൾപ്പെടുന്നു. ടി പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല.

(ഡി) തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 2,000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുന്നതിനായി റിട്ട. ചീഫ് സെക്രട്ടറി ശ്രീ. എസ് എം. വിജയാനന്ദ് ചെയർമാനായി Expert Committee രൂപീകരിച്ചിട്ടുണ്ട്. തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ, മത്സ്യ മാർക്കറ്റിംഗ് എന്നിവ സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. ഇത്തരം പഠനങ്ങൾ നടത്തുന്നതിനായി മുംബൈയിലെ Tata Institute of Social Science (TISS) ഗുജറാത്ത് ആനന്ദിലെ Institute of Rural Management എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. TISS പഠനം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. പഠന പ്രവർത്തനങ്ങൾ തുടരുന്നതിനിടയിൽതന്നെ തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി വിവിധ പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ ഏറ്റെടുത്തിട്ടുള്ള 99.82 കോടി രൂപയുടെ തീരശോഷണം തടയുന്നതിനുള്ള 8 പദ്ധതികളും 70 തീരദേശ സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകരിക്കപ്പെട്ട 294.76 കോടി രൂപയുടെ പദ്ധതികളും 65 മത്സ്യമാർക്കറ്റുകളുടെ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയ 193.46 കോടി രൂപയുടെ പദ്ധതിയും മേൽപ്പറഞ്ഞ 2,000 കോടി രൂപയുടെ പാക്കേജിന്റെ ഭാഗമാണ്. കൂടാതെ 18865 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിന് 1,398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് തയ്യാറാക്കുന്ന ബൃഹത് പുനരധിവാസ പദ്ധതിയും ഇതിന്റെ ഭാഗമാണ്. രണ്ട് പഠന റിപ്പോർട്ടുകളും പൂർത്തിയാകുന്ന മുറയ്ക്ക് ഇനിയും അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതെല്ലാം സംസ്ഥാന സർക്കാരിന്റെ മുൻകയ്യിൽ നടപ്പാക്കുമ്പോൾ, 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തോടനുബന്ധിച്ച് മത്സ്യമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് 1,086.60 കോടി രൂപയുടെ പദ്ധതി രൂപരേഖയും തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല.

## കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

358 (1491) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തെ പ്രതിരോധിക്കുന്നതിന് നിലവിൽ ആശ്രയിക്കുന്ന മാർഗ്ഗങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) കടലാക്രമണ പ്രതിരോധത്തിനുവേണ്ടി പുലിമുട്ടുകൾ നിർമ്മിക്കുന്നത് പരമ്പരാഗത മത്സ്യബന്ധന രീതിയെ തടസ്സപ്പെടുത്തുന്നതാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങൾ കടൽഭിത്തി, ഗ്രോയിൻ, " ഓഫ് ഷോർ ബ്രേക്ക് വാട്ടർ" എന്നിവയുടെ നിർമ്മാണമാണ്.

(ബി&സി) ചെറിയ നീളത്തിലുള്ള പുലിമുട്ടുകളാണ് ഗ്രോയിൻ ഫീൽഡിൽ സാധാരണ ചെയ്യുന്നത്. ഇത് പരമ്പരാഗത മത്സ്യബന്ധന രീതിയെ തടസ്സപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

359 (1492) ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി പോലുള്ള ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും കടൽ മത്സ്യബന്ധനം കൂടുതൽ അപകടകരമാക്കിത്തീർക്കുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി ആധുനികോപകരണങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാസംവിധാനം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) INCOIS നൽകുന്ന മുന്നറിയിപ്പുകളിൽ വളരെ ചെറിയ ശതമാനം മാത്രം ശരിയായിവരുന്നത് മുന്നറിയിപ്പ് അവഗണിക്കുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രേരിപ്പിക്കുന്നതിനും വരുമാന നഷ്ടത്തിനും ഇടയാക്കുന്നത് കണക്കിലെടുത്ത് കൃത്യതയാർന്ന മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) മത്സ്യത്തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും സമ്പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കുന്നതിനും ഓരോ ദിവസവും മത്സ്യബന്ധനത്തിന് കടലിൽ പോകുന്നതിന്റെയും തിരിച്ചുവരുന്നതിന്റെയും വിവരങ്ങൾ ശേഖരിക്കാനും പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അവശ്യ സമയത്ത് കടലിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനം ശാക്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) കടലിൽപ്പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ്ജാക്കറ്റുകൾ വിതരണംചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 556 എണ്ണം ജി.പി.എസ്.-ഉം 1132 എണ്ണം ലൈഫ് ബോയെയും വിതരണം ചെയ്ത് കഴിഞ്ഞു. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടുകൂടി അടിയന്തര ഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെവരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. അതിന്റെ ആദ്യഘട്ടമായി 5000 എണ്ണം നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 875 എണ്ണം വിതരണം ചെയ്തു. എന്നാൽ, നിലവിൽ ISRO സാങ്കേതിക വിദ്യ ലഭ്യമാക്കി KELTRON നിർമ്മിച്ചു നൽകുന്ന നാവിക് ഉപകരണങ്ങളിൽ 'one way communication' മാത്രമേ സാധ്യമാകൂവെന്ന പരിമിതി മത്സ്യത്തൊഴിലാളികൾ ചൂണ്ടികാണിച്ചതിന്റെ പശ്ചാത്തലത്തിൽ 'Two way communication' സംവിധാനമുള്ള നാവിക് ഉപകരണം വികസിപ്പിക്കുന്നതിന് ISRO-യെ ചുമതലപ്പെടുത്തുകയും ISRO അത് വികസിപ്പിച്ചെടുക്കുകയും ചെയ്തുകഴിഞ്ഞു. ഇനി വ്യവസായികാടിസ്ഥാനത്തിൽ അത്തരം നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് KELTRON-ന് ISRO സാങ്കേതിക വിദ്യ കൈമാറുകയും നാവിക് ഉപകരണങ്ങളുടെ ഉല്പാദനം പുനഃരാരംഭിക്കേണ്ടതുമുണ്ട്. 'Two way communication' സംവിധാനമുള്ള നാവിക് ഉപകരണമേ ഇനി തൊഴിലാളികൾക്ക് വിതരണം ചെയ്യാനുദ്ദേശിക്കുന്നുള്ളൂ. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക് ബി.എസ്.എൻ.എൽ-മായി ചേർന്ന് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയതനുസരിച്ച് വിതരണംചെയ്ത് വരികയുമാണ്. ഇതുവരെ 24 എണ്ണം വിതരണംചെയ്തു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി കൂടുതൽ ബലവത്തായ 120 എഫ്.ആർ.പി. ബോട്ടുകൾ (മത്സ്യബന്ധന യൂണിറ്റുകൾ) സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്ന് 40% സബ്സിഡിയോടെ 200 എഫ്.ആർ.പി. മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കഴിയുന്നത്ര വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. 2019-20 പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 1500 മത്സ്യബന്ധന യാനങ്ങൾക്ക് 75% സബ്സിഡിയോടുകൂടി DAT, VHF, GPS എന്നിവയുൾപ്പെടുന്ന കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ കൃത്യതയുള്ളതും ദൈർഘ്യം കുറഞ്ഞതുമായ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് മനസ്സിലാക്കുന്ന വിധം പ്രാദേശിക ഭാഷകളിലുൾപ്പെടെ നൽകുവാനും അടിയന്തര ഘട്ടങ്ങളിൽ ശബ്ദ സന്ദേശങ്ങൾ നൽകുവാനും INCOIS നോടഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും സമ്പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി ഫിഷർമെൻ ഫാമിലി രജിസ്റ്റർ (FFR) തയ്യാറാക്കി വരുന്നു. ഇതിനകം 233500 മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും ആ വിവരം രേഖപ്പെടുത്തുന്നതിന് സഹായകമായ NIC വികസിപ്പിച്ചെടുത്ത "സാഗര" മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിവരുന്നു. നിലവിൽ 15,597 മത്സ്യബന്ധന യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) രക്ഷാ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 60 ഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചുവരുന്നു. ഓരോ ഗ്രാമത്തിലും 5 യാനങ്ങളും ഒരു യാനത്തിൽ 3 പേർ എന്ന ക്രമത്തിൽ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. കൂടാതെ സ്ക്വാഡിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ രക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ലഭ്യമാക്കും.

കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കഴിയുന്നത്ര വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

**മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

360 (1493) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 2018-19 സാമ്പത്തിക വർഷം ഒരുകോടി രൂപയുടെ ഭരണാനുമതി നൽകിയതിൻപ്രകാരം ആദ്യഘട്ടമായി പരമ്പരാഗത യാനങ്ങൾക്ക് (ഹള്ള്) മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. 647 മത്സ്യത്തൊഴിലാളികൾ (യാനങ്ങൾ) ടി പദ്ധതിയിൽ അംഗങ്ങളാകുകയും സർക്കാർ വിഹിതം പ്രീമിയം തുകയുടെ 90%, ഗുണഭോക്തൃ വിഹിതം 10% എന്ന രീതിയിൽ പൊതുമേഖലാസ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയത്. നിശ്ചിത വിലയുടെ 1.5% + ടാക്സ് പ്രീമിയം തുക ആയിട്ടാണ് കണക്കാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനു പുറമേ എഞ്ചിനുംകൂടി ഇൻഷ്വറൻസ് കവറേജ് ലഭ്യമാകത്തക്കവിധത്തിൽ പദ്ധതി നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. നിലവിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

361 (1494) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം മത്സ്യബന്ധനയാനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എത്രകോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്; എത്രപേർക്ക് എത്ര തുകയാണ് ഇതിൽനിന്നും നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്;

(സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര പേരാണ് അപേക്ഷിച്ചിട്ടുള്ളത്; ഇതിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെടുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുമ്പോൾ നഷ്ടപരിഹാരമെന്ന നിലയിൽ 2018 മുതൽ 'മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ' നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5%+ ടാക്സ് എന്ന രീതിയിലാണ് പ്രീമിയം തുക കണക്കാക്കുന്നത്. 2018-19-ൽ ഒരു കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 647 യാനങ്ങൾ പദ്ധതിയിൽ ചേർന്നു. ആദ്യ വർഷം ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരുന്നത്. നടപ്പ് വർഷം ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് കവറേജുണ്ട്. 2019-20-ൽ 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്ന് വരികയാണ്.

(ബി & സി) 2018-19 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി ആരും തന്നെ അപേക്ഷിച്ചിരുന്നില്ല. തിരുവനന്തപുരം ജില്ലയിൽനിന്നും 2 ഗുണഭോക്താക്കൾ ക്ലെയിം തുക കിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ ആദ്യത്തെയാളായ ശ്രീ. അബ്ദുൾ മജീദിന് 1,20,000 രൂപ ഇൻഷ്വറൻസ് കമ്പനി നൽകിയിരുന്നു. രണ്ടാമനായ ശ്രീ. പ്രിൻസിന് ക്ലെയിം തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഇൻഷ്വറൻസ് കമ്പനിയിൽനിന്നും അറിയിച്ചിട്ടുണ്ട്.

**മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

362 (1495) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എല്ലാ ബോട്ടുകളും വള്ളങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയവും ലഭ്യമാകുന്ന ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം മുതൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയുംചെയ്യുന്നു. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല. പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്.

(സി) ഇ-ടെണ്ടറിലൂടെ തെരെഞ്ഞെടുത്ത യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായാണ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. 2018-19-ൽ 647 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളാകുകയും ചെയ്തു. 2019-20 വർഷം യാനങ്ങളുടെ ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് കവറേജ് ലഭിക്കും. പൂർണ്ണമായ നഷ്ടത്തിന് നിശ്ചിത വിലയുടെ 1 ശതമാനവും ടാക്സും ചേർന്ന തുകയും പൂർണ്ണവും ഭാഗീകവുമായ നഷ്ടത്തിന് നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും അടങ്ങുന്നതാണ് പ്രീമിയം തുക. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്.

## കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ കായംകുളം ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.-ൽ നടത്തുന്ന നിർമ്മാണം

363 (1496) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.-ന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി നിർമ്മാണ

പ്രവർത്തനങ്ങൾ നടത്തുന്നതിന് 29-6-2018-ലെ G.O.(Rt) No.535/18/FR/PD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ കിഫ്ബി വഴി മറ്റൊരു പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് കാട്ടി ഈ സ്കൂളിനെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരുന്നോ എന്നറിയിക്കാമോ;

(സി) എന്നാൽ കിഫ്ബി വഴി മറ്റ് യാതൊരു പദ്ധതി പ്രവർത്തനങ്ങൾക്കും അനുമതി ലഭിച്ചിട്ടില്ല എന്ന കാര്യം ബന്ധപ്പെട്ട അധികാരികൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ മുൻ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് വിനിയോഗിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. ജി. ഒ. (ആർ.ടി.) നമ്പർ 535/2018/എഫ് & പി.ഡി. ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി പദ്ധതിയിലുൾപ്പെടുത്തുന്നതിനായി തത്വത്തിൽ അംഗീകാരം ലഭിച്ച സ്ക്കൂളുകളുടെ ലിസ്റ്റിൽ കായംകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ എന്ന പേരായിരുന്നു ഉൾപ്പെട്ടിരുന്നത്. എന്നാൽ കായംകുളത്ത് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ എന്നിങ്ങനെ 2 വ്യത്യസ്ത സ്കൂളുകൾ നിലവിലുണ്ടെന്ന് പിന്നീട് ബോദ്ധ്യമാവുകയും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് കിഫ്ബി ഫണ്ടോടുകൂടി KITES മുഖേന നടപ്പാക്കുന്ന പദ്ധതിയിൽ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂൾ, കായംകുളം ഉൾപ്പെട്ടിരുന്നതിനാൽ മേൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചതായി കണക്കാക്കി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ കായംകുളത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള വിശദ പദ്ധതി രൂപരേഖ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിവരികയാണ്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് കിഫ്ബി വഴി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ കായംകുളത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മറ്റ് യാതൊരു പദ്ധതി പ്രവർത്തനങ്ങൾക്കും അനുമതി നൽകിയിട്ടില്ല.

(ഡി) കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളുന്നതിന് നടപടി**

364 (1497) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽ പെട്ട് മരിക്കുകയോ കടലിൽ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;.

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളുന്നതു സംബന്ധിച്ച് 9-10-2019-ലെ സ.ഉ. (കൈ) നമ്പർ 30/2019/DMD പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ബാങ്കുമായി ചേർന്നുള്ള തുടർനടപടികൾ സ്വീകരിക്കുന്നത് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പാണ്. ഇതുസംബന്ധിച്ച് ജില്ലാതല മേൽനോട്ടം അതത് ജില്ലയിലെ ദുരന്തനിവാരണ വകുപ്പിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനാണ്. ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളോട് ബാങ്കുമായും ജില്ലാ ഭരണകൂടവുമായി ബന്ധപ്പെടുന്നതിന് അറിയിപ്പ് നൽകുവാൻ ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വള്ളങ്ങൾ തകർന്നതിന് നഷ്ടപരിഹാരം നൽകുന്നത്**

365 (1498) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി മാസം മുതൽ ഇന്നുവരെ കൊയിലാണ്ടി മണ്ഡലം പരിധിയിലെ വള്ളങ്ങൾ തകർന്നതിന് നഷ്ടപരിഹാരം അഭ്യർത്ഥിച്ചുകൊണ്ട് കൊയിലാണ്ടി എം.എൽ.എ.യുടെ ഉപരിപത്രം സഹിതം ഫിഷറീസ് മന്ത്രിയുടെ ഓഫീസിൽ നിന്നും എത്ര അപേക്ഷകൾ സംസ്ഥാന ഫിഷറീസ് ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഓരോ അപേക്ഷയിന്മേലും അപേക്ഷകന്റെ പേര്, വള്ളത്തിന്റെ പേര്, സ്വീകരിച്ച നടപടികൾ എന്നീ ക്രമത്തിൽ വിവരങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം വള്ളങ്ങൾക്ക് എത്ര രൂപ വീതം നഷ്ടപരിഹാരം ഇതിനോടകം നൽകിയിട്ടുണ്ട് എന്നിവയും പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2018 ജനുവരി മാസം മുതൽ ഇന്നുവരെ കൊയിലാണ്ടി മണ്ഡലം പരിധിയിലെ വള്ളങ്ങൾ തകർന്നതിന് നഷ്ടപരിഹാരം അഭ്യർത്ഥിച്ചുകൊണ്ട് കൊയിലാണ്ടി എം.എൽ.എ. ശ്രീ. കെ. ദാസൻ മുഖേന 14 അപേക്ഷകൾ ഫിഷറീസ് വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും ഫിഷറീസ് ഡയറക്ടറേറ്റിലേക്ക് ലഭ്യമായിട്ടുണ്ട്. 9-8-2019-നുണ്ടായ ചുഴലിക്കാറ്റിൽപ്പെട്ട് നാശനഷ്ടം സംഭവിച്ച വള്ളങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനാണ് ടി അപേക്ഷകൾ ലഭ്യമായിരുന്നത്.

(ബി) ആവശ്യപ്പെട്ട വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു. *

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**വള്ളങ്ങൾക്ക് ലഭിക്കുന്ന നഷ്ടപരിഹാരം**

366 (1499) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് തകർന്നു പോകുന്ന വള്ളങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന നഷ്ടപരിഹാരതുക തീരെ അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് തകർന്നുപോകുന്ന വള്ളങ്ങൾക്ക് ജില്ലാ കളക്ടറുടെ SDRF-നിന്നും നഷ്ടപരിഹാരം ലഭ്യമാക്കി വരുന്നുണ്ട്. ആയതിനു പുറമേ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾ പൂർണ്ണമായോ ഭാഗീകമായോ തകർന്നാൽ നഷ്ടപരിഹാരമായി 'മത്സ്യബന്ധന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ' എന്ന പദ്ധതി 2018 മുതൽ നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 647 മത്സ്യത്തൊഴിലാളികൾ (വള്ളങ്ങൾ) ഗുണഭോക്താക്കൾ ആകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ 90% പ്രീമിയവും സർക്കാരാണ് വഹിക്കുന്നത്. ടി പദ്ധതിയിൽ അംഗമായവരിൽ നഷ്ടം സംഭവിച്ചവർക്ക് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകി വരികയാണ്. നടപ്പ് സാമ്പത്തിക വർഷം യാനത്തിനു പുറമേ എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ലഭ്യമാകത്തക്കവിധത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയാണ് ഈയിനത്തിൽ വകകൊള്ളിച്ചിട്ടുള്ളത്.

ഇതുകൂടാതെ പ്രകൃതിക്ഷോഭംമൂലം (ഓഖി പോലുള്ള ദുരന്തങ്ങളിൽപ്പെടുന്നവർ) നഷ്ടം സംഭവിക്കുന്ന യാനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണവും ഉപഗ്രഹ ഫോണും**

367 (1500) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണം നൽകുമെന്ന പ്രഖ്യാപനം ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഇതിനകം ഉപകരണം നൽകിയെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഗുണഭോക്തൃ വിഹിതമായി മത്സ്യത്തൊഴിലാളികളിൽനിന്ന് തുക ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഈടാക്കിയത്; വ്യക്തമാക്കുമോ;

(സി) ആഴക്കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ ഫോൺ നൽകുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ഉപഗ്രഹ ഫോൺ അനുവദിച്ചു; അറിയിക്കുമോ;

(ഡി) തൊഴിലാളികളുടെ ഗുണഭോക്തൃ വിഹിതമായി എന്ത് തുകയാണ് ഇത് കൈപ്പറ്റിയവരിൽനിന്നും ഈടാക്കിയത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര ഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ 15,000 എണ്ണം വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 5000 എണ്ണം നാവിക് ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 875 ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണങ്ങളിൽ നിലവിലുള്ള One Way Communication മാത്രമേ സാധ്യമാകുന്നുള്ളൂവെന്ന പോരായ്മ ഉണ്ടെന്ന മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം പരിഗണിച്ച് Two Way Communication സാധ്യമായ നാവിക് ഉപകരണം വികസിപ്പിച്ചെടുക്കുന്നതിന് ISRO-യെ ചുമതല പ്പെടുത്തുകയും അവർ അത് വികസിപ്പിച്ചെടുത്തിട്ടുമുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ Two Way Communication സംവിധാനമുള്ള നാവിക് ഉപകരണം നിർമ്മിക്കുവാൻ KELTRON-ന് ISRO സാങ്കേതിക വിദ്യ കൈമാറി കിട്ടുന്നതോടെ നാവിക് ഉപകരണങ്ങളുടെ ഉൽപ്പാദനം പുനരാരംഭിക്കും. ഇനി അത്തരം ഉപകരണമേ വിതരണം ചെയ്യാനുദ്ദേശിക്കുന്നുള്ളൂ.

(ബി) ഉണ്ട്. ഗുണഭോക്തൃവിഹിതമായി മത്സ്യത്തൊഴിലാളികളിൽ നിന്ന് ഒരു യൂണിറ്റിന് 1,500 രൂപ ഈടാക്കിവരുന്നു.

(സി) ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് ബി.എസ്.എൻ.എൽ - മായി ചേർന്ന് 1000 ഉപഗ്രഹഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയതനുസരിച്ച് ഇതിനകം 24 ഉപഗ്രഹഫോണുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്ന് ഒരു യൂണിറ്റിന് 1,000 രൂപ നിരക്കിലും ബോട്ടുടമകളിൽനിന്ന് ഒരു സാറ്റലൈറ്റ് ഫോണിന്റെ ആകെ വിലയുടെ 50 ശതമാനവും ഈടാക്കിവരുന്നു.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ പനച്ചമൂട് പബ്ലിക് മാർക്കറ്റിന്റെ നവീകരണം

368 (1501) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പനച്ചമൂട് പബ്ലിക് മാർക്കറ്റിന്റെ നവീകരണത്തിനായി തയ്യാറാക്കിയ ഡി.പി.ആർ.-ന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തര പ്രാധാന്യത്തോടെ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പനച്ചമൂട് പബ്ലിക് മാർക്കറ്റ് കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പദ്ധതി പ്രദേശം സന്ദർശിച്ച് ആവശ്യമായ പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ കഴിയുന്നതാണ്.

## അന്തിപ്പച്ച പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി

369 (1502) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി വില്പന നടത്തുന്ന 'അന്തിപ്പച്ച പദ്ധതി' സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(ബി) മാലിന്യങ്ങളും രാസപദാർത്ഥങ്ങളും ചേർന്ന മത്സ്യ വിപണനം തടയാൻ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ആരംഭിച്ച അന്തിപ്പച്ച മൊബൈൽ യൂണിറ്റ് നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

(ബി) മാലിന്യങ്ങളും രാസപദാർത്ഥങ്ങളും ചേർന്ന മത്സ്യവിപണനം തടയുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിലെ കൂടി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം സജീവമാണ്. രാസവസ്തുക്കൾ കലർത്തിയിട്ടുള്ള മത്സ്യ

വിൽപ്പന തടയാൻ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും പരിശോധന നടത്തിവരുന്നു.

സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യവിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Himedia Company-ക്ക് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്ത് വിതരണം ചെയ്തും വരുന്നു.

## നെയ്യാറ്റിൻകര നഗരസഭയിലെ മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ

370 (1503) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഡി. പി. ആർ. പൂർത്തീകരിച്ചോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് വേണ്ടിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മത്സ്യമാർക്കറ്റിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ & ബി) നെയ്യാറ്റിൻകര നഗരസഭയിലെ മത്സ്യമാർക്കറ്റ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന് 416.30 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത മാർക്കറ്റ് നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്. ഡി.പി.ആർ. പൂർത്തീകരിച്ച ശേഷമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

371 (1504) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) കൊല്ലം ജില്ലയിൽപ്പെട്ട ഏതെല്ലാം മത്സ്യമാർക്കറ്റുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ പദ്ധതി തുക എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) അനുമതി ലഭ്യമാക്കി നവീകരണ പ്രവൃത്തികൾ കഴിവതും വേഗം ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പദ്ധതി വിഹിതം, ബ്ലൂ റെവല്യൂഷൻ പദ്ധതി വിഹിതം, എൻ.എഫ്.ഡി.ബി. ധനസഹായം എന്നിവ പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് 40 മാർക്കറ്റുകൾ നവീകരണത്തിന് വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർത്തിരിക്കുന്നു *

(ബി) കൊല്ലം ജില്ലയിൽപ്പെട്ട 24 മത്സ്യമാർക്കറ്റുകൾ നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് ഒരോ മത്സ്യമാർക്കറ്റുകളും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, ഡ്രോയിംഗ് എന്നിവയടങ്ങിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

## ഓപ്പറേഷൻ സാഗർ റാണി

372 (1505) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷാംശമുള്ള രാസവസ്തുക്കൾ അടങ്ങിയ മത്സ്യം വിപണിയിൽ എത്തുന്നത് തടയാൻ സർക്കാർ ആരംഭിച്ച ഓപ്പറേഷൻ സാഗർ റാണി പദ്ധതിയുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഇപ്രകാരം രാസവസ്തുക്കൾ അടങ്ങിയ മത്സ്യം പരിശോധിക്കാൻ സംസ്ഥാന സർക്കാരിന്റെ പരിശോധനാ ലാബുകളിൽ നിലവിൽ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) മത്സ്യത്തിൽ സ്വാഭാവികമായ ഫോർമാലിൻ ഉത്പാദിപ്പിക്കപ്പെടാറുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരമുള്ള ഫോർമാലിന്റെ അനുവദനീയമായ അളവ് എത്രയാണെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്; ഇതിനാധാരമായ പഠന രേഖകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനുള്ള പരിശോധനാ സംവിധാനം നിലവിലുണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത ഫോർമാലിൻ ഡിറ്റെക്ഷൻ കിറ്റ് ഉപയോഗിച്ചും പരിശോധന നടത്തുന്നുണ്ട്.

(സി) മത്സ്യത്തിലെ ഫോർമാലിന്റെ സ്വാഭാവികമായ അളവ് സംബന്ധിച്ച്, 10-6-2019-ൽ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവ് പ്രകാരം പുഴകളിൽനിന്നും കുളങ്ങളിൽനിന്നും ലഭ്യമാവുന്ന മത്സ്യത്തിൽ ഒരു കിലോഗ്രാമിന് 4 മില്ലി ഗ്രാമും കടലിൽനിന്ന് ലഭ്യമാവുന്ന മത്സ്യത്തിൽ 1 കിലോഗ്രാമിന് 100 മില്ലി ഗ്രാമും ഫോർമാൽഡിഹൈഡ്-ന്റെ അളവ് നിശ്ചയിച്ചിട്ടുണ്ട്. പഠന രേഖകൾ ലഭ്യമായിട്ടില്ല.

**ഉൾനാടൻ മത്സ്യകൃഷി**

373 (1506) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷിയിലൂടെ നിലവിലുള്ള മത്സ്യോല്പാദനം ഇരട്ടിയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി പ്രാവർത്തികമാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ;

(ബി) നശിച്ചുപോയ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥ പുനഃസ്ഥാപിച്ച് ഉൾനാടൻ മത്സ്യകൃഷിയിൽ നിന്ന് ലഭിക്കുന്ന ആദായം വർദ്ധിപ്പിക്കുന്ന പദ്ധതി ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇതിനായി നടപ്പുവർഷം എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 21 ഇനം വിവിധ കൃഷി രീതികൾ ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 2019-20 വർഷത്തിൽ ജനകീയ മത്സ്യകൃഷിക്ക് 74.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷം നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി അടങ്കൽ തുക 4851 ലക്ഷം രൂപ വരുന്ന 6 പദ്ധതികൾ കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) Flood Restoration Package-ൽ ഉൾപ്പെടുത്തി മത്സ്യകൃഷി നശിച്ച കൃഷിയിടങ്ങളുടെ പുനരുദ്ധാരണത്തിന് 40 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം 295 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**മത്സ്യകൃഷി സംരംഭകർക്കുള്ള സഹായങ്ങൾ**

374 (1507) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി മത്സ്യകൃഷി ആരംഭിക്കുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം നൽകുന്ന പദ്ധതികളുണ്ടോ; എങ്കിൽ ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പുതുതായി മത്സ്യകൃഷി ആരംഭിക്കുന്നവർക്കായി എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ജനകീയ മത്സ്യകൃഷി 2019-20 വർഷത്തിൽ മത്സ്യകൃഷിക്ക് 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ ഭാഗമായി പുതുതായി കൃഷി ആരംഭിക്കുന്നവർക്കായി വിവിധ കൃഷി രീതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. പുതുതായി കൃഷി ആരംഭിക്കുന്നവർക്കായി ആകെ തുകയുടെ 40% സബ്സിഡിയായി നൽകുന്നതാണ്. കൂടാതെ മത്സ്യകൃഷിയിൽ ട്രെയിനിംഗും സാങ്കേതിക സഹായവും നൽകിവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മത്സ്യബന്ധനം ഉപജീവനമാക്കിയവർക്കുള്ള സഹായം**

375 (1509) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിൽ മത്സ്യബന്ധനം ഉപജീവനമാക്കിയവർക്ക് മത്സ്യബന്ധന വകുപ്പിൽ നിന്നും വിവിധ സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷത്തിൽ മന്ത്രിസഭയുടെ 1000-ാം ദിനാഘോഷത്തോടനുബന്ധിച്ച് പെരിങ്ങൽക്കുത്ത് റിസർവോയറിൽ 5000 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വവും നൽകിയിട്ടുണ്ട്.

**ആധുനിക മത്സ്യമാർക്കറ്റ് അനുവദിക്കുന്നതിന് നടപടി**

376 (1510) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ആയത് പ്രാവർത്തികമാക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടിയിൽ ആധുനിക മത്സ്യമാർക്കറ്റ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് 261.17 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർക്കറ്റിനുള്ള സ്ഥലം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ സാങ്കേതിക സംഘം സന്ദർശിക്കുകയും തുടർന്ന് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരികയുമാണ്. കിഫ്ബി അംഗീകാരം ലഭ്യമായാൽ ഉടൻ തന്നെ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കരിപ്പുഴ ഫിഷ് മാർക്കറ്റ്

377 (1511) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന കരിപ്പുഴ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ 150.24 ലക്ഷം രൂപ ചെലവിൽ കരിപ്പുഴ മാർക്കറ്റ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് വിശദമായ സർവ്വേ, ഡിസൈൻ, എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ നിർമ്മാണ പദ്ധതികൾ

378 (1512) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-8-2019 വരെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഭരണാനുമതി നൽകിയ നിർമ്മാണ പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; ആയതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-8-2019 വരെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഭരണാനുമതി നൽകിയ നിർമ്മാണ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആയിരംതെങ്ങ് ടി.എം. ചിറപ്പാലം നിർമ്മാണം**

379 (1513) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച ആലപ്പുഴ ജില്ലയിലെ, ദേവികുളങ്ങര പഞ്ചായത്തിലെ ആയിരംതെങ്ങ് ടി.എം. ചിറപ്പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനു വേണ്ടി ഹാർബർ എൻജിനിയറിംഗ് ഡിപ്പാർട്ട്മെന്റ് നൽകിയ എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ആലപ്പുഴ ജില്ലയിലെ കായംകുളം നിയോജകമണ്ഡലത്തിൽ ദേവികുളങ്ങര പഞ്ചായത്തിൽ വാർഡ് 9-ൽപെട്ട ഒരു ചെറിയ ദ്വീപാണ് ടി.എം .ചിറ.കിഴക്കുഭാഗത്തുള്ള കായലും പടിഞ്ഞാറുഭാഗത്തുള്ള ദേശീയ ജലപാതയുമായി ബന്ധിപ്പിക്കുന്ന 50 മീറ്റർ വീതിയിലുള്ള തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി (10 മീറ്റർ സ്പാൻ പാലത്തിന്) 260 ലക്ഷം രൂപ നൽകിയിരുന്നു. ഈ സമയത്ത് പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിൽനിന്നും ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് കൈമാറുമെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പു നൽകിയിരുന്നു. നിലവിലുണ്ടായിരുന്ന നടവഴി അപ്രോച്ച് റോഡായി മാറ്റിയാൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫാം രണ്ടായി മുറിഞ്ഞുപോകുമെന്നതിനാൽ ഫിഷറീസ് വകുപ്പിൽ നിന്നും അനുവാദം ലഭിച്ചില്ല. പിന്നീട് എ.ഡി.എം., ജനപ്രതിനിധികൾ എന്നിവർ ഫിഷറീസ് അധികൃതരുമായി നടത്തിയ ചർച്ചയിൽ ഫിഷ്ഫാം ചിറയുടെ കിഴക്ക് അതിർത്തിയിൽക്കൂടി റോഡ് നിർമ്മിക്കാമെന്ന് ഫിഷറീസ് അധികൃതർ സമ്മതിയ്ക്കുകയുണ്ടായി. ഇതിനെ തുടർന്ന് 30-12-2014-ൽ കൊല്ലം ഫിഷറീസ് ഡി.ഡി.-യുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ എഞ്ചിനീയർമാർ പ്രസ്തുത സ്ഥലം സംയുക്തമായി പരിശോധിച്ചു. അതനുസരിച്ച് ആയിരംതെങ്ങ് ഫിഷ് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ ഫിഷ് ഫാമിന്റെ കിഴക്കെ അതിർത്തിയിലൂടെ 7 മീറ്റർ വീതിയിൽ ഫിഷ് ഫാമിന്റെ ഭൂമിയുടെ ഉടമസ്ഥാവകാശം ഫിഷറീസ് വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് അപ്രോച്ച് റോഡ് നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു. കണ്ടൽക്കാടിന്റെ സ്വാഭാവികതയ്ക്ക് കോട്ടം വരാത്ത രീതിയിൽ ഫാമിന്റെ കിഴക്കേ അതിർത്തിയിൽക്കൂടി

പാലത്തിലേയ്ക്കുള്ള റോഡ് നിർമ്മിക്കാനാണ് വിഭാവന ചെയ്തിരുന്നത്. തന്മൂലം പാലത്തിന്റെ അലൈൻമെന്റ് മാറ്റേണ്ടതായി വരികയും പുതിയ അലൈൻമെന്റിൽ വീണ്ടും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്തു. 50 മീറ്റർ വീതിയിലുള്ള തോടിന്റെ ഇരു കരകളിലും പാലത്തിനുള്ള പൈലുകൾ സ്ഥാപിക്കേണ്ട സ്ഥലത്താണ് ബോറിംഗ് നടത്തി മണ്ണ് പരിശോധന നടത്തിയിട്ടുള്ളത്. പുതിയ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ച് പാലം നിർമ്മിക്കുന്നതിന് 356 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചതിനെ തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ സൈറ്റ് സന്ദർശിക്കുകയുണ്ടായി. പാലത്തിന്റെ മറുഭാഗത്ത് അപ്രോച്ച് റോഡ് ചെന്നിറങ്ങുന്നത് ഒരു സ്വകാര്യ വ്യക്തിയുടെ വസ്തുവിലാണ്. ടി ഭാഗത്ത് റോഡ് കണക്ടിവിറ്റിക്കായി പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകിയാൽ മാത്രമെ പാലം കൊണ്ടുള്ള പ്രയോജനം ഉണ്ടാവുകയുള്ളൂ. ആയതിനാൽ പഞ്ചായത്തിൽനിന്നും അപ്രോച്ച് റോഡിന് സ്ഥലം രേഖാമൂലം ലഭിച്ചതിനുശേഷം പാലം പണിഞ്ഞാൽ മതിയെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിനായി ഫിഷറീസ് വിട്ടുനൽകിയ സ്ഥലം ഇപ്പോൾ കണ്ടൽക്കാടുകൾകൊണ്ട് മൂടിയ നിലയിലാണ്. കണ്ടൽക്കാടുകൾ നീക്കം ചെയ്താൽ മാത്രമേ ഇനി അപ്രോച്ച് റോഡ് നിർമ്മാണവും സാധ്യമാവുകയുള്ളൂ. ആയതിന് പരിസ്ഥിതി സംരക്ഷണ സമിതിയുടെ അനുമതി ലഭിക്കേണ്ടതുമാണ്.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന RIDF-XIX വരെയുള്ള ട്രാഞ്ചെയിൽ ഉൾപ്പെട്ടിട്ടുള്ള ടെണ്ടർ ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഇനി നടപ്പാക്കേണ്ടതില്ലെന്നും ഇത്തരം പദ്ധതികൾ നോൺ സ്റ്റാർട്ടർ പ്രോജക്ടുകളായി റിപ്പോർട്ട് ചെയ്യാനും 20-12-2017-ൽ നടന്ന നബാർഡ് പദ്ധതികളുടെ റിവ്യൂ മീറ്റിംഗിൽ തീരുമാനമായിരുന്നു. തുടർന്ന് ടി പാലം നിർമ്മാണം നോൺ സ്റ്റാർട്ടർ പ്രോജക്ടായി റിപ്പോർട്ട് ചെയ്യുകയും നബാർഡ് പദ്ധതി റദ്ദുചെയ്യുകയും ചെയ്തു.

**മണലൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിർമ്മാണ പുരോഗതി**

380 (1514) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്ന റോഡുകളുടെ നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിൽ 6 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡുകളുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| (1) | (2) | (3) |
| 2017-18 | | |
| 1 | വാടാനപ്പള്ളിപഞ്ചായത്തിലെ വാടാനപ്പള്ളി ബീച്ച് റോഡ് | ദർഘാസ് അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു. |
| 2018-19 | | |
| 2 | വാടാനപ്പള്ളി പഞ്ചായത്ത് സീവാൾ റോഡ് നിർമ്മാണം | പഞ്ചായത്തിൽനിന്നും ലാന്റ് അവയിലബിലിറ്റിസർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. |
| 3 | കരിക്കൊടി തീരദേശറോഡ്, മണലൂർ പഞ്ചായത്ത് | ദർഘാസ് അംഗീകാരത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 4 | മണിച്ചാൽ ബണ്ട് റോഡ് (ശ്മശാനം റോഡ്), എലവള്ളി പഞ്ചായത്ത് | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 5 | കണ്ണേകാത്ത് കുമ്പിള്ളി കെ.എൽ.സി. ബണ്ട് റോഡ് വാർഡ്-2, മുല്ലശ്ശേരി പഞ്ചായത്ത് | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 2019-20 | | |
| 6 | ഫാം റോഡ് | കരാറിലേർപ്പെട്ടിട്ടുണ്ട്. |

## കോസ്റ്റൽ എൻജിനീയറുടെ മേൽനോട്ടത്തിലുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ

381 (1515) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന വകുപ്പിലെ കോസ്റ്റൽ എൻജിനീയറുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ റോഡ് പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**താനൂർ ഹാർബറിന്റെ നിർമ്മാണം**

382 (1516) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഹാർബർ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പുതുതായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഹാർബറിന്റെ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) താനൂർ ഹാർബറിന്റെ നിർമ്മാണം അതിവേഗം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) താനൂർ മത്സ്യബന്ധന തുറമുഖത്തിലെ കരാർ പ്രകാരമുള്ള പുലിമുട്ടുകളുടെയും റിക്ലമേഷൻ ബണ്ടിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മൺസൂൺമൂലം നിർത്തിവച്ച വാർഫിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) ടി ഹാർബറിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നബാർഡ് പദ്ധതിയിൽ 14.86 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി&ഡി) നിലവിലുള്ള കരാർപ്രകാരം പ്രവൃത്തികൾ 2020 മേയ് മാസത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള അനുബന്ധ പ്രവൃത്തികൾ 2020 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹാർബർ നിർമ്മാണത്തിലെ അപാകതകൾ

383 (1517) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലം പതിവായി മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുന്നതായും മരണമടയുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹാർബർ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേന്ദ്രഗവണ്മെന്റ് സ്ഥാപനമായ പൂനെയിലെ CWPRS-ന്റെ മാതൃകാപഠനം അനുസരിച്ചാണ് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം നിർമ്മിച്ചിരിക്കുന്നത്. മൺസൂൺ കാലത്ത് കടൽക്ഷോഭമുള്ള സമയങ്ങളിൽ ഹാർബറിന്റെ പ്രവേശന കവാടത്തിൽ തിരയിളക്കവും തിര മുറിയുന്ന പ്രതിഭാസവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിർമ്മാണത്തിലെ പിഴവ് മൂലമല്ല. നദീമുഖ ഹാർബറുകളിൽ ഇത്തരം പ്രതിഭാസം ഉണ്ടാകാറുണ്ട്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പൊഴിമുഖത്ത് ആഴം കൂട്ടുന്നതിന് M/s അദാനി പോർട്ടിനെ ചുമതലപ്പെടുത്തുകയും ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. അതിനുശേഷം തുറമുഖത്തെ അപകടം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങൾ

384 (1518) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ എത്ര മത്സ്യബന്ധന തുറമുഖങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുറമുഖങ്ങളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും നടന്നത് എപ്പോഴാണെന്നും നിർമ്മാണ ചെലവ് എത്രയാണെന്നും ഏത് പദ്ധതി പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും അറിയിക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തുറമുഖങ്ങളുടെ ശിലാസ്ഥാപനം നടന്നത് എപ്പോഴാണെന്നും എത്ര രൂപയാണ് നിർമ്മാണ ചെലവെന്നും ഏത് പദ്ധതി പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും അറിയിക്കുമോ;

(ഇ) നിർമ്മാണത്തിലിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും കാലവിളംബമുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം മാത്രമാണ് കമ്മീഷൻ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുള്ളത്.

(ബി) <u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം</u>

ശിലാസ്ഥാപന തീയതി - 13-8-2010

ഉദ്ഘാടന തീയതി - 21-8-2015

ചെലവ്- 30.61 കോടി രൂപ

പദ്ധതി 75% CSS.

(സി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും കമ്മീഷൻ ചെയ്തിട്ടില്ല. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ 99% പണികളും പൂർത്തിയായി.

(ഡി) <u>കാസർഗോഡ് മത്സ്യബന്ധന തുറമുഖം</u>

(1) ശിലാസ്ഥാപന തീയതി - 8-1-2010

ചെലവ്- 29.85 കോടി രൂപ

പദ്ധതി - RKVY 100% CSS.

(2) <u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം</u>

ശിലാസ്ഥാപന തീയതി -21-2-2014

ചെലവ്- 45.09 കോടി രൂപ

പദ്ധതി - 75% CSS.

(ഇ) (1) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും പുലിമുട്ടുകളുടെ അകലം വർദ്ധിപ്പിക്കുന്നതിന് തദ്ദേശവാസികളുടെ പരാതി നിലനിൽക്കുന്നതിനാൽ കമ്മീഷൻ ചെയ്യാൻ സാധിച്ചില്ല. പുലിമുട്ടുകളുടെ അകലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2019 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കാൻ നടപടികൾ**

385 (1519) ഡോ. എം. കെ. മുനീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തോടു ചേർന്നുള്ള പൊഴിമുഖത്ത് മത്സ്യബന്ധന ബോട്ടുകൾ അടിക്കടി അപകടത്തിൽപ്പെടുന്നതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപകടങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്നതായും മത്സ്യബന്ധന ബോട്ടുകൾക്ക് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പൊഴിമുഖം അപകട വിമുക്തമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുതലപ്പൊഴി മത്സ്യബന്ധനതുറമുഖത്തിന്റെ പൊഴിമുഖത്ത് 10 മത്സ്യത്തൊഴിലാളികളാണ് മരണപ്പെട്ടിട്ടുള്ളത്. 2016-ൽ 3 പേരും 2017-ൽ 2 പേരും 2018-ൽ 3 പേരും 2019-ൽ 2 പേരും മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 11-10-2018-ന് മുതലപ്പൊഴി ഹാർബറിൽ ശക്തമായ തിരയിൽപ്പെട്ട് ഒരു വള്ളത്തിനും അനുബന്ധ ഉപകരണത്തിനും 5,37,434

രൂപയുടെയും 7-8-2019-ന് പുലിമുട്ടിലിടിച്ച് ഒരു വള്ളത്തിനും എഞ്ചിനും ഏകദേശം 4,50,000 രൂപയുടെയും മറ്റൊരു വള്ളത്തിന് 75,000 രൂപയുടെയും നാശനഷ്ടമുണ്ടായിട്ടുണ്ട്.

(സി) മൺസൂൺ കാലത്ത് കടൽക്ഷോഭമുള്ള സമയങ്ങളിൽ ഹാർബറിന്റെ പ്രവേശന കവാടത്തിൽ തിരയിളക്കവും തിരമുറിയുന്ന പ്രതിഭാസവും ഉണ്ടാകുന്നു. കൂടാതെ തെക്കുഭാഗത്തുനിന്നും കൂടുതൽ മണ്ണ് വടക്കുഭാഗത്തേയ്ക്ക് നീങ്ങുന്നതു കാരണം ഹാർബർ പ്രവേശനകവാടത്തിൽ മണ്ണ് അടിയുകയും പൊഴിമുഖത്ത് ആഴം കുറയുകയും ചെയ്യുന്നു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പൊഴിമുഖത്ത് ആഴം കൂട്ടുന്നതിന് M/s അദാനി പോർട്ടിനെ ചുമതലപ്പെടുത്തുകയും ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. മൺസൂൺ കഴിഞ്ഞ് നടത്തേണ്ട ഡ്രഡ്ജിംഗ് പ്രവൃത്തി ഉടൻ നടത്താൻ ഉദ്ദേശിക്കുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

386 (1520) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിക്കുന്ന റോഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം റോഡുകൾക്കാണ് ഇനിയും സാങ്കേതികാനുമതി ലഭിക്കുവാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത റോഡുകൾക്ക് എത്രയും വേഗം സാങ്കേതികാനുമതി നൽകി നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി 17 റോഡ് പ്രവൃത്തികൾക്ക് 789.52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 റോഡ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 3 റോഡ്

പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുന്നതിനും 2 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റോഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2 റോഡ് പ്രവൃത്തികൾക്കാണ് ഇനിയും സാങ്കേതികാനുമതി ലഭിക്കാനുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. അഴിക്കോടൻ - പള്ളിയറ ക്ഷേത്രം റോഡ്

2. ചാലിൽ കുനംപുരയ്ക്കൽ റോഡ്

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ കരുനാഗപ്പള്ളി സബ് ഡിവിഷൻ, ആലപ്പുഴ ഡിവിഷൻ കാര്യാലയം എന്നിവിടങ്ങളിലാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തി

387 (1521) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; ഡി.പി.ആർ. പ്രകാരമുള്ള അടങ്കൽ തുക എത്രയാണ്;

(സി) മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ ഫണ്ട് വിനിയോഗിക്കുന്നത് കിഫ്ബി വഴിയാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രാഥമിക മോഡൽ സ്റ്റഡി നടത്തുന്നതാണ്. അന്വേഷണ ഗവേഷണ പഠനങ്ങളുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭാഗമായി ബീച്ച് ക്രോസ്സ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീമൺസൂൺ - മൺസൂൺ - പോസ്റ്റ് മൺസൂൺ വേവ്ഡാറ്റ എന്നിവ എത്തിയിട്ടുണ്ട്. ടോപ്പോഗ്രഫിക് സർവ്വെയും പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൂർത്തിയായിവരുന്നു. പ്രാഥമിക മോഡൽ സ്റ്റഡി പ്രകാരം ലഭിക്കുന്ന ടെൺടേറ്റീവ് (Tentative) ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ദ്ധ ഉപദേശത്തിനുമായി പൂനെ, CWPRS-ന് നൽകുന്നതാണ്. മാതൃകാപഠനം പൂർത്തിയാക്കിയശേഷം ഇ.ഐ.എ. സ്റ്റഡി കൂടി നടത്തേണ്ടതുണ്ട്.

(ബി & സി) ടി പദ്ധതിയുടെ അന്തിമ മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ പദ്ധതി രൂപരേഖ തയ്യാറാക്കുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കുന്ന സമയത്ത് മാത്രമേ അടങ്കൽ തുക കണക്കാക്കാൻ കഴിയുകയുള്ളൂ. KIIFB ധനസഹായത്തോടെ പദ്ധതി നിർവ്വഹിക്കുന്നതിനാണ് ശ്രമിക്കുക.

**കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി**

388 (1522) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് നൽകിയ ഉറപ്പ് ഇതുവരെയും പാലിക്കുവാൻ സാധിക്കാത്തതിനാൽ അവിടെ പണി എടുത്തിരുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലും ദുരിതത്തിലുമാണെന്ന വസ്തുത പരിശോധിക്കുമോ;

(സി) പ്രസ്തുത ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാനും തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അത് ഫലപ്രദമാണോയെന്നും വ്യക്തമാക്കുമോ;

(ഡി) കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് രൂപീകരിച്ച കാഷ്യു ബോർഡ് വേറൊരു വെള്ളാനയായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാപ്പക്സിന്റെയും

കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെയും അധീനതയിലുള്ള ഫാക്ടറികൾക്ക് പ്രവർത്തിക്കാനാവശ്യമായ തോട്ടണ്ടിപോലും ഇറക്കുമതി ചെയ്ത് നൽകുവാൻ ഈ ബോർഡിന് സാധിക്കുന്നില്ല എന്ന വസ്തുത പരിശോധിക്കുമോ;

(ഇ) കാഷ്യു ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെയും കാപ്പക്സിന്റെയും അധീനതയിലുള്ള ഫാക്ടറികളിൽ 2019-ൽ ഇതുവരെ എത്ര ദിവസം തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെയും ബഹു. കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് അധികവായ്പ നൽകിവരുന്നുണ്ട്. പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(ഡി) അടിസ്ഥാനരഹിതമായ ആക്ഷേപം മാത്രമാണിത്. പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി ബോർഡ് ലഭ്യമാക്കിവരുന്നു. ഇതിനകം 17000 മെട്രിക് ടൺ തോട്ടണ്ടി കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഒരാഴ്ച്ചയ്ക്കകം 3000 മെട്രിക് ടൺ തോട്ടണ്ടി കൂടി ബോർഡ് ഇറക്കുമതി ചെയ്യുന്നതാണ്. എക്സ് ക്രോ എക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായങ്ങൾക്കും ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കാൻ ബോർഡിന് സാധിക്കുന്നതാണ്.

(ഇ) കാഷ്യൂ ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും മൂലധനനിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപ ഉൾപ്പെടെ 47.6 കോടി രൂപയുടെ അടച്ചുതീർത്ത പ്രവർത്തന മൂലധനം കമ്പനിക്ക് നിലവിലുണ്ട്. കാഷ്യൂ ബോർഡിന്റെ വാർഷിക തോട്ടണ്ടി സംഭരണലക്ഷ്യം 1 ലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുമേഖലയിലേതെന്ന പോലെ

സ്വകാര്യ മേഖലയിലെയും കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു. തോട്ടണ്ടി ഇറക്കുമതിക്ക് ആവശ്യമായ പ്രവർത്തന മൂലധനം സമാഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി രണ്ട് ഘട്ടങ്ങളിലായി 350 കോടി രൂപയുള്ള സർക്കാർ ഗ്യാരണ്ടി കാഷ്യൂ ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) 2019-ൽ ഇതുവരെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികളിൽ 136 ദിവസവും കാപ്പക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിൽ 163 ദിവസവും തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചു.

**കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി**

389 (1523) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ മുൻ ഉടമകൾക്ക് വിട്ടുനൽകിയ ഫാക്ടറികളിലെ അർഹതയുള്ള മുഴുവൻ തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി നൽകാൻ തീരുമാനമായിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിലെ ഏതെല്ലാം ഫാക്ടറികൾ ഇതിൽ ഉൾപ്പെടുമെന്ന് അറിയിക്കാമോ;

(സി) എത്ര തൊഴിലാളികൾക്ക് ആയതിന്റെ ആനുകൂല്യം ലഭ്യമാകും എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി വികസന കോർപ്പറേഷൻ മുൻ ഉടമകൾക്ക് വിട്ടുകൊടുത്ത 4 ഫാക്ടറികളിലെ അർഹതയുള്ള മുഴുവൻ തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള നടപടികൾ 1-10-2019 മുതൽ സ്വീകരിച്ചുവരുന്നു.

(ബി) കൊല്ലം ജില്ലയിലെ നെടുവത്തൂർ, എഴുകോൺ, മുഖത്തല എന്നീ ഫാക്ടറികൾ ഇതിൽ ഉൾപ്പെടും.

(സി) 2233 തൊഴിലാളികൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭ്യമാകുന്നത്.

(നക്ഷത്രചിഹ്നമിടാത്ത 1329, 1508 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല).

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും 4 മാവോയിസ്റ്റുകളെ വെടിവച്ച് കൊന്നത് സംബന്ധിച്ച വാർത്തകൾ വന്നിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ.-യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ തന്നെ ഇത് വ്യാജ ഏറ്റുമുട്ടലാണെന്നാണ് പറയുന്നത്. 4 പേരെ കൊന്നത് വളരെ വ്യക്തമായി പറഞ്ഞു.

മി. സ്പീക്കർ: സഭ ഇന്നലെ വിശദമായി ചർച്ച ചെയ്തതാണ്. (...ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, അവിടത്തെ എൽ.ഡി.എഫ്.-ന്റെ പഞ്ചായത്ത് പ്രസിഡന്റ് ഇത് വ്യാജ ഏറ്റുമുട്ടലാണെന്ന് പറയുന്നു. അവിടത്തെ പാർലമെന്റ് അംഗമായ ശ്രീ. വി. കെ. ശ്രീകണ്ഠൻ, എം. പി. അവിടെ പോകുകയും ഈ നാലുപേരെയും വെടിവച്ചത് ഒരു ഏറ്റുമുട്ടലുമില്ലാതെ നടന്ന സംഭവമാണെന്ന് വളരെ വ്യക്തമായി പറയുകയും ചെയ്യുന്നു. എനിക്ക് അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത് ഇതിന്റെ സത്യാവസ്ഥ വെളിപ്പെടുത്തണം, ഈ സഭയെയും ജനങ്ങളെയും അറിയിക്കണം. ഇത് വ്യാജ ഏറ്റുമുട്ടലാണെന്ന് ശ്രീ. കാനം രാജേന്ദ്രൻ പറയുന്നു. ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇവരെ വെടിവച്ച് കൊന്നതെന്ന് പറയുന്നു. (...ബഹളം...) പോലീസുമായി നെഗോഷ്യേറ്റ് ചെയ്ത് സറണ്ടർ ചെയ്യിക്കാനുള്ള തീരുമാനമെടുത്തതിനിടയിലാണ് വെടിവച്ചതെന്നാണ് ആദിവാസി വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തി പറയുന്നത്. അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ഇതിൽ എന്താണ് സത്യം; എന്താണ് യാഥാർത്ഥ്യം? പൊതുസമൂഹം അറിയേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെയും ജനങ്ങളെയും യാഥാർത്ഥ്യം അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് പറയാനുള്ളത് സീറോ അവറിൽ ഉന്നയിച്ചു. ഇന്നലെ ചർച്ച ചെയ്ത കാര്യമാണ്. എന്ത് മറുപടി പറയണമെന്ന് ചെയറിന് പറയേണ്ട ആവശ്യമില്ലല്ലോ.

# II അടിയന്തരപ്രമേയം

## മാർക്ക് ദാനം

മി. സ്പീക്കർ: മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പരീക്ഷയിൽ തോറ്റ വിദ്യാർത്ഥിക്ക് മാർക്ക് ദാനംനൽകി വിജയിപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയതായി പറയപ്പെടുന്ന നിയമവിരുദ്ധ നടപടികൾ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിലും പരീക്ഷാനടത്തിപ്പിലുമുള്ള ഇടപെടലുകളാണെന്നുള്ള ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയെയും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയെയും സംബന്ധിച്ച രണ്ടുകാര്യങ്ങളാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയപ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ പരാമർശിച്ചിട്ടുള്ളത്. അതിൽ ആദ്യത്തേത്, സർവ്വകലാശാലകളുൾപ്പെടെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സ്ഥാപനങ്ങളിൽ ദീർഘനാളായി തീരുമാനമാകാതെ കിടന്ന നൂറുകണക്കിന് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അദാലത്ത് നടത്താൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി 2019 ഫെബ്രുവരി 22-ന് എം. ജി. സർവ്വകലാശാലയിൽ അദാലത്ത് സംഘടിപ്പിച്ചു. ഈ അദാലത്ത് വീഡിയോ കോൺഫറൻസ് മുഖേനയാണ് ഉദ്ഘാടനം ചെയ്തത്. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സിൻഡിക്കേറ്റ് മെമ്പർമാരും മറ്റ് സർവ്വകലാശാലാ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തിരുന്നു. എന്റെ പ്രൈവറ്റ് സെക്രട്ടറി അദാലത്ത് ദിവസം സർവ്വകലാശാലാ അദാലത്തിൽ വരുന്ന വിഷയങ്ങൾ പരിശോധിച്ച് തീരുമാനമെടുത്ത യോഗങ്ങളിലൊന്നും പങ്കെടുത്തിട്ടില്ലെന്നത് അസന്നിഗ്ദ്ധമായി എനിക്ക് പറയാൻ സാധിക്കും. ഉദ്ഘാടന ചടങ്ങിൽ മുൻ സിൻഡിക്കേറ്റ് അംഗമെന്ന നിലയിൽ സംഘാടകരുടെ അഭ്യർത്ഥന മാനിച്ച് അദ്ദേഹം ആശംസാപ്രസംഗം നടത്തിയെന്നത് വസ്തുതയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസരണം അദാലത്തിന്റെ ആരംഭം മുതൽ അവസാനം വരെയുള്ള നടപടികൾ പൂർണ്ണമായും വീഡിയോയിൽ പകർത്തിയിട്ടുണ്ട്. മൂന്നുമണിക്കൂർ അമ്പത്തിയൊൻപത് മിനിട്ട് ദൈർഘ്യമുള്ള ഈ വീഡിയോ എം.ജി. സർവ്വകലാശാലയുടെ ഫെയ്സ് ബുക്കിൽ കാണാവുന്നതാണ്. ഈ വീഡിയോയിൽനിന്നും

ഉദ്ഘാടനത്തിലും അദാലത്തിൽ തീർപ്പായ ഫയലുകളുടെ എണ്ണം എത്രയെന്ന് പ്രഖ്യാപിക്കുന്ന മൂന്നുമിനിറ്റിൽ താഴെമാത്രം ദൈർഘ്യമുള്ള ചടങ്ങിലും എന്റെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്ത ഭാഗം മാത്രം എടുത്ത് സർവ്വകലാശാലയെ കരിവാരിതേയ്ക്കാൻ ശ്രമിക്കുന്നവർ ദൃശ്യമാധ്യമങ്ങൾക്ക് നൽകുകയാണുണ്ടായിട്ടുള്ളത്. അദാലത്തിൽ പങ്കെടുത്ത ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലും പ്രൈവറ്റ് സെക്രട്ടറിയോ പ്രിൻസിപ്പൽ സെക്രട്ടറിയോ അദാലത്തിൽ തീരുമാനങ്ങളെടുക്കുന്ന യോഗങ്ങളിലൊന്നും പങ്കെടുത്തിട്ടില്ലെന്നും പോസ്റ്റ് മോഡറേഷൻ സംബന്ധമായ തീരുമാനങ്ങളൊന്നും അദാലത്ത് ദിവസം തീരുമാനിച്ചിട്ടില്ലെന്നും പറയുന്നുണ്ട്. 2014-ൽ ബഹുമാന്യനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയിൽ അദ്ദേഹം പങ്കെടുത്ത അദാലത്തിൽ 600-ഓളം ഫയലുകളിൽ തീർപ്പുകല്പിച്ചത് അന്നുതന്നെ വലിയ വാർത്തകളായി വിവിധ പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത അദാലത്തിന്റെ നടപടിക്രമങ്ങൾ അനുസരിച്ചാണ് ഇപ്പോഴത്തെ അദാലത്തും നടത്തിയതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. അദാലത്തിൽ പരിഗണിക്കുന്നതിനായി ഓൺലൈൻവഴി ലഭിച്ച അപേക്ഷകൾ അദാലത്തിന്റെ തലേദിവസമായ 21-2-2019-ന് സിൻഡിക്കേറ്റ് പരിഗണിക്കുകയും ബി.ടെകിന് ഒരു മാർക്ക് പോസ്റ്റ് മോഡറേഷൻ നൽകാൻ തീരുമാനിക്കുകയും ചെയ്തു. വൈസ് ചാൻസലർ ഈ തീരുമാനം അംഗീകരിച്ചു. അദാലത്ത് ദിവസമായ ഫെബ്രുവരി 22-ന് മോഡറേഷൻ നൽകാൻ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അദാലത്തിൽ പങ്കെടുത്ത പ്രിൻസിപ്പൽ സെക്രട്ടറി ഇക്കാര്യം രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ബി.ടെക് കോഴ്സിൽ ഒരു വിഷയത്തിനുമാത്രം പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് പരമാവധി 5 മാർക്കുവരെ പോസ്റ്റ് മോഡറേഷൻ നൽകാൻ 30-4-2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഇതുസംബന്ധിച്ച് 17-5-2019-ൽ സർവ്വകലാശാല ഉത്തരവിറക്കുകയും ചെയ്തു. എന്നാൽ ഇത് വിവാദമാകുകയും കേരളത്തിൽ പ്രമുഖ സ്ഥാനത്ത് നിൽക്കുന്ന സർവ്വകലാശാലയുടെ സൽപ്പേരിന് കളങ്കമുണ്ടാക്കാൻ ചില തല്പരകക്ഷികൾ ശ്രമിക്കുകയും ചെയ്ത സാഹചര്യത്തിൽ പോസ്റ്റ് മോഡറേഷൻ തീരുമാനം റദ്ദാക്കാൻ 24-10-2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനമെടുക്കുകയാണുണ്ടായത്. വിവിധ പരീക്ഷകൾക്ക് എത്ര മാർക്ക് മോഡറേഷൻ നൽകണമെന്ന് തീരുമാനിക്കാനുള്ള അധികാരം അതത് സർവ്വകലാശാലകൾക്കാണ്. പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനുമുൻപും ശേഷവും മോഡറേഷൻ നൽകാൻ സർവ്വകലാശാലകൾ തീരുമാനമെടുത്തിട്ടുണ്ട്. കോഴിക്കോട് സർവ്വകാലാശാല ബി.ടെക് കോഴ്സ് പാസ്സാകുന്നതിന് 12-6-2012-ലെ ഉത്തരവുപ്രകാരം 2008 മുതൽ മുൻകാലപ്രാബല്യത്തോടെ 20 മാർക്ക് വരെ മോഡറേഷൻ നൽകാനുള്ള തീരുമാനമെടുത്തത് ഇത്തരുണത്തിൽ സ്മരണീയമാണ്.

ഇതിന്റെ ഗുണഫലം നൂറുകണക്കിന് കുട്ടികൾക്ക് ലഭിക്കുകയും അവരൊക്കെ എഞ്ചിനീറിംഗ് ബിരുദധാരികളായി കാലിക്കറ്റ് സർവ്വകലാശാലയിൽനിന്ന് പുറത്തുപോകുകയും ചെയ്തിട്ടുണ്ട്.

കൊച്ചി സർവ്വകലാശാല 5-1-2012-ലെ ഉത്തരവുപ്രകാരം പോസ്റ്റ് മോഡറേഷൻ മുൻകാല പ്രാബല്യത്തോടെ നൽകാൻ തീരുമാനിച്ചിരുന്നു. എം.ജി. സർവ്വകലാശാല കൈക്കൊണ്ട പോസ്റ്റ് മോഡറേഷൻ തീരുമാനത്തിൽ എനിക്കോ എന്റെ ഓഫീസിനോ യാതൊരു ഉത്തരവാദിത്വവുമില്ല. മോഡറേഷൻ നൽകിയ തീരുമാനത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വം സിൻഡിക്കേറ്റിന് മാത്രമാണ്. നോട്ടീസിൽ പറഞ്ഞ രണ്ടാമത്തെ കാര്യം, KTU-വിലെ അദാലത്തിൽ മൂന്നാം മൂല്യനിർണ്ണയത്തിന് മന്ത്രി ഉത്തരവിട്ടു എന്നുള്ളതാണ്. കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും കേരള സർവ്വകലാശാലയിലും അദാലത്ത് സംഘടിപ്പിക്കുകയും പത്രപ്രവർത്തകരടക്കം ആ അദാലത്തിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. KTU-വിൽ അദാലത്ത് നടക്കുന്ന സമയത്താണ് ഒരു വിദ്യാർത്ഥി തന്റെ ആൻസർ ഷീറ്റിന്റെ ഫോട്ടോകോപ്പിയുമായി അതിൽ പങ്കെടുക്കാൻ വരുന്നത്. ആ ചെറുപ്പക്കാരന്റെ മുഖത്ത് അപ്പോഴുണ്ടായിരുന്ന വികാരമെന്തായിരുന്നുവെന്ന് എനിക്ക് തിട്ടപ്പെടുത്തി പറയാൻ കഴിയില്ല. അവന്റെ കണ്ണിൽ പ്രകാശമായിരുന്നോ അഗ്നിയായിരുന്നോ എന്ന് ആ മുഖം കണ്ട ആരും സംശയിച്ച് നിൽക്കേണ്ടതായി വരും. അദ്ദേഹം പറഞ്ഞത് ഒരേയൊരു കാര്യം മാത്രമാണ്. ആ പേപ്പറിൽ അദ്ദേഹത്തിന് ജയിക്കാനുള്ള മാർക്ക് ശരിയായ വാല്യുവേഷൻ നടന്നാൽ ലഭിക്കും. ശരിയായ രീതിയിൽ വാല്യുവേഷൻ നടത്താത്തതുകൊണ്ടാണ് താൻ പരാജയപ്പെട്ടത്. ആ പരാതി ഞാൻ വൈസ് ചാൻസലർക്ക് കൈമാറി. അങ്ങനെയാണ് പ്രഗത്ഭരായ അദ്ധ്യാപകരുടെ ഒരു സംഘത്തെ പിന്നീട് സർവ്വകലാശാല തന്നെ നിയോഗിച്ച് വാല്യുവേഷൻ നടത്തി ആ കുട്ടിക്ക് ജയിക്കാനുള്ള മാർക്ക് യോഗ്യതയ്ക്കനുസരിച്ച് കിട്ടിയത്. അത് അരും ഔദാര്യമായി കൊടുത്തതായിരുന്നില്ല. ദേവസ്വം ബോർഡിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരനായ വ്യക്തിയുടെ മകന്, ഈ പേപ്പറിൽ ജയിക്കാനുള്ള മാർക്ക് കിട്ടിയപ്പോൾ അഞ്ചാമത്തെ റാങ്കാണ് ആ സർവ്വകലാശാലയിൽ ആ മിടുമിടുക്കന് ലഭിച്ചത്. 91 ശതമാനത്തിലധികം മാർക്കോടെ ഈ വിദ്യാർത്ഥി ബി.ടെക് ഓണേഴ്സ് ബിരുദം കരസ്ഥമാക്കുകയും ചെയ്തു. ഇതാണ് അവിടെ നടന്നിട്ടുള്ള സംഭവങ്ങൾ. ഒരാളും ഒരാൾക്കും മാർക്ക് ദാനം ചെയ്തതല്ല. നമ്മളെക്കുറിച്ച്, നമ്മുടെ കുടുംബങ്ങളെക്കുറിച്ച് ഇങ്ങനെയൊക്കെ പറയുമ്പോൾ നമുക്ക് വേദനിക്കാറുണ്ട്,

വിഷമം അനുഭവപ്പെടാറുണ്ട്. ഇവിടെ വിദ്യാർത്ഥിക്ക് യോഗ്യതയുണ്ടായിട്ടും മാർക്ക് നിഷേധിക്കപ്പെട്ടത് അവരുടെ കുഴപ്പം കൊണ്ടായിരുന്നില്ല. രണ്ടുപ്രാവശ്യം പേപ്പർ വാല്യു ചെയ്ത അദ്ധ്യാപകർക്കെതിരായി കർശന നടപടികളെടുക്കാൻ സർവ്വകലാശാലതന്നെ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിവരികയാണ്. നമ്മുടെ മുമ്പിലെത്തുന്ന കാര്യങ്ങളോട് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കണമെന്നതിൽ അപ്പുറത്തിരിക്കുന്നവർക്കും ഭിന്നാഭിപ്രായമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. സാങ്കേതികത്വത്തിന്റെ നൂലാമാലയിൽ കുരുക്കി വിദ്യാർത്ഥികളുടെ ഭാവി തുലയ്ക്കുന്ന ഏർപ്പാടിൽനിന്നും അധികൃതർ ഇനിയും പിന്തിരിയേണ്ടതുണ്ട്. ന്യായമായി അർഹതപ്പെട്ടത് ഒരു കുട്ടിക്ക് ലഭിച്ച കാര്യം ആക്ഷേപമായി ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുകയാണ്. അനധികൃതമായി ഒരുതരത്തിലുള്ള ഇടപെടലും നടത്തിയിട്ടില്ല. കോടതികളുടെ ഇടപെടലിനെത്തുടർന്ന് വിവിധ സർവ്വകലാശാലകളിൽ മൂന്നാം വാല്യുവേഷൻ നടക്കാറുള്ളത് പതിവാണ്. സർവ്വകലാശാലകളിൽ വൈസ് ചാൻസലർതന്നെ മുൻകയ്യെടുത്ത് ജന്യുവിനായ കേസുകളിൽ മൂന്നാം വാല്യുവേഷൻ നടത്താറുണ്ടെന്നതും വസ്തുതയാണ്. ഈ രണ്ട് കാര്യങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങളെ അട്ടിമറിക്കാനുള്ള നിഗൂഢ നീക്കങ്ങൾ നടക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളിൽ വ്യത്യസ്ത തീയതികളിലായിരുന്നു പരീക്ഷകൾ നടത്തപ്പെട്ടിരുന്നതും റിസൾട്ടുകൾ പബ്ലിഷ് ചെയ്തിരുന്നതും ഒന്നാംവർഷ പി.ജി./യു.ജി. ക്ലാസ്സുകളും ആരംഭിച്ചിരുന്നതും. അതിനെല്ലാം ഇപ്പോൾ ഒരു വ്യവസ്ഥാപിത രീതിയുണ്ടായി. എല്ലാ സർവ്വകലാശാലകളിലും ഈ വർഷം ഒരു ദിവസമാണ് പി.ജി./യു.ജി. ക്ലാസ്സുകൾ തുടങ്ങിയത്. ചില സർവ്വകലാശാലകളിൽ മുൻ അദ്ധ്യയന വർഷങ്ങളെക്കാൾ മൂന്ന് മാസംമുമ്പ് ഈ അദ്ധ്യയന വർഷം പി.ജി. ക്ലാസ്സുകൾ ആരംഭിക്കാൻ സാധിച്ചുവെന്നത് ചെറിയ കാര്യമായി കാണാൻ സാധിക്കില്ല. മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാത്ത അദ്ധ്യപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് സർക്കാർ തീരുമാനിച്ചു. മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കാത്ത അദ്ധ്യാപകരുടെ ശമ്പളം തൊട്ടടുത്ത മാസം എഴുതേണ്ടതില്ലെന്ന് തീരുമാനിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിലൊക്കെ അതൃപ്തരായ ഒരു സംഘം ആളുകളാണ് സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും നടക്കുന്ന മാറ്റങ്ങളെ കരിവാരി തേയ്ക്കുന്നതിനുവേണ്ടി ഇങ്ങനെയുള്ള വാദഗതികൾ ഉന്നയിച്ച് മുന്നോട്ടുവന്നു കൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള വാദഗതികളെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഏറ്റെടുക്കരുതെന്നാണ് എനിക്ക് വിനയപുരസ്സരം ഈ സന്ദർഭത്തിൽ പറയാനുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് ഒരിക്കൽ കേരള സർവ്വകലാശാല വൈസ് ചാൻസലറെ കാണണമെന്ന് ആഗ്രഹിച്ചു. അദ്ദേഹം വൈസ് ചാൻസലറുടെ അപ്പോയിന്റ്മെന്റെടുത്ത് പോയി കാണുകയാണുണ്ടായതെന്ന് ഞാൻ വായിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും വൈസ് ചാൻസലർക്കും കേരളം ഭരിച്ചിരുന്ന ഭരണാധികാരികളും മന്ത്രിമാരും ഈ സമൂഹവും നൽകിയിരുന്ന വിലയും നിലയും എത്രത്തോളം വലുതായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാനിത് സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയേറ്റെടുത്തതുമുതൽ സർവ്വകലാശാലകളുടെ അക്കാഡമിക്/ഭരണപരമായ കാര്യങ്ങളിൽ കൈകടത്താൻ ശ്രമം നടത്തിയിട്ടുണ്ട്. സർവ്വകലാശാലയുടെ അധികാരസ്ഥാനത്തിരിക്കുന്ന പലരും അത് സമ്മതിക്കാതെവന്ന സാഹചര്യത്തിൽ അദ്ദേഹം പുതിയൊരു ഓർഡിനൻസ് ഗവൺമെന്റിലൂടെ കൊണ്ടുവന്ന് സർവ്വകലാശാലകളിലെ പരീക്ഷാ കൺട്രോളർമാരുടെ കാലാവധി നാല് വർഷമാക്കി ചുരുക്കി പലരെയും പിരിച്ചുവിട്ടു. സാധാരണ പരീക്ഷാ കൺട്രോളർമാരെ നിയമിച്ചിരുന്നത് അവരുടെ റിട്ടയർമെന്റ് കാലാവധി വരെയായിരുന്നു; അതിനുശേഷം ഇഷ്ടക്കാരെ മുഴുവൻ പരീക്ഷാ കൺട്രോളർമാരായി നിയമിച്ചു. ഇവിടെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്. സർവ്വകലാശാലാ നിയമമനുസരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ-വൈസ് ചാൻസലറാണ്. കേരള സർവ്വകലാശാലയുടെ സെക്ഷൻ 8-ൽ പ്രോ വൈസ്ചാൻസലർ ആരാണെന്ന് പറയുന്നുണ്ട്. 'The Minister for the time being administering the subject of education in the State shall be the Pro-Chancellor of the University', അദ്ദേഹത്തിന്റെ ചുമതലയെന്താണ്? 'In the absence of the Chancellor or during his inability to act, the Pro-Chancellor shall exercise all the powers and perform all the functions of the Chancellor' ചാൻസലറില്ലാത്തപ്പോഴും അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത സമയത്തും ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കണമെന്നല്ലാതെ പ്രോ-ചാൻസലറായ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സർവ്വകലാശാലകളിലെ കാര്യങ്ങളിൽ ഇടപെടാൻ ഒരു അധികാരവുമില്ല. ഇനി ഏതെങ്കിലും കാര്യത്തിൽ സർവ്വകലാശാലകൾ ചട്ടം ലംഘിക്കുകയോ മറ്റോ ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന് അഡ്മിനിസ്ട്രേറ്റീവായ കാര്യങ്ങളിൽ രജിസ്ട്രാറുമായി ബന്ധപ്പെടാം. അക്കാഡമിക് കാര്യങ്ങളിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി വഴി അദ്ദേഹത്തിന് വൈസ് ചാൻസലറുമായി ബന്ധപ്പെടാം. ഇവിടെ ബന്ധപ്പെടുക, ഇടപെടുക, എല്ലാ

കാര്യത്തിലും കൈകടത്തുക തുടങ്ങിയ കാര്യങ്ങളാണ് നടന്നത്. സർവ്വകലാശാലകളിൽ മുഴുവൻ അധർമ്മം നിലനിൽക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. അധർമ്മം എവിടെയാണോ ഉള്ളത് അവിടെ ധർമ്മ സംസ്ഥാപനത്തിനായി സാക്ഷാൽ ഭഗവാൻ അവതരിക്കുന്നതുപോലെ അദാലത്തിൽ മന്ത്രി ഡോ. കെ. ടി. ജലീലും അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയും അവതരിക്കുകയാണ്. ആദ്യം ആരോപണമുന്നയിച്ചപ്പോൾ കെ.ടി.യു.-വിൽ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്തില്ലെന്നാണ് പറഞ്ഞത്. ഇപ്പോൾ മിനിട്ട്സ് പുറത്തുവന്നു. വൈസ് ചാൻസലർ എൻഡോഴ്സ് ചെയ്ത മിനിട്ട്സിൽ ഒന്നാമത്തെ ആളായി ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പന്ത്രണ്ടാമത്തെ ആളായി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയും പതിമൂന്നാമത്തെ ആളായി അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും സർവ്വകലാശാലയിൽ നടന്ന ഫയൽ അദാലത്തിൽ പങ്കെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഉദ്ഘാടനം ചെയ്യാൻ പോകാം. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്കും അദാലത്തിൽ എന്താണ് കാര്യം? അവർ രണ്ടുപേരും എന്തിനാണ് അദാലത്തിൽ പങ്കെടുത്തത്; എന്നുമുതലാണ് അവർക്ക് ഈ അധികാരം ലഭിച്ചത്? കണ്ണിൽ പ്രകാശമാണോ അഗ്നിയാണോയെന്ന് തിരിച്ചറിയാൻ സാധിക്കാത്തൊരു കുട്ടിക്ക് ബി.ടെക് പരീക്ഷയിലെ ഒരു പേപ്പറിന് 28 മാർക്കാണ് കിട്ടിയത്. അത് റിവാല്യുവേഷന് കൊടുത്തപ്പോൾ 32 മാർക്കായി. വലിയ വ്യത്യാസമില്ല. അടുത്ത റീവാല്യുവേഷന് ആപ്ലിക്കേഷൻ കൊടുത്തു. പരീക്ഷയ്ക്കൊരു റീവാല്യുവേഷൻ പ്രൊസിഡ്യുവറില്ലേ? മൂന്നാമത്തെ റീവാല്യുവേഷൻ യൂണിവേഴ്സിറ്റി റിജക്ട് ചെയ്തു. അപ്പോഴാണ് ധർമ്മ സംസ്ഥാപനത്തിനായുള്ള അദാലത്ത് വരുന്നത്. കണ്ണിൽ പ്രകാശമുള്ള കുട്ടി അവിടെവച്ച് മന്ത്രിയോട് പരാതി പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അവിടെ വച്ചുതന്നെ റീവാല്യുവേഷൻ കമ്മിറ്റിയുണ്ടാക്കി. റീവാല്യുവേഷൻ കമ്മിറ്റിയുണ്ടാക്കാൻ ഈ മന്ത്രിക്ക് എന്ത് അധികാരമാണുള്ളത്? റീവാല്യുവേഷൻ പരീക്ഷയുടെ വാല്യുവേഷന് തുല്യമാണ്. അവിടെവച്ചുതന്നെ റീവാല്യുവേഷൻ നടത്തിയെന്നും അവിടെയുള്ള മൂന്നുനാലുപേരെ കാണിച്ചുവെന്ന് അദ്ദേഹംതന്നെ പറയുകയാണ്. അങ്ങനെയാണോ റീവാല്യുവേഷൻ നടത്തുന്നത്? റീവാല്യുവേഷനിലൂടെ 32 മാർക്ക് 48 മാർക്കായി ഉയർന്നു. അങ്ങനെ ആ കുട്ടി പരീക്ഷ പാസ്സായി, അഞ്ചാം റാങ്കും കിട്ടി. എന്റെ ഒരു സ്നേഹിതന്റെ മകന്, ഞാൻ പേര് പറഞ്ഞുതരാം, ഒരു യൂണിവേഴ്സിറ്റി പരീക്ഷയിൽ അഗ്രഗേറ്റ് മാർക്ക് 93 ശതമാനമായിരുന്നു. ആ കുട്ടി ഒരു വിഷയത്തിന് തോറ്റു. റീവാല്യുവേഷന് നൽകിയപ്പോൾ റിജക്ട് ചെയ്തു. പിന്നീട് സപ്ലിമെന്ററി പരീക്ഷ എഴുതി പാസ്സായി. അങ്ങനെയാണല്ലോ സാധാരണ ചെയ്യാറുള്ളത്. 93 ശതമാനം മാർക്കുണ്ടായിട്ടും ആ കുട്ടിക്ക് റാങ്ക് കിട്ടിയില്ല.

ഫസ്റ്റ് റാങ്ക് കിട്ടുമായിരുന്നു. സപ്ലിമെന്ററി പരീക്ഷ എഴുതിയതുകൊണ്ടാണ് ലഭിക്കാത്തത്. ബാക്കിയുള്ള പരീക്ഷയ്ക്ക് മാർക്ക് കിട്ടിയിട്ടും ഏതെങ്കിലുമൊരു പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞുപോകുന്ന എത്രയോ കുട്ടികൾ ഈ കോളേജിൽത്തന്നെയുണ്ട്? ബാക്കിയുള്ള പരീക്ഷയുടെ മാർക്ക് നോക്കിയാണോ തോറ്റ വിഷയത്തിന് മാർക്ക് കൂട്ടിക്കൊടുക്കുന്നത്? എത്ര ലാഘവത്തോടുകൂടിയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ഇതേ കോളേജിൽ ഒരു പേപ്പർ പാസ്സാകാത്ത നിരവധി കുട്ടികളുണ്ട്. അവർക്കാർക്കും ആനുകൂല്യമില്ല. 2009 ഫെബ്രുവരി 22-ാം തീയതി വീണ്ടും ധർമ്മസംസ്ഥാപനത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അദാലത്ത് നടക്കുകയാണ്. അവിടെ വീഡിയോ കോൺഫറൻസിലാണ് മന്ത്രി പങ്കെടുത്തത്. അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്ത് ആശംസാപ്രസംഗം നടത്തി. എന്നുമുതലാണ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ ആശംസാപ്രസംഗം നടത്തിത്തുടങ്ങിയത്? ഞാൻ കണ്ടിട്ടില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ ആശംസാപ്രസംഗം നടത്താൻ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയെ അനുവദിക്കുമോ? അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി പേടിച്ച് ആഡിറ്റോറിയത്തിന്റെ പുറത്തുനിൽക്കും. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇക്കാര്യത്തിലുള്ള നിലപാടെന്താണെന്ന് പ്രൈവറ്റ് സെക്രട്ടറിക്കറിയാം. ഇവിടെ മന്ത്രിയില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി ആശംസാപ്രസംഗം നടത്തുന്നു. ആ പ്രൈവറ്റ് സെക്രട്ടറി അവിടെ ഡെപ്യൂട്ടി രജിസ്ട്രാറായിരുന്ന ആളാണ്. സ്റ്റേജിൽ വൈസ് ചാൻസലറും ഡെപ്യൂട്ടി രജിസ്ട്രാറായ പ്രൈവറ്റ് സെക്രട്ടറിയും പരീക്ഷാ കൺട്രോളറും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും അടുത്തടുത്ത് ഇരിക്കുന്നു. ഒരു കുട്ടിക്ക് എൻ.എസ്.എസ്.-ന്റെ ഗ്രേസ് മാർക്ക് വേണം. ഒരു വർഷം രണ്ട് സെമസ്റ്ററുള്ളതിൽ ആ രണ്ട് സെമസ്റ്ററിനും ആ കുട്ടിക്ക് ഗ്രേസ് മാർക്ക് കൊടുത്തു. എന്നിട്ടും ആ കുട്ടി പാസ്സാകാത്തതിനാൽ യൂണിവേഴ്സിറ്റിയെ സമീപിച്ചു. നടപടിക്രമങ്ങളനുസരിച്ച് യൂണിവേഴ്സിറ്റിയുടെ മോഡറേഷനും ഗ്രേസ് മാർക്കും കിട്ടിയിട്ടും പാസ്സായില്ല, പിന്നെയും ഒരു മാർക്ക് കുറവാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി അത് റിജക്റ്റ് ചെയ്തു. അപ്പോഴാണ് അവിടെ വീണ്ടും അദാലത്ത് വന്നത്. പാസ് ബോർഡ് കൊടുത്തതിനുപുറമേ ഒരു മാർക്കുകൂടി കൊടുക്കാൻ അദാലത്ത് തീരുമാനിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതെന്താണ്? അദാലത്തിലല്ല തലേദിവസമാണ് ആ തീരുമാനമെടുത്തതെന്നാണ്. മഹാത്മാഗാന്ധി സർവ്വകലാശാല ഡെപ്യൂട്ടി രജിസ്ട്രാർ പുറത്തിറക്കിയ രേഖയിൽ പറയുന്നു, ഫെബ്രുവരി മാസത്തിൽ സർവ്വകലാശാലയിൽ നടന്ന ഫയൽ അദാലത്തിൽ കൈക്കൊണ്ട തീരുമാനം, വിവരാവകാശ നിയമപ്രകാരം കിട്ടിയതാണ്; ബി.ടെക് കോഴ്സുകൾ കെ.ടി.യു.-വിലേയ്ക്ക് പോയതിനാലും ബാക്കി

സെമസ്റ്ററുകളെല്ലാം ജയിച്ചതിനാലും ഏതെങ്കിലുമൊരു വിഷയത്തിനുമാത്രം എന്നുപറഞ്ഞ് ഈ വിദ്യാർത്ഥിക്ക് ഓരോ മാർക്ക് നൽകുന്നതാണ്. ഈ തീരുമാനം നടപ്പിലാക്കുന്നതിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി സെക്ഷനിൽനിന്നും ഫയൽ സമർപ്പിക്കുകയും അത് വൈസ് ചാൻസലറുടെ ഉത്തരവുപ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അദാലത്തിൽ പാസ്സായിട്ടില്ല, തലേദിവസമാണ് പാസ്സായത്. അത് അദാലത്തിലെ തീരുമാനമാണ്. തലേദിവസത്തെ തീരുമാനമെന്താണ്? തലേദിവസം സെക്ഷനിൽ പോയപ്പോൾ പറഞ്ഞത് ഒരു കാരണവശാലും ഗ്രേസ് മാർക്ക് കൊടുക്കാൻ പാടില്ലെന്നാണ്. വൈസ് ചാൻസലർ ഇതിനുമുമ്പ് റിജക്ട് ചെയ്ത കേസാണിത്. ഒരു കാരണവശാലും കൊടുക്കാൻ പാടില്ലെന്നാണ് സെക്ഷനിൽനിന്നും റിപ്പോർട്ട് ചെയ്തത്. ഈ അദാലത്ത് തീരുമാനമെടുത്തതോടുകൂടി വൈസ് ചാൻസലർ ഇത് അക്കാദമിക് കൗൺസിലിന് വിട്ടു. ആറുമാസം കൂടുമ്പോൾ മാത്രമേ അക്കാദമിക് കൗൺസിൽ കൂടുകയുള്ളൂ. വൈസ് ചാൻസലർക്ക് വേണമെങ്കിൽ ഏഴ് ദിവസത്തിനുള്ളിൽ അടിയന്തരമായി വിളിച്ചുകൂട്ടാം. അക്കാദമിക് കൗൺസിലിനുമുമ്പിൽ ഈ വിഷയം പെന്റിംഗായിരിക്കുന്ന സമയത്ത് സിൻഡിക്കേറ്റ് യോഗം കൂടി. സിൻഡിക്കേറ്റിൽ ഒരു മാർക്ക് കൊടുക്കണമെന്ന ഉത്തരവാണ് പോകുന്നത്. അവിടെയെത്തിയപ്പോൾ സിൻഡിക്കേറ്റംഗങ്ങൾ തമ്മിൽ അടിയായി. അവരിൽ ഒരാൾ പറഞ്ഞു എന്റെ ഒരാൾക്ക് രണ്ട് മാർക്ക് കൊടുക്കണം, അപ്പോൾ വേറൊരാൾ പറഞ്ഞു മൂന്ന് മാർക്കുകൂടി കിട്ടിയാൽ എന്റെ ഒരു കുട്ടി പാസ്സാകും. മറ്റൊരാൾ പറഞ്ഞു നാല് മാർക്കുകൂടി കിട്ടിയാൽ നമ്മുടെ ഒരു കുട്ടി പാസ്സാകും. അപ്പോൾ വേറൊരാൾ പറഞ്ഞു എന്റെ ആളിന് അഞ്ച് മാർക്ക് കിട്ടണമെന്ന്. അങ്ങനെ എല്ലാവരുംകൂടി എല്ലാവർക്കും അഞ്ച് മാർക്ക് കൊടുക്കാൻ തീരുമാനിച്ചു. സിൻഡിക്കേറ്റിന്റെ തീരുമാനമെന്തായിരുന്നു? സർവ്വകലാശാല ഇതുവരെ നടത്തിയിട്ടുള്ള ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലുമൊരു വിഷയം മാത്രം ജയിക്കാനുള്ള വിദ്യാർത്ഥികൾക്ക് നിലവിലുള്ള മോഡറേഷനുപുറമേ പരമാവധി അഞ്ച് മാർക്കുകൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകാൻ തീരുമാനിച്ചു. ഒരു വിഷയത്തിൽ ഒരു മാർക്ക് ആവശ്യപ്പെട്ട് ഒരു കുട്ടി പോയപ്പോൾ ഏതെങ്കിലും സെമസ്റ്ററിൽ ഏതെങ്കിലും കാലത്ത് ഏതെങ്കിലുമൊരു വിഷയം തോറ്റാലും അഞ്ച് മാർക്ക് കൊടുക്കാൻ തീരുമാനിച്ചു. ഇത്ര വിചിത്രമായ ഇടപെടൽ എവിടെയാണ് നടത്തിയിരിക്കുന്നത്? മന്ത്രി പറഞ്ഞു അദാലത്തിലല്ല ഈ തീരുമാനമെടുത്തതെന്ന്. വിവരാവകാശ നിയമപ്രകാരം കിട്ടിയ രേഖയനുസരിച്ച് ഞാൻ പറയുന്ന അദാലത്തിൽത്തന്നെയാണ് തീരുമാനമെടുത്തിരിക്കുന്നത്. യൂണിവേഴ്സിറ്റിയിൽനിന്നുള്ള തീരുമാനം, അതിനുമുമ്പ് തലേദിവസം തീരുമാനമെടുക്കാൻ

ഏത് യൂണിവേഴ്സിറ്റിക്കാണ്; ഏത് സിൻഡിക്കേറ്റിനാണ് അധികാരമുള്ളത്; അവിടെ അക്കാദമിക് കൗൺസിലോ പാസ് ബോർഡോ കൂടിയോ? ഏതെങ്കിലും ബോഡികൂടി തലേദിവസം തീരുമാനിക്കാൻ സാധിക്കുമോ? തലേദിവസമല്ല, അന്നാണ് തീരുമാനിച്ചത്. അന്ന് തീരുമാനിച്ചിട്ട് അത് റഫർ ചെയ്ത് സിൻഡിക്കേറ്റിൽ വന്നപ്പോൾ അത് അഞ്ച് മാർക്കായി മാറി. രണ്ടാമത് ഈ ആരോപണം ഉന്നയിച്ചപ്പോൾ മന്ത്രി പറഞ്ഞത്, എന്റെ പ്രൈവറ്റ് സെക്രട്ടറി ഉദ്ഘാടനത്തിൽ മാത്രമേ പങ്കെടുത്തിട്ടുള്ളുവെന്നും അതിനുശേഷം അവിടെനിന്നും പോയെന്നുമാണ്. അപ്പോഴാണ് മൂന്ന് മണിക്കൂർ നീണ്ടുനിൽക്കുന്ന വീഡിയോ പുറത്തുവന്നത്. മുഴുവൻ സമയവും അദ്ദേഹം അവിടെത്തന്നെയുണ്ടായിരുന്നു. ധർമ്മ സംസ്ഥാപനത്തിനായി മന്ത്രിയില്ലാത്ത സമയത്ത് ഡ്യൂപ്പ് വേണ്ടേ? ഡ്യൂപ്പ് വേണമല്ലോ. ഡ്യൂപ്പ് അവിടെ മുഴുവൻ സമയവും നിന്ന് ഈ കാര്യങ്ങളിലെല്ലാം ഇടപെട്ട് എല്ലാ പരിപാടിയും നടത്തി. വൈസ് ചാൻസലർ ഒരു പ്രാവശ്യം റിജക്ട് ചെയ്ത കേസ്, അക്കാദമിക് കൗൺസിലിന്റെ മുമ്പിൽ പെന്റിംഗായ കേസ്, നിയമപ്രകാരം ഒരുകാരണവശാലും കൊടുക്കാൻ പാടില്ലെന്ന് സെക്ഷനിൽനിന്നും എഴുതിയ കേസ്, അതിന് കൊടുത്തു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒറ്റചോദ്യമാണുള്ളത്, മന്ത്രിക്കോ പേഴ്സണൽ സ്റ്റാഫിനോ സിൻഡിക്കേറ്റിനോ വൈസ് ചാൻസലർക്കോ പരീക്ഷ കഴിഞ്ഞതിനുശേഷം ഇത്തരത്തിൽ മാർക്ക് കൂട്ടിക്കൊടുക്കാനുള്ള അധികാരമുണ്ടെന്ന് എം.ജി. സർവ്വകലാശാല ആക്ടിലോ സ്റ്റാറ്റ്യൂട്ടിലോ ഓർഡിനൻസിലോ റെഗുലേഷനിലോ പരീക്ഷാ മാന്വലിലോ എവിടെയെങ്കിലും കാണിച്ചുതന്നാൽ ഞാൻ ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ പിൻവലിക്കാം. അങ്ങ് പറഞ്ഞു, ന്യായം എവിടെയാണ് വേണ്ടത് അവിടെ ചെയ്യുമെന്നാണ്. ന്യായവും അന്യായവും പരീക്ഷാ നടത്തിപ്പിൽ തീരുമാനിക്കാൻ മന്ത്രിക്ക് എന്ത് അധികാരമാണുള്ളത്? പരീക്ഷയുടെ കാര്യത്തിലുള്ള ന്യായവും അന്യായവും മന്ത്രിക്ക് തീരുമാനിക്കാൻ സാധിക്കുമോ? ആളുടെ മുഖത്തെ പ്രകാശവും അഗ്നിയും നോക്കി പരീക്ഷയ്ക്ക് കൂടുതൽ മാർക്കിട്ട് കൊടുക്കാൻ സാധിക്കുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വൈസ് ചാൻസലറുമായിരുന്ന ഡോ. രാജൻ കുരുക്കൾ മാർക്കുദാന വിവാദത്തിൽ സർക്കാരിനെയും മന്ത്രി കെ. ടി. ജലീലിനെയുംകുറിച്ച് പറഞ്ഞിരിക്കുന്നത് ഫലം വന്നശേഷം ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടാനോ പരിശോധിക്കാനോ സിൻഡിക്കേറ്റിന് അധികാരമില്ലെന്നും പരീക്ഷാ നടത്തിപ്പിനുള്ള സിൻഡിക്കേറ്റിന്റെ ഉപസമിതിക്കുപോലും ഉത്തരപേപ്പറിൽ തിരുത്തൽ വരുത്താനാവില്ലെന്നും പ്രോ-ചാൻസലറായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സർവ്വകലാശാലയുടെ

ഭരണഘടനാപരമായ കാര്യങ്ങളിൽ ഇടപെടാൻ നിയമമില്ലെന്നുമാണ്. മുൻ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ജാൻസി ജെയിംസും സിൻഡിക്കേറ്റംഗമായ മുൻ സർവ്വകലാശാലാ യൂണിയൻ ചെയർമാൻ ശ്രീ. ഹരികുമാറും ശ്രീ. ടി. പി. ശ്രീനിവാസനും ഇക്കാര്യം പറഞ്ഞിരിക്കുന്നു. മന്ത്രി പറഞ്ഞ വാദങ്ങൾക്ക് സപ്പോർട്ടുമായി ഏതെങ്കിലുമൊരു ഇടതുപക്ഷ ബുദ്ധിജീവി, ഏതെങ്കിലുമൊരു വിദ്യാഭ്യാസ വിചക്ഷണൻ ഒരു വാക്ക് അനുകൂലമായി പറഞ്ഞോ? എല്ലാവരും ഇതിനെ എതിർത്തു. പിന്നീട് എം.ജി. യൂണിവേഴ്സിറ്റിയിൽ നഴ്സിംഗ് പരീക്ഷയ്ക്ക് നഴ്സിംഗ് കൗൺസിലിന്റെ റെഗുലേഷൻ ലംഘിച്ച് എല്ലാവർക്കും മാർക്കുദാനം ചെയ്തു. കേരള സർവ്വകലാശാലയുടെ വാല്യുവേഷൻ ക്യാമ്പിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തു. വാല്യുവേഷൻ ക്യാമ്പിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന് എന്താണ് കാര്യം? വി.സി.-യുടെ ചേമ്പറിൽ നടന്ന പരീക്ഷയുടെ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തു. അതിൽ പ്രതിഷേധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചില അംഗങ്ങൾ യോഗത്തിൽനിന്നും ഇറങ്ങിപ്പോയി. അക്കാദമിക് കലണ്ടറിൽ മന്ത്രിയുടെ ഓഫീസ് ഇടപെട്ട് തിരുത്തൽ വരുത്തി. എക്സാം മാനേജ്മെന്റ് കമ്മിറ്റിയെ നിയമിക്കാനും അതിൽ പരീക്ഷാ കൺട്രോളറെ കൂടാതെ ഡീനിനെക്കൂടി നിയമിക്കാനും പറഞ്ഞു. ഡീൻ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ക്ലാസ്മേറ്റായിരുന്നു. Forgery നടത്തിയതുകൊണ്ട് ഒരു സർക്കാർ ജോലിയിലും നിയമിക്കാൻ പാടില്ലെന്നുപറഞ്ഞ് പി.എസ്.സി. ഡീബാർ ചെയ്ത ഒരദ്ധ്യാപകൻ റിസർച്ച് ഗൈഡിന് അപേക്ഷ സമർപ്പിച്ചപ്പോൾ അയാളെ റിസർച്ച് ഗൈഡാക്കാൻ മന്ത്രി യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകി. ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാന്റെ വ്യാജ ഒപ്പിട്ട് ഹാജരാക്കിയ രേഖയാണത്. ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാനറിയാതെ ഈ റിസർച്ച് ഗൈഡിനെ നിയമിച്ചു. അദ്ദേഹത്തിന്റെ പബ്ലിക്കേഷൻ യഥാർത്ഥ ജേർണലിൽ വന്നിട്ടില്ല. ചാൻസലർ ഇടപെട്ടപ്പോൾ അത് പിൻവലിച്ചു. ക്വസ്റ്റ്യൻ പേപ്പറിന് ഇ-ടെണ്ടർ വിളിക്കാനുള്ള നിർദ്ദേശം കൊടുത്തു. എങ്ങനെയാണ് കൺട്രോളർ പരീക്ഷ നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയണം. ഇ-ടെണ്ടർ ക്വസ്റ്റ്യൻ പേപ്പറിൽ നടത്താമോയെന്ന് ഏതെങ്കിലുമൊരു പരീക്ഷാ കൺട്രോളറോട് ചോദിച്ചശേഷം പറയണം. ഏറ്റവും അവസാനം വന്ന വാർത്ത - ഒരു കുട്ടി ഫിസിക്കൽ എഡ്യൂക്കേഷൻ പി.ജി.-ക്ക് പഠിച്ചുകൊണ്ടിരിക്കുകയാണ്. വാല്യുവേഷൻ നടത്തിക്കഴിഞ്ഞപ്പോൾ ആ കുട്ടി ബി.കോം. പാസ്സായിട്ടില്ല. സാധാരണ അത് റദ്ദാക്കണ്ടേ; ഡിഗ്രി പാസ്സാകാതെ പി.ജി. കോഴ്സ് പഠിക്കാൻ പോകുകയാണ്. എന്താണ് ചെയ്തത്; ഉടനെ കേരളാ യൂണിവേഴ്സിറ്റിയിൽ നിർദ്ദേശം കൊടുത്തു.

തോറ്റുപോയിരുന്ന ബി.കോമിന് ഒരു മാർക്ക് കൂട്ടിക്കൊടുക്കാൻ പറഞ്ഞു. ശ്രീ. വി. എസ്. അച്യുതാനന്ദൻ അതിനെതിരായി സ്റ്റേറ്റ്മെന്റ് ഇറക്കിയിട്ടുണ്ട്. എന്തൊക്കെയാണ് നടക്കുന്നത്; മന്ത്രിയുടെ പി.എസ്. ആരാണ്; 'മാർക്ക് ദാന ആരോപണം, ശ്രീ. രമേശ് ചെന്നിത്തലയുടെ ഇലക്ഷൻ തന്ത്രം,' നിങ്ങൾ ആരെങ്കിലും പ്രതിപക്ഷ നേതാവായിരിക്കുന്ന സമയത്ത്, ശ്രീ. വി. എസ്. അച്യുതാനന്ദനോ ശ്രീ. പിണറായി വിജയനോ നേതാവായിരിക്കുന്ന സമയത്ത് ഇവിടത്തെ ഏതെങ്കിലുമൊരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നിങ്ങൾക്കെതിരായി ഇങ്ങനെ പത്രക്കാരോട് പറഞ്ഞാൽ അത് അവകാശലംഘനമാണ്. ഇവിടെ മുഖ്യമന്ത്രിയാണ് ഈ കുഴപ്പം മുഴുവൻ ഉണ്ടാക്കുന്നത്. അദ്ദേഹത്തിന്റെ വകുപ്പൊക്കെ മാറ്റി ഉന്നതവിദ്യാഭ്യാസ വകുപ്പ് കൊടുത്തു. എപ്പോഴും എല്ലാക്കാര്യത്തിലും ഇടപെടണം എന്നാഗ്രഹമുള്ള ഒരു മന്ത്രിക്ക് ഇടപെടാൻ പറ്റാത്തൊരു വകുപ്പ് കൊടുത്താൽ എന്തുചെയ്യും; അദ്ദേഹം തദ്ദേശ സ്വയംഭരണ വകുപ്പിൽ എന്തുമാത്രം ഇടപെടലാണ് നടത്തിയിരുന്നത്; അതുകൊണ്ട് കേരളത്തിൽ കേട്ടുകേൾവിയില്ലാത്ത ഇക്കാര്യങ്ങൾ നടത്തുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഈ മന്ത്രിസഭയിൽനിന്ന് പുറത്താക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് നിയമസഭ ഗൗരവതരമായി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. കെ. ടി. ജലീൽ : സർ, 'മലപോലെ വന്നു, എലിപോലെ പോയി' എന്നതുപോലെയാണ് കാര്യങ്ങൾ. നമ്മുടെ സംസ്ഥാനത്ത് മോഡറേഷനോ പോസ്റ്റ് മോഡറേഷനോ ആദ്യം ഒരു സിൻഡിക്കേറ്റ് തീരുമാനിക്കുന്നതല്ല. അതിൽ മന്ത്രിക്കോ മന്ത്രിസഭയ്ക്കോ യാതൊരു പങ്കുമില്ല. സിൻഡിക്കേറ്റ് മെമ്പർമാരായിരുന്നിട്ടുള്ള ആളുകൾ ഈ സഭയിലുണ്ട്. അവർക്കറിയാം. xxxxxxxxxxxxx* പോസ്റ്റ് മോഡറേഷൻ നൽകി 1500 കുട്ടികളെ എഞ്ചിനീയർമാരാക്കിയത്. xxxxxxxxxxxxx* —ഏതായാലും ശ്രീ. വി. ഡി. സതീശൻ വൈസ് ചാൻസലർമാരുടെ മഹത്വം പറഞ്ഞുകൊടുത്തപ്പോൾ ലീഗുകാർ ചമ്മിയിട്ടുണ്ടാകും. കാരണം, കേരളത്തിന് പുറത്തുനിന്ന്, ഏതോ തട്ടിക്കൂട്ടി സർവ്വകലാശാലയിൽനിന്ന് പി.എച്ച്.ഡി. എടുത്തുവന്ന ഒരാളെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ആക്കാൻ നോക്കിയ ആളുകളാണ്. അവരോട് ഏതായാലും വൈസ് ചാൻസലർമാരുടെ മഹത്വം ശ്രീ. വി. ഡി. സതീശൻ പറഞ്ഞുകൊടുത്തത് നന്നായി എന്നാണ് എനിക്ക് തോന്നുന്നത്. അത് എന്നോടല്ല, ലീഗിനുള്ള മറുപടിയാണ്. അത് കൊടുക്കേണ്ടത് തന്നെയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 6112/ഇ.ബി./2019/ നി.സെ. തീയതി 1-11-2019) സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

പരീക്ഷ എഴുതിയാൽ പാസ്സാകുന്ന ചാക്കീരി പാസ് ഈ കേരളത്തിൽ നടപ്പിലാക്കിയത് ലീഗല്ലേ; ഞങ്ങളാണോ?...(ബഹളം)...എന്നിട്ട് നിങ്ങളാണോ മാർക്കിന്റെയും പഠനത്തിന്റെയും മഹത്വം പറയുന്നത്;...(ബഹളം)...... നിങ്ങൾ അങ്ങനെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. എല്ലാത്തിന്റെയും പരിണിതഫലം എന്തായി; ഹൈക്കോടതിയിൽ പോയില്ലേ; ഹൈക്കോടതി ആട്ടിവിട്ടില്ലേ; ബന്ധു നിയമനവുമായി ബന്ധപ്പെട്ട് ഗവർണർക്ക് പരാതി കൊടുത്തില്ലേ; എന്തായി; ഗവർണർ ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിഞ്ഞില്ലേ; നിങ്ങളുടെ ഈ അസൂയയും പകയും ഞാൻ ജയിച്ച അന്ന് തുടങ്ങിയതാണ്. അത് നിൽക്കില്ല. ...(ബഹളം)...അത് നിൽക്കില്ല. വിദ്യാഭ്യാസ മേഖലയെ തകർത്തെറിഞ്ഞവരാണ് ഇപ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയെ മോശമാക്കി ചിത്രീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രജിസ്ട്രാറുടെയും കൺട്രോളർ ഓഫ് എക്സാമിനേഷന്റെയും ഫിനാൻസ് ഓഫീസറുടെയും കാലാവധി നാല് വർഷമായി പരിമിതപ്പെടുത്തി എന്ന് ഇവിടെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞു. അത് ശരിയാണ്. പരിമിതപ്പെടുത്തി. കാരണമെന്താണെന്നറിയാമോ; പതിനഞ്ചും ഇരുപതും കൊല്ലം ഓരോ പോസ്റ്റിലിരുന്ന് ഏകഛത്രാധിപതികളായി വിലസിയ കാലത്തിന് അന്ത്യം കുറിക്കാൻ സാധിച്ചുവെന്നുള്ളതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇനി ആരുടെ കാലത്തും നിയമിക്കപ്പെടുന്ന രജിസ്ട്രാറോ കൺട്രോളർ ഓഫ് എക്സാമിനേഷനോ ഫിനാൻസ് ഓഫീസറോ ആകട്ടെ നാല് വർഷം മാത്രമേ ആ കസേരയിലിരിക്കൂ. പൊതുയോഗത്തിലാണോ പ്രസംഗിക്കുന്നത് എന്ന് ചോദിക്കുന്ന ആൾ ആരാണ്; ...(ബഹളം)... കേവലം കോഴിക്കോട് അങ്ങാടിയിലെ കവല പ്രസംഗ വേദിയാക്കി മാറ്റിയ മഹാനാണ് ഇപ്പോൾ ഞാൻ അത് ചെയ്യുന്നുവെന്ന് ആക്ഷേപിക്കുന്നത്. മന്ത്രിയുടെ നിലപാട് എന്താണെന്നുള്ളത് എനിക്കറിയാം. ...(ബഹളം)... അത് ശ്രീ. കെ. എം. ഷാജി എന്നെ പഠിപ്പിക്കേണ്ട. കോളേജിന്റെ പടികയറാത്ത ശ്രീ. കെ. എം. ഷാജിക്ക് ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് പറയാൻ എന്ത് അവകാശമാണ്; ...(ബഹളം)... എന്നിട്ട് അവരാണോ എനിക്കെതിരായി പറയുന്നത്? ഉന്നതവിദ്യാഭ്യാസ രംഗത്ത് നടക്കുന്ന മാറ്റങ്ങൾ, യു.ഡി.എഫ്. ഭരണകാലത്ത് സർവ്വകലാശാലാ വൈസ് ചാൻസലർമാരെ ജാതിയും മതവും നോക്കി വീതം വച്ചുനൽകിയിരുന്നു. അവർ നിശ്ചയിച്ച വി.സി.-യെ ഗവർണർ പുറത്താക്കിയത് കേരളം കണ്ടതാണ്. 5 വൈസ് ചാൻസലർമാരെ ഈ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നിയോഗിച്ചു. ജാതിയും മതവും നോക്കിയല്ല, യോഗ്യത നോക്കിയാണ് ഞങ്ങൾ നിയമിച്ചത്. ...(ബഹളം)... പ്രതിപക്ഷം പറയുന്ന ആക്ഷേപം ശരിയാണെന്ന് തെളിയിക്കാൻ സാധിച്ചാൽ അന്ന് ഞാൻ എന്റെ പൊതുപ്രവർത്തനം അവസാനിപ്പിക്കും. ...(ബഹളം)... ഈ വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറുണ്ടോ നിങ്ങൾ; കോടതിയിൽ പോയി

തെളിയിക്കണം, തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ. ...(ബഹളം)... രാഷ്ട്രീയ വൈര്യനിര്യാതന ബുദ്ധിയോടെ ഇവിടെ അവതരിപ്പിച്ച തികച്ചും അപ്രസക്തമായ ഒരു കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചിരിക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ മറുപടിയിലൂടെ നമുക്ക് മനസ്സിലാകുന്നത്. അദ്ദേഹത്തിനെതിരെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ലീഗിന്റെ തലയിലോട്ട് കയറുന്നത് സ്ഥിരം പല്ലവിയാണ്. മാർക്ക് ദാന പ്രശ്നം ഞാൻ പറഞ്ഞപ്പോഴും അദ്ദേഹം പറഞ്ഞതെന്താണ്; ഞാൻ ലീഗിന്റെ ചട്ടുകമാണെന്നാണ്. ഇതൊരു സ്റ്റൈലാണ്. കാരണം, അദ്ദേഹത്തിന് രക്ഷപ്പെടാനുള്ള ഏകമാർഗ്ഗം ലീഗ് വിരോധം പ്രചരിപ്പിക്കുക എന്നതാണ്. ഏതായാലും ഡോ. കെ. ടി. ജലീലിനെപ്പോലൊരാൾ യു.ഡി.എഫ്.-ൽനിന്നും പോയതിൽ ഞങ്ങൾക്ക് വലിയ സന്തോഷമുണ്ട്. ഇവിടെ രണ്ടാഴ്ചമുമ്പ് തളിപ്പറമ്പിൽനിന്നും ഒരു വാർത്ത വന്നിരുന്നു. ...(ബഹളം).... റോഡരികിൽ നിർത്തിയിട്ടിരിക്കുന്ന കാറുകളിൽ മോഷണം നടക്കുന്നു. മോഷ്ടാവ് ആരാണെന്ന് ഒരു പിടിയുമില്ല. ഒടുവിൽ പോലീസ് മഫ്തിയിൽ ഒളിച്ചിരുന്ന് കള്ളനെ പിടിച്ചു. ആളെ കണ്ടപ്പോൾ ഞെട്ടിപ്പോയി. ടൗണിൽ നിരവധി ഷോപ്പിംഗ് മാളുകളുള്ള, വ്യാപാര സ്ഥാപനങ്ങളുടെ ഉടമസ്ഥനായ കോടീശ്വരനാണ് മോഷ്ടാവ്. കാഴ്ചയിൽ തികഞ്ഞ മാന്യൻ. പക്ഷേ മോഷ്ടിക്കാതിരിക്കാൻ പറ്റില്ല. നമ്മുടെ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിന്റെ സ്ഥിതി ഇപ്പോൾ അതാണ്. കാഴ്ചയ്ക്ക് കുലീനൻ, ആദർശത്തിൽ കയ്യും കാലും വച്ചതുപോലുള്ള സംസാരം, പക്ഷേ തരം കിട്ടിയാൽ നിയമവിരുദ്ധ പ്രവർത്തനം നടത്താൻ യാതൊരു മടിയുമില്ല എന്ന് അദ്ദേഹം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ബന്ധു നിയമനത്തെപ്പറ്റിയൊക്കെ പറഞ്ഞു. അത് എങ്ങനെയാണ് തള്ളിയതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. മാർക്ക് ദാനം എന്ന കള്ളം കയ്യോടെ പിടിച്ചപ്പോൾ അത് റദ്ദാക്കി രക്ഷപ്പെട്ടുപോകാനാണ് മന്ത്രി ശ്രമിച്ചത്. മാർക്ക് ദാനം എന്ന കുംഭകോണം ഞങ്ങൾ കയ്യോടെ പിടിച്ചപ്പോൾ അവസാനം അത് റദ്ദ് ചെയ്ത് പോകേണ്ട ഗതികേടാണ് ഈ ഗവൺമെന്റിനുണ്ടായത്. മുഖ്യമന്ത്രി നിർദ്ദേശിച്ചുവെന്ന് എനിക്ക് മനസ്സിലായി. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ

ചെയർമാനാണ് മന്ത്രി. അതിന്റെ വൈസ് ചെയർമാനാണ് ശ്രീ. രാജൻ ഗുരുക്കൾ. അദ്ദേഹം പറഞ്ഞതെന്താണ്; ഈ ഗവൺമെന്റ് നിയമിച്ച എം.ജി. സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലറായിരുന്ന ശ്രീ. രാജൻ ഗുരുക്കൾ മന്ത്രിയുടെ മുഴുവൻ വാദങ്ങളും തള്ളിക്കളഞ്ഞിട്ട് അത് തെറ്റായ നടപടിയാണെന്ന് പറഞ്ഞു. എന്നിട്ടും മന്ത്രി തിരുത്താൻ തയ്യാറായില്ല. അവിടെയാണ് പ്രശ്നം. അദ്ദേഹം വീണ്ടും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ശ്രീ. രാജൻ ഗുരുക്കൾ ഞങ്ങളുടെ വക്താക്കളൊന്നുമല്ലല്ലോ; എന്തിനേറെ, എസ്.എഫ്.ഐ. നേതാവും യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനുമായിരുന്ന വൈക്കം സ്വദേശി ശ്രീ. പി. കെ. ഹരികുമാർ സിൻഡിക്കേറ്റെടുത്ത തീരുമാനം തെറ്റാണെന്ന് പത്രസമ്മേളനത്തിൽ വളരെ വ്യക്തമായി പറഞ്ഞില്ലേ; എന്നിട്ടും മന്ത്രിക്ക് വസ്തുതകൾ ബോദ്ധ്യപ്പെട്ടില്ല. നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. കട്ട മുതൽ തിരിച്ചുകൊടുത്തതുകൊണ്ട് കളവ് കളവാകാതിരിക്കില്ല. എം.ജി. സർവ്വകലാശാലയിലെ അദാലത്തിൽ നടന്ന ദുരൂഹമായ നടപടികൾ അന്വേഷണവിധേയമാക്കേണ്ട കാര്യമാണ്. നമ്മളൊക്കെ മന്ത്രിയായിരുന്നവരാണ്. ഞങ്ങളുടെ ആരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ ഒരു യോഗത്തിലും ആശംസാ പ്രസംഗമോ ഉദ്ഘാടന പ്രസംഗമോ നടത്തിയിട്ടില്ല. കേരളത്തിലെ ഒരു മന്ത്രിയുടെയും പ്രൈവറ്റ് സെക്രട്ടറി അങ്ങനെ ചെയ്തിട്ടില്ല. മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും പ്രൈവറ്റ് സെക്രട്ടറിയും കേരള യൂണിവേഴ്സിറ്റിയുടെ വാല്യുവേഷൻ ക്യാമ്പിൽ പോകുന്നുവെന്നത് ആദ്യമായാണ് കേൾക്കുന്നത്. അവർക്കവിടെ എന്താണ് കാര്യം? ശ്രീ. ജി. സുധാകരൻ ഇവിടെയുണ്ടല്ലോ, അദ്ദേഹം സിൻഡിക്കേറ്റ് മെമ്പറായിരുന്ന ആളാണ്. അങ്ങനെ ഏതെങ്കിലും ഒരു വാല്യുവേഷൻ ക്യാമ്പിൽ ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഇന്നുവരെ പോയിട്ടുണ്ടോ; അങ്ങനെ ആരെങ്കിലും പോകുമോ; അത് ശരിയായ നടപടിയാണോ; സർവ്വകലാശാലയുടെ സബ് കമ്മിറ്റി യോഗങ്ങളിൽ ഇവർക്കെന്ത് കാര്യമാണ്; ഇതൊക്കെ നിയന്ത്രിക്കാൻ മന്ത്രിക്ക് കഴിയുന്നില്ലെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അല്ലെങ്കിൽ അങ്ങ് അനുവാദം കൊടുത്തിട്ടാണ് പോകുന്നത്.

എന്റെ കയ്യിൽ ഒരു പേപ്പറുണ്ട്. (പേപ്പർ ഉയർത്തിക്കാണിച്ചു.) ഇത് ഡോ. കെ. ടി. ജലീൽ ഇറക്കിയ ഒരുത്തരവാണ്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല വി.സി.-യുടെ ചുമതല വഹിച്ചിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അദ്ദേഹം നേരിട്ട് നൽകിയ ഉത്തരവാണ്. ഈ ഉത്തരവ് അങ്ങേയ്ക്ക് പരിശോധിക്കാം. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാ കലണ്ടർ എങ്ങനെ

വേണമെന്ന് തീരുമാനിക്കുന്നത് മന്ത്രിയാണോ; പിന്നെ എന്തിനാണ് ആ സർവ്വകലാശാലയുടെ സിൻഡിക്കേറ്റ്; അവിടത്തെ പരീക്ഷാ കൺട്രോളർ എന്തിനാണ്; 'For implementation' എന്നാണ് മന്ത്രി എഴുതിക്കൊടുത്തിരിക്കുന്നത്. വി.സി.-ക്ക് കൊടുത്തിരിക്കുന്ന നിർദ്ദേശമാണ്. ഇങ്ങനെയൊരു നിർദ്ദേശം നൽകാൻ മന്ത്രിക്ക് എന്തധികാരമാണുള്ളത്; എനിക്ക് സർവ്വകലാശാലയുടെ പരിസരത്തുകൂടി പോകാൻ പറ്റില്ലേയെന്നാണ് അതിന് മന്ത്രി നൽകിയ മറുപടി. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങേയ്ക്ക് പോകാം. ഈ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് അങ്ങയുടെ അധികാരം വളരെ പരിമിതമാണ്. പ്രോ-ചാൻസലർ എന്ന നിലയിൽ ഓർണമെന്റൽ പോസ്റ്റ് മാത്രമാണ് അങ്ങയുടേത്. ഓരോ സർവ്വകലാശാലയുടെയും നിയമങ്ങൾ ഈ നിയമസഭ പാസ്സാക്കിയിട്ടുള്ളതാണ്. സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത് ഈ നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും അടിസ്ഥാനത്തിലാണ്. എല്ലാ യൂണിവേഴ്സിറ്റികൾക്കും സ്വതന്ത്ര്യവും സ്വയംഭരണാധികാരവുമുണ്ട്. അതിൽ ഒരു മന്ത്രിയും ഇടപെട്ടിട്ടില്ല, ഇടപെടാൻ പാടില്ല. അങ്ങ് ചെയ്യുന്നത് നിയമവിരുദ്ധമാണ്. അങ്ങ് ഇത് മനസ്സിലാക്കാനാണ് പറയുന്നത്. ഇതിൽ അങ്ങേയ്ക്ക് ഇടപെടാൻ കഴിയില്ല. ഞാൻ പിന്നെ എന്തിനാണ് മന്ത്രിയായി ഇരിക്കുന്നതെന്ന് ചോദിച്ചാൽ, മന്ത്രിയുടെ പ്രവർത്തനം നിയമങ്ങൾക്കനുസൃതമാകണം. കരളലിയിക്കുന്ന സംഭവങ്ങളുമായി എത്രയോ പേരാണ് നമ്മുടെയൊക്കെ അടുക്കൽ വരുന്നത്. ആ സംഭവങ്ങളിലൊക്കെ നമുക്ക് ആക്ട് ചെയ്യാൻ കഴിയില്ല. നമുക്ക് മനസ്സിൽ വിഷമമുണ്ടാകും. നിയമപരമായി ആക്ട് ചെയ്യാനും ചട്ടങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനും മാത്രമേ കഴിയുകയുള്ളൂ. അങ്ങ് ഇത് കാണേണ്ട കാര്യമാണ്. ഇവിടെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച എത്രയോ കാര്യങ്ങളുണ്ട്. മാർക്ക് ദാനം അപരാധമായി കാണാനാകില്ല. കാരണം, വിദ്യാഭ്യാസരംഗത്ത് രാജ്യത്തുതന്നെ ഉന്നത നിലവാരം പുലർത്തുന്ന സർവ്വകലാശാലകളാണ് കേരളത്തിലുള്ളത്. കേരളത്തെ അവരുടെ മുമ്പിൽ നാണംകെടുത്തുകയല്ലേ മന്ത്രി ചെയ്തത്. അങ്ങനെ ചെയ്യുന്നത് ശരിയാണോ; വേറൊരു കാര്യം, എം.ജി. യൂണിവേഴ്സിറ്റിയുടെ അദാലത്തിൽ എല്ലാ സിൻഡിക്കേറ്റ് മെമ്പർമാർക്കും സിൻഡിക്കേറ്റിന്റെ അധികാരം കൊടുത്തു. ഓരോ മെമ്പർമാർക്കും സിൻഡിക്കേറ്റിന്റെ അധികാരം കൊടുക്കുകയെന്ന് പറയുന്നത് എങ്ങനെ ശരിയാകും? ആക്ടിന് വിരുദ്ധമല്ലേ; അതിൽത്തന്നെ ഒരു സിൻഡിക്കേറ്റ് മെമ്പർ പരീക്ഷാ നടത്തിപ്പിലുള്ള ഫാൾസ് നമ്പർ രജിസ്ട്രേഷൻ നമ്പരടക്കം ചോദിച്ചു. അത് ഒരിക്കലും പാടില്ലാത്തതാണ്. എന്തെല്ലാമാണ് നടന്നുകൊണ്ടിരിക്കുന്നത്. അവിടെ ഒരു മാർക്ക് കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചെങ്കിലും അത് പാസ്സ് ബോർഡിൽ പോയില്ല. എൻ.എസ്.എസ്.-ന്റെ മാർക്ക് ഒരിക്കൽ കൊടുത്തതാണെന്നും വീണ്ടും കൊടുക്കാൻ

സാധിക്കില്ലെന്നും ഈ അപേക്ഷ കിട്ടിയപ്പോൾ സെക്ഷനിൽനിന്നും പറഞ്ഞതാണ്. ആ വിദ്യാർത്ഥിക്ക് വീണ്ടും മാർക്ക് കൂട്ടിക്കൊടുക്കാൻ പാടില്ലെന്ന് കാണിച്ച് യൂണിവേഴ്സിറ്റി അപേക്ഷ റിജക്ട് ചെയ്തു. വീണ്ടും അദാലത്തിൽ വരികയും ഒരു മാർക്ക് കൂട്ടിക്കൊടുക്കുകയും ചെയ്യുന്നു. ഇത് ചെയ്യാൻ പറ്റില്ലെന്നും നിയമവിരുദ്ധമാണെന്നുമാണ് ആ അപേക്ഷ വീണ്ടും സെക്ഷനിൽ ചെന്നപ്പോൾ പറഞ്ഞത്. കേരളത്തിൽ റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജിയുടെ സഹോദരന്റെ മകൻ ഉൾപ്പെടെയുള്ള ആളുകൾക്കാണ് ഇവർ മാർക്ക് കൂട്ടിക്കൊടുത്തത്. ഒരു മാർക്ക്, രണ്ട് മാർക്ക്, മൂന്ന് മാർക്ക്, നാല് മാർക്ക്, അഞ്ച് മാർക്ക്. ഇത് വെള്ളരിക്കാപ്പട്ടണമാണോ; 'എമ്പ്രാൻ അൽപ്പം കട്ട് ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും.' മന്ത്രി ഒരു മാർക്ക് കൂട്ടിക്കൊടുത്താൽ പിന്നെ ഞങ്ങൾക്കുമാകാം. അങ്ങനെ അഞ്ച് മാർക്ക് കൂട്ടിക്കൊടുക്കുന്ന നിലയിലേയ്ക്കാണ് പോകുന്നത്. കേരളത്തിലെ സർവ്വകലാശാലകളുടെ അന്തസ്സിനെയും നിലവാരത്തെയും ഇടിച്ചുതാഴ്ത്തുന്ന നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. രാത്രി പകലാക്കി പഠിച്ച് കഷ്ടപ്പെടുന്ന മുഴുവൻ വിദ്യാർത്ഥികളെയും വിഡ്ഢികളാക്കുന്ന നടപടിയാണ് ചെയ്തത്. അർഹതയുള്ളവർക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകുന്നതിൽ ഞങ്ങൾ എതിരല്ല. പക്ഷെ, മാർക്ക് കൊടുക്കുന്നത് ശരിയാണോ; ഇപ്പോൾത്തന്നെ സംഭവിച്ചിരിക്കുന്നത് എന്താണ്; എം.ജി. യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് ഈ തീരുമാനം റദ്ദാക്കി. നേരത്തെ 125-ഓളം വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് കൊടുത്തുകഴിഞ്ഞു. 65-ഓളം വിദ്യാർത്ഥികൾ അപേക്ഷ കൊടുത്ത് കാത്തുനിൽക്കുന്നു. ഇത് നിയമവിരുദ്ധമാണ്. സിൻഡിക്കേറ്റിന് അതിന് അധികാരമില്ല. ചാൻസലറുടെ അനുവാദം വേണം. ഇതൊരു കള്ളക്കളിയാണ്. നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്തുവെന്ന് പറഞ്ഞ് വിദ്യാർത്ഥികൾ വീണ്ടും കോടതിയിൽ പോയി ഡിഗ്രി സമ്പാദിക്കാനുള്ള നടപടിയാണ്. അതുകൊണ്ടാണ് ഞാൻ ഗവർണർക്ക് വീണ്ടും കത്ത് കൊടുത്തിട്ടുള്ളത്. കാരണം, ചാൻസലറുടെ അംഗീകാരമില്ലാതെ ഡിഗ്രി കൊടുത്താൽ പിന്നീട് റദ്ദാക്കാൻ കഴിയില്ല. ചാൻസലർ പരിശോധിക്കട്ടെ. ബഹുമാനപ്പെട്ട മന്ത്രി വി.സി. നിയമനത്തെപ്പറ്റി പറഞ്ഞല്ലോ; ആരോഗ്യ സർവ്വകലാശാലയുടെ വി.സി. നിയമനത്തിനായി നിങ്ങൾ കൊടുത്ത പാനലിലെ മൂന്നാമത്തെ പേരാണല്ലോ ഗവർണർ അംഗീകരിച്ചത്, ഒന്നാമത്തെയും രണ്ടാമത്തെയും പേരുകാരെ എന്തുകൊണ്ടാണ് ഗവർണർ വെട്ടിയത്? പത്രത്തിൽ വന്ന കാര്യമാണ്, എനിക്കറിയില്ല. അതുകൊണ്ട് സർവ്വകലാശാലകളിൽ സാധാരണഗതിയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ, സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും അക്കാദമിക് ബോഡികളുടെയും അധികാരങ്ങളിലൊന്നും ബഹുമാനപ്പെട്ട മന്ത്രി കൈകടത്താൻ പാടില്ല, അങ്ങേയ്ക്ക് അതിനുള്ള അവകാശമില്ല.

അത്രയും വിചിത്രമായ കാര്യങ്ങളാണ് നമ്മുടെ സർവ്വകലാശാലകളിൽ നടന്നുകൊണ്ടിരിക്കുന്നത്. നഗ്നമായ അധികാര ദുർവിനിയോഗവും അഴിമതിയുമാണ് സർവ്വകലാശാലകളിൽ നടന്നുകൊണ്ടിരിക്കുന്നത്. മന്ത്രിയേക്കാൾ വലിയ ആളാണ് അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി. അദ്ദേഹം മന്ത്രിയേക്കാൾ കൂടുതൽ അധികാരം ഉപയോഗിക്കുന്നു. പ്രൈവറ്റ് സെക്രട്ടറിയെന്ന് പറഞ്ഞാൽ ആരാണ്; മന്ത്രിയെ സഹായിക്കേണ്ട ആളാണ്. സൂപ്പർ വി.സി.-യാണോ; എം.ജി. സർവ്വകലാശാലയുടെ സൂപ്പർ വി.സി.-യായി അദ്ദേഹം പ്രവർത്തിക്കുന്നുവെന്ന ആരോപണമുണ്ട്. അതുകൊണ്ട് ഈ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. മാർക്ക് ദാനമല്ല, മാർക്ക് കുംഭകോണമാണ് നടന്നത്. 2012-ൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അടക്കമുള്ളവർ ചേർന്നെടുത്ത നടപടികളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അത് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2012-ൽ എന്താണ് നടന്നത്? 2012-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാലിക്കറ്റ് സർവ്വകലാശാലയിൽ ബി.ടെക്കിന് മാർക്ക് ദാനമുണ്ടായെന്നും 20 മാർക്കുവരെ കൂട്ടിക്കൊടുത്തുവെന്നും പറയുന്നു. ഇപ്പോഴത്തെ മാർക്ക് കുംഭകോണവും അന്നത്തെ മോഡറേഷനുമായി ഒരു താരതമ്യവുമില്ല. 2004-ലെ എഞ്ചിനീയറിംഗ് സ്കീമിൽ അടിസ്ഥാനപരമായ പിഴവുണ്ടായതുകാരണം വിദ്യാർത്ഥികൾക്ക് തോൽവി ഉണ്ടായതായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാർ മുഴുവൻ സർവ്വകലാശാലയ്ക്ക് കത്ത് കൊടുക്കുകയും സിൻഡിക്കേറ്റ് ചർച്ച ചെയ്യുകയും ചില നിബന്ധനകൾക്ക് വിധേയമായി 20 മാർക്കുവരെ മോഡറേഷൻ നൽകാനും നിർദ്ദേശിച്ചു. തുടർന്ന് അക്കാദമിക് കൗൺസിലിൽ തീരുമാനമെടുക്കുകയും റെഗുലേഷനാക്കി ഗസറ്റിൽ പബ്ലിഷ് ചെയ്ത് ചട്ടത്തിന്റെ ഭാഗമാക്കുകയും ചെയ്തു. 2004-ലെ സ്കീമിലെ കുട്ടികൾക്ക് മാത്രമാണ് ഇതിന്റെ ആനുകൂല്യം നൽകിയത്. എന്നാൽ ഇവിടെ എല്ലാ ചട്ടങ്ങളും മറികടന്ന് കാലപരിധിയില്ലാതെ 5 മാർക്ക് കൂട്ടിക്കൊടുക്കുകയാണ് ഈ വിദ്യാഭ്യാസ മന്ത്രിയുടെ കാലത്ത് ചെയ്തത്. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഒരു വിദ്യാർത്ഥിക്ക് മോഡറേഷൻ കൊടുക്കുന്നത് എപ്പോഴാണ്? പരീക്ഷ എഴുതിക്കഴിഞ്ഞ് ഒന്നുകിൽ ഔട്ട് ഓഫ് സിലബസ്സിൽനിന്നും ചോദ്യങ്ങൾ വരികയോ അല്ലെങ്കിൽ ഏറ്റവും കഠിനമായ ചോദ്യങ്ങൾ ഉൾപ്പെട്ടതുകാരണം വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ കഴിയാതെ വരുമ്പോഴോ സ്കീമിന് കുഴപ്പം വരികയോ ചെയ്യുന്ന സന്ദർഭങ്ങളിൽ പാസ് ബോർഡ് കൂടുകയും മോഡറേഷൻ കൊടുക്കണമെന്ന് ശിപാർശ ചെയ്യുകയുമാണ് ചെയ്യുന്നത്. ആ സന്ദർഭങ്ങളിൽ ആർക്കാണ് മോഡറേഷൻ കൊടുത്തതെന്ന വിവരം ആർക്കും അറിയാൻ കഴിയില്ല, ഏത് കുട്ടിക്കാണ് മോഡറേഷൻ കൊടുത്തതെന്ന വിവരം വെളിയിൽ വരില്ല.

ഇവിടെ എന്താണ് സംഭവിച്ചത്? ഏതെല്ലാം കുട്ടികൾക്കാണ് മാർക്ക് കിട്ടുന്നതെന്ന് വളരെ വ്യക്തമായിരിക്കുന്ന സാഹചര്യത്തിലാണ് ഇവിടെ മോഡറേഷൻ ഉണ്ടായിരിക്കുന്നത്. റിസൾട്ട് പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ മോഡറേഷൻ കൊടുക്കുന്നത് അധാർമ്മിക നടപടിയാണ്. അങ്ങനെ ഒരു സംഭവം കേരള ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളെല്ലാം ശരിവയ്ക്കുന്നു എന്നുള്ളതുകൊണ്ടും ഞങ്ങൾ ഉന്നയിച്ച എല്ലാ വസ്തുതകളും ശരിയാണെന്നുള്ളതുകൊണ്ടുമാണ് ഈ തീരുമാനം റദ്ദാക്കാനുള്ള നടപടിതന്നെ സ്വീകരിച്ചത്. ഞങ്ങൾ ഉന്നയിച്ചത്, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ നിലനിർത്താൻ വേണ്ടിയാണ്. മന്ത്രി അതിനെ പേഴ്സണലായി എടുക്കരുത്. നാളെ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി ഇടപെടാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, അങ്ങ് ഈ കാര്യങ്ങളിൽ അവധാനത കാട്ടുന്നില്ല, അഴിമതിയും സ്വജനപക്ഷപാതവും കാട്ടുന്നുവെന്നുള്ള വ്യാപക ആക്ഷേപങ്ങൾ ഉയർന്നുവരികയാണ്. ശ്രീ. വി. ഡി. സതീശൻ എത്രയോ കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു, സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ മന്ത്രി ദൈനംദിനം ഇടപെട്ടുകൊണ്ട് സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തെ തകർക്കാൻ ശ്രമിക്കുന്നു എന്നതാണ് അഴിമതി, ഇതാണ് സ്വജനപക്ഷപാതം, അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നതാണ് ഞങ്ങളുടെ ആവശ്യം. അതിന് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: ചട്ടം 258 പ്രകാരം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾക്ക് വ്യക്തിപരമായ വിശദീകരണം നൽകാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുമാന്യനായ മന്ത്രി മാർക്കുദാനവുമായി ബന്ധപ്പെട്ട് ഇവിടെ മറുപടി പറയുമ്പോൾ, ഏതെങ്കിലും ചട്ടങ്ങൾക്കോ നിയമങ്ങൾക്കോ അതിന്റെ പിൻബലമുണ്ടെങ്കിൽ താൻ ഈ അടിയന്തര പ്രമേയംതന്നെ പിൻവലിക്കാമെന്നാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞത്. അങ്ങനെ പറയുമ്പോൾ......

മി. സ്പീക്കർ: അങ്ങയെ സംബന്ധിച്ചുള്ള കാര്യത്തിന് മാത്രം മറുപടി പറയുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അത് പറയുമ്പോഴാണ്, xxxxx* എ.ഐ.സി.ടി.ഇ.-യുടെയും സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും അക്കാഡമിക് കൗൺസിലിന്റേയുമൊക്കെ കൃത്യമായ തീരുമാനത്തോടുകൂടി ആ സിലബസ്സിൽ വന്ന മാറ്റങ്ങൾക്കനുസരിച്ച്, എ.ഐ.സി.ടി.ഇ.-യുടെ നിർദ്ദേശപ്രകാരമാണ് ആ മാർക്ക് നൽകിയത്. അക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചു. xxxxx* ഇല്ലെങ്കിൽ മന്ത്രി രാജിവയ്ക്കാൻ തയ്യാറാകുമോ? ഞാൻ അന്ന് സിൻഡിക്കേറ്റിൽ ഇല്ലാത്ത സമയത്താണ് അത് നടന്നത്. വ്യക്തിപരമായ അധിക്ഷേപമുണ്ടായതിനാൽ അത് സഭാരേഖകളിൽനിന്നും നീക്കംചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ : പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഒരംഗത്തെ അധിക്ഷേപിക്കുന്ന രീതിയിൽ സംസാരിക്കുകയുണ്ടായി. കോഴിക്കോട് അങ്ങാടിയിലെ കവലപ്രസംഗകൻ എന്നുപറഞ്ഞത് ഈ സഭയ്ക്കുതന്നെ അപമാനകരമാണെന്നുള്ളതിനാൽ അത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: കോഴിക്കോട് അങ്ങാടിയിൽ കവലപ്രസംഗം നടത്തുന്നത് നല്ല കാര്യമല്ലേ; നമ്മളെല്ലാപേരും നടത്തുന്നതല്ലേ? അതിൽ അധിക്ഷേപമുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഇവിടെ ബഹുമാന്യരായ ഡോ. കെ. ടി. ജലീലും കെ. എം. ഷാജിയും ഒരേ സ്ഥാപനത്തിൽ പഠിച്ചുവന്ന ആളുകളാണ്. അവർക്ക് രണ്ടുപേർക്കും അതിന്റേതായ പ്രത്യേക സ്വഭാവങ്ങളുണ്ടെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ബഹുമാന്യനും ആദരണീയനുമായ സി. എച്ച്. മുഹമ്മദ് കോയയും പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുമൊക്കെ ഇരുന്ന കസേരയാണ്. അങ്ങനെ എത്രയോ മഹാരഥന്മാർ ഇരുന്ന ആ കസേരയിൽ ഇരുന്നുകൊണ്ട് ഇന്നേവരെ വിദ്യാഭ്യാസ മന്ത്രിമാർ ചെയ്യാത്ത ഒരു പണി ചെയ്തതിലുള്ള ജാള്യത മറച്ചുവയ്ക്കുന്നതിനാണ് ബഹുമാനപ്പെട്ട മന്ത്രി ഏത് കാര്യത്തിനും മുസ്ലീം ലീഗിന്റെ കാര്യം പറയുന്നത്. അങ്ങാടിയിൽ തോറ്റാൽ ആദ്യം

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 6112/ഇ.ബി./2019/ നി.സെ. തീയതി 01-11-2019) സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

അദ്ദേഹം ചെയ്യുന്നത് അമ്മയുടെ നെഞ്ചത്തേയ്ക്കാണ്. ലീഗിന്റെ നെഞ്ചത്തേയ്ക്ക് കയറുന്ന ഈ സ്വഭാവം അദ്ദേഹം നിർത്തണമെന്ന് പാർട്ടി നേതാക്കൾ അദ്ദേഹത്തോട് നിർദ്ദേശിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇവിടെ നടന്നത് വളരെ വ്യക്തമായി ശ്രീ. വി. ഡി. സതീശനും അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സംസാരിച്ചതുകൊണ്ട് ഒരു വാക്കൗട്ട് പ്രസംഗത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പാവപ്പെട്ട ആളുകൾക്ക് പട്ടയം നൽകുന്നതിനോ അല്ലെങ്കിൽ മറ്റ് സൗകര്യങ്ങൾ ചെയ്യുന്നതിനോ റവന്യൂ വകുപ്പുമന്ത്രിയും അതുപോലുള്ള ആളുകളും ചേർന്ന് നടത്തുന്ന ഒരു പരിപാടിയാണ് അദാലത്ത്. മറ്റൊരു വകുപ്പിലും അദാലത്ത് നടത്തുന്നതിന് പ്രത്യേകിച്ചൊരു സ്കോപ്പില്ല. അങ്ങനെ വിദ്യാഭ്യാസ വകുപ്പിൽ, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഇങ്ങനെയൊരു അദാലത്ത് നടത്തി നമ്മുടെ പാരമ്പര്യത്തിന് വിഘ്നം വരുത്തിയ മന്ത്രി, തീർച്ചയായും നമുക്ക് അപമാനകരമാണെന്ന് മാത്രമല്ല, ഈ ഗുരുതരമായ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. എഫ്. തോമസ്: സർ, ഇവിടെ ശ്രീ. വി. ഡി. സതീശൻ വളരെ കൃത്യമായി ഉന്നയിച്ച കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി കൃത്യമായൊരു മറുപടി പറയേണ്ടതായിരുന്നു. എന്തോ ആവേശത്താൽ അദ്ദേഹം പെട്ടെന്ന് വിഷയത്തിൽ നിന്നും മാറി മറ്റ് കാര്യങ്ങളിലേയ്ക്ക് പോയി. ഇവിടെ ഉന്നയിച്ച വിഷയങ്ങൾക്കൊന്നും മറുപടി പറഞ്ഞില്ല. അദ്ദേഹം ഒരു കാര്യം പറഞ്ഞു, ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളാണ് ഇതിലൂടെയൊക്കെ സംഭവിച്ചിരിക്കുന്നതെന്ന്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾക്ക് കൊതിക്കുന്ന സംസ്ഥാനമാണ് കേരളം. വാസ്തവത്തിൽ ലോകത്തിലെ മറ്റ് രാഷ്ട്രങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റം ഉണ്ടായിരിക്കുന്നു. ആ മാറ്റങ്ങളനുസരിച്ച് ഇന്ത്യ ഉയരണമെങ്കിൽ അതിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട ഒരു സംസ്ഥാനമാണ് കേരളം. ഇന്നലെ മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ പൊതു വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങളെപ്പറ്റി പറഞ്ഞു. പക്ഷെ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം വലിയ വിഷയമായി ചർച്ച ചെയ്യേണ്ട സമയമാണ്. അതിനനുസരിച്ചുള്ള വലിയ കാര്യങ്ങൾ ചെയ്യേണ്ട സമയത്താണ് ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടും

ചെയ്യേണ്ട കാര്യങ്ങൾ മറന്നുകൊണ്ടുമാണ് ഈ ഭരണം മുന്നോട്ട് പോകുന്നത്. ഒരു മന്ത്രി നിങ്ങൾ കോടതിയിൽ പൊയ്ക്കോയെന്ന് പറയുന്നത് നിയമസഭയിൽ പറയേണ്ട വാക്കല്ല. ഈ നിയമസഭ പാസ്സാക്കിയ നിയമങ്ങൾ വച്ചുകൊണ്ടല്ലേ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത്. ജനങ്ങളുടെ വിഷയങ്ങൾ വരുമ്പോൾ ഇവിടെ അവതരിപ്പിക്കേണ്ടതല്ലേ? ഏറ്റവും ഗൗരവമായ വിഷയങ്ങൾ വരുമ്പോൾ റൂൾ 50 ഉപയോഗിക്കുന്നുണ്ട്. അതിന് കൃത്യമായ മറുപടി മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും പറയണം. അതെല്ലാമാണ് ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നടക്കേണ്ടത്. ഇവിടെ വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ മറുപടി പറയാതെ അതിൽനിന്നും തെന്നിമാറി കോടതിയിൽ പൊയ്ക്കോയെന്ന് പറയുന്നത് ശരിയല്ല. ഈ വിഷയം വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നല്ല ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഹയർ എഡ്യൂക്കേഷൻ കൗൺസിലും ഗവൺമെന്റും പ്രതിപക്ഷവുമെല്ലാം ഒത്തൊരുമിച്ചുകൊണ്ട് വലിയ മാറ്റങ്ങൾ ആഗ്രഹിക്കുന്ന സമയത്ത് ഇത്തരം കാര്യങ്ങൾക്കൊന്നുമല്ല മന്ത്രി ഇടപെടേണ്ടത്, വലിയ കാര്യങ്ങൾ ചെയ്യാൻ അദ്ദേഹം മുന്നോട്ട് വരണം. അത് ചെയ്യാതെ, ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്തതിലുള്ള പ്രതിഷേധം അറിയിച്ചു കൊണ്ട്, ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

11.00 AM]

ശ്രീ. അനൂപ് ജേക്കബ്: സർ, 'രക്തദാനം മഹാദാനം' എന്ന് കേട്ടിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ മാർക്ക് ദാനമാണ് മഹാദാനമെന്ന് തോന്നിപ്പോകുകയാണ്. സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തിലേയ്ക്കുള്ള കടന്നുകയറ്റമാണിത്. അതിന്റെ അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളിലൊക്കെ മന്ത്രി ഇടപെടുക എന്നത് അങ്ങേയ്ക്ക് ഇല്ലാത്ത അധികാരം വിനിയോഗിക്കുന്നു എന്നുള്ളതാണ്. ഇവിടെ ആറ് പേപ്പർ തോറ്റ വിദ്യാർത്ഥിയും എഞ്ചിനീയറായി കടന്നുവന്നിരിക്കുകയാണ്. മാനുഷിക പരിഗണന വേണം; അങ്ങ് സംസാരിച്ചത് മുഴുവൻ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ്.

മാനുഷിക പരിഗണന ഭരണകർത്താക്കൾക്ക് ഉണ്ടാകരുതെന്ന് ആരും പറഞ്ഞിട്ടില്ല. പക്ഷേ, നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി കടക്കാൻ ആരാണ് നിങ്ങൾക്ക് അധികാരം നൽകിയിട്ടുള്ളത്? ഇവിടെ ഒരു സർവ്വകലാശാലയെ എല്ലാ തരത്തിലും കളങ്കപ്പെടുത്തുന്ന നിലയിലേയ്ക്ക് ഈ സമീപനം മാറിയിരിക്കുന്നു. ഈ ഗവൺമെന്റിന്റെ മൂന്നര വർഷത്തെ നേട്ടമെന്താണ്; പി.എസ്.സി.-യുടെ വിശ്വാസ്യത നശിപ്പിച്ച സർക്കാർ ഇപ്പോൾ സർവ്വകലാശാലകളുടെയും വിശ്വാസ്യതയും കളങ്കപ്പെടുത്തി മുന്നോട്ട് പോകുകയാണ്. ഇതുസംബന്ധിച്ച് അങ്ങയുടെ മറുപടി തീർത്തും നിർഭാഗ്യകരമായിപ്പോയി. ഒരു മന്ത്രി ഇങ്ങനെയല്ല മറുപടി നൽകേണ്ടത്. അങ്ങ് വ്യക്തിപരമായി പ്രതിപക്ഷ സാമാജികരെ ആക്ഷേപിക്കുന്നു. ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച വിഷയങ്ങൾക്ക് ആസ്പദമാക്കിയല്ല അങ്ങ് മറുപടി നൽകിയത്. അങ്ങ് വേറെ എന്തൊക്കെയോ ആണ് പറഞ്ഞത്. അങ്ങ് കവലപ്രസംഗത്തെക്കുറിച്ച് പറഞ്ഞു. അങ്ങാണിവിടെ ഇപ്പോൾ കവലപ്രസംഗം നടത്തിയത്. വസ്തുതകളുടെ അടിസ്ഥാനത്തിൽ അങ്ങ് മറുപടി പറയണമായിരുന്നു. അങ്ങയുടെ മറുപടി തീർത്തും നിർഭാഗ്യകരമായിപ്പോയി എന്ന് ഞാൻ സൂചിപ്പിക്കുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. ഗവൺമെന്റിന്റെ സമീപനങ്ങൾ തീർത്തും പ്രതിഷേധാർഹമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കൊച്ചി നഗരത്തിലെ വെള്ളക്കെട്ട്

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കഴിഞ്ഞ 21-ാം തീയതി കൊച്ചി നഗരത്തിലുണ്ടായ അഭൂതപൂർവ്വമായ വെള്ളക്കെട്ടിനെത്തുടർന്ന് കൊച്ചി നഗരത്തിലെ ജനജീവിതമാകെ സ്തംഭിക്കുന്ന സ്ഥിതിയുണ്ടായി. അന്നായിരുന്നു എറണാകുളം അസംബ്ലി മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ്. ആയിരക്കണക്കിന് വരുന്ന വോട്ടർമാർ ആ വെള്ളക്കെട്ടിലൂടെ നീന്തിവന്നാണ് വോട്ട് രേഖപ്പെടുത്തിയത്. നിരവധി കച്ചവട സ്ഥാപനങ്ങളിലും വീടുകളിലും വെള്ളം കയറി. നഗരത്തിലുള്ള കോളനികളിലെ

ജനങ്ങളുടെ ജീവിതം വല്ലാത്ത ദുരിതത്തിലായിരുന്നു. ഈ സന്ദർഭത്തിലാണ് തൊട്ടടുത്ത ദിവസംതന്നെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചോദിച്ചത്, "ഒരു മഴയിൽ പ്രളയത്തേക്കാൾ രൂക്ഷമായ സ്ഥിതിയാണ് കൊച്ചിയിൽ ഉണ്ടായത്. നഗരസഭ നിഷ്ക്രിയമാണ്. ഇങ്ങനെ പ്രവർത്തിച്ചിട്ട് കാര്യമില്ല. ജനങ്ങൾ അത്രമാത്രം കഷ്ടത അനുഭവിക്കുന്നു. ഏതെങ്കിലും പ്രൊഫഷണൽ സമിതിയെ ഏൽപ്പിച്ചാൽ കാര്യങ്ങൾ മാറും. കൊച്ചിയിൽ ജനജീവിതം താറുമാറായിട്ടും ജനകീയ മുന്നേറ്റം ഉണ്ടാകാത്തതുകൊണ്ടാണ് കോടതിക്ക് ഇടപെടേണ്ടിവരുന്നത്." നിഷ്ക്രിയമായ കൊച്ചി നഗരസഭയെ പിരിച്ചുവിടാനുള്ള ചങ്കൂറ്റം സർക്കാർ കാണിക്കണമെന്നും ഹൈക്കോടതി വാക്കാൽ പരാമർശിച്ചു. "വെള്ളക്കെട്ട് പരിഹരിക്കാനാകാതെ പോയത് നഗരസഭയുടെ കഴിവുകേട് കൊണ്ടാണ്. കൊച്ചിയെ സിംഗപ്പൂർ ആക്കിയില്ലെങ്കിലും കൊച്ചിയെങ്കിലുമാക്കണം. ജീവിക്കാൻ സാഹചര്യം ഒരുക്കണം." കൗൺസിൽ പിരിച്ചുവിടാനുള്ള മുനിസിപ്പാലിറ്റി നിയമത്തിലെ അധികാരം സർക്കാർ വിനിയോഗിക്കേണ്ടി വരുമെന്ന് ഹൈക്കോടതി ചൂണ്ടിക്കാണിച്ചു. അത്രയ്ക്ക് രൂക്ഷമായി ഹൈക്കോടതിയുടെ ശക്തമായ വിമർശനത്തിന് വിധേയമാകുന്ന സ്ഥിതിവിശേഷമാണ് അവിടെയുണ്ടായത്. ഇതിന് കാരണമെന്താണ്; മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൊച്ചി നഗരസഭയിൽ നടത്തിയില്ല. പേരിന് നടത്തിയെന്ന് വരുത്തിത്തീർക്കുകയല്ലാതെ അഴുക്കുകൾ മാറ്റി ജലം സുഗമമായി ഒഴുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല. ഏതാനും മാസങ്ങൾക്ക് മുൻപ് ചെറിയൊരു മഴ പെയ്തപ്പോൾ വെള്ളം കയറിയതിനെത്തുടർന്ന് അന്ന് ഗസ്റ്റ് ഹൗസിൽ ഉണ്ടായിരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊച്ചി മേയറെ വിളിച്ചുവരുത്തി ഈ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടതാണ്. പക്ഷേ, തലകുലുക്കി സമ്മതിച്ചതല്ലാതെ മറ്റൊരു നടപടിയും സ്വീകരിച്ചില്ല. ഇതിന്റെയൊക്കെ ഫലമായിട്ടാണ് കഴിഞ്ഞ 21-ാം തീയതി ഏതാനും മണിക്കൂറുകൾ മഴ പെയ്തപ്പോൾ മാത്രം കൊച്ചി നഗരം വെള്ളക്കെട്ടിന് അടിപ്പെട്ടത്. വൈകുന്നേരം 4 മണിക്ക് മുമ്പായി ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ കോർപ്പറേഷൻ മേയറോട് ആവശ്യപ്പെട്ടു. എന്നിട്ടും അനങ്ങാപ്പാറ നയം സ്വീകരിച്ചപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' എന്ന പേരിൽ രണ്ടായിരത്തോളം ഉദ്യോഗസ്ഥരെ വിന്യസിച്ച്, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അതിശക്തമായ പ്രവർത്തനം നടത്തിയതിനെത്തുടർന്നാണ് വെള്ളക്കെട്ടിൽനിന്നും താൽക്കാലികമായി നഗരം മോചിതമായത്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ തിരുവനന്തപുരത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വെള്ളക്കെട്ട് ശാശ്വതമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി

പറഞ്ഞത്, "ഗവൺമെന്റിന് ഇടപെടേണ്ടിവന്നു. സംസ്ഥാന സർക്കാർ ഇടപെട്ടില്ലാ യിരുന്നുവെങ്കിൽ നഗരത്തിന്റെ സ്ഥിതി വളരെ മോശമാകുമായിരുന്നു" എന്നാണ്.

ഈ നഗരസഭയുടെ വീഴ്ചയെക്കുറിച്ച് ഇപ്പോഴത്തെ എം.പി. ആയ ശ്രീ. ഹൈബി ഈഡൻ പറഞ്ഞത് എന്താണ്; "ജനവികാരം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിൽ കൊച്ചി നഗരസഭ വരുത്തിയ വീഴ്ചയാണ് ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ ഭൂരിപക്ഷം കുറയാൻ കാരണമെന്നാണ്. നഗരസഭയുടെ പ്രവർത്തന വീഴ്ചകളും റോഡ്, വെള്ളക്കെട്ട് പ്രശ്നങ്ങളുംമൂലം ഒട്ടേറെ നിഷ്പക്ഷ വോട്ടുകൾ യു.ഡി.എഫ്.-ന് നഷ്ടപ്പെട്ടു. മാത്രമല്ല നഗരസഭാ വീഴ്ചകളെക്കുറിച്ച് പ്രതിപക്ഷം പ്രചരിപ്പിച്ചു എന്നുകൂടി ചൂണ്ടിക്കാണിക്കുന്നുണ്ട്. മറ്റൊന്നുകൂടി പറഞ്ഞത്, "മേയർക്ക് കോൺഗ്രസ് പാർട്ടി പൂർണ്ണ പിന്തുണയും സ്വാതന്ത്ര്യവും നൽകി. പക്ഷേ ആയിരം കോടി രൂപയുടെ കേന്ദ്ര സ്മാർട്ട്സിറ്റി പദ്ധതി, അമൃത് മിഷൻ നഗരവികസന പദ്ധതി, ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ്, റോഡ് നവീകരണം തുടങ്ങിയ ജനകീയ ആവശ്യങ്ങളൊന്നും വേഗത്തിൽ പ്രാവർത്തികമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല" എന്നാണ് നഗരസഭയെ കുറ്റപ്പെടുത്തിക്കൊണ്ട് കോൺഗ്രസ് നേതാവ് കൂടിയായ സ്ഥലം എം.പി. ചൂണ്ടിക്കാണിച്ചത്. ഇത്തരത്തിൽ പിടിപ്പുകേടിന്റെ പര്യായമായി മാറിയ ഒരു നഗരഭരണമാണ് കൊച്ചിയിൽ നരകതുല്യമായ ജീവിതം നയിക്കേണ്ട സാഹചര്യത്തിലേയ്ക്ക് എത്തിച്ചേർന്നിട്ടുള്ളത്.

ഈ പ്രശ്നത്തിന് വിവിധ പത്രങ്ങൾ പറഞ്ഞിട്ടുള്ളത് എന്താണ്; "ജലവിധിയാണോ തലവിധിയാണോ" എന്നാണ് ഒരു പത്രത്തിന്റെ തലക്കെട്ട്. ഹൈക്കോടതി വിമർശനം മാത്രമല്ല, മലയാള മനോരമ, മാതൃഭൂമി ഉൾപ്പെടെയുള്ള പത്രങ്ങൾ കൊച്ചിയിലെ ഈ ദുരിതത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇത് പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയ കൊച്ചി നഗരഭരണത്തിനെതിരായി അതിശക്തമായ വിമർശനമാണ് ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്. ഈ വെള്ളക്കെട്ടിന് ഇരയായ കൊച്ചിയിലെ കോളനി നിവാസികൾക്ക് അവരുടെ സർവ്വതും നഷ്ടപ്പെട്ടു. അവർക്ക് സഹായം കൊടുക്കാൻ കഴിയണം. അവരുടെ പുനരധിവാസം ഉറപ്പുവരുത്താൻ കഴിയണം. വെള്ളം ഒഴുകിപ്പോകാൻ തടസ്സമായി നിൽക്കുന്ന മാർഗ്ഗങ്ങൾ തുറന്നുകൊടുത്ത് തടസ്സങ്ങൾ ഒഴിവാക്കാൻ കഴിയണം. കയ്യേറ്റങ്ങൾ ഒഴിപ്പിക്കണം. കൊച്ചിയിലെ പ്രധാനപ്പെട്ട തോടുകളിലെ മണ്ണും ചെളിയും യഥാസമയം കോരി മാറ്റണം. കോർപ്പറേഷന്റെ ഇപ്പോഴത്തെ പ്രധാനപ്പെട്ട പണി എല്ലാ ഡിവിഷനുകളിലും കാന പണിയലാണ്. കാന ഉയരുന്നതനുസരിച്ച് റോഡും ഉയർന്നുകൊണ്ടിരിക്കും. അപ്പോൾ ചുറ്റുപാടും അപ്പുറവും ഇപ്പുറവുമുള്ള വീടുകൾ വെള്ളത്തിലാകും. ഇതൊക്കെയാണ് അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിനൊക്കെ പരിഹാരം ഉണ്ടാക്കി, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ വലിയ സംഭാവന നൽകുന്ന, 41 ശതമാനത്തിലേറെ സംഭാവന നൽകുന്ന കൊച്ചി നഗരത്തെ ഈ വെള്ളക്കെട്ടിന്റെ

പിടിയിൽ കൊണ്ടുപോയി തള്ളിത്തകർക്കുന്ന നിലപാടിൽനിന്നും രക്ഷിക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലം അഭിമുഖീകരിക്കുന്ന ഒരു പ്രധാന വിഷയമാണ് വെള്ളക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. അത് അടിയന്തരമായി പരിഹരിക്കേണ്ടൊരു വിഷയമാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തലയിൽ കെട്ടിവച്ചുകൊണ്ട് ആ പ്രശ്നം പരിഹരിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോട് എനിക്ക് യോജിക്കാൻ കഴിയില്ല. കേരളത്തിന്റെ 41 ശതമാനം റവന്യൂ വരുമാനം നൽകുന്നൊരു നഗരമാണ് കൊച്ചി എന്നുള്ളതുകൊണ്ട് പ്രത്യേക പരിഗണന കൊടുക്കണമെന്ന വാദത്തോട് ഞാൻ യോജിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നഗരത്തിൽ ഇതുപോലൊരു വെള്ളക്കെട്ട് ഉണ്ടായ സന്ദർഭത്തിൽ 'ഓപ്പറേഷൻ അനന്ത' എന്ന പേരിൽ 100 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഏകദേശം 40 കോടി രൂപ ചെലവഴിച്ച് ഈ നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുകയുമുണ്ടായി. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, അത്തരത്തിൽ നല്ലൊരു പ്രോജക്ടുണ്ടാക്കി പഠനം നടത്തി അതുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കി ഇംപ്ലിമെന്റ് ചെയ്യാനുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നാണ്. കൊച്ചി, സമുദ്ര നിരപ്പിൽ നിലനിൽക്കുന്ന നഗരമാണ്. 21-ാം തീയതി ഉണ്ടായ മഴയിൽ ഭൗമശാസ്ത്ര വകുപ്പിന്റെ കീഴിലുള്ള കാലാവസ്ഥാ പഠന ഏജൻസിയായ ഐ.എം.ഡി.യുടെ റിപ്പോർട്ട് പ്രകാരം ഏകദേശം 19.76 ശതമാനം/സെന്റിമീറ്റർ മഴ പെയ്തു എന്നാണ് കണക്ക്. ഈ കാലയളവിൽ, ഏറ്റവും കൂടുതൽ മഴ ലഭിച്ചൊരു നഗരമെന്ന നിലയിൽ, സ്വാഭാവികമായും നഗരത്തിൽ വലിയ വെള്ളക്കെട്ടും പ്രളയവുമുണ്ടായിയെന്നുള്ളത് സത്യമാണ്. ഒരു കാര്യം മനസ്സിലാക്കണം, 2018-ൽ ഈ സംസ്ഥാനത്ത് ഒരു മഹാപ്രളയമുണ്ടായപ്പോൾ ആ നഗരത്തിലെ പ്രാന്തപ്രദേശങ്ങളിലെ പഞ്ചായത്തുകളിലുള്ള ആളുകൾക്ക് അഭയം നൽകിയ നഗരമാണ് കൊച്ചി എന്ന വസ്തുത ബഹുമാനപ്പെട്ട അംഗം മറന്നുപോയിയെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് പറയാനുള്ളത് ഇത് ഒരു നഗരസഭയെ മാത്രം ഡിപ്പെന്റ് ചെയ്തു നിൽക്കുന്ന നഗരമല്ല. കൊച്ചിൻ പോർട്ടുമായി ബന്ധപ്പെട്ട എല്ലാ തോടുകളും ചെന്നുചേരുന്നത് പോർട്ടിന്റെ കായലിലാണ്. അവിടെ എക്കൽ അടിഞ്ഞ് തോടുകൾ അടഞ്ഞിരിക്കുന്ന സാഹചര്യമുണ്ട്. റെയിൽവേയുടെ 23-ഓളം പൈപ്പ് കൾവെർട്ടുകൾ ഉണ്ട്, അത് ക്രോസ്സ് ചെയ്താണ് മുല്ലശ്ശേരി പോലുള്ള കനാലുകളിലേയ്ക്ക് വെള്ളം പോകുന്നത്. കെ.എം.ആർ.സി.എൽ.

(കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്), പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് എന്നീ ഏജൻസികളുടെ വർക്കുകൾ സംയുക്തമായി തീരുമാനിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കൊച്ചി നഗരത്തിന് ഒരു സ്പെഷ്യൽ പാക്കേജ് ഗവൺമെന്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന് കല്ലിട്ട, കുറേ നാളുകളായി നിശ്ചലമായി നിൽക്കുന്ന ഫ്ലാറ്റ് നിർമ്മാണം പുനരുദ്ധരിച്ചുകൊണ്ട് ഈ നഗരത്തെ രക്ഷിക്കാൻ ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, ഇവിടെ ബഹുമാന്യനായ ജോൺ ഫെർണാണ്ടസ് ശ്രദ്ധ ക്ഷണിക്കലിൽ ഉന്നയിച്ചതുപോലെ ഉപതെരഞ്ഞെടുപ്പിന് തലേദിവസം ഉണ്ടായ അതിശക്തമായ മഴയിൽ കൊച്ചി നഗരത്തിലെ ജനങ്ങൾ വലിയ പ്രയാസം അനുഭവിച്ചു. കേരളത്തിൽ ജനജീവിതമാകെ വലിയ പ്രതിസന്ധി ഉണ്ടാക്കിയ വെള്ളക്കെട്ടാണ് അവിടെ ഉണ്ടായത്. ബാനർജി റോഡ്, ഷൺമുഖം റോഡ്, എം.സി. റോഡ്, ഫോർ ഷോർ റോഡ്, ചിറ്റൂർ റോഡ്, നോർത്ത് പാലം മുതൽ ഇടപ്പള്ളിവരെയുള്ള പ്രദേശങ്ങളാകെ വെള്ളത്തിനടിയിലായിരുന്നു. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ സമീപമുള്ള ഡ്രെയിനേജുകളും റെയിൽവേയുടെ 23 കൾവെർട്ടുകളും ഡ്രെയിനേജ് സംവിധാനം സുഗമമാക്കുന്നതിന് കാലങ്ങളായി കൊച്ചി നഗരസഭയാണ് ഇത് മെയിന്റയിൻ ചെയ്തുവരുന്നത്. നഗരസഭയുടെ വിവിധ ഭാഗങ്ങളിലുള്ള റെയിൽവേയുടേയും മെട്രോയുടേയും കൾവെർട്ടുകൾക്ക് വ്യാസം വളരെക്കുറവായതിനാൽ പല സ്ഥലങ്ങളിലും നീരൊഴുക്ക് തടസ്സപ്പെടുകയും ജല നിരപ്പ് ഉയരുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. റോഡുകളും തെരുവുകളും ശുചീകരിക്കുന്നതിൽ വരുന്ന പോരായ്മ കാരണം മാലിന്യങ്ങൾ ഡ്രെയിനേജുകളിലും കനാലുകളിലും അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന സ്ഥിതിയുമുണ്ടായിട്ടുണ്ട്. ഡ്രെയിനേജ് സംവിധാനത്തിലെ ശുചീകരണത്തിന്റെ അപര്യാപ്തതയും ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാത്തതും വെള്ളക്കെട്ടിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ബഹുമാന്യനായ അംഗം വിനോദ് നേരത്തെ കോർപ്പറേഷനിൽ ഭരണസമിതി അംഗം കൂടിയായിരുന്നു, അതിൽ കോർപ്പറേഷനുള്ള ആക്ഷേപം, കോർപ്പറേഷൻ നിർവ്വഹിക്കാത്തതിലുള്ള ആക്ഷേപം ജനങ്ങൾക്കുണ്ടെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ആ ചുമതല അങ്ങ് ഏറ്റെടുക്കണം,സർക്കാർ ഇതിൽനിന്നും മാറിനിൽക്കുകയല്ല. വെള്ളക്കെട്ടുണ്ടായ സമയത്തുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസ്ഥാന ഗവൺമെന്റും അടിയന്തരമായി ഇടപെട്ടതിന്റെ ഭാഗമായി ജില്ലാ ഭരണകൂടത്തെ പ്രയോജനപ്പെടുത്തി ഡിസാസ്റ്റർ മാനേജ്മെന്റ് സംവിധാനത്തിന്റെ

ഭാഗമായി എല്ലാ ബന്ധപ്പെട്ട വകുപ്പുകളിലേയും ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ടാണ് വളരെപ്പെട്ടെന്ന് നടപടികൾ ഉണ്ടായത്. കായലിലെ വെള്ളത്തിന്റെ ലെവൽ ഉയർന്നിരുന്നതിനാൽ അന്ന് വെള്ളം ഒഴുകിപ്പോകുന്നതിന് ചെറിയ തടസ്സമുണ്ടായിയെന്ന് അങ്ങ് പറഞ്ഞത് ശരിയായ കാര്യമാണ്. നമ്മൾ നേരത്തെ ചെയ്തുവയ്ക്കേണ്ട ചില പ്രാഥമിക ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞ് നിൽക്കുന്നത് ശരിയല്ല, ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ചതിന്റെ ഭാഗമായാണ് വളരെപ്പെട്ടെന്ന് കൊച്ചി നഗരം വെള്ളക്കെട്ടിൽ അധികം ബുദ്ധിമുട്ടില്ലാതെ രക്ഷപ്പെടുന്ന സ്ഥിതിയുണ്ടായത്. പേരണ്ടൂർ കനാലിനു കുറുകെ വിവിധ ഭാഗങ്ങളിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാരണം നീരൊഴുക്ക് തടസ്സപ്പെടുന്നുവെന്ന വിഷയം നിലവിലുണ്ട്, ആ കാര്യവും നമ്മൾ പരിശോധിച്ചിട്ടുണ്ട്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി അമൃത് പദ്ധതിയിൽ 16 കോടി രൂപ വകയിരുത്തി 10.58 കിലോമീറ്റർ ദൈർഘ്യമുള്ളതും ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തേവര-പേരണ്ടൂർ കനാലും (ടി.പി. കനാൽ) മറ്റു ചെറുതോടുകളും കനാലുകളും പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ടി കനാലിന്റെ സിൽറ്റ് റിമൂവിംഗ്, ഫെൻസിംഗ്, പാർശ്വഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടത്തിവരികയാണ്. നഗരത്തിലെ വിവിധ ഭാഗങ്ങളിലെ കാനകളുടെയും തോടുകളുടെയും നീരൊഴുക്ക് സുഗമമാക്കാൻ അമൃത് പദ്ധതിയിൽ 49 വർക്കുകളിലായി 53 കിലോമീറ്റർ ഡ്രെയിനേജ് വർക്കുകൾ 55.6 കോടി രൂപ വകയിരുത്തി പ്രവൃത്തികൾ നടത്തിവരുന്നു. ചിലവന്നൂർ ഭാഗത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 94 ലക്ഷം രൂപ അടങ്കലിലുള്ള പ്രവൃത്തിയും നടന്നുവരുന്നുണ്ട്. എറണാകുളം നഗരത്തിലെ ഹൃദയഭാഗത്തെ പ്രധാനപ്പെട്ട കനാലുകളും തോടുകളും ചെന്നുചേരുന്നത് തേവര-പേരണ്ടൂർ കനാലിലേയ്ക്കും അതുവഴി വേമ്പനാട്ടു കായലിലേയ്ക്കുമാണ്. അതിനാൽ സ്റ്റോംവാട്ടർ ഡ്രെയിനേജുകളിലെ ശുചീകരണവും പരിപാലനവും കൃത്യമായ ഇടവേളകളിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ പ്രദേശങ്ങളിൽ കൂടുതലായി മഴപെയ്യുമ്പോൾ ഉണ്ടാകുന്ന അധികജലം ഒഴുക്കിക്കളയുന്നതിന് ചില പ്രദേശങ്ങളിലെങ്കിലും സ്ഥിരം വാട്ടർ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം അവിടെ ഏർപ്പെടുത്തേണ്ടതായിരുന്നു, അതുണ്ടായില്ലെന്നുള്ള പ്രശ്നമുണ്ട്. പമ്പുകൾ സ്ഥാപിച്ച് പമ്പിംഗ് സ്ഥിരമായി നടത്തുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഉന്നതലയോഗം വിളിച്ചുചേർത്തത്. അതിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉന്നതഉദ്യോഗസ്ഥരും ദുരന്തനിവാരണ അതോറിറ്റിയിലെ ആളുകളും പങ്കെടുത്തിരുന്നു. യോഗതീരുമാനപ്രകാരം ഒരു പ്ലാൻ

തയ്യാറാക്കി, മാർച്ച് 30-ാം തീയതിക്കകം കൊച്ചിയിലെ വെള്ളക്കെട്ട് ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സമയബന്ധിതമായ പരിപാടിക്ക് സർക്കാർ ഇടപെടണം; അത് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമലിൽ വച്ച് മാറിനിൽക്കുന്ന സമീപനമല്ല ഗവൺമെന്റ് സ്വീകരിച്ചത്. കേരളത്തിന്റെ ഗൗരതരമായ പ്രശ്നമാണിത്. കൊച്ചി നഗരം പോലുള്ള ഒരു പ്രദേശത്ത് ഇത് സംഭവിക്കാൻ പാടില്ലെന്ന ദീർഘവീക്ഷണത്തോടുകൂടിയാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. പക്ഷെ അതിനോട് ക്രിയാത്മകമായി പ്രതികരിക്കാൻ കൊച്ചി നഗരസഭ തയ്യാറാകേണ്ടതുണ്ടെന്നുള്ള കാര്യം അങ്ങ് ഓർക്കണമെന്നുകൂടി ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട കോടതി 23-10-2019-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിൽ തേവര-പേരണ്ടൂർ കനാലിന്റേയും മറ്റു ഡ്രെയിനേജ് സംവിധാനങ്ങളുടേയും ശുചീകരണം, പരിപാലനം, സംരക്ഷണം, വികസനം എന്നിവ മോണിറ്റർ ചെയ്യുന്നതിന് ചീഫ് സെക്രട്ടറി, എറണാകുളം ജില്ലാ കളക്ടർ, കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറി, മറ്റു സ്റ്റേക്ക് ഹോൾഡേഴ്സ്, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ്, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., റെയിൽവേ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, മലിനീകരണ നിയന്ത്രണ ബോർഡ്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് തുടങ്ങിയവരടങ്ങുന്ന ഒരു ഹൈലെവൽ കമ്മിറ്റി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കുന്നതിനുള്ള നടപടിയെടുത്തുവരികയാണ്. പ്രസ്തുത കേസ്സിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ തേവര-പേരണ്ടൂർ കനാലിൽ മാലിന്യം നിക്ഷേപിക്കുന്നതും ഒഴുക്കിവിടുന്നതും പൂർണ്ണമായും നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വളരെ വേഗത്തിൽ കൊച്ചിയിലെ പ്രശ്നം പരിഹരിക്കുന്നതിനും ജനങ്ങളെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ഫലപ്രദമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, നഗരസഭ പ്രതിവർഷം കാനയും തോടും ക്ലീൻ ചെയ്യുന്നതിന് ചെലവഴിക്കുന്ന ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് ഒരു പരിശോധന നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾ നമ്മൾ പരിഹരിക്കേണ്ടത്, ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഗവൺമെന്റ് അതിനാണ് പ്രാമുഖ്യം കൊടുക്കുന്നത്. കൊച്ചി നഗരസഭയിൽ കൃത്യമായിട്ടാണോ ഈ കാര്യങ്ങൾ നടക്കുന്നതെന്ന് ഭരണപരമായ തീരുമാനത്തിന്റെ ഭാഗമായി നമുക്ക് പരിശോധിക്കാവുന്നതാണ്.

## (2) ദുരന്ത നിവാരണ സംവിധാനങ്ങൾ

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2018-ലുണ്ടായ പ്രളയം, നൂറ്റാണ്ടിലുണ്ടായ പ്രളയം, മഹാപ്രളയം അത് ഒറ്റപ്പെട്ടതാണെന്നുള്ള രീതിയിലാണ് നമ്മൾ കണ്ടിരുന്നത്. 2019-ൽ വീണ്ടും പ്രളയം ശക്തമായ രീതിയിൽ പ്രത്യേകിച്ച് വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലൊക്കെ ഉണ്ടായി. ഞാൻ ഇത് സൂചിപ്പിക്കാനുള്ള കാരണം 2019-ലെ പ്രളയത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ മമ്പാട് പഞ്ചായത്തുൾപ്പെടെ 70 ശതമാനം പ്രദേശങ്ങൾ വെള്ളത്തിനടിയിലായിരുന്നു. ആ ഒരു സാഹചര്യത്തിൽ കേരളത്തിലെ ഡിസാസ്റ്റർ മാനേജ്മെന്റ് സംവിധാനം എത്രമാത്രം ദുർബലമാണെന്ന് തിരിച്ചറിഞ്ഞ ഒരു സന്ദർഭമായിരുന്നു അത്. ഞാൻ കുറ്റപ്പെടുത്തുന്നതല്ല, പൊതുവേ കേരളം ഇത്തരത്തിലുള്ള ദുരന്തങ്ങളും പ്രളയങ്ങളും ഇല്ലാത്തതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഒരു മുന്നൊരുക്കമില്ലാത്ത സാഹചര്യമുണ്ടെന്ന് നമുക്കറിയാം. 2018-ലെ പ്രളയത്തിൽ നമ്മൾ ഒരുപാട് പാഠം പഠിച്ചു. പ്രളയത്തെ നേരിടാനുള്ള സംവിധാനങ്ങൾ നമുക്കുണ്ടെന്നൊക്കെയാണ് ധരിച്ചുവച്ചിരുന്നത്. ജൂൺ 2019-ലെ കേരള ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഒഫിഷ്യലായിട്ടുള്ളൊരു പത്രക്കുറിപ്പിൽ പറഞ്ഞത് Kerala took lesson from 2018 floods, all set to manage any disaster this monsoon എന്നാണ്. 2019-ലെ മൺസൂൺ നേരിടാൻ നമ്മൾ സന്നദ്ധമാണോ, എന്റെ ഒരു അനുഭവം ഞാൻ അങ്ങയോട് പറയുകയാണ്. ഞാൻ സൂചിപ്പിച്ചല്ലോ, മമ്പാട് പഞ്ചായത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ ചാലിയാറിന്റെ ഇരുവശവുമായുള്ള പഞ്ചായത്താണ്. തൊട്ടടുത്ത് നിലമ്പൂർ, യഥാർത്ഥത്തിൽ ആഗസ്റ്റ് 9-നുണ്ടായ മഴയിൽ 70 ശതമാനം വെള്ളത്തിനടിയിലായി, ഒരുപാട് ഭാഗങ്ങൾ ഒറ്റപ്പെട്ടുകിടന്നു. പുള്ളിപ്പാടം ഓടായിക്കലെന്നുപറയുന്ന ചാലിയാർപുഴയ്ക്ക് അപ്പുറമുള്ള ഭാഗത്ത് ജനങ്ങൾ എങ്ങനെയാണ് കഴിയുന്നതെന്ന് അറിയാൻ പറ്റാത്ത സാഹചര്യം. ഒന്നു രണ്ട് കോളനികളിലേയ്ക്ക് എത്തിപ്പെടാൻ പറ്റാത്ത അവസ്ഥ. രണ്ടു ദിവസം അവിടേയ്ക്ക് ഭക്ഷണംപോലും എത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. നിലമ്പൂരിലെ സാഹചര്യം ഞാൻ പറയുന്നില്ല, മമ്പാട് പഞ്ചായത്ത്, മമ്പാട് ടൗൺ, വടപ്പുറം, നിലമ്പൂർ ടൗൺ തുടങ്ങിയവ മുഴുവൻ വെള്ളത്തിനടിയിൽ. യഥാർത്ഥത്തിൽ ആളുകൾക്ക് പോകുന്നതിനുവേണ്ടി ബോട്ടുപോലും ലഭിക്കാത്ത സാഹചര്യമുണ്ടായി. ജില്ലാ കളക്ടറെ പല പ്രാവശ്യം വിളിച്ചതിന്റെ അടിസ്ഥാനത്തിൽ പൊന്നാനി, താനൂർ ഭാഗങ്ങളിൽനിന്ന് മത്സ്യത്തൊഴിലാളികളുടെ ബോട്ട് കൊണ്ടുവന്നു. 10 ബോട്ടാണ് ആകെ ലഭിച്ചത്. നിലമ്പൂരിലേയ്ക്കും വണ്ടൂരിലേയ്ക്കും ബോട്ടില്ലാത്ത അവസ്ഥ. അവിടേയ്ക്ക് എങ്ങനെ ഭക്ഷണം എത്തിക്കുമെന്നതിനെക്കുറിച്ച് ആലോചിച്ച് ബാംഗ്ലൂരിൽനിന്നും

ഹെലികോപ്റ്റർ കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ചും ആലോചിച്ചു. അന്ന് കാലാവസ്ഥ മോശമായിരുന്നു. രണ്ടു ദിവസം പൂർണ്ണമായും ഒറ്റപ്പെട്ടുകിടന്ന എത്രയോ പ്രദേശങ്ങൾ, നമുക്ക് ആരോട് ചോദിക്കണം, എന്ത് ചോദിക്കണം, എവിടെനിന്ന് ഇതിന് പരിഹാരം കിട്ടുമെന്ന് ചോദിച്ചാൽ ഒന്നുമില്ലാത്ത അവസ്ഥ. കവളപ്പാറ ദുരന്തം സംഭവിച്ചതിന്റെ നാലാം ദിവസം ബഹുമാനപ്പെട്ട എം.പി. രാഹുൽ ഗാന്ധി അവിടം സന്ദർശിച്ചപ്പോൾ കൂടെ ഞാനുമുണ്ടായിരുന്നു. ട്രോമാ കെയർ സംവിധാനം, പോലീസ് ഉദ്യോഗസ്ഥർ, പ്രദേശത്തെ ജനങ്ങൾ എല്ലാവരും അവിടെ ക്യാമ്പ് ചെയ്തിട്ടുണ്ട്. ആ പ്രദേശത്തെ 60-ഓളം മനുഷ്യർ അപ്പോഴും മണ്ണിനടിയിലാണ്. ദുരന്തത്തിന്റെ നാലാം ദിവസമായിട്ടും ആറുപേരുടെ മൃതദേഹം മാത്രമാണ് കണ്ടെത്താനായത്. ദുരന്തസ്ഥലത്ത് ആവശ്യമായ ഉപകരണങ്ങളൊന്നുമില്ലേയെന്ന് ശ്രീ. രാഹുൽ ഗാന്ധി അവിടെയുള്ള പോലീസ് സൂപ്രണ്ടിനോട് ചോദിച്ചു. ഒരു ഹിറ്റാച്ചി മാത്രമാണ് ഉണ്ടായിരുന്നത്. ഭൂമി കുലുക്കമോ, മണ്ണിടിച്ചിലോ എന്തുമായിക്കോട്ടെ, ഒരു ദുരന്തമുണ്ടായിക്കഴിഞ്ഞാൽ ആദ്യം ചെയ്യേണ്ടത് അവിടെ ജീവനോടെ ആരെങ്കിലുമുണ്ടോയെന്ന് സ്ഥിരീകരിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ അത്തരം പരിശോധനകളൊന്നും അവിടെ നടത്താതെ ജീവനോടെ ആരുമില്ലെന്ന് നമ്മൾ അനുമാനിച്ചു. അത്തരം പരിശോധനകൾക്കുള്ള, ഭൂഗർഭ റഡാറുകളുൾപ്പെടെയുള്ള സംവിധാനങ്ങൾ ഇന്നുണ്ടെന്ന് നമുക്കറിയാം. അത്തരത്തിലുള്ള ആധുനിക സംവിധാനങ്ങൾ നമ്മുടെ കൈവശമില്ലെങ്കിൽ തൊട്ടടുത്ത സംസ്ഥാനങ്ങളുമായി ബന്ധപ്പെടാം. എന്നാൽ സംഭവ സ്ഥലത്ത് ഉണ്ടായിരുന്നത് ഒരൊറ്റ ഹിറ്റാച്ചി മാത്രമാണ്. ബഹുമാനപ്പെട്ട എം.പി. അവിടെനിന്നും നേരെ മലപ്പുറം കളക്ടറേറ്റിൽ വന്ന് യോഗം ചേർന്ന് ഇക്കാര്യം റിപ്പോർട്ട് ചെയ്തതിനുശേഷം അടുത്തദിവസം മാത്രമാണ് ഏതാണ്ട് 6 ഹിറ്റാച്ചിയും 2 ജെ.സി.ബി.-യും ലഭ്യമാക്കിയത്. ഏതാണ്ട് 54-ഓളം മനുഷ്യർ മണ്ണിനടിയിൽപ്പെട്ട് കിടക്കുമ്പോഴും നമുക്കാവശ്യമായ ഹിറ്റാച്ചിയോ ജെ.സി.ബി.യോ കൊണ്ടുവരാൻ കഴിഞ്ഞില്ല. ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുന്നതിനാൽ ഇവ നേരിടാനുള്ള തയ്യാറെടുപ്പ് നടത്തേണ്ടതുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ് എന്നതിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ട് പ്രയാസമുള്ള സ്ഥലങ്ങളിൽനിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കൽ എന്നതിനപ്പുറത്ത് 'റെസ്ക്യൂ ഓപ്പറേഷൻ' എന്ന നിലയിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്. ഇത്തരം ദുരന്തങ്ങളെ നേരിടാൻ ആവശ്യമായ ബോട്ടുകളുൾപ്പെടെയുള്ള ഉപകരണങ്ങളൊന്നും നമുക്കില്ല. എന്തിനേറെപ്പറയുന്നു, ദുരന്തം നടന്ന ദിവസം മൊബൈൽ സംവിധാനം മുഴുവൻ താറുമാറായി. പരസ്പരമുള്ള കമ്മ്യൂണിക്കേഷൻ

സാധ്യമല്ലാതായി. ഞാൻ അന്വേഷിച്ചപ്പോൾ ജില്ലാ കളക്ടറേറ്റിൽ ഒരു ഹാം റേഡിയോ (ham radio) മാത്രമാണ് ഉണ്ടായിരുന്നത്. ഹാം റേഡിയോ വളരെ വിലകുറഞ്ഞ സംവിധാനമാണെന്ന് പറയുന്നു. അത്തരം സംവിധാനങ്ങളുപയോഗിച്ച് വയർലെസ്സ് സംവിധാനത്തിലൂടെ കമ്മ്യൂണിക്കേഷൻ സാധ്യമാക്കാം. നിലമ്പൂർ, വയനാട് പോലെയുള്ള മേഖലകളിൽ അത്തരം കാര്യങ്ങൾ പ്രൊവൈഡ് ചെയ്യാൻ കഴിയണം. കെ.എസ്.ഇ.ബി.എൽ., ബി.എസ്.എൻ.എൽ. സംവിധാനങ്ങൾ മുഴുവനും തകരാറിലാകുമ്പോൾ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യാനായി പരസ്പരം ബന്ധപ്പെടണ്ടേ? 25-ഓളം ട്രാൻസ്ഫോർമറുകൾ കേടായി, ലൈറ്റില്ലാതായി. 6 മണി കഴിഞ്ഞാൽ ദുരിതാശ്വാസ പ്രവർത്തനം നടത്താൻ കഴിയാത്ത സാഹചര്യമായിരുന്നു. ആവശ്യത്തിന് സെർച്ച് ലൈറ്റ് പോലും ഉണ്ടായിരുന്നില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന വലിയ സംവിധാനത്തെക്കുറിച്ച് എം.എൽ.എ.-മാർക്ക് ക്ലാസ്സുണ്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട റെസ്ക്യൂ ഓപ്പറേഷനാവശ്യമായ സംവിധാനം നൽകാൻ കഴിയാത്ത അവസ്ഥകൊണ്ട് പല നടപടികളും വൈകി. ഇന്നും 11 മൃതദേഹങ്ങൾ കവളപ്പാറയിൽ മണ്ണിനടിയിലാണ്. ആ ഒരു സാഹചര്യം നിലനിൽക്കുകയാണ്. കേരളം പോലുള്ള സംസ്ഥാനത്ത് സംഭവിച്ച ദുരന്തത്തിൽ അത്രയും മൃതദേഹങ്ങൾ കണ്ടെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായത് റെസ്ക്യൂ ഓപ്പറേഷന്റെയും കോ-ഓർഡിനേഷന്റെയും അഭാവംമൂലമാണ്. ഇത്തരം വലിയ ദുരന്തങ്ങളിൽ ഫയർ സർവ്വീസിന്റെ പ്രവർത്തനം പരിമിതമാണ്. സാധാരണ ജനങ്ങൾ അവരുടെ കൈവശമുള്ള കൈക്കോട്ട്, പിക്കാസ് തുടങ്ങിയ ഉപകരണങ്ങൾ വച്ച് മണ്ണ് നീക്കിക്കഴിഞ്ഞാൽ മീറ്ററുകളോളം താഴെയുള്ള മൃതദേഹങ്ങൾ കണ്ടെത്താൻ കഴിയുമോ? ഇക്കാര്യങ്ങളെ സംബന്ധിച്ച് ഇനിയെങ്കിലും കരുതലുണ്ടാകണം. റെസ്ക്യൂ ഓപ്പറേഷന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ ആവശ്യമാണെന്ന് കണ്ടെത്തുകയും ഉപകരണങ്ങൾ വാങ്ങുന്നതിനും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും ഒരു നോഡൽ ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്. അത്തരം മാർഗ്ഗങ്ങൾ അവലംബിച്ചില്ലെങ്കിൽ ഇതുപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. അനിൽ കുമാർ സൂചിപ്പിച്ച കാര്യത്തിൽ, 2018-ലെ അതിതീവ്രമഴ, പ്രളയം എന്നിവയെത്തുടർന്നുണ്ടായ കാര്യങ്ങൾ പരിഹരിക്കുന്നതോടൊപ്പം വരാനിരിക്കുന്ന ഏതുതരത്തിലുമുള്ള ദുരന്തങ്ങളെയും അതിജീവിക്കാൻ കഴിയുന്ന

സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനായി വളരെ വ്യക്തമായ ആലോചനകളും ചർച്ചകളും നടത്തുകയും ചെയ്തിരുന്നു. ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്ക തോതിൽ ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള ദുരന്തങ്ങൾ ഉണ്ടാകുമെന്ന കാര്യം നേരത്തേ അറിയാൻ കഴിയാത്ത ഒരു സാഹചര്യം നമ്മുടെ മുമ്പിൽ ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഈ പ്രശ്നങ്ങളിലെല്ലാംതന്നെ അടിയന്തരഘട്ടത്തിലുള്ള ഇടപെടൽ തന്നെയാണ് നമ്മൾ സ്വീകരിച്ച നിലപാടെന്ന് ഉറപ്പിച്ച് പറയാൻ കഴിയും. മലപ്പുറം ജില്ലയിലെ നിലമ്പൂർ, കവളപ്പാറ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ അപകടം നടന്നയുടൻ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. മണ്ണിടിച്ചിലും ഉരുൾപൊട്ടലുംമൂലമുണ്ടായ തടസ്സങ്ങൾ നീക്കംചെയ്ത് അപകട സ്ഥലങ്ങളിൽ എത്തിച്ചേരേണ്ട സാഹചര്യമാണ് ഉണ്ടായിരുന്നത്. അവിടങ്ങളിൽ വാഹനങ്ങൾ കടന്നുപോകാൻ വളരെയധികം പ്രയാസങ്ങളുണ്ടായി. ഹിറ്റാച്ചിയോ, ജെ.സി.ബി.-യോ അവിടേയ്ക്ക് കടത്തിവിടാൻ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. തുടർന്ന് അവ സംഭവസ്ഥലത്ത് എത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. എല്ലാ പ്രതിബന്ധങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്ത് യഥാസമയം അഗ്നിരക്ഷാ സേനാംഗങ്ങൾ ഉൾപ്പെടെയുള്ള രക്ഷാപ്രവർത്തകർ സംഭവ സ്ഥലങ്ങളിൽ എത്തുകയും രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കേരള അഗ്നിരക്ഷാ സേനയോടൊപ്പം വകുപ്പിന്റെ കീഴിൽ പരിശീലനം ലഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർമാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളും ദുരന്തമുഖത്ത് യഥാസമയം എത്തിച്ചേർന്ന് രക്ഷാപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2018-ലുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അഗ്നിരക്ഷാ സേനയുടെ നവീകരണത്തിനും ആധുനികവൽക്കര ണത്തിനുമായി അനുവദിച്ച 70 കോടി രൂപ ഉപയോഗിച്ച് ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന സമയത്ത് കാര്യക്ഷമമായ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനായി സിവിൽ ഡിഫൻസ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. അഗ്നിസുരക്ഷാ വകുപ്പിന്റെ പ്രാദേശിക വ്യാപനത്തിനായി കൂടുതൽ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും അധികമായി രണ്ട് പരിശീലന സ്ഥാപനങ്ങൾ സൃഷ്ടിക്കാനും 'റീബിൽഡ് കേരള' പദ്ധതിയിലേയ്ക്ക് ദുരന്ത നിവാരണ അതോറിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. അഗ്നി സുരക്ഷാ വകുപ്പിനെ ശാക്തീകരിക്കുന്നതിനായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വിവിധ ഘട്ടങ്ങളിൽ 15 കോടി രൂപയോളം ഇതിനകം നൽകിയിട്ടുണ്ട്. അഗ്നി സുരക്ഷാ അക്കാദമി ശാക്തീകരിക്കുന്നതിനായി സംസ്ഥാന

ദുരന്തനിവാരണ അതോറിറ്റി പ്രത്യേകമായി 1 കോടി 25 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെയുള്ള 'ആപ്താ മിത്ര' പദ്ധതി ഉപയോഗിച്ച് കോട്ടയം ജില്ലയിൽ 200 പേരുടെ സാമൂഹ്യാധിഷ്ഠിത ദുരന്തലഘൂകരണ സേന രൂപീകരിച്ചിട്ടുണ്ട്. കേരളം മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു. 24-6-2016-ലെ സർക്കാർ ഉത്തരവുപ്രകാരം 5 ഏക്കർ സ്ഥലം ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക ആസ്ഥാനം (Regional response centre) നിർമ്മിക്കാൻ കൊച്ചിയിൽ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ സ്ഥലം ദേശീയ ദുരന്ത പ്രതികരണ സേനയുടെ പേരിലാക്കുന്നതിനാവശ്യമായ നടപടി കേന്ദ്ര സർക്കാരിൽ നടന്നുവരുന്നു. കേരളത്തിൽ 'നാഷണൽ ഡിസാസ്റ്റർ റെസ്പോൺസിബിൾ റിസർവ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് 2018-ൽ പ്രളയത്തിന് മുമ്പുതന്നെ ആവശ്യപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള കരുതൽ ശേഖരം വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പഠനം നടത്തിവരുന്നുമുണ്ട്. ഈ പറയുന്ന രീതിയിൽ അടിയന്തര ഘട്ടത്തിലുള്ള ഇടപെടലിനാവശ്യമായ കാര്യങ്ങൾ തന്നെയാണ് ദുരന്ത നിവാരണ സേനയെ ഉപയോഗിച്ചുകൊണ്ട് ദുരന്തനിവാരണ വകുപ്പ് ബന്ധപ്പെട്ട കാര്യങ്ങളിൽ ആലോചിച്ച് തീരുമാനിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ആധുനിക ഉപകരണങ്ങൾ വാങ്ങുക എന്നതിനോടൊപ്പം ചില കാര്യങ്ങൾകൂടി ചെയ്യേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തുകൾക്ക് ബോട്ട്, തോണി മുതലായവ വാങ്ങുന്നതിന് അനുവാദം നൽകിയിരുന്നു. പുഴയുടെ തീരത്ത് രണ്ടുഭാഗങ്ങളിലായി കിടക്കുന്ന പഞ്ചായത്തുകൾ ഇത്തരം കാര്യങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഊതി വീർപ്പിച്ച് ഉപയോഗിക്കുന്ന ഡിങ്കി ബോട്ടുകളുൾപ്പെടെയുള്ള സംവിധാനങ്ങൾ വാങ്ങുന്നതിന് ഇപ്പോൾ അനുവാദം നൽകുന്നില്ല. ദുരന്തങ്ങൾ വരാൻ സാധ്യതയുള്ള ഇത്തരം പ്രദേശങ്ങളിലെ പഞ്ചായത്തുകൾ ആവശ്യപ്പെട്ടുകഴിഞ്ഞാൽ, അവരുടെ ഫണ്ട് ഉപയോഗിച്ച് ഇത്തരം സംവിധാനങ്ങൾ വാങ്ങുന്നതിനുള്ള അനുവാദം നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരോട് ആലോചിച്ച് അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# IV സബ്മിഷൻ

## (1) സാമ്പത്തിക സഹായം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിലെ നീതിന്യായ ചരിത്രത്തിലെ സമാനതകളില്ലാത്ത സംഭവമാണ് സുനിൽകുമാർ വധവുമായി ബന്ധപ്പെട്ടുണ്ടായത്. 1994 ഡിസംബർ 4-നാണ് ഗുരുവായൂരിനടുത്ത് തൊഴിയൂരിൽ സുനിൽകുമാർ എന്ന ആർ.എസ്.എസ്. പ്രവർത്തകൻ കൊല്ലപ്പെടുന്നത്. കൊലപാതകം നടത്തിയത് സി.പി.ഐ.(എം) പ്രവർത്തകരാണെന്നായിരുന്നു അന്നത്തെ പോലീസിന്റെ കണ്ടെത്തൽ. സി.പി.ഐ.(എം) പ്രവർത്തകരായ ബിജു, ബാബുരാജ്, ഹരിദാസൻ, റഫീഖ്, അന്ന് കോൺഗ്രസ്സ് നേതൃത്വത്തിന് അനഭിമതരായിരുന്ന തിരുത്തൽവാദി കോൺഗ്രസ്സ് പ്രവർത്തകരായിട്ടുള്ള ജയ്സൺ, എ. ഡി. ജെയിംസ്, പ്രത്യേക രാഷ്ട്രീയമില്ലാതിരുന്ന ഷമീർ അബൂബക്കർ, സുബ്രഹ്മണ്യൻ എന്നിവരെ 302 വകുപ്പനുസരിച്ച് പ്രതികളാക്കി. അതിഭീകരമായ മർദ്ദനമുറകളാണ് ഇവർക്കുനേരെ പ്രയോഗിച്ചത്. മർദ്ദിച്ച് കുറ്റം സമ്മതിപ്പിക്കുകയായിരുന്നു. പ്രതികളാക്കപ്പെട്ടവരുടെ ജീവിതം തകർന്നുപോയി, പലരും രോഗികളായി, പലരുടെയും നിശ്ചയിച്ചുറപ്പിച്ച വിവാഹം മുടങ്ങി. ഇന്നത്തേതുപോലെ ദൃശ്യമാധ്യമങ്ങൾ ഉണ്ടായിരുന്ന കാലമല്ലെങ്കിലും അച്ചടി മാധ്യമങ്ങൾ പ്രതികളോടുള്ള ക്രൂരതയെക്കുറിച്ച് തുടർക്കഥകളെഴുതി. 1996-ൽ തീവ്രവാദക്കേസിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ കണ്ടെത്തിയ ചില സംഭവങ്ങളിൽ നിന്ന് ഈ കേസിൽ ചില സൂചനകൾ ലഭിക്കുകയുണ്ടായി. 'ജം ഇയത്തുൽ ഹിസാനിയ' എന്ന തീവ്രവാദ ഗ്രൂപ്പാണ് ഈ സംഭവത്തിന് പിന്നിലെന്ന് കാണുകയുണ്ടായി. ഈ കണ്ടെത്തൽ പിന്നീട് ഹൈക്കോടതിയിൽ സമർപ്പിക്കുകയും ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് ഈ ഗവൺമെന്റ് വന്നശേഷം അന്വേഷണം നടത്തുകയും യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഒന്നാംപ്രതി ഉൾപ്പെടെയുള്ളവരെ കിട്ടാനുണ്ട്. ഈ സംഭവത്തിൽ പ്രതികളാക്കപ്പെട്ട നിരപരാധികളായവർ കാൽനൂറ്റാണ്ട് അനുഭവിച്ച ജീവിതവ്യഥകൾക്കും സങ്കടങ്ങൾക്കും പരിഹാരമുണ്ടാക്കേണ്ടതുണ്ട്. കൊല്ലപ്പെട്ട സുനിൽകുമാറിന്റെ സഹോദരന്റെ കൈ നഷ്ടപ്പെട്ടു. മറ്റുമാർഗ്ഗങ്ങളില്ലാത്ത പട്ടികജാതിയിൽപ്പെട്ട കുടുംബാംഗങ്ങളാണ്. അതുകൊണ്ട് സുനിൽകുമാറിന്റെ കുടുംബത്തിനും നിരപരാധികളായി പ്രതികളാക്കപ്പെട്ടവർക്കും സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് മുന്നോട്ടുവയ്ക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുൻവിധിയോടെയുള്ള അന്വേഷണം നടന്നാൽ എങ്ങനെയിരിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇവിടെ വിവരിച്ച കാര്യങ്ങൾ. 4-12-1994-ന് പുലർച്ചെ 2 മണിക്ക് തൃശ്ശൂർ പൂക്കോട്ട് സുനിൽ എന്ന ആർ.എസ്.എസ്. പ്രവർത്തകന്റെ വീട്ടിൽ ഒരു സംഘം അതിക്രമിച്ചുകയറി സുനിലിനെയും സഹോദരൻ സുബ്രഹ്മണ്യനെയും കുടുംബാംഗങ്ങളെയും വെട്ടിയും കുത്തിയും പരിക്കേൽപ്പിക്കുകയുണ്ടായി. ആശുപത്രിയിൽ ചികിത്സയിലിരിക്കെ സുനിൽകുമാർ മരണപ്പെടുകയും സുബ്രഹ്മണ്യന്റെ ഒരു കൈ നഷ്ടപ്പെടുകയും ചെയ്തു. ഈ സംഭവം ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 205/94-പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ഒൻപതുപേരെ പ്രതികളാക്കി കുറ്റപത്രം സമർപ്പിച്ചു. 24-3-1997 - ലാണ് പ്രസ്തുത കേസിന്റെ വിചാരണ പൂർത്തിയായത്. വിചാരണയ്ക്കിടെ പ്രതികളായ ഷമീറും സുബ്രഹ്മണ്യനും മരണപ്പെട്ടു. പ്രതികളായി ഉൾപ്പെടുത്തിയ ബിജു, റഫീഖ്, ബാബുരാജ്, ഹരിദാസൻ, അബൂബക്കർ എന്നിവരെ കോടതി ശിക്ഷിക്കുകയും എ. ഡി. ജെയിംസ്, ജയ്സൺ എന്നിവരെ വെറുതെവിടുകയും ചെയ്തു. പ്രതികൾ തങ്ങളുടെ നിരപരാധിത്വം ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ അപ്പീൽ പരിഗണിച്ച് 15-9-1998-ൽ എല്ലാ പ്രതികളെയും വെറുതെവിടുകയും കേസ് പുനരന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു. തുടർന്ന് ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് നടത്തിവരികയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശാസ്ത്രീയവും കുറ്റമറ്റതുമായ അന്വേഷണത്തിലൂടെ കേസിലെ യഥാർത്ഥ പ്രതികൾ 'ജം ഇയത്തുൽ ഹിസാനിയ' എന്ന സംഘടനയിൽപ്പെട്ടവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സംഘടനയിൽപ്പെട്ട സെയ്യദ്അലവി, യൂസഫലി, കുഞ്ഞുമുഹമ്മദ്, ഷാജു, സുലൈമാൻ, മൊയ്നുദ്ദീൻ, ഇസ്ഹാക്ക്, നവാസ്, ഉസ്മാൻ തുടങ്ങിയ ഒൻപതുപേരെ പ്രതി ചേർത്ത് അന്വേഷണം നടത്തിവരുന്നു. ഇതിൽ മൊയ്നുദ്ദീൻ, യൂസഫലി, ഉസ്മാൻ, സുലൈമാൻ എന്നിവരെ 2019 ഒക്ടോബർ മാസത്തിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. മരണപ്പെട്ട സുനിൽ കുമാറിന്റെ സഹോദരൻ സുബ്രഹ്മണ്യന് വികലാംഗ പെൻഷനും മാതാപിതാക്കൾക്ക് വാർദ്ധക്യകാല പെൻഷനും ലഭിക്കുന്നുണ്ട്. ഇവരുടെ ജീവിതസാഹചര്യങ്ങളും ജയിൽശിക്ഷ അനുഭവിക്കേണ്ടിവന്നവരുടെ കാര്യവും ജില്ലാ കളക്ടറുടെ റിപ്പോർട്ടുതേടി വിലയിരുത്തൽ നടത്തേണ്ടതുണ്ട്.

## (2) സ്റ്റേഡിയം നവീകരണം

ശ്രീ. ഷാഫി പറമ്പിൽ: സർ, 'വിഘടനവാദത്തിനെതിരെയുള്ള പോരാട്ടത്തിൽ ഞാൻ കൊല്ലപ്പെടുകയാണെങ്കിൽ എന്റെ ഓരോ തുള്ളി രക്തവും ഈ രാജ്യത്തെ കരുത്തുറ്റതാക്കും' എന്നുപറഞ്ഞ ഇന്ദിരാഗാന്ധിയുടെ

രക്തസാക്ഷിത്വദിനമാണ് ഇന്ന്. ഇന്ത്യയുടെ ഭരണഘടനയുടെ preamble-ൽ 'മതേതരത്വം' എന്ന വാക്ക് എഴുതിച്ചേർത്ത ഇന്ദിരാഗാന്ധിയുടെ നാമധേയത്തിൽ പാലക്കാടുള്ള ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങളിൽ കായിക വകുപ്പിന്റെ അടിയന്തരമായ ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. അത്‌ലറ്റ് ആയ പി. യു. ചിത്രയും ദേശീയ ലോംഗ്ജമ്പ് ചാമ്പ്യനായ ശ്രീശങ്കറും ഉൾപ്പെടെ നിരവധി കായികതാരങ്ങളുടെ ജില്ലയാണ് പാലക്കാട്. അവിടത്തെ മെഡിക്കൽ കോളേജിനോടുചേർന്ന് ഒരു സിന്തറ്റിക് ട്രാക്ക് നിർമ്മിച്ചു. എന്നാൽ അതിന്റെ അനുബന്ധ സൗകര്യങ്ങൾക്കു വേണ്ടി സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ടിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്ന് ഏതാണ്ട് രണ്ടേകാൽ കോടി രൂപ നീക്കിവച്ചു. നല്ലൊരു ഫുട്ബോൾ ഗ്രൗണ്ട് അവിടെ ഇല്ലാത്തതിനാൽ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്നുതന്നെ synthetic football turf-ന് രൂപം കൊടുത്തു. അതിന്റെ ഉദ്ഘാടനത്തിന് മുൻ കായിക വകുപ്പുമന്ത്രി പങ്കെടുത്തിരുന്നു. അതുകൂടാതെ Bhaichung Bhutia ഉൾപ്പെടെയുള്ളവർ അവിടെ വരികയും അക്കാദമി തുടങ്ങാൻ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കായികരംഗത്തെ വികസനത്തിനുവേണ്ടി എം.എൽ.എ. ഫണ്ടും ആസ്തിവികസന ഫണ്ടും ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അവിടെ ചെയ്യുന്നുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിനായി ഒരു കോടിരൂപ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്നും കൊടുത്തിരുന്നു. നല്ലൊരു ഫുട്ബോൾ ഗ്രൗണ്ടും ഗ്യാലറിയും മറ്റെല്ലാ സൗകര്യങ്ങളോടുംകൂടി വരാൻ സാധ്യതയുള്ള സ്ഥലമാണിത്. സ്റ്റേജ് പ്രോഗ്രാം നടത്താൻ കല്ലും മണ്ണും കൊണ്ടിട്ടിരിക്കുന്ന, കാളപൂട്ട് മത്സരം നടത്താവുന്ന തരത്തിലാണ് ഇപ്പോൾ അതിന്റെ അവസ്ഥ. ഗ്യാലറിക്കോ മറ്റു സൗകര്യങ്ങൾക്കോ ഒന്നുമല്ല പണം ചോദിക്കുന്നത്. ഒരു സ്റ്റേഡിയത്തിനകത്ത് ആദ്യമുണ്ടാകേണ്ടത് കളി നടക്കാനുള്ള സാഹചര്യമാണ്. നല്ലൊരു ഗ്രൗണ്ട് ടർഫാണ് ആവശ്യം. ബാക്കിയെല്ലാം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പിന്നീട് ചെയ്യാം. സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ പ്രയോറിറ്റി കടമുറിയും ഗ്യാലറിയും കെട്ടുകയെന്നതിനപ്പുറത്തേയ്ക്ക് ആദ്യം ഗ്രൗണ്ട് നേരെയാക്കി കളി നടക്കണം. ബാക്കി കാര്യങ്ങൾ പുറകേ വരട്ടെയെന്നുള്ളതാണ്. ഇനിയും അടുത്ത വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക നീക്കിവയ്ക്കാൻ തയ്യാറുമാണ്. പക്ഷെ ഡിപ്പാർട്ടുമെന്റിന്റെ സപ്പോർട്ടില്ലാതെ നവീകരിക്കാൻ കഴിയില്ല. ഇന്ദിരാഗാന്ധിയുടെ ഓർമ്മയിൽ നിൽക്കുന്ന ഈ ദിനത്തിലെങ്കിലും അനുകൂലമായ മറുപടിയും നടപടിയുമുണ്ടാകണം. പാലക്കാട്ടെ ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നല്ലൊരു നാച്വറൽ ഗ്രാസ്സുള്ള ലെവൻസ് ഫുട്ബോൾ കോർട്ട് നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പാലക്കാട് നഗരസഭയിലെ ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ ഫുട്ബോൾ ടർഫും അനുബന്ധ സൗകര്യവികസനത്തിനുമായി 2.13 കോടി രൂപ അനുവദിച്ച് കിറ്റ്കോയെ ചുമതലപ്പെടുത്തണമെന്നും അതിന് ഭരണാനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കയച്ചു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം മേൽ പദ്ധതി ഒഴിവാക്കി പകരം പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ഗ്രൗണ്ടിലെ സ്പോർട്സ് അടിസ്ഥാനസൗകര്യ വികസനത്തിനായി ആസ്തി വികസന ഫണ്ടിൽനിന്നും 2,11,67,828 രൂപ അനുവദിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. തുടർന്ന് 13-4-2018-ൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി കായിക വകുപ്പ് നൽകുകയുണ്ടായി. അദ്ദേഹം നേരത്തേ നിർദ്ദേശിച്ചതനുസരിച്ച് കിറ്റ്കോയെത്തന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം മെച്ചപ്പെടുത്തിയെടുക്കാൻ അവിടെ ടർഫും സിന്തറ്റിക് ട്രാക്കും മററ് അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടി ഫണ്ട് ആവശ്യമാണെന്നുള്ളത് ശരിയാണ്. പക്ഷേ അതിലുള്ള ഒരു പ്രശ്നം, ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം പാലക്കാട് മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ളതാണ്. അതുകൊണ്ടുതന്നെ പ്രസ്തുത സ്റ്റേഡിയം ഇത്തരം നവീകരണ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകാൻ മുനിസിപ്പാലിറ്റി സന്നദ്ധമല്ല. ഈ നിലയിൽ കായിക വകുപ്പിന് ഇടപെടാൻ കഴിയാത്ത അവസ്ഥയാണിപ്പോഴുള്ളത്. ബഹുമാനപ്പെട്ട മെമ്പർക്കും ഇക്കാര്യം അറിയാവുന്നതാണ്. തീർച്ചയായും കായിക പ്രതിഭകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റാണിത്. പ്രത്യേക പരിഗണന നൽകി പാലക്കാട് ജില്ലയിലെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അതുകൊണ്ട് സ്റ്റേഡിയത്തിന്റെ നവീകരണം സംബന്ധിച്ച പ്രത്യേകമായ പ്രൊപ്പോസൽ ഇല്ലാത്തതുകൊണ്ട് അതിനുള്ള അവസരമില്ല. ബഹുമാന്യനായ അംഗംതന്നെ കായിക വകുപ്പിന്റെ പ്രത്യേക സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. തീർച്ചയായും പാലക്കാടുള്ള ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം നവീകരണത്തിനുവേണ്ടി മുനിസിപ്പാലിറ്റി രേഖാമൂലം അനുവാദം തരികയാണെങ്കിൽ മറ്റ് ഫണ്ട് വരുന്ന മുറയ്ക്ക് ആവശ്യമായ സമീപനം സ്വീകരിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, രണ്ടേകാൽകോടി രൂപ അനുവദിച്ചിരിക്കുന്നത് ഈ സ്റ്റേഡിയത്തിനായല്ല. പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ synthetic track-ന്റെ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടിയാണ്. മുനിസിപ്പാലിറ്റിയുടെ ഫുട്ബോൾ ടർഫ് പണിയുന്നതിനുവേണ്ടി മുനിസിപ്പാലിറ്റി എടുത്തുതന്ന റെസല്യൂഷൻ ഉൾപ്പെടെ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അത് എന്റെ കയ്യിലുമുണ്ട്. അത്തരം തടസ്സങ്ങളില്ല. ഫണ്ട് അനുവദിക്കാൻ തീരുമാനമെടുത്താൽ അവിടെ ഗ്രൗണ്ട് പണിയാൻ സാധിക്കും.

## (3) നഷ്ടപരിഹാരം

ശ്രീ. സജി ചെറിയാൻ: സർ, 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ രക്ഷാപ്രവർത്തനങ്ങളിലും പുനർനിർമ്മാണ പ്രവർത്തനങ്ങളിലും ഗവൺമെന്റും റവന്യൂ വകുപ്പ് അടക്കമുള്ള മറ്റെല്ലാ വകുപ്പുകളും നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പമ്പയാറിന്റെയും അച്ചൻകോവിലാറിന്റെയും മണിമലയാറിന്റെയും തീരത്താണ് ചെങ്ങന്നൂർ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്നത്. അതുകൊണ്ടു തന്നെ 2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച മണ്ഡലം ചെങ്ങന്നൂരാണ്. പ്രളയത്തിൽ നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും അടിയന്തര ധനസഹായവും നഷ്ടപരിഹാരത്തുകയും ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രളയത്തിനുശേഷം ചില വീടുകളുടെ അടിത്തറയിലുള്ള മണ്ണ് ഒലിച്ചുപോയതുകൊണ്ടോ മറ്റ് പല കാരണങ്ങൾകൊണ്ടോ മാസങ്ങൾക്കുശേഷം തകരാർ കണ്ടെത്തിയിട്ടുള്ള വീടുകൾക്ക് അപേക്ഷകൾ ആ സമയത്ത് സമർപ്പിക്കാൻ കഴിയാത്ത സ്ഥിതി വന്നിട്ടുണ്ട്. വീടിന്റെ യഥാർത്ഥ നഷ്ടത്തിന് ധനസഹായം ലഭിക്കാത്തവരുമുണ്ട്. വീട്ടുടമസ്ഥരിൽ 2019, ജൂൺ 30-നുശേഷം അപ്പീൽ അപേക്ഷകൾ നൽകിയവരുമുണ്ട്. അപേക്ഷ നൽകിയിട്ടുള്ള പല വീടുകളിലും കൃത്യമായ അന്വേഷണം നടത്തിയിട്ടില്ലെന്ന പരാതി നിലനിൽക്കുന്നു. രോഗികൾ, ശയ്യാവലംബർ എന്നിവർക്ക് സമയത്ത് അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള പലരും ജൂൺ 30-നുശേഷം അപ്പീൽ അപേക്ഷകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രളയത്തിൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ വീടും തകർന്നിട്ടുണ്ട്. അവർക്കും പുനരധിവാസം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ അർഹരായവർക്ക് കൃത്യമായ അന്വേഷണം നടത്തി മതിയായ നഷ്ടപരിഹാരം നൽകേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഏകദേശം ആയിരത്തോളം അപേക്ഷകളും അപ്പീൽ അപേക്ഷകളും പഞ്ചായത്തുകളിലും കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും ലഭിച്ചതായി അറിയാൻ സാധിക്കുന്നു. ആയതിനാൽ അങ്ങനെ ലഭിച്ചിട്ടുള്ള അപ്പീൽ

അപേക്ഷകളിൽ അടിയന്തരമായി കളക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ഉചിതമായ നഷ്ടപരിഹാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഭവനം നഷ്ടപ്പെട്ടവർക്ക് വീട് വച്ച് നൽകുന്നതിന് അൻപത് സെന്റ് സ്ഥലം റവന്യൂ വകുപ്പിന് അന്ന് കൈമാറിയിരുന്നു. എന്നാൽ ഇങ്ങനെ കൈമാറിയ ആ സ്ഥലം റവന്യൂ വകുപ്പിന്റെ കൈവശം ഇരിക്കുന്നതല്ലാതെ അവിടെ ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടികളൊന്നും ഈ സമയത്തിനുള്ളിൽ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഉചിതമായ നഷ്ടപരിഹാരം കിട്ടേണ്ടവർക്ക് വീണ്ടും അപേക്ഷ ക്ഷണിച്ച് നഷ്ടപരിഹാരം കൊടുക്കാനും ഞങ്ങൾ വീടുവച്ച് നൽകാനായി കൊടുത്ത സ്ഥലം ഒന്നുകിൽ ഞങ്ങൾക്ക് തിരിച്ച് തരുന്നതിനോ അല്ലെങ്കിൽ അവിടെ ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനോ ഉള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2018-ലെ പ്രളയദുരന്തത്തിൽപ്പെട്ട വീടുകളുടെ കണക്കെടുപ്പ് പൂർത്തീകരിക്കാൻ 5-9-2018-ലാണ് സംസ്ഥാന സർക്കാർ ആദ്യം നിർദ്ദേശിച്ചത്. തുടർന്ന് 31-1-2019 വരെ അപേക്ഷകൾ സ്വീകരിക്കാൻ ഹൈക്കോടതിയുടെ അനുമതിയോടെ തീരുമാനിക്കുകയും അതിന്മേൽ അപ്പീൽ നൽകാനുള്ള സമയം 31-3-2019 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. പ്രസ്തുത സമയത്തിനുശേഷവും സംശയകരമായ രീതിയിൽ, ഒരേ രീതിയിലുള്ള ഒട്ടനവധി അപേക്ഷകൾ ലഭിച്ചു. ഈ സാഹചര്യത്തിൽ 30-6-2019 വരെ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് സത്യസന്ധം എന്ന് കാണുന്നവ തീർപ്പാക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇത്തരത്തിൽ 424912 വീടുകൾക്കാണ് സഹായം നൽകാനായി കണ്ടെത്തിയത്. ഇവയിൽ 412768 വീടുകൾക്കും സഹായം നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 12144 വീടുകൾക്ക് പ്രധാനമായും രേഖകളുടെ അഭാവവും കൃത്യതയില്ലായ്മയും കോടതിക്കേസ്സുകൾ കാരണവുമാണ് സഹായം നൽകാൻ സാധിക്കാതിരുന്നത്. പ്രളയം കഴിഞ്ഞ് മാസങ്ങൾക്കുശേഷം തകരാർ സംഭവിച്ചതിന്റെ കാരണം എന്തെന്ന കാര്യത്തിൽ ഇപ്പോൾ വ്യക്തതയില്ല. ഇപ്പോൾ, 2019-ലും പ്രളയമുണ്ടായി. തകർന്ന വീടുകൾ സംബന്ധിച്ച കണക്കുകൾ സ്വരൂപിച്ച് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അത്തരമൊരു അവസരത്തിൽ, ഇനിയും 2018-ലെ പ്രളയത്തിൽ തകർന്ന വീടുകൾ എന്ന നിലയിൽ അപ്പീലുകൾ പരിഗണിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച അൻപത് സെന്റ് ഭൂമി റവന്യൂ ഡിപ്പാർട്ട്മെന്റിന് കൈമാറിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ തുടർന്ന് നടത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## (4) മിനി സിവിൽ സ്റ്റേഷൻ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഒൻപത് പഞ്ചായത്തുകളുടെ ആസ്ഥാനമായ ബാലുശ്ശേരിയിൽ സർക്കാർ ഓഫീസുകളെല്ലാം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ പഴയ കെട്ടിടങ്ങൾ ജീർണ്ണിച്ച അവസ്ഥയിലാണ്. വാടക വർദ്ധിപ്പിക്കണമെന്ന നോട്ടീസും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, എക്സൈസ് ഓഫീസ്, എ.ഇ.ഒ. ഓഫീസ്, സബ് ട്രഷറി, വില്ലേജ് ഓഫീസ്, രജിസ്ട്രാർ ഓഫീസ് തുടങ്ങി എല്ലാ ഗവൺമെന്റ് ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരാൻ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. റവന്യൂ ഭൂമിയുണ്ട്. സ്ഥലത്തിന്റെ വിശദമായ മാസ്റ്റർ പ്ലാൻ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിന് പി.ഡബ്ല്യൂ.ഡി. ഇത് കൈമാറുകയും ഇതിനായി ഇരുപത് ശതമാനം തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുമുണ്ട്. ഭരണാനുമതി എത്രയുംവേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-20 വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സർക്കാർവക സ്ഥലം ബാലുശ്ശേരി ടൗണിൽനിന്നും 4 കി.മീറ്റർ മാറി പറമ്പിൻമുകളിൽ എന്ന സ്ഥലത്ത് ലഭ്യമാണ്. പ്രസ്തുത സ്ഥലം പരിശോധിച്ച് പൊതുമരാമത്ത് വകുപ്പ് അനുയോജ്യമായ രീതിയിലുള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്ലാൻ പ്രകാരം നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ്, സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്, അഗ്രികൾച്ചറൽ ഓഫീസ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എക്സൈസ് ഓഫീസ്, ഐ.സി.ഡി.എസ്. ഓഫീസ് എന്നിവ ഉൾക്കൊള്ളുന്ന മൂന്നുനില കെട്ടിടത്തിന്റെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്ലാൻ അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## (5) അരുവിക്കര ഡാം സംരക്ഷണം

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അരുവിക്കര ഡാമിന്റെ സംരക്ഷണത്തെ സംബന്ധിച്ച് ഞാൻ ഈ സഭയിൽ അഞ്ചാമത്തെ തവണയാണ് സബ്മിഷനായും അതോടൊപ്പം നിയമസഭാ ചർച്ചകളിലും ഡിമാന്റിലുമൊക്കെയായി സംസാരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ജല സ്രോതസ്സായ അരുവിക്കര ഡാമിന്റെ എഴുപത് ശതമാനവും ജൈവ-അജൈവ മാലിന്യങ്ങൾ

കൊണ്ട് നിറഞ്ഞിരിക്കുകയാണെന്ന കാര്യം നമുക്കറിയാം. അതേക്കുറിച്ച് ധാരാളം പത്രവാർത്തകൾ ദിവസവും വന്നുകൊണ്ടിരിക്കുകയാണ്. ഈ മാലിന്യങ്ങൾ മാറ്റാൻ പല പദ്ധതികളും പരീക്ഷിച്ചിരുന്നു. പക്ഷേ അതെല്ലാം പരാജയമായി ഭവിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പങ്കെടുത്ത മീറ്റിംഗിൽ, അവിടത്തെ മണ്ണ് മാറ്റുന്നതിനെക്കുറിച്ച് ഒരു സമഗ്ര പഠനം നടത്തി പുതിയ പ്രോജക്റ്റ് നടപ്പിലാക്കാമെന്ന് പറഞ്ഞ് ഏകദേശം മൂന്നര വർഷം കഴിഞ്ഞിട്ടും തൽസ്ഥിതിതന്നെ തുടരുകയാണ്. ഇടയ്ക്ക് വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് ചില പരീക്ഷണങ്ങൾ നടത്തിയെങ്കിലും അതിപ്പോൾ ഡാമിന്റെ ആഘാതം കൂട്ടിയിരിക്കുകയാണ്. ഡാം ഇന്ന് ഒരു മാലിന്യക്കൂമ്പാരമായി മാറിയിരിക്കുകയാണ്. മൊത്തം ഡാമിന്റെ പ്രദേശങ്ങളിൽ ഫെൻസിംഗ് നടത്തണമെന്ന ആവശ്യംപോലും ബോർഡിനും വാട്ടർ അതോറിറ്റിക്കും ഇതുവരെ പൂർണ്ണമായും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈയൊരു സ്ഥിതി മാറി എത്രയുംപെട്ടെന്ന് അരുവിക്കര ഡാമിന്റെ സമഗ്ര സംരക്ഷണത്തിനുവേണ്ടിയും അവിടത്തെ എഫിഷ്യൻസി കൂട്ടുന്നതിനുംവേണ്ട നടപടി സ്വീകരിക്കണം. കുപ്പിവെള്ള പ്ലാന്റടക്കമുള്ള പ്രോജക്ടുകൾ ഡാമിന്റെ പരിസരത്തുതന്നെയാണ് വരുന്നത്. അരുവിക്കര ഡാമിനുവേണ്ടി ഒരു പ്രത്യേക പാക്കേജ്തന്നെ സർക്കാർ ഇതിന്റെ ഭാഗമായി പ്രഖ്യാപിച്ചുകൊണ്ട് പ്രവർത്തനങ്ങൾ എത്രയുംപെട്ടെന്ന് തുടങ്ങാനുള്ള തീരുമാനങ്ങൾ എടുക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള അരുവിക്കര ഡാമിന്റെ സംഭരണശേഷി 2 മില്ല്യൺ ക്യൂബിക് മീറ്ററായിരുന്നു. നിരന്തരമായ എക്കൽ മണ്ണ് നിക്ഷേപത്തെത്തുടർന്ന് സംഭരണശേഷി പകുതിയിലധികം കുറഞ്ഞതായി അടുത്തകാലത്തെ പഠനങ്ങളിൽ വിലയിരുത്തപ്പെടുന്നു. നിലവിൽ അരുവിക്കരയിലെ മൂന്നും വെള്ളയമ്പലത്തും നെടുമങ്ങാടുമുള്ള ഓരോ ജലശുദ്ധീകരണ ശാലയിലേയ്ക്കും അരുവിക്കര റിസർവ്വോയറിൽനിന്നാണ് നേരിട്ട് വെള്ളം സ്വീകരിക്കുന്നത്. ഇതിനായി പ്രതിദിനം 283 ദശലക്ഷം ലിറ്റർ ജലം അരുവിക്കര റിസർവ്വോയറിൽനിന്നും ഉപയോഗപ്പെടുത്തുന്നു. ഇപ്പോഴത്തെ കണക്കിൽ ഏകദേശം നാല് ദിവസത്തേയ്ക്കുള്ള ജലം മാത്രമേ ഡാം റിസർവ്വോയറിൽ സംഭരിക്കാൻ കഴിയുന്നുള്ളൂ. മഴക്കാലം കഴിയുമ്പോൾ ജലശുദ്ധീകരണ ശാലയിലേയ്ക്ക് ഓരോ ദിവസവും പേപ്പാറ ഡാമിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ചതിനുശേഷം ഒഴുകിയെത്തുന്ന ജലമാണ് വിതരണത്തിനായി ഉപയോഗപ്പെടുത്തുന്നത്. അരുവിക്കര ഡാമിലെ ചെളിയും മണലും നീക്കംചെയ്താൽ ഏകദേശം 8 മുതൽ 10 ദിവസത്തേയ്ക്കുള്ള ജലം ഇവിടെ സംഭരിക്കാൻ കഴിയും. 48 ജലവ്യാപന പ്രദേശമുള്ള അരുവിക്കര ഡാമിന്റെ ഏറിയ

പങ്കം എക്കൽമണൽ നിക്ഷേപംവഴി കരഭൂമിയായി മാറ്റപ്പെട്ടിട്ടുണ്ട്. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷനുവേണ്ടി 4 കോടി രൂപയുടെ ഭരണാനുമതി 2017-ൽ കേരള സർക്കാർ നൽകിയിരുന്നു. 5 ഹെക്ടർ വരുന്ന ഭാഗത്ത് പൈലറ്റ് സ്റ്റഡി എന്നുള്ള നിലയിൽ ചെളിയും മണലും നീക്കംചെയ്യാനായിരുന്നു പദ്ധതി. ഇതിനായി ആ ഭാഗം കേന്ദ്രീകരിച്ച് വിവിധ പഠനങ്ങൾ നടത്തുകയുണ്ടായി. ഡീസിൽറ്റേഷൻ ചെയ്യേണ്ട രീതി ഉൾപ്പെടെയുള്ള ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ഇതിനുവേണ്ടി പ്രത്യേകം രൂപീകരിക്കപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ കളിമണ്ണ് വേർതിരിക്കുന്ന യന്ത്രസാമഗ്രികൾ അത്യധികം വിലപിടിപ്പുള്ളതായതിനാൽ അഞ്ച് ഹെക്ടർ സ്ഥലത്തുമാത്രം ഡീസിൽറ്റേഷൻ പ്രായോഗികമല്ലെന്നും മുഴുവൻ സ്ഥലത്തേയ്ക്കും ഇതേ രീതിയിൽ ചെയ്യാൻ കഴിയുന്ന തരത്തിൽ ഭരണാനുമതി തിരുത്തി നൽകേണ്ടതാണെന്നും ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തുകയുണ്ടായി. ഇതിലേയ്ക്കുള്ള അനുമതി നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. ഈ പ്രക്രിയ വൈകുന്ന സാഹചര്യത്തിൽ ജലസേചന വകുപ്പ് മംഗലം ഡാമിൽ അവലംബിക്കുന്ന മാതൃകയിൽ അരുവിക്കര ഡാമിലും ഡീസിൽറ്റേഷൻ നടത്താൻ ആലോചിക്കുന്നുണ്ട്. അന്തിമതീരുമാനം ഉടനെ എടുക്കുന്നതാണ്. മുഴുവൻ പ്രദേശങ്ങളും ഡീസിൽറ്റേഷൻ നടത്തുന്നതുവഴി പൂർണ്ണ സംഭരണശേഷിയിൽ എത്തിക്കുന്നതിനൊപ്പം ആമ്പൽ, പായൽ എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനും ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിയും. ഡീസിൽറ്റേഷൻവഴി വേർതിരിച്ചെടുക്കുന്ന മണലും കളിമണ്ണും വിൽക്കുകവഴി ഇതിന് വേണ്ടിവരുന്ന ചെലവും നേടാൻ കഴിയും.

## (6) പുനരധിവാസം

ശ്രീ. കെ. വി. വിജയദാസ്: സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ പാമ്പൻകോട് ആദിവാസി കോളനിയിൽ പ്രളയത്തോടുകൂടി വലിയ തോതിലുള്ള ഉരുൾപൊട്ടലും ഗർത്തവുമാണ് ഉണ്ടായിട്ടുള്ളത്. 47 കുടുംബങ്ങളിലായി ഏതാണ്ട് 174 ആളുകൾ അവിടെ താമസിക്കുന്നുണ്ട്. അവർക്ക് സഞ്ചരിക്കാനുള്ള വഴി റോഡാക്കി തരാമെന്ന് പറഞ്ഞ് ഒരു കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചതാണ്. പക്ഷേ ആ ഗർത്തം രൂപപ്പെട്ടതോടുകൂടി ഇനി അവിടെ റോഡ് നിർമ്മിക്കാൻ സാധിക്കില്ല. സ്വകാര്യ സ്ഥലമാണ് കണ്ടെത്തുന്നതെങ്കിൽ ഗവൺമെന്റ് വിലയ്ക്ക് വാങ്ങി അവരെ മാറ്റിത്താമസിപ്പിക്കുക എന്നത് മാത്രമാണ് നമ്മുടെ മുന്നിലുള്ളത്. അതുകൊണ്ട് അവരെ പുനരധിവസിപ്പിക്കാനുള്ള സംവിധാനം ഈ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ പാമ്പൻകോട് എസ്.റ്റി. കോളനിയിൽ പ്രളയംമൂലമുണ്ടായ പ്രയാസങ്ങൾ പരിഗണിച്ച് റീബിൽഡ് കേരളയിലോ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടോ ഇടപെട്ട് പ്രസ്തുത കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് സബ്മിഷനിലെ വിഷയം. 2018-ലെ പ്രളയത്തിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ച പ്രദേശമാണ് പാമ്പൻതോട്. 48 വീടുകളിലായി 72 പട്ടികവർഗ്ഗ മുഡുഗർ സമുദായത്തിൽപ്പെട്ടവരാണ് ഇവിടെ താമസിക്കുന്നത്. പ്രളയ സമയത്ത് ഈ 48 കുടുംബങ്ങളേയും ദുരിതാശ്വാസ ക്യാമ്പിൽ താമസിപ്പിക്കുകയും പ്രളയശേഷം ഇവർ തിരിച്ച് കോളനിയിലേയ്ക്ക് തന്നെ താമസം മാറുകയും ചെയ്തിട്ടുണ്ട്. കോളനിയിൽ പ്രളയക്കെടുതി സംഭവിച്ച ദിവസം രാത്രിതന്നെ ബഹുമാനപ്പെട്ട മന്ത്രി എം.എൽ.എ.-യുടെ കൂടെ അവിടെ സന്ദർശിക്കുകയും നാശനഷ്ടങ്ങൾ നേരിട്ട് ബോദ്ധ്യപ്പെടുകയും ചെയ്തതാണ്. പ്രളയശേഷം മൈനിംഗ് & ജിയോളജി വകുപ്പ് കോളനി സന്ദർശിച്ച് നടത്തിയ പരിശോധനകളിൽ ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്നതിനാൽ കോളനി വാസയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത റിപ്പോർട്ട് സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രളയത്തിനുമുൻപ് പ്രസ്തുത കോളനിയെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി ഇപ്പോഴത്തെ സ്ഥിതിയിൽ അവിടെ തുടരാൻ നിർവ്വാഹമില്ലാത്തതിനാൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാമ്പൻതോട് കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്ന കാര്യം റീബിൽഡ് കേരളയുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

## (7) റോഡ് നിർമ്മാണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കഞ്ഞിപ്പുര-മൂടാൽ– ബൈപ്പാസ് നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പിനുവേണ്ടി ആദ്യം 10 കോടി രൂപ അനുവദിച്ചിരുന്നു. പിന്നീടുണ്ടായ കാലതാമസത്തിനിടയ്ക്ക് വലിയ ഒരു അപകടം സംഭവിച്ചതിനുശേഷമുണ്ടായ സമ്മർദ്ദത്തിന്റെ ഫലമായി പൂർണ്ണമായ സംഖ്യ നൽകി സ്ഥലമേറ്റെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് അങ്ങ് വഹിച്ച പങ്ക് മറക്കുന്നില്ല. വളരെ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചുകൊണ്ട് അതിന്റെ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ഇപ്പോൾ അവിടത്തെ ആളുകൾ വളരെ ഭീതിയിലാണ്. ഈയൊരു മാസക്കാലത്തിനിടയ്ക്ക് പത്ത് അപകടങ്ങളാണ്

അവിടെയുണ്ടായത്. ഭാഗ്യവശാൽ ലീക്ക് ഇല്ലാത്തതുകാരണം വലിയ ടാങ്കർ ലോറി മറിഞ്ഞത് അവർക്ക് പ്രയാസമുണ്ടാക്കിയില്ലെങ്കിലും അവർ ഇപ്പോഴും ഭീതിയിലാണ് ജീവിക്കുന്നത്. ഏത് സമയത്താണ് ഈ ടാങ്കർ ലോറികൾ മറിഞ്ഞ് പൊട്ടിത്തെറിച്ച് രാത്രികാലങ്ങളിൽ അവരെ ഉറക്കത്തിൽനിന്നും വിളിച്ചുണർത്തി പുറത്തേയ്ക്ക് മാറ്റിത്താമസിപ്പിക്കേണ്ടിവരിക എന്നൊരു ഭീതി അവിടെ നിലനിൽക്കുകയാണ്. അതുകൊണ്ട് ഇനിയുമൊരു അപകടത്തിന് കാത്തു നിൽക്കാതെ അടിയന്തരമായി അങ്ങയിൽനിന്നും അനുഭാവപൂർവ്വമായ നിലപാട് ഉണ്ടായി കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് പൂർത്തീകരിക്കുന്നതിനാവശ്യമായ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി സത്വരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പി.ഡബ്ല്യു.ഡി.യുടെ ചട്ടങ്ങൾ പാലിക്കാതെ 2012-ൽ അന്നത്തെ ഭരണ വകുപ്പിന്റെ തെറ്റായ ഉത്തരവിന്റെ ഭാഗമായിട്ടാണ് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം ഉണ്ടായിട്ടുള്ളത്. 2012 ഫെബ്രുവരി 23-നാണ് ഒരു ഉത്തരവുപ്രകാരം കഞ്ഞിപ്പുര-മൂടാൽ റോഡ്, പത്ത് കോടി രൂപ ഭൂമി എടുക്കാനും പതിനഞ്ച് കോടി രൂപ പ്രവൃത്തിക്കും ഉൾപ്പെടെ, 25 കോടി രൂപയ്ക്ക് നിർമ്മിക്കാൻ ഉത്തരവ് നൽകിയത്. എന്നാൽ യൂട്ടിലിറ്റീസ് മാറ്റാനുള്ള പ്രൊവിഷൻ വച്ചില്ല. അതൊന്നും വയ്ക്കാതെ 2013 ഏപ്രിൽ 18-ന് ടെണ്ടർ ചെയ്തു. വീണ്ടും ഒരു വർഷം കഴിഞ്ഞ് 2014 ഏപ്രിൽ 16-നാണ് കരാർ വയ്ക്കുന്നത്. കരാർ വയ്ക്കാൻ ഒരു വർഷമെടുത്തു. അതുപോലെ തടസ്സമില്ലാത്ത ഭൂമി കിട്ടാത്തതിനാൽ ടെണ്ടർ ചെയ്യരുതെന്ന് നിയമമുണ്ടെങ്കിലും തടസ്സമില്ലാത്ത ഭൂമി ഇല്ലാതിരുന്നിട്ടും അത് ടെണ്ടർ ചെയ്ത ഒരു പിശകാണ് കാണിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രവൃത്തി നടന്നില്ല. യൂട്ടിലിറ്റി മാറ്റി സ്ഥാപിച്ചില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നും ചെയ്യാൻ സാധിച്ചില്ല. പക്ഷേ ഈ സർക്കാർ വന്നപ്പോൾ മുൻ ഗവൺമെന്റ് തുടങ്ങി വച്ചതെല്ലാം മുന്നോട്ട് കൊണ്ടുപോകണമെന്ന പൊതുവായ തീരുമാനമെടുത്തു. കരാറുകാരന്റെ കാലാവധി അവസാനിച്ചിരുന്നു. തുടർന്ന് യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന പ്രകാരം 8 ലക്ഷം രൂപ ഉണ്ടായിരുന്നത് 25,40,000 രൂപയായി വർദ്ധിപ്പിച്ചു. കേരള വാട്ടർ അതോറിറ്റിക്ക് 31 ലക്ഷം രൂപ വേറെയും കൊടുത്തു. ഭൂമി ഏറ്റെടുക്കാൻ ആദ്യകാലത്ത് അനുവദിച്ച 10 കോടി രൂപ പോരാത്തതുകൊണ്ട് 2016 ഓഗസ്റ്റ് 3-ന് 10 കോടി രൂപയ്ക്ക് പുറമേ 2018 മാർച്ച് 28-ന് 23.64 കോടി രൂപ കൂടി അനുവദിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ച് പ്രവൃത്തി പുനരാരംഭിക്കുകയുണ്ടായി. മൊത്തത്തിൽ 33,95,000 രൂപയായി അടങ്കൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാതെയും യൂട്ടിലിറ്റികൾ മാറ്റാതെയും ടെണ്ടർ ചെയ്യുന്ന പ്രവൃത്തി ചട്ടവിരുദ്ധമാണെന്നും പദ്ധതി

അനിശ്ചിതത്വത്തിലാകുമെന്നും ചട്ടവിരുദ്ധമാണെന്നും മനസ്സിലാകാതെ ചെയ്തു പോയതാണ്; അല്ലെങ്കിൽ മനസ്സിലായിട്ടും അങ്ങനെ ചെയ്തതാണ്. ഇപ്പോൾ ലാൻഡ് അക്വിസിഷൻ നടപടികളും യൂട്ടിലിറ്റികളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുത്ത് തടസ്സമില്ലാത്ത സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി പ്രവൃത്തി നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒന്നാംഘട്ട പ്രവൃത്തികൾ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബാക്കി ഭാഗങ്ങളിൽ ലോക്കൽ ബോഡീസ് പ്രതിനിധികളും കൂടി സഹകരിച്ചാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ ടെണ്ടർ നടപടികൾ സ്വീകരിക്കാനാകും. ഫണ്ട് നൽകുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ഫണ്ട് ഇപ്പോൾ ഒരു പ്രശ്നമല്ല. അതുകൊണ്ട് എല്ലാവരും സഹകരിച്ച് ഭൂമി നൽകി ദേശീയ പാത 66-ന്റെ ബൈപ്പാസ് ആയി ഉപയോഗിക്കാവുന്ന ഈ ബൈപ്പാസിന്റെ നിർമ്മാണം ത്വരിതപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിച്ചുകൊള്ളുന്നു.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

## (8) റെയിൽവേ റിസർവ്വേഷൻ കൗണ്ടർ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൊണ്ടോട്ടിയിൽ ഒരു റെയിൽവേ റിസർവ്വേഷൻ കൗണ്ടർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെതന്നെ ഏറ്റവുമധികം ഇന്റർനാഷണൽ യാത്രക്കാരുള്ള മൂന്നാമത്തെ എയർപോർട്ടാണ് കാലിക്കട്ട് എയർപോർട്ട്. അവിടെവരുന്ന ആയിരക്കണക്കിന് യാത്രക്കാർ, മറ്റ് ജീവനക്കാർ, അതോടൊപ്പംതന്നെ കൊണ്ടോട്ടി ഗവൺമെന്റ് കോളേജ്, കൊണ്ടോട്ടി EMEA കോളേജ്, സെൽഫ് ഫിനാൻസിംഗ് കോളേജുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ജീവനക്കാർ എന്നിവരടക്കമുള്ളവർ ഒരു റെയിൽവേ റിസർവ്വേഷൻ ടിക്കറ്റ് എടുക്കുന്നതിനുവേണ്ടി ഒന്നുകിൽ മലപ്പുറം, മഞ്ചേരി അല്ലെങ്കിൽ കോഴിക്കോട് പോകണം. എടവണ്ണപാറയിൽ നിന്നൊക്കെ 40 കിലോമീറ്റർ അധികം യാത്രചെയ്തിട്ടുവേണം ഒരു ടിക്കറ്റ് റിസർവ് ചെയ്യാൻ പോകേണ്ടി വരുന്നത്. അതുകൊണ്ട് പ്രത്യേകിച്ച് എയർപോർട്ടിന്റെ കാര്യം പറയുമ്പോൾ, കേരളത്തിലെ മിക്ക എയർപോർട്ടിന്റെ അടുത്തും ഏകദേശം നാലോഅഞ്ചോ കിലോമീറ്ററിനകത്ത് റെയിൽവേ കൗണ്ടറുകളുണ്ട്. എന്നാൽ ഇങ്ങനെയുള്ള സാഹചര്യത്തിൽ കൊണ്ടോട്ടിയിൽ റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു നീക്കം ഉണ്ടാകണം എന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. ടി. വി. ഇബ്രാഹിം ഇവിടെ ഉന്നയിച്ച പ്രശ്നം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനുശേഷമുള്ള മറുപടിയാണ് ഞാൻ പറയുന്നത്. നമ്മുടെ ഭാഗത്തുനിന്നും നീക്കം ഉണ്ടായിട്ടുണ്ടെങ്കിലും റെയിൽവേ അനുകൂലമായ നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്. എയർപോർട്ടിന്റെ ഹോംടൗൺ എന്നത് പരിഗണിച്ചുകൊണ്ട് കൊണ്ടോട്ടിയിൽ റെയിൽവേ റിസർവ്വേഷൻ കൗണ്ടർ ആരംഭിക്കണമെന്നതാണ് അങ്ങയുടെ ആവശ്യം. ഇതിന്റെ എല്ലാ കാര്യങ്ങളും പരിഗണിക്കുന്നത് കേന്ദ്ര റെയിൽവേ മന്ത്രാലയമാണ്. കൊണ്ടോട്ടിയുടെ പരിസരപ്രദേശങ്ങളിലായി വള്ളിക്കുന്ന്, ഫറോക്ക്, കല്ലായി, കോഴിക്കോട്, താനൂർ, തിരൂർ മുതലായ റെയിൽവേ സ്റ്റേഷനുകളുണ്ടെന്നും അവയിൽ പല സ്റ്റേഷനുകളും കൊണ്ടോട്ടിയിൽനിന്നും അരമണിക്കൂർ സമയപരിധിക്കുള്ളിൽ എത്തിച്ചേരാൻ സാധിക്കുന്നതാണെന്നുമാണ് അവരുടെ പ്രതികരണം. കൂടാതെ നിലവിൽ ഐ.ആർ.സി.ടി.സി. മുഖേന ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനവുമുണ്ട്. ഈ സാഹചര്യത്തിൽ എയർപോർട്ടിന്റെ ഹോംടൗൺ എന്ന് പരിഗണിച്ച് കൊണ്ടോട്ടിയിൽ റെയിൽവേ കൗണ്ടർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ അവർക്ക് പരിഗണിക്കാൻ കഴിയില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. നമുക്ക് ശ്രമം തുടരാം.

12.00 Noon]

### (9) തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കൽ

ശ്രീ. കെ. ദാസൻ: സർ, കേരളത്തിലെ കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ മാറ്റിപാർപ്പിക്കാൻ സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന 2,450 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് രൂപം കൊടുത്തിരിക്കുകയാണല്ലോ. ഇതിലേയ്ക്ക് ആദ്യ ഗഡുവായി 1,350 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരന്തനിവാരണ നിധിയിൽനിന്നും അനുവദിച്ചിരിക്കുകയാണ്. നിലവിലുള്ള മാനദണ്ഡപ്രകാരം ഒരു കുടുംബത്തിന് സ്ഥലം വാങ്ങാനായി ആറ് ലക്ഷം രൂപയും അവിടെ വീട് വയ്ക്കാനായി നാല് ലക്ഷം രൂപയുമാണ് ഈ പദ്ധതിപ്രകാരം സഹായധനമായി നൽകുന്നത്. എന്നാൽ പല ജില്ലകളിലും പ്രത്യേകിച്ച് മലബാർ ജില്ലകളിൽ കോഴിക്കോട് ഉൾപ്പെടെ ഭൂമി വാങ്ങാനായി അനുവദിക്കുന്ന ആറ് ലക്ഷം രൂപയ്ക്കാവശ്യമായ ഭൂമി ലഭിക്കാത്തതുകാരണം ഈ പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുണ്ടായിട്ടും മത്സ്യത്തൊഴിലാളികൾക്ക് അത് സാധിക്കാതെ വരുന്നുണ്ട്. കഴിഞ്ഞ വർഷം ഈ പദ്ധതിക്ക് വേണ്ടത്ര ഗുണഭോക്താക്കളെ ലഭിക്കാത്തതുമൂലം ഈയിനത്തിൽ കോഴിക്കോട് ജില്ലയിലേയ്ക്കനുവദിച്ച പണം പിന്നീട് തെക്കൻ ജില്ലകളിലേയ്ക്ക് മാറ്റിനൽകുകയുണ്ടായി. ഫലത്തിൽ വീട് ഒഴിയാൻ

താല്പര്യമുള്ള നിരവധിപേർ 50 മീറ്ററിനുള്ളിൽ ഇപ്പോഴും താമസിച്ചുവരുന്നു. പദ്ധതി കൂടുതൽ പ്രായോഗികമായി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുമ്പാകെ ഈ സബ്മിഷനിലൂടെ ഞാനൊരു നിർദ്ദേശം വയ്ക്കുകയാണ്. കടൽത്തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മിനിമം നാല് കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു ഗ്രൂപ്പായി പരിഗണിച്ചാൽ ആ ഗ്രൂപ്പിന് ഭൂമി വാങ്ങി വീടുവയ്ക്കാൻ ഫലത്തിൽ 40 ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കും. ഈ നാല് കുടുംബങ്ങൾക്ക് ഒരു ഗ്രൂപ്പായി സ്ഥലം വാങ്ങി 40 ലക്ഷം രൂപ ഉപയോഗിച്ച് ഒരുമിച്ച് താമസിക്കാവുന്ന രീതിയിൽ ഒരു ചെറിയ അപ്പാർട്ടുമെന്റ് നിർമ്മിക്കാനാകും. അഥവാ കൂടുതൽ തുക വരികയാണെങ്കിൽ ആ തുക ഈ നാല് കുടുംബങ്ങളും തുല്യമായി കണ്ടെത്തണം. നിലവിലുള്ള നിബന്ധനകളിൽ ഭേദഗതി വരികയാണെങ്കിൽ ഇത്തരത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ മാറ്റിത്താമസിപ്പിക്കുന്നതിന് എന്റെ മണ്ഡലത്തിലുൾപ്പെടെ മത്സ്യത്തൊഴിലാളികൾ പലരും തയ്യാറാണ്. ഇത്തരത്തിൽ ചെറുഗ്രൂപ്പായി മാറിത്താമസിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നവർക്ക് ആ രീതിയിലും അല്ലാത്തവർക്ക് നേരത്തേയുള്ള രീതിയിലും ആനുകൂല്യം നൽകുന്നതിനും പദ്ധതി പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിനും ഗുണകരമാകുമെന്നാണ് കരുതുന്നത്. ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങളിൽ ആറ് ലക്ഷം രൂപയ്ക്ക് വാങ്ങാൻ കഴിയുന്ന ചെറുസ്ഥലങ്ങളുടെ ലഭ്യതക്കുറവും നാല് ലക്ഷം രൂപയ്ക്ക് ഒരു വീട് പൂർത്തിയാക്കാൻ കഴിയാത്തതും നിലവിലുള്ള ഈ രീതിയോട് വിമുഖത കാണിക്കുന്നതിന് പ്രധാന കാരണങ്ങളാണ്. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ പരിശോധിക്കണമെന്നും ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സംസ്ഥാന വ്യാപകമായി വളരെ ഗൗരവമുള്ളതാണ്. മുട്ടത്തറയിൽ കടലേറ്റത്തിൽ വീട് നഷ്ടപ്പെട്ട് നാലുവർഷമായി സ്കൂളിൽ താമസിച്ചിരുന്ന തൊഴിലാളികൾക്ക്, അവരുടെ പുനരധിവാസത്തിന്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് 192 വീടുകൾ ഫ്ലാറ്റുകളായി നിർമ്മിച്ച് പൂർത്തീകരിച്ചു നൽകി. ഇപ്പോൾ 772 കുടുംബങ്ങൾക്കുകൂടി ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന നടപടി തുടരുകയാണ്. കാരോട്, ബീമാപള്ളി, ഉപ്പാലവളപ്പ്, ക്യു.എസ്.എസ്. കോളനി എന്നിവിടങ്ങളിലെല്ലാം നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. അങ്ങയുടെ മണ്ഡലം ഉൾക്കൊള്ളുന്ന പൊന്നാനി, മണ്ണംപുറം, വലിയതുറ തുടങ്ങിയ സ്ഥലത്ത് ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലെത്തി നിൽക്കുകയാണ്. ഇതിനുപുറമേ 1798 കുടുംബങ്ങൾക്ക് പത്ത് ലക്ഷം രൂപ വീതം കൊടുത്ത്

പുനരധിവാസത്തിനുള്ള നടപടിയെടുത്തുകഴിഞ്ഞു. ഇതിൽ 947 പേർ ഭൂമി വാങ്ങി ഭവന നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ളവർ വിവിധ ഘട്ടങ്ങളിലാണ്. എന്നാൽ കേരളത്തിന്റെ 590 കി.മീറ്റർ ദൈർഘ്യമുള്ള തീരദേശത്ത് ഏകദേശം 350 കി.മീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. ഫിഷറീസ് വകുപ്പ് ഈ മേഖലയിൽ വിശദമായ സർവ്വേ നടത്തി തീരദേശത്തെ വേലിയേറ്റ മേഖലയിൽനിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് കടലാക്രമണ ഭീഷണിയിൽ കഴിയുന്നതും തീരദേശത്ത് അധിവസിക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2,450 കോടി രൂപയുടെ ബൃഹത് പദ്ധതി തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,398 കോടി രൂപ ഇതിനകം ഈ പദ്ധതിക്കായി ലഭ്യമാക്കി. ബാക്കി 1,052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2019-2020 മുതൽ 2021-2022 വരെയുള്ള കാലയളവിൽ മൂന്ന് ഘട്ടങ്ങളിലായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 8487 പേരെയും രണ്ടും മൂന്നും ഘട്ടത്തിൽ 5099 പേരെ വീതവും പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം ഇത്രയും ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിന് വ്യക്തിഗത ഭവന നിർമ്മാണത്തിനും ഫ്ലാറ്റ് നിർമ്മാണത്തിനുമായി ഏകദേശം 400 ഏക്കറോളം ഭൂമി ആവശ്യമായി വരും. ഒരു കുടുംബത്തിന് രണ്ട് മുതൽ മൂന്ന് സെന്റ് വരെ ഭൂമി വാങ്ങാൻ ആറ് ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് നാല് ലക്ഷം രൂപയുമുൾപ്പെടെ പത്ത് ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്ന പ്രൊപ്പോസൽ സർക്കാരിനുണ്ട്. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന നാല് കുടുംബങ്ങളെ ഒരു ഗ്രൂപ്പായി പരിഗണിച്ച് ധനസഹായം അനുവദിക്കുകയാണെങ്കിൽ പുനരധിവാസത്തിനായി കണ്ടെത്തേണ്ട ഭൂമിയുടെ വിസ്തൃതിയിൽ കാര്യമായ കുറവുണ്ടാകുന്നതിന് സാധ്യതയുണ്ട്. എന്നാൽ ഇത്തരത്തിൽ മത്സ്യത്തൊഴിലാളികൾ ഒരുമിച്ച് താമസിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുമോയെന്നത് പഠനവിധേയമാക്കേണ്ടതാണ്. എങ്കിലും കേരളത്തിന്റെ പ്രത്യേക സാഹചര്യവും തീരത്തോട് ഏറ്റവും അടുത്ത് താമസിക്കുന്നതിന് ഇഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യാവസ്ഥയും പരിഗണിച്ച് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന നാല് കുടുംബങ്ങളെ ഒരു ഗ്രൂപ്പായി പരിഗണിച്ച് അവർക്ക് 40 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച സബ്മിഷൻ ഗൗരവതരമായി പരിശോധിക്കുന്നതാണ്. എല്ലാ അംഗങ്ങളുടെയും സജീവ പിന്തുണ ഇക്കാര്യത്തിലുണ്ടെങ്കിൽ ഗവൺമെന്റ് അതുമായി മുന്നോട്ടുപോകാൻ സന്നദ്ധമാണ്.

## (10) സെക്ഷൻ ഓഫീസ്

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ മണ്ഡലത്തിലെ ചേലക്കര കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് രണ്ടായി വിഭജിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഏതാണ്ട് 120 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഒരു പ്രവർത്തന പരിധിയാണ് ചേലക്കര സെക്ഷൻ ഓഫീസിനുള്ളത്. അതിൽ ഏതാണ്ട് 26500 കണക്ഷനുകളാണ് നിലവിലുള്ളത്. അതുകൂടാതെ 150 ട്രാൻസ്ഫോർമറുകൾ, 105 കി.മീറ്റർ എച്ച്.റ്റി. ലൈനും അതുപോലെ 707 കി.മീറ്റർ എൽ.റ്റി. ലൈനും അടങ്ങുന്നതാണ് ഈ പ്രദേശം. ഈ സെക്ഷൻ ഓഫീസിന്റെ കീഴിൽ 15 കി. മീറ്ററിനപ്പുറത്തുള്ള എളനാട് പ്രദേശത്ത് ഏതാണ്ട് 5539 കണക്ഷനുകളുണ്ട്. 24 കി.മീറ്റർ എച്ച്.റ്റി. ലൈനും 158 കി.മീറ്റർ എൽ.റ്റി. ലൈനും അടങ്ങുന്നതാണ് ഈ ചെറിയ പ്രദേശം. ഇവിടെ കഴിഞ്ഞ രണ്ട് പ്രളയത്തിനും വലിയ പ്രയാസവും ബുദ്ധിമുട്ടും അനുഭവിച്ചതാണ്. അതിന്റെ പ്രഷർ എനിക്കിപ്പോഴും വന്നുകൊണ്ടിരിക്കുകയാണ്. അടുത്തുള്ള പഴയന്നൂർ സെക്ഷൻ ഓഫീസിൽ 18576 കണക്ഷനുകളും ഇപ്പുറത്ത് 26500 കണക്ഷനുകളുമുണ്ട്. ഇത് രണ്ടുമെടുത്ത് എളനാട് പ്രദേശത്ത് ഒരു സെക്ഷൻ ഓഫീസ് കൊണ്ടുവരാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം. സർക്കാരിന്റെ സാമ്പത്തിക പ്രയാസമെല്ലാം മനസ്സിലാക്കുന്നുണ്ട്. എന്നാൽ ഓഫീസ് തുടങ്ങാനുള്ള സംവിധാനം ഒരുക്കിത്തരാൻ തയ്യാറാണെന്ന് പഴയന്നൂർ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പരിഹാരം കണ്ടെത്തിത്തരണമെന്നാണ് എന്റെ ആവശ്യം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, തൃശ്ശൂർ ജില്ലയിലെ എളനാട് പ്രദേശം നിലവിൽ ചേലക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലാണ്. 120 ചതുരശ്ര കി.മീറ്റർ വിസ്തൃതിയിൽ 26500 ഉപഭോക്താക്കളാണ് നിലവിൽ ചേലക്കര സെക്ഷൻ പരിധിയിലുള്ളത്. എളനാട് പ്രദേശം ചേലക്കര സെക്ഷൻ ഓഫീസിൽനിന്നും 15 കി.മീറ്റർ അകലെയാണെന്ന കാരണത്താൽ ഇവിടെ ഒരു സബ് ഓഫീസും ഒന്നിടവിട്ട മാസങ്ങളിൽ കളക്ഷൻ സെന്ററും പ്രവർത്തിച്ച വരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര പഴയന്നൂർ ഇലക്ട്രിക്കൽ സെക്ഷനുകളിലെയും പാലക്കാട് ജില്ലയിലെ പുതുക്കാട് സെക്ഷനിലെയും ഭാഗങ്ങൾ ഉൾപ്പെടുത്തി എളനാട് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുന്ന കാര്യം കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചിരുന്നു. പുതിയതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവവിഭവശേഷി ആവശ്യമായി വരുമെന്നതിനാലും പുതിയതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

നിലവിൽ തീരുമാനമെടുത്തിട്ടില്ല. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുകയും നിലവിലുള്ള ഓഫീസുകൾ പുനഃക്രമീകരിക്കുകയും ചെയ്തുകൊണ്ട് വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമാണ് നടപടി സ്വീകരിച്ചുവരുന്നത്. വൈദ്യുതി ബിൽ അടയ്ക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും ഓൺലൈൻ സംവിധാനവും പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് 1912 കോൾ സെന്ററും ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഉപഭോക്താക്കൾക്ക് ഓഫീസുകളിൽ പോകാതെതന്നെ സേവനങ്ങൾ ലഭ്യമാണ്. ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി എത്തിക്കുന്നതിന് വൈദ്യുതി വിതരണ ലൈനുകൾ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എളനാട് പ്രദേശത്ത് നിലനിൽക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ പ്രദേശത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരുന്നുണ്ട്. എളനാട് പ്രദേശത്ത് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമല്ലെങ്കിലും നിലവിലുള്ള സബ്സെന്റർ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ചേലക്കര സെക്ഷനിലേയ്ക്ക് അധിക ജീവനക്കാരെ അനുവദിക്കുന്നത് പരിശോധിക്കാനും വൈദ്യുതി ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

## V റൂളിംഗിന്റെ അടിസ്ഥാനത്തിൽ മേശപ്പുറത്തുവയ്ക്കുന്ന പ്രസ്താവന

മി. സ്പീക്കർ: ഏറെ ചാരിതാർത്ഥ്യത്തോടെയും അതിലേറെ സന്തോഷത്തോടെയും ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുന്നു.

നമ്മുടെ നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് സർക്കാർ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നില്ല എന്നത് വളരെ വർഷങ്ങളായി ഉയർന്നുവന്നിരുന്ന ഒരു പ്രശ്നമാണ്. സഭയ്ക്കകത്തും പുറത്തും അംഗങ്ങൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകളിലും ഇക്കാര്യം സഗൗരവം ചർച്ച ചെയ്യപ്പെടുകയുണ്ടായെങ്കിലും അതിന്മേൽ ശാശ്വതമായൊരു പരിഹാരം കണ്ടെത്താൻ നമുക്ക് കഴിഞ്ഞിരുന്നില്ല.

സഭയുടെ കഴിഞ്ഞ സമ്മേളന കാലത്തും (പതിനഞ്ചാം സമ്മേളനം) ഇക്കാര്യം വീണ്ടും ഉയർന്നുവന്നതിനെത്തുടർന്ന് ഇക്കാര്യം സമഗ്രമായി അപഗ്രഥനം ചെയ്തുകൊണ്ട് ഒരു റൂളിംഗ് നൽകിയിരുന്നു. ചുവടെപ്പറയുന്ന നിർദ്ദേശങ്ങളാണ് പ്രസ്തുത റൂളിംഗിലൂടെ അന്ന് നൽകിയത്:

I. "സബ്ജക്റ്റ് കമ്മിറ്റി തലത്തിൽ, ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന കൃത്യമായി നടക്കുന്നുവെന്നും നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നും ഉറപ്പാക്കാൻ കഴിയണം.

II. നിയമസഭയുടെ നടപ്പുസമ്മേളനം അവസാനിച്ചു കഴിഞ്ഞാലുടൻ ബന്ധപ്പെട്ട എല്ലാ സബ്ജക്റ്റ് കമ്മിറ്റികളും പ്രത്യേക അജണ്ട വച്ചുകൊണ്ട് തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതും കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും അവയുടെ പരിഗണനയും സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

III. എല്ലാ സർക്കാർ വകുപ്പുകളും തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട് കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ജോലികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നുവെന്ന് ചീഫ് സെക്രട്ടറി തലത്തിൽ ഉറപ്പുവരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റികൾക്ക് സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സബ്ജക്റ്റ് കമ്മിറ്റികളുടെ പരിശോധനയ്ക്കായി ലഭിക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ സമയബന്ധിതമായി പരിശോധിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ടുകൾ സഭയുടെ അടുത്ത സമ്മേളനത്തിനുമുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

IV. ഇക്കാര്യത്തിലുള്ള എല്ലാ കുടിശ്ശിക ജോലികളും പൂർത്തീകരിച്ചത് സംബന്ധിച്ച് നിയമസഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ എല്ലാ സബ്ജക്റ്റ് കമ്മിറ്റികളുടെയും അദ്ധ്യക്ഷന്മാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണ്" എന്ന് റൂളിംഗിൽ ആവശ്യപ്പെട്ടു. നിയമസഭയിൽ പാസ്സാക്കുന്ന നിയമങ്ങളുടെ ചട്ടങ്ങൾ ഉണ്ടാക്കുകയെന്നത് ജനാധിപത്യ പ്രക്രിയയുടെ ഏറ്റവും അടിസ്ഥാനപരമായ ഒരു ദൗത്യമാണ്. ആ ദൗത്യത്തിലുള്ള കുറവിനെ സംബന്ധിച്ചുള്ള സഭയുടെ വികാരം ഉൾക്കൊണ്ടുകൊണ്ടായിരുന്നു ആ റൂളിംഗ് നൽകിയത്.

അതിൻപ്രകാരം ഇന്ന് നമ്മുടെ പതിനാല് സബ്ജക്റ്റ് കമ്മിറ്റികളുടെ അദ്ധ്യക്ഷന്മാരും അതത് സബ്ജക്റ്റ് കമ്മിറ്റികളെ സംബന്ധിക്കുന്ന പ്രസ്താവന ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട പ്രസ്താവനകൾ പരിശോധിച്ചതിൽ ശക്തമായ തുടർനടപടികൾ ആവശ്യമായ വിഷയങ്ങൾ ഇനിയും അവശേഷിക്കുന്നതായി കാണുന്നുണ്ട്. എങ്കിലും അതിന്മേലുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. അതിന്മേലുള്ള തുടർനടപടികൂടി ത്വരിതപ്പെടുത്തണമെന്ന് ഇത്തരുണത്തിൽ ചെയർ നിർദ്ദേശിക്കുകയും ചെയ്യുന്നു.

കേരള നിയമസഭയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു പരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രസ്താവനകളും ബന്ധപ്പെട്ട സമിതി അദ്ധ്യക്ഷന്മാർ സഭയിൽ നൽകുന്നുവെന്നത് കേരള നിയമസഭയുടെ മാതൃകാപരമായ നിരവധി പ്രവർത്തനങ്ങളിൽ തിളക്കമാർന്ന ഒന്നായി കാണാവുന്നതാണ്. 12-6-2019-ലെ റൂളിംഗിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യം പ്രത്യേക അജണ്ട വച്ച് ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്ത എല്ലാ സമിതി അദ്ധ്യക്ഷന്മാരെയും സമിതി അംഗങ്ങളേയും ഉദ്യോഗസ്ഥരേയും ചെയർ ഇത്തരുണത്തിൽ അനുമോദിക്കുന്നു.

തുടർന്നും ഇത്തരത്തിലുള്ള സജീവമായ ഇടപെടലുകൾ നടത്തിക്കൊണ്ട് നമ്മുടെ സഭാ സമിതികൾ അവരവരുടെ കർമ്മമണ്ഡലങ്ങളിലെ ഉത്തരവാദിത്വം സമയബന്ധിതമായി നിർവ്വഹിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഒരിക്കൽക്കൂടി ബന്ധപ്പെട്ട എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. ആർ. രാജേഷ്: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീമതി യു. പ്രതിഭ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർപേഴ്സനുവേണ്ടി സമിതി അംഗമായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള പ്രസ്താവന സമിതി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങെടുത്ത മാതൃകാപരമായ നടപടിയെ ഞാൻ ശ്ലാഘിക്കുകയാണ്. കേരളത്തിൽ സബ്ജക്ട് കമ്മിറ്റി വന്നിട്ട് കാൽ നൂറ്റാണ്ടിലധികമായി. അതിന്റെ അനുഭവത്തിൽനിന്ന് നമ്മൾ പഠിക്കേണ്ട ചില

കാര്യങ്ങൾകൂടി further ആയിട്ടുള്ള thinking-ൽ ഉണ്ടാകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാന്മാരായി മന്ത്രിമാർ വരുമ്പോൾ ഡിപ്പാർട്ട്മെന്റുകളുടെ ഭരണം ലെജിസ്ലേച്ചറിന്റെ പ്രൊട്ടക്ഷനോടുകൂടി പോകുന്നുവെന്നൊരു നിലയിലാണ് വരിക. ഒരു സബ്ജക്ട് കമ്മിറ്റിക്കകത്ത് കൂടുതൽ തുക അനുവദിക്കണമെന്ന് പറഞ്ഞൊരു ശിപാർശ വന്നാൽ ധനകാര്യ വകുപ്പിൽനിന്ന് സ്വാഭാവികമായി നെഗറ്റീവായിവരുന്ന മറുപടി ഗുണമാവുകയില്ല. അതുകൊണ്ട് ഞാൻ പറയുന്ന സബ്ജക്ട് കമ്മിറ്റി ആ രൂപത്തിൽ പോകട്ടെ. സ്പീക്കർ നോമിനേറ്റ് ചെയ്യുന്ന സീനിയറായ ആളുകളെ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാന്മാരാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പുതിയൊരു കാര്യത്തെക്കുറിച്ചുകൂടി അങ്ങ് ആലോചിക്കണം. നമ്മുടെ സബ്ജക്ട് കമ്മിറ്റികളെ പാർലമെന്റ് മോഡലിലേയ്ക്ക് കൊണ്ടുവരുന്നതിനുകൂടി ശ്രമിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇവിടെ എടുത്ത നടപടിയെ ഞാൻ ഒരിക്കൽക്കൂടി ശ്ലാഘിക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങയുടെ റൂളിംഗ് നിയമസഭയുടെ ചരിത്രത്തിൽ നിർണ്ണായകമായ ഒന്നാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം ഇതുവരെ നിർമ്മിച്ചിട്ടുള്ള നിയമങ്ങൾക്ക് ചട്ടങ്ങളുണ്ടാകാത്തതുമൂലം നടപ്പിലാകാതെ വന്നിട്ടുള്ള നിയമങ്ങൾ എത്രയെന്നുള്ള കാര്യം ഉറപ്പുവരുത്തുകയും അത് സമയബന്ധിതമായി തീർപ്പാക്കാനുള്ള ഒരു വ്യവസ്ഥകൂടി ഉണ്ടാക്കുകയും വേണമെന്നുള്ള നിർദ്ദേശംകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുന്നോട്ടുവച്ച ഒരു കാര്യം, സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷന്മാർ മന്ത്രിമാരാകുമ്പോൾ മന്ത്രിമാരുടെ തിരക്കിനിടയിൽ പലപ്പോഴും കമ്മിറ്റി മാറ്റിവയ്ക്കുന്നുണ്ട്. ഇന്ന് കമ്മിറ്റിയുണ്ടെന്ന് പറഞ്ഞ് ഡേറ്റ് വന്നുകഴിഞ്ഞാൽ രണ്ടുദിവസം കഴിഞ്ഞ് അറിയിക്കുകയാണ് കമ്മിറ്റി മാറ്റിവച്ചുവെന്ന്. ഇങ്ങനെ നിരന്തരം കമ്മിറ്റികൾ മാറ്റിവയ്ക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുന്നോട്ടുവച്ച നിർദ്ദേശം നടപ്പാക്കുന്നതിൽ അങ്ങ് സ്പീക്കറായിരിക്കുന്ന അവസരത്തിൽ മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. ഷംസുദ്ദീൻ അങ്ങയുടെകൂടി ക്രമപ്രശ്നത്തിന്റെ പേരിലാണ് ഈ റൂളിംഗ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എല്ലാ സബ്ജക്ട് കമ്മിറ്റിയുടെയും റിപ്പോർട്ട് വന്നതിൻപ്രകാരം ഏതൊക്കെ നിയമങ്ങൾക്ക് റൂൾസ് വച്ചെന്നും അല്ലെങ്കിൽ ഇത്ര സമയത്തിനുള്ളിൽ വയ്ക്കാമെന്നും പറയും. അതിന്റെയൊരു കൺസോളിഡേറ്റഡ് ലിസ്റ്റുകൂടി സഭയ്ക്കുമുമ്പാകെ വച്ചാൽ വളരെ നന്നായിരിക്കും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഭരണപരമായ കാര്യങ്ങളും നിയമസഭാ നടപടിക്രമങ്ങളും അതിവേഗത്തിലും കുറ്റമറ്റതുമായി തീർക്കുന്നതിനു വേണ്ടിയുള്ള അങ്ങയുടെ ഇടപെടൽ ഏറ്റവും ഫലപ്രദവും നിയമസഭയുടെ ചരിത്രത്തിൽത്തന്നെ പുതിയൊരു സംഭാവനയുമായിരിക്കും. ഇപ്പോഴുണ്ടായിട്ടുള്ള നടപടികൾ ഗവൺമെന്റിന് കാര്യങ്ങൾ വേഗത്തിൽ മുന്നോട്ട് നയിക്കാൻ സഹായിച്ചിട്ടുണ്ട്. അതിൽ ഇവിടെ വന്നിട്ടുള്ള നിർദ്ദേശങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് അങ്ങ് കൂടുതൽ വിശദമായ പരിശോധനകളിലൂടെ ഒരു നിഗമനത്തിൽ എത്തുന്നതായിരിക്കും നല്ലത് എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അംഗങ്ങളുടെ പ്രതികരണത്തിന് നന്ദി. നിയമങ്ങൾ നിർമ്മിച്ചതിനുശേഷവും ചട്ടങ്ങളുണ്ടാകാതെപോയ നിയമങ്ങളെ സംബന്ധിച്ച് എന്തുകൊണ്ടാണ് അത് സംഭവിച്ചതെന്ന് പരിശോധിക്കാനും പരിശോധിച്ച് നടപടി സ്വീകരിക്കാനും അതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാനും ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാനും സ്വതന്ത്രമായ അധികാരവും അവകാശവുമുള്ള സബ്ജക്ട് കമ്മിറ്റികൾ അത് നിർവ്വഹിക്കണമെന്നായിരുന്നു റൂളിംഗ്. അതിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അതും സഭയുടെ മുമ്പാകെ വരണമെന്നുള്ളതുകൊണ്ടാണ് ഓരോ സബ്ജക്ട് കമ്മിറ്റികളും അവരവരുടെ മേഖലകളിലെ ചട്ടത്തെ സംബന്ധിച്ചുള്ള പ്രസ്താവന വയ്ക്കണമെന്ന് ആവശ്യപ്പെട്ടത്. 14 സബ്ജക്ട് കമ്മിറ്റികളും അത് വച്ചിരിക്കുകയാണ്. അത് സഭയുടെ മേശപ്പുറത്തുവച്ചതുകൊണ്ട് എല്ലാവർക്കും ലഭ്യമാകും. അതിന്റെ തുടർനടപടികളുമായി സർക്കാർ അതീവ ഗൗരവത്തോടുകൂടി മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് തീർച്ചയായും സഭയുടെ നിയമനിർമ്മാണ പ്രവർത്തനത്തെ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും അനുബന്ധപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സഹായകമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യം നിരന്തരമായി സഭയിൽ ഉന്നയിക്കുകയും ചട്ടങ്ങൾക്കുവേണ്ടി പലപ്പോഴും പോരാടുകയും ചെയ്യുന്ന സഭാംഗങ്ങളെ പ്രത്യേകമായി ചെയർ അഭിനന്ദിക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

### പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് (2018 ജനുവരി 1 മുതൽ ഡിസംബർ 31-വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. സ്പീക്കർ: ഓർഡർ... ഓർഡർ..... കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170 (1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

" 2019 സെപ്റ്റംബർ 19-ന് ഉണ്ടായ വീഴ്ചയെത്തുടർന്ന് ഞാൻ ചികിത്സയ്ക്ക് വിധേയനാണ്. ഡോക്ടർമാരുടെ ഉപദേശമനുസരിച്ച് എനിക്ക് പൂർണ്ണവിശ്രമം അത്യാവശ്യമാണ്. അതിനാൽ ഒക്ടോബർ 28 മുതൽ നവംബർ 21-വരെയുള്ള 14-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ ഹാജരാകാൻ സാധിക്കാത്തതുകൊണ്ട് എനിക്ക് അവധി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു."

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. തോമസ് ചാണ്ടി ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം. "എനിക്ക് എറണാകുളത്തുള്ള ആസ്റ്റർ മെഡിസിറ്റിയിൽ മെഡിക്കൽ ട്രീറ്റ്മെന്റ് നടത്തിവരികയായിരുന്നു. എന്നാൽ ടി ഹോസ്പിറ്റലിലെ ഡോക്ടർമാർ അടിയന്തരമായി അമേരിക്കയിൽ വിദഗ്ദ്ധ ചികിത്സ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ നിശ്ചിത ചികിത്സ അമേരിക്കയിൽ നടത്തുന്നതിനാൽ ഒക്ടോബർ മാസം 28-ാം തീയതി ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ എത്താൻ കഴിയുകയില്ല എന്നുള്ള വിവരം അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു."

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. തോമസ് ചാണ്ടി എന്നിവർക്ക് 14-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിലെ സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ;

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാൻ അനുവാദം നൽകിയിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി)

ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ 2019 ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

Shri. K. S. Sabarinadhan: Sir, I move that-

" This House resolves to disapprove The Madras Hindu Religious and Charitable Endowments (Amendment) Ordinance, 2019 (Ordinance No.31 of 2019)" .

മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളൊന്നും ചർച്ച ചെയ്യാതെ കഴിഞ്ഞ മൂന്നര വർഷമായി ദേവസ്വം ബോർഡിനുവേണ്ടിയോ മലബാറിലുള്ള ജീവനക്കാർക്കുവേണ്ടിയോ വിശ്വാസികൾക്കു വേണ്ടിയോ ഒന്നുംചെയ്യാതെ ഒരാൾക്ക് അല്ലെങ്കിൽ രണ്ടുമൂന്ന് ആളുകൾക്ക് പൊളിറ്റിക്കൽ അഭയം നൽകാനുള്ള ഒരു ഓർഡിനൻസും ബില്ലും മാത്രമാണിത്. ഇവിടെയുള്ള ക്ഷേത്രങ്ങളോ അല്ലെങ്കിൽ തിരു-കൊച്ചിയിലുള്ള ക്ഷേത്രങ്ങളോ പോലെയുള്ളതല്ല മലബാറിലെ പ്രത്യേക ക്ഷേത്രങ്ങൾ.

അവിടെയുള്ള ക്ഷേത്രങ്ങളിൽ പോകുമ്പോൾ പലപ്പോഴും ആശ്ചര്യത്തോടെ നിന്നിട്ടുണ്ട്. നമ്മുടെ നാട്ടിലുള്ള അനുഷ്ഠാനങ്ങളൊന്നുമല്ലാതെ വ്യത്യസ്തമായിട്ടുള്ള ഒരു ഐഡന്റിറ്റിയുള്ള മലബാറിലെ ക്ഷേത്രങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ നാടിന്റെ ഒരു ആവശ്യമാണ്. പക്ഷേ നിർഭാഗ്യവശാൽ 'മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട്, 1951' പലതവണ അമെന്റ് ചെയ്തിട്ടുണ്ട്. 1954, 1956, 1963, 1967, 1968, 1981, 2008, 2014, 2017 എന്നീ കാലഘട്ടത്തിലൊക്കെ ചില പ്രത്യേക കാരണങ്ങളാൽ അമെന്റ് ചെയ്തതല്ലാതെ മലബാറിലുള്ള ക്ഷേത്രങ്ങളുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട് സമഗ്രമായൊരു നിയമനിർമ്മാണം ഇതുവരെ നടത്തിയിട്ടില്ല. അതിന്റെയൊക്കെ ഭാഗമായാണ് 2017-ൽ സർക്കാർ ഒരു കമ്മിറ്റി തുടങ്ങിയത്. ശ്രീ. ഗോപാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ഒരു കാര്യങ്ങളിലും നമുക്ക് ഇടപെടാൻ കഴിഞ്ഞിട്ടില്ല. മലബാറിലുള്ള ക്ഷേത്രങ്ങളുടെയും ക്ഷേത്ര ജീവനക്കാരുടെയും കാര്യങ്ങൾ വളരെ കഷ്ടമാണ്. 1339 ക്ഷേത്രങ്ങളാണ് മലബാർ ദേവസ്വത്തിന്റെ കീഴിലുള്ളത്. അതിൽ 1330 ക്ഷേത്രങ്ങളും അഞ്ച് മഠങ്ങളും സ്പെസിഫിക്ക് എൻഡോവ്മെന്റായി 4 സ്ഥാപനങ്ങളുമാണുള്ളത്. 1339 ക്ഷേത്രങ്ങളിൽ 78 ശതമാനം ക്ഷേത്രങ്ങളുടെയും വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്കുതാഴെയാണ്. ആ ക്ഷേത്രത്തിൽനിന്നും അവിടത്തെ കഴകത്തിനും ശാന്തിക്കുമൊക്കെ ശമ്പളംപോലും കൊടുക്കാൻ കഴിയുകയില്ല. 1339 ക്ഷേത്രങ്ങളിൽ 62 ക്ഷേത്രങ്ങൾ മാത്രമാണ് ഗ്രേഡ്-I. അതായത്, 25 ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ളത്. 250-ഓളം ക്ഷേത്രങ്ങൾക്ക് 3 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള വരുമാനമാണുള്ളത്. മൂന്ന് ലക്ഷത്തിൽ താഴെ വരുമാനമാണ് 1030 ക്ഷേത്രങ്ങൾക്കുള്ളത്. അങ്ങനെ ദൈനംദിന കാര്യങ്ങൾ പോലും ചെയ്യാൻ കഴിയാത്ത, ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത ക്ഷേത്രങ്ങളുടെ ആവശ്യങ്ങൾ പരിരക്ഷിച്ചുകൊണ്ട് സമഗ്രമായ ഒരു നിയമനിർമ്മാണം വരുന്നതിനുവേണ്ടിയാണ് 19-1-2017-ലെ നിയമ പരിഷ്കരണ കമ്മിറ്റിയിൽ ശിപാർശകൾ നൽകിയിട്ടുള്ളത്. ആ ശിപാർശകളെക്കുറിച്ച് സർക്കാർ ഇതുവരെ ചർച്ചപോലും തുടങ്ങിയിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ്പ്രകാരം നേരത്തെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഒരുമിച്ച് സമർപ്പിച്ചതുപോലെ, 2017-ൽ മലബാർ ഹിന്ദുമത ധർമ്മസ്ഥാപന നിയമം എന്നൊരു പുതിയ ബിൽ മദ്രാസ് എൻഡോവ്മെന്റ് ബില്ലിനുപകരം വരണമെന്നുള്ള ഒരു ശിപാർശ ആ റിപ്പോർട്ടിലുണ്ട്. അത് വന്നിട്ടില്ല. രണ്ടാമത്, പല ക്ഷേത്രങ്ങളും തിരുവിതാംകൂറിലോ കൊച്ചിയിലോ ഉള്ളതു പോലെയുള്ള ക്ഷേത്രങ്ങളല്ലാത്തതു കൊണ്ടും ക്ഷേത്രഭരണം ട്രസ്റ്റികളുടെ കീഴിലായതിനാലും ട്രസ്റ്റി ഭരണത്തിന് പരിമിതികളുണ്ട്. അതുമാറി ക്ഷേത്രങ്ങളുടെ

വരുമാനം മറ്റ് ദേവസ്വങ്ങളിലുള്ളതുപോലെ ദേവസ്വം ബോർഡിലേയ്ക്ക് വരികയും ക്ഷേത്രങ്ങളുടെ വരുമാനത്തോത് അനുസരിച്ചും ജീവനക്കാരുടെ എണ്ണമനുസരിച്ചും സഞ്ചിതനിധിയിൽനിന്ന് പണം തിരികെ കൊടുത്ത് ഈ ക്ഷേത്രങ്ങളെ ശാക്തീകരിച്ച് ഒരു സെൻട്രൽ കമാന്റ് ദേവസ്വം ബോർഡിന് ഉണ്ടാകണമെന്നുള്ള തീരുമാനങ്ങളാണ് 2017-ലെ പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത് മലബാറിലെ ഹിന്ദുമതധർമ്മ സ്ഥാപനങ്ങളെയും ക്ഷേത്രങ്ങളെയും സംബന്ധിച്ചാണ്. ഈ നിയമം കേരളസംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പ് രൂപീകൃതമായിട്ടുള്ളതിനാലാണ് ഇതിന്റെ പേരുതന്നെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ എന്നാക്കിയിരിക്കുന്നത്. ഇതിൽ എന്ത് ഭേദഗതി വരുത്തുകയാണെങ്കിലും ആദ്യം വരുത്തേണ്ട ഭേദഗതി, ഇതിലെ മദ്രാസ് എന്ന പദത്തിനുപകരം അത് ഏത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് ധ്വനിപ്പിക്കുന്ന മലബാർ എന്ന രീതിയിലേയ്ക്കോ അല്ലെങ്കിൽ കേരള എന്ന രീതിയിലേയ്ക്കോ മാറ്റേണ്ടതാണെന്ന അഭിപ്രായം അങ്ങേയ്ക്കില്ലേ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തീർച്ചയായും ഉണ്ട്. ഇതേ അഭിപ്രായം തന്നെയാണ് 2017-ൽ ഗോപാലകൃഷ്ണൻ കമ്മിറ്റിയും ശിപാർശ ചെയ്തത്. മലബാർ ഹിന്ദുമത ധർമ്മസ്ഥാപന നിയമമെന്നൊരു പുതിയ നിയമം കൊണ്ടുവരണമെന്ന് ആ കമ്മിറ്റിയുടെ വ്യക്തമായ ശിപാർശയും വന്നിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ഉള്ളൂർ ഗ്രൂപ്പും നെയ്യാറ്റിൻകര ഗ്രൂപ്പുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളൊക്കെ രണ്ട് ഗ്രൂപ്പുകൾക്ക് കീഴിലാണ്. 12 ഗ്രൂപ്പുകൾക്ക് കീഴിലാക്കി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ നിയന്ത്രിക്കുകയും ആ ഗ്രൂപ്പുകളിൽ വ്യക്തമായ ഒരു ഭരണ സംവിധാനം വരണമെന്നൊക്കെ ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടും അതൊന്നും നമ്മൾ ചെയ്തിട്ടില്ല. 'ശമ്പളമില്ല- മലബാറിലെ ക്ഷേത്രജീവനക്കാർ പട്ടിണിസമരത്തിലേക്ക് - എന്നാണ് ആഗസ്റ്റ് മാസത്തെ പത്രവാർത്തയിൽ കാണുന്നത്. മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽനിന്നും ശമ്പളം ലഭിക്കുന്ന നാലായിരത്തോളം ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 6 മാസമായി മുടങ്ങിയിരിക്കുകയാണ്. വരുമാനം കുറഞ്ഞ 80 ശതമാനം ക്ഷേത്രങ്ങളിലും 6 മാസമായി ക്ഷേത്രഫണ്ടിൽനിന്ന് ലഭിക്കുന്ന തുച്ഛമായ ശമ്പളമാണ് നൽകുന്നത്. ഞാൻ നേരത്തെ പറഞ്ഞ വാർഷിക വരുമാനമായിട്ടുള്ള 3 ലക്ഷം രൂപയിൽനിന്നാണ് കഴകക്കാർക്ക് ശമ്പളം കൊടുക്കുന്നത്. അതുപോലെതന്നെ മലബാർ ദേവസ്വം ജീവനക്കാരെ കൈവിടരുതെന്ന രീതിയിലുള്ള പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നുള്ള ആവശ്യങ്ങൾ പത്രങ്ങളിലൂടെയും

മറ്റും വന്നിട്ടുണ്ട്. പക്ഷെ അത്തരം ജീവിത പ്രശ്നങ്ങളിലേയ്ക്ക് കൈകടത്താതെ ഈ ബില്ലിലെ ആകെയുള്ള ഒരു അമെന്റ്മെന്റിൽ പറയുന്നത്, മലബാർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റായിരിക്കുന്ന വ്യക്തി ഏതാനും സമയത്തിനുള്ളിൽ 2 വർഷം കാലാവധി പൂർത്തിയാക്കും. നമ്മൾ 2017-ൽ കൊണ്ടുവന്ന അമെന്റ്മെന്റ് പ്രകാരം ദേവസ്വം ബോർഡിൽ അംഗമായിരിക്കുന്ന ആൾ 2 വർഷം കഴിയുകയാണെങ്കിൽ ബോർഡിലെ അപ്രകാരമൊരംഗത്തിനെ 2 കാലയളവിലേയ്ക്ക് തുടർച്ചയായി നാമനിർദ്ദേശം ചെയ്യാൻ കഴിയുകയില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ, മലബാർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റായിരിക്കുന്ന വ്യക്തിക്ക് ഒരു തവണകൂടി പൊളിറ്റിക്കൽ അഭയം കൊടുക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. എന്തുകൊണ്ട് അദ്ദേഹത്തിന് പൊളിറ്റിക്കൽ അഭയം കൊടുക്കുന്നുവെന്ന കാര്യം മനസ്സിലാക്കണമെങ്കിൽ ഇടതുപക്ഷത്തിന്റെ, പ്രത്യേകിച്ചും മലബാറിലുള്ള സമകാലീന രാഷ്ട്രീയം നമ്മൾ പഠിക്കണം. 2014-ലാണ് മലബാർ ദേവസ്വം ബോർഡിന്റെ ഇപ്പോഴത്തെ പ്രസിഡന്റായ ശ്രീ. ഒ. കെ. വാസുവും മറ്റും ബി.ജെ.പി.-യിൽ നിന്ന് സി.പി.ഐ.(എം)-ലേക്ക് വന്നത്. വലിയ ആവേശത്തോടെ അദ്ദേഹവും കുറേ ആളുകളും സി.പി.ഐ.(എം)-ലേയ്ക്ക് വന്നപ്പോൾ നമ്മളിൽ പലരും ധരിച്ചത്, സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയം ഉൾക്കൊണ്ടുകൊണ്ട് ബി.ജെ.പി.-യുടെ വർഗ്ഗീയ ലൈനിൽനിന്ന് മാറിയാണ് ഒ. കെ. വാസുവും കൂട്ടരും വന്നതെന്നാണ്. പഴയ ഒരു തമാശയുണ്ട്. ഒരു പഞ്ചാബി അഞ്ചോ ആറോ മലയാളികളെ ജോലിക്കു വേണ്ടി ജലന്ധറിൽ കൊണ്ടുപോയി. 6 മാസം പണിയെടുക്കുമ്പോൾ അവരെല്ലാം പഞ്ചാബി പഠിക്കുമെന്ന് എല്ലാപേരും വിചാരിച്ചു. പക്ഷെ 6 മാസം കഴിഞ്ഞ് പഞ്ചാബിയുടെ കടയിൽ പോയപ്പോൾ പഞ്ചാബി അവിടെ മലയാളം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ന് മലബാറിലുള്ള സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയവും ഇതുതന്നെയാണ്. ശ്രീ. ഒ. കെ. വാസു അടക്കമുള്ള അഞ്ചോ ആറോ ആളുകൾ മലബാറിൽ സി.പി.ഐ.(എം)-ൽ പോയതോടെ ഇന്ന് മലബാറിൽ സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയം ബി.ജെ.പി.-യുടെ രാഷ്ട്രീയത്തോട് അടുക്കുന്നുവെന്നുള്ളതിന്റെ ധാരാളം കാര്യങ്ങൾ നമ്മൾ മഞ്ചേശ്വരം ഉപതെരഞ്ഞെടുപ്പിൽ കണ്ടതാണ്. ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് വകുപ്പുമന്ത്രി മഞ്ചേശ്വരം ഉപതെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-നുവേണ്ടി മത്സരിച്ച സ്ഥാനാർത്ഥിക്കുവേണ്ടി വോട്ട് അഭ്യർത്ഥിച്ചുപോയ ഒരു കുടുംബയോഗത്തിന്റെ വീഡിയോ ചാനലുകളിൽ കാണിച്ചിരുന്നു. നവോത്ഥാനം പറയുന്ന ഇടതുപക്ഷത്തിന്റെ മുന്നിൽനിൽക്കുന്ന ദേവസ്വം വകുപ്പുമന്ത്രി, നമ്മൾ പണ്ട് ഒരു റായി-യെ ലോക്സഭയിൽ വിട്ടിട്ടുണ്ട്. നമുക്കൊരു റേ-യെ കേരള നിയമസഭയിൽ വിടണ്ടേയെന്ന് ചോദിച്ചാണ് കുടുംബയോഗത്തിൽ വോട്ടുപിടിച്ചത്. ഇവിടെ പറഞ്ഞ

ശ്രീ. ഒ. കെ. വാസുവടക്കമുള്ള ആളുകൾ സി.പി.ഐ.(എം)-ൽ ഉണ്ടാക്കുന്ന വർഗ്ഗീയ നിറത്തിന്റെ ഉത്തമ ഉദാഹരണമാണ് മന്ത്രിതന്നെ അങ്ങനെ വോട്ട് ചോദിച്ചത്. ശ്രീ. ഒ. കെ. വാസുവും കൂട്ടരും സി.പി.ഐ.(എം)-ൽ ബി.ജെ.പി.-വൽക്കരണം കൊണ്ടുവന്നതിന്റെ ഒരുദാഹരണമാണിത്. അതിനി കൂടുതൽ മുന്നോട്ടുകൊണ്ടു പോകുവാൻ വേണ്ടിയാണ് ശ്രീ. ഒ. കെ. വാസുവിനെത്തന്നെ 2 വർഷം കൂടി മലബാർ ദേവസ്വം പ്രസിഡന്റായി നീട്ടുവാനുള്ള തീരുമാനങ്ങളെടുത്തത്. പക്ഷെ മലബാറിലുള്ള ആളുകൾ പ്രത്യേകിച്ച് മതനിരപേക്ഷ ശക്തികൾ, ഏറ്റവും കൂടുതൽ അവിടത്തെ ആളുകൾക്കുവേണ്ടി നിൽക്കുന്നത് യു.ഡി.എഫ്. ആണെന്ന് മനസ്സിലാക്കിക്കൊണ്ടാണ്. 2016-ൽ 89 വോട്ടിന്റെ ഭൂരിപക്ഷത്തിൽ മാത്രം മഞ്ചേശ്വരത്ത് നമ്മൾ ജയിച്ചപ്പോൾ 7300 വോട്ടിന്റെയൊരു മഹാ ഭൂരിപക്ഷത്തിലാണ് ഇന്ന് നമ്മുടെ പ്രിയപ്പെട്ട ശ്രീ. എം. സി. കമറുദ്ദീൻ നിയമസഭയിൽ വന്നിരിക്കുന്നത്. ഇത്രയും പ്രധാനപ്പെട്ട അടിസ്ഥാന വിഷയങ്ങൾ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ളപ്പോൾ അതിനൊന്നും ഒരു താൽപ്പര്യവുമെടുക്കാതെ ഈ ഒരു ബില്ലും അമെന്റ്മെന്റും കൊണ്ടുവരുന്നത് ഒരു വ്യക്തിയെ അല്ലെങ്കിൽ ആർ. എസ്. എസ്. ആശയങ്ങളെ സി.പി.എം.-ൽ കൊണ്ടുവന്നത് കൂടുതൽ ശാക്തീകരിക്കാൻ വേണ്ടിയാണ്. ഞാൻ മലബാറിലെ ക്ഷേത്രങ്ങളിൽ പോയിട്ടുള്ള ആളാണ്. ആ ക്ഷേത്രങ്ങളുമായിട്ടൊക്കെ നല്ല ബന്ധമുള്ള ഒരാളെന്ന നിലയിൽ തീർച്ചയായിട്ടും മലബാറിലുള്ള സാധാരണ വിശ്വാസികൾക്കും അവിടത്തെ ജീവനക്കാർക്കും ആ നാടിന്റെ സാംസ്കാരികത്തനിമ മനസ്സിലാക്കിക്കൊണ്ട് എത്രയും പെട്ടെന്ന് നേരത്തെ ശ്രീ. എൻ. ഷംസുദ്ദീനും ഈ കമ്മിറ്റിയും പറയുന്നതുപോലെ ഇന്റഗ്രേറ്റഡായിട്ടുള്ള ഒരു പുതിയ ബിൽ അടുത്ത സഭയിലെങ്കിലും lay ചെയ്യണമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. —

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജിമോൾ)

<u>ശ്രീ. കെ. ദാസൻ</u>: സർ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബില്ലിലെ ഭേദഗതിയെ ഞാൻ അംഗീകരിക്കുന്നു. ചെറിയൊരു ഭേദഗതിയാണ് ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം കുറേക്കാലം മലബാറിലെ ക്ഷേത്രങ്ങൾ മിക്കതും ഉദ്യോഗസ്ഥഭരണത്തിൻ കീഴിലോ അല്ലെങ്കിൽ പാരമ്പര്യ ട്രസ്റ്റിമാരുടെ കീഴിലോ

ഉള്ള അധികാര കുത്തകകളുടെ കീഴിലായിരുന്ന പ്രവർത്തിച്ചിരുന്നത്. പിന്നീടങ്ങോട്ട് പുരോഗമന കേരളം നടത്തിയ നിരവധി പോരാട്ടങ്ങളിൽനിന്നാണ് ഇന്ന് കാണുന്ന അഭിവൃദ്ധിയിലേയ്ക്കും സുതാര്യമായ ഭരണക്രമങ്ങളിലേയ്ക്കും ക്ഷേത്രങ്ങളും ക്ഷേത്ര ജീവനക്കാരും മാറിയത്. പഴയ മലബാർ പ്രദേശത്ത് കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള 6 ജില്ലകളിലേയും ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിലേയും എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി പ്രദേശത്തേയും 1357 പൊതു ക്ഷേത്രങ്ങളുടെ ഭരണമേൽനോട്ടവുമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. ഈ സഭയിൽ ഇന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് 2008 ഒക്ടോബർ 2-ന് ചരിത്രത്തിലെ സുപ്രധാനമായ തീരുമാനമായ മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നത്. 1951-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. അന്യാധീനപ്പെട്ടും നാഥനില്ലാതെ നശിച്ചും പരാധീനതകളാൽ വീർപ്പുമുട്ടിയും ഭരണക്രമ ചട്ടങ്ങളില്ലാതെ കുത്തഴിഞ്ഞും കഴിഞ്ഞിരുന്ന ക്ഷേത്രങ്ങൾക്കും പാവപ്പെട്ട ക്ഷേത്രജീവനക്കാർക്കും പുതുജീവനും ജീവിതവും നേടിക്കൊടുക്കാൻ മലബാർ ദേവസ്വം ബോർഡിന്റെ രൂപീകരണവും പിന്നീടങ്ങോട്ടുള്ള പ്രവർത്തനത്തിനും വഹിച്ച പങ്ക് നിസ്തുലമാണ്. കൃത്യമായ സേവന-വേതന വ്യവസ്ഥകളില്ലാതിരുന്ന മലബാറിലെ ആറായിരത്തോളം ക്ഷേത്ര ജീവനക്കാരെയാണ് പുതുജീവിതത്തിലേയ്ക്ക് മലബാർ ദേവസ്വം ബോർഡ് കൈപിടിച്ചുയർത്തിയത്. പ്രസിഡന്റുൾപ്പെടെ 9 അംഗങ്ങളുള്ള മലബാർ ദേവസ്വം ബോർഡിൽ 7 അംഗങ്ങളെ മന്ത്രിസഭാ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യുകയും 2 പേരെ നിയമസഭാ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുത്ത് വരുന്ന രീതിയിലുമാണ് ചട്ടം ക്രമീകരിച്ചിരിക്കുന്നത്. ഓരോ ബോർഡ് അംഗങ്ങൾക്കും രണ്ട് വർഷമാണ് കാലാവധി നിശ്ചയിച്ചിരിക്കുന്നത്. അത് മാത്രമല്ല ഒരംഗത്തിന് തുടർച്ചയായി രണ്ട് തവണ അംഗമായിരിക്കാൻ സാധിക്കുകയുമില്ല. ഇത് ബോർഡിന്റ ആരംഭകാലത്തുള്ള നിയമത്തിൽ ഉൾപ്പെടുത്തിയിരുന്ന ഒന്നാണ്. ആരംഭകാലത്തുനിന്ന് പ്രവർത്തനപഥത്തിലേയ്ക്ക് വരുമ്പോൾ പിന്നീട് അനുഭവപ്പെടുന്ന ഒട്ടേറെ പ്രായോഗിക ഘടകങ്ങൾ കണക്കിലെടുത്ത് വരുത്തുന്ന ഭേദഗതികൾ സർവ്വസാധാരണമാണ്. അത്തരത്തിലൊരു ഭേദഗതിയാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഭരണക്രമം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുമ്പോൾ രണ്ട് വർഷം കഴിഞ്ഞ് നിർബന്ധമായും മുഴുവൻ അംഗങ്ങൾക്കും തുടർച്ച ലഭിക്കാതെ മാറിപ്പോകേണ്ടിവരുന്നത് പ്രായോഗിക തലത്തിൽ നല്ല പ്രവർത്തനവും വീക്ഷണവും മുന്നോട്ട്വയ്ക്കുന്ന ബോർഡിനെ സംബന്ധിച്ചിടത്തോളം തിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. സത്യസന്ധരും അഴിമതിരഹിതരും വികസന കാഴ്ചപ്പാടുള്ളവരും ഒരു ഭരണക്രമത്തിലെ സാങ്കേതികത്വത്തിൽ കുരുങ്ങിക്കിടന്ന് ഒഴിവാക്കപ്പെടേണ്ടവരല്ല. അവഗണനയുടേയും അഴിമതികളുടേയും കാലത്ത് വികസനത്തിന്റെയും ക്ഷേമത്തിന്റെയും നല്ലകാലത്തേയ്ക്കുള്ള പ്രയാണമാണ് ഈ ഭരണത്തിന് കീഴിൽ

കേരളത്തിലെ എല്ലാ ദേവസ്വം ബോർഡുകളും എന്നപോലെ മലബാർ ദേവസ്വം ബോർഡും കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഓരോ ബഡ്ജറ്റിലും വിഹിതം വർദ്ധിപ്പിച്ചും കൃത്യമായി നൽകിയും പാവപ്പെട്ട ജീവനക്കാരെ ചേർത്തുനിർത്താൻ ഈ സർക്കാരും ബോർഡും എന്നും നിലകൊണ്ടിട്ടുണ്ട്. 2019-2020 വർഷം മലബാർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പളം നൽകാനനുവദിച്ച ബഡ്ജറ്റ് ഗ്രാന്റ് 38 കോടി രൂപയാണ്. അതുപോലെ ഓരോ വർഷവും 7 കോടി രൂപയ്ക്കും 8 കോടി രൂപയ്ക്കുമിടയിൽ സ്വകാര്യ ക്ഷേത്രങ്ങൾക്കടക്കം ജീർണ്ണോദ്ധാരണ ഗ്രാന്റായി നൽകിവരുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണത്തിനായി പ്രത്യേക ധനസഹായ പദ്ധതി തുടരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ദീഭവിച്ചുപോയ മലബാറിലെ ആചാര്യസ്ഥാനീയരുടേയും കോലധാരികളുടേയും പ്രതിമാസ ധനസഹായ പദ്ധതി പുനരുജ്ജീവിപ്പിച്ച് പ്രതിമാസം 800 രൂപയിൽനിന്നും 1,100 രൂപയാക്കി. ബോർഡ് നിലവിൽ വന്ന, തുടക്കത്തിൽ നിറഞ്ഞുനിന്ന ബാലാരിഷ്ടതയിൽനിന്നും ക്രമേണ നിരവധി പദ്ധതികൾ ക്ഷേത്രങ്ങൾക്കും ക്ഷേത്രജീവനക്കാർക്കുമായി ഏർപ്പെടുത്തി മുന്നോട്ട് വരികയാണ്. മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളുടേയും ജീവനക്കാരുടേയും ക്ഷേമവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമം ഭേദഗതി ചെയ്യുന്നതിന് കരട് ബിൽ തയ്യാറാക്കി വരികയാണ്. കേരളത്തിലെ 37 ക്ഷേത്രങ്ങളോടനുബന്ധിച്ച് ശബരിമല ഇടത്താവളമെന്ന ബൃഹത് പദ്ധതിക്ക് അംഗീകാരമായിരിക്കുന്നു. ആദ്യ ഘട്ടത്തിൽ 11 ക്ഷേത്രങ്ങളുടെ നിർമ്മാണ നടപടികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി 142 അബ്രാഹ്മണന്മാരെ ശാന്തിക്കാരായി കേരളത്തിലെ വിവിധ ക്ഷേത്രങ്ങളിൽ നിയമിച്ചുകൊണ്ട് ചരിത്രത്തിലെ പൊളിച്ചെഴുത്തിന് തുടക്കം കുറിച്ചതാണ് ഈ സർക്കാർ. ശബരിമലയിലെ സ്ത്രീ പ്രവേശന കാര്യത്തിൽ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താനൊരുങ്ങുന്ന ചില വിശ്വാസികൾ മനസ്സിലാക്കേണ്ടൊരു കാര്യം, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ശബരിമല ക്ഷേത്ര വികസനത്തിനായി 1273 കോടി രൂപ ചെലവഴിച്ച് റിക്കാർഡിട്ട സർക്കാരാണിത്. കേരളത്തിലെ ക്ഷേത്രങ്ങളുടെ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുക എന്ന കാര്യത്തിൽ കാര്യക്ഷമതയും വേഗതയും നടപ്പിലാക്കാൻ പ്രത്യേകം ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. ദേവസ്വം ബോർഡ് നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാക്കി; മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണമേർപ്പെടുത്തി; നല്ല രീതിയിൽ ഭരണക്രമം വിനിയോഗിച്ച് പുരോഗതിയിലേയ്ക്ക് നയിക്കുന്നവർക്ക് രണ്ട് വർഷത്തിനപ്പുറത്തേയ്ക്ക് തുടർഭരണം നിഷേധിക്കുന്ന നിയമത്തിൽ, അനിവാര്യമായ ഘട്ടത്തിൽ ഭേദഗതി നടപ്പിലാക്കാൻ തുനിഞ്ഞ സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. മലബാറിലെ

ക്ഷേത്രങ്ങളുടെ അഭിവൃദ്ധിക്ക് പുതിയ ദിശാബോധം പകർന്നുകൊണ്ട് അഴിമതിയുടെ കറപുരളാതെ മുന്നോട്ട് നയിക്കുന്ന മലബാർ ദേവസ്വം ബോർഡിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഒരിക്കൽക്കൂടി ഞാൻ ഇതിന് പിൻതുണ അറിയിക്കുന്നു.

ശ്രീ. വി. പി സജീന്ദ്രനുവേണ്ടി ശ്രീ. വി. എസ്. ശിവകുമാർ: സർ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഓർഡിനൻസിന് പകരമായി 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 7 എ-യ്ക്കുള്ള ഭേദഗതിയാണ് സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമം കൊണ്ടുവന്നത് 2008-ലെ എൽ.ഡി.എഫ് സർക്കാരാണ്. ബഹുമാനപ്പെട്ട ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് ഈ നിയമം കൊണ്ടുവന്നത്. ഒരുതവണ അംഗമായാൽ തുടർച്ചയായി രണ്ടാം തവണ അംഗമാകാൻ കഴിയില്ലെന്നുള്ളത് വളരെ ആലോചിച്ചതിനുശേഷമാണ് ശ്രീ. ജി. സുധാകരനെപ്പോലുള്ള ഒരാൾ ആ നിയമം കൊണ്ടുവന്നത്. പക്ഷേ ഇപ്പോൾ എന്താണ് അതിന് പിന്നിലുള്ളത് എന്നതിനെക്കുറിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ ഉൾപ്പെടെയുള്ളവർ ഇവിടെ സംസാരിക്കുകയുണ്ടായി. മലബാർ ദേവസ്വത്തിലെ ഒ. കെ. വാസുവിനെപ്പോലുള്ള വ്യക്തികളെ വീണ്ടും അവിടെ കുടിയിരുത്തുന്നതിലേയ്ക്കുള്ള നടപടിയുടെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ളൊരു ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരേ സഭയിൽ contradictory-ആയി രണ്ട് ബില്ലുകൾ വരുന്നത് ശരിയാകുമോ? തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളുടെ കാലാവധി കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം ഇവിടെ കൊണ്ടുവന്നിരുന്നു. അങ്ങനെ കാലാവധി കുറച്ചതും ചില വ്യക്തികളെ കണ്ടുകൊണ്ടാണ്. അന്ന് ആളുകൾ പറഞ്ഞത് ശ്രീ. പ്രയാർ ഗോപാലകൃഷ്ണനെ പിരിച്ചുവിടുന്നതിനുവേണ്ടി കൊണ്ടുവന്നൊരു അമെന്റ്മെന്റാണെന്നാണ്. ഇന്നിപ്പോൾ കാലാവധി കൂട്ടുന്നതിനുവേണ്ടിയുള്ള നടപടിയാണ്. ഒരേ പ്രശ്നത്തിനകത്ത് രണ്ട് സമീപനമെടുക്കുന്നു എന്നുള്ളതാണ് പ്രധാന പ്രശ്നം. ഒരു ഗവൺമെന്റിന്റെ സമീപനം അങ്ങനെ വരാൻ സാധിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അങ്ങ് പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. ഇത് ചില സ്ഥാപിത താൽപ്പര്യങ്ങളുടെ പേരിൽ ചിലരെ കൊണ്ടുവരാനും ചിലരെ മാറ്റുന്നതിനും വേണ്ടിയുള്ള നടപടിയുടെ ഭാഗമാണ്. മലബാർ ദേവസ്വം ബോർഡിൽ രണ്ട് വർഷം അംഗമായിരുന്നാൽ വീണ്ടും രണ്ട് വർഷംകൂടി നൽകാം എന്നുള്ള നിയമമാണ് കൊണ്ടുവന്നിട്ടുള്ളത്. അന്ന്

ബഹുമാനപ്പെട്ട ജി. സുധാകരൻ കൊണ്ടുവന്ന നിയമം അങ്ങനെയല്ല, രണ്ട് വർഷം കഴിഞ്ഞാൽ പുറത്തുപോകണം എന്നുള്ളതാണ്. അന്ന് ബഹുമാനപ്പെട്ട കെ. ദാസൻ പറഞ്ഞ ന്യായങ്ങളൊന്നും ബാധകമായിരുന്നില്ലേ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. തുടർച്ചയായ ഭരണം, അഴിമതിരഹിതഭരണം, നന്നായി കൊണ്ടുപോകുന്നതിനുവേണ്ടിയുള്ളതാണ്. അന്ന് ബഹുമാനപ്പെട്ട ജി. സുധാകരൻ ആലോചിച്ചില്ല എന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇതിൽ നിക്ഷിപ്തമായ ചില താൽപ്പര്യങ്ങളുണ്ടെന്നതാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ ഒരു കാര്യമുണ്ട്, നവംബർ മാസം 15-ാം തീയതി ശബരിമല സീസൺ വരികയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. എ. പത്മകുമാർ ഇന്നുതന്നെ പറഞ്ഞൊരു സ്റ്റേറ്റ്മെന്റ് ഞാൻ വായിക്കുകയാണ്; സർക്കാരും സംവിധാനങ്ങളും മറുഭാഗത്ത് നിൽക്കുമ്പോഴും വിശ്വാസികൾക്കൊപ്പം ഞാൻ അഭിമാനത്തോടുകൂടി നിന്നു, എന്നാണ്. അതുകൊണ്ട് ഗവൺമെന്റ് ഇവിടെ ശ്രീ. എ. പത്മകുമാറിനെ കൊണ്ടുവരുന്നതിലേയ്ക്കുള്ള നിയമം കൊണ്ടുവരുമോ എന്നുള്ളത് ഞാൻ ഒരു ചോദ്യമായി ഉന്നയിക്കുന്നത്. അവർക്കിഷ്ടമുള്ള, സ്ഥാപിത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിയമം. ഞാൻ ചോദിക്കട്ടെ ഈ ബില്ലിൽ ആകെ പറഞ്ഞിരിക്കുന്നത് ഒരു ചെറിയ കാര്യമാണ്. ഇതിനുവേണ്ടി നിയമസഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തേണ്ട കാര്യമുണ്ടോ? ഇവിടെ സൂചിപ്പിച്ചു, മലബാർ ദേവസ്വത്തിന്റെയും ക്ഷേത്രങ്ങളുടെയും എല്ലാ പ്രവർത്തനങ്ങളും സ്തംഭനാവസ്ഥയിലാണെന്നുള്ളത് യാഥാർത്ഥ്യം വിലയിരുത്തുമ്പോൾ നമുക്ക് മനസ്സിലാകുന്ന കാര്യമാണ്. സാമ്പത്തിക ബാധ്യത, ക്ഷേത്രങ്ങളുടെ വികസന മുരടിപ്പ്, ശമ്പളം ലഭ്യമാകാത്തതുകൊണ്ടുള്ള ജീവനക്കാരുടെ ദയനീയാവസ്ഥ, സേവന-വേതന രംഗത്തെ ബുദ്ധിമുട്ടുകൾ എന്നിവയെല്ലാം പരിഹരിക്കാനുള്ള നടപടികൾ മുന്നിൽ നിൽക്കുകയാണ്. സമഗ്രമായൊരു നിയമം കൊണ്ടുവന്ന് മലബാർ ദേവസ്വത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരാനുള്ള ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാകുന്നില്ല. മലബാർ ദേവസ്വം ബോർഡിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു; പ്രധാനമായി അവിടെ ചെയ്യേണ്ട കാര്യങ്ങൾ, ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനേക്കാൾ കൂടുതൽ ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡിലുണ്ട്. 1249 ക്ഷേത്രങ്ങളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിലുള്ളത്. മലബാർ ദേവസ്വം ബോർഡിൽ 1352 ക്ഷേത്രങ്ങളുണ്ട്. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമമനുസരിച്ചാണ് ഭരണം നടത്തുന്നത്. 2008-ൽ ഈ ആക്ട് കൊണ്ടുവന്ന ഭേദഗതിപ്രകാരമാണ് ബോർഡ് രൂപീകരണം നടന്നത്. 2008-ലെ ആക്ട്

വരുന്നതിനുമുമ്പ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ഡിപ്പാർട്ട്മെന്റായിരുന്നു. 1951-ൽ മലബാർ ദേവസ്വം ബോർഡ് വന്നതുമുതൽ 2008 വരെ ഈ ഒരു ഡിപ്പാർട്ട്മെന്റായിട്ടാണ് ഭരണം നടത്തിയിരുന്നത്. അവിടെ പാവപ്പെട്ട ക്ഷേത്ര ജീവനക്കാർ ഉൾപ്പെടെ ഏകദേശം ആറായിരത്തോളം ആളുകളുണ്ട്, ശമ്പളം ലഭിക്കുന്നില്ല. 6500-ഓളം ക്ഷേത്ര ജീവനക്കാരുണ്ട്. തിരുവിതാംകൂർ-കൊച്ചി ബോർഡുകളെ അപേക്ഷിച്ച് വളരെ തുച്ഛമായ ശമ്പളമാണ് അവർക്ക് ലഭിക്കുന്നത്. ഇവിടെ സൂചിപ്പിച്ചത് വരുമാനമുള്ള ക്ഷേത്രങ്ങൾ നൂറിൽ താഴെയാണ് എന്നാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലെ ഇവിടെ കോമൺ ഫണ്ടുണ്ട്. അതിൽനിന്നും തുകയെടുത്ത് എല്ലാ ക്ഷേത്രങ്ങൾക്കും ശമ്പളം നൽകാം. അത്തരത്തിലൊരു സാഹചര്യം മലബാർ ദേവസ്വം ബോർഡിലില്ല. വരുമാനമില്ലാത്ത ക്ഷേത്രങ്ങളിൽ സർക്കാർ നൽകുന്ന ഗ്രാന്റിൽനിന്നാണ് ശമ്പളം കൊടുക്കുന്നത്. ഏകദേശം നൂറ് ക്ഷേത്രങ്ങളൊഴിച്ച് ബാക്കിയുള്ളവയെല്ലാം വളരെ പരിതാപകരമായ സ്ഥിതിയിലാണ്. ജീവനക്കാർക്ക് ശമ്പളംപോലും കിട്ടുന്നില്ല. ബഡ്ജറ്റിൽ ആകെ അനുവദിച്ചിട്ടുള്ളത് 35 കോടി രൂപയാണ്. അതിൽ ഇതുവരെ കൊടുത്തത് 15 കോടി രൂപയാണ്. ബഡ്ജറ്റിൽ തുകകൾ പ്രഖ്യാപിക്കും; പക്ഷേ ഫണ്ട് റിലീസ് ചെയ്യുന്നില്ല. എങ്ങനെ ശമ്പളം കൊടുക്കും? ഗ്രാന്റ് കിട്ടാത്തതുകൊണ്ട് ജീവനക്കാർക്ക് ശമ്പളം കിട്ടുന്നില്ല. രണ്ട് വർഷത്തെ കുടിശ്ശിക ഇനിയുമുണ്ട്. 2018-ലെ ശമ്പളംപോലും ഇപ്പോൾ പല ക്ഷേത്രജീവനക്കാർക്കും ലഭ്യമായിട്ടില്ലെന്നുള്ളത് വളരെ പരിതാപകരമാണ്. ശമ്പളപരിഷ്കരണം നടന്നിട്ട് ഏകദേശം പത്ത് വർഷം കഴിഞ്ഞു. അതൊന്നും നടപ്പിലാക്കാത്തൊരു സാഹചര്യമാണ് ഇവിടെയുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പള പ്രശ്നങ്ങളും മറ്റ് കാര്യങ്ങളും പരിഹരിക്കുന്നതിന് നിർദേശങ്ങൾ സമർപ്പിക്കാൻ മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ദേവസ്വം സെക്രട്ടറിയായ ശ്രീ. കെ. ആർ. ജ്യോതിലാലിനെയും ദേവസ്വം കമ്മീഷണറെയും കമ്മിറ്റി അംഗങ്ങളായി നിയോഗിച്ചുകൊണ്ട് ശിപാർശ കൊടുത്തു. ആ ശിപാർശയുടെ കോപ്പി എന്റെ കയ്യിലുണ്ട്. മലബാർ ദേവസ്വത്തിലെ പ്രശ്നങ്ങളും ശമ്പളവും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള സമഗ്രമായൊരു റിപ്പോർട്ടാണത്. അത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അംഗീകരിച്ചു. അത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇപ്പോൾ ഈ പ്രശ്നങ്ങളും നിശ്ചലാവസ്ഥയുമൊന്നും ഉണ്ടാകില്ല. അത്തരത്തിലുള്ള ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. ഗോപാലകൃഷ്ണൻ കമ്മിറ്റിയെക്കുറിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി; ആ റിപ്പോർട്ടിനെ കുറിച്ചും അറിയില്ല. ക്ഷേത്രങ്ങൾ

ട്രസ്റ്റികളുടെ ഭരണത്തിൻ കീഴിലാണിരിക്കുന്നത്. അതിനെക്കുറിച്ചൊക്കെ വളരെ ആലോചിച്ച് തീരുമാനമെടുത്തിട്ടുള്ള ഒരു റിപ്പോർട്ടാണ് അന്നത്തെ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ഇവിടെ സമർപ്പിച്ചത്. ആ റിപ്പോർട്ടിന്റെയും ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെയും ഭാവി എന്താണെന്നറിയില്ല. അതൊക്കെ നടപ്പിലാക്കുന്നതിനല്ലേ മുൻഗണന കൊടുക്കേണ്ടത്? അതുപോലെ, ശമ്പളത്തിന്റെ പ്രശ്നം കൂടിയുണ്ട്. H.R.&C.E. ഡിപ്പാർട്ട്മെന്റിലെ റിട്ടയർ ചെയ്യാത്ത 55-ഓളം ജീവനക്കാർ മാത്രമാണ് ബോർഡിന്റെ ഭരണവും ക്ഷേത്രങ്ങളുടെ മേൽനോട്ടവും നിർവ്വഹിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആയിരത്തിലധികം എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരും അയ്യായിരത്തിലധികം ക്ഷേത്ര ജീവനക്കാരുമുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ 55 ജീവനക്കാരെക്കൊണ്ട് ആറ് ജില്ലകളിലധികം വ്യാപിച്ചുകിടക്കുന്ന വലിയ മേഖലയിൽ എങ്ങനെ ഭരണം നടത്താൻ കഴിയും? ആവശ്യമുള്ള നിയമനം നടത്താത്തതുകൊണ്ട് ദേവസ്വം ബോർഡ് ഭരണം ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. ജീവനക്കാർ റിട്ടയർ ചെയ്താൽ നിയമനങ്ങൾ നടക്കുന്നില്ല. ക്ഷേത്രങ്ങളിൽ പോയി പരിശോധിക്കാൻ ആളില്ല; നടപടിക്രമങ്ങൾ വൈകുന്നു. ഇപ്പോൾ മൂന്ന് താലൂക്കുകളിലെ കാര്യം നോക്കാൻ ഒരു ഇൻസ്പെക്ടറാണുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒരു ക്ഷേത്രത്തിന് ഒരു അസിസ്റ്റന്റ് കമ്മീഷണർ ഉണ്ടെങ്കിൽ ഏഴ് ജില്ലകളോളം വരുന്ന പ്രദേശമായ മലബാറിൽ ആകെ അഞ്ച് അസിസ്റ്റന്റ് കമ്മീഷണർമാരാണുള്ളത്. 1300-ഓളം ക്ഷേത്രങ്ങളാണ് ഇവിടത്തെക്കാൾ കൂടുതൽ അവിടെയുള്ളത്. പുതിയ നിയമം കൊണ്ടുവരുന്നതിനുമുൻപ് ഇക്കാര്യത്തിൽ റിപ്പോർട്ട് ചോദിച്ച് അടിയന്തരമായി ആവശ്യമായിട്ടുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിയാണ് ആദ്യമായി ഗവൺമെന്റ് എടുക്കേണ്ടത്. ശമ്പള പരിഷ്കരണത്തെക്കുറിച്ച് ഞാനിവിടെ സൂചിപ്പിച്ചു. ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ട് ഏകദേശം 15 വർഷത്തോളമായി. അവർക്ക് ശമ്പളമൊന്നും കിട്ടുന്നില്ല. വളരെ തുച്ഛമായ തുകയാണ് ലഭിക്കുന്നത്. അതിനാവശ്യമായ ഗ്രാന്റിനായി റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. മലബാർ മേഖലയിലെ ക്ഷേത്ര ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നൽകുന്നതിലേയ്ക്ക് 25 കോടി രൂപ അനുവദിക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മലബാറിലെ ക്ഷേത്രങ്ങൾക്ക് വമ്പിച്ച ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നതിനാൽ ക്ഷേത്ര പ്രവർത്തനങ്ങൾക്കും ശമ്പളം നൽകുന്നതിനും ഒരു ബുദ്ധിമുട്ടും ഒരു കാലഘട്ടത്തിലുമുണ്ടായിരുന്നില്ല. 1970-ലെ ഭൂപരിഷ്കരണ നിയമം വന്നതോടുകൂടി ക്ഷേത്ര സ്വത്തുക്കളെല്ലാം നഷ്ടമായി. പതിനായിരക്കണക്കിന് വനഭൂമിയുണ്ടായിരുന്നതും നഷ്ടപരിഹാരം നൽകാതെ സർക്കാർ ഏറ്റെടുത്തു. അതുകൊണ്ടാണ് മലബാറിലെ ക്ഷേത്രങ്ങളെല്ലാം

യഥാർത്ഥത്തിൽ പാപ്പരായത്. ആയതിനാൽ, ക്ഷേത്രങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ ഗ്രാന്റ് വർദ്ധിപ്പിക്കാൻ സർക്കാരിന് ധാർമ്മിക ഉത്തരവാദിത്വമുണ്ട്. അതിനാൽ ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നുള്ള ഒരു പൊതു താൽപ്പര്യ ഹർജിയിലാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്നും ജീവനക്കാർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൊച്ചി ദേവസ്വം ബോർഡിന്റെയും തുല്യമായ ശമ്പളം നൽകണമെന്നും ഒ.പി 2014/92-ലെ കേസിൽ ഹൈക്കോടതി ഉത്തരവായത്. ബോർഡ് രൂപീകരിച്ചുവെങ്കിലും ശമ്പളകാര്യത്തിൽ തീരുമാനമെടുത്തില്ല. അതിനുവേണ്ടിയുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. മറ്റൊരു പ്രധാന കാര്യമാണ് ദേവസ്വം ഭൂമി കയ്യേറ്റം. മലബാർ ദേവസ്വം ബോർഡിന്റെ ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് കയ്യേറ്റത്തിന് വിധേയമായിട്ടുള്ളത്. അത് സർവ്വേ നടത്തി ലാന്റ് കൺസർവൻസി ആക്ട് പ്രകാരം ഒഴിപ്പിച്ച് ദേവസ്വങ്ങൾക്ക് നൽകാൻ സർക്കാർ മുൻകയ്യെടുക്കണം. ലാന്റ് കൺസർവൻസി ആക്ട് ദേവസ്വങ്ങൾക്കും ബാധകമാണെന്നും സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതുപോലെ ഇതും ഒഴിപ്പിച്ച് നൽകേണ്ടതാണെന്നും കോടതിവിധിയിലുണ്ട്. എന്നാൽ, സർവ്വേ നടത്താനോ തുടർ നടപടികൾ സ്വീകരിക്കാനോ ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സ്ഥിതിയും ആവശ്യമായ സ്റ്റാഫും ഇല്ല. അതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെ, ആചാരസ്ഥാനീയർ, കോലധാരികൾ ഇവർക്ക് നൽകിവരുന്ന ആനുകൂല്യം കുടിശ്ശികയില്ലാതെ നൽകാൻ ഫണ്ടില്ല. ഒന്നേകാൽ കോടി രൂപയാണ് ബഡ്ജറ്റിലുള്ളത്. രണ്ട് കോടി രൂപ ആവശ്യമുണ്ട്. ബാക്കി തുക അനുവദിക്കുകയും ബഡ്ജറ്റ് അലോക്കേഷൻ വർദ്ധിപ്പിക്കുകയും വേണം. കോലധാരികളുടെയും ആചാരസ്ഥാനീയരുടെയും പെൻഷൻ കൂട്ടിയെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേറ്റ്മെന്റിലുണ്ടായിരുന്നു. കൂട്ടി എന്നുള്ള പ്രഖ്യാപനമല്ലാതെ, അതിനാവശ്യമായ തുക നൽകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ടാണ് ഇവർക്ക് വേതനം നൽകിയിരുന്നത്. അറുപതുവയസ്സിന് മുകളിലുള്ളവർക്ക് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെടുത്തി മുഴുവൻ തുകയും നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായാൽ അതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയും. ടൂറിസം വകുപ്പിന്റെ ചുമതലകൂടി വഹിക്കുന്ന മന്ത്രിയായതുകൊണ്ട് മലബാർ മേഖലയിൽ പിൽഗ്രിം ടൂറിസത്തിന്റെ സാദ്ധ്യതകൂടി പരിശോധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട്

സംസാരിക്കുമ്പോൾ, കഴിഞ്ഞ പ്രാവശ്യമുണ്ടായ പ്രശ്നങ്ങളുടെ പേരിൽ കേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും വരുമാനം കുറവാണ്. എന്നുപറഞ്ഞാൽ, മലബാർ മേഖലയിലെ ക്ഷേത്രങ്ങളിൽ വളരെയധികം വരുമാനം കുറഞ്ഞു. ശബരിമലയുടെ മാത്രമല്ല; മലബാർ മേഖലയിൽ കാടാമ്പുഴ ക്ഷേത്രവും ഗുരുവായൂർ ക്ഷേത്രവും വരുമാനക്കുറവിലാണ്. ശബരിമലയിലേയ്ക്ക് വരുന്ന തീർത്ഥാടകർ മറ്റെല്ലാ ക്ഷേത്രങ്ങളിലും ദർശനം നടത്തി അവിടെ കാണിക്കയിട്ട് വരുമാനം കൂട്ടുന്നു. ശബരിമല വിഷയവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ഗവൺമെന്റിന് റവന്യൂ വരുമാനം കുറഞ്ഞു; ശബരിമലയ്ക്ക് വരുമാനം കുറഞ്ഞു; ക്ഷേത്രങ്ങൾക്ക് കിട്ടുന്ന വരുമാനം മുഴുവൻ കുറഞ്ഞു. ആ പശ്ചാത്തലത്തിൽ കഴിഞ്ഞ പ്രാവശ്യം ശബരിമലയിൽ 200 കോടിയോളം രൂപയാണ് നഷ്ടമുണ്ടായത്. സംസ്ഥാന ഗവൺമെന്റ് 100 കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞു. ഇതുവരെ ഒരു രൂപപോലും കൊടുത്തിട്ടില്ല. യഥാർത്ഥത്തിൽ 30 കോടി രൂപ റിലീസ് ചെയ്തു എന്നുപറഞ്ഞു. പക്ഷേ, ഇതുവരെ കിട്ടിയിട്ടില്ല. നമുക്കറിയാം, ശബരിമല സീസൺ വരാൻ പോകുകയാണ്. നവംബർ 15-ാം തീയതി ശബരിമല തീർത്ഥാടനം ആരംഭിക്കുന്നു. ശബരിമലയിൽ ദേവസ്വം ബോർഡ് ചില വികസന പ്രവർത്തനങ്ങൾ നടത്തുന്നു. ദേവസ്വം ബോർഡ് നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഒന്നും നടന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് ഗവൺമെന്റ് നടത്തുന്ന വികസന പ്രവർത്തനങ്ങൾ പകുതിപോലുമായിട്ടില്ല. തീർത്ഥാടകർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നൊരു സാഹചര്യം വരാൻ പോകുകയാണ്. അടിയന്തരമായി 30 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞു. തീർത്ഥാടനകാലം ആരംഭിക്കാൻ പോകുന്ന പശ്ചാത്തലത്തിൽ 100 കോടി രൂപയും ശബരിമലയുടെ സീസൺ തുടങ്ങുന്നതിനുമുൻപ് നൽകണം. ഇപ്പോൾ കരുതൽ ശേഖരത്തിൽനിന്നും ദേവസ്വം ബോർഡ് ശമ്പളം കൊടുക്കാനായി ഫണ്ടെടുത്തിരിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചരിത്രത്തിൽ അങ്ങനെ ഉണ്ടായിട്ടില്ല. ശമ്പളം കൊടുക്കാൻപോലും ധനം ഇല്ലാത്തൊരു സാഹചര്യം വരുമ്പോൾ, കേരളത്തിലെ ശബരിമലയുമായി ബന്ധപ്പെട്ട് മലബാർ, കൊച്ചിൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള മുഴുവൻ ക്ഷേത്രങ്ങളുടെയും പ്രവർത്തനങ്ങൾ നിശ്ചലാവസ്ഥയിലേയ്ക്ക് പോകുകയാണ്. ഇത് ഗൗരവമുള്ള വസ്തുതയാണ്. ദേവസ്വം ബോർഡ് യഥാർത്ഥത്തിൽ അവരുടേതായിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് കൊടുക്കുകയും അതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ക്ഷേത്രങ്ങളുടെ വരുമാനം സംബന്ധിച്ച് പല കക്ഷികളും ഒരു കാലഘട്ടത്തിൽ

നമ്മുടെ സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ഈ ഗവൺമെന്റ് കൊടുക്കുന്നുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ക്ഷേത്രങ്ങളുടെ വരുമാനമൊന്നും ഒരു കാലഘട്ടത്തിലും ഗവൺമെന്റ് എടുക്കുന്നില്ല, മറ്റുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുമില്ല. ക്ഷേത്രങ്ങളിലുണ്ടാകുന്ന വരുമാനം ആ ക്ഷേത്രങ്ങൾക്ക് തന്നെയാണ്. പക്ഷേ ചില സംഘടനകൾ ഇവിടെ തെറ്റിദ്ധാരണ പരത്തിക്കൊണ്ടിരുന്നു. അതിന് മറുപടിയായിട്ടാണ് കഴിഞ്ഞ ഗവൺമെന്റ് ഓരോ ബഡ്ജറ്റിലും ശബരിമലയുടെ വികസനത്തിന് കൂടുതൽ തുക അനുവദിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ശബരിമലയിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ശ്രീ. കെ. ജയകുമാർ ചെയർമാനായ കമ്മിറ്റിയുടെ നേതൃത്വത്തിൽ സമഗ്രമായ വികസന പ്രവർത്തനങ്ങൾ അവിടെ നടത്തി. 65 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചു. 625 കോടി രൂപ പി.ഡബ്ല്യു.ഡി. റോഡുകളുടേയും കണമല പാലം ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിലേയ്ക്ക് വേണ്ടിയും ചെലവഴിച്ചു. ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ലിസ്റ്റ് ഞാനിവിടെ വായിക്കുന്നില്ല. രണ്ട് ആശുപത്രികൾ, എട്ട് ക്യൂ കോംപ്ലക്സുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, അണ്ടർ പാസ്സേജ്, അഡീഷണൽ പൈപ്പ് ലൈൻ മുതലായ കാര്യങ്ങൾ അവിടെ ചെയ്തു. ഏകദേശം 1,100 കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശബരിമലയുടെ വികസനത്തിനുവേണ്ടി ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് എത്രത്തോളം ഫലപ്രദമായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു വിലയിരുത്തൽ നടത്തണം. വ്യക്തതയോടുകൂടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തീകരിച്ച പ്രവർത്തനങ്ങൾ; ഇന്നയിന്ന കാര്യങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്; നിലയ്ക്കൽ പോലുള്ള പ്രദേശത്ത് എട്ടരക്കോടി രൂപ മുടക്കി ഏകദേശം ആ പ്രദേശം മുഴുവൻ ടൈൽ പാകി പാർക്കിംഗ് ഏരിയയാക്കി; അങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നു. അതിനെക്കുറിച്ച് വിശദമായൊന്നും പറയുന്നില്ല. അങ്ങനെയുള്ള സാഹചര്യം വിലയിരുത്തി ക്ഷേത്രങ്ങളുടെ പരിപാലനത്തിനുവേണ്ടി കൂടുതൽ ഗ്രാന്റ് അനുവദിക്കണം. ശബരിമലയ്ക്കുവേണ്ടി കൂടുതൽ തുക അനുവദിക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

1.00 PM]

അതോടൊപ്പം ഈ ഗവൺമെന്റ് എല്ലാ വിഭാഗം ആളുകൾക്കും ദേവസ്വത്തിൽ നിയമനം നൽകിയെന്ന് ശ്രീ. കെ. ദാസൻ പറഞ്ഞു. ആ നിയമം കൊണ്ടുവന്നത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

രൂപീകരിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ആ നിയമം പാസ്സാക്കുന്ന സമയത്ത് ഇവിടെ ആ ബില്ലിനെ വലിച്ചുകീറി എറിഞ്ഞവരാണ് ഇത് പ്രസംഗിക്കുന്നത്. ഹിന്ദു സമൂഹത്തിലെ വിശ്വാസികളായ എല്ലാ വിഭാഗം ആളുകൾക്കും 1950-നുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആദ്യമായി സംവരണം കൊണ്ടുവന്നത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. ക്ഷേത്രങ്ങളിലെ പൂജാരിമാരെ നിയമിക്കുന്ന കാര്യത്തിലായാലും വിശ്വാസി സമൂഹത്തിലെ വിവിധ മേഖലകളിലെ വിശ്വാസികൾക്ക് സംവരണം നൽകിയതിലായാലും 65 വർഷത്തോളം കാലം കേരളത്തിലെ ദേവസ്വം ബോർഡിൽ ഇല്ലാതിരുന്ന സംവരണം കൊണ്ടുവന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. അതിനായി ടെസ്റ്റും ഇന്റർവ്യൂവും നടത്തി തുടർനടപടി ക്രമങ്ങളുമായി മുന്നോട്ടുപോയി. കോട്ടൺഹിൽ സ്കൂളിൽവച്ച് പൂജാരിമാരെ നിയമിക്കുന്നതിനു വേണ്ടിയുള്ള എഴുത്തുപരീക്ഷയ്ക്ക് തീയതിവരെ തീരുമാനിച്ചതിനുശേഷമാണ് ആ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കിയത്. അതിനുശേഷമാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കേരളത്തിലെ ഈശ്വര വിശ്വാസികളെ സംബന്ധിച്ച ഏറ്റവും വിപ്ലവകരമായ ഒരു തീരുമാനമെടുത്തത് കോൺഗ്രസ് നേതൃത്വം നൽകിയ യു.ഡി.എഫ്. ഗവൺമെന്റാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും മറ്റംഗങ്ങളും പ്രസംഗിക്കുന്നു, പ്രസംഗിക്കുന്നതിൽ കുഴപ്പമില്ല. പക്ഷെ യാഥാർത്ഥ്യങ്ങൾ പറയണം. അന്ന് ആ നിയമം പാസ്സാക്കുന്നതിനായി ഇവിടെ ബിൽ കൊണ്ടുവന്നപ്പോൾ അത് പാസ്സാക്കാനോ എതിർക്കാനോ തയ്യാറാകാതെ ബില്ലിനെ അന്തരീക്ഷത്തിലേയ്ക്ക് വലിച്ചെറിഞ്ഞ് നിയമസഭ ബഹിഷ്കരിച്ചവരാണ് ഇന്ന് ഭരണപക്ഷത്തിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദേവസ്വം റിക്രൂട്ട്മെന്റ് നിയമത്തിലൂടെയാണ് ആ കാര്യങ്ങൾ ഞങ്ങൾ കൊണ്ടുവന്നത്. ഇവിടെ സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് എല്ലാ മേഖലകളിലും പ്രവർത്തിച്ചിട്ടുള്ളത് യു.ഡി.എഫ്. ഗവൺമെന്റാണ്. നിങ്ങളും അക്കാര്യങ്ങൾ ചെയ്യാൻ ഉത്തരവാദപ്പെട്ടവരാണ്. ക്ഷേത്രങ്ങളുടെയും വിശ്വാസികളുടെയും കാര്യത്തിൽ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നതിന്റെ ഭാഗമായാണ് ഞങ്ങൾ ഇക്കാര്യങ്ങളെല്ലാം ചെയ്തത്. അതിന്റെ അംഗീകാരമാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ലഭ്യമായതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഞങ്ങളെടുത്ത നിലപാട് കേരളത്തിലെ ജനങ്ങൾക്കറിയാം. — അക്കാര്യത്തിൽ ബി.ജെ.പി. വലിയ കള്ളക്കളിയാണ് കളിക്കുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പായി തൃശ്ശൂരിൽ വന്ന് പ്രധാനമന്ത്രി പറഞ്ഞത്, പാർലമെന്റിൽ അധികാരത്തിൽ വന്നാൽ ശബരിമല വിഷയവുമായി

ബന്ധപ്പെട്ട് വിശ്വാസികൾക്ക് അനുകൂലമായ തീരുമാനമെടുക്കുമെന്നും നിയമം പാസ്സാക്കുമെന്നുമാണ്. ഇപ്പോൾ പറയുന്നത് സുപ്രീം കോടതിയിൽ കേസ് പരാജയപ്പെട്ടാൽ ഞങ്ങൾ നിയമം പാസ്സാക്കുന്നതിൽ എന്ത് ന്യായമാണുള്ളത് എന്നാണ്. ഭക്തജനങ്ങളെ പറ്റിക്കുന്ന സമീപനമെടുക്കുന്ന ബി.ജെ.പി.-യുമായി സഹവർത്തിത്വത്തിലേർപ്പെട്ട് ഇതുപോലെയുള്ള ബില്ലുകൾ കൊണ്ടുവരാൻ ശ്രമിക്കുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. വട്ടിയൂർക്കാവിൽ കണ്ടത് അതാണ്. തദ്ദേശഭരണ സ്ഥാപനത്തിൽ ജോലിയുള്ള പഴയൊരു ആർ.എസ്.എസ്.-കാരന്റെ നേതൃത്വത്തിൽ വട്ടിയൂർക്കാവിൽ ഇടതുമുന്നണിക്ക് വോട്ട് മറിച്ചുനൽകിയതിനെക്കുറിച്ചാണ് ഇപ്പോൾ ആർ.എസ്.എസ്. ക്യാമ്പിനുള്ളിൽ ചർച്ചചെയ്യുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. കുമ്മനം രാജശേഖരന് കിട്ടിയ 50000 വോട്ടുകൾ എവിടെപ്പോയി? 27000 വോട്ടാണ് ഇപ്പോഴത്തെ ബി.ജെ.പി. സ്ഥാനാർത്ഥിക്ക് ലഭിച്ചത്. കോൺഗ്രസ് സ്ഥാനാർത്ഥിക്ക് 40000 വോട്ടുകളേ ലഭിച്ചുള്ളൂ. അപ്പോൾ ഈ വോട്ടുകൾ എവിടെപ്പോയി? ബി.ജെ.പി. ഉയർത്തുന്ന രാഷ്ട്രീയമുണ്ട്, എന്താണത്; കോൺഗ്രസ് മുക്ത ഭാരതം. ബി.ജെ.പി.-യെ സംബന്ധിച്ചിടത്തോളം ഇന്ത്യയിൽ സി.പി.ഐ.(എം) അവർക്ക് പ്രശ്നമല്ല. തമിഴ്നാട്ടിൽ കോൺഗ്രസിന്റെ പിന്തുണയോടുകൂടി രണ്ട് എം.പി.-മാരെ കിട്ടി. പക്ഷെ അവർക്ക് കോൺഗ്രസിനെ തകർക്കണം. കോൺഗ്രസിനെ തകർക്കാൻ അവർ എന്ത് നിലപാടുമെടുക്കും. 1987-ൽ ഇന്ത്യയിൽ നമ്മളത് കണ്ടതാണ്. അന്ന് വി. പി. സിംഗും ജനതാദളും ബി.ജെ.പി.-യുമെല്ലാം ചേർന്നുകൊണ്ട് കോൺഗ്രസിനെ പരാജയപ്പെടുത്തി. ഇപ്പോഴും ബി.ജെ.പി. സി.പി.ഐ.(എം)-മായി ചേർന്നുകൊണ്ടാണ് വട്ടിയൂർക്കാവിൽ കോൺഗ്രസിനെ പരാജയപ്പെടുത്തിയത്. വരാൻ പോകുന്ന അസംബ്ലി തെരഞ്ഞെടുപ്പിന്റെ ട്രയൽ റണ്ണാണ് ഇവിടെ സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യുമായി ചേർന്ന് എടുത്തിരിക്കുന്നത്. അതിന്റെ മറ്റൊരു രൂപമാണ് ഈ ബിൽ. ബി.ജെ.പി.-യിൽനിന്നും സി.പി.ഐ.(എം)-ലേയ്ക്ക് കടന്നുവന്ന ഒരു പ്രസിഡന്റ്, ശ്രീ. ഒ. കെ. വാസുവിനെ, രണ്ടാമതും പ്രസിഡന്റാക്കുന്നതിനു വേണ്ടിയുള്ള നിലപാട്. അതുകൊണ്ട് ഇതൊരിക്കലും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. യഥാർത്ഥത്തിൽ മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളുടെ പരമദയനീയമായ സ്ഥിതിവിശേഷം, ജീവനക്കാരുടെ പ്രശ്നങ്ങൾ, ക്ഷേത്രങ്ങളുടെ വികസന കാര്യങ്ങൾ എന്നിവയെക്കുറിച്ചെല്ലാം വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള നിയമനിർമ്മാണം നടത്താനാണ് ഗവൺമെന്റ് മുന്നോട്ടുവരേണ്ടതെന്ന് ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, നമ്മുടെ സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ വളരെ പ്രയാസകരമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഒന്നാണ് മലബാർ ദേവസ്വം. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ നിരവധി സങ്കീർണ്ണതകൾ നിറഞ്ഞതാണ് മലബാർ പ്രദേശത്തെ ക്ഷേത്രഭരണം. അവ പരിഹരിച്ച് തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും ഗുരുവായൂരിന്റെയും കൂടൽ മാണിക്യത്തിന്റെയും മാതൃകയിൽ ഒരു ക്ഷേത്രഭരണം മലബാർ മേഖലയിലെ ക്ഷേത്രങ്ങൾക്കും സാധ്യമാക്കണമെന്ന നല്ല കാഴ്ചപ്പാടോടുകൂടിയാണ് 2008-ൽ ആദരണീയനായ ജി. സുധാകരൻ ബോർഡ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം നടത്തിയത്. അന്ന് രണ്ട് വർഷക്കാലാവധിയാണ് വച്ചിട്ടുള്ളത്. ഇപ്പോഴും അതിന് മാറ്റമൊന്നും വന്നിട്ടില്ല. ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ രണ്ട് വർഷത്തെ കാലാവധിയിൽ മാറ്റം വരുത്തിയെന്ന് പറയുന്നുണ്ടായിരുന്നു. കാലാവധി രണ്ടുവർഷം തന്നെയാണ്, അതിലൊരു മാറ്റവും വന്നിട്ടില്ല. ഒരംഗത്തെ തുടർച്ചയായി നാമനിർദ്ദേശം ചെയ്യുകയോ തെരഞ്ഞെടുക്കുകയോ ചെയ്യരുതെന്ന് നിയമത്തിലെ സബ്-സെക്ഷൻ (2)-ന്റെ പ്രൊവൈസോയിൽ വ്യവസ്ഥ ചെയ്തിരുന്നു. ആ പ്രൊവൈസോ നീക്കം ചെയ്യുന്നുവെന്നുള്ളത് മാത്രമാണ്. അല്ലാതെ കാലാവധിയിൽ മാറ്റം വരുന്നില്ല. തിരുവിതാംകൂറിന്റേതുപോലെ രണ്ട് വർഷം തന്നെയാണ് മലബാർ ദേവസ്വം ബോർഡിന്റെയും കാലാവധി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നേരത്തെ ഞങ്ങൾ ചോദിച്ച ചോദ്യവും അതുതന്നെയാണ്. ഈ പ്രൊവൈസോ മാറുന്നതോടുകൂടി ഇപ്പോഴുള്ള ആളിന് വീണ്ടും രണ്ട് വർഷംകൂടി ലഭിക്കുകയാണ്. പക്ഷെ ഇതേ പ്രൊവൈസോ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലനിൽക്കുകയാണ്. അവിടെ റിപ്പീറ്റ് ചെയ്യാൻ കഴിയുകയില്ല. അവിടെ കാലാവധി കഴിയുമ്പോൾ പോകേണ്ടിവരും. അതിനാലാണ് ശ്രീ. എ. പത്മകുമാർ ഈ വരുന്ന 14-ാം തീയതി പടിയിറങ്ങേണ്ടിവരുന്നത്. ഈ പ്രൊവൈസോ അവിടെക്കൂടി ബാധകമാക്കുന്നതിന് എന്താണ് തടസ്സം എന്നുള്ളതാണ് ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ദീർഘകാലമായി കൃത്യമായ സഞ്ചാരപഥത്തിലൂടെ മുന്നോട്ടുപോകുന്ന സ്ഥാപനമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും മലബാർ ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾ തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. അവിടെ ശ്രീ. ഒ. കെ. വാസുവിനെപ്പോലെയുള്ള ഒരു പ്രവർത്തകൻ കഴിഞ്ഞ രണ്ടുവർഷക്കാലമായി ആ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്ന നല്ല പ്രവർത്തനങ്ങൾ മലബാർ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം പരിശോധിച്ചാൽ കാണാൻ കഴിയും. ഇവിടെ ശ്രീ. വി. എസ്. ശിവകുമാർ ചൂണ്ടിക്കാണിച്ച, അല്ലെങ്കിൽ

നേരത്തേ സംസാരിച്ചവരെല്ലാം പറഞ്ഞതുപോലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടുന്നതിനായി മലബാർ ദേവസ്വത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സമഗ്രമായ നിയമം തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ തൊട്ടുപിന്നാലെ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെയും ക്ഷേത്രങ്ങളുടെയും അവിടത്തെ പൊതുവായ സാഹചര്യങ്ങളാകെയും പരിശോധിച്ചുകൊണ്ടാണ് 2008-ലെ നിയമത്തിൽ ഒരു സമഗ്രമായ പരിഷ്കാരം ആവശ്യമാണെന്നുകണ്ട് ഒരു നിയമ പരിഷ്കാര കമ്മിറ്റി രൂപീകരിച്ചത്. ആ നിയമ പരിഷ്കാര കമ്മിറ്റി വലിയ തെളിവെടുപ്പുകൾ നടത്തി, ക്ഷേത്ര ട്രസ്റ്റിമാരുമായും ജീവനക്കാരുമായും ചർച്ച ചെയ്തു. കുറേയേറെ സമയം അവർക്ക് വേണ്ടിവന്നു. അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമെന്ന് കരുതാവുന്ന ഒരു നിയമംതന്നെ അവർ തയ്യാറാക്കി. ആ നിയമമിപ്പോൾ നിയമപരിഷ്കരണ കമ്മീഷന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയാണ്. ആ കാലതാമസമാണ് വരുന്നത്. കമ്മീഷൻ അത് പരിശോധിച്ച് തരുന്ന മുറയ്ക്ക് നിയമസഭയിൽ അവതരിപ്പിച്ച് വളരെ വിശദമായ ചർച്ചകളിലൂടെ പാസ്സാക്കിയെടുക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതിനുവേണ്ടിയുള്ള നല്ലൊരു പരിശ്രമം നടക്കുന്നുണ്ട്. അത്തരത്തിലുള്ള ഒരുപാട് കാര്യങ്ങൾ നടത്തുന്നതിന് നേതൃത്വം കൊടുക്കാനായി ശ്രീ. ഒ. കെ. വാസുവിന് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന് വീണ്ടും രണ്ട് വർഷംകൂടി തുടരുന്നതിനുള്ള സൗകര്യം നൽകിയത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറയുന്നതനുസരിച്ച് ഈ ബിൽ പാസ്സായിക്കഴിയുമ്പോൾ ആക്ടാകും. അപ്പോൾ ഈ ആക്ടിന്റെ പേര് വാസു ആക്ട് എന്ന നിലയിൽ വരാൻ പോകുകയാണ്. കാരണം ഇത് ഒരു വ്യക്തിയെക്കണ്ടുകൊണ്ടുള്ള നിയമനിർമ്മാണമാണ്. അതുകൊണ്ട് ബിൽ ആക്ടായി വരുമ്പോൾ ഇത് കേരള നിയമസഭ പാസ്സാക്കുന്ന വാസു ആക്ട് എന്ന നിലയിലേയ്ക്ക് വരില്ലേ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങയെപ്പോലെ ദീർഘകാലത്തെ നിയമസഭാ പാരമ്പര്യമുള്ള ഒരാളിൽനിന്നും പ്രതീക്ഷിക്കുന്ന ചോദ്യമല്ല ഇത്. വളരെ സബ്സ്റ്റാൻഡേർഡായ ചോദ്യമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. അത്തരം ചോദ്യങ്ങൾക്കൊന്നും യാതൊരു പ്രസക്തിയുമില്ല. അങ്ങയെപ്പോലെ ഒരാൾ ഇത്തരം ചോദ്യങ്ങൾ ചോദിക്കരുത്. ശ്രീ. വാസുവിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് ഞങ്ങൾ ശ്രീ. വാസുവിന് ഒരു ടേം കൂടി അവസരം നൽകുന്നുവെന്ന് മാത്രമേയുള്ളൂ. ഞങ്ങളും പാർട്ടിയും ആലോചിച്ചുകൊള്ളാം ആർക്കാണ് കൊടുക്കേണ്ടതെന്ന്. അതിലൊന്നും നിങ്ങൾ ഇടപെടേണ്ട. പാർട്ടി ആലോചിച്ചാണ്

ഇതൊക്കെ ചെയ്യുന്നത്. പാർട്ടി ആലോചിച്ച്, അതിന്റെ ഭാഗമായി ഗവൺമെന്റ് ആലോചിച്ചാണ് ചെയ്യുന്നത്. അതെ, പാർട്ടി തന്നെയാണ് ആലോചിക്കുന്നത്. ...(ബഹളം)... ശ്രീ. പി. ടി. തോമസ്, ഞാൻ പറയുന്നത് കേൾക്കു.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ..... ബഹുമാനപ്പെട്ട സ്പീക്കർ, ഇത് ഓർഡറിലാണോ? ഭരണഘടന പ്രകാരം സത്യപ്രതിജ്ഞ ചെയ്ത മന്ത്രി, ഒരു മന്ത്രി എന്ന നിലയിൽ ബിൽ പൈലറ്റ് ചെയ്തുകൊണ്ടിരിക്കുമ്പോൾ ഞങ്ങൾ ഇത് പാർട്ടിയാലോചിച്ച് തീരുമാനിക്കാമെന്ന് നിയമസഭയിൽ പറയുന്നത് ഈ സഭയോടുള്ള അവഹേളനമല്ലേ? അങ്ങ് റൂൾ ചെയ്യണം. ഇത് എന്ത് മര്യാദയാണ്?

ചെയർപേഴ്സൺ: ശ്രീ. പി. ടി. തോമസ് ഇരിക്കു. ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഭരണഘടന പ്രകാരം പൊളിറ്റിക്കൽ പാർട്ടികളെ അംഗീകരിച്ചിരിക്കുകയാണ്, ശ്രീ. പി. ടി. തോമസ് പറയുന്നതുപോലെയല്ല. ഇന്ത്യൻ രാഷ്ട്രത്തെ ഭരിക്കുന്നതിന് നിയമപരമായ സാധ്യതയുള്ള പൊളിറ്റിക്കൽ പാർട്ടികളെ അംഗീകരിച്ചിരിക്കുകയാണ്. പൊളിറ്റിക്കൽ പാർട്ടിയുടെ നോമിനേഷനാണ് വാങ്ങുന്നത്. സ്വതന്ത്രന്മാർക്ക് നൽകണമെങ്കിൽ പത്ത് പേരുടെ സപ്പോർട്ട് വേണം. ഒരു പാർട്ടി ഭൂരിപക്ഷമോ ഒരു മുന്നണി ഭൂരിപക്ഷമോ വന്നാൽ ആര് പ്രധാനമന്ത്രിയാകണം, ആര് മുഖ്യമന്ത്രിയാകണമെന്ന് പൊളിറ്റിക്കൽ പാർട്ടിയാണ് നിർദ്ദേശിക്കേണ്ടത്. ഇതൊന്നുമറിയാതെ ശ്രീ. പി. ടി. തോമസ് ഇത് ഓർഡറിലല്ല എന്നൊക്കെ പറയുന്നത് ശരിയല്ല. കോൺഗ്രസ് പ്രധാനമന്ത്രിയെ തീരുമാനിക്കുന്നത് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയാണ്, അല്ലാതെ സി.പി.ഐ.(എം) തീരുമാനിച്ചിട്ടല്ല. നിങ്ങളുടെ പ്രധാനമന്ത്രിയെ നിങ്ങളുടെ പാർട്ടിയാണ് തീരുമാനിച്ചത്. അത് പരസ്യപ്പെടുത്തിയിട്ടുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം പ്രീതിയോ ഭീതിയോ കൂടാതെ ഭരണം നടത്തിക്കൊള്ളാമെന്ന സത്യവാചകം ചൊല്ലിയാണ് സത്യപ്രതിജ്ഞ ചെയ്യുന്നത്. ആ സത്യവാചകത്തെ പാർട്ടിയുടെ നേതാവിനെ തെരഞ്ഞെടുക്കുന്ന കാര്യവുമായി ബന്ധപ്പെടുത്തേണ്ട കാര്യമില്ല. നിയമസഭയ്ക്കകത്ത് എല്ലാവരും തുല്യരാണ്. ഭരണകക്ഷിയും പ്രതിപക്ഷവുമായി ഇരിക്കും. പക്ഷെ സഭ സഭയാണ്. ഈ സഭയെ റൂൾ ചെയ്യുന്നത് Rule of Law of the land ആണ്. അത് കോൺസ്റ്റിറ്റ്യൂഷനാണ്.

അതനുസരിച്ചാണ് നമ്മൾ പ്രീതിയോ ഭീതിയോയില്ലാതെ നിഷ്പക്ഷമായി ഭരണം നടത്താമെന്ന് സത്യപ്രതിജ്ഞ ചെയ്യുന്നത്. ആ സത്യവാചകം ചൊല്ലിയതിനുശേഷം ഞങ്ങളും ഞങ്ങളുടെ പാർട്ടിയും തീരുമാനിച്ചോളാം എന്നുപറഞ്ഞാൽ നിലനിൽക്കുമോ?

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് വ്യക്തമാക്കിയാൽ മതിയാകും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത് പിൻവലിക്കേണ്ട കാര്യമില്ല. ഞാൻ നിലവിലുള്ള കാര്യമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ അഞ്ചുവർഷം ദേവസ്വം ഭരണം നടത്തിയതാണ്. 2008-ലെ നിയമത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടിരുന്നുവെങ്കിൽ അഞ്ച് വർഷത്തിനിടയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സഹായകരമായ സമീപനങ്ങൾ സ്വീകരിക്കാൻ സാധിക്കുമായിരുന്നു. നിങ്ങൾ ഒന്നും ചെയ്തില്ല. അദ്ദേഹം പറഞ്ഞു, കഴിഞ്ഞ 15 വർഷമായി അവിടെ ശമ്പളപരിഷ്കരണം നടത്തിയിട്ടില്ലെന്ന്. ആ ഗവൺമെന്റ് ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ശമ്പള പരിഷ്കരണത്തിനുവേണ്ടി ഒരു കമ്മിറ്റിയെ വച്ചു, അതിന്റെ റിപ്പോർട്ട് കിട്ടി. നിങ്ങളുടെ കമ്മിറ്റി ഒന്നും ചെയ്തില്ലെന്നാണ് പറഞ്ഞത്. നിങ്ങൾ ഏഴംഗങ്ങളുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു, ഒരു വെള്ളാനയെ വാങ്ങിച്ചു. കോടിക്കണക്കിന് രൂപയാണ് ആ വെള്ളാനയ്ക്ക് തീറ്റികൊടുക്കാൻ ചെലവഴിച്ചത്. ഒരാളെപ്പോലും നിയമിച്ചില്ല. എന്നിട്ട് ഞങ്ങൾ അവിടെ സാമൂഹ്യനീതി നടപ്പിലാക്കുന്നതിന് സംവരണം കൊണ്ടുവന്നുവെന്ന് ന്യായം പറയുകയാണ്. എന്ത് സംവരണമാണ് കൊണ്ടുവന്നത്?ആരെയാണ് നിയമിച്ചത്? കുറെ വെള്ളാനകളെ തീറ്റിപ്പോറ്റാൻ വേണ്ടിയുള്ള കാര്യമുണ്ടാക്കിയെന്നല്ലാതെ എന്തെങ്കിലും ചെയ്തോ? ഒന്നും ചെയ്തില്ല. എന്നിട്ട് ന്യായം പറയുകയാണ്. ശമ്പള പരിഷ്കരണം അവിടത്തെ പ്രധാന പ്രശ്നം തന്നെയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ശമ്പള പരിഷ്കരണ കമ്മിറ്റിയുണ്ടാക്കി,റിപ്പോർട്ട് വന്നു. പക്ഷെ, റിപ്പോർട്ട് നടപ്പിലാക്കുന്നതുവരെ കാത്തിരിക്കാതെ ഇടക്കാലാശ്വാസമായി രണ്ടായിരം രൂപവീതം ഈ ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുകയാണ്. അതിലൊന്നും ഒരു വീഴ്ചയും വരുത്തിയിട്ടില്ല. കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു, അത് നടപ്പിലാക്കുന്നതുവരെ കാത്തിരിക്കുന്നില്ല. ആ റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് നടപ്പിലാക്കുക തന്നെചെയ്യും. അതിനിടയിൽ രണ്ടായിരം രൂപയുടെ ഒരു ആശ്വാസ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായി. നിങ്ങൾ ഒന്നും ചെയ്തില്ലെന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ അഞ്ച് വർഷം അധികാരത്തിലുണ്ടായിരുന്നല്ലോ, അതുപയോഗിച്ച് നിങ്ങൾക്ക് മലബാർ ദേവസ്വത്തിൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും നടത്തിപ്പും

ആറായിരത്തോളം വരുന്ന പാവപ്പെട്ട ക്ഷേത്ര ജീവനക്കാരുടെ പ്രശ്നങ്ങളും പരിഹരിക്കാമായിരുന്നല്ലോ? അതുപോലെ ഡിപ്പാർട്ടുമെന്റിൽ ഈ ഗവൺമെന്റ് 22 ജീവനക്കാരെ അധികമായി നിയമിച്ചു. നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ജീവനക്കാരെ ഇതുപോലെയുള്ള ക്ഷേത്രങ്ങളിൽ നിയമിക്കാൻ സാധിക്കുമോ? 22 ജീവനക്കാരെ എസ്റ്റാബ്ലിഷ്മെന്റിൽ നിയമിക്കാനാവശ്യമായ തീരുമാനം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതൊക്കെ മനസ്സിലാക്കണ്ടേ? മലബാർ ദേവസ്വം ബോർഡിൽ വിവിധ കാറ്റഗറികളിലായി പുതുതായി 22 തസ്തികകൾക്ക് ഈ സർക്കാർ ഇപ്പോൾ ഉത്തരവിറക്കിയിട്ടുണ്ട്. അതുപോലെ ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങളുടെ കാലത്ത് എന്തെങ്കിലും ചെയ്തോ? ഈ ഗവൺമെന്റ് ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള ബിൽ തയ്യാറാക്കിക്കഴിഞ്ഞു. അത് ആദ്യഘട്ടത്തിൽത്തന്നെ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കും. ഇപ്പോൾ ത്തന്നെ പലരുടെയും കൈവശമിരുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ആയിരത്തിലധികം ഏക്കർ ഭൂമി മലബാർ ദേവസ്വം തിരിച്ചുപിടിച്ചിട്ടുണ്ട്. അതിന്റെ രേഖകളുണ്ട്. നമ്മുടെ സംസ്ഥാനത്തെ ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം അബ്രാഹ്മണ ശാന്തി നിയമനം നിങ്ങളാണ് കൊണ്ടു വന്നതെന്ന് പറഞ്ഞു. നിങ്ങൾ ആരെയെങ്കിലും നിയമിച്ചോ? അഞ്ച് വർഷത്തിനുള്ളിൽ ചെയ്യാൻ സമയമുണ്ടായിരുന്നിട്ടും നിങ്ങൾ അത് ചെയ്തില്ലല്ലോ? ബിൽ കീറിയെറിഞ്ഞത് എന്തുകൊണ്ടാണ്? നിങ്ങൾ ഒന്നും ചെയ്യുകയില്ലെന്ന ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ കീറിയെറിഞ്ഞത്. 142 അബ്രാഹ്മണരെ ശാന്തിമാരായി ഈ ഗവൺമെന്റ് നിയമിച്ചു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ കാര്യം പറയുകയുണ്ടായി. അവിടെ എന്താണ് സംഭവിച്ചത്? ഏഴംഗങ്ങളുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡ് നിങ്ങൾ രൂപീകരിച്ചു, പക്ഷെ ഒരാളെപ്പോലും നിയമിച്ചില്ല. അതേസമയം ഈ ഗവൺമെന്റ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ എണ്ണം ഏഴിൽനിന്ന് മൂന്നാക്കി കുറച്ചു. സംവരണതത്വം പാലിച്ചുകൊണ്ട് വിവിധ തസ്തികകളിലായി ഇരുന്നൂറോളം നിയമനങ്ങൾ ഇതിനകം നടത്തിക്കഴിഞ്ഞു. ഒഴിവുകളുള്ള എല്ലാ വേക്കൻസികളിലും സാമ്പത്തിക സംവരണമടക്കം നടപ്പിലാക്കിക്കൊണ്ട് നിയമനം നടത്താനുള്ള പുതിയ ലിസ്റ്റ് വരുന്ന ഒന്നോ രണ്ടോ ദിവസങ്ങൾക്കകം പ്രസിദ്ധീകരിക്കാൻ പോകുകയാണ്. അതെല്ലാം ഈ ഗവൺമെന്റ് ചെയ്യുകയാണ്.

പതിനഞ്ച് ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിന്റെ 50 ശതമാനം ഗ്രാന്റായി സർക്കാർ നൽകുന്നുണ്ട്. ആ വാർഷിക വരുമാന പരിധി ഇപ്പോൾ 20 ലക്ഷം വരെയായി ഉയർത്താൻ ഞങ്ങൾ തയ്യാറായിട്ടുണ്ട്. ചില ജീവനക്കാർക്ക് ശമ്പളം കിട്ടിയിട്ടില്ലെന്ന് അങ്ങ് പറഞ്ഞു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമം ഞങ്ങൾ കൊണ്ടുവന്നു. കേരളത്തിലെ മുഴുവൻ ദേവസ്വം ബോർഡുകളിലെയും നിയമനങ്ങൾ ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവന്ന് നിയമനങ്ങൾ സുതാര്യമായി നടത്താനാണ് റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവന്നത്. അതിലൂടെ ഹിന്ദു വിഭാഗത്തിലുള്ള എല്ലാ ആളുകൾക്കും സംവരണം കൊടുക്കുന്നതിനാണ് ഞങ്ങളുടെ ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനായി ബോർഡ് രൂപീകരിച്ച് അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയി. ബിൽ പാസ്സാക്കിയതിനുശേഷം നിയമനത്തിനായി ആപ്ലിക്കേഷൻ വിളിക്കുകയും ചെയ്തു. എന്നാൽ എഴുത്തു പരീക്ഷയുടെ തീയതി നിശ്ചയിച്ചപ്പോഴേയ്ക്കും ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞു. അപ്പോൾ ഞങ്ങളൊന്നും ചെയ്തില്ല എന്നാണെങ്കിൽ നിങ്ങൾ പുതിയ നിയമം കൊണ്ടുവരണം. ദേവസ്വം ബോർഡിൽ സംവരണം കൊണ്ടുവന്നത് കഴിഞ്ഞ ഗവൺമെന്റാണ്. ആ നിയമത്തിൽ നിന്നുകൊണ്ടാണ് ഇത് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് തെറ്റിദ്ധാരണ പരത്തുന്ന കാര്യമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തെറ്റിദ്ധാരണ പരത്തുന്ന ഒരു കാര്യവും ഞാൻ പറഞ്ഞില്ല. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിങ്ങൾ രൂപീകരിച്ചുവെന്ന് പറയുന്നത് വാസ്തവമാണ്. ഏഴംഗങ്ങളുള്ള റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു. ആ ഏഴംഗങ്ങളും ഏതാനും കോടി രൂപ തിന്നുമുടിച്ചുവെന്നുള്ളതിനപ്പുറം ഒരാളെപ്പോലും ആ റിക്രൂട്ട്മെന്റ് ബോർഡ് നിയമിച്ചില്ല. നിയമിക്കാത്തതുകൊണ്ടാണ് നിയമിച്ചില്ലെന്ന് പറഞ്ഞത്. എന്നാൽ ഈ ഗവൺമെന്റ് അതിൽ മാറ്റം വരുത്തി, മൂന്നംഗങ്ങളുള്ള പുതിയ റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കി. അതൊരു വെള്ളാനയല്ല. ഈ മൂന്നംഗങ്ങളുടെ കഴിഞ്ഞകാലത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ, എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഇപ്പോൾത്തന്നെ 200 പേരെ നിയമിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഏതാണ്ട് ഇരുന്നൂറിലധികം വരുന്ന പുതിയ ഒഴിവുകളിലാണ് സാമ്പത്തിക സംവരണമടക്കം നടപ്പിലാക്കിക്കൊണ്ടുള്ള നിയമനങ്ങൾ നടത്താൻ പോകുന്നത്. ഇതൊക്കെ ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങളാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇത് ബില്ലിന്റെ ഭാഗമല്ല. ഞാൻ ഈ സഭയിൽ പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള എന്റെ മണ്ഡലത്തിലെ കരിക്കാട് ക്ഷേത്രത്തിന് കുടിശ്ശികയായി 20 ലക്ഷം രൂപ ലഭിക്കാനുണ്ട്. അവിടെ 24 ജീവനക്കാരുണ്ട്. അവർക്ക് 4,000 രൂപ മാത്രമാണ് ശമ്പളം കിട്ടുന്നത്. ഈ നിയമനിർമ്മാണങ്ങളൊക്കെ നടത്തുന്നതുവഴി അങ്ങ് ഗവൺമെന്റിന്റെയും പാർട്ടിയുടെയും തീരുമാനങ്ങൾ നടപ്പിലാക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ആ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി അങ്ങ് കൈക്കൊള്ളുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കുടിശ്ശിക എങ്ങനെയാണ് വന്നതെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, കഴിഞ്ഞ തവണ മലബാർ ദേവസ്വം ബിൽ സംബന്ധിച്ച് ഞാൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, മലബാർ ദേവസ്വത്തിലെ ജീവനക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച ബിൽ ഈ സമ്മേളനത്തിൽ കൊണ്ടുവരുമെന്നാണ്. എന്നാൽ അതിപ്പോഴും കൊണ്ടുവന്നില്ല. അനേകായിരം ആളുകളുള്ള മലബാർ ദേവസ്വത്തിലെ ജീവനക്കാർ വളരെ കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയുമാണ് ജീവിക്കുന്നത്. അവർക്ക് ശമ്പളമോ ശമ്പളക്കുടിശ്ശികയോ ലഭിക്കുന്നില്ല. അക്കാര്യത്തിൽ എന്തെങ്കിലുമൊരു നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കാത്തതെന്തെന്ന് മനസ്സിലാകുന്നില്ല.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങേയ്ക്കുതന്നെ അറിയാവുന്നതാണ്. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. ഒറ്റയടിക്ക് നിയമനിർമ്മാണവുമായി വരാൻ സാധിക്കില്ല. അതുകൊണ്ടു തന്നെയാണ് ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റി വളരെ വിശദമായ പഠനം നടത്തി ഒരു നിയമത്തിന് രൂപം കൊടുത്തു. ആ നിയമത്തിന്റെ കരട് ബിൽ ഞങ്ങൾ തയ്യാറാക്കി നിയമ പരിഷ്കരണ കമ്മിറ്റിയുടെ സ്ക്രൂട്ടിണിക്ക് നൽകിയിരിക്കുകയാണ്. വിശദമായി പരിശോധിക്കേണ്ടതായിട്ടുള്ളതുകൊണ്ടാകാം നിയമ പരിഷ്കരണ കമ്മിറ്റി അത് തിരികെ ലഭ്യമാക്കിയിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് ഞങ്ങൾ കഴിയുന്നത്ര വേഗതയിൽ നിയമമാക്കുന്നതിനുവേണ്ടി സഭയിൽ കൊണ്ടുവരും. ഈ സമ്മേളനത്തിൽ ഈ ബിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് കരുതിക്കൊണ്ടുതന്നെയാണ് അന്ന് പറഞ്ഞത്. അല്ലാതെ സഭയെയോ അങ്ങയെയോ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയല്ല. കുടിശ്ശികയുടെ കാര്യത്തിൽ, ട്രസ്റ്റിമാർ നടത്തുന്ന ക്ഷേത്രങ്ങളിൽ കണക്ക് കൃത്യമായി സമർപ്പിക്കാൻ പലപ്പോഴും ഇവർ തയ്യാറാകാറില്ല. ശമ്പള ഗ്രാന്റിന്റെ കണക്ക് അവർ കൃത്യമായി നൽകിയാൽ മാത്രമേ അടുത്ത പണം അനുവദിക്കുകയുള്ളൂ. പണമില്ലാത്തതുകൊണ്ടല്ല, അവർ കണക്ക് കൃത്യമായി നൽകാത്തതുകൊണ്ടാണ് കുടിശ്ശിക നൽകാൻ സാധിക്കാതെ വരുന്നത്. അന്വേഷിച്ചാൽ അങ്ങേയ്ക്ക് മനസ്സിലാക്കാൻ സാധിക്കും. എല്ലാ ട്രസ്റ്റിമാരും അങ്ങനെയല്ല. ചില ട്രസ്റ്റിമാരുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകുന്ന ഗ്രാന്റിന്റെ വിനിയോഗത്തെ സംബന്ധിക്കുന്ന കൃത്യമായ കണക്ക് നൽകാത്തതിനാൽ പുതുതായി ഗ്രാന്റ് നൽകാൻ സാധിക്കാത്തതുകൊണ്ട് ശമ്പളം വൈകുന്ന അവസ്ഥയുണ്ട്. അതിൽ എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നുള്ളത് പരിശോധിക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പറഞ്ഞ കരിക്കാട് അമ്പലം എനിക്ക് കൃത്യമായി അറിയുന്നതാണ്. അവർ കൃത്യമായ കണക്ക് നൽകിയിട്ടുണ്ട്. 24 ജീവനക്കാരും 200 ഏക്കർ ഭൂമിയും അവർക്കുണ്ട്. പക്ഷെ അവിടത്തെ ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല. കരിക്കാട് അമ്പലത്തിന്റെ കാര്യം അങ്ങ് പ്രത്യേകമായി പരിശോധിച്ച് അവിടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പ്രത്യേകം പരിശോധിക്കാം. പൊതുവിൽ ഞാൻ മനസ്സിലാക്കിയിട്ടുള്ളതും ഇക്കാര്യത്തിൽ പരിശോധിച്ചിട്ടുള്ളതുമായ കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. ട്രസ്റ്റിമാരായ ആളുകൾ കണക്കുകൾ സൂക്ഷിക്കുന്നതിലും യു.സി. കൃത്യമായി നൽകുന്നതിലും കാട്ടുന്ന താല്പര്യക്കുറവും അശ്രദ്ധയുമാണ് പലപ്പോഴും പാവപ്പെട്ട ജീവനക്കാർക്ക് കൃത്യസമയത്ത് ശമ്പളം നൽകുന്നതിന് തടസ്സമായി വരുന്നതെന്നുള്ള പ്രശ്നം നമ്മൾ കാണേണ്ടതുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നിയമ പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ അടുത്ത ദിവസവും അവർക്ക് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിച്ചുകൂടെ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, റിപ്പോർട്ട് വന്നാൽ മാത്രമേ ബിൽ വരികയുള്ളൂ. വളരെ പെട്ടെന്നുതന്നെ അത് വരും. ഗോപാലകൃഷ്ണൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ബിൽ പരിശോധനയ്ക്കായി നിയമ പരിഷ്കാര കമ്മീഷന് അയച്ചിരിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഗോപാലകൃഷ്ണൻ കമ്മിറ്റിയിൽ കരിക്കാട് ക്ഷേത്രത്തിന്റെ കാര്യം പ്രത്യേകമായി പരാമർശിക്കുന്നുണ്ട്. അതുകൂടി പരിഗണിക്കുകയാണെങ്കിൽ നന്നായിരിക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അക്കാര്യം ഞാൻ പറഞ്ഞല്ലോ? ആചാരസ്ഥാനീയരുടെയും കോലധാരികളുടെയും കാര്യം പറഞ്ഞു. ആദരണീയനായ വി. എസ്. ശിവകുമാർ മന്ത്രിയായിരുന്ന കാലത്ത് ഇവർക്ക് 700-800 രൂപയുടെ

ധനസഹായമാണ് നൽകിയിരുന്നത്. അപ്പോൾ അത് വർദ്ധിപ്പിച്ചുകൊടുത്തില്ല, ഇപ്പോൾ അത് വർദ്ധിപ്പിച്ചുകൊടുക്കണമെന്ന് പറയുകയാണ്. കഴിഞ്ഞ വർഷം ഞങ്ങൾ 1,100 രൂപയാക്കി വർദ്ധിപ്പിച്ചു. അത് 1,200 രൂപയാക്കുകയാണെന്ന് ഇന്നലെ സബ്മിഷന് മറുപടിയായി ഞാൻ പറഞ്ഞു. ഈ ഗവൺമെന്റ് പോകുന്നതിനുമുമ്പായി അത് 1,500 രൂപയാക്കി മാറ്റാൻ ഞങ്ങൾ ശ്രമിക്കും. പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് ശമ്പളം കൊടുത്തിട്ടില്ലെന്ന് പറഞ്ഞത് എനിക്ക് മനസ്സിലായില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ ശ്രീ. കെ. സി. വേണുഗോപാൽ ടൂറിസം വകുപ്പുമന്ത്രിയായിരുന്ന കാലത്ത് സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നതിനാൽ ഗവൺമെന്റിൽനിന്ന് ദേവസ്വം ബോർഡിന് ഫണ്ട് ലഭിച്ചിരുന്നില്ല. അതിനാൽ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തി അന്ന് കോലധാരികൾക്ക് പെൻഷൻ നൽകി. അതൊന്ന് പരിശോധിച്ചാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പരിശോധിക്കാം. പിൽഗ്രിം ടൂറിസത്തിനകത്ത് ക്ഷേത്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കി കൊടുക്കുക എന്നുള്ളതല്ലാതെ ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകാനോ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനോ, വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാനോ വ്യവസ്ഥയില്ല. ഏതായാലും അങ്ങ് പറഞ്ഞ കാര്യം നിശ്ചയമായും പരിശോധിക്കാം.

ശബരിമലയെ സംബന്ധിച്ചും വട്ടിയൂർക്കാവിലെ പരാജയത്തെ സംബന്ധിച്ചും അങ്ങ് പറയുകയുണ്ടായി. വട്ടിയൂർക്കാവിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും അതിന്റെ സ്ഥാനാർത്ഥിയായ ശ്രീ. വി. കെ. പ്രശാന്തിനും വോട്ടുചെയ്ത വോട്ടർമാരെ യഥാർത്ഥത്തിൽ അങ്ങ് അപമാനിക്കുകയാണ് ചെയ്തത്. അങ്ങനെയൊരു അപമാനം ഒരിക്കലും അർഹിക്കുന്നവരല്ല ആ മണ്ഡലത്തിലെ ജനങ്ങൾ. അവർക്ക് ഇഷ്ടപ്പെട്ട ഒരു സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തുവെന്ന് മാത്രം കണക്കാക്കിയാൽ മതി. അങ്ങനെയേ ചിന്തിക്കാവൂ. നിങ്ങൾ നടത്തുന്നതുപോലുള്ള കള്ളക്കച്ചവടവും വോട്ടുകച്ചവടവുമൊന്നും നടത്തിയുള്ള പരിചയമോ പാരമ്പര്യമോ ഞങ്ങൾക്കില്ല. ഞങ്ങൾ ജനങ്ങളോട് പറയാനുള്ളത് പറയും. ഞങ്ങളുടെ അഭിപ്രായം പറയാൻ ഞങ്ങളൊരിക്കലും മടിച്ചിട്ടുമില്ല. അതുകൊണ്ട് വട്ടിയൂർക്കാവിലെ പരാജയത്തെ അത്ര നിസ്സാരമായി നിങ്ങൾ കാണരുത്. അങ്ങനെയാണെങ്കിൽ കോൺഗ്രസ് വലിയ അപകടത്തിൽ

ചെന്നുപെടും. അവിടെ എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കാൻ നിങ്ങൾക്ക് സാധിക്കണം. കഴിഞ്ഞ മൂന്നരവർഷത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ?സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന പ്രശ്നങ്ങളിൽ ഗവൺമെന്റെടുക്കുന്ന സമീപനം, സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലെ സാധാരണ മനുഷ്യരുടെ ജീവിതാവശ്യങ്ങളോട് ഗവൺമെന്റ് എടുക്കുന്ന സമീപനം, ഇതെല്ലാം യഥാർത്ഥത്തിൽ ജനങ്ങൾ അനുഭവിച്ചറിയുന്ന കാര്യങ്ങളാണ്. അതിന്റെയടിസ്ഥാനത്തിൽ അവർ ചിന്തിക്കില്ലേ? പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ ശബരിമലയെ ആയുധമാക്കി വോട്ട് പിടിച്ചു, വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചു. നിങ്ങളുടെ വഞ്ചനയും ചതിയും എല്ലാം അവർ മനസ്സിലാക്കി. നിങ്ങൾ എത്രമാത്രം വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചുവെന്ന് മനസ്സിലാക്കിയതിന്റെ ഫലമാണ് പാലായിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗം. വിശ്വാസി സമൂഹം തന്നെയാണ് ഇവരെയെല്ലാം ജയിപ്പിച്ച കൊണ്ടുവന്നത്. 20 പാർലമെന്റ് സീറ്റിൽ 19 സീറ്റിലും ലക്ഷത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ച നിങ്ങൾ, മൂന്നുനാല് മാസങ്ങൾ കഴിഞ്ഞുവന്ന തെരഞ്ഞെടുപ്പിൽ ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ പുഷ്പംപോലെ ജയിക്കുമെന്ന് പറഞ്ഞല്ലേ തെരഞ്ഞെടുപ്പിനെ നേരിട്ടത്. അവിടെ നിങ്ങൾക്ക് കിട്ടിയ തിരിച്ചടി മനസ്സിലാക്കണ്ടേ? ശബരിമല എന്താണെന്നും ആരാണ് ശബരിമലയിൽ കേസ്സിന് പോയതെന്നും ഈ ഗവൺമെന്റ് കൊടുത്ത അഫിഡവിറ്റ് എന്തായിരുന്നുവെന്നും ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നുവെന്നും വിശ്വാസി സമൂഹം തിരിച്ചറിഞ്ഞു. ഒരു മതേതര ഗവൺമെന്റിന് ഇതിനപ്പുറം എങ്ങനെയാണ് പറയാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട ജി. സുധാകരനും ഈ ഗവൺമെന്റും കൊടുത്ത അഫിഡവിറ്റ് ഒന്നുതന്നെയാണ്. ഇത് ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ ഹിന്ദുമതധർമ്മത്തിൽ അഗാധ പാണ്ഡിത്യമുള്ള പണ്ഡിതന്മാരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ച് അവരുടെ അഭിപ്രായത്തെ മാനിച്ച് ഒരു തീരുമാനം ബഹുമാനപ്പെട്ട സുപ്രീംകോടതി സ്വീകരിക്കണമെന്ന ആവശ്യമാണ് ഞങ്ങൾ ഉന്നയിച്ചത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നിങ്ങൾ റിവ്യൂ പെറ്റീഷൻ കൊടുക്കാത്തത് എന്തുകൊണ്ടാണ് ?

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞങ്ങൾ എന്ത് ചെയ്യണമെന്നുള്ളത് ഞങ്ങളല്ലേ തീരുമാനിക്കേണ്ടത്. ഞങ്ങളുടെ നിലപാട് കൃത്യമായി ബഹുമാനപ്പെട്ട

സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇക്കാര്യത്തിൽ എടുക്കുന്ന ഏത് തീരുമാനവും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമെന്ന് ഞങ്ങൾ പറഞ്ഞതാണ്. ഒരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല തുടങ്ങിയ കാര്യമെല്ലാം അഫിഡവിറ്റിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇതിൽപ്പരം ശരിയായ നിലപാട് സ്വീകരിക്കാൻ ഒരു ഗവൺമെന്റിനും സാധിക്കില്ല. ശബരിമലയിൽ സ്ത്രീകൾ കയറണമെന്നും കയറണ്ട എന്നും പറയാൻ ഒരു ഗവൺമെന്റിന് എന്ത് കാര്യമാണുള്ളത്? ഹിന്ദുമതധർമ്മത്തിൽ അഗാധ പാണ്ഡിത്യമുള്ള പണ്ഡിതന്മാർ അടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ച് അവരുടെ അഭിപ്രായത്തെ മാനിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു തീരുമാനം എടുക്കണം. ആ തീരുമാനം ഈ ഗവൺമെന്റ് നടപ്പിലാക്കും. ഒരു മതേതര ഗവൺമെന്റിന് വിശ്വാസി സമൂഹത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഇതിൽപ്പരം എന്ത് ചെയ്യാനാണ് സാധിക്കുന്നത്? നിങ്ങൾ അത് തെറ്റിദ്ധരിപ്പിച്ച് വലിയ പ്രചാരണം നടത്തിയതിന്റെ ഭാഗമായി പാർലമെന്റ് തെരഞ്ഞെടുപ്പിൽ കുറച്ച് വോട്ട് കിട്ടി എന്നുള്ളത് വാസ്തവമാണ്. ജനങ്ങൾ നിങ്ങളുടെ വഞ്ചന തിരിച്ചറിഞ്ഞ്, മനസ്സിലാക്കി പെട്ടെന്ന് പ്രതികരിച്ചു. അതിന് ഒരുപാട് കാലതാമസമൊന്നും വേണ്ടിവന്നില്ല. വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിലെല്ലാം ഇതിന്റെ തനിയാവർത്തനമല്ല, ശക്തിയായിട്ടുള്ള ആവർത്തനമായിരിക്കും നമ്മുടെ സംസ്ഥാനത്ത് നടക്കാൻ പോകുന്നത്. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ, നിങ്ങൾ ആർ.എസ്.എസ്. എന്നോ ബി.ജെ.പി. എന്നോ പറയാൻപോലും ഭയപ്പെടുകയാണ്. ചില തൽപ്പരകക്ഷികൾ എന്നൊക്കെയാണ് പ്രസംഗിച്ചപ്പോൾ പറഞ്ഞത്. ഏത് തൽപ്പരകക്ഷിയാണ്? സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ കാണിക്കയിടരുതെന്നും സംസ്ഥാന ഗവൺമെന്റാണ് ഈ പണമെല്ലാം തട്ടിക്കൊണ്ടുപോകുന്നതെന്നുമെല്ലാം ഈ രാജ്യത്ത് പ്രചരിപ്പിച്ചത് തൽപ്പരകക്ഷികളല്ല, ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ആണ്. ആ പേര് പറയാൻപോലും നിങ്ങൾക്ക് ഭയമാണോ? ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമായി കൂട്ടുചേർന്ന് വീണ്ടും തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ നിൽക്കാമെന്നാണോ നിങ്ങൾ കരുതുന്നത്. എന്നാണോ വർഗ്ഗീയ ഭ്രാന്തന്മാരുടെ നിലപാടുകളെ ഉറപ്പിച്ചുപറയാൻ കഴിയുന്നത് അന്ന് മാത്രമേ പഴയ മതേതര സ്വഭാവം വീണ്ടെടുക്കാൻ കോൺഗ്രസ്സിന് സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയണം. ഈ ബില്ലിൽ ഒരുപാട് ഭേദഗതികളൊന്നും വരുത്തിയിട്ടില്ല. മലബാർ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച ഗൗരവതരമായ അഭിപ്രായങ്ങളെല്ലാം ഗവൺമെന്റ് നിശ്ചയമായും പരിഗണിക്കുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ സമഗ്രമായ നിയമനിർമ്മാണം തന്നെ വരും. 6000-ത്തോളം ജീവനക്കാർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നിശ്ചയമായും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് സ്വീകരിക്കുമെന്നുള്ള കാര്യം ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നപേക്ഷിച്ച് ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ, അങ്ങയുടെ 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബജക്ട് കമ്മിറ്റി II -ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (ii) 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

# IX ക്രമപ്രശ്നം

## (i) ബില്ലിലെ അവ്യക്തത

ശ്രീ. എം. ഉമ്മർ: സർ, ഈ ബില്ലിലെ എനേബ്ലിംഗ് ക്ലാസിൽ with effect from 8th January 2019 എന്നാണ് പറഞ്ഞിട്ടുള്ളത്. 2019 ജനവരി 8-നുശേഷം സർവ്വീസിൽ ചേർന്നവർക്കാണോ 2019 ജനവരി 8-നുമുമ്പ് പ്രൊമോഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥർക്കാണോ ഇത് ബാധകമാണെന്നുള്ളത് ഗവൺമെന്റ് വ്യക്തമാക്കണം. ഈ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇതിൽ എനേബ്ലിംഗ് ക്ലാസിൽ 2019 ജനവരി 8 എന്നാണ്. ഇങ്ങനെ വരുമ്പോൾ ഒരുപാട് പ്രശ്നങ്ങളുണ്ടാവുകയാണ്. സാധാരണഗതിയിൽ 12, 18, 20 വർഷങ്ങൾ കൂടുമ്പോഴാണ് പോലീസുകാരുടെ പ്രൊമോഷൻ ഉണ്ടാകുന്നത്. ഈ ബിൽ പൊതുവേ നിരുപദ്രവമാണെന്ന് വിചാരിച്ചാൽപ്പോലും ഈ രീതിയിൽ പാസ്സാവുകയാണെങ്കിൽ ആയിരക്കണക്കിന് പോലീസുദ്യോഗസ്ഥരുടെ പ്രൊമോഷനെ പ്രതികൂലമായി ബാധിക്കും. " 101-ാം വകുപ്പിലെ 6-ാം ഉപവകുപ്പിൽ 'എ' മുതൽ 'ജെ' വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണ നടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ പാടുള്ളതല്ല" എന്ന് പറയുന്നതാണ് എടുത്തുകളയാൻ പോകുന്നത്. ഇത് എടുത്തുകളഞ്ഞാലുണ്ടാകാവുന്ന ഭവിഷ്യത്ത് വളരെ വലുതാണ്. പിഴ, ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധിക ജോലി, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകൽ, നിശ്ചിത പ്രത്യേക ജോലി ചെയ്യുന്നതിൽനിന്നോ നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽനിന്നോ നിരോധിക്കുക, താക്കീത് ചെയ്യുക, ശാസന ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് എടുത്തുകളയുന്നത്. ബില്ലിലെ 6-ാം ഉപവകുപ്പ് നിലനിൽക്കുകയാണെങ്കിൽ ഒരു ശാസനയോ താക്കീതോ ചെയ്ത ഉദ്യോഗസ്ഥന്റെ പ്രൊമോഷനെ അതൊരിക്കലും ബാധിക്കില്ല. ഇത് എടുത്തുകളഞ്ഞാൽ അവരുടെ സർവ്വീസ് ബുക്കിൽ ഒരു ശാസനയോ താക്കീതോ രേഖപ്പെടുത്തുകയാണെങ്കിൽ 12 വർഷംമുമ്പ് സർവ്വീസിലിരിക്കുന്ന ഒരുദ്യോഗസ്ഥന് ഈ ബിൽ പാസ്സായതിനുശേഷം പ്രൊമോഷൻ വരുന്നത് ഒന്നോ രണ്ടോ വർഷം കഴിഞ്ഞാണെങ്കിൽപ്പോലും പ്രൊമോഷൻ ലഭിക്കുകയില്ലെന്ന പ്രശ്നമുണ്ട്. പോലീസിനെ സംബന്ധിച്ചിടത്തോളം ഒരു ശാസനയോ താക്കീതോ കിട്ടാത്ത പോലീസുദ്യോഗസ്ഥർ വിരളമായിരിക്കും. മുമ്പുണ്ടായിരുന്നതനുസരിച്ചാണെങ്കിൽ

ഇങ്ങനെയുള്ള ശാസനയും മറ്റുമുണ്ടായാൽ അതൊരിക്കലും അവരുടെ പ്രൊമോഷനെ ബാധിക്കുകയില്ല. 6-ാം ഉപവകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങൾ എടുത്തുകളഞ്ഞാൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് എനേബ്ലിംഗ് ക്ലാസിലെ അവ്യക്തതകൾ തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണ്.

ജനറൽ ക്ലാസ്സസ് ആക്ടിലെ പ്രസക്ത ഭാഗം മാത്രം ഞാൻ സൂചിപ്പിക്കാം. ‘ All laws which affect substantive rights generally operate prospectively and there is a presumption against their retrospectivity if they affect vested rights and obligations unless the legislative intent is clear and compulsive. Such retrospective effect may be given where there are express words giving retrospective effect or where the language used....’ എന്നാണ്. ഇതിൽ അവ്യക്തത ഒരിക്കലുമുണ്ടാകാൻ പാടില്ല, പ്രത്യേകിച്ച് എനേബ്ലിംഗ് ക്ലാസിൽ എന്ന് കൃത്യമായി ജനറൽ ക്ലാസ്സസ് ആക്ടിൽ പറയുന്നുണ്ട്.

ഭരണഘടനയുടെ ആർട്ടിക്കിൾ 20 - ൽ Protection in respect of conviction for offences -'(1) No person shall be convicted of any offence except for violation of a law in force at the time of the commission of the act charged as an offence, nor be subjected to a penalty greater than that which might have been inflicted under the law in force at the time of the commission of the offence. ' ഈ ക്ലാസ് എടുത്തുകളഞ്ഞാൽ, 12 വർഷംമുമ്പ് സർവ്വീസിലുള്ള ഒരാൾക്ക്, ഈ ആക്ട് പാസ്സായ ഇഫക്ട് വരുന്ന തീയതിവച്ച് എടുക്കുകയാണെങ്കിൽ അവരുടെ പ്രൊമോഷനെ ബാധിക്കാൻ സാദ്ധ്യത യുള്ളതുകൊണ്ട് ഇത് ഭരണഘടനാ വിരുദ്ധമാണ്. അതുപോലെ പോലീസ് ആക്ടിനും ജനറൽ ക്ലാസ്സസ് ആക്ടിനും നാച്വറൽ ജസ്റ്റീസിനും വിരുദ്ധമാണ്. ഈ അവ്യക്തത പരിഹരിച്ചതിനുശേഷം ബിൽ അവതരിപ്പിക്കണം. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം ഭരണഘടനാപരമായോ നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരമോ സസ്റ്റെയിനബിളല്ല. അതുകൊണ്ട് ഇത് പരിഗണിക്കാൻ നിർവ്വാഹമില്ല. നിയമപ്രകാരം തയ്യാറാക്കി ബഹുമാനപ്പെട്ട ഗവർണർ പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കുന്ന അവസരത്തിൽ ഭരണഘടനാപരമല്ലാത്ത വാദങ്ങൾ സ്വീകാര്യമല്ല. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നില്ല.

2011-ലെ കേരള പോലീസ് ആക്ട് 101-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പാണ് ഇവിടെ ഭേദഗതി ചെയ്യുന്നത്. 2019 ജനുവരി 8-ാം തീയതിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. റീ-പ്രൊമുൽഗേറ്റ് ചെയ്യപ്പെട്ട പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബില്ലാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. സഭ കൂടുന്നതിനാൽ അതിവിടെ പാസ്സാക്കേണ്ടതുണ്ട്. ഇനിയിത് പുനർ പ്രഖ്യാപിക്കാൻ സാദ്ധ്യതയുള്ളതല്ല. 6-ാം ഉപവകുപ്പ് ഇപ്രകാരമാണ്, " The penalties stated in items (a) to (j) above shall not be treated as a bar for the promotion of a police officer." The Kerala Police (Amendment) Ordinance No.6 of 2019 പ്രാബല്യത്തിൽ വന്ന 2019 ജനുവരി 8-ാം തീയതി മുതൽ 6-ാം ഉപവകുപ്പ് ആക്ടിന്റെ ഭാഗമല്ലാതായിക്കഴിഞ്ഞു. ഇക്കാര്യത്തിൽ ഒരുവിധത്തിലുള്ള വ്യക്തതക്കുറവുമില്ല. ഈ നിമിഷംവരെ ഒരാക്ഷേപവും പോലീസുദ്യോഗസ്ഥർ ഉന്നയിക്കപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ഒരു ഗുണഭോക്താവും പരാതിയുമായി വന്നിട്ടില്ല. പ്രസ്തുത ഭേദഗതി ജനറൽ ക്ലാസ്സസ് ആക്ടിലെ 5 (1)-ന് വിരുദ്ധമല്ല. മറ്റ് ചില സ്ഥലങ്ങളിൽ പ്രയോഗിക്കേണ്ടതാണ് അദ്ദേഹം വായിച്ചത്. അത് farthest relationship ആണ്. അതായത് യാതൊരുവിധത്തിലും ബന്ധമില്ലാതെ വിദൂരതയിൽനിന്നും കൊണ്ടുവന്ന വാദമാണ് അദ്ദേഹം ഉന്നയിച്ചത്. ഒരാൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി ഇവിടെ പ്രസക്തമല്ല. ഭരണഘടനയുടെ അനുച്ഛേദം 20(1)– കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയാണ്. ഭേദഗതി ബില്ലിലെ വ്യവസ്ഥകളുമായി അതിന് യാതൊരു ബന്ധവുമില്ല. അനുച്ഛേദം 20(1) ലംഘനമാകുമെന്ന വാദം അപ്രസക്തമാണ്. കുറ്റംചെയ്ത കാലത്തുണ്ടായിരുന്ന നിയമപ്രകാരം ലഭിച്ച ശിക്ഷയല്ലാതെ ശിക്ഷ അപ് ടു ഡേറ്റ് ചെയ്യാനോ വർദ്ധിപ്പിക്കാനോ മാറ്റിമറിക്കാനോ സാദ്ധ്യമല്ല, അതൊന്നും ഉദ്ദേശിക്കപ്പെടുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബില്ലുമായി മുന്നോട്ടുപോകാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. 2019 ജനുവരി 8-ന് പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിൽ പത്ത് വർഷംമുമ്പ് സർവ്വീസിൽ കയറിയ ഒരാളുടെ സർവ്വീസ് ബുക്കിൽ താക്കീതോ ശാസനയോ മറ്റോ ഉണ്ടായിട്ടുണ്ടെങ്കിൽ രണ്ട് വർഷം കഴിഞ്ഞ് അദ്ദേഹത്തിന് പ്രൊമോഷൻ വരുന്ന സമയത്ത് സർവ്വീസ് ബുക്കിലെ ആ എൻട്രി പ്രൊമോഷനെ ബാധിക്കുകയില്ലേ എന്നുള്ളതാണ് എന്റെ സംശയം. പ്രാബല്യത്തിൽ വരുന്നത് 2019-നുമുമ്പുണ്ടായ കാര്യമാണ്. സർവ്വീസിൽ പ്രൊമോഷൻ വരുന്നത് ഇപ്പോഴല്ല, ഒരു വർഷം കഴിഞ്ഞോ അല്ലെങ്കിൽ ബിൽ പാസ്സായതിനുശേഷമോ ആണെങ്കിൽ ഉദ്യോഗസ്ഥരുടെ പ്രൊമോഷന് തടസ്സമുണ്ടാകില്ലേ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. അതിനെക്കുറിച്ച് ഒരു വാദപ്രതിവാദത്തിന് ഞാനില്ല. അങ്ങ് നിയമപരമായും വിശദമായും സംസാരിക്കുന്ന ആളായതുകൊണ്ട് ബില്ലിന്റെ ചർച്ച വരുമ്പോൾ അവതരിപ്പിക്കാവുന്നതാണ്.

## റൂളിംഗ്

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2019-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിന്റെ വ്യവസ്ഥകൾ ജനറൽ ക്ലാസ്സസ് ആക്ടിലെയും ഭരണഘടനയിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും അതിനാൽ ബിൽ ക്രമപ്രകാരമല്ലെന്നുമാണ് ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഇതുസംബന്ധിച്ച നിയമവശങ്ങൾ ഇവിടെ വിവരിക്കുകയുണ്ടായി. ബില്ലിലെ വ്യവസ്ഥകൾ ജനറൽ ക്ലാസ്സസ് ആക്ടിലെ വ്യവസ്ഥകളുടെയോ ഭരണഘടന വിഭാവന ചെയ്യുന്ന സ്വാഭാവിക നീതിയുടെയോ യാതൊരു തരത്തിലുള്ള ലംഘനവും ഇക്കാര്യത്തിലുണ്ടായിട്ടുള്ളതായി പ്രഥമദൃഷ്ട്യാ കാണാൻ കഴിയുന്നില്ല. ആകയാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

### നിയമനിർമ്മാണകാര്യം (തുടർച്ച)

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, 2011-ലെ കേരള പോലീസ് ആക്ടിലെ 101-ാം വകുപ്പിലെ 6-ാം വകുപ്പ് പ്രകാരം പ്രസ്തുത വകുപ്പിലെ 4-ാം ഉപവകുപ്പിന്റെ 'എ' മുതൽ 'ജെ' വരെയുള്ള ഇനങ്ങളിൽ പറയുന്ന ശിക്ഷകൾ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമാകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് നിലവിലുള്ളത്. ഇവിടെ 'എ' മുതൽ 'ജെ' വരെയുള്ളത് ബഹുമാനപ്പെട്ട അംഗം എം. ഉമ്മർ പറയുകയുണ്ടായി. ഞാൻ അത് ആവർത്തിക്കുകയാണ്. പിഴ, ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധിക ജോലി, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം

ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകൽ, നിശ്ചിത പ്രത്യേക ജോലി ചെയ്യുന്നതിൽനിന്നോ നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽ നിന്നോ നിരോധിക്കുക, താക്കീത്, ശാസന, സഞ്ചിത ഫലത്തോടെയല്ലാതെയുള്ള ഇൻക്രിമെന്റ് തടയൽ, സഞ്ചിത ഫലത്തോടെയുള്ള ഇൻക്രിമെന്റ് തടയൽ തുടങ്ങി (എ) മുതൽ (ജെ) വരെയുള്ള ആദ്യത്തെ 10 എണ്ണം ഇതാണ്. പിന്നീട് (ക്യൂ) വരെയുള്ളത് നിലനിൽക്കുന്നു. പ്രൊമോഷൻ തടയൽ, സഞ്ചിത ഫലമില്ലാതെ ശമ്പളം കുറയ്ക്കുക, സഞ്ചിത ഫലത്തോടെ ശമ്പളം കുറയ്ക്കുക, സീനിയോറിറ്റിയിലോ റാങ്കിലോ തരംതാഴ്ത്തുക, നിർബന്ധിത വിരമിക്കൽ, നീക്കം ചെയ്യൽ, പിരിച്ചുവിടൽ ഇതുമാത്രമേ പരിഗണനാവിഷയമായിരുന്നുള്ളൂ. ആദ്യം പറയുന്ന (എ) മുതൽ (ജെ) വരെയുള്ള ഇനം പരിഗണനാവിഷയമല്ലായിരുന്നു. അതെടുത്ത് കളയുന്നതോടുകൂടി അതും പരിഗണനാ വിഷയമാകുന്നതാണ്. ഈ വ്യവസ്ഥ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ പ്രൊമോഷന് ബാധകമായിട്ടുള്ള കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകളുമായി യോജിച്ചു പോകുന്നതല്ല. ആ കോൺഫ്ലിക്റ്റ് കൊണ്ടാണ് ഇത് ഇപ്പോൾ നീക്കം ചെയ്തത്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥപ്രകാരം സർക്കാർ ജീവനക്കാർക്ക് ഉയർന്ന തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുള്ള യോഗ്യത നിശ്ചയിക്കേണ്ടത് സീനിയോറിറ്റി മാത്രം അടിസ്ഥാനപ്പെടുത്തിയല്ല. കേരള പോലീസ് ആക്ടിലെ മേൽ വ്യവസ്ഥ പ്രകാരം കുറ്റം ചുമത്തപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുന്നതായും പ്രൊമോഷന് അവസരം നേടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയുമടക്കം, അവർ തന്നെ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ഏതാണ്ട് 5000-ത്തോളം ക്രിമിനലുകൾ കേരള പോലീസിൽ ഉണ്ടെന്ന് ഔദ്യോഗികമായി റിപ്പോർട്ട് വന്നിട്ടുള്ളതാണ്. അതുകൊണ്ട് അവർക്കല്ലാതെ വേറെ ആർക്കും ഒരു വിഷമവുമുണ്ടാകില്ല; അവരും അതിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ഈ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി 2011-ലെ പോലീസ് ആക്ടിലെ 101-ാം വകുപ്പ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ 2019 ജനുവരി 8-ാം തീയതി കേരള പോലീസ് ഭേദഗതി ഓർഡിനൻസ് ഗവർണർ വിളംബരപ്പെടുത്തി. ഓർഡിനൻസിന് പകരമായിട്ടുള്ള ബില്ലാണ് ഇവിടെയുള്ളതെന്ന് പ്രത്യേകിച്ച് ഞാൻ പറയേണ്ടതില്ല. അതുകൊണ്ട് കേരള സമൂഹമാകെ വളരെ

പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ഒരു ബില്ലാണിത്. ക്രിമിനലുകളായ പോലീസുകാർ ഉന്നത റാങ്കിലുള്ളവരോട് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് നമുക്കറിയാം. വളരെ നിഷ്കർഷതയോടെയും പൊതുജന പ്രീതിയോടുകൂടിയും ഭരിക്കാൻ ശ്രമിക്കുന്ന ഇക്കാലത്തുപോലും ഗവൺമെന്റിനെ ബുദ്ധിമുട്ടാക്കുന്നവിധം ഉത്തരവാദിത്തപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ കാണിച്ച കുറ്റകൃത്യങ്ങളെപ്പറ്റി നമുക്കറിയാം. പലരും അതിന്റെ പേരിൽ നടപടികൾ നേരിടുകയും ശിക്ഷാവിധികൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തിട്ടുള്ള ഒരാൾ അത് ചെയ്തത് മുമ്പാണെങ്കിൽ ഉയർന്ന പദവിയിലേയ്ക്ക് പരിഗണിക്കുന്ന സമയത്ത് അന്നെടുത്ത തീരുമാനപ്രകാരമുള്ള കുറ്റകൃത്യത്തിന്റെ കാലാവധി മാറുന്നില്ല. അന്നത്തെ നിയമപ്രകാരം എന്ത് കുറ്റമാണോ ചെയ്തത് അതിന്മേൽ എന്ത് തീരുമാനമാണോ ബന്ധപ്പെട്ടവർ എടുത്തത്, അത് കോടതികളോ ഗവൺമെന്റോ ആകാം, അതിലൊരു മാറ്റവും വരുത്തുന്നില്ല. പ്രൊമോഷൻ കൊടുക്കുമ്പോൾ അതുംകൂടി പരിശോധിക്കണം എന്ന ഏറ്റവും ശരിയായിട്ടുള്ള തീരുമാനമാണ്. അത് സാമൂഹ്യ പ്രാധാന്യമുള്ളതാണ്. ഇതുപോലുള്ള സേനകളുടെ കോൺസ്റ്റിറ്റ്യൂഷണാലിറ്റി, അവരുടെ ഭരണഘടനാപരമായ സാമൂഹ്യബാദ്ധ്യതയെ ശക്തിപ്പെടുത്തുന്നതാണ്. സർവ്വീസ് റൂളിലുള്ള ഇൻകൺസിസ്റ്റൻസി, കോൺഫ്ലിക്റ്റ് എന്നിവ മാറ്റുന്നതിന് സഹായകരമാണ്. അതിനാൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 2019-ലെ കേരള പോലീസ് ഭേദഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: Sir, I move that - " This House resolves to disapprove The Kerala Police (Amendment) Ordinance, 2019 (Ordinance No.32 of 2019)" .

ഈ അമെന്റ്മെന്റ് മൂവ് ചെയ്യുന്നതിനുമുമ്പ് ഈ ഓർഡിനൻസ് തന്നെ പല ഘട്ടങ്ങളിലായി ഇവിടെ കൊണ്ടുവന്നിട്ടുള്ളതാണ്. 2019-ലെ കേരള പോലീസ് (ഭേദഗതി) ആക്ട് 43-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതാണ്. അതിനുശേഷം 2019 ഫെബ്രുവരി 25-ാം തീയതി വീണ്ടും അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതാണ്. വീണ്ടും 1508-ാം നമ്പരായി പ്രസിദ്ധീകരിക്കുകയാണ്. ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഇരിക്കുന്ന പൊസിഷൻ അനുസരിച്ച് അഭിപ്രായം മാറില്ലെന്നാണ് എന്റെ വിശ്വാസം. അങ്ങനെവരുമ്പോൾ ഈ

ഓർഡിനൻസുകൾ റിപ്പീറ്റ് ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഒരു പൊതു ആക്ഷേപം സമൂഹത്തിൽ വന്നിട്ടുണ്ട്. ചിലപ്പോൾ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവരും. പിന്നീട് സഭ തുടങ്ങുമ്പോൾ 14 ദിവസത്തിനുള്ളിൽ അത് നിയമമാക്കി മാറ്റുകയെന്നുള്ളതാണ് കീഴ്‌വഴക്കം. അങ്ങനെയാണ് നിബന്ധനകളിൽ പറയുന്നത്. എന്നാൽ ഇത് ഇവിടെ പറയുന്നതുപോലെ അത്യാവശ്യമായ സ്ഥിതി ആയിരുന്നുവെങ്കിൽ മുൻപ്രാവശ്യം മാറ്റിവയ്ക്കാതെ ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കാമായിരുന്നു.

ഇവിടെ ശ്രീ. ജി. സുധാകരൻ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നില്ലെങ്കിലും അങ്ങ് ഒരു നിയമജ്ഞനാണ്. അങ്ങേയ്ക്ക് ഈ കാര്യങ്ങളൊക്കെ നന്നായി അറിയാവുന്നതാണ്. ഇവിടെ ശ്രീ. എം. ഉമ്മർ ഉന്നയിച്ച ചോദ്യമുണ്ട്, പോലീസ് സേനയിൽ മേലുദ്യോഗസ്ഥർ എടുക്കുന്ന നടപടികളാണ് ഏറ്റവും പരമ പ്രധാനമായ കാര്യം. താഴെയുള്ള ആളുകൾക്ക് കിട്ടാൻ സാധ്യതയുള്ള പ്രൊമോഷനുകൾ തള്ളിപ്പോകുന്ന സാഹചര്യം ഉണ്ടാകരുത് എന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷാനടപടികൾ സാധാരണയായി ഒരു പോലീസുദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ സാധ്യമല്ലെന്നാണ് ഒറിജിനൽ നിയമത്തിലുള്ളത്. അതെടുത്ത് മാറ്റിയാൽ ഈ ശിക്ഷാനടപടികൾ നമുക്ക് വിനിയോഗിക്കാം എന്നുള്ളതാണ്. അങ്ങ് കേരള പോലീസിന്റെ ഘടന ആലോചിക്കണം. 76000 പേരാണ് കേരള പോലീസിലുള്ളത്. ഒരു സാധാരണ പോലീസ് കോൺസ്റ്റബിൾ, അദ്ദേഹത്തിന് എ.എസ്.ഐ. ആയി പ്രൊമോഷൻ ലഭിക്കണമെങ്കിൽ 17-18 കൊല്ലം കാത്തിരിക്കണം. എ.ആർ.-ൽ നിയമനം കിട്ടുന്ന ഒരു പോലീസുദ്യോഗസ്ഥൻ എ.ആർ.-ൽനിന്ന് സിവിൽ പോലീസ് ഓഫീസറായി മാറിവന്നാൽ ഒരു സ്റ്റേഷനിൽ ജോലി ചെയ്യുന്നതിന് വരേണ്ട സമയമുണ്ട്. ആ സമയമെല്ലാംകൂടി നോക്കിയാലും 17 മുതൽ 20 കൊല്ലം വരെയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു സിവിൽ പോലീസ് ഓഫീസർക്ക് അവിടെനിന്ന് ഒരു ചെറിയ പ്രൊമോഷൻപോലും കിട്ടുകയുള്ളൂ. അതിനുശേഷം ഒരു എ.എസ്.ഐ. ആകണമെങ്കിൽ 24 വർഷം വേണ്ടിവരികയാണ്. അതിനിടയിൽ ഒരു പ്രൊമോഷനുമില്ലാതെ ഈ പാവം ബാരക്കിനകത്ത് തങ്ങിക്കിടക്കേണ്ടിവരുമെന്ന ദുഃഖസ്ഥിതിയിൽ ഇവരുടെ സ്ട്രെസ്സ് വളരെ കൂടുകയാണ്. മേലധികാരികൾ കീഴുദ്യോഗസ്ഥരെ പറയുന്നത് കേട്ടിട്ടുണ്ടോ; രാവിലെ 8 മുതൽ എട്ടേമുക്കാൽ വരെ അവർ വയർലെസ്സിൽ ഡയറക്ഷൻ കൊടുക്കുന്നുണ്ട്. കാറിലിരുന്ന് വരുമ്പോൾ ഈ വയർലെസ് ഡയറക്ഷൻ അങ്ങേയ്ക്ക് കേൾക്കാൻ കഴിയും. എന്തെല്ലാമാണ് വിളിച്ചുപറയുന്നത്? അതിനകത്ത് പറയുന്ന ഭാഷ നമുക്ക് ആവർത്തിക്കാൻ കഴിയില്ല; സഭയിൽ പറയാൻ കഴിയില്ല. തിരുവനന്തപുരത്ത് ഒരു മേലുദ്യോഗസ്ഥന്റെ ഭാര്യ കീഴുദ്യോഗസ്ഥനോട് കാണിച്ച അപമര്യാദയായ

പെരുമാറ്റം സംബന്ധിച്ചും ആ ഉദ്യോഗസ്ഥന്റെ മകൾ കാലിലിടുന്ന ചെരിപ്പ് തുടയ്ക്കുന്നതിനുവേണ്ടി ഈ പാവപ്പെട്ട camp followers-നെ ഉപയോഗിച്ചതിന്റെയും അന്വേഷണം ഇപ്പോഴും നിലവിലുള്ളതല്ലേ; മനുഷ്യാവകാശത്തെക്കുറിച്ചും ഈ രാജ്യത്തെ സ്വാതന്ത്ര്യത്തെക്കുറിച്ചും അനവരതം സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ സഭയിൽ ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ ചർച്ച വന്നിട്ടും എന്തെങ്കിലും നടപടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; താഴെയുള്ള പാവപ്പെട്ട പോലീസുകാർക്ക് പ്രതികരിക്കാൻ കഴിയാതെ പോകുന്നതുകൊണ്ട് ഈ ഉദ്യോഗസ്ഥൻ മാത്രമല്ല, ആ ഉദ്യോഗസ്ഥനോട് അടുപ്പമുള്ള ആളുകളും ആ ഉദ്യോഗസ്ഥരുടെ ചുറ്റുവട്ടത്തിൽ നിന്നുകൊണ്ടുള്ള ആളുകളും കുടുംബാംഗങ്ങളും താഴെയുള്ള ആളുകളും കുശിനിക്കാരനും ഈ പാവപ്പെട്ട ഉദ്യോഗസ്ഥനെ പീഡിപ്പിക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം നമുക്ക് മറക്കാൻ കഴിയില്ല. അപ്പോഴാണ് പിഴ, ഡ്രിൽ, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ഇങ്ങനെ തുടങ്ങി (എ) മുതൽ (ജെ) വരെയുള്ള ഐറ്റംകൂടി ഇവർക്ക് പ്രൊമോഷൻ കൊടുക്കാതിരിക്കുന്നതിനു വേണ്ടിയുള്ള ഒരു ഐറ്റത്തിലേയ്ക്ക് കൊടുക്കുന്നത്.

2.00 PM]

കേരള പോലീസിനെ നന്നാക്കണമെന്ന് പറയാത്ത ആരെങ്കിലുമുണ്ടോ? കേരള പോലീസിൽ ആത്മഹത്യകൾ കൂടുന്നുവെന്ന മാധ്യമ വാർത്ത അങ്ങ് കണ്ടിട്ടുണ്ടായിരിക്കും. ഈയടുത്ത കാലത്തും ഉണ്ടായിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെയിടയിൽ സ്ട്രെസ്സ് വർദ്ധിക്കുന്നതുകൊണ്ട് ജോലിചെയ്യാതെ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നവരുണ്ട്. നമ്മുടെ നാട്ടിലുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ നേരിടാൻ ശ്രമിക്കുന്ന പോലീസുകാർക്ക് മനസ്സമാധാനത്തിന്റെ ഒരംശമെങ്കിലും ഉണ്ടാക്കിക്കൊടുക്കാൻ നമുക്ക് കഴിയണ്ടേ; ഒരു പോലീസുകാരൻ എന്ന നിലയിൽ അവർക്ക് കിട്ടുന്ന ഒരു ഗുണം പ്രൊമോഷനാണ്. ഞങ്ങൾ പോലീസ് വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. കേരളത്തിൽ പോലീസ് ക്യാന്റീൻ ഞങ്ങൾ കൊണ്ടുവന്നത് പോലീസുകാർക്ക് എന്തെങ്കിലുമൊരു സാമ്പത്തിക ലാഭമുണ്ടാകട്ടേയെന്ന് കരുതിയാണ്. അത് ഗുണകരമായിരുന്നു. ഞാൻ ഈയടുത്ത കാലത്ത് ശബരിമലയിൽ ബാരക്കിൽ താമസിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥിതി പോയി കാണുകയുണ്ടായി. അങ്ങ് അവിടെ പോയിട്ടുണ്ടോ? ദേവസ്വത്തിന്റെ ചാർജ്ജുണ്ടായിരുന്ന മന്ത്രിയാണ് അങ്ങ്. പമ്പയിൽ സന്നിധാനത്തിനുതാഴെ പോലീസ് ബാരക്കിനകത്ത് അവർ അനുഭവിക്കുന്ന വിഷമങ്ങളെന്തൊക്കെയാണെന്ന് അങ്ങ് പോയി നോക്കണം. 300 ആളുകളെ അട്ടി അടുക്കുന്നതുപോലെ അടുക്കി കിടത്തിയിരിക്കുകയാണ്. കിടക്കാൻ കട്ടിലുണ്ടോ; പുതപ്പുണ്ടോ; തണുപ്പ് വന്നാൽ എന്തെങ്കിലും പ്രൊട്ടക്ഷനുണ്ടോ; ആഹാരമുണ്ടോ; ക്യാന്റീനുണ്ടോ; ടോയ്ലെറ്റ് ഫെസിലിറ്റിയുണ്ടോ? പൊട്ടിയൊഴുകുന്ന ടോയ്ലെറ്റാണ് അവിടെയുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് പറയുന്നത് ശരിയാണ്. പാമ്പ് കടിയേറ്റ് ഒരു പോലീസ് ഉദ്യോഗസ്ഥൻ മരിച്ചു. പന്തളത്ത് തണുപ്പിൽപ്പെട്ട് ഒരു പോലീസ് ഉദ്യോഗസ്ഥൻ മരിച്ചു. പാമ്പ് കടിയേറ്റ് മരിച്ചയാൾ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ കൂടെയായിരുന്നു. അയാൾക്ക് പൈസയൊക്കെ കൊടുത്തു. അങ്ങനെയൊക്കെയുള്ള അനുഭവങ്ങളുണ്ട്. ഡ്യൂട്ടി അത്രയ്ക്കും ക്ലേശകരമാണ്. പക്ഷെ അതും ഇതുമായിട്ടുള്ള ബന്ധം എന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസുകാരുടെ പ്രൊമോഷൻ തടയുകയാണ്. പാമ്പുകടിയേറ്റ് പോലീസ് ഉദ്യോഗസ്ഥൻ മരിച്ചുവെന്ന് പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. അങ്ങ് സത്യം പറഞ്ഞാൽ എന്റെ വികാരത്തോട് യോജിക്കുകയാണ്. പോലീസുകാരെക്കുറിച്ച് അറിയുന്ന മുഴുവൻ ആളുകൾക്കും ഈ വിവരം അറിയാം. എന്തുകൊണ്ടാണ് അവർക്ക് പാമ്പുകടിയേൽക്കേണ്ടിവന്നത്; അസമയത്ത് അസാധാരണമായ സാഹചര്യത്തിൽ ഫീൽഡിൽ പോകേണ്ടി വന്നതുകൊണ്ടാണ് ഡ്യൂട്ടി സമയത്ത് പാമ്പുകടിയേൽക്കേണ്ടിവന്നത്. അങ്ങനെയുള്ള പോലീസുകാരുടെ പ്രൊമോഷൻ തടയുന്നതിനുവേണ്ടിയാണ് 'എ' മുതൽ 'ജെ' വരെയുള്ള വകുപ്പുകൾ ഒഴിവാക്കാൻ ശ്രമിക്കുന്നത്. അങ്ങ് ഞാൻ പറയുന്ന വാദം കൂടുതൽ ശക്തിപ്പെടുത്തുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, അങ്ങ് രണ്ടുവർഷം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നയാളാണ്. പോലീസിന്റെ അവസ്ഥയെക്കുറിച്ച് അങ്ങ് സംസാരിക്കുന്നു. അങ്ങ് മന്ത്രിയായിരുന്ന ഘട്ടത്തിൽ ഈ വിഷയം പരിഹരിക്കാൻ പ്രത്യേകിച്ച് അവരുടെ കഷ്ടപ്പാടുകളും പ്രയാസങ്ങളും പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് എന്നോടുള്ള വിരോധം എനിക്കറിയാം. അത് അങ്ങേയ്ക്കും ഈ നാട്ടിലുള്ള എല്ലാവർക്കുമറിയാം. കൊടി സുനിക്ക് കൂടുതൽ അറിയാം. കോഴിമലയുടെ മുകളിൽ കയറി ഇവരെ പിടിച്ചുകൊണ്ടുവന്നത് ഞാനല്ല, പോലീസുകാരാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇവിടെ പറഞ്ഞകാര്യം വളരെ പ്രസക്തമാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തു. കേരളത്തിലെ പോലീസുകാർ അനുഭവിക്കുന്ന പ്രയാസങ്ങൾ പ്രത്യേകിച്ച് പമ്പയിലും പന്തളത്തും പല സ്ഥലത്തും പ്രശ്നങ്ങളുണ്ടാകുമ്പോൾ നൂറുകണക്കിന് പോലീസുകാരെ വിന്യസിപ്പിക്കുകയാണ്. അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പലപ്പോഴും നിഷേധിക്കപ്പെടുന്നുവെന്നത് നഗ്ന യാഥാർത്ഥ്യമാണ്. ആ ഒരു വിഷയത്തിലേയ്ക്ക് വരേണ്ടതിനുപകരം താങ്കൾ നേരേ രാഷ്ട്രീയത്തിലാണ് പോയത്. എനിക്കും

വേണമെങ്കിൽ രാഷ്ട്രീയം പറയാം. ഈയൊരു വിഷയം പരിഹരിക്കാൻ അങ്ങ് മന്ത്രിയായിരുന്നപ്പോൾ എന്ത് നിലപാടാണ് സ്വീകരിച്ചത്; ഈ ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്; ആ നിലയിലേയ്ക്ക് ചർച്ച വരേണ്ടതിനുപകരം മറ്റു വിഷയങ്ങളിലേയ്ക്ക് പോയാൽ നമുക്ക് ആ ചർച്ച കൊണ്ട് എന്താണ് കാര്യം?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞങ്ങളുടെ ഭരണകാലത്ത് അവർക്ക് കിട്ടിയിട്ടുള്ള ആനുകൂല്യങ്ങൾ എന്താണെന്ന് കേരള പോലീസിലെ പാവപ്പെട്ട പോലീസുകാരോട് ചോദിക്കണം. കേരള പോലീസിന് എല്ലാ ആനുകൂല്യങ്ങളും കൊടുത്തത് ഞങ്ങളാണ്, ഞാൻ അതിനെക്കാളപ്പുറത്തേയ്ക്ക് ഒന്നും പറയുന്നില്ല. രേഖകളെല്ലാം ഇവിടെ നിലനിൽക്കുകയാണ്. ശ്രീ. റ്റി. വി. രാജേഷ് ആയതുകൊണ്ടും ചെറിയൊരു തമാശയുടെ അടിസ്ഥാനത്തിൽ ചോദിച്ചുവെന്നതു കൊണ്ടുമാണ് പറഞ്ഞത്.

കേരള പോലീസ് ഉദ്യോഗസ്ഥരുടെയിടയിൽ ആത്മഹത്യ പ്രവണത വർദ്ധിക്കുന്നത് നമുക്ക് ഗുണകരമാണോ; അല്ലല്ലോ; All India പോപ്പുലേഷന്റെ അടിസ്ഥാനത്തിലാണ് പോലീസിന്റെ സ്ട്രെംഗ്ത്. കേരളത്തിൽ പോപ്പുലേഷന്റെ അടിസ്ഥാനത്തിലുള്ള സ്ട്രെംഗ്ത് ഉണ്ടോ; ഇല്ല. ഞങ്ങൾക്കും അതുണ്ടാക്കാൻ സാധിച്ചിട്ടില്ല. ആളോഹരി അനുസരിച്ച് യു.പി. പോലീസിനെപ്പോലെ കേരള പോലീസിൽ സ്ട്രെംഗ്ത് ഇല്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതില്ലാത്ത സ്ഥലത്തുപോലും ഇവർക്ക് കിട്ടാൻ സാധ്യതയുള്ളൊരു പ്രൊമോഷനെ കോർക്കിട്ടടയ്ക്കുന്ന രൂപത്തിലുള്ള നിയമം കൊണ്ടുവരുന്നത് കേരള പോലീസിൽ അതൃപ്തിയുണ്ടാക്കും എന്നുതന്നെയാണ് എന്റെ അഭിപ്രായം. അത് കേരള സംസ്ഥാനത്തിന് ഗുണകരമാണോ; അല്ല.

പോലീസിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നവരുടെ റിക്രൂട്ട്മെന്റ് സിസ്റ്റം ആലോചിച്ച് നോക്കിയിട്ടുണ്ടോ? യൂണിവേഴ്സിറ്റി കോളേജിൽ അമ്പെയ്ത്തിൽ വിദഗ്ധനായ ഒരു വ്യക്തി ഒന്നാം റാങ്കിൽ വന്നുപെട്ടില്ലേ? ഇങ്ങനെയാണ് വിശ്വാസ്യത വന്നുനിൽക്കുന്നത്. വിശ്വാസ്യതയുണ്ടാകണം എന്നതായിരുന്നു ഞങ്ങളുടെ ആഗ്രഹം. അങ്ങനെ വന്നൊരു ആളിന് ഡി.ജി.പി. ആകുന്നതിന് തടസ്സമില്ലല്ലോയെന്ന് ശ്രീ. വി. എസ്. ശിവകുമാർ ഇന്നലെ ഒരു ചോദ്യം ചോദിച്ചു. ഡി.ജി.പി. ആകാൻ സാധിക്കില്ല, കാരണം അതൊരു കേഡർ പോസ്റ്റാണ്. പക്ഷെ ഒരു ഡിവൈ.എസ്.പി.യൊക്കെ ആകാം. അതുകൊണ്ട് ഇവരെ നമുക്ക് സംരക്ഷിച്ച് നിർത്തേണ്ടത് നമ്മുടെ ആവശ്യമല്ലേ; കേരളത്തിലെ പോലീസിനെ ഇന്ത്യൻ സൈന്യവുമായി താരതമ്യം ചെയ്യണം. കേരളത്തിന്റെ സൈന്യമായി കേരള പോലീസിനെ നിർത്തണമെങ്കിൽ അവരുടെ സംതൃപ്തി നമുക്ക് ആവശ്യമാണ്,

അത് നമ്മൾ ഇല്ലാതാക്കുകയാണ്. ആ രൂപത്തിൽപ്പോയാൽ കേരളത്തിലെ അവസ്ഥ എവിടെപ്പോയി നിൽക്കും; കേരള പോലീസിൽ അതിക്രമങ്ങൾ കാണിക്കുന്ന ഒരുകൂട്ടം ആൾക്കാരുണ്ട്, ആരാണെന്ന് ഞാൻ പറയണോ? കേരള പോലീസ് ആക്ടിനകത്ത് ടൈഗർ ഫോഴ്സ് എന്ന വിഭാഗത്തെയുണ്ടാക്കാൻ ഒരു എസ്.പി.-ക്ക് അധികാരമുണ്ടോ? അധികാരമില്ലാത്ത എസ്.പി. മുപ്പത് പോലീസുകാരെ ചേർത്ത് അയാൾക്ക് ഇഷ്ടപ്പെട്ട ആളുകളെ സെലക്ട് ചെയ്ത് ടൈഗർ ഫോഴ്സ് രൂപീകരിച്ചു. വരാപ്പുഴയിൽ ഒരു ചെറുപ്പക്കാരന്റെ മരണത്തിലാണ് അത് കലാശിച്ചത്. ഒരു നടപടിയുമെടുത്തില്ല. ആ കേസിൽ ശ്രീ. അനിൽ എന്ന ഉദ്യോഗസ്ഥനെ ആദ്യം സസ്പെന്റ് ചെയ്തു. സസ്പെൻഷൻ കഴിഞ്ഞ് ആരുമറിയാതെ സർവ്വീസിലേയ്ക്ക് മടങ്ങിവന്നു. ഇപ്പോൾ ഉന്നതസ്ഥാനത്ത് പോസ്റ്റിംഗുമായി. അത് ശരിയാണോ? ഇവിടെയാണ് ഒരു ഗവൺമെന്റിന്റെ നീതിബോധം ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇത് രാഷ്ട്രീയമാണെന്ന് അങ്ങ് തെറ്റിദ്ധരിക്കരുത്. ആ ഉദ്യോഗസ്ഥനെ ഡി.ഐ.ജി. ആക്കി. ഒരാളിന്റെ ഉരുട്ടിക്കൊലയ്ക്ക് ഉത്തരവാദിയായ ആളിനുവേണ്ടി ടൈഗർ ഫോഴ്സിനെയുണ്ടാക്കി. നിയമം ലംഘിച്ച്, കേസന്വേഷണത്തിന് പോയി. അതിന്റെ അവസാനത്തിലാണ് ഒരു ചെറുപ്പക്കാരന്റെ ജീവൻ നഷ്ടപ്പെട്ടത്. ഈ ഗവൺമെന്റ് അതിനെതിരെ എന്തെങ്കിലും നടപടിയെടുക്കണ്ടേ? പ്രൊമോഷൻ കൊടുക്കുന്നതിനുപകരം അതിനുള്ള സാധ്യത ഒഴിവാക്കുകയാണ്. നിങ്ങൾ ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാക്കിയാലും പി.എസ്.സി.-യിൽ നിന്നുമുള്ള സെലക്ഷൻ കമ്മിറ്റി വരില്ലേ? അവർ കുറ്റക്കാരാണെങ്കിൽ പ്രൊമോഷൻ കമ്മിറ്റിയിൽ സീൽഡ് കവറിൽ അത് പോകില്ലേ? കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർ ഡി.പി.സി.-യുടെ മുന്നിൽ വന്നാൽ ഡി.പി.സി. അവർക്ക് ക്ലിയറൻസ് കൊടുക്കില്ലെന്ന് അങ്ങേയ്ക്കറിയാമല്ലോ? ഡി.പി.സി.-ക്ക് ക്ലിയറൻസ് കൊടുക്കാതെ സീൽഡ് കവറിൽ പോകണ്ടേ? കുഴപ്പക്കാരെ അവിടെവച്ച് തടഞ്ഞുനിർത്താൻ സാധിക്കും. കേരളത്തിൽ നിലനിൽക്കുന്ന ഇന്നത്തെ ഈ ദുരവസ്ഥയിലും എല്ലാ പണികളും ചെയ്യാൻ വിധിക്കപ്പെട്ട ആളുകൾക്കുള്ള വേദനയും ദുഃഖവും പോലീസുകാർ അറിയേണ്ടതല്ലേ? പോലീസിന്റെ നടപടി ഒരു ഗവൺമെന്റ് നിയന്ത്രിക്കണം. അത് വേണ്ടെന്ന് എനിക്ക് പക്ഷമില്ല. പോലീസ് നീതിപൂർവ്വവും നിശ്ചയദാർഢ്യത്തോടുംകൂടി പ്രവർത്തിക്കണം. സഭയും കേരളവും ഇന്ന് ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന മാവോയിസ്റ്റ് പ്രശ്നങ്ങളുണ്ട്. ഈ പാവപ്പെട്ട ആളുകളെ കാട്ടിലേയ്ക്ക് വിടുകയാണ്. കാട്ടിൽപോയി അവർ എന്തുചെയ്യും? അവന്റെ വാശിയും ഉശിരും കാണിക്കുന്നത് മറ്റുള്ളവരുടെ മേലിലാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് നിരപരാധികളായ ആളുകളാണ് ഇതിന്റെ ഫലം അനുഭവിക്കുന്നത്. അതിന്റെ ഏറ്റവും നല്ല ഉദാഹരണമല്ലേ ഇവിടെ മാവോയിസ്റ്റുകളായി വന്നവരെ

വെടിവച്ചുകൊന്നത്. അട്ടപ്പാടിയിൽ നടന്ന സംഭവം അങ്ങ് അംഗീകരിക്കുന്നുണ്ടോ? ഞങ്ങൾ മാവോയിസ്റ്റുകൾക്കെതിരാണ്. മാവോയിസ്റ്റ് മൂവ്മെന്റ് ശരിയല്ലെന്ന പക്ഷക്കാരനാണ്. പക്ഷേ അവരെ വെടിവച്ചുകൊല്ലാനുള്ള അധികാരം നമുക്കില്ല. നമ്മുടെ കയ്യിലിരിക്കുന്ന എ.കെ. 47 വേറൊരു നിരപരാധിയെ വെടിവയ്ക്കുന്നതിനു വേണ്ടിയുള്ളതാണോ? എനിക്ക് സെൽഫ് ഡിഫൻസിനുള്ള അധികാരമുണ്ട്. എന്നെ കൊല്ലുമെന്ന് തോന്നിയാൽ എനിക്ക് അതേ രൂപത്തിൽ തിരിച്ച് നടപടിയെടുക്കാം. പക്ഷേ, ഒരു പരിധിക്കപ്പുറത്തേയ്ക്ക്, എക്സസ് ആക്ഷനിലേയ്ക്ക് പോകരുതെന്ന് കോടതി പറയുന്നു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വിഷയത്തിൽനിന്നും മാറിയാണെങ്കിലും അങ്ങ് പറഞ്ഞതിൽ ഒരു സംശയം, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന ഘട്ടത്തിലാണ് ഈ സംഭവം നടക്കുന്നതെങ്കിൽ നിരവധി ആയുധങ്ങളുമായി, ഒരു എ.കെ. 47-നുമായി മാവോയിസ്റ്റ് സംഘം വന്നാൽ അങ്ങയുടെ പോലീസ് എന്തുചെയ്യുമായിരുന്നു?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഈ ചോദ്യം ചോദിച്ചത് നന്നായി, ഇതുസംബന്ധിച്ച വിശദാംശം എനിക്ക് ഇവിടെ പറയാമല്ലോ? ഇവിടെ തണ്ടർ ബോൾട്ട് രൂപീകരിക്കുന്നത് ഞങ്ങളുടെ ഭരണകാലത്താണ്. 178 പേരുള്ള ഒരു ബറ്റാലിയൻ കേരളത്തിൽ വരണമെന്ന് ആഗ്രഹിച്ചത് ഞങ്ങളാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വന്നതാണ്. ആളുകളെ വെടിവച്ചുകൊല്ലാൻ തണ്ടർ ബോൾട്ടിനോട് ഞങ്ങൾ പറഞ്ഞിട്ടില്ല. ഈ തണ്ടർ ബോൾട്ടിന് ഹൈദ്രാബാദിൽ വച്ച് എല്ലാവിധ പരിശീലനങ്ങളും നൽകിയത് ശ്രീ. വിജയകുമാർ എന്ന മലയാളിയാണ്. അദ്ദേഹവുമായി ചർച്ചചെയ്തു, ഞങ്ങൾക്ക് ഇക്കാര്യത്തിലൊരു സമീപനമുണ്ട്. ഞങ്ങളുടെ സമീപനം മാവോയിസ്റ്റുകളെ കണ്ടാലുടൻ വെടിവയ്ക്കുക എന്നതല്ല. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒന്നുരണ്ട് സംഭവങ്ങൾ വയനാട്ടിലുണ്ടായി. വൈകുന്നേരം ഏഴ് മണിമുതൽ ഒൻപത് മണിവരെയുള്ള സമയത്താണ് പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിൽ മാവോയിസ്റ്റുകൾ വന്ന് സ്റ്റഡി ക്ലാസ് എടുക്കുന്നതും മറ്റ് നടപടികളിലേയ്ക്ക് പോകുന്നതും ഭക്ഷണം ചോദിക്കുന്നതും അരി ചോദിക്കുന്നതും കൊണ്ടുപോകുന്നതും. അവരെ വെടിവച്ചുകൊല്ലാൻ ഞങ്ങൾ പറഞ്ഞിട്ടില്ല. ഒരുപക്ഷേ മാവോയിസ്റ്റുകൾ ചെന്നുകയറുന്ന വീടുകളിലെ ആളുകൾക്ക് വരുമാനമില്ലാത്തതുകൊണ്ട് മാവോയിസ്റ്റുകൾ കൊടുക്കുന്ന സ്റ്റഡി ക്ലാസ് ശരിയാണെന്ന് അവർ തെറ്റിദ്ധരിക്കും. അതുകൊണ്ട് 700 ആദിവാസി കുട്ടികൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ഞങ്ങൾ ജോലികൊടുത്തു. ജോലികിട്ടിയാൽ അവർക്ക് നാട്ടിൽ മാന്യതയുണ്ടാകും. അവർ കുടിലുകളിൽനിന്നും പുറത്തേയ്ക്ക് വരും. അവർ

സമൂഹത്തിന്റെ ഭാഗമാകും. അവർക്ക് പുതിയ അറിവുകളും കോൺടാക്റ്റുകളുമുണ്ടാകും. അതോടുകൂടി ഇവരുടെ ഭവനങ്ങളിൽ നടക്കാൻ സാധ്യതയുള്ള ഈ ദുരുപദേശത്തിന് അവർ കീഴടങ്ങാതിരിക്കും. കേരള ചരിത്രത്തിൽ ആദ്യമായി 700 ആളുകൾക്ക് ജോലികൊടുത്തത് ഞങ്ങളാണെന്ന സത്യം ശ്രീ. സി. കെ. ശശീന്ദ്രനുമറിയാം എന്ന് ഞാൻ കണക്കാക്കുകയാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് കേരളത്തിൽ മാവോയിസ്റ്റുകളുമായി ആദ്യത്തെ വെടിവയ്പ്പ് നടക്കുന്നത്. തൊണ്ടർനാട് പഞ്ചായത്തിലെ ചപ്പ കോളനിയിൽ മാവോയിസ്റ്റുകളുമായി അങ്ങോട്ടുമിങ്ങോട്ടും വെടിവയ്പ്പുണ്ടായി. ഭാഗ്യംകൊണ്ട് ആളപായമുണ്ടായില്ല. ശ്രീ. സുരേഷ് എന്ന പോലീസുകാരന്റെ വീട്ടിലിരുന്ന ബൈക്ക് ആളുകൾ കത്തിച്ചത് എല്ലാവർക്കും അറിയാവുന്നതാണ്. യോഗി എന്ന ആദിവാസിയെ വെടിവച്ചു കൊന്നത് നിങ്ങൾ ഭരണത്തിലിരിക്കുമ്പോഴാണ്. അത് ചെയ്തത് മാവോയിസ്റ്റുകളല്ല. സമരരൂപത്തിന് വ്യത്യാസമുണ്ട്. ആദ്യമായി കേരളത്തിൽ ഒരു ആദിവാസിയെ വെടിവച്ചുകൊല്ലുന്നത് യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇത് പറയാനായിരിക്കും കറങ്ങിത്തിരിഞ്ഞുവന്നത്. ഞാൻ പറഞ്ഞുവന്ന വിഷയം ഇവിടെ മാവോയിസ്റ്റുകളുമായി പോലീസ് ഏറ്റുമുട്ടിയിട്ടുണ്ടോ? ഇല്ല. ഇങ്ങോട്ട് വെടിവച്ചാൽ മുകളിലേയ്ക്ക് വെടിവയ്ക്കും. മാവോയിസ്റ്റുകളെ കൊല്ലാനല്ല വിരട്ടിയോടിക്കാൻ വേണ്ടിയാണ്. പോലീസ് സ്റ്റേഷനിലെ തോക്കുപോലും മാറ്റിവയ്ക്കുന്ന കാലഘട്ടമുണ്ടായിരുന്നു. ഇപ്പോഴത്തെ ഡി.ജി.പി.-യെ വിളിച്ചുവരുത്തി ചോദിക്കണം. കാട്ടിന്റെ മധ്യത്തിലുള്ള പതിനൊന്ന് പോലീസ് സ്റ്റേഷനകത്ത് തോക്ക് വച്ചാൽ മാവോയിസ്റ്റുകൾ കൊണ്ടുപോകുമെന്ന ഭയംകൊണ്ട് തോക്കുകൾ മാറ്റിവയ്ക്കുന്ന കാലഘട്ടമുണ്ടായിരുന്നു. അവിടെ ഫോറസ്റ്റ് ഉദ്യോഗസ്ഥരും ഗാർഡുകളും പുറത്തിറങ്ങുകയില്ല. അവരെല്ലാം അതിനകത്തുതന്നെയിരിക്കും. ആ സാഹചര്യം മാറിയില്ലേ? അട്ടപ്പാടിയിൽ മാവോയിസ്റ്റുകൾ വന്ന് ഫോറസ്റ്റ് ഓഫീസറെ ആക്രമിച്ചല്ലോ? അവിടംകൊണ്ട് അവസാനിച്ചില്ലേ? മാവോയിസ്റ്റുകൾ ഇതൊന്നും ചെയ്തിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ വെടിവച്ചുകൊന്നാൽ കിട്ടാൻ പോകുന്ന സഹതാപം നാളെ മാവോയിസം വർദ്ധിപ്പിക്കുന്നതിനേ ഇടയാകൂ. ആ പ്രവർത്തനത്തിലാണ് നിങ്ങളേർപ്പെട്ടത് എന്നുതന്നെയാണ് ഞങ്ങളുടെ പ്രധാനപ്പെട്ട ആക്ഷേപം.

ശ്രീ. എം. സ്വരാജ്: സർ, അങ്ങ് ഇവിടെ വിഷയത്തിൽനിന്നും മാറി കഴിഞ്ഞ ദിവസത്തെ സംഭവത്തെക്കുറിച്ച് പരാമർശിച്ചു. ആരായാലും വെടിവെയ്പ്പിൽ കൊല്ലപ്പെടുന്നത് ദുഃഖകരമാണ്. അത്തരം സാഹചര്യങ്ങളുണ്ടാകരുതെന്നാണ്

ഞങ്ങളെല്ലാം ആഗ്രഹിക്കുന്നത്. അങ്ങയുടെ പ്രസംഗത്തിനിടയിൽ 'ഈ നിരപരാധികളെ വെടിവച്ച് കൊന്നാൽ' എന്നവാക്ക് ഉപയോഗിച്ചു കേട്ടു. ഇന്ത്യയിലാകെ മാവോയിസ്റ്റുകൾ ഒറ്റ ഗ്രൂപ്പാണ്. അവരിൽനിന്നാണ് ആളുകൾ കേരളത്തിലേയ്ക്കും വരുന്നത്. ഇപ്പോൾ കൊല്ലപ്പെട്ടതും ഇവിടെയുള്ളവരല്ല. മാവോയിസ്റ്റുകൾ കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ഇന്ത്യയിൽ പന്ത്രണ്ടായിരം പേരെ കൊലപ്പെടുത്തിയിട്ടുണ്ട്. ആയിരത്തിമുന്നൂറ് സൈനികരെയും പോലീസുൾപ്പടെയുള്ളവരെയും 9700-ഓളം ആദിവാസികൾ ഉൾപ്പടെയുള്ള സിവിലിയന്മാരെയും. അങ്ങയുടെ പാർട്ടിയുടെ പി.സി.സി. പ്രസിഡന്റ് നന്ദകുമാർ പട്ടേലിനെയും കർമ്മയുമുൾപ്പടെയുള്ളവരെയും കൊന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ട ആളുകളെ കണ്ടാൽ വെടിവച്ചുകൊല്ലണമെന്നുവച്ചാൽ പാടില്ല എന്ന അഭിപ്രായംതന്നെയാണ് എനിക്കുമുള്ളത്. പക്ഷേ തലയ്ക്ക് വിലയിടപ്പെട്ടവരെ ഈയൊരുഘട്ടത്തിൽ നിരപരാധികളെന്ന് അങ്ങയെപ്പോലൊരു മുൻമന്ത്രികൂടിയായ ആൾ വിശേഷിപ്പിക്കാമോ? ഈ ഘട്ടത്തിൽ അങ്ങനെ വിലയിരുത്തുന്നത് ശരിയാണോ? അന്വേഷണം നടത്തി അവരുടെ നിരപരാധിത്വം തെളിയിക്കട്ടെ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീ. എം. സ്വരാജ്, ഞാൻ തർക്കിക്കാൻ പറയുന്നതാണെന്ന് തെറ്റിദ്ധരിക്കരുത്. ഒരു എൻകൗണ്ടറിൽ എങ്ങനെയാണ് പുറത്ത് വെടികൊള്ളുന്നത്; അത് കോടതി തീരുമാനിച്ചോട്ടെ. അങ്ങ് ഒരു തോക്കെടുത്ത് എന്നെ വെടിവയ്ക്കാൻ ശ്രമിക്കുന്നുവെന്ന് ഇരിക്കട്ടെ. ഞാൻ ഭയപ്പെട്ട് ഓടുകയാണ്. എന്റെ പുറകിൽ വെടിവച്ചാൽ പുറകിലല്ലേ കൊള്ളുകയുള്ളൂ. അതൊരു എൻകൗണ്ടർ ആകുമോ. ഓടി രക്ഷപ്പെടാൻ പോകുന്നൊരാളിന്റെ പുറകിൽ വെടിവച്ചാൽ എൻകൗണ്ടർ ആകുമോ?

<u>ശ്രീ. എം. സ്വരാജ്</u>: സർ, കഴിഞ്ഞ ദിവസം കൊല്ലപ്പെട്ട മണിവാസകം എന്നുപറയുന്ന ആളിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് സംബന്ധിച്ച വാർത്തയിൽ അദ്ദേഹത്തിന്റെ നെറ്റിയിലാണ് വെടിയേറ്റത് എന്നാണ് കണ്ടത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ വായിച്ചിട്ടുള്ള മാർക്സിയൻ ചിന്തകളെ സംബന്ധിച്ച് മാവോയിസത്തെ എങ്ങനെ നേരിടണം എന്ന് അതിൽ എഴുതിയിട്ടുണ്ട്. വെടിവയ്ക്കണം എന്ന് ഒരിടത്തും ഉപദേശിച്ചിട്ടില്ല. മാവോയിസം ഒരു തിയറിയായി വിശ്വസിക്കുന്നവരെ മടക്കിക്കൊണ്ടുവരാൻ കഴിയണം. അത് സാധിച്ചില്ലെങ്കിൽ സ്വാഭാവികമായും വെടിവച്ച് അവരെ എല്ലാവരെയും കൊന്നൊടുക്കി അവരുടെ പ്രേതത്തിന് മുകളിൽ ഒരു സാമ്രാജ്യം ഉണ്ടാക്കാൻ പറ്റുമോ; അതുകൊണ്ട് ഈ സമീപനം, തോക്കെടുത്ത് ഇതുപോലൊരു കാര്യത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയില്ല എന്നുള്ള എന്റെ നിലപാടാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുൻ ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോലീസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്രമായ നിർദ്ദേശങ്ങളും ചർച്ചകളുമൊക്കെ മുന്നോട്ടുവയ്ക്കുകയാണ്. മാവോയിസ്റ്റ് വേട്ട നടന്ന അട്ടപ്പാടിയിലെ ആദിവാസി കോളനിയിൽ പാലക്കാട് എം.പി. ആയ ശ്രീ. വി. കെ. ശ്രീകണ്ഠന്റെ നേതൃത്വത്തിൽ കുറെ മാധ്യമപ്രവർത്തകർ ഇന്നലെ സന്ദർശനം നടത്തുകയുണ്ടായി. അവിടെ ചെന്നപ്പോൾ അവിടെ മാവോയിസ്റ്റുകൾ എന്തെങ്കിലും അതിക്രമം നടത്തിയതിന്റെയോ മറ്റുകാര്യങ്ങളോ ഒന്നുമില്ല എന്ന് അവിടത്തെ ആദിവാസികൾ പറയുന്ന റിപ്പോർട്ടും ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു, നിരപരാധികളെ വെടിവയ്ക്കുകയായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്കറിയുമോ; "ശത്രുക്കളെ കൊന്ന് ചോരക്കുടൽമാല ധരിക്കുവിൻ, വാരിക്കുന്തങ്ങളെക്കൊണ്ട് രാജ്യം വെട്ടിപ്പിടിക്കുവിൻ" എന്ന 1964 -ന് ശേഷമുള്ള സി.പി.ഐ.(എം)-ന്റെ തെറ്റായ നടപടിയാണ് ഇത്തരം തീവ്രവാദ പ്രസ്ഥാനങ്ങൾ ഈ രാജ്യത്ത് വർദ്ധിക്കാൻ കാരണമായതെന്ന് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഒന്ന് പറഞ്ഞോട്ടെ. ഞാൻ വഴങ്ങിത്തരാം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പി. ടി. തോമസ് ആറ് മാസം മുമ്പ് ഈ നിയമസഭയിൽ ഇതുപോലെ തെറ്റായ ഒരു കാര്യം പറഞ്ഞു. റഷ്യയിലെ Kulkovsky എന്നൊരു കവിയുണ്ട്. അദ്ദേഹം 'ചോര താ, ചോര താ' എന്ന് കവിതയെഴുതി എന്നുപറഞ്ഞു. അങ്ങനെയൊരു സംഭവമില്ലെന്ന് പിന്നീട് പറഞ്ഞു. ഇപ്പോൾ പറയുകയാണ്, സി.പി.ഐ.(എം)-ന്റെ പരിപാടി വെടിവച്ചു കൊല്ലാനാണെന്ന് എവിടെയാണ് പറയുന്നത്; താങ്കൾ എന്തിനാണ് അങ്ങനെ പറയുന്നത്; ഇങ്ങനെയൊക്കെ എഴുതിവയ്ക്കാൻ വിഡ്ഢികളാണോ; അങ്ങനെയൊന്നുമില്ല. ഞാൻ അത് റിമൂവ് ചെയ്യണമെന്ന് പറയുകയാണ്. ഇങ്ങനെയൊക്കെ പറയുന്നത് അങ്ങയെപ്പോലെ സീനിയറായ ഒരാൾക്ക് നല്ലതല്ല എന്ന് ഒരിക്കൽക്കൂടി പറയുകയാണ്. ഇനി ഒന്നിനും മറുപടി പറയുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ തോക്കെടുത്തോ വെടിവച്ചുകൊന്നോ ഒരു രാജ്യത്തിന് നിലനിൽക്കാൻ കഴിയില്ല. നമ്മളിൽ നിന്ന് വ്യത്യസ്ത തിയറിയുള്ള ആളുകളുണ്ടാകും. അവർ ഒരു പ്രത്യയശാസ്ത്രമായി അത് വിശ്വസിക്കുകയാണ്. അവരെ മടക്കിക്കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. കുന്നിക്കൽ ശ്രീ. നാരായണനും ശ്രീമതി മന്ദാകിനിയും ശ്രീമതി അജിതയും

ഉൾപ്പെടെയുള്ളവർ ഒരുകാലത്ത് എങ്ങനെ നിന്നിരുന്നു എന്നുള്ളത് നിങ്ങൾക്കറിയില്ലേ; അജിത ഇപ്പോൾ പൊതുസമൂഹത്തോടൊപ്പമില്ലേ; അവർ മാനസികമായി മാറി എന്നുള്ളതല്ലേ അതിൽനിന്നും വിശ്വസിക്കേണ്ടത്. സാദ്ധ്യതകൾ ആരായാതെ വെടി വച്ചുകൊല്ലുന്നത് ഒരു പരിഹാരമാണെന്നുള്ള തീരുമാനം എടുക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ നിയമസഭയിൽ പറഞ്ഞു, 'അയ്യാ, അരി താ' എന്നുപറഞ്ഞ് പോയവരല്ല. നിരപരാധികളല്ല എന്നുപറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് പറയാൻ കാരണം. ഈ നിലപാട് ശരിയല്ല. നമ്മൾ 21-ാം നൂറ്റാണ്ടിലെ പരിഷ്കൃത സമൂഹത്തിൽ ജീവിക്കുന്നവരാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട തൃപ്പൂണിത്തറ മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം ചോദിച്ചു. അതിന്റെ അർത്ഥം അവർ നിരപരാധികളല്ല, കുഴപ്പമുണ്ടാക്കാൻ നടക്കുന്നവരാണ് എന്നാണ്. അങ്ങനെയാണെങ്കിൽ എന്തിനാണ് കെ. കരുണാകരൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് കേരളത്തിലെ നക്സലിസം അക്രമത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് കടന്നപ്പോൾ പല വീടുകളിലും കയറി പല ആളുകളെയും കൊലപ്പെടുത്തുകയും പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും ചെയ്ത് ഒരു ഭീകരാവസ്ഥ സൃഷ്ടിക്കാൻ ശ്രമിച്ചപ്പോൾ അന്നത്തെ ആഭ്യന്തര വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു. അച്യുതമേനോന്റെ പിന്തുണയോടുകൂടി നടപടി സ്വീകരിച്ചതിനെ നിങ്ങൾ വിമർശിച്ചത് എന്ത് അർത്ഥത്തിലാണെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിമർശിച്ചുവെന്ന് മാത്രമല്ല. അന്നും കെ. കരുണാകരൻ കാട്ടിൽ വെടിവച്ചിട്ടില്ല. അത് മനസ്സിലാക്കണം. നിയമത്തിന്റെ മുമ്പിലേ കൊണ്ടുവന്നിട്ടുള്ളൂ. ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടിക്രമത്തിലേയ്ക്ക് മാത്രമേ കൊണ്ടുവന്നിട്ടുള്ളൂ. ഇവരെ മനുഷ്യരായി കണ്ട് പൊതുജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ മാർക്സിസം പ്രസംഗിക്കുകയും ജീവിതക്രമമായി എടുക്കുകയും ചെയ്യുന്ന നിങ്ങളാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ പരാമർശിച്ചുകൊണ്ടാണ് പറയുന്നത്. കെ. കരുണാകരന്റെ കാലത്ത് കാട്ടിലേയ്ക്ക് വെടിവച്ചിട്ടില്ല എന്നുപറഞ്ഞു. ശരിയായിരിക്കാം. പക്ഷേ നിരപരാധിയായ, നിരായുധനായ വർഗ്ഗീസിനെ പിടിച്ചുകൊണ്ടുവന്ന് വെടിവച്ചുകൊന്നില്ലേ; അത് അന്നത്തെ ഗവൺമെന്റിന്റെ കല്പന അനുസരിച്ചല്ലേ ചെയ്തത്. മാധ്യമങ്ങളുടെ സഹായത്തോടെ അന്ന് അതൊക്കെ നടന്നു. പിന്നീട് അതിന്റെ നിജഃസ്ഥിതി പുറത്തുവന്നു. ശ്രീമതി അജിതയെ നിങ്ങളുടെ കാലത്ത് പീഡിപ്പിച്ചതിന്റെ ചിത്രങ്ങളൊക്കെ വന്നതല്ലേ;

എത്ര ഭീകരമായി പീഡിപ്പിച്ചു; അവരുടെ ജീവൻ നഷ്ടപ്പെട്ടിട്ടില്ല എന്നത് കാര്യം ശരിയാണ്. ഈ രണ്ടുകാര്യവും നിങ്ങളുടെ കാലത്ത് സംഭവിച്ചതല്ലേ; വർഗ്ഗീസിന്റെ കൊലപാതകത്തിലും ശ്രീമതി അജിതയെ പീഡിപ്പിച്ച കാര്യത്തിലും ഇപ്പോഴെങ്കിലും ഒരു മനസ്താപമുണ്ടോ; ഇപ്പോൾ ഇങ്ങനെയൊക്കെ പറയുന്നതിൽ അങ്ങേയ്ക്ക് regret തോന്നുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ regret-ഉം എന്റെ സമീപനവുമല്ലല്ലോ പ്രശ്നം. ഈ ഗവൺമെന്റിന്റെ സമീപനത്തെക്കുറിച്ചാണ് ഞാൻ ചോദിക്കുന്നത്?

ശ്രീമതി സി. കെ. ആശ: സർ, കെ. കരുണാകരന്റെ കാലത്ത് കാട്ടിലേയ്ക്ക് വെടിവച്ച് ആരുടെയും ജീവൻ കളഞ്ഞിട്ടില്ല എന്ന് അങ്ങ് ഇവിടെ പറഞ്ഞു. പക്ഷേ സമരം കഴിഞ്ഞുപോയ സമര സഖാക്കളുടെ തലച്ചോറിലേയ്ക്ക് വെടിവച്ച് കൊന്ന കാര്യം താങ്കൾ മറന്നുപോയോ; ധീരനായ രക്തസാക്ഷി ജയപ്രകാശിനെ ഞങ്ങൾക്കാർക്കും മറക്കാനായിട്ടില്ല. മറക്കുകയുമില്ല. അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് ഈ വിഷയത്തിൽപ്പെട്ടതല്ല.-

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. സ്വരാജ്: സർ, ഞാൻ വീണ്ടും അങ്ങയോട് ചോദിക്കാൻ കാരണം, അങ്ങ് സംസാരിക്കുമ്പോഴും അതിനിടയ്ക്ക് ബഹുമാനപ്പെട്ട പറവൂർ അംഗം സംസാരിക്കുമ്പോഴും ഞാൻ പറഞ്ഞ കാര്യമല്ല മനസ്സിലായതെന്ന് തോന്നുന്നു. ഈ വെടിവയ്പ്പിനെ ന്യായീകരിച്ചോ അത് ശരിയോ തെറ്റോ ആയ എൻകൗണ്ടർ ആണെന്നോ എന്നൊന്നുമല്ല ഞാൻ പറഞ്ഞത്. മറ്റിടങ്ങളിൽ മാവോയിസ്റ്റ് പ്രവർത്തനം നടത്തിയവരാണ് ഇപ്പോൾ കൊല്ലപ്പെട്ടത്. ആ സംഭവത്തെക്കുറിച്ച് അന്വേഷണം നടക്കുന്ന സമയത്ത് അവർ നിരപരാധികളാണെന്ന് മുൻ ആഭ്യന്തര വകുപ്പുമന്ത്രികൂടിയായ ഒരാൾ തീർപ്പുകൽപ്പിക്കുന്നത് ഉചിതമോയെന്ന് മാത്രമേ ഞാൻ ചോദിച്ചിട്ടുള്ളൂ. വർഗ്ഗീസ് സംഭവത്തെക്കുറിച്ചും മറ്റും ഇടയ്ക്ക് മെമ്പർ ചോദിച്ചത്, കോടതി തീർപ്പുകൽപ്പിച്ച് പോലീസ് ഓഫീസർക്ക് ശിക്ഷയും വിധിച്ച കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചോദിച്ചതുപോലെ ഞാൻ പറഞ്ഞു. ഞാൻ അതിൽ വിധികൽപ്പിക്കുന്നില്ല. അത് കോടതി ചെയ്യേണ്ട കാര്യമാണ്. ഞാൻ അവിടംകൊണ്ടുതന്നെ ആ സബ്ജക്ട് ക്ലോസ് ചെയ്തതാണ്.

നേരത്തെ ഇവിടെ പറഞ്ഞ രാജൻ കേസും അതുപോലുള്ള കേസുകളിലുമൊക്കെ നിങ്ങൾക്ക് രാഷ്ട്രീയ ഉന്നംകൂടി ഉണ്ടായിരുന്നു. അന്നത്തെ സർക്കാരിലെ മുഖ്യമന്ത്രി ആരായിരുന്നുവെന്ന് അറിയാമോ? ഞങ്ങളെല്ലാം ബഹുമാനിക്കുന്ന സി. അച്യുത മേനോനാണ്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു കെ. കരുണാകരൻ. രാഷ്ട്രീയമായ സമീപനമെടുത്ത് മുഖ്യമന്ത്രിയായിരുന്ന സി. അച്യുത മേനോനെക്കുറിച്ച് നിങ്ങൾ മിണ്ടുന്നേയില്ല. ഞങ്ങളും മിണ്ടില്ല. ഞങ്ങൾക്ക് അദ്ദേഹത്തെ നല്ല ബഹുമാനമാണ്. പക്ഷെ, നിങ്ങൾക്ക് രാഷ്ട്രീയ ലക്ഷ്യമുണ്ടായിരുന്നതുകൊണ്ട് കെ. കരുണാകരനെ വട്ടമിട്ടുപിടിക്കാൻ ശ്രമിച്ചു. അവിടെയാണ് ഞങ്ങൾ ഡിഫന്റ് ചെയ്തത്.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം വനിതകൾ മാത്രമുള്ള പിങ്ക് പോലീസിനെ സംബന്ധിച്ചാണ്. അവർക്ക് 12 മണിക്കൂർ ഡ്യൂട്ടി നൽകിയാൽ എങ്ങനെ നിൽക്കും? അവർക്കും കുടുംബമില്ലേ; രാവിലെ 7 മണി മുതൽ രാത്രി 12 മണി വരെ അവർക്ക് ജോലി ചെയ്യേണ്ടിവന്നാൽ കാര്യങ്ങൾ എവിടെപ്പോയി നിൽക്കും? അവരുടെ സ്ട്രെസ്സ് കുറയ്ക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഈ രൂപത്തിലുള്ള പോലീസുകാരുടെ പ്രശ്നങ്ങൾകൂടി ഗവൺമെന്റ് കാണണം. അത് പരിഹരിക്കുന്നതിനുള്ള നടപടികൂടി ഉണ്ടാകണം. അതല്ലാതെ പോലീസുകാർക്ക് ലഭിക്കാൻ സാധ്യതയുള്ള ഒരു പ്രൊമോഷനെക്കൂടി ഇല്ലാതാക്കാനുള്ള നടപടിയിലേയ്ക്ക് പോകരുത്. ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ടാക്കണം. ഇൻവെസ്റ്റിഗേറ്റേഴ്സിന് നല്ല ക്ലാസ്സും ട്രെയിനിംഗും വേണം. അതിന് ചില ആരംഭമൊക്കെ കുറിച്ചിരുന്നെങ്കിലും തുടങ്ങിയ സ്ഥലത്തുതന്നെ നിൽക്കുകയാണ്. അതിനപ്പുറത്തേയ്ക്ക് പോകാൻ കഴിയണം. വനിതാ പോലീസിന് കഴിയുമെങ്കിൽ രാത്രി 9 മണിക്കുശേഷം ഡ്യൂട്ടി നൽകരുത്. വനിതാ പോലീസുകാരുടെ ഡ്യൂട്ടി സമയം രാത്രി 10 മണിക്കുശേഷം ഒഴിവാക്കണം. ഇതുപോലുള്ള കാര്യങ്ങളെല്ലാം സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി നിൽക്കുകയാണ്. ചർച്ച വരട്ടെ. ചർച്ച വരുമ്പോൾ ഇവരിൽ പലരും നമ്മുടെ നിലപാടുകളോട് യോജിക്കുമെന്ന് എനിക്കറിയാം. അങ്ങനെ യോജിക്കുന്ന ഒരു നല്ല സുപ്രഭാതത്തിനുവേണ്ടി സ്വപ്നം കണ്ടുകൊണ്ട് ഞാനെന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. പോലീസിൽ അയ്യായിരത്തോളം ക്രിമിനലുകളുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. ഇന്ന് ഈ ബിൽ അവതരിപ്പിക്കുന്ന ദിവസം തന്നെ എന്റെ നിയോജകമണ്ഡലത്തിൽ ഒരു ദാരുണ സംഭവമുണ്ടായി. രാജു എന്ന് വിളിക്കുന്ന രാജഗോപാൽ (43 വയസ്സ്) വെങ്ങാനൂർ പനങ്ങോട് സ്വദേശിയാണ്. 15 ദിവസം മുമ്പ് കൂലിപ്പണി ചെയ്തുകൊണ്ടിരുന്ന

സ്ഥലത്തുനിന്നും പോലീസ് പിടിച്ചുകൊണ്ടുപോയി കള്ളക്കേസിൽ കുടുക്കി റിമാന്റ് ചെയ്തു. ഇന്ന് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകുന്ന വഴി രാജു മരണപ്പെട്ട വിവരം പോലീസിൽ അറിയിച്ചിരിക്കുകയാണ്. എത്ര ക്രൂരമായാണ് പോലീസ് പ്രതികളോട് പെരുമാറുന്നത്. ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുമ്പോൾ, കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 5 കസ്റ്റഡി മരണങ്ങൾ നടന്നു കഴിഞ്ഞിരിക്കുകയാണ്. അതിനുപുറമേയാണ് ഇന്ന് ഒരു മരണംകൂടി ഇവിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഈ ബിൽകൊണ്ട് പോലീസിലെ ക്രിമിനലുകളെയാണോ ലക്ഷ്യം വയ്ക്കുന്നത്, അതോ സാധാരണക്കാരായ, ലോ ലെവലിലുള്ള പോലീസുകാരെയാണോ? മേലുദ്യോഗസ്ഥരുടെ കീഴിൽ സാധാരണക്കാരായ പോലീസുകാരെ അടിമകളാക്കുന്ന ഒരു ഭേദഗതിയായാണ് ഇതിനെ കാണാൻ സാധിക്കുന്നത്. ബ്രിട്ടീഷ് കാലത്തെ പോലീസ് സംവിധാനം തിരിച്ചുകൊണ്ടു വരുന്ന ഒരു രീതിയിലേയ്ക്ക്, കൊളോണിയൽ സംസ്കാരത്തിലേയ്ക്ക് പോലീസിനെ കൊണ്ടു പോകുന്നതായാണ് കാണുന്നത്. ഈ ഭേദഗതിയിൽ പറഞ്ഞതുപോലെ, ചെറിയ തെറ്റുകൾ ചെയ്യുന്ന പോലീസുകാർക്ക് ലഭിക്കുന്ന ശിക്ഷണ നടപടികൾ സാധാരണയായി പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ പാടുള്ളതല്ല എന്നാണ് 101 (6) (എ) മുതൽ (ജെ) വരെ പറയുന്നത്. അത് ഏതൊക്കെയാണെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്.

(എ) പിഴ;

എങ്ങനെയാണ് പിഴ അടയ്ക്കുന്നത്? ഒരു പോലീസുകാരൻ പെറ്റി എഴുതുന്ന സമയത്ത് സെക്ഷൻ മാറി അത് മറ്റൊരു സെക്ഷനിലേയ്ക്ക് എഴുതുമ്പോൾ വരുന്ന തുകയുടെ കുറവ് അയാൾ ചെയ്ത ഒരു തെറ്റായി കണ്ടെത്തി അയാൾക്ക് ശിക്ഷ വിധിക്കുകയാണ്. അത് അയാളുടെ ജീവിതത്തെ മുഴുവൻ ബാധിക്കുന്ന പ്രൊമോഷൻ തകർക്കുന്ന ഒന്നാക്കി ഈ ഭേദഗതിയിലൂടെ മാറുകയാണ്.

(ബി) ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധിക ജോലി;

ഡ്രില്ലും കായിക പരിശീലനവും എപ്പോഴാണ് കൊടുക്കുന്നത്; 8 മണിക്ക് ഹാജരാകണം. പലവിധ കാരണങ്ങളാൽ 8.30-ന് എത്തിയാൽ അയാൾക്ക് ഡ്രില്ലും കായിക പരിശീലനവും. അയാളുടെ ജീവിതം പോകുകയല്ലേ. പിന്നെ സർവ്വീസിൽ പ്രൊമോഷൻ പൂർണ്ണമായും തടയപ്പെടുകയല്ലേ ഈ ഭേദഗതിയിലൂടെ ഉണ്ടാകുന്നത്. യൂണിഫോം പ്രോപ്പറല്ല, ബെൽറ്റ് നേരെ ഇട്ടിട്ടില്ല, ഷൂ പോളിഷ് ചെയ്തിട്ടില്ല എന്നിവയ്ക്കല്ലേ ശിക്ഷ. സ്വന്തം ഷൂ പോളിഷ് ചെയ്യാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന് ജീവിതാവസാനം വരെ പ്രൊമോഷൻ നിഷേധിക്കുന്ന സമീപനം ക്രിമിനലുകളെ പിടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണോ? ക്രിമിനലുകളെ പിടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ ഇന്നീ സംഭവം നടക്കുമായിരുന്നില്ല.

(ഡി) ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക;

ഒരു പോലീസുകാരൻ ഓട്ടോറിക്ഷയോ ടാക്സിയോ പിടിക്കുകയാണെങ്കിൽ യഥാസമയം കേസെടുത്ത് റിലീസ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായാൽ ആ ഓട്ടോറിക്ഷാ ഡ്രൈവറെ സംബന്ധിച്ചിടത്തോളം, കാർ ഡ്രൈവറെ സംബന്ധിച്ചിടത്തോളം നഷ്ടം സംഭവിക്കുകയാണ്. ഇന്ന് ഇറക്കേണ്ട വണ്ടി രണ്ട് ദിവസം കഴിഞ്ഞാണ് ഇറക്കാൻ സാധിക്കുന്നതെങ്കിൽ രണ്ട് ദിവസത്തെ വരുമാനം അദ്ദേഹത്തിന് നഷ്ടപ്പെടുന്നു. ബന്ധപ്പെട്ട കക്ഷിക്കുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ പേരിൽ അയാൾ കേസ് കൊടുത്താൽ ആ പോലീസുകാരനെതിരെ കേസെടുക്കാം. അങ്ങനെ അയാൾക്കൊരു ശിക്ഷ വന്നാൽ ജീവിതകാലം മുഴുവൻ അയാളുടെ പ്രൊമോഷൻ നിഷേധിക്കാനല്ലേ അത് ഉപകരിക്കുകയുള്ളൂ. പോലീസ് സ്റ്റേഷനിലേയ്ക്ക് വരുന്ന ഒരാളോട് മോശമായ ഭാഷ സംസാരിക്കുന്ന ഒരാളിന് പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകാനുള്ള ശിക്ഷയാണ്. പോലീസിന്റെ ഭാഷ നമുക്കെല്ലാം അറിയാം. ഇവിടെ ഇരിക്കുന്ന എത്രയോ അംഗങ്ങൾ പോലീസിന്റെ ഭാഷാപ്രയോഗത്തിന്റെ ഇരകളായിട്ടുണ്ട്. അങ്ങനെ ഒരു ദിവസം മോശമായൊരു ഭാഷ ഉപയോഗിച്ചുവെന്ന് റിപ്പോർട്ട് ചെയ്താൽ, അയാൾക്ക് ജീവിതകാലം മുഴുവനും പ്രൊമോഷൻ നഷ്ടപ്പെടുന്ന തരത്തിലുള്ളതാണ് ഈ ബില്ലിലെ നിർദ്ദേശങ്ങൾ. ഇത്തരത്തിലുള്ള ചെറിയ കുറ്റങ്ങൾ ചെയ്യുമ്പോൾ പ്രൊമോഷനെ ബാധിക്കുകയില്ല എന്നാണ് 2011-ലെ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. ആ വ്യവസ്ഥ എടുത്തുകളയുന്നതോടുകൂടി ഇവരുടെയെല്ലാം ഭാവിതന്നെ അവതാളത്തിലാകുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളതെന്ന് ഓർക്കണം. ചില ചെറിയ കുറ്റകൃത്യങ്ങൾ പോലീസുകാർതന്നെ ചെയ്യേണ്ടി വരുന്നത് ഗവൺമെന്റിന്റെ സമീപനം കൊണ്ടല്ലേ? പോലീസ് സ്റ്റേഷനിൽ ഒരു പരാതി ലഭിച്ചാൽ അത് അന്വേഷിച്ച് പോകാൻ ഒരു വാഹനമുണ്ടോ; സ്വന്തം ബൈക്കിൽ പെട്രോൾ അടിച്ച് അയാൾ ആ പരാതി അന്വേഷിച്ച് പോകണം. അതല്ലെങ്കിൽ അയാൾ ഓട്ടോറിക്ഷ പിടിച്ച് പോകേണ്ടി വരും. അങ്ങനെ പോകുന്നവർ സ്വന്തം പോക്കറ്റിൽനിന്നും ചെലവാക്കിയല്ല പോകുന്നത്, അവർ പെറ്റീഷനുമായി ബന്ധപ്പെട്ട വാദിയുടെയും പ്രതിയുടെയും കയ്യിൽനിന്നും പണം വാങ്ങുകയാണ് ചെയ്യുന്നത്. അപ്പോൾ ഗവൺമെന്റ് ചെയ്യേണ്ടത്, ഒരു പരാതി ലഭിച്ചാൽ അത് അന്വേഷിക്കുന്നതിനുള്ള സൗകര്യം പോലീസ് സ്റ്റേഷനിൽ ഒരുക്കുകയെന്നുള്ളതാണ്. അത് ചെയ്തിട്ട് നിങ്ങൾ ഈ നടപടി സ്വീകരിക്കണം. രണ്ടാമത്, പോലീസ് സ്റ്റേഷനിൽ സ്റ്റേഷനറി സാധനങ്ങളായ പേനയോ പേപ്പറോ ഇല്ലെന്നുള്ളതാണ്. അവിടെ പോകുന്ന

കക്ഷികളിൽനിന്നുമാണ് പലപ്പോഴും പോലീസുകാർ ഇത് വാങ്ങുന്നത്. ഗവൺമെന്റ് കൃത്യസമയത്ത് സ്റ്റേഷനറി സാധനങ്ങൾ സപ്ലൈ ചെയ്താൽ ഇങ്ങനെയൊരു സ്ഥിതിയുണ്ടാകുമോ? ഫോട്ടോസ്റ്റാറ്റ് മെഷീനിലെ ടോണർ ഇങ്ക് തീർന്നാൽ, പിന്നെ എഴുതി മുകളിലേയ്ക്ക് വിട്ട് ആ ടോണർ വാങ്ങുന്നതുവരെയുള്ള നടപടിക്രമങ്ങളിലേയ്ക്ക് കടക്കുമ്പോൾ ഒന്നരമാസത്തെ സമയമെടുക്കും. ഈ കാലയളവിനുള്ളിൽ ഫോട്ടോസ്റ്റാറ്റെടുത്ത് കേസ് കോടതിയിൽ ഹാജരാക്കണ്ടേ; കക്ഷികൾ കോപ്പി ആവശ്യപ്പെട്ടാൽ കൊടുക്കണ്ടേ? അങ്ങനെ വരുമ്പോൾ ഫോട്ടോകോപ്പിയും കക്ഷികളെ വിട്ടുതന്നെയാണ് പോലീസുകാർ എടുപ്പിക്കുന്നത്. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പരാതി അന്വേഷിച്ച് പോകുന്നതിന് ഇന്ധന അലവൻസ് കൊടുക്കാറുണ്ട്. പക്ഷെ കേരളത്തിലെ പോലീസുകാർക്ക് പരാതി അന്വേഷിച്ച് പോകുന്നതിനുള്ള ഇന്ധന അലവൻസ് കൊടുക്കുന്നില്ല. അപ്പോൾ ചെറിയ കുറ്റകൃത്യങ്ങൾപോലും ഗൗരവമായി കാണുമ്പോൾ ഇത്തരം കാര്യങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ എടുക്കേണ്ടതല്ലേ. ഇവിടെ പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷനറി സാധനങ്ങൾ കൊടുക്കാൻ പണമില്ല, എന്നാൽ ഉന്നത ഉദ്യോഗസ്ഥർ ആയിരക്കണക്കിന് ക്യാമറകളും സോഫ്റ്റ്‌വെയറും കമ്പ്യൂട്ടറുകളും വാങ്ങിക്കൂട്ടുകയാണ്. എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടുപോലും പുറത്ത് കാണിക്കുന്നില്ല, പരിശോധിച്ച് നോക്കണം. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറത്തിറക്കിയിട്ടുണ്ടോ? ഇത്തരത്തിൽ വൻ തുകയ്ക്കുള്ള പർച്ചേസ് നടത്തുമ്പോഴാണ് പോലീസ് സ്റ്റേഷനുകളിൽ അത്യാവശ്യംവേണ്ട സ്റ്റേഷനറി സാധനങ്ങൾപോലും സപ്ലൈ ചെയ്യാൻ സർക്കാരിന് സാധിക്കാതെ വന്നിരിക്കുന്നത്. അതുപോലെ ഇന്നയിന്ന കുറ്റങ്ങൾക്ക് ഇന്നയിന്ന ശിക്ഷകൾ കൊടുക്കണം എന്നത് Kerala Police Departmental Inquiries (Punishment and Appeal) Rules (KPDIP) -ൽ വ്യക്തമാക്കുന്നുണ്ട്. അതിനനുസരിച്ചുള്ള ശിക്ഷ കൊടുക്കാം. ഇവിടെ വളരെ ഗ്രേ ഒഫൻസ് ചെയ്യുന്നവരുടെ പ്രൊമോഷൻ തടയുന്നതിന് ഇതിലെ 101 (കെ) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്പോൾ ഗുരുതരമായ ക്രിമിനലുകളെ ലക്ഷ്യം വച്ചുകൊണ്ടുള്ളതല്ല ഈ ഭേദഗതിയെന്നുള്ളത് ശരിയാണ്. ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന പോലീസിലെ ക്രിമിനലുകളെ ശിക്ഷിക്കാൻ കൊടുക്കാവുന്ന ശിക്ഷകളാണ് (ഒ) നിർബന്ധിത വിരമിക്കൽ; (പി) നീക്കം ചെയ്യൽ; (ക്യൂ) പിരിച്ചുവിടൽ നടപടി എന്നിവ. പക്ഷെ ഇന്നിത് നടപ്പാക്കുന്നത് സാധാരണക്കാരായ പോലീസുകാരെ പിടികൂടുന്നതിനുവേണ്ടിയാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചു, ഒരു പോലീസ് ഓഫീസറുടെ മകൾ അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ കരണത്തടിക്കുന്ന സ്ഥിതിയുണ്ടായി. ഇനി ഇത്തരത്തിൽ കരണത്തടിച്ചാൽ പരാതിപോലും പറയില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ പുതിയതായി കൊണ്ടുവരുന്ന ഈ നിയമത്തിൽ, പോലീസുകാരുടെ ഷൂ പോളിഷ് ചെയ്തില്ല അല്ലെങ്കിൽ ബെൽറ്റ് ശരിയല്ല തുടങ്ങിയ കുറ്റങ്ങൾ കണ്ടുപിടിച്ച് അവരെ ശിക്ഷിക്കരുതെന്നാണ് പറയാനുള്ളത്. എറണാകുളം ജില്ലയിൽ ഒരു പൊതുപ്രവർത്തകൻ; അവിടത്തെ ഒരു വിദ്യാർത്ഥി സംഘടനയുടെ സമരവുമായി ബന്ധപ്പെട്ട് സ്ഥലം എസ്.ഐ.-യോട് എന്തിനാണ് ആ കുട്ടികളെ പിടിച്ചുകൊണ്ട് പോയതെന്ന് ഫോണിൽ വിളിച്ച് പറഞ്ഞതിന്റെ പേരിൽ എസ്.ഐ. ആ പൊതുപ്രവർത്തകനെ പ്രൊവോക്ക് ചെയ്ത് വളരെ രൂക്ഷമായ രീതിയിലാണ് സംസാരിച്ചത്. അത് റിക്കോർഡ് ചെയ്ത് മീഡിയകൾക്കടക്കം കൊടുക്കുകയും ചെയ്തു. എന്നിട്ട് ആ പോലീസ് ഉദ്യോഗസ്ഥൻ സിനിമയിലെ വലിയ ഹീറോയെപ്പോലെ, സ്വയം കുറെ ആളുകളെക്കൊണ്ട് ഫെയിസ് ബുക്കും വാട്സാപ്പും ഉൾപ്പെടെയുള്ള സമൂഹ മാധ്യമങ്ങളിലൂടെ വലിയ പ്രചാരണം നടത്തുകയും ചെയ്തു. ഇങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥർ ഇപ്പോഴും നമ്മുടെ സേനയിലുണ്ട്. യഥാർത്ഥത്തിൽ പൊതുപ്രവർത്തകരായ നമ്മളോരോരുത്തരും പല കാര്യങ്ങൾക്കായി, അത് വിദ്യാർത്ഥി സമരമാകട്ടെ, തൊഴിലാളി സമരമാകട്ടെ, മറ്റേതെങ്കിലും സമരമാകട്ടെ ആരെങ്കിലും ഒരു പരാതിയുമായി നമ്മുടെ മുമ്പിൽ വരുമ്പോൾ അത് എന്താണെന്ന് അന്വേഷിക്കുമ്പോൾ അതിന് യഥാവിധി മറുപടി കൊടുക്കാതെ അവരവർക്ക് ചാമ്പ്യന്മാരാകാൻ വേണ്ടി റിക്കാർഡ് ചെയ്യുകയും അത് പുറത്തുവിടുകയും ചെയ്യുന്നു. അങ്ങനെയുള്ള സംഭവങ്ങളുണ്ടാകുമ്പോൾ അവരെ നിയന്ത്രിക്കാൻകൂടി ഈ ബില്ലിൽ വ്യവസ്ഥയുണ്ടായിരിക്കണമെന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം അറിയാൻ എനിക്ക് താല്പര്യമുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അത് മാത്രമല്ല ഇപ്പോൾ പോലീസിൽ കണ്ടുവരുന്ന ഒരു പ്രവണത, സാധാരണ നിലയിൽ നമ്മൾ ഒരു അന്വേഷണം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുന്നത് ഉന്നത തസ്തികയിലുള്ള ഓഫീസർമാരോടാണ്. അവർ നേരെ പത്രമാധ്യമങ്ങൾക്ക് വിവരം കൊടുക്കുന്ന പ്രവണത പോലീസിനകത്തുള്ളത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, പലപ്പോഴും ഉത്തരേന്ത്യയിൽ നിന്നുള്ള, മലയാളം നന്നായി അറിയാത്ത ഐ.പി.എസ്. ഉദ്യോഗസ്ഥരാണ് ഇവിടെ ഇരിക്കുന്നത്. അവരുടെ കയ്യിൽ സാധാരണക്കാരായ ലോവർ ഗ്രേഡിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട് വന്നാൽ വായിച്ചുപോലും നോക്കാതെ അവരെ ശിക്ഷിക്കുന്ന നടപടികളാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. അതുകൊണ്ട് ഈ നിയമം ഉദ്ദേശിക്കുന്നത് പോലീസിലെ

കുറ്റവാളികളെ പിടിക്കാനല്ല. വാളയാർ കേസ് അന്വേഷിച്ച് ആദ്യത്തെ കേസിൽ കൃത്യമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ രണ്ടാമത്തെ കേസ് ഉണ്ടാകുമായിരുന്നില്ല. കുറ്റം ചെയ്ത ക്രിമിനലുകളെ പിടിക്കാനല്ല ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അങ്ങനെ ചെയ്തിട്ടുള്ളവരെ പിടിക്കാനാണെങ്കിൽ അവരെ പിരിച്ചുവിടാനും അവരെക്കൊണ്ട് നിർബന്ധിത വിരമിക്കലെടുക്കാനും അവർക്കെതിരെ നടപടിയെടുക്കാനും ഇപ്പോൾത്തന്നെ നിയമത്തിൽ വ്യവസ്ഥയുണ്ട്. സാധാരണ പോലീസുകാരെ മേലുദ്യോഗസ്ഥർ എന്ത് പറഞ്ഞാലും അത് അടിമകളെപ്പോലെ അനുസരിക്കണമെന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇത് 'കേരള കൗമുദി' ദിനപ്പത്രത്തിലെ ഒരു വാർത്തയാണ്. 'കാക്കിയുടെ അധികാര ഗർവ്വിൽ ഇരകളായി കീഴുദ്യോഗസ്ഥന്മാർ' (പത്രം ഉയർത്തിക്കാട്ടി) അക്ഷരാർത്ഥത്തിൽ അതിനുള്ള ഒരു പ്രോത്സാഹനവും പിന്തുണയുമായിട്ടല്ലേ ഈ നിയമം ഇന്നിവിടെ കൊണ്ടുവന്നിരിക്കുന്നത്. ഒരു എസ്.എച്ച്.ഒ.-യ്ക്കെതിരെ അന്വേഷണം നടത്തണമെങ്കിൽ പ്രിലിമിനറി എൻക്വയറി നടത്തി ഡി.ജി.പി.-യാണ് ഉത്തരവിടേണ്ടത്. എന്നാൽ ആ സ്റ്റേഷനിലെതന്നെ സിവിൽ പോലീസ് ഓഫീസർക്കെതിരെ ഒരു പരാതി വന്നാൽ അതിനെതിരെ പ്രിലിമിനറി എൻക്വയറി നടത്തേണ്ടത് അവിടത്തെ എസ്.എച്ച്.ഒ. ആണ്. പ്രിലിമിനറി എൻക്വയറിയുടെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ടാൽ ആ കുറ്റം ശരിവയ്ക്കുകയാണ് മുകളിലുള്ള അന്വേഷണം. അങ്ങനെ വരുമ്പോൾ എസ്.എച്ച്.ഒ. പറയുന്ന നിയമവിരുദ്ധവും നിയമവിധേയവുമല്ലാത്ത എല്ലാ കാര്യങ്ങൾക്കും സ്റ്റേഷനിലെ സാധാരണക്കാരനായ പോലീസുകാരൻ വഴങ്ങിക്കൊടുക്കേണ്ടി വരികയാണ്. വീട്ടുജോലിയും മറ്റെല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കേണ്ടി വരികയാണ്. അല്ലെങ്കിൽ ജീവിതകാലം മുഴുവൻ പ്രൊമോഷൻ കിട്ടാതെ സർവ്വീസ് അവസാനിപ്പിച്ചുപോകാൻ അവനെ നിർബന്ധിതനാക്കുന്ന ഒരു നിയമഭേദഗതിയാണ് ഇവിടെ സർക്കാർ കൊണ്ടുവരുന്നത്. എത്ര അനീതിയും അന്യായവുമായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. പോലീസിലെ ക്രിമിനലുകളെ സംരക്ഷിക്കാനും സാധാരണക്കാരായ പോലീസുകാരെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ അടിമകളാക്കാനും ലക്ഷ്യംവച്ചുകൊണ്ടുള്ള ഭേദഗതിയാണിത്. അല്ലാതെ യാതൊരു കാര്യവുമില്ല. മൂലനിയമത്തിന്റെ ലെജിസ്ലേറ്റീവ് ഇന്റൻഷൻ തന്നെ, സബ് സെക്ഷൻ 6 ഒമിറ്റ് ചെയ്യാതെ നിലവിൽ നമുക്കത് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇത്തരത്തിലുള്ള മാറ്റം തീർച്ചയായും യാതൊരു ഗുണവും പോലീസ് സേനയിൽ ഉണ്ടാക്കാൻ പോകുന്നില്ലെന്ന് മാത്രമല്ല, സാധാരണക്കാരായ പോലീസുകാരുടെ ധാർമ്മിക ശക്തി ഇല്ലാതാക്കുകയും വിടുപണി ചെയ്യാനും വീട്ടുവേല ചെയ്യാനും പോലീസ് ഉദ്യോഗസ്ഥരെ നിർബന്ധിതമാക്കുകയും ചെയ്യുന്ന സാഹചര്യവുമാണ് ഇതുണ്ടാക്കുന്നതെന്ന് ഈ അവസരത്തിൽ പറയാനാഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി നേരത്തെ ഇവിടെ പറയുകയുണ്ടായി, ജനങ്ങൾക്കെല്ലാം കാര്യങ്ങൾ ബോധ്യമായതുകൊണ്ടാണ് വട്ടിയൂർക്കാവിൽ തങ്ങൾ ജയിച്ചതെന്ന്.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ കോളത്തിൽ എഴുതിയിരുന്ന വോട്ടുകളാണ് ഇന്നിപ്പോൾ അസംബ്ലി ഇലക്ഷനിൽ എൽ.ഡി.എഫ്.-ന്റെ കോളത്തിലേയ്ക്ക് എഴുതിയിരിക്കുന്നത്. കൃത്യമായി ആർ.എസ്.എസ്.-ന്റെ വോട്ട് മാറി എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വട്ടിയൂർക്കാവിൽനിന്നും വിജയിച്ച ശ്രീ. വി. കെ. പ്രശാന്ത് ഇവിടെ ഇരിക്കുന്നുണ്ട്. ശ്രീ. വി. കെ. പ്രശാന്ത് പുഞ്ചിരിക്കുന്നതുതന്നെ താമരപ്പൂ വിരിയുന്നത് പോലെയാണ്. നിങ്ങളുടെ മൂന്നര വർഷക്കാലത്തെ ഭരണത്തെ വിലയിരുത്തിയല്ല വട്ടിയൂർക്കാവിലെ ജനങ്ങൾ വോട്ട് ചെയ്തത്. ആർ.എസ്.എസ്.-ന്റെ കൃത്യമായ ഇടപെടൽ ഈ വിജയത്തിന് പിന്നിലുണ്ട് എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി പ്രസ്സ് ചെയ്യുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 11-8-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ അവതരണത്തുടക്കത്തിൽ ശ്രീ. എം. ഉമ്മർ, എം.എൽ.എ. ഉന്നയിച്ചിട്ടുള്ള തടസ്സവാദം നിലനിൽക്കും. ഇവിടെ 6 (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷാനടപടികൾ സാധാരണക്കാരനായ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമായി പരിഗണിക്കാൻ പാടുള്ളതല്ല എന്നുപറയുന്നു. അതിലൊന്ന് പിഴ, താക്കീത്, ശാസന എന്നിങ്ങനെയുള്ള ചെറിയ ശിക്ഷാനടപടികളാണ്. അങ്ങനെ ചെറിയ ശിക്ഷാനടപടികൾ ലഭിച്ചിട്ടുള്ള ആയിരക്കണക്കിന് പോലീസുകാർക്ക് അവർ നേരത്തെ ചെയ്തുപോയ തെറ്റിന് 2019 ജനുവരി 01-ാം തീയതിക്കുശേഷം മുൻകാല പ്രാബല്യത്തോടുകൂടി അവരുടെ പ്രൊമോഷൻ തടയപ്പെടുന്ന സാഹചര്യമുണ്ടാകാൻ പോവുകയാണ്. ആയിരക്കണക്കിന് പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ അകാരണമായി തടഞ്ഞുവയ്ക്കുന്ന ഒരു ഭേദഗതിയായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. യഥാർത്ഥത്തിൽ കേരളത്തിലെ പോലീസിനെ അടിമുടി മാറ്റാൻ ആവശ്യമായ സംവിധാനമുണ്ടാക്കണം. എല്ലാ വകുപ്പുകളിലും മാറ്റമുണ്ടായി. എന്നാൽ ഇതുവരെ മാറാത്ത വകുപ്പ് പോലീസാണ്. പോലീസ് ഉദ്യോഗസ്ഥർക്ക് കാലാനുസൃതമായ ട്രെയിനിംഗില്ല. അവർക്ക് മുമ്പെങ്ങോ ലഭിച്ച ട്രെയിനിംഗാണ്. പോലീസ് സേനയിൽ ആദ്യം വരുമ്പോൾ ഒമ്പത് മാസത്തെ ട്രെയിനിംഗ് ലഭിക്കും. ഒൻപത് മാസം കഴിഞ്ഞാൽ പിന്നീട് പാസ്സിംഗ് ഔട്ടായി. എസ്.ഐ.-മാർക്ക് 13 മാസത്തെ ട്രെയിനിംഗ് കിട്ടും.

പോലീസിൽ ട്രെയിനിംഗ് ലഭിക്കുന്നത് ഐ.പി.എസ്.-കാർക്ക് മാത്രമാണ്. ഐ.പി.എസ്.-കാർ ജനങ്ങളുമായി ബന്ധപ്പെടുന്നതല്ല. ജനങ്ങളുമായി ബന്ധപ്പെടുന്ന സാധാരണ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം ലഭിക്കാത്തതു കൊണ്ടാണ് യഥാർത്ഥത്തിൽ ഈ പോലീസ് മാറാതെ നിൽക്കുന്നത്.

ഇവിടെ സംസാരിച്ചവരൊക്കെ പോലീസ് ഭാഷയെക്കുറിച്ച് പറയുകയുണ്ടായി. പോലീസ് ഭാഷ എന്നൊരു ഭാഷയുണ്ടോ മലയാളത്തിൽ; അവർ എന്തുകൊണ്ട് പോലീസ് ഭാഷ ഉപയോഗിക്കുന്നു. ആ ഭാഷ മാറ്റാനാവശ്യമായ പരിശീലനം എന്തുകൊണ്ട് നൽകുന്നില്ല; പോലീസ് സ്റ്റേഷനിൽ ഇപ്പോഴും ഒരാൾക്ക് ധൈര്യമായി പെറ്റീഷനുമായി കയറിച്ചെല്ലാൻ കഴിയില്ല. പോലീസ് സാധാരണ പൗരനോട് സ്വീകരിക്കുന്ന, അവർ ഉപയോഗിക്കുന്ന ഭാഷ ഒരിക്കലും നമുക്ക് കേൾക്കാനും പറയാനും കഴിയാത്ത രീതിയിലാണ്. അതിൽ എന്തുകൊണ്ട് മാറ്റമുണ്ടാകുന്നില്ല; ഇത്തരത്തിൽ ഭാഷ പ്രയോഗിക്കാൻ പോലീസ് ഉദ്യോഗസ്ഥർ തയ്യാറാകുന്ന സാഹചര്യം ഉണ്ടാകുന്നത് യഥാർത്ഥത്തിൽ മേലുദ്യോഗസ്ഥരുടെ അമിതമായ ശാസനയും പെരുമാറ്റവുമൊക്കെക്കൊണ്ടാണ്. ഇപ്പോഴും മേലുദ്യോഗസ്ഥരുടെ മുൻപിൽ ഇരിക്കാൻപോലും കഴിയാത്ത ഒരു വിഭാഗമുണ്ടെങ്കിൽ അത് പോലീസ് ഉദ്യോഗസ്ഥരാണ്.

പോലീസ് സേനയിൽ ആത്മഹത്യ കൂടുന്നു എന്നാണ് വാർത്ത. എന്തിന്റെ പേരിലാണ് ആത്മഹത്യ കൂടുന്നത്; അമിത ജോലിഭാരം, മേലുദ്യോഗസ്ഥരുടെ തട്ടിക്കയറൽ, രാഷ്ട്രീയ സമ്മർദ്ദങ്ങൾ, കുടുംബത്തിനോടൊപ്പം സമയം ചെലവഴിക്കാനാകാത്ത അവസ്ഥ തുടങ്ങി നിരവധി പ്രശ്നങ്ങളാൽ കീഴ്ത്തട്ടിലുള്ള പോലീസ് ഉദ്യോഗസ്ഥർ താങ്ങാനാകാത്ത സമ്മർദ്ദത്തിലാണ്. അഞ്ച് വർഷത്തിനിടെ 64 പോലീസ് ഉദ്യോഗസ്ഥരാണ് ആത്മഹത്യ ചെയ്തത്. എന്തുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർ ഇങ്ങനെ ആത്മഹത്യയിലേയ്ക്ക് പോകുന്നു എന്നതുസംബന്ധിച്ച് പരിശോധന നടത്താൻ തയ്യാറാകണം. നിലവിലുള്ള Kerala Police Departmental Inquiries (Punishment and Appeal) Rules അനുസരിച്ച് വകുപ്പുതല നടപടി വന്നാൽ ഇത്ര വർഷം പ്രൊമോഷൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ആ വ്യവസ്ഥകളൊന്നും പാലിക്കപ്പെടുന്നില്ല. ഇതിലൊക്കെ വിവേചനം കാണിക്കുകയാണ്. രാഷ്ട്രീയമായും മറ്റു തരത്തിലുള്ള ഇടപെടലിന്റെയും ഭാഗമായി വിവേചനം കാണിക്കുന്നു.

കേരളത്തിൽ കുറ്റകൃത്യത്തിൽ ഏർപ്പെട്ടിട്ടുള്ള പോലീസുകാർ, അഴിമതി നടത്തിയിട്ടുള്ളവർ, മോശമായ പെരുമാറ്റം നടത്തിയിട്ടുള്ളവർ, മണൽക്കടത്ത്, സ്വർണ്ണക്കടത്ത് തുടങ്ങിയ കാര്യങ്ങളിൽ പ്രതികൾക്കൊപ്പം ചേർന്നിട്ടുള്ള

പോലീസ് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് നേരത്തെ സ്പെഷ്യൽ ബ്രാഞ്ച് തയ്യാറാക്കിയിട്ടുണ്ട്. അയ്യായിരത്തിലധികം ക്രിമിനലുകൾ പോലീസിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. പോലീസിലെ ക്രിമിനലുകളുടെ എണ്ണം വർദ്ധിപ്പിക്കാനല്ല ശ്രമിക്കേണ്ടത്. ക്രിമിനലുകളുടെ എണ്ണം കുറച്ച് കൊണ്ടുവരാൻ കഴിയണം. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. വി. എസ്. അച്യുതാനന്ദന്റെയും ഭരണകാലഘട്ടങ്ങളിൽ തയ്യാറാക്കിയ ആ ലിസ്റ്റിൽ ഉൾപ്പെട്ട ക്രിമിനൽ സ്വഭാവമുള്ള, അഴിമതി നടത്തിയിട്ടുള്ള, സ്വഭാവദൂഷ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ ലോക്കൽ പോലീസിൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ഡ്യൂട്ടിക്ക് നിയോഗിച്ചതാണ് ഇപ്പോൾ പോലീസിൽ ഉണ്ടായിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും കാരണം. പോലീസിലടക്കം രാഷ്ട്രീയ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കുന്നതാണ് ഇത്തരമൊരു സാഹചര്യം നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് പോലീസ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

പോലീസ് സേനയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്തൊരു സ്ഥിതിയാണ്. വാളയാർ കേസിലുൾപ്പെടെ രാഷ്ട്രീയ ഇടപെടലാണ് കണ്ടത്. പോലീസിനെ സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കാൻ അനുവദിക്കാത്തതിന്റെ തിക്തഫലങ്ങളാണ് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അവരെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. വാളയാറിൽ രണ്ട് പിഞ്ചുമക്കൾ പീഡനത്തിന് ഇരയായി മരണപ്പെട്ടിട്ട് പ്രതികൾക്ക് അനുകൂലമായ രീതിയിൽ കുറ്റപത്രം സമർപ്പിക്കാൻ പോലീസ് മുന്നോട്ടു വന്നത് ഇതിന്റെയൊക്കെ ഫലമായിട്ടാണ്. പോലീസ് ഡിപ്പാർട്ടുമെന്റിൽ sanctioned strength ഉണ്ട്. ആ സ്ട്രെംഗ്തിന്റെ 60 ശതമാനം പേർ മാത്രമേ യഥാർത്ഥത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ സേവനം ചെയ്യുന്നുള്ളൂ. ബാക്കി 40 ശതമാനം ഒന്നുകിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ അല്ലെങ്കിൽ ജഡ്ജിമാരുടെയോ എസ്കോർട്ടിലും മറ്റ് ജോലിയിലുമാണ്. പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ അംഗബലമില്ലാത്തതുകൊണ്ട് പലപ്പോഴും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും കേസ്സുകളിൽ അന്വേഷണം ത്വരിതപ്പെടുത്താനും സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിനൊരു ബദൽ സംവിധാനത്തെക്കുറിച്ച് നമ്മൾ ആലോചിക്കണം. ഇത്രയും പോലീസുകാരെ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും എസ്കോർട്ടിന് അയയ്ക്കണോ; ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥന് പത്തും പതിനഞ്ചും പോലീസാണ് സേവനം ചെയ്യുന്നത്. സർവ്വീസിലുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥന് മാത്രമല്ല. റിട്ടയർ ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ വീട്ടിൽപ്പോലും വീട്ടുജോലിക്ക് നിയോഗിച്ചിരിക്കുന്നത് പോലീസുകാരെയാണ്. ഇതിനൊക്കെ മാറ്റമുണ്ടാകണം. സംതൃപ്തരായിട്ടുള്ള പോലീസ്

സേന നമ്മുടെ സംസ്ഥാനത്തുണ്ടാകണം. എങ്ങനെയാണ് സംതൃപ്തരായ പോലീസ് സേന ഉണ്ടാവുക; മേലുദ്യോഗസ്ഥന്റെ വീട്ടിൽ നിർബന്ധിച്ച് ജോലി ചെയ്യിപ്പിച്ചാൽ ആ പോലീസ് സേനാംഗം സംതൃപ്തനാവില്ല. എവിടെയാണ് ആ പിശക് സംഭവിച്ചത്; എന്താണ് അതിന്റെ പരിഹാരമാർഗ്ഗം എന്നതുസംബന്ധിച്ച് ഗവൺമെന്റ് കാര്യമായി ആലോചിക്കേണ്ടതുണ്ട്. മറ്റ് ഡിപ്പാർട്ടുമെന്റുകളെപ്പോലെ പോലീസ് സേനയിലും ആവശ്യമായ അംഗബലം ഉണ്ടായാൽ മാത്രമേ നാട്ടിലെ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ.

3.00 PM]

ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥരെ സാധാരണ ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോഴും പഴയ രീതിയാണ് പോലീസിൽ കാര്യങ്ങൾ നിലനിൽക്കുന്നത്. ഇടത് ഒരടി, വലത് ഒരടി, തലയ്ക്കൊരടി, അതാണ് പണ്ട് ശീലിപ്പിച്ച രീതി. അതിൽനിന്ന് യാതൊരു മാറ്റവും ഇതുവരെ ഉണ്ടായിട്ടില്ല. അച്ഛന്റെ പ്രായമുള്ളവർപോലും പോലീസ് സ്റ്റേഷനിലേയ്ക്ക് കയറിവന്നാൽ 'എടാ, പോടാ' എന്ന് അഭിസംബോധന ചെയ്യുന്ന ചുരുക്കം ചില പോലീസുകാരെങ്കിലും ഇപ്പോഴുമുണ്ട്. കമ്മ്യൂണിറ്റി പോലീസ്, ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ്, വിമൻസ് ഡെസ്ക് ഇങ്ങനെ പല പേരിലുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽപ്പോലും ഈ പരിഷ്കാരങ്ങളുടെയൊന്നും ഗുണഫലം നമ്മുടെ സമൂഹത്തിന് അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. പോലീസിന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും മാറ്റമുണ്ടാകണമെങ്കിൽ അതിനാവശ്യമായ പരിശീലനം താഴെത്തട്ടിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കുകൂടി നൽകണം.

പോലീസ് ഉദ്യോഗസ്ഥർക്കെതിരായി വരുന്ന പരാതി അന്വേഷിക്കുന്നതും പോലീസുകാർ തന്നെയാണ്. പിന്നെങ്ങനെയാണ് യഥാർത്ഥ പ്രതികളെ പിടികൂടാൻ സാധിക്കുന്നത്? നിയമസഭാ സമിതികളിൽ പലപ്പോഴും പോലീസിനെതിരെ പരാതികൾ വരാറുണ്ട്. അത് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതും പോലീസ് തന്നെയാണ്. ഇപ്പോൾ കോട്ടയത്ത് ഒരു സംഭവമുണ്ടായി, രാത്രിസമയത്ത് ബസ് സ്റ്റാൻഡിനടുത്ത് ബൈക്ക് ഒതുക്കിവച്ചുനിന്ന മാധ്യമപ്രവർത്തകനെ പോലീസ് പിടികൂടി അദ്ദേഹത്തോട് മദ്യപിച്ചോയെന്ന് ചോദിച്ചു. വായ്കൊണ്ട് ഊതിക്കൊടുത്ത് മദ്യപിച്ചില്ലെന്ന് കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുപോലും അകാരണമായി അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തു. യഥാർത്ഥത്തിൽ മദ്യപിച്ച് ബഹളമുണ്ടാക്കുന്നവരെ അറസ്റ്റ് ചെയ്യാൻ തയ്യാറാകാത്ത

പോലീസ്, മദ്യപാനിയല്ലാത്ത ഒരു മാധ്യമപ്രവർത്തകനെ വിളിച്ച് മദ്യപിച്ചോയെന്ന് ചോദിച്ച് അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുത്തു. അവസാനം അതിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരായി വകുപ്പ് നടപടി സ്വീകരിച്ചുവെന്നാണ് പോലീസ് റിപ്പോർട്ട്. വകുപ്പുതല നടപടിയെടുക്കുന്നതാരാണ്? അതും പോലീസ് ഉദ്യോഗസ്ഥർ തന്നെ. അതിനാൽ പോലീസിനെതിരായി വരുന്ന പരാതികളിൽ അന്വേഷണം നടത്താൻ മറ്റു സംവിധാനങ്ങൾ ഉണ്ടാകണം പോലീസിൽ Involvement of Police personnel in Criminal case, committee constituted for detailed study, order No. DR 56574/2018 dated 24-4-2018. പോലീസിലുള്ള ക്രിമിനലുകളുടെ കാര്യം അന്വേഷിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിയിലെ അംഗങ്ങൾ ഡി.ജി.പി., ഐ.ജി.പി., ഡി.ഐ.ജി., എസ്.പി. സെക്യൂരിറ്റി, എസ്.പി. (എൻ.ആർ.ഐ. സെൽ) തുടങ്ങിയവരാണ്. ഇവർ കണ്ടെത്തിയാൽ യഥാർത്ഥ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്താൻ സാധിക്കുമോ? അതിനാൽ ഇതിനൊക്കെ ഒരു ബദൽ സംവിധാനത്തെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. എം. സി. കമറുദ്ദീൻ:</u> സർ, പോലീസിൽ കുട്ടവരെ കിട്ടിയില്ലെങ്കിൽ കിട്ടിയവരെ പിടിക്കുക എന്ന ഒരു സ്വഭാവം ഈ തെരഞ്ഞെടുപ്പ് കാലത്ത് ഞാൻ കണ്ടു. ബന്തിയോട് എന്ന സ്ഥലത്തുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് രണ്ട് കുട്ടികളെ പോലീസ് പിടിച്ചു. അവർ നിരപരാധികളാണെന്ന് പോലീസ് തന്നെ പറയുന്നുണ്ട്. പക്ഷെ എന്താണ് ഇവരെ പിടിക്കാൻ കാരണം? മേലുദ്യോഗസ്ഥർ നിൽക്കക്കള്ളിയില്ലാതെയാകുന്നതിനാൽ ആരെയെങ്കിലും പിടിച്ചേ മതിയാകൂ. അതുകൊണ്ട് നിരപരാധികളായ ഈ പാവങ്ങളെ പിടിച്ച് അവരെ റിമാന്റ് ചെയ്തു. ഇപ്പോൾ ആ മാതാപിതാക്കൾ കരയുകയാണ്. ഈ പ്രവണത അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടികൾ ഈ ബില്ലുമായി ബന്ധപ്പെട്ട് സ്വീകരിക്കുമോ, യഥാർത്ഥ പ്രതികളെയല്ലാതെ പിടിക്കാൻ പാടില്ലെന്ന കർശനമായ നിയമം പാലിക്കുന്ന രൂപത്തിലും മറിച്ചുവന്നാൽ ഒരു അന്വേഷണം അതുസംബന്ധിച്ച് വരത്തക്ക രൂപത്തിലുമുള്ള സാഹചര്യമുണ്ടാക്കുമോ?

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ബഹുമാനപ്പെട്ട മഞ്ചേശ്വരം അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിരപരാധികളെ കേസ്സിൽ കുടുക്കുകയും അപരാധികളെ സംരക്ഷിക്കുകയും ചെയ്യുന്ന സമീപനം വർഷങ്ങളായി നമ്മുടെ പോലീസിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. പോലീസ് ഡിപ്പാർട്ടുമെന്റിൽ മേലുദ്യോഗസ്ഥരുടെ പീഡനത്തിനിരയായി നേരത്തെ 64 പേരാണ് മരിച്ചതെങ്കിൽ

ഇപ്പോൾ നടുവേദനയെടുത്ത് വലഞ്ഞിട്ടും അവധി ലഭിക്കാതെ ഒരു പോലീസുകാരൻ വീണ്ടും ആത്മഹത്യയ്ക്ക് ശ്രമിച്ചിരിക്കുകയാണ്. കീഴുദ്യോഗസ്ഥരെ മേലുദ്യോഗസ്ഥർ ഇത്രയേറെ പീഡിപ്പിക്കുന്ന വകുപ്പ് വേറെയില്ല. ഇതിനൊക്കെ മാറ്റം വേണം.

അതോടൊപ്പം വർഷങ്ങളായി പ്രൊമോഷൻ കാത്തുകഴിയുന്ന ആളുകളുണ്ട്, അവർക്ക് അർഹമായ പ്രൊമോഷൻ ഇതുവരേയും ലഭിച്ചിട്ടില്ല. 2017-ലും 2018-ലും ഐ.പി.എസ്.-കാരുടെ പ്രൊമോഷൻ ലിസ്റ്റ് ഇവിടെനിന്നും കേന്ദ്രത്തിലേയ്ക്ക് അയച്ചിട്ടില്ല. എസ്.ഐ. മുതൽ മേലെത്തട്ടിലുള്ള പല പോലീസ് ഉദ്യോഗസ്ഥർക്കും അർഹമായ പ്രൊമോഷൻ ലഭിക്കാത്ത സ്ഥിതിയുണ്ട്. ഐ.പി.എസ്.-കാരുടെ പ്രൊമോഷൻ സംബന്ധിച്ച് തീരുമാനിക്കേണ്ടത് ഡൽഹിയിലാണ്. അതിനുള്ള ഐ.പി.എസ്.-കാരുടെ ലിസ്റ്റ് സംസ്ഥാന ഗവൺമെന്റ് അയച്ചുകൊടുക്കണം, രണ്ടുവർഷമായിട്ടും അയച്ചിട്ടില്ല. മറ്റു പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട ഡി.പി.സി. കൂടുന്നതിൽ കാലതാമസം വരുന്നതുകൊണ്ട് സമയാസമയം അർഹതപ്പെട്ട പ്രൊമോഷൻ അവർക്ക് ലഭിക്കാത്ത സ്ഥിതിയുണ്ട്. ഇത്തരം കാര്യങ്ങളിലൊക്കെ കാതലായ മാറ്റമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഒരു ചെറിയ ഭേദഗതി മാത്രമാണ് ഈ ബില്ലിലുള്ളത്. 2011-ലെ കേരള പോലീസ് ആക്ടിലെ 101-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പാണ് ഈ ഭേദഗതിയിലൂടെ എടുത്തുകളഞ്ഞത്. പോലീസിന് കൂടുതൽ ജനകീയമായി, ഫലപ്രദമായ സേവനങ്ങൾ ജനങ്ങൾക്ക് ഉറപ്പുവരുത്താനാവശ്യമായ സംവിധാനമാണ് ഗവൺമെന്റ് 2019 ജനുവരി മാസം 8-ന് പുറപ്പെടുവിച്ച ഓർഡിനൻസിലൂടെ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. 75000-ത്തോളം വരുന്ന പോലീസ് സേനയിൽ ചെറിയൊരു ശതമാനം പോലീസ് ഉദ്യോഗസ്ഥരിൽ ക്രിമിനൽ സ്വഭാവമുള്ളവരുണ്ട്,കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുണ്ട്, കൊലപാതക കേസ്സുകളിലടക്കം പ്രതികളായിട്ടുള്ളവരുണ്ട്. ഇനിയും അത്തരം ആളുകൾ പോലീസ് സേനയിൽ ഉണ്ടാകാതിരിക്കാനാവശ്യമായ കരുതൽ നടപടിയാണ് ഗവൺമെന്റ് ഇക്കാര്യത്തിലൂടെ സ്വീകരിക്കുന്നത്. ഓർഡിനൻസ് പുറപ്പെടുവിച്ച

ജനുവരി മാസം മുതലുള്ള കണക്കെടുത്താൽ ഇപ്പോൾ 9 മാസം പൂർത്തീകരിക്കുകയാണ്. ഇത് നിയമമായി വരുന്നതിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ വിരുദ്ധാഭിപ്രായം പറഞ്ഞിട്ടില്ല. യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളും വ്യത്യസ്ത അഭിപ്രായവും രാഷ്ട്രീയമാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ രണ്ടുവർഷം പോലീസ് സേനയെ നയിച്ച ആളാണ്. അദ്ദേഹം ഇവിടെ ധാരാളം പരാതികളും പോലീസ് സേനയ്ക്ക് ഇന്ന് ലഭ്യമാകേണ്ട സൗകര്യങ്ങളെക്കുറിച്ചും പറഞ്ഞു. അദ്ദേഹത്തിന്റെ കാലത്തെ പോലീസ് സേനയല്ല ഇത്. പോലീസിന്റെ ജീവിതവും ജോലിയുമൊക്കെ ബുദ്ധിമുട്ടുള്ളതാണ്. പിഴ, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽനിന്നും തിരിച്ചുപിടിക്കുക, ജോലിയുടെ/ പെരുമാറ്റത്തിന്റെ ഭാഗമായുള്ള ഡ്രിൽ, കായികം അത്തരം ചെറിയ കാര്യങ്ങളാണ് (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങൾ. ചെറിയ കാര്യങ്ങളാണെങ്കിൽപ്പോലും പോലീസ് സംവിധാനത്തിനകത്ത് അതൊന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. കാരണം അവർ ക്ലേശകരമായതും വലിയ ബുദ്ധിമുട്ടേറിയതുമായ ജോലി ചെയ്യുന്നവരാണ്. ഇവിടെ ചൂണ്ടിക്കാണിച്ച അത്തരം വിഷയങ്ങളെല്ലാം ഗൗരവതരമായി പരിശോധിക്കപ്പെടേണ്ടതാണ്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചത് അവർക്കുണ്ടാകുന്ന മാനസികമായ പ്രശ്നം, മെന്റൽ സ്ട്രെസ്സ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാണ്. യു.ഡി.എഫ് ഭരണകാലത്തില്ലായിരുന്നു. പക്ഷേ ഈ ഗവൺമെന്റിന്റെ കാലത്ത് അതുണ്ട്. ശ്രീ. പിണറായി വിജയൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന കാലത്ത് ഈ പദ്ധതിയുണ്ട്. Help and Assistance to Tackle Stress എന്ന HATS പദ്ധതിയാണ്. അത് അങ്ങ് പറഞ്ഞതുപോലെ ക്ലേശകരമായ ജോലിചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കുണ്ടാകുന്ന മാനസിക ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ കൗൺസിലിംഗ് തിരുവനന്തപുരത്ത് ആരംഭിച്ചു. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. വിദേശ രാജ്യങ്ങളിലൊക്കെ കമ്പൈൻഡായി ജോലി ചെയ്യുന്നുണ്ട്, കമ്പൈൻഡായി ജോലി ചെയ്യുന്ന ബഡ്ഡി സിസ്റ്റം കൂടുതൽ വ്യാപിപ്പിക്കാനാവശ്യമായ നടപടി കേരള ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മാനസിക ബുദ്ധിമുട്ട് പോലീസ് ഉദ്യോഗസ്ഥർക്കുണ്ട്, നമുക്കുമുണ്ട്, എല്ലാപേർക്കുമുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കുള്ള ബുദ്ധിമുട്ട് പരിശോധിച്ചാണ് ഗവൺമെന്റ് അവരുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് പോലീസിനെ രാഷ്ട്രീയമായി ഉപയോഗിച്ചതുകൊണ്ടാണ് ഒരുപക്ഷേ പോലീസ് സേനയുടെ നവീകരണവും ആധുനികവൽക്കരണവുമൊന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടാതെ പോയത്, സൗകര്യങ്ങളുടെ കുറവുണ്ടെന്നൊക്കെ

പരാതി പറയേണ്ടിവന്നത്. നിങ്ങൾ രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ പോലീസിനെ ഉപയോഗിച്ചു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങനെയല്ല പറയുക, ഭാഷ മോശമാണ്, പോലീസ് സ്റ്റേഷനിലേയ്ക്ക് വരുന്ന ആളുകളോടുള്ള സമീപനം മോശമാണ് എന്നിങ്ങനെയാണ്. അവർ യു.ഡി.എഫ്.-ന്റെ കാലത്തുതന്നെ നിൽക്കുന്നു എന്നുള്ളതാണ് അത് ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല, എല്ലാം മാറിയെന്ന അഭിപ്രായമില്ല. പക്ഷേ മാറാനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വലിയ മാറ്റങ്ങൾ പോലീസ് സേനയിലുണ്ട്. നന്നായി പെരുമാറണം, നല്ല ഭാഷ പ്രയോഗിക്കണം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ ഭാഷയും നല്ലതാണ്, മോശം ഭാഷയൊന്നുമില്ല. ഭാഷയിൽ മോശം വാക്കുകളുണ്ട്. പോലീസ് സേനയിൽത്തന്നെ മോശം വാക്ക് സ്റ്റേഷനുകളിൽ ഉപയോഗിക്കാൻ പാടില്ല, ജാതിമത ചിന്തകൾക്കതീതമായി പോലീസ് സ്റ്റേഷനിലേയ്ക്ക് വരുന്ന ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ഇതിനാവശ്യമായ നല്ല നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. പോലീസ് സേനയുടെ നവീകരണത്തിനും സേനയെ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലത്തെ പോലീസും ഭരണവുമല്ല എൽ.ഡി.എഫ്.-ന്റെ കാലത്തുള്ളതെന്ന് നമുക്ക് പറയാൻ കഴിയും. എൽ.ഡി.എഫ്.-ന്റെ കാലത്തുള്ള ഭരണനേട്ടം പറയാതിരിക്കാനും യു.ഡി.എഫ്.-ന്റെ കാലത്ത് എന്തെങ്കിലും നവീകരണം ചെയ്തുവെന്ന് പറയാൻ കഴിയാത്തതുകൊണ്ടുമാണ് മാവോയിസ്റ്റിലേയ്ക്കും വർഗ്ഗീസിലേയ്ക്കും മറ്റു കാര്യങ്ങളിലേയ്ക്കുമെല്ലാം പോയത്. അവിടെയൊക്കെ നിരായുധരായ ഒട്ടേറെ ആളുകളെ വെടിവച്ചു കൊലപ്പെടുത്തിയ ഒട്ടേറെ അനുഭവങ്ങളുണ്ടല്ലോ. വർഗ്ഗീസിനെ വെടിവച്ചു കൊലപ്പെടുത്തിയത് യു.ഡി.എഫ്. ഗവൺമെന്റാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സാധാരണയായി ഏറ്റവും കൂടുതൽ പീഡനമേൽക്കേണ്ടിവരുന്നത് കീഴുദ്യോഗസ്ഥരായ പോലീസുകാർക്കാണ്. എറണാകുളം ജില്ലയിൽ അടുത്തകാലത്ത് രണ്ട് എ.എസ്.ഐ.മാർ ആത്മഹത്യ ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ.യും ആത്മഹത്യ ചെയ്തിട്ടുണ്ട്. ആലുവയിലും ഒരാൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. മേലുദ്യോഗസ്ഥരുടെ സമ്മർദ്ദവും ജോലിഭാരവും മറ്റും താങ്ങാൻ സാധിക്കാത്തതിനാലാണ് ആത്മഹത്യ ചെയ്തതെന്നാണ് വീട്ടുകാരും നാട്ടുകാരും ഒരുപോലെ പറയുന്നത്. യഥാർത്ഥത്തിൽ അതിനെക്കുറിച്ച് അന്വേഷിക്കുന്നതും പോലീസുകാരാണ്. ഉയർന്ന പോലീസുദ്യോഗസ്ഥർ കീഴുദ്യോഗസ്ഥരെ മാനസികമായി സമ്മർദ്ദത്തിലാഴ്ത്തിയതുമൂലം ആത്മഹത്യയിലേയ്ക്ക് നയിച്ച സാഹചര്യംകൊണ്ട് ഒരു

കുടുംബംതന്നെ അനാഥമാകുകയാണ്. പോലീസുകാരുടെ ഇതുപോലുള്ള കുറ്റകൃത്യങ്ങൾ, അതേ ഡിപ്പാർട്ടുമെന്റിലെതന്നെ പോലീസുദ്യോഗസ്ഥർ അന്വേഷിക്കുമ്പോൾ നീതി ലഭിക്കുമോയെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ആർ. രാജേഷ്: സർ, ശരിയായ നിലയിൽത്തന്നെ അന്വേഷണം നടക്കും.

മി. സ്പീക്കർ: എം.പി.-മാരുടെ കോൺഫറൻസ് ചേരുന്നുണ്ട്, അതിൽ മന്ത്രിമാർക്കും പങ്കെടുക്കേണ്ടതിനാൽ അനിവാര്യമായ കാര്യങ്ങൾ മാത്രം പറഞ്ഞ് സഹകരിക്കുന്നത് നന്നായിരിക്കും.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. ആത്മഹത്യകളുണ്ടായിട്ടുണ്ട്. ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയിലേയ്ക്ക് വന്നത് ഏതുകാരണത്തിന്റെ ഭാഗമായിട്ടാണെന്നത് സംബന്ധിച്ച് ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്. ഗവൺമെന്റിന്റെ പുതിയ മെന്റർ പദ്ധതി പ്രകാരം പരാതി പറയാം. ഹയർ ഓഫീസർമാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും സമ്മർദ്ദമുണ്ടോ മാനസികമായ പീഡനങ്ങളുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ പരാതി പറയാനായി ഗവൺമെന്റ് ഒരുക്കിയ സംവിധാനം വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. മുഖം നോക്കാതെയും രാഷ്ട്രീയം നോക്കാതെയുമുള്ള നീതി പൂർവ്വമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. വി. കെ. പ്രശാന്ത് മനോഹരമായി ചിരിക്കും. പക്ഷേ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയല്ല ഞങ്ങൾ വിജയിച്ചത്. ശരിയായ രാഷ്ട്രീയം പറഞ്ഞുകൊണ്ടാണ് ശ്രീ. വി. കെ. പ്രശാന്ത് വട്ടിയൂർക്കാവിൽ ജയിച്ചത്. പ്രിയപ്പെട്ട എം. വിൻസെന്റ് പരിശോധിക്കേണ്ടത് നേമത്തെക്കുറിച്ചാണ്. നിങ്ങളുടെ കൈപ്പത്തി വിടർന്ന് താമരയായി നേമത്ത് മാറിയിട്ടുണ്ട്. കൈപ്പത്തിക്കുണ്ടായിരുന്ന മുഴുവൻ വോട്ടും താമരയ്ക്ക് പോയി, ഇവിടെ നേമത്തുനിന്നും ഒരംഗം വന്നിട്ടുണ്ട്. ഇക്കാര്യം കോൺഗ്രസ് പരിശോധിച്ചാൽ മതി.

ശ്രീ. വി. ജോയി: സർ, കോൺഗ്രസിന്റെ 10000 വോട്ട് കുറഞ്ഞത് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ; അക്കാര്യം ഇതുമായി ബന്ധപ്പെടുത്തുന്നുണ്ടോ; ആ കോളം നോക്കിയില്ലേ?

ശ്രീ. ആർ. രാജേഷ്: സർ, കോൺഗ്രസിന്റെ വോട്ട് കുറഞ്ഞു. നിങ്ങൾ ജയിച്ച അരൂർ മണ്ഡലത്തിലെ ഓരോ ബൂത്തിലും ബി.ജെ.പി.യുടെ വോട്ട് കുറഞ്ഞു. ഇടതുപക്ഷത്തിന് അതിന്റെ വോട്ട് ലഭിച്ചിട്ടുമുണ്ട്. ഇത് കൃത്യമായി നോക്കിയാൽ മനസ്സിലാകും. നിരായുധരായ ഒരാളെയും ഇടതുപക്ഷത്തിന്റെ കാലത്ത് പോലീസ് ആക്രമിക്കുകയോ വെടിവച്ച് കൊലപ്പെടുത്തുകയോ ചെയ്തിട്ടില്ല. കാട്ടിനുള്ളിൽ

നടന്ന സംഭവമാണ്, അതിന്റെ വിശദാംശങ്ങൾ വരട്ടെ. ഒരു കൊലപാതകത്തെയും ഞങ്ങൾ അംഗീകരിക്കുന്നില്ല. പക്ഷേ എ.കെ.47 തോക്കുമായി കാട്ടിനുള്ളിൽ പോയി അരി ചോദിച്ചിരിക്കുകയാണെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ കേരളത്തിലെ ജനങ്ങൾ മൂഢരല്ല. ഞങ്ങൾ വെടിവച്ച് കൊലപ്പെടുത്തിയെന്ന് പറയുന്നതിനെക്കുറിച്ച് അന്വേഷണം നടക്കട്ടെ. മാവോയിസ്റ്റുകൾ, നിരോധിക്കപ്പെട്ടവർ, തലയ്ക്ക് 5 ലക്ഷം രൂപ വില പറഞ്ഞവർ, അവർ എ.കെ. 47 തോക്കുമായി കാട്ടിനകത്ത് അരി വാങ്ങാൻ വന്നതാണെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ മൗഢ്യരല്ല. അങ്ങനെയെങ്കിൽ അരി വാങ്ങാൻ വന്നവരുടെ മുമ്പിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 9 സ്റ്റേഷനുകളിലെ തോക്കുകൾ ഒളിപ്പിച്ചുവച്ചത് എന്തിനായിരുന്നു; അരിവാങ്ങാൻ വന്ന മാവോയിസ്റ്റിന്റെ മുമ്പിൽ ആരെങ്കിലും തോക്ക് ഒളിപ്പിക്കുമോ? ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ചോദിച്ച ചോദ്യത്തിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ മറുപടിയാണിത്.... "കണ്ണൂർ ജില്ലയിൽ മാത്രമല്ല, ഞാൻ ആ മേഖലയിലെ നമ്പർ പറയുന്നില്ല, അങ്ങേയ്ക്ക് കൃത്യമായി അറിയുന്നതാണ്, പരസ്യ ചർച്ച കൊണ്ടുവരേണ്ട എന്നതുകൊണ്ട് ഞാനത് പറയുന്നില്ല. ആ മേഖലയിലുള്ള പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ട്. ഒറ്റ പ്രയോഗത്തിൽ ഞാൻ പറയുകയാണ്, ചില മുൻകരുതലുകളുടെ ഭാഗമായി മുഴുവൻ തോക്കുകളും സേഫാക്കി വയ്ക്കേണ്ട നിലയിലേയ്ക്ക് മാറുന്നു." എന്തിനാണിത്? അരി വാങ്ങാൻ വന്ന മാവോയിസ്റ്റുകളുടെ മുമ്പിൽ നിങ്ങളെന്തിനാണ് പോലീസ് സ്റ്റേഷനുകളിലെ തോക്ക് ലോക്കറിനകത്ത് ഒളിപ്പിച്ചുവയ്ക്കുന്നത്? വനത്തിന് പുറത്താണ് തോക്ക് ഒളിപ്പിച്ചുവച്ചത്. ഇപ്പോഴത്തെ സംഭവം വനത്തിനകത്താണ് നടന്നത്. അതുസംബന്ധിച്ച് വിശദാംശങ്ങൾ വരട്ടെ. നിങ്ങൾ നിരായുധനായ ജോഗിയെന്ന ആദിവാസിയെ വെടിവച്ച് കൊന്നവരാണ്. ഒരു കറുത്ത തുണി മാത്രമെടുത്തുകൊണ്ട് പ്രതിഷേധിച്ച നിരായുധരായ 5 ചെറുപ്പക്കാരുടെ തിരുനെറ്റിയിൽ വെടിയുതിർത്ത് കൊലപ്പെടുത്തിയ പോലീസാണ് നിങ്ങളുടേതെന്ന് മറന്നുപോകേണ്ട. കേരളത്തിലെ ഏറ്റവും വലിയ വെടിവയ്പിന് നേതൃത്വം കൊടുത്തത് യു.ഡി.എഫ്. ആണെന്നതിനാൽ നിങ്ങൾ ഇത് പറയാൻ യോഗ്യരല്ല. പോലീസിനകത്ത് ക്രിമിനലുകൾ വർദ്ധിക്കാതിരി ക്കാനാവശ്യമായ നല്ല ജാഗ്രതയോടുകൂടിയ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങയുടെ നേതാവായ, നമ്മളെല്ലാം ബഹുമാനിക്കുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുന്ന കാലത്താണ് കേരളത്തിലെ തീരദേശത്തെ മനുഷ്യർക്കുനേരെ വെടിയുതിർത്ത് അവരെ കൊലപ്പെടുത്തിയതെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ?

ശ്രീ. ആർ. രാജേഷ്: സർ, നിരായുധനായ വർഗ്ഗീസിനെ വെടിവച്ച് കൊലപ്പെടുത്തിയ, ജോഗിയെ കൊലപ്പെടുത്തിയ നിങ്ങൾ, കൂത്തുപറമ്പിലെ സഖാക്കളെ കൊന്നുതള്ളിയ നിങ്ങൾക്ക് ഒന്നും പറയാനില്ല. ഞാൻ അവസാനിപ്പിക്കുകയാണ്, ഈ സർക്കാരിന്റെ കാലത്ത് തെറ്റായ സമീപനം സ്വീകരിക്കുന്ന ഒരു പോലീസുകാരനെയും സംരക്ഷിക്കുന്ന നടപടി എവിടെയും ഒരു കേസിലും സ്വീകരിച്ചിട്ടില്ല. പോലീസിൽനിന്നും നീതിപൂർവ്വമായ സമീപനം കിട്ടാനും ക്രിമിനൽവൽക്കരണം വർദ്ധിച്ചുവരാതിരിക്കാനുമാണ് ഇത്തരമൊരു ബിൽ കൊണ്ടുവന്നിരിക്കുന്നത്, ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ അംഗീകരിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോലീസിനുവേണ്ടി എന്തുചെയ്തുവെന്ന് ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റംഗങ്ങളും ചോദിക്കുന്നുണ്ടായിരുന്നു. സംസ്ഥാന പോലീസ് സംവിധാനത്തെ ഫലപ്രദമായി മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാര മേൽക്കുമ്പോൾ ജനങ്ങൾക്ക് ഈ രംഗത്ത് നൽകിയ വാഗ്ദാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ക്രമസമാധാനനില മെച്ചപ്പെടുകയും വർഗ്ഗീയ സംഘർഷങ്ങൾ പൊതുവെ ഒഴിവാക്കപ്പെടുകയും ചെയ്തത് കേരളത്തിന്റെ പ്രധാനപ്പെട്ട നേട്ടങ്ങളാണ്. ബ്ലേഡ് മാഫിയകളെയും ഗുണ്ടാ സംഘങ്ങളെയും പെൺവാണിഭ സംഘങ്ങളെയും ശക്തമായ നടപടികൊണ്ട് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ വലതുപക്ഷ ക്രിമിനൽ സംസ്കാരം രൂഢമൂലമായ ഭരണകൂട വ്യവസ്ഥയിൽ ക്രിമിനലുകൾ മുഴുവൻ ഇല്ലാതാകുകയില്ലെന്നും കിട്ടുന്ന അവസരങ്ങളിലെല്ലാം അവർ തല പുറത്തു കാണിക്കുമെന്നുമുള്ള സത്യത്തെ നേരിട്ടുകൊണ്ട് മുൻകാലങ്ങളെക്കാൾ നിയന്ത്രണങ്ങൾ നന്നായി നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വാട്ട്സാപ്പ് ഹർത്താൽ പോലെയുള്ള ജനദ്രോഹ നടപടികൾക്ക് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താനും ആവശ്യമായ നടപടി സ്വീകരിക്കാനും ഈ സർക്കാരിന് കഴിഞ്ഞുവെന്നുള്ളത് പ്രധാനപ്പെട്ട നേട്ടമാണ്. പോലീസിനെ ജനകീയസേനയായി മാറ്റാനുള്ള പ്രവർത്തനമാണ് നടക്കുന്നത്. അതിന്റെ പ്രത്യക്ഷ ഉദാഹരണമായിരുന്നു പ്രളയകാലത്ത് കേരളം കണ്ടത്. പോലീസ് സംവിധാനത്തിനായിരുന്നു രക്ഷാപ്രവർത്തനത്തിന്റെ ചുമതല നൽകിയിരുന്നത്. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള വിവിധ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി മുന്നോട്ടുപോകുന്നതിനും ഈ ഘട്ടത്തിൽ കഴിഞ്ഞു. കേരള പോലീസിന്റെ തൊപ്പിയിൽ കിട്ടിയ എക്കാലത്തെയും മികച്ച സുവർണ്ണ തൂവലായിരുന്നു ഈ പ്രളയകാലത്തെ പ്രവർത്തനം. ക്രമസമാധാനം

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സി.ഐ.-മാരെ സ്റ്റേഷൻ അധികാരികളായി നിയമിച്ചു. ഇതിലൂടെ 471 സർക്കിൾ ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സംസ്ഥാന സർക്കാർ സ്വീകരിച്ചു. ഇതെല്ലാം പോലീസുകാരുടെ പ്രൊമോഷൻ വലിയ തോതിൽ വർദ്ധിച്ചതിന് ഉദാഹരണമാണ്. ജനമൈത്രി സംവിധാനത്തെ വ്യാപകമാക്കിക്കൊണ്ട് സർക്കാർ പ്രവർത്തനം മുന്നോട്ടുപോകുകയാണ്. ശ്രീ. വി. എസ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ആരംഭിച്ചത്. അതിനിപ്പോൾ വലിയ ഡിമാന്റാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം നിരവധി സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചു. ആ സ്കൂളുകൾക്കെല്ലാം ധനസഹായങ്ങളും കൊടുത്തുവരികയാണ്. എല്ലാ ഹയർ സെക്കന്ററി, ഹൈസ്കൂൾ തലങ്ങളിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വനിതാ ബറ്റാലിയൻ സ്ഥാപിക്കുമെന്ന വാഗ്ദാനം നിറവേറ്റി. പോലീസ് സേനയിൽ 15 ശതമാനം സ്ത്രീകളെയാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. 451 വനിതകളെ ഉൾപ്പെടുത്തി വനിതാ ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ട്രാഫിക് സംവിധാനത്തിന് പ്രത്യേക പരിശീലനം നൽകിയ പോലീസിന്റെ സേവനം ഉറപ്പുവരുത്താനും ട്രാഫിക് എൻഫോഴ്സ്മെന്റ് നിയന്ത്രണം പ്രത്യേകം കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. പോലീസിൽ പരാതികൾ ഓൺലൈനായി നൽകുന്നതിനും ഡിജിറ്റൽ സംവിധാനത്തിലൂടെ മറുപടി അറിയിക്കാനും നടപടി സ്വീകരിച്ചു. ഇന്ത്യയിലും കേരളത്തിലും സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്. കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്ന പല നിർദ്ദേശവും നടപ്പിലാക്കേണ്ടതായിട്ടുണ്ട്. തെളിയിക്കപ്പെടാത്ത അനവധി കേസുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് കേരള പോലീസ് വെളിച്ചത്തുകൊണ്ടുവന്നു. പോലീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പോലീസ് സ്റ്റേഷനുകൾ നവീകരിച്ചു വരികയാണ്. ആധുനിക സംവിധാനങ്ങളും തുടരുകയാണ്. ശബരിമലയിൽ ജോലിചെയ്യുന്ന പോലീസുകാർക്ക് മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത്തരം നടപടികൾ എപ്പോഴും വർദ്ധിപ്പിച്ചുകൊണ്ടിരിക്കണമെന്നത് ശരിയാണ്. പിങ്ക് പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാനസിക സംഘർഷം പോലീസ് സേനയിൽ എല്ലാക്കാലവുമുള്ളതാണ്. അത് ഉദാരവൽക്കരണ കാലഘട്ടത്തിൽ വർദ്ധിക്കുമെന്നുള്ളതും സത്യമാണ്. ഇത് പരിഹരിക്കുന്നതിന് ഉന്നതതലത്തിൽ യോഗം ചേർന്ന് സംഘടനകളുമായി ചർച്ച ചെയ്ത് കൗൺസിലിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

സൈക്കോളജിസ്റ്റുകളുടെയും കൗൺസിലർമാരുടെയും സേവനം ലഭ്യമാക്കി. ഉന്നത ഉദ്യോഗസ്ഥർ തങ്ങളോടൊപ്പം ജോലിചെയ്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാർക്കിടയിൽ നിലനിന്ന സീനിയോറിറ്റി തർക്കങ്ങൾ പരിഹരിച്ച് റെഗുലർ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. എല്ലാ വിഭാഗത്തിലുമുള്ളവരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുകയും ദീർഘനാളായി DPC ചേർന്ന്, അർഹതപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥർക്കും സ്ഥിരം പ്രൊമോഷൻ ലഭിക്കുന്ന സാഹചര്യമുണ്ടാക്കി. ജില്ലാടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് പുനഃസംഘടിപ്പിച്ച് കേസുകൾ യഥാസമയം അന്വേഷിക്കാൻ നടപടി സ്വീകരിച്ചു. മത്സ്യത്തൊഴിലാളി മേഖലയിലുള്ളവരെ തീരദേശസംരക്ഷണ സേനയിൽ പ്രത്യേകം നിയമിച്ചു. കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്ന സൈബർ കേസുകളും കൈകാര്യം ചെയ്യുന്നതിന് നാല് പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. സൈബർഡോം, സൈബർ സെൽ, ഹൈടെക് സെൽ എന്നിവ ശക്തിപ്പെടുത്തി. പോലീസിലെ ഡ്രൈവർ തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായി. ഗ്രേഡ് പ്രൊമോഷന്റെ കാലാവധി കുറച്ചു. സേനാംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിവരികയാണ്. തെളിയിക്കപ്പെടാത്ത നിരവധി കേസുകൾ ശാസ്ത്രീയമായ രീതിയിലൂടെ പഴുതടച്ച് അന്വേഷണം നടത്തി. ജിഷ കേസ്, ജലജ സുരൻ വധക്കേസ്, കൂടത്തായി വധക്കേസ്, തൊഴിയൂർ സുനിൽ വധം തുടങ്ങിയവ ഉദാഹരണങ്ങൾ മാത്രമാണ്. പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെയാണ് ഇതെല്ലാം കാണിക്കുന്നത്. സേനയിലെ നിയമനം, പരിശീലനം, സ്ഥാനക്കയറ്റം തുടങ്ങിയ കാര്യങ്ങളിൽ നിലനിന്നിരുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും സേനാംഗങ്ങളുടെ സ്ഥാനക്കയറ്റം സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിലും സർക്കാർ ജാഗ്രത പാലിക്കുകയാണ്.

ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ പ്രതിപക്ഷത്തുള്ള അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ കേവലം പരാമർശം മാത്രമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മീശ പിരിക്കാനല്ല ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. പോലീസിനെ ധാർമ്മികമായി ശക്തിപ്പെടുത്താനും കുറ്റവാളികൾ ഉയർന്ന പോസ്റ്റുകളിലുള്ളവരാണെന്ന് അറിഞ്ഞാലും കണ്ണടച്ച് പ്രൊമോട്ട് ചെയ്യപ്പെടരുതെന്നുമുള്ള

കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കാണേണ്ടതായിട്ടുണ്ട്. പ്രൊമോഷൻ തടസ്സപ്പെടുകയല്ല, പ്രൊമോഷൻ വർദ്ധിക്കാനാണ് പോകുന്നത്. സ്ട്രെസ്സിന്റെ കാര്യം പറഞ്ഞു. ജോലിയുടെ ഭാഗമായി പോലീസുകാർ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് അവരുടെ അനുഭവങ്ങളിൽനിന്നുള്ള സ്ട്രെസ്സുമായി യാതൊരു ബന്ധവുമില്ല. അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. പോലീസിന്റെ ജോലിയുടെ കാഠിന്യത്തെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുശരിയാണ്. അതിന് ധാരാളം കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്. ഈ ഗവൺമെന്റ് ചെയ്ത പല കാര്യങ്ങളെക്കുറിച്ചും ഇവിടെ മെമ്പർമാർ പറഞ്ഞുകഴിഞ്ഞു. 'ഞങ്ങളുടെ പോലീസ്' എന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രയോഗിച്ചത് തിരുത്തേണ്ടതായിട്ടുണ്ട്. ഇത് സ്റ്റേറ്റിന്റെ പോലീസാണ്. സ്റ്റേറ്റ് എന്നുപറഞ്ഞാൽ എല്ലാവരുടേതുമാണ്. നല്ലനിലയിലാണ് ഈ ഗവൺമെന്റ് പോലീസ് നയം കൊണ്ടുപോകുന്നത്. അട്ടപ്പാടി സംഭവത്തെ സംബന്ധിച്ച് ഭിന്നമായ റിപ്പോർട്ട് കിട്ടിയാൽ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. മജിസ്റ്റീരിയൽ അന്വേഷണം വരട്ടെ എന്നുള്ളതാണ്.

വളരെ പ്രശസ്തമായ, അന്തർദ്ദേശീയ തലത്തിൽ പോലീസിന് ഒരു ഡിക്ടമുണ്ട്. ഇന്ത്യയിലും എഴുതിവച്ചിട്ടുണ്ട്. കേരളത്തിലുമുണ്ടെന്ന കാര്യം എല്ലാവരും ഓർക്കണം. "A Policeman is the citizen in uniform and citizen is a Policeman without uniform". ഇതാണ് പോലീസിന്റെ ഡിക്ടം. ഇത് പോലീസുകാരും ജനപ്രതിനിധികളും ജനങ്ങളും മാധ്യമങ്ങളും ഓർക്കണം. ഈ ഡിക്ടത്തിലേയ്ക്ക് എന്നാണോ നമ്മുടെ പൗരന്മാരും പോലീസും വരുന്നത് അന്നുമാത്രമേ ഇന്ന് നമ്മൾ സങ്കടപ്പെടുന്ന നീതി വരികയുള്ളൂ. ഈ വ്യവസ്ഥയിലേയ്ക്ക് വരാൻ ഒരുപാട് സമയമെടുക്കുമെന്നുള്ളതുകൊണ്ട് അതിനുള്ള പരിശ്രമങ്ങൾ നടത്താതിരിക്കുന്നില്ല. ഇത് ഒരാളെയും ലക്ഷ്യം വച്ചല്ല, low level, high level ആണെന്ന് ശ്രീ. എം. വിൻസെന്റ് സങ്കടപ്പെടേണ്ട. അങ്ങനെയൊന്നുമല്ല സംഭവിച്ചിരിക്കുന്നത്. ചെറിയ പിഴവുകൾ സംഭവിക്കട്ടെ എന്ന മട്ടിൽ ന്യായീകരിച്ച് പിഴവുകൾ അംഗീകരിക്കണമെന്ന് പറയുകയുണ്ടായി. ഒന്നും അംഗീകരിക്കാൻ കഴിയില്ല. ഇത് ആംഡ് ഫോഴ്സാണ്. ചെറിയ പിഴവായാലും വലിയ പിഴവായാലും പിഴവിന്റെ അടിസ്ഥാനത്തിലാണ്. അരമണിക്കൂർ താമസിച്ച് വന്നോട്ടെ, പാന്റ്സും കോട്ടും കഴുകാതെ വന്നോട്ടെ, ബട്ടൺ ഇടാതെ വന്നോട്ടെ, ഇതൊന്നും അംഗീകരിക്കാൻ പറ്റില്ല. കാരണം ഇത് സാധാരണ ഫോഴ്സല്ല. നമ്മുടെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ക്ലർക്കുമാർ കയറിവരുന്നതുപോലെ വരാൻ പറ്റുമോ? ചിലപ്പോൾ അവർ താമസിച്ചുവരും. പക്ഷേ എല്ലാ ക്ലർക്കുമാരും അങ്ങനെയല്ല.

പോലീസിൽ അങ്ങനെ വരാൻ പറ്റില്ല. ഈ ഫോഴ്സിന്റെ അന്തസ്സും അച്ചടക്കവും പെരുമാറ്റത്തിലും വേഷവിധാനത്തിലും സംസാരത്തിലുമെല്ലാമുണ്ടാകും. അതിനൊക്കെ ന്യൂനത സംഭവിക്കുന്നത് ഈ സമൂഹത്തിന്റെ ന്യൂനതയുടെ ഭാഗമാണെന്ന് മനസ്സിലാക്കി ചെറിയ തെറ്റുകൾക്ക് ചെറിയ ശിക്ഷയുണ്ടാകാറുണ്ട്. ചിലപ്പോൾ ഒരു താക്കീതായിരിക്കും. അതിന്റെ പേരിൽ ഒരാളുടേയും പ്രൊമോഷൻ തടയുമെന്ന് വ്യാഖ്യാനിക്കേണ്ടതായിട്ടില്ല. ഇന്റർപ്രെട്ടേഷൻ എപ്പോഴും ശരിയായിരിക്കണം. ഗ്രേഡ് പ്രൊമോഷൻ ഡി.പി.സി.-യിൽ വരുന്നതേയില്ല. അതൊന്നും തടയപ്പെടുന്നുമില്ല. ഡി.പി.സി.-യിൽ വരുമ്പോഴാണ് ആക്ട് പ്രകാരമുള്ള കാര്യങ്ങൾ പ്രധാനമായും പരിഗണിക്കപ്പെടുന്നത്.

വാളയാർ കേസിൽ മരിച്ച പെൺകുട്ടികൾക്കൊപ്പമാണ് ഗവൺമെന്റ് എന്ന് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറഞ്ഞിരുന്നു. വളരെ വേദനാജനകമായ സംഭവമാണത്. അതുകൊണ്ട് ആ കോടതിവിധിക്കെതിരെ ഏതറ്റംവരെയും പോകുമെന്ന് പ്രഖ്യാപിച്ച സ്ഥിതിക്ക് കൂടുതലൊന്നും പറയുന്നില്ല. അംഗബലം വർദ്ധിപ്പിക്കണം. ഒരു ലക്ഷം പോലീസ് സേനയെങ്കിലും വേണം. ട്രാഫിക് ഫീൽഡിൽ വേറെ വേണം. വി. എസ്. സർക്കാരിന്റെ കാലത്ത് പതിനായിരം പേരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിയമിച്ചു. ഒരു ഗവൺമെന്റിനുമേൽ കുറവുണ്ടായാൽ ആ കുറവ് ഞങ്ങൾക്കും ഉണ്ടാകാമെന്ന് വാദിക്കുന്നത് ശരിയല്ല. പക്ഷേ കണക്ക് പറയുമ്പോൾ കണക്ക് പറയും. തീർച്ചയായും പോലീസിന്റെ ധാർമ്മികബലം വർദ്ധിപ്പിക്കും. ക്രിമിനലുകളും കുറ്റവാളികളും പ്രൊമോട്ട് ചെയ്യപ്പെടുന്നില്ല. അവർ ഉന്നതമായ മുദ്രവച്ച തൊപ്പിയുമായി വിലസുകയില്ലെന്ന് ഉറപ്പാക്കാൻ ഇതുവരെ കഴിഞ്ഞില്ല. ഗവൺമെന്റ് റൂൾസിലുള്ള പ്രൊമോഷൻ സംബന്ധിച്ച നടപടികൾ പോലീസ് വകുപ്പിലില്ലായിരുന്നു. അത് പോലീസ് വകുപ്പിലും വരികയാണ്. അതാണ് ആ contradiction. അതിന്റെ gesture position മാറുകയാണ്, ധാർമ്മികബലം കൂടുകയാണ്. കേരളം ഇതിനെ അഭിമാനപൂർവ്വം സ്വീകരിക്കുകയാണ്. കാരണം, പോലീസ് വകുപ്പിനെ ശുദ്ധീകരിക്കുന്ന നടപടിയുടെ ഭാഗമായാണ് അതിനെ കാണുന്നത്. തീർച്ചയായും വാദത്തിനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഞാൻ തിരിച്ചുപറയുകയാണ്. ഇവിടെ വാദത്തിന് ധാർമ്മികബലമുണ്ട്. ഇവിടെ ധാർമ്മികബലം ചില വാദങ്ങൾക്കില്ലായിരുന്നുവെന്ന് സ്നേഹപൂർവ്വം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ '1 (എ)' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ്, അങ്ങയുടെ '2 (ബി)' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iii) 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## (ii) ക്രമപ്രശ്നം

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബില്ലിലെ ക്ലാസ് 6-ൽ ജാമ്യം അനുവദിക്കുന്ന സമയത്തുള്ള നിബന്ധനകളിൽ, പ്രൈവറ്റ് പ്രോപ്പർട്ടി എത്രമാത്രം നശിപ്പിച്ചിട്ടുണ്ടോ അതിന്റെ പകുതി കൊടുക്കണമെന്ന കാര്യവും ജാമ്യക്കാരെ സംബന്ധിച്ച വിവരങ്ങളും ഡെപ്യൂട്ടി കളക്ടറുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കാൽക്കുലേഷനുമെല്ലാം പറയുന്നുണ്ട്. ഇതിന്റെ അവസാന ഭാഗത്ത്, അങ്ങനെയുള്ള മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കാൻ പാടില്ലെന്നും പറയുന്നുണ്ട്. ഇത് നമ്മുടെ Code of Criminal Procedure-ലെ പ്രൊവിഷന് എതിരായ ക്ലാസാണ്. രണ്ടാമത്തെ കാര്യം, ഇത് കോടതിയിൽ വരുമ്പോൾ, വിചാരണക്കോടതിയിൽ പ്രോസിക്യൂഷന്റെ ഭാഗം കേൾക്കണോ വേണ്ടയോ എന്നുള്ളത് ജഡ്ജിന്റെ വിവേചനാധികാരമാണ്. പാർലമെന്റ് പാസ്സാക്കിയ PDPP Act (Prevention of Damage to Public Property Act)-ൽ ഇക്കാര്യങ്ങളുണ്ട്. അത് പകർത്തിയെഴുതിയതാണ് ഈ ബില്ലിൽ ഇതുവരാനുള്ള പ്രധാന കാര്യം. പക്ഷെ, ഇതിൽ ഒരു impropriety ഉണ്ട്. ഈ സഭ ഒരു നിയമം പാസ്സാക്കുമ്പോൾ, ആ നിയമത്തിൽ കോടതിക്കുള്ള ഒരു discretionary power ആണ് പ്രോസിക്യൂഷനെ കേട്ടിട്ടോ കേൾക്കാതെയോ കൊടുക്കണോ എന്നുള്ളത്. അക്കാര്യം ആ ജഡ്ജ് അല്ലെങ്കിൽ ജുഡീഷ്യൽ ഓഫീസറാണ് തീരുമാനിക്കേണ്ടത്. ഒരു കോടതി എന്ത് ചെയ്യണമെന്ന് മുൻകൂട്ടി നിയമത്തിൽ എഴുതിവയ്ക്കുന്നതിൽ impropriety ഉണ്ട്. PDPP Act-ൽ ഉണ്ടെന്നു കരുതി അല്ലെങ്കിൽ ഒരു തെറ്റ് എവിടെയെങ്കിലും എഴുതിവച്ചിട്ടുണ്ടെന്ന് കരുതി അത് ആവർത്തിക്കുന്നത് ശരിയല്ല. ഇത് നമുക്ക് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ഫ്രെയിം വർക്കിൽ, പ്രത്യേകിച്ച് ഇതുപോലുള്ള പീനൽ പ്രൊവിഷൻ എഴുതുന്ന സമയത്തും ഇത്തരം പരാമർശം ഒഴിവാക്കപ്പെടേണ്ടതാണ് എന്ന് ഞാൻ ഇവിടെ ഒബ്ജക്ഷനായി അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സഭയിൽ എല്ലാ കാര്യങ്ങളിലും വളരെ ആധികാരികമായിത്തന്നെ സംസാരിക്കാൻ ശ്രമിക്കാറുള്ള ശ്രീ. വി. ഡി. സതീശന്റെ ഈ ക്രമപ്രശ്നം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബില്ലിന്റെ 6-ാം ഖണ്ഡം ക്രിമിനൽ നടപടിയുടെ നിയമസംഹിതയുടെ ജാമ്യം സംബന്ധിച്ച പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമല്ല.

8-ാം ഖണ്ഡം പ്രകാരം ഈ ബില്ലിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമേയും അതിന് ഭംഗം വരാതെയുമായിരിക്കുമെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഇതിനെ കോടതിയുടെ വിവേചനാധികാരത്തിന്മേലുള്ള കടന്നുകയറ്റമായി വ്യാഖ്യാനിക്കേണ്ടതില്ല. ബില്ലിന്റെ 6-ാം ഖണ്ഡത്തിൽ ജാമ്യം അനുവദിക്കുമ്പോൾ മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കുന്ന എന്നുള്ളതാണ് പ്രശ്നം. അങ്ങനെ മോചിപ്പിക്കുന്നുണ്ടാകും. അങ്ങനെ മോചിപ്പിക്കാൻ പാടില്ല എന്നാണ് വ്യവസ്ഥ. കാരണം, കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് പ്രോസിക്യൂഷന് പറയാനുള്ളതുകൂടി കേൾക്കുന്നത് തീർച്ചയായും നന്നായിരിക്കും എന്നുള്ളതുകൊണ്ടാണ്. ഈ ബില്ലിന്റെ 5-എ ഖണ്ഡപ്രകാരം "ആക്ടിൻകീഴിലുള്ള കുറ്റങ്ങൾ cognizable-ഉം ജാമ്യം അനുവദിക്കേണ്ടതല്ലാത്തതുമായിരിക്കും" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികളിലും സാധാരണഗതിയിൽ പ്രോസിക്യൂഷന് ജാമ്യാപേക്ഷ എതിർക്കാനുള്ള അവസരം നൽകാറുണ്ട്. അതിനാൽ കോടതിയുടെ വിവേചനാധികാരം വിനിയോഗിക്കുന്നതിന് ഈ വ്യവസ്ഥ തടസ്സമാകുന്നില്ല. എന്നുമാത്രമല്ല, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിൽ ജാമ്യം എതിർക്കുന്നതിനുള്ള അവസരം പ്രോസിക്യൂഷന് നൽകണമെന്ന ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ വാദം കോടതിയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. എന്നാൽ ഈ വ്യവസ്ഥ Cr.P.C (Code of Criminal Procedure)-യുടെ 439-ാം വകുപ്പിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ജീവപര്യന്തം ശിക്ഷ അടക്കമുള്ള കേസ്സുകളിലാണ്. ഇതേ വ്യവസ്ഥ Prevention of Damage to Public Property Act, Narcotic Drugs and Psychotropic Substances Act, 1985 (NDPS Act), Abkari Act എന്നീ നിയമങ്ങളിൽ നിലവിലുണ്ട്. അതിനാൽ ഈ ആക്ഷേപം നിലനിൽക്കുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, PDPP Act-ലും NDPS Act-ലും ഇക്കാര്യമുണ്ട്. ഞാൻ ഇക്കാര്യം നേരത്തേ സൂചിപ്പിച്ചതാണ്. അതെല്ലാം സെൻട്രൽ ആക്ടുകളാണ്. സെൻട്രൽ ആക്ടിൽ ഒരുപക്ഷേ ഇങ്ങനെ വയ്ക്കേണ്ടിവരും. കാരണം, ഇന്ത്യയുടെ മറ്റ് പല ഭാഗങ്ങളിലുമുള്ള കോടതികളിൽ ഇതൊന്നും നോക്കാതെയാവും ജാമ്യം നൽകുന്നത്. പക്ഷേ, ഇത് കേരള അസംബ്ലി പാസ്സാക്കുന്ന ഒരു നിയമമാണ്. കേരളത്തിൽ ഏത് കോടതിയിലും ജാമ്യാപേക്ഷ നൽകുന്നുണ്ടെങ്കിൽ അതിന്റെ കോപ്പി പ്രോസിക്യൂട്ടർക്ക് നൽകിയിരിക്കും. ആ പ്രോസിക്യൂട്ടറെ കേൾക്കാതെ ഒരു കേസിലും ഒരു കോടതിയും കേരളത്തിൽ ജാമ്യം നൽകില്ല. എല്ലാ സ്ഥലത്തും ജാമ്യാപേക്ഷയുടെ കോപ്പി പബ്ലിക് പ്രോസിക്യൂട്ടർക്ക്

നൽകും. ഒരു കോടതിയും പ്രോസിക്യൂഷനെ കേൾക്കാതെ ചെയ്യില്ല. ആൾ ഇന്ത്യാ അടിസ്ഥാനത്തിൽ പാർലമെന്റ് അങ്ങനെ പാസ്സാക്കിയതിന് മറ്റുചില ഉദ്ദേശങ്ങൾ ഉണ്ടാകും. ചില സ്ഥലത്ത് അങ്ങനെയുള്ള പരാതികൾ വന്നതിനാലും ചില സ്ഥലത്ത് പ്രോസിക്യൂഷനെ കേൾക്കാതെ വന്നതുകൊണ്ടുമാണ്. കേരളത്തിൽ അങ്ങനെയൊരു സംഭവമില്ല. നമ്മൾ പാസ്സാക്കുന്ന ഒരു ആക്ടിൽ കോടതിക്ക് ഡയറക്ഷൻ നൽകുന്ന രീതിയിൽ ഒരു impropriety ഉണ്ടെന്ന് മാത്രമേ പറഞ്ഞുള്ളൂ. അങ്ങ് അത് പരിശോധിച്ച് വേണ്ടത് ചെയ്യണം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, Law is law everywhere. There is no basic law for Kerala alone. The basis of law is same everywhere. ആ അടിസ്ഥാനത്തിൽ നോക്കിയാൽ സെൻട്രൽ ആക്ട് മാത്രമല്ല, According to The Code of Criminal Procedure, 1973, Section 439, Special powers of High Court or Court of Session regarding bail, district court. "Provided that the High Court or the Court of Session shall, before granting bail to a person who is accused of an offence which is triable exclusively by the High Court of Session or which, though not so triable, is punishable with imprisonment for life, give notice of the application for bail to the Public Prosecutor.......", So it is the order. ഇത് ഓർഡറിലാണ്.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിലെ ഖണ്ഡം 6-ലെ വ്യവസ്ഥ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന്റെ ലംഘനവും കോടതികളുടെ വിവേചനാധി കാരത്തിലേയ്ക്കുള്ള കടന്നുകയറ്റവുമാണെന്ന ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിലുള്ള നിയമ വകുപ്പിന്റെ വിശദീകരണവുംകൂടി ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിക്കുകയുണ്ടായി. പ്രസ്തുത വിശദീകരണം മുഖവിലയ്ക്കെടുക്കുകയാണ്. പ്രോസിക്യൂഷൻ കേൾക്കണമെന്നത് വിവേചനാധികാരത്തിന് മുകളിലുള്ള ഇടപെടലാണെന്ന് കാണാനാകില്ല എന്ന നിലപാട് സ്വീകരിക്കുകയാണ്. മാത്രമല്ല, പ്രഥമദൃഷ്ട്യാ നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെയോ നടപടിക്രമത്തിന്റെയോ ലംഘനം ഇതിലുണ്ടെന്ന് പറയാനും കഴിയില്ല. എന്നിരുന്നാലും ഇവിടെ ഉന്നയിക്കപ്പെട്ട കാര്യം ഇനിയും സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാൻ ആവശ്യമുണ്ടെങ്കിൽ ഭേദഗതി വരുത്താനുള്ള സാഹചര്യവുമുണ്ട്. ഇത് ഒരു പുതിയ നിയമമാണെന്നിരിക്കെ ബില്ലിന്റെ ഖണ്ഡങ്ങൾക്ക് 3A, 5A എന്നൊക്കെ നമ്പറുകൾ

നൽകിയ അപാകത ഉൾപ്പെടെയുള്ള കാര്യങ്ങൾകൂടി സബ്ജക്ട് കമ്മിറ്റിയിൽ പരിഹരിക്കപ്പെടുമെന്ന് ചെയർ കരുതുന്നു. ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാടിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുപോകണമെങ്കിലും മനുഷ്യർ തമ്മിലുള്ള ബന്ധം ആരോഗ്യപരമായിത്തീരണമെങ്കിലും ഒരു നവസമൂഹം കെട്ടിപ്പടുക്കണമെങ്കിലും അക്രമങ്ങളും സംഘട്ടനങ്ങളുമില്ലാത്ത ഒരു സമൂഹം സൃഷ്ടിക്കുക എന്നത് വളരെ പ്രധാനപ്പെട്ടൊരു ദൗത്യമായി ഏറ്റെടുക്കാനാകണം. സംസ്കാരസമ്പന്നവും ജനാധിപത്യപരവുമായ ജീവിതക്രമം നാട്ടിൽ രൂപപ്പെടുത്തേണ്ടതുണ്ട്. സ്ഥാപിത താൽപ്പര്യങ്ങൾ അടിച്ചേൽപ്പിക്കുന്നതിന്റെ ഭാഗമായി നാടിന്റെ സ്വൈര്യജീവിതത്തെ തടസ്സപ്പെടുത്തുന്ന നിലപാടുകൾ സ്വീകരിക്കുന്ന സ്ഥിതി പലപ്പോഴും ഉണ്ടാകാറുണ്ട്. ബോധപൂർവ്വം കലാപം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളും സ്ഥാപിതതാൽപ്പര്യങ്ങളുടെ പേരിൽ സംസ്ഥാനത്ത് അരങ്ങേറുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളിലൊന്നാണ് വാട്ട്സാപ്പ് ഹർത്താൽ എന്ന പേരിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സംഭവം. ഊരും പേരും സംഘടനയും വ്യക്തതയുമില്ലാതെ ജനങ്ങളെ തമ്മിലടിപ്പിക്കുന്നതിന് നടത്തിയ കുത്സിത ശ്രമമാണ് ഇവിടെ പുറത്തുവന്നത്. അതിന്റെ നിജസ്ഥിതി പുറത്തുകൊണ്ടു വരുന്നതിനും സംസ്ഥാനത്ത് രൂപപ്പെടാനിടയായ സംഘർഷത്തിൽനിന്ന് നാടിനെ രക്ഷപ്പെടുത്താനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചില സമരങ്ങളുടെ പേരുപറഞ്ഞ് സ്വകാര്യ വ്യക്തികളുടെ സ്വത്തുക്കൾ ആക്രമിക്കപ്പെടുകയും വസ്തുവകകൾ നശിപ്പിക്കപ്പെടുകയും സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തുകയും ചെയ്യുന്ന നിരവധി സന്ദർഭങ്ങൾ സംസ്ഥാനത്ത് കഴിഞ്ഞ കാലങ്ങളിൽ അരങ്ങേറിയിട്ടുണ്ട്. മിന്നൽ ഹർത്താലുകൾ പോലുള്ളവ പ്രഖ്യാപിക്കുകയും സ്വകാര്യ സ്വത്തുകളും സാംസ്കാരിക സ്ഥാപനങ്ങളും ആക്രമിക്കപ്പെടുകയും ചെയ്തു. പോലീസ് വകുപ്പിന്റെ ജാഗ്രവത്തായ പ്രവർത്തനത്തിലൂടെയാണ് ഇത്തരം സ്ഥിതിവിശേഷങ്ങളിൽനിന്നും നാടിനെ പലപ്പോഴും രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്. നാടിനെ തകർക്കാൻ ശ്രമിക്കുന്ന

ശക്തികൾ പരസ്പരം വിദ്വേഷങ്ങൾ ആളിപ്പടർത്തുന്നു. ഒരു ജീവിതകാലം മുഴുവൻ സമ്പാദിച്ചതെല്ലാം തകർക്കപ്പെടുന്ന സ്ഥിതി ആരുടെയും ഭാഗത്തുനിന്ന് ഇനി ഉണ്ടാകാൻ പാടില്ലെന്നുള്ളതാണ് സർക്കാർ നിലപാട്.

ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമങ്ങളെ ഉപയോഗിക്കുന്നതോടൊപ്പം ചില പുതിയ സമീപനങ്ങളും ആവശ്യമായിട്ടുണ്ടെന്നാണ് അനുഭവങ്ങൾ തെളിയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇത്തരം പ്രശ്നങ്ങളെ തരണം ചെയ്യാനുതകുന്ന നിയമം ഉണ്ടാക്കുക എന്നത് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. അത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയായി മാറിയിരിക്കുന്നു. ഓരോ കാലത്തിന്റെയും ആവശ്യങ്ങൾ കണക്കിലെടുത്ത് അത് നിർമ്മിക്കുമ്പോൾ മാത്രമേ നിയമസഭയിൽ അർപ്പിതമായ ഉത്തരവാദിത്വം പൂർത്തീകരിക്കപ്പെടുന്നുള്ളൂ. പൊതുസ്വത്തുക്കളുടെ നശീകരണം തടയുന്നതിന് നിലവിൽ 1984-ലെ The Prevention of Damage to Public Property Act (PDPP Act) നിലവിലുണ്ട്. എന്നാൽ ജീവിതം മുഴുവൻ അദ്ധ്വാനിച്ച് ഉരുക്കൂട്ടുന്ന സമ്പാദ്യങ്ങളും അതിന്റെ ഭാഗമായുണ്ടാകുന്ന സ്വകാര്യ സ്വത്തുക്കളും നശിപ്പിക്കുന്നതിനെതിരെ വ്യക്തമായി ഒരു നിയമവും നമ്മുടെ നാട്ടിലില്ല. നാശനഷ്ടമുണ്ടാകുന്നവർ വേദനിച്ചിട്ടുള്ള ഒരു കാര്യത്തിന് പരിഹാരമുണ്ടാക്കുകയാണ് ഈ നിയമത്തിലൂടെ മുന്നോട്ടുകൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ആ ഉത്തരവാദിത്വമാണ് ഈ നിയമം കൈകാര്യം ചെയ്യുന്നത്. ജനങ്ങളോട് നമുക്കുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുള്ള സുപ്രധാനമായ ചുവടുവയ്പ്കൂടിയാണ് ഈ നിയമം. ഈ നിയമം ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പ് അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് സ്വകാര്യസ്വത്തുക്കൾ നശിപ്പിക്കൽ തടയൽ ഓർഡിനൻസ് The Kerala Prevention of Damage to Private Property and Payment of Compensation,2019 എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ വർഗ്ഗീയ സംഘർഷങ്ങളുടെ ഭാഗമായും മറ്റും ഹർത്താലും ബന്ദും നടത്തിക്കൊണ്ട് വ്യക്തികളുടെ സ്വകാര്യ സ്വത്തുകൾ നശിപ്പിക്കുന്നത് പൊതുമുതൽ നശിപ്പിക്കുന്നതിന് സമാനമായ കുറ്റമെന്ന നിലയിലേയ്ക്ക് കൊണ്ടുവരിക എന്നുള്ളതാണ് ലക്ഷ്യമിടുന്നത്. അതോടൊപ്പം നഷ്ടപരിഹാരം അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവരിൽ നിന്നുതന്നെ ഈടാക്കുന്നതിനുള്ള ഇടപെടലുകളും ഉദ്ദേശിക്കുന്നുണ്ട്. ഇതോടെ കേരളത്തിൽ അക്രമപ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നിയമത്തിന്റെ ബലത്തിൽ നടപടി സ്വീകരിക്കുക എന്നുള്ളതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഭരണഘടനാപരമായ പരിരക്ഷ സർക്കാർ സ്ഥാപനങ്ങൾക്കും സ്വത്തിനും മാത്രം പോരാ. സർക്കാരിനെ തീരുമാനിക്കുന്ന ഈ നാട്ടിലെ ജനങ്ങൾക്കും വേണം എന്ന

ഭരണഘടനയുടെ ഏറ്റവും സൂക്ഷ്മമായ ധാർമ്മികവശം കൂടിയാണ് ഇവിടെ ഉന്നയിക്കപ്പെടുന്നത്. ഈ നിയമം ക്രിയാത്മകമായ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കുമായാണ് മുന്നോട്ടുവയ്ക്കുന്നത്.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ചർച്ചയിൽ ആറുപേരാണ് പങ്കെടുക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. സണ്ണി ജോസഫ്: സർ, I move that " This House resolves to disapprove The Kerala Prevention of Damage to Private Property and Payment of Compensation Ordinance, 2019 (Ordinance No.33 of 2019)"

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ച് സംസാരിച്ചതു പോലെതന്നെ നമ്മുടെ സംസ്ഥാനത്ത് സ്വത്തുക്കളും വസ്തുവകകളും നശിപ്പിക്കുന്നതും വ്യക്തികളെ ആക്രമിച്ച് പരിക്കേൽപ്പിക്കുന്നതുമായ നിരവധി സംഭവങ്ങൾ തുടർന്നുവരുന്നുവെന്നത് വളരെ ഗൗരവമുള്ളൊരു കാര്യമാണ്. പൊതുസ്വത്തുക്കളും സ്വകാര്യ സ്വത്തുക്കളും തോന്നിയതുപോലെ നശിപ്പിക്കാം. ബസ്സുകൾ, സർക്കാർ ഓഫീസുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവ ആക്രമിച്ച് നാശനഷ്ടങ്ങൾ വരുത്തിയശേഷം തീയിട്ട് നശിപ്പിക്കുന്നു. സമരങ്ങൾ, പ്രതിഷേധങ്ങൾ, ബന്ദുകൾ, ഹർത്താലുകൾ എന്നിങ്ങനെയുള്ള സമരമുറകളുടെ ഭാഗമായി നടക്കുന്ന കാര്യങ്ങളാണിവ. വീടുകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ബോംബെറിയുക, വീടുകളുടെ വാതിലുകൾ രാത്രിയിൽ കല്ലെറിഞ്ഞ് തകർക്കുക, ബോംബെറിഞ്ഞ് തകർക്കുക, ആക്രമിച്ച് വെട്ടിപ്പൊളിക്കുക, വീടിന് മുമ്പിൽ റീത്ത് വയ്ക്കുക ഇവയൊക്കെ ആളുകൾക്ക് ഭീതിജനകമായ സാഹചര്യമുണ്ടാക്കുന്നു. അതുപോലെ പാർട്ടി ഓഫീസുകൾ, മറ്റ് സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവയ്ക്ക് നേരെയും അക്രമങ്ങളുണ്ടായിട്ടുണ്ട്. നമുക്കറിയാം, മുൻമന്ത്രി എം.വി. രാഘവന്റെ പാപ്പിനിശ്ശേരിയിലെ വീട് തീയിട്ട് കത്തിച്ചു. അദ്ദേഹത്തിന് ആ വീട് ഉപേക്ഷിച്ച് കണ്ണൂരിലേയ്ക്ക് താമസം മാറ്റേണ്ടിവന്നു. കഴിഞ്ഞ വർഷം കോളേജ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിലപാട് സ്വീകരിച്ച എന്നതിന്റെ പേരിൽ പയ്യന്നൂർ കോളേജിലെ രണ്ട് അദ്ധ്യാപകരുടെ വീട്ടുമുറ്റത്ത് കാർ ഷെഡ്ഡിൽ സൂക്ഷിച്ചിരുന്ന രണ്ട് കാറുകൾ രാത്രി തീയിട്ടു, പൂർണ്ണമായും കത്തിനശിച്ചു. ഞാൻ ആ സ്ഥലം സന്ദർശിച്ചതാണ്. അങ്ങനെയുള്ള അക്രമസംഭവങ്ങൾ പെരുകുകയാണ്. തെങ്ങിൽ കയറി നാളികേരം, കരിക്ക് മാത്രമല്ല മച്ചിങ്ങപോലും നശിപ്പിക്കുന്ന പ്രവണതയുണ്ടായിരുന്നു. അതൊക്കെ രാഷ്ട്രീയത്തിന്റെ പേരിലാണ് നടക്കുന്നത്.

നാദാപുരത്തൊക്കെ അങ്ങനെയുള്ള സംഭവങ്ങൾ പല സന്ദർഭങ്ങളിലും ഉണ്ടായിട്ടുണ്ട്. വാഴത്തോട്ടങ്ങളിൽ കയറി ആയിരക്കണക്കിന് വാഴകൾ വെട്ടിനശിപ്പിക്കപ്പെട്ട സ്ഥലങ്ങൾ കണ്ണൂർ ജില്ലയിലൊക്കെ ഉണ്ടായിട്ടുണ്ട്. ടാപ്പ് ചെയ്യുന്ന റബ്ബർ ഉൾപ്പെടെ ചെറിയ റബ്ബർ തൈകൾപോലും പൂർണ്ണമായും നശിപ്പിക്കുന്ന പ്രവണതയുണ്ടായിട്ടുണ്ട്. ഇതൊക്കെ പലപ്പോഴും രാത്രികാലങ്ങളിലാണ് നടക്കുന്നത്. പകൽസമയങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യത്തിൽ പോലും ഇത്തരത്തിലുള്ള അക്രമങ്ങൾ വ്യാപാര സ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും നേരെ ഉണ്ടാകുന്നുണ്ട്. കോളേജ് പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവമുൾപ്പെടെ വിദ്യാലയങ്ങളിൽ നടക്കുന്ന അക്രമങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങളുടെ നിരവധി സ്വത്തുക്കൾ നശിപ്പിക്കപ്പെട്ട സംഭവ വികാസങ്ങളുമുണ്ടായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാട്ടിയതുപോലെയും നേരത്തെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെയും കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഒരു നിയമത്തിലൂടെ പൊതുസ്വത്തുക്കൾ നശിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനുള്ള ഒരു നിയമം നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ സ്വത്തുക്കളെ സംബന്ധിച്ച് ഇന്ന് നമ്മുടെ രാജ്യത്ത് നിലവിലുള്ള IPC-യിൽ ഇതിനാവശ്യമായ പ്രൊവിഷനില്ലെന്ന് പറയുന്നില്ല. IPC 425 mischief, IPC 426 mischief-നുള്ള ശിക്ഷ മൂന്നുമാസം തടവുശിക്ഷയോ ഫൈനോ, IPC 427- രണ്ട് വർഷം തടവുശിക്ഷയോ ഫൈനോ ആണ്. ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ച് ഈ ഒഫൻസുകളെല്ലാം non-cognizable ആണ്. കോടതിയുടെ വാറണ്ടില്ലാതെ പോലീസിന് അറസ്റ്റ് ചെയ്യാൻ സാധിക്കാത്ത കേസാണ് non-cognizable എന്ന് പറയുന്നത്. Cognizable എന്നാൽ കോടതിയുടെ വാറണ്ടില്ലാതെതന്നെ പോലീസിന് അറസ്റ്റ് ചെയ്യാൻ സാധിക്കും. Bailable, Compoundable, Triable by any Magistrate ഇതൊക്കെയാണ് IPC-യിൽ ഇങ്ങനെയുള്ള mischief-ന് Secs. 425, 426, 427-ൽ ശിക്ഷ നിർണ്ണയിച്ചിട്ടുള്ളത്. ഉചിതമായ നഷ്ടപരിഹാരം നൽകാനും സാധിക്കുന്നില്ല. അവിടെയാണ് കേന്ദ്ര ഗവൺമെന്റ് Prevention of Damage to Public Property Act (PDPP Act) നടപ്പിലാക്കിയത്. കേരളത്തിലും ആ ആക്ടിനെക്കൊണ്ടുള്ള ഗുണഫലങ്ങളുണ്ടായി. ഒരു കാലഘട്ടത്തിൽ പൊതു സ്വത്തുക്കൾ നശിപ്പിക്കുന്ന പ്രവണതകൾ സമരമുഖങ്ങളിൽ ഏറ്റവും ശക്തമായിരുന്നു. സർക്കാർ ബസ്സുകളും സ്ഥാപനങ്ങളും കല്ലെറിഞ്ഞ് നശിപ്പിക്കുന്നതൊരു പ്രവണതയായിരുന്നുവെങ്കിൽ ഇന്നത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. യഥാർത്ഥ സമരത്തെ തെറ്റായ രൂപത്തിൽ അഴിച്ചുവിടുന്ന ആളുകൾക്ക് ഇന്നൊരു ഭയമുണ്ട്. കാരണം, അവരെല്ലാം PDPP Act-ന്റെ ശിക്ഷാനടപടികൾക്ക് വിധേയരാകേണ്ടിവരും. PDPP Act-ൽ ഇങ്ങനെയൊരു വ്യവസ്ഥയില്ല. പക്ഷെ ഈ ആക്ടിൽ വ്യവസ്ഥയുണ്ട്. സ്വകാര്യ സ്വത്തിന്റെ കാര്യത്തിൽ പണം കെട്ടിവയ്ക്കാൻ

വ്യവസ്ഥയുണ്ടെങ്കിലും PDPP Act-ൽ ആ വ്യവസ്ഥയില്ല. പക്ഷെ നേരത്തെ ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാട്ടിയതുപോലെ ന്യായയുക്തമായ തീരുമാനത്തിന്റെ ഭാഗമായി കോടതികൾ അതിനെ വ്യാഖ്യാനിച്ചുകൊണ്ട് പൊതുമുതൽ നശിപ്പിക്കുന്ന വ്യക്തികൾക്ക് അനായാസേന ജാമ്യം കിട്ടി പുറത്തുവരാൻ പാടില്ലെന്നും സ്വത്തുക്കൾ നശിപ്പിക്കുന്നതിനെതിരെ ഒരു compensatory action ഉണ്ടാകണമെന്നുമാണ് കോടതികളുടെ നിലപാട്. അത് കേരളത്തിൽ പരിശോധിച്ചാൽ അറിയാൻ സാധിക്കും. നമ്മളൊക്കെ പൊതു പ്രവർത്തകർ അല്ലെങ്കിൽ രാഷ്ട്രീയ പ്രവർത്തകരെന്നുള്ള നിലയ്ക്ക് അത്തരം കാര്യങ്ങളിൽ ബന്ധപ്പെടുന്നവരാണ്. ഈ അടുത്തകാലത്താണ് പൊതുസ്വത്തുക്കൾ നശിപ്പിക്കുന്ന പ്രവണതയുണ്ടായത്. ഈ സ്വത്തുക്കൾ നശിപ്പിക്കുന്ന പ്രതികൾ ജാമ്യത്തിലിറങ്ങുന്നതിനുമുമ്പായി കോടതി ഒരു കണ്ടീഷൻ ഇംപോസ് ചെയ്യുന്നു. അതിന്റെ ഭാഗമായി പകുതി സംഖ്യ കെട്ടിവച്ചെങ്കിൽ മാത്രമേ ജാമ്യം കിട്ടുകയുള്ളൂ. അതുകൊണ്ട് പല തരത്തിലും നാശനഷ്ടങ്ങളുണ്ടാക്കുന്ന പ്രവണത ഇപ്പോൾ വല്ലാതെ കുറഞ്ഞിട്ടുണ്ട്. പണം കെട്ടിവച്ചെങ്കിൽ മാത്രമേ ജാമ്യം കിട്ടുകയുള്ളൂ എന്നുള്ളതുകൊണ്ട് പൊതുസ്വത്തുക്കൾ നശിപ്പിക്കുന്ന പ്രവണത കുറഞ്ഞിട്ടുണ്ട്. എന്നാൽ സ്വകാര്യ സ്വത്തുക്കൾ നശിപ്പിച്ചാൽ ആർക്കും ഒന്നും ചോദിക്കാനില്ല. എന്നാൽ സ്വത്തുള്ള വ്യക്തിയെ സംബന്ധിച്ച് ഒരു സംഘത്തിന്റെ ആക്രമണത്തിന് വിധേയമായി അയാൾ പരാതിയുമായി കോടതിയിൽ പോയാൽ കേസ് എഫ്.ഐ.ആർ. ഇട്ട്, ചാർജ് ഷീറ്റ് ചെയ്ത് എവിഡൻസ് വരുമ്പോഴേയ്ക്കും പരാതിക്കാരന്റെമേൽ ഈ കേസ് ഒത്തുതീർപ്പാക്കണമെന്ന് പറഞ്ഞുള്ള ഭീഷണിയും സമ്മർദ്ദവുമുണ്ടാകും. പിന്നെയുള്ള ഒരു കാര്യം, adequate proper compensation-ന് സിവിൽ നടപടികളുമായി മുന്നോട്ടുപോകണമെങ്കിലുള്ള കാലതാമസമാണ്. അതിനുവേണ്ടി കോർട്ട് ഫീ കെട്ടിവയ്ക്കണം. നഷ്ടപരിഹാരം ലഭിക്കണമെങ്കിൽ സിവിൽ കേസ്സുമായി മുന്നോട്ടുപോകണം. സിവിൽ കേസ്സിന്റെ കാലതാമസം എത്രയാണ്? ചില കോടതികളിൽ അമ്പതുകൊല്ലം വരെ പഴക്കമുള്ള സിവിൽ കേസ്സുകൾ നിലനിൽക്കുന്നുണ്ടെന്ന് എനിക്കറിയാം. മുൻസിഫ് തലത്തിൽ വിചാരണ കോടതികളിൽ അൻപതും അറുപതും കൊല്ലം പഴക്കമുള്ള കേസ്സുകൾ നിൽക്കുകയാണ്. അപ്പോൾ 'Justice Delayed is Justice Denied'. ഇത്തരത്തിൽ താമസിച്ചുണ്ടാകുന്ന നീതി, നീതിനിഷേധമാണെന്ന് മനസ്സിലാക്കണം. അവിടെയാണ് ഇത്തരത്തിലുള്ള ഫലപ്രദമായ നിയമത്തിന്റെ ആവശ്യകത. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിലെ വാക്കുകൾ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. പൊതുപ്രവർത്തനത്തിന്റെയും രാഷ്ട്രീയപ്രവർത്തനത്തിന്റെയും പേരിൽ ആരുടെയും സ്വത്തുക്കൾ, വീടുകൾ ഇതൊന്നും കയ്യേറുന്നതും നശിപ്പിക്കുന്നതും

ശരിയല്ല എന്ന നല്ലൊരു സന്ദേശം ഇവിടത്തെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലും മറ്റ് രംഗങ്ങളിലും പ്രവർത്തിക്കുന്നവർക്കും സമരമുഖങ്ങളിൽ അണിനിരക്കുന്നവർക്കും നൽകാൻ കഴിയുന്നു. സമരമുഖങ്ങൾ ജനാധിപത്യ രാഷ്ട്രീയ പൊതുപ്രവർത്തനത്തിന്റെ ഭാഗമാണ്; പക്ഷെ അത് സമാധാനത്തിലധിഷ്ഠിതമാണ്. നാളെ നമ്മൾ രാഷ്ട്രപിതാവിന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ചിന്തിക്കുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത് നമ്മുടെ ദേശീയ സ്വാതന്ത്ര്യ സമരംപോലും അക്രമരാഹിത്യത്തിൽ, അഹിംസയിൽ അധിഷ്ഠിതമായിരുന്നുവെങ്കിൽ ഇന്ന് വിദ്യാർത്ഥി സമരങ്ങളുൾപ്പെടെയുള്ള ചെറിയ സമരങ്ങൾപോലും അക്രമ സമരങ്ങളാണ്. അതിൽ ഈ അസംബ്ലിയിലിരിക്കുന്ന അധികംപേരും വിദ്യാർത്ഥി സംഘടനകളിലൂടെ പ്രവർത്തിച്ച് വന്നവരാണെങ്കിൽ ഇന്നത്തെ ഒരു ദുരവസ്ഥയെക്കുറിച്ച് ഖേദിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർപോലും യൂണിവേഴ്സിറ്റി കോളേജിലുണ്ടായ സംഭവത്തെക്കുറിച്ച് ലജ്ജാഭാരംകൊണ്ട് ഞാൻ തലകുനിക്കുന്നുവെന്ന് പൊതു സമൂഹത്തിൽ പ്രതികരിക്കേണ്ട രൂപത്തിലേയ്ക്ക് ആക്രമണ പ്രവണത വ്യാപിച്ചു വരുന്നതിനാലാണ് പറയേണ്ടിവന്നത്. അതിനെ നിയന്ത്രിക്കാനാവശ്യമായുള്ള നിയമനടപടികളുടെ ഭാഗമായാണ് ഇത്തരത്തിലൊരു നിയമം കൊണ്ടുവരുന്നത്. ഇതിനെ പൊതുസമൂഹം അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു. പ്രതിപക്ഷത്തു നിന്നുപോലും ഈ വ്യവസ്ഥകളെ സ്വാഗതം ചെയ്യുന്നു. നേരത്തെ ചെയർ ചൂണ്ടിക്കാട്ടിയതുപോലെ ഇതിന്റെ സെക്ഷനുകൾക്ക് നമ്പരിട്ടതിൽ അപാകതകളുണ്ട്. അതുപോലെ ബെയിലിന്റെ കാര്യത്തിൽ only after hearing prosecution...അത് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞു, അതിൽ കുറച്ചുകൂടി ജുഡീഷ്യൽ mind apply ചെയ്യാൻ കോടതികളുടെ അധികാരത്തിലേയ്ക്കുള്ള ഒരു കൈകടത്തലാണോ; അതുപോലെ വാല്യുവേഷന്റെ കാര്യം, സ്വകാര്യ വ്യക്തിയുടെ നഷ്ടപ്പെട്ട മുതൽ എത്രയാണോ അല്ലെങ്കിൽ നാശനഷ്ടം സംഭവിച്ച സംഖ്യയെത്രയാണോ അതിന്റെ പകുതി കോടതിയിൽ കെട്ടിവയ്ക്കണമെന്നുള്ള ഒരു നിർദ്ദേശമുണ്ട്. അതിന്റെ വാല്യു എടുക്കുന്നത് ഡെപ്യൂട്ടി കളക്ടർ അല്ലെങ്കിൽ അതിന് തത്തുല്യരായ ഉദ്യോഗസ്ഥ നെന്നുള്ള വ്യവസ്ഥയും ഒരർത്ഥത്തിൽ സ്വീകാര്യമാണ്. പിന്നെയുള്ളത് Trial as per Cr.P.C., Compensation recoverable as per Revenue Recovery Act. ഇതിന് നഷ്ടപരിഹാര സംഖ്യ Revenue Recovery Act-ന്റെ വ്യവസ്ഥകൾക്ക് വിധേയമായി ഈടാക്കാവുന്നതാണ് എന്ന വ്യവസ്ഥയും സ്വാഗതാർഹമാണ്. ഈ നിയമം സദുദ്ദേശത്തോടുകൂടി പാസ്സാക്കുകയും ആ സ്പിരിറ്റിൽത്തന്നെ സത്യസന്ധമായി നടപ്പിലാക്കുകയും ചെയ്യണം. കാരണം, ധാരാളം ദുരുപയോഗം നടത്താൻ സാധിക്കുന്ന വ്യവസ്ഥകളുള്ളൊരു നിയമമാണ്. സദുദ്ദേശത്തോടുകൂടി ദുരുദ്ദേശപരമല്ലാതെ, ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഈ നിയമം പാസ്സാക്കണമെന്ന് ആവശ്യപ്പെടുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഒന്ന് ഇടപെടുകയാണ്. അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ ഈ നിയമം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത സൂചിപ്പിക്കുകയുണ്ടായി. കാരണം, രാഷ്ട്രീയ എതിരാളികൾക്കുനേരെ വേണമെങ്കിൽ ഈ നിയമം ഉപയോഗിക്കാം. നമുക്ക് തന്നെ കുറേ സാധനങ്ങൾ വെട്ടിനശിപ്പിച്ചിട്ട് വേറെ ഒരാളെ വേണമെങ്കിൽ പ്രതിചേർക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾ ഒഴിവാക്കാൻ വളരെ സദുദ്ദേശത്തോടുകൂടിയ നിയമമാണിത്. നല്ല രീതിയിൽ ചിന്തിച്ചുകൊണ്ടുള്ളൊരു നിയമമാണ്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷെ അത് നടപ്പാക്കുന്നതിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതല്ലേ ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് സത്യസന്ധമായ ഒരു കാര്യമാണ്. ഇതുപറഞ്ഞപ്പോഴാണ് എനിക്കുണ്ടായ ഒരനുഭവത്തെപ്പറ്റി ഓർമ്മവന്നത്. കെ. കരുണാകരൻ, ശ്രീ. എ. കെ. ആന്റണി, ശ്രീ. വയലാർ രവി ഉൾപ്പെടെയുള്ള നേതാക്കന്മാർക്കൊപ്പം കണ്ണൂരിൽ ഞാനൊരു പൊതുസമരത്തിൽ പങ്കെടുക്കുകയായിരുന്നു. അന്ന് ഞാൻ ജില്ലാ കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയും ജില്ലാ കോടതിയിൽ അഭിഭാഷകനുമായിരുന്നു. ആ പൊതുസമരത്തിൽ വളരെ സമാധാനത്തിൽനിന്ന എന്നെ തീവയ്പ്പുകേസ്സിന് അറസ്റ്റ് ചെയ്തുകൊണ്ടുപോയി. ഞാൻ മനസാ വാചാ കർമ്മണാ അറിയാത്ത കാര്യത്തിന് എന്നെ ഒൻപത് ദിവസം കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ചിരുന്നു. ഹൈക്കോടതിയിൽനിന്നാണ് എനിക്ക് ജാമ്യം കിട്ടിയത്. എനിക്ക് വലിയ പ്രയാസമുണ്ടായിരുന്ന സംഭവമായിരുന്നു അത്. How can it be misused എന്നതിന്റെ ഒരു നല്ല ഉദാഹരണമാണ് ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. അതുകൊണ്ട് ഈ നിയമത്തിലെ വ്യവസ്ഥകൾ ഒരു കാരണവശാലും ദുരുപയോഗം ചെയ്യപ്പെടാൻ പാടില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ശ്രീ. വി. ഡി. സതീശൻ ചോദിച്ചതുതന്നെയാണ് എനിക്കും പറയാനുള്ളത്. പ്രത്യേകിച്ച് നമ്മുടെ സമൂഹത്തിൽ പല വകുപ്പുകളും ഇതുപോലെ ദുർവിനിയോഗം ചെയ്യുന്നുണ്ട്. The Scheduled Castes and the Scheduled Tribes (Prevention of Atrocities) Act ആക്ട് തുടക്കത്തിൽ വളരെ സദുദ്ദേശത്തോടുകൂടി തുടങ്ങിയതാണ്. പക്ഷെ അവസാനം ബഹുമാനപ്പെട്ട സുപ്രീംകോടതി അത് ബെയിലബിൾ ആക്കണമെന്നുള്ള രീതിയിലേയ്ക്ക് ഇടപെടേണ്ടിവന്നു. അത് ദുർവിനിയോഗം ചെയ്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഈ ആക്ട് ദുർവിനിയോഗം ചെയ്തതുകാരണം നിരപരാധികൾ നോൺ ബെയിലബിൾ കേസ്സിൽ വരുന്നുണ്ടെന്ന് പലതവണ ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ പറയുകയുണ്ടായി. പിന്നീട് ആ നിയമത്തിൽ മാറ്റം

വരികയുണ്ടായി. നമ്മുടെ നാട്ടിൽ ഓരോ പാർട്ടിക്കും പ്രത്യേകിച്ച് പൊതുയോഗങ്ങളും പ്രകടനങ്ങളും തെരഞ്ഞെടുപ്പ് യോഗങ്ങളുമുണ്ടാകും. തെരഞ്ഞെടുപ്പ് യോഗം നടക്കുമ്പോൾ എതിർ പാർട്ടിക്കാരൻ രണ്ട് സോഡാ കുപ്പിയെടുത്ത് പൊട്ടിച്ചിട്ടുണ്ടെങ്കിൽ അത് നോൺ ബെയിൽ അടാക്ക് ചെയ്യുന്ന സംഗതിയാകും. രാഷ്ട്രീയ പാർട്ടികൾക്ക് അപ്പുറവും ഇപ്പുറവുമുള്ള ആളുകൾക്ക് സന്ദർഭം വരുമ്പോൾ വളരെ അപകടകരമായ രീതിയിൽ പകപോക്കാൻ ധാരാളം അവസരങ്ങൾ ഇതിലുണ്ട്. അതുപോലെ ബെയിലിന്റെ കാര്യത്തിൽ അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. വളരെ stringent conditions ആണ് വച്ചിട്ടുള്ളത്. പെട്ടെന്ന് ഒരാൾക്ക് ഊരിപ്പോരാൻ കഴിയാത്ത വിധത്തിൽ ബെയിലിൽ നിന്നുപോലും പുറത്തുവരാൻ കഴിയാത്ത വിധത്തിലാണ്. ഒരു പ്രൈവറ്റ് പ്രോപ്പർട്ടിയിൽ സ്വത്തിന് ലിമിറ്റ് പറയുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഒരാൾ രണ്ട് ഗ്ലാസ് എടുത്ത് പൊട്ടിച്ചിട്ട് നേരത്തെ ജാഥയിൽപ്പോയ ആളുകളാണ് ചെയ്തതെന്ന് പറഞ്ഞ് ഒരു പരാതി പോലീസ് സ്റ്റേഷനിൽ നൽകിയിട്ടുണ്ടെങ്കിൽ നോൺ ബെയിലബിൾ ഒഫൻസ് ആകുകയാണ്. മാത്രമല്ല, ബെയിൽ കൊടുക്കണോ വേണ്ടയോ എന്ന് തീരുമാനിക്കണമെങ്കിൽ ഡെപ്യൂട്ടി കളക്ടർ (ജനറൽ)-ന്റെ റാങ്കിലുള്ള ഒരാൾ വന്ന് അതിന്റെ മഹസർ തയ്യാറാക്കി ഇത്ര രൂപ നഷ്ടമുണ്ടെന്ന രേഖപ്പെടുത്തി, ആ പണം കെട്ടിവച്ചാൽ മാത്രമേ ബെയിൽ നൽകാൻ പാടുള്ളൂ. എന്നുപറഞ്ഞാൽ IPC-യിലെ സീരിയസ്സായ ഒഫൻസുകൾക്കുപോലും ഇല്ലാത്ത വിധത്തിൽ വലിയ രീതിയിലുള്ള ഒരു...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.... യെസ്....

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ പറയട്ടെ; ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്, കഴിഞ്ഞുപോയിട്ട് കാര്യമില്ലല്ലോ? അങ്ങനെയുള്ള stringent conditions ഇതിൽ വരുന്നുണ്ട്. ഉദ്ദേശം നല്ലതാണെങ്കിൽപ്പോലും Malicious prosecution-നുവേണ്ടി ദുർവിനിയോഗം ചെയ്യാൻ ധാരാളം പഴുതുകളുണ്ട്. ജഡ്ജിമാർക്കുപോലും ജാമ്യം നൽകണമെങ്കിൽ രണ്ട് ഭാഗവും കേൾക്കണമെന്ന് പറയുന്നുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പോയിന്റ് പറയൂ, അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അതുകൊണ്ട് ഈ ജാമ്യത്തിന്റെ വ്യവസ്ഥയിലൊക്കെ റിലാക്സേഷൻ വരുത്തണമെന്ന ആവശ്യമുണ്ടോ?

4.00 PM]

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞ കാര്യങ്ങൾ ഈ സഭ വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ഇത്തരത്തിലുള്ള പല വകുപ്പുകളും ദുരുപയോഗം ചെയ്യുന്നുണ്ട്. The Scheduled Castes and the Scheduled Tribes (Prevention of Atrocities) Act-നെ സംബന്ധിച്ചുള്ള നിയമ വ്യവസ്ഥകൾപോലും പലപ്പോഴും ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് സുപ്രീംകോടതിക്ക് ബോദ്ധ്യമായ സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ bail കൊടുക്കുന്നതിനുള്ള ഒരു കണ്ടീഷനായി, നഷ്ടത്തിന്റെ പകുതി സംഖ്യ കെട്ടണമെന്ന് പറഞ്ഞതിന്റെ കൂട്ടത്തിൽ ഡെപ്യൂട്ടി കളക്ടർ അതുസംബന്ധിച്ച് പരിശോധിച്ച് നഷ്ടസംഖ്യ നിർണ്ണയിക്കണമെന്നുകൂടി വരുമ്പോൾ ഒരു ചെറിയ കേസിൽ അറസ്റ്റ് ചെയ്യപ്പെടുന്ന ഒരു വ്യക്തിയെ/പ്രതിയെ സംബന്ധിച്ച് ബെയിൽ മൂവ് ചെയ്യണമെങ്കിൽ ഡെപ്യൂട്ടി കളക്ടർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകണം. അതിനാൽ ഒരു ചെറിയ കേസ്സിൽപോലും ദിവസങ്ങളെടുക്കും. ആ വ്യവസ്ഥ പിൻവലിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴിഞ്ഞ ഒന്നര വർഷങ്ങൾക്കുമുമ്പ് പെരിന്തൽമണ്ണയിലുള്ള മുസ്ലീം ലീഗിന്റെ പാർട്ടി ഓഫീസ് സാമൂഹ്യദ്രോഹികൾ അടിച്ചുതകർത്തു. ഏകദേശം പന്ത്രണ്ട് ലക്ഷം രൂപയുടെ നഷ്ടം വന്നു, കേസുണ്ട്. എന്നാൽ ഒരു സിവിൽ കേസ് കൊടുക്കാൻ ഞങ്ങൾക്ക് ഏകദേശം രണ്ട് ലക്ഷം രൂപയോളം കോർട്ട് ഫീസായി കെട്ടിവയ്ക്കണം. ഇത് വളരെ കൂടുതലാണെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ; പത്ത് ശതമാനത്തോളം വരുന്നുണ്ട്, അത് കുറയ്ക്കേണ്ടതല്ലേ?

ശ്രീ. സണ്ണി ജോസഫ്: സർ, സിവിൽ കേസിൽ pauper suit എന്നൊരു വ്യവസ്ഥയുണ്ട്. ഒരു ഘട്ടത്തിലുണ്ടായ ആക്രമണത്തിൽ കണ്ണൂർ ജില്ലയിലെ പാർട്ടി ഓഫീസുകൾക്കുണ്ടായ നാശനഷ്ടം തിട്ടപ്പെടുത്താൻ യു.ഡി.എഫ്. ഒരു കമ്മീഷനെ നിയമിച്ച് മൂന്ന് ടീമായി പോയി. നാല് കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ഇപ്പോഴും അതിന് നഷ്ടപരിഹാരം കൊടുത്തിട്ടില്ല. കണ്ണൂർ ഡി.സി.സി. ഓഫീസും കണ്ണൂർ ജില്ലാ മുസ്ലീം ലീഗ് ഓഫീസും എത്രപ്രാവശ്യം നിങ്ങൾ നശിപ്പിച്ചുവെന്നത് ശ്രീ. എ. എൻ. ഷംസീറിന് നന്നായി അറിയാം. എന്നെക്കൊണ്ട് അതൊന്നും പറയിപ്പിക്കണ്ട; ഇതുവരെ ഞാൻ രാഷ്ട്രീയം പറഞ്ഞില്ല.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, അതെല്ലാം മുൻകാല പ്രാബല്യത്തിൽ തിരിച്ച് ലഭിക്കാനുള്ള പ്രൊവിഷൻ വയ്ക്കുന്നുണ്ടോ;

ശ്രീ. സണ്ണി ജോസഫ്: സർ, ഏറ്റവും സ്വാഗതാർഹമായ ഈ ക്ലാസിന്, നേരത്തെ പോലീസ് അമെന്റ്മെന്റിൽ, പോലീസുകാരുടെ പേരിൽ മുൻകാലത്തെടുത്ത ശിക്ഷ അവരുടെ പ്രൊമോഷന് തടസ്സമായി വരും. പെറ്റികേസിൽപ്പോലും എടുത്ത ശിക്ഷ അല്ലെങ്കിൽ താക്കീത് പോലും പോലീസുകാരുടെ പ്രൊമോഷന് തടസ്സമാകുമെങ്കിൽ, ഈ സ്വകാര്യ സ്വത്തുക്കൾ നശിപ്പിച്ചതിനെ സംബന്ധിച്ചുള്ള നിയമ നടപടികൾ കോമ്പൻസേഷൻ ഉൾപ്പെടെയുള്ള പ്രൊവിഷൻ, ശ്രീമതി ഷാനിമോൾ ഉസ്മാൻ പറഞ്ഞതുപോലെ അതിന് മുൻകാല പ്രാബല്യം കൊടുക്കണമെന്ന നിർദ്ദേശത്തെ ഞാനും പൂർണ്ണമായി സ്വാഗതം ചെയ്യുന്നു. ഇതൊരു പുനർവിചിന്തനമാണ്. അതുകൊണ്ട് ഈ ബില്ലിന്റെ സാരാംശത്തെ, സന്ദേശത്തെ, ആശയത്തെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഇതിന്റെ ഇംപ്ലിമെന്റേഷനിൽ സത്യസന്ധത പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 2019-ലെ സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിന്റെ അവതരണവേളയിലെ ചർച്ചയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കാരണം,2000-ത്തിൽ ഞാൻ ഇരയായിട്ടുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഞങ്ങളുടെ ബൂത്തിലുണ്ടായ ഒരു പ്രശ്നവുമായി ബന്ധപ്പെട്ട് എന്റെ വീടും കാറും ആക്രമിക്കപ്പെടുകയുണ്ടായി. അന്ന് വീട്ടിലേയ്ക്ക് ഓടിക്കയറിയ ആളുകളും ഞാനുംകൂടി വാതിലിന്റെ പിന്നിൽ തട്ടുത്തുനിന്ന് അടിച്ചുപൊളിക്കുന്നത് ഒഴിവാക്കാൻ ഡിഫന്റ് ചെയ്ത കാര്യം ഞാൻ ഇന്ന് വളരെ ദുഃഖത്തോടെ ഓർക്കുന്നു. അന്ന് വീട്ടിൽ നിന്നുയർന്ന നിലവിളികളൊക്കെ ഞാനിപ്പോൾ ഓർമ്മിച്ചുപോകുകയാണ്. ഞാൻ പറയുന്നത് ആരെയും വേദനിപ്പിക്കാൻ വേണ്ടിയല്ല. ശ്രീ. എ. എൻ. ഷംസീർ മനസ്സിലാക്കണം, സ്വന്തം വീട് തകർക്കപ്പെട്ടാലേ അതിന്റെ വിഷമം അറിയൂ. ഒരു മാസമോ മറ്റോ കഴിഞ്ഞ് അവിടത്തെ സ്കൂളിൽ വച്ചുനടന്ന ക്യാമ്പിൽ വച്ച് നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും ദുഃഖിപ്പിച്ച സംഭവം വല്ലതുമുണ്ടോയെന്ന ചോദ്യത്തിന് എന്റെ മകൻ മറുപടി പറഞ്ഞത്/എഴുതി കൊടുത്തത് വീടും ഉപ്പാന്റെ കാറും തകർക്കപ്പെട്ട സംഭവമാണ് എന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ദുഃഖിപ്പിച്ചതെന്നാണ്. ഇത് എന്നോട് അവൻ പറഞ്ഞതല്ല, ആ അദ്ധ്യാപകൻ പിന്നീട് എന്നെ കണ്ടപ്പോൾ പറഞ്ഞതാണ്. അതുകൊണ്ട് വാസ്തവത്തിൽ ഇങ്ങനെയൊരു ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞതിന് മഞ്ചേശ്വരത്തെ ജനങ്ങളോട് ഞാനിപ്പോൾ നന്ദി പറയുകയാണ്. കാരണമെന്താണെന്ന് ചോദിച്ചാൽ, നിയമസഭാ സാമാജികത്വത്തിന്റെ സായൂജ്യത എനിക്കിന്ന് തോന്നിപ്പോകുകയാണ്. കാരണം അടിച്ചുപൊളിക്കുന്നവരും എല്ലാവരുംകൂടി ഇതിനെ എതിർക്കുകയാണ്. അതിനുശേഷം പിന്നീട് മുൻമന്ത്രി

ചെർക്കളം അബ്ദുള്ളയുടെ ഒരു ജാഥ പോകുന്ന സമയത്തുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് തൊട്ടടുത്ത ഒരു റേഷൻ കടയിൽനിന്നും മണ്ണെണ്ണ എടുത്തുകൊണ്ട് വന്ന് ഒഴിച്ച് തീ കൊളുത്തി. ആദ്യം പഞ്ചായത്ത് ഇലക്ഷനിൽ തകർക്കപ്പെട്ട എന്റെ വീട് റിപ്പയർ ചെയ്യാൻ പോയപ്പോൾ എന്റെ പിതാവ് സമ്മതിച്ചില്ല, വേണ്ട കുറച്ചുകഴിഞ്ഞ് മതിയെന്ന് പറഞ്ഞു. തീ കൊളുത്തിയതിനുശേഷം റിപ്പയർ ചെയ്തുകൊള്ളൂ, ഇനി പ്രശ്നമില്ലെന്ന് പിതാവ് പറഞ്ഞത് ഞാൻ ഇത്തരുണത്തിൽ ഓർക്കുന്നു. ആരുടേതായാലും, ശ്രീ. എ. എൻ. ഷംസീറിന്റെ വീട് ആക്രമിക്കപ്പെട്ടാലും ഞാനതിനെ എതിർക്കും. ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ അഭയകേന്ദ്രമാണ് വീട്. അതായത് നമ്മൾ എല്ലാം കഴിഞ്ഞ് സ്വസ്ഥമായി വീട്ടിൽ പോയാണ് ഒന്ന് നെടുവീർപ്പിടുന്നത്. അങ്ങനെയുള്ള ഒരു വീട്ടിലേയ്ക്ക് കയറിച്ചെല്ലുമ്പോൾ അത് തകർക്കപ്പെടുകയെന്ന് പറയുന്നത് വിഷമമുണ്ടാക്കും. നമ്മുടെ കുടുംബാംഗങ്ങളും കുട്ടികളും എന്ത് പിഴച്ചു; നമ്മുടെ ഉപജീവന മാർഗ്ഗമായ സ്വത്ത് മുഴുവൻ നശിപ്പിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുകയാണ്. ഇപ്പോൾത്തന്നെ കച്ചവടക്കാർ എത്ര കഷ്ടപ്പെടുന്നവരാണ്. ഏത് രാഷ്ട്രീയ പാർട്ടി എന്ത് പ്രശ്നമുണ്ടാക്കിയാലും അനുഭവിക്കേണ്ടിവരുന്നത് ഞങ്ങളാണെന്ന് അവർ പറയുന്നുണ്ടല്ലോ. നമ്മളെക്കുറിച്ച് വളരെ മോശമായി ചിത്രീകരിക്കപ്പെടുന്ന അവസ്ഥാവിശേഷം അവർക്കുണ്ടാകുന്നതിന് കാരണമെന്താണ്? പ്രത്യക്ഷത്തിൽ കാണുന്നത് എന്താണോ, അത് നശിപ്പിക്കുന്നു. അവരാണ് അതിന് ഇരയാകുന്നത്. തീർച്ചയായും നിയമംമൂലം പൂർണ്ണമായും അത് നിരോധിക്കപ്പെടേണ്ടതും അതോടൊപ്പംതന്നെ അത് ചെയ്ത ആളിൽനിന്നും നഷ്ടം ഈടാക്കുകയും ചെയ്യണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് ബഹുമാന്യരായ സണ്ണി ജോസഫും വി.ഡി. സതീശനുമൊക്കെ പറഞ്ഞതുപോലെ നിയമം കുറ്റമറ്റതാക്കണം. അത് ദുരുപയോഗപ്പെടുത്തുന്ന സ്ഥിതി വിശേഷമുണ്ടായിട്ടുണ്ട്. മിനിഞ്ഞാന്ന് എന്റെ മണ്ഡലമായ മഞ്ചേശ്വരത്ത് വിജയാഹ്ലാദം പ്രകടിപ്പിക്കാൻ പ്രവർത്തകർ പോയപ്പോൾ ഒരു ബി.ജെ.പി. കേന്ദ്രത്തിൽ വച്ച് സോഡാക്കുപ്പി എറിഞ്ഞു. ഇവർ പെട്ടെന്ന് ഇറങ്ങി രണ്ട് ഫ്ലക്സോ മറ്റോ കൈകൊണ്ട് പൊട്ടിച്ചു. എന്നാൽ പിറ്റേദിവസം കേസ് വന്നത് പാർട്ടി ഓഫീസ് തകർക്കപ്പെട്ടു എന്നുപറഞ്ഞാണ്. ജാമ്യമില്ലാത്ത വകുപ്പ് ചുമത്തി കേസ്സെടുത്തിരിക്കുകയാണ്. ആ കുട്ടികളെല്ലാവരും പറയുന്നു, ഞങ്ങളാരും ആ ഭാഗത്തേയ്ക്ക് പോയിട്ടില്ലെന്ന്. കാരണം ആ പാർട്ടി ഓഫീസിൽ കയറാൻ സാധിക്കില്ല, കയറിയാൽ തിരിച്ചുവരാൻ കഴിയില്ല. അവിടെ അത്യുയധികം ബി.ജെ.പി.-യുടെ ശക്തികേന്ദ്രമാണ്. അവിടെ ഞങ്ങളാരും പോകാറില്ല, പോകുകയുമില്ല. അങ്ങനെയുള്ള സ്ഥലത്തുവച്ച് കേസ്സെടുത്തിരിക്കുകയാണ്. പോലീസ് ഇത് വിശ്വസിച്ച് രണ്ട് നിരപരാധികളായ പ്രവർത്തകരെ പിടിച്ച്

ജയിലിലടച്ചിരിക്കുകയാണ്. അതുകൊണ്ട് അത് ദുരുപയോഗം ചെയ്യുന്നതുകൂടി ഒഴിവാക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. യഥാർത്ഥത്തിൽ 40 വർഷംമുമ്പ്, 1978-ൽ കേരള നിയമസഭയിൽ യു.ഡി.എഫ്. ഗവൺമെന്റാണ് അന്ന് ഈ നിയമം കൊണ്ടുവരാൻ ശ്രമിച്ചത്. ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ ശ്രീ. പി. ജെ. ജോസഫ് കൊണ്ടുവന്ന ബിൽ നിയമസഭ അന്ന് പാസ്സാക്കുകയുണ്ടായി. 40 വർഷം മുമ്പുണ്ടായ ഒരു നയംമാറ്റമാണ്. അന്ന് ഇതിനെ ശക്തമായി എതിർത്തത് ശ്രീ. എ. എൻ. ഷംസീറിന്റെ പാർട്ടിയാണ്. എന്റെ ആദ്യത്തെ പ്രസംഗത്തിൽത്തന്നെ അത് പറയാൻ എനിക്ക് വിഷമമുണ്ട്. അന്ന് നിയമം പാസ്സാക്കി, രാഷ്ട്രപതി അംഗീകരിച്ചില്ല. അതുകൊണ്ടാണ് അന്ന് ഈ നിയമം നടപ്പിൽവരാൻ തടസ്സമായത്. ഇന്നത്തെ ഭരണകക്ഷി അന്ന് പ്രതിപക്ഷത്തായിരുന്നു. അവർ അതിനെ അന്ന് എതിർത്തു. വൈദ്യുതി ബോർഡിലും കെ.എസ്.ആർ.ടി.സി.-യിലും നടന്ന സമരങ്ങളിൽ കോടിക്കണക്കിന് രൂപയുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ട പശ്ചാത്തലത്തിലായിരുന്നു അന്ന് ഈയൊരു നിയമം കൊണ്ടുവരാനിടയായത്. ആറ് മാസംമുതൽ അഞ്ച് വർഷംവരെ തടവാണ് അന്ന് യഥാർത്ഥത്തിൽ ബില്ലിൽ ഉണ്ടായിരുന്നത്. ഇപ്പോൾ '1984-ലെ പ്രിവൻഷൻ ഓഫ് ഡാമേജ് ടു പബ്ലിക് പ്രോപ്പർട്ടി ആക്റ്റിന് (1984-ലെ 3-ാം കേന്ദ്ര ആക്റ്റ്) കീഴിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള പൊതുസ്വത്ത് അല്ലാതെയുള്ള, ഏതെങ്കിലും ആളുടെയോ സംഘടനയുടെയോ സ്ഥാപനത്തിന്റെയോ അസ്തിത്വത്തിന്റെയോ ഉടമസ്ഥതയിലോ കൈവശത്തിലോ നിയന്ത്രണത്തിൻകീഴിലോ ഉള്ള, ഏതെങ്കിലും യന്ത്രസാമഗ്രികൾ ഉൾപ്പെടെയുള്ള, സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും സ്വത്ത് എന്ന് അർത്ഥമാക്കുന്നു' അതായത് പ്രൈവറ്റ് പ്രോപ്പർട്ടി ഇല്ല. പൊതുസ്വത്ത് നശിപ്പിക്കപ്പെടുന്നതിന് ഇന്ന് ഫൈൻ അടപ്പിക്കുന്നതിനും മറ്റുമായി അല്ലെങ്കിൽ ജാമ്യമെടുക്കുന്നതിനുമുമ്പുതന്നെ സംഖ്യ കെട്ടിവയ്ക്കേണ്ടതായ നിയമം, 1980-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ പൊതുമുതൽ നശീകരണം തടയൽ നിയമപ്രകാരമാണ് ഇന്ന് നഷ്ടപരിഹാരം ഈടാക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2015 നവംബർ 30-ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല, ഈ നിയമസഭയിൽ ഹർത്താൽ നിയന്ത്രണ ബിൽ അവതരിപ്പിച്ചിരുന്നു. ഹർത്താൽ ആഹ്വാനം ചെയ്യുന്നവർ മൂന്ന് ദിവസം മുമ്പ് നോട്ടീസ് നൽകണമെന്നായിരുന്നു ബില്ലിലെ വ്യവസ്ഥ. ചില ഹർത്താലുകൾ നിരോധിക്കാൻ സർക്കാരിന് അതിൽ അധികാരവും നൽകിയിരുന്ന ഒരു സാഹചര്യമാണുണ്ടായിരുന്നത്. ഇപ്പോൾ ഹൈക്കോടതി നിർദ്ദേശപ്രകാരം 7 ദിവസംമുമ്പ് നോട്ടീസ് കൊടുത്താൽ മാത്രമേ ഹർത്താൽ നടത്താൻ സാധിക്കൂ. യഥാർത്ഥത്തിൽ അന്നും ഇതുപോലെ സി.പി.ഐ.(എം) എതിർക്കുകയുണ്ടായി. അന്ന് സെലക്റ്റ് കമ്മിറ്റിക്ക്

വിട്ടുകയുണ്ടായി. ജനങ്ങളുടെ അഭിപ്രായമറിയാനായിരുന്ന സെലക്ട് കമ്മിറ്റിക്ക് വിട്ടത്. അന്ന് തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും എം.എൽ.എ.-മാരുടെ വിവിധ സമിതികൾ ജനങ്ങളിൽനിന്ന് അഭിപ്രായം സമാഹരിച്ച് തുടങ്ങിയിരുന്നു. അപ്പോഴേയ്ക്കും ഗവൺമെന്റ് മാറി. 2016-ൽ ഗവൺമെന്റ് മാറിയതുകൊണ്ട് ആ നിയമം നടപ്പിലാകാതെവന്നു. പക്ഷേ കോടതിയുടെ നിർദ്ദേശപ്രകാരം ഇങ്ങനെയൊരു നിയമം പ്രാബല്യത്തിൽ വരാൻ പോകുന്നു. ബഹുമാനപ്പെട്ട സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. ഒരു മാനുഷിക പരിഗണന നൽകേണ്ട ബില്ലാണ്. ഇൻഷ്വർ ചെയ്യാതെ കച്ചവടം ചെയ്യുന്ന സാധാരണക്കാരായ ധാരാളം ആളുകളുണ്ട്. അവരെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു കാര്യമാണിത്. എന്തെങ്കിലുമൊരു പ്രശ്നം വരുമ്പോൾ കരുതിക്കൂട്ടി അവരെ ആക്രമിക്കുക, ഇപ്പോൾത്തന്നെ കഴിഞ്ഞ പ്രാവശ്യം ബി.ജെ.പി.-യുടെ ഹർത്താൽ വന്ന സമയത്ത് യാതൊരു കാരണവുമില്ലാതെ ബന്തിയോട് എന്ന പ്രദേശം മുഴുവനും അടിച്ചുപൊളിച്ചു. മാത്രമല്ല, ഒരു മൗലവിയെ കഠാരകൊണ്ട് കുത്തിയ സന്ദർഭംവരെ അവിടെ ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ ഒഴിവാക്കാൻ ഇത് വളരെയധികം ഗുണപ്രദമാകും. ഈ ബില്ലിന്റെ ഒരു കോപ്പി ചില പാർട്ടി ഓഫീസിൽ പതിക്കണമെന്നാണ് എന്റെ അഭിപ്രായം. ഒരു കാരണവശാലും ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകാൻ പാടില്ല. എല്ലാ പാർട്ടിയിലും ഇതിനെ സംബന്ധിച്ചുള്ള ബോധവൽക്കരണം കൊടുക്കുക. ഒരുകാരണവശാലും ഇങ്ങനെയൊരു സംഭവം നടത്തിയാൽ രക്ഷപ്പെടുകയില്ലെന്ന തീരുമാനം അറിയിക്കുക. അതോടൊപ്പം ഇങ്ങനെ ആക്രമണം നടത്തിയാൽ ജാമ്യസംഖ്യ നേരത്തെ കെട്ടിവയ്ക്കുന്നതെല്ലാം ഒഴിവാക്കാം. അതുകൊണ്ട് നിയമസഭയിൽ ഇത് പാസ്സാക്കിയാൽ മാത്രം പോരാ; ഇതുസംബന്ധിച്ച് വ്യക്തമായ ചർച്ച നടത്തി, താഴേക്കിടയിലേയ്ക്ക് ഇതിന്റെ സന്ദേശംപോയി, പാർട്ടി അണികളെ ബോധവൽക്കരിച്ച്, ഒരുകാരണവശാലും ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങൾ വരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സർ, 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ആമുഖ പ്രഭാഷണത്തിൽ ബഹുമാനപ്പെട്ട മന്ത്രി കേരളീയ സമൂഹത്തിന്റെ ചിന്താഗതിയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. പരമ്പരാഗതമായി കേരളത്തിലെ ഗ്രാമീണമേഖലയിലായാലും നഗരത്തിലായാലും കുടുംബബന്ധത്തിലും അയൽപക്കബന്ധത്തിലും സാമൂഹ്യ ബന്ധത്തിലും ഏറെ സഹകരണത്തോടെ നീങ്ങിയ നാടാണിത്. നവോത്ഥാന സമരങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഇന്ത്യയിലെ ഒരു നഗരത്തിൽ മാത്രമാണ് കടകൾ, ബാങ്കുകൾ എന്നിവ അടയ്ക്കാതെ വാശിയിൽ ഇപ്പോഴും പ്രവർത്തിക്കുന്നത്. അതുപോലെ മുമ്പ് വീടുകൾ പൂട്ടാതെ താക്കോൽ അടുത്ത വീട്ടിൽ ഏൽപ്പിച്ച് അത്യാവശ്യം വന്നാൽ നിങ്ങൾ പൂട്ടിയാൽ മതി എന്നുപറയുന്ന അത്രയേറെ സാഹോദര്യബന്ധം പുലർത്തിയ നാടാണ് കേരളം. അതിന്റെ തുടർ അവകാശികളാണ് ഇന്നത്തെ കേരളീയ സമൂഹമെന്ന് തെളിയിച്ചത് കഴിഞ്ഞ പ്രളയത്തിന്റെ കാലയളവിലാണ്. പ്രളയദുരന്തത്തിൽ ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, വയനാട് തുടങ്ങിയ ജില്ലകൾ ഒറ്റപ്പെടുകയും വിവിധ മേഖലകൾ പ്രളയത്തിൽപ്പെട്ടുപോകുകയും ചെയ്ത സാഹചര്യത്തിൽ ആബാലവൃദ്ധം ജനങ്ങളും സ്വന്തം ജീവൻ ബലികൊടുത്താലും രക്ഷാപ്രവർത്തനത്തിൽ ജീവൻ നഷ്ടപ്പെട്ടാലും എന്റെ കൺമുമ്പിൽവച്ച് ഒരു സഹജീവിയും മരിക്കരുത് എന്ന കാഴ്ചപ്പാടോടുകൂടിയുള്ള പ്രവർത്തനമാണ് നടത്തിയത്. പഴയ പാരമ്പര്യം ഉയർത്തിപ്പിടിക്കാൻ നമ്മുടെ സമൂഹം തയ്യാറാണെന്ന് തെളിയിക്കപ്പെട്ട മുഹൂർത്തമായിരുന്നു അത്. അതിന് നേതൃത്വം കൊടുക്കാനും ഒരു ഗവൺമെന്റുണ്ട് എന്ന് തെളിയിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ മുഴുവൻ ജനങ്ങളെയും സജ്ജരാക്കുന്ന പ്രവർത്തനത്തിൽ വിജയിക്കുകയും ചെയ്തു. ഇതൊക്കെ നടക്കുന്നുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തു തന്നെ വിവിധങ്ങളായ മേഖലകളിൽ സംഘർഷവും സംഘട്ടനവും അതോടൊപ്പം സ്വകാര്യസ്വത്ത് കയ്യേറുന്ന സ്ഥിതിയുമുണ്ടാകുന്നുവെന്ന പ്രയാസം ഉളവാക്കുന്ന സാഹചര്യവുമുണ്ട്. ഇത്തരം ചർച്ച നടത്തുമ്പോൾ ചില മേഖലകളിൽനിന്ന് നമ്മുടെ നാട്ടിലെ പ്രകടനങ്ങൾ, ഹർത്താലുകൾ, ബന്ദുകൾ എല്ലാംതന്നെ ഒഴിവാക്കി ക്കളയണമെന്ന കാഴ്ചപ്പാടും ഉയർന്നുവരുന്നുണ്ട്. നാം ഇവിടെനിന്ന് സംസാരിക്കുന്നതും ഇന്നത്തെ നാടിന്റെ പുരോഗതിയുമൊക്കെയെടുത്ത് പരിശോധിച്ചാൽ ഐതിഹാസികമായ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലൂടെയാണ് ഇവയെല്ലാം രൂപപ്പെട്ടതെന്ന് മനസ്സിലാകും. നിയമനിഷേധവും മറ്റിതര സമരരൂപങ്ങളുമൊക്കെ ഉയർന്നുവന്നാണ് ആ സ്വാതന്ത്ര്യസമരം അരങ്ങേറിയത്. സാമ്രാജ്യത്വത്തിനെതിരെ നൂറ്റാണ്ടുകൾ നടന്ന പോരാട്ടത്തിനുശേഷമാണ് നമുക്ക് വിജയിക്കാൻ കഴിഞ്ഞത്. പിന്നീട് അവകാശങ്ങൾ സംരക്ഷിക്കാൻ സ്വതന്ത്ര ഇന്ത്യയിൽ ഉജ്ജ്വലമായ പോരാട്ടങ്ങൾ/സമരങ്ങൾ നടത്തേണ്ടിവന്നു. കൃഷിക്കാരന്റെയും തൊഴിലാളികളുടെയും സംഘശക്തിയോടെയുള്ള പോരാട്ടങ്ങളുടെ ഭാഗമായി, ജനങ്ങളെ അണിനിരത്തി

ക്കൊണ്ടുള്ള പോരാട്ടങ്ങളായിരുന്നു അവയെല്ലാം. അതിന്റെ ഭാഗമായി എത്രയോ അവകാശങ്ങൾ നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. ചെറിയ ചില ഗ്രൂപ്പുകൾപോലും ഹർത്താലുകൾ/ബന്ദുകൾ പ്രഖ്യാപിക്കുന്ന സ്ഥിതി കേരളത്തിൽ ഉയർന്നു വരികയാണ്. ഇപ്പോൾ അതിനേക്കാൾ സവിശേഷത, വാട്ട്സാപ്പ് ഗ്രൂപ്പുകൾ സമരങ്ങൾ നടത്തി. എന്നാൽ ആരാണ് സമരത്തിന്റെ പിന്നിലുള്ളതെന്ന് അറിയാത്ത നിലയിലേയ്ക്ക് സമരം വരികയും അല്ലെങ്കിൽ അങ്ങനെ ആഹ്വാനം നടത്തി സംഘർഷവും സംഘട്ടനവുമുണ്ടാക്കുന്ന സ്ഥിതികൂടി വന്നിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ തീർച്ചയായും സ്വകാര്യ സ്വത്തിന്റെ സംരക്ഷണം കാരണം ഒരു ജീവിത കാലയളവിൽ അല്ലെങ്കിൽ പഴയതലമുറ സമ്പാദിച്ചുതന്ന സ്വത്ത് ഇത്തരം ചില മുഹൂർത്തങ്ങളിൽ നശിപ്പിക്കുന്ന സാഹചര്യം വരുമ്പോൾ അതിനെ സംരക്ഷിക്കാനുള്ള ബാധ്യത ഒരു ജനാധിപത്യ ഗവൺമെന്റിനുണ്ട് എന്ന കാഴ്ചപ്പാടോടുകൂടി ഇങ്ങനെ ബിൽ പൈലറ്റ് ചെയ്ത് നടപ്പിലാക്കാൻ പോകുന്നുവെന്നത് കേരളീയ സമൂഹം പൊതുവായി സന്തോഷത്തോടെ സ്വീകരിക്കും. എന്നാൽ ഹർത്താലായാലും ബന്ദായാലും പ്രകടനങ്ങളായാലും മത സംഘടനകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിപാടികളായാലും ഇത്തരം പ്രകടനങ്ങളൊക്കെ നടക്കുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന മതസംഘർഷങ്ങളും അതുമായി ബന്ധപ്പെട്ട അതിക്രമങ്ങളും തടയണമെങ്കിൽ ഇതു പോലൊരു നിയമം അനിവാര്യമാണ്; അത് ജനങ്ങൾക്ക് ബോധ്യമുണ്ടെന്നുള്ളത് യാതൊരു സംശയവുമില്ലായെന്നാണ് സമീപകാല കേരളം തെളിയിച്ചത്. പക്ഷെ സാമൂഹ്യദ്രോഹികൾ/ഛിദ്രശക്തികൾ വളരെ ബോധപൂർവ്വം ഇത്തരം അക്രമങ്ങൾ നടത്തി അഴിഞ്ഞാടുമ്പോൾ അതിനെ തടയാൻ കർക്കശമായ നിയമത്തിന്റെ അനിവാര്യതയുണ്ട്. ഇപ്പോൾ പൊതുമുതൽ നശിപ്പിക്കുമ്പോൾ അത് തടയാനുള്ള സംവിധാനങ്ങളുണ്ട്. ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ആ നിലപാട് സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്നവരല്ല. സ്വാതന്ത്ര്യസമര കാലയളവിൽ നശീകരണ പ്രവർത്തനങ്ങൾ നടത്തിയില്ല. എന്റേത് എന്നൊരു തോന്നലുണ്ടാകണം. 1957-ലെ വിമോചന സമരത്തിലാണ് സംസ്ഥാനത്തിന്റെ സ്വത്ത് നശിപ്പിക്കാൻ കഴിയണമെന്ന ലക്ഷ്യത്തോടുകൂടി ട്രാൻസ്പോർട്ട് ബസുകളും മറ്റ് സർക്കാർ ആഫീസുകളും ആക്രമിക്കുന്ന സാഹചര്യം കേരളത്തിൽ അരങ്ങേറിയത്. അത് കേവലം സർക്കാർ മേഖലയിൽ മാത്രമല്ല സ്വകാര്യ മേഖലയിലെ വീടുകളും സ്വത്തുകളും ഉൾപ്പെടെ കയ്യേറുന്ന രീതിയിലേയ്ക്ക് വന്നു. കേരളീയ സമൂഹത്തിലാകെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രീതിയിലേയ്ക്ക് സാമ്രാജ്യത്വ ശക്തികളുടെ പിന്തുണയോടെ നടത്തിയ ജനാധിപത്യവിരുദ്ധ സമീപനവും അവിടെ അരങ്ങേറി. ഭരണരംഗത്ത്, കേന്ദ്രഗവൺമെന്റ് ജനാധിപത്യവിരുദ്ധമായി ഒരു ഗവൺമെന്റിനെ പിരിച്ചുവിടുകയും

അതോടൊപ്പം നാട്ടിലെങ്ങും അക്രമങ്ങൾ അരങ്ങേറുന്ന സാഹചര്യവും ഉണ്ടായി. അന്ന് ഇന്ത്യ ഭരിച്ചിരുന്ന രാഷ്ട്രീയ പാർട്ടിയാണ് അത് ചെയ്തത്. അതിനെത്തുടർന്ന് ഇവിടെ നടന്ന സമരങ്ങളിൽ ഏത് സമരം വരുമ്പോഴും ഏതു സംഘടനയും ആദ്യം കൈവയ്ക്കുന്നത് കെ.എസ്.ആർ.ടി.സി. ബസിന്റെ പുറത്തായിരുന്നു. ഈ സ്റ്റേറ്റിലെ പൗരനെന്ന നിലയ്ക്ക് പൊതുമുതൽ സംരക്ഷിക്കേണ്ടത് എന്റെ കടമയാണ്, ഇത് എന്റേതാണെന്ന ബോധ്യത്തിൽനിന്ന് മാറിപ്പോകുകയാണ്. ഗവൺമെന്റുകൾ മാറിമാറി വരും. പക്ഷെ അത് ഇത്തരം അക്രമങ്ങളിലൂടെയല്ല എന്ന കാഴ്ചപ്പാട് വരണം. അതിൽനിന്ന് ജനങ്ങൾ പിന്തിരിയുന്നില്ലെന്ന് തോന്നിയതിന്റെ അടിസ്ഥാനത്തിലാണ് പൊതുമുതൽ നശീകരണവുമായി ബന്ധപ്പെട്ട് നിയമം കൊണ്ടുവരികയും പി.ഡി.പി.പി. ആക്ട് മുഖേനയാണ് അത് ഒരളവുവരെ നിയന്ത്രിക്കാൻ കഴിയുന്ന രീതിയിലേയ്ക്കോ അല്ലെങ്കിൽ അതിന് ചില മാനദണ്ഡങ്ങൾ ഉയർത്തിക്കൊണ്ടുവരാനോ കഴിഞ്ഞിട്ടുള്ളത്. ഇവിടെ നേരത്തെ സൂചിപ്പിച്ചപോലെ, സ്വൈര്യമായി കിടന്നുറങ്ങാനും സ്വൈര്യപൂർണ്ണമായ ജീവിതം ഉറപ്പുവരുത്താനും കേരളത്തിലെ ഇന്നത്തെ സാഹചര്യം വച്ചുകൊണ്ട് ഇത്തരമൊരു നിയമനിർമ്മാണം അനിവാര്യമാണ്. വിവിധങ്ങളായ ഗ്രൂപ്പുകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഉത്തരവാദപ്പെട്ട നേതാക്കന്മാരും ബഹുജനസംഘടനകളുടെ നേതാക്കന്മാരും വിചാരിച്ചാൽ ഏത് സമരത്തേയും നിയന്ത്രിക്കാൻ കഴിയും. പക്ഷെ അതിൽ അരാജകവാദികളും പിന്തിരിപ്പന്മാരും കടന്നുവരികയും വലിയ പ്രകടനങ്ങൾ അണിനിരക്കുമ്പോൾ അതിലേയ്ക്ക് നുഴഞ്ഞുകയറുകയുമൊക്കെ ചെയ്തുകൊണ്ട് അതിലേക്കിത് കൊണ്ടുവരുന്ന സമീപനമുണ്ട്. അതുപോലെ എന്റെ പതാക അല്ലെങ്കിൽ ഞാൻ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനത്തിന്റെ പതാക എന്റെ വിരോധി/രാഷ്ട്രീയമായി വിരോധമുള്ള പ്രസ്ഥാനത്തിന്റെ നേതാവിന്റെയോ പ്രവർത്തകന്റെയോ വീട്ടുപടിക്കലോ ഗേറ്റിലോ സ്ഥാപിക്കേണ്ട കാര്യമില്ല. കൊടിതോരണങ്ങൾ കെട്ടുന്നതുപോലെ വളരെ ചെറിയ വിഷയങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നങ്ങൾ ഉയർന്നുവരുന്നത്. രാത്രിയിൽ ആരുമറിയാതെ ഇതുമായി ബന്ധപ്പെട്ട പ്രതിഷേധം തീർക്കാൻ വീടുകൾക്ക് നേരെ ആക്രമണങ്ങളുണ്ടാകുന്നു. പക്ഷെ ഇതിലൊക്കെ സ്വകാര്യമായൊരു നിലപാടുണ്ടാകേണ്ടതുണ്ട്. പ്രകടനങ്ങൾ നടത്തുമ്പോൾ അതിൽ പങ്കാളികളാകേണ്ടാത്തവർ കടന്നുവരുന്ന അനുഭവങ്ങൾ നമ്മുടെ നാട്ടിലിപ്പോൾ ഉയർന്നുവരുന്നുണ്ട്. പോലീസിന് വീഡിയോ റിക്കാർഡിംഗ് സംവിധാനംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ നഗരങ്ങളിലും അതുപോലെയുള്ള സ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയുമൊക്കെ നേതൃത്വത്തിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയും പൊതുമേഖലാ ബാങ്കുകൾ, സഹകരണ ബാങ്കുകൾ തുടങ്ങിയ എല്ലാ മേഖലകളിലും ഒരു കൂട്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ സി.സി.ടി.വി.

സ്ഥാപിക്കുകയും ചെയ്താൽ ആരെല്ലാം എന്തെല്ലാം ഏതെല്ലാം നിലയ്ക്ക് എടുക്കുന്നുവെന്നത് ഒരളവുവരെ കണ്ടെത്താൻ കഴിയും. ഗ്രാമീണമേഖലയിലെ മുഴുവൻ വീടുകളെയും ആ നിലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുകയില്ല. എന്നാൽപ്പോലും ഇതൊക്കെ കണ്ടെത്താൻ കഴിയും. സാമൂഹ്യദ്രോഹികളാണിവരെന്ന് മുദ്രകുത്തിക്കൊണ്ട് അവരെ അതിൽനിന്നും പിന്തിരിപ്പിക്കാനും അവരെ ശിക്ഷിക്കുകയെന്നുള്ളതിനെക്കാൾ അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുന്ന, സമൂഹത്തിലാകെ ഒരു അവബോധം ഉയർത്തിക്കൊണ്ട് വരാൻ കഴിയുന്ന നിലയിലേയ്ക്ക് ഇതിനെ വളർത്തിക്കൊണ്ട് വരാൻ കഴിയുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ ഇങ്ങനെയൊരു ആത്മബന്ധമുള്ള നാട്ടിൽ മനുഷ്യരെ ഭിന്നിപ്പിക്കുന്ന സ്ഥിതി വരുന്നത് രാഷ്ട്രീയമല്ലാതെ അരാഷ്ട്രീയം കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായാണ്. രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ തർക്കങ്ങളോ വിതർക്കങ്ങളോ ഉയർന്നുവരില്ല. പക്ഷെ അതിനകത്ത് പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ തീവ്രവാദ സമീപനങ്ങളും തീവ്രവാദ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുംകൂടി കടന്നുവരുന്ന അവസ്ഥ ഇന്ന് കേരളത്തിലുണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, രാത്രി 12 മണിക്ക് വാട്ട്സാപ്പ് ഗ്രൂപ്പ് ഹർത്താൽ പ്രഖ്യാപിക്കുന്ന, അറിഞ്ഞോ അറിയാതെയോ എല്ലാപേരും അതിൽ പങ്കാളികളാകുന്നു. അതൊക്കെ തടയാൻ ഇതിന്റെ ഭാഗമായി കഴിയും. ഒരു സമരത്തെ എങ്ങനെ വിജയിപ്പിക്കണമെന്നതിനെക്കുറിച്ചാണെങ്കിൽ അതിന്റെ അർത്ഥം ചോർന്നുപോകുന്ന സ്ഥിതിയുണ്ടാകുന്നുണ്ട്. ബന്ദ് പ്രഖ്യാപിച്ചാൽ പിന്നെയെല്ലാം സമാധാനപൂർണ്ണമായി തങ്ങളുടെ സമരം വിജയിക്കുമെന്ന കാഴ്ചപ്പാടിലേയ്ക്ക് പോകുകയാണ്. കേരളസമൂഹത്തിലെ ഏത് മേഖലയ്ക്കുവേണ്ടിയാണോ സമരം നടക്കുന്നത് അത് ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട്, നല്ല സമയം കൊടുത്ത്, മുഴുവൻ ആളുകളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സി.സി.ടി.വി.-യുടെ കാര്യം പറഞ്ഞു. നമുക്കത് യോജിച്ച് ചെയ്യാവുന്നതാണ്. അതൊക്കെ അതിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, നമുക്കറിയാവുന്ന അത്തരം കുറേ സംഭവങ്ങൾ ജില്ലയുടെ വിവിധ മേഖലകളിൽ നടക്കുന്നുണ്ട്. സാമൂഹ്യദ്രോഹികളെന്ന നിലയ്ക്ക് രാത്രിയുടെ മറവിൽ ചെയ്യുന്ന ഈ ഹീനകൃത്യങ്ങളെ കഠിനതടവിന് ശിക്ഷിക്കപ്പെടുന്ന നിലയിലേയ്ക്ക് വളർത്തിക്കൊണ്ടുവരേണ്ടതാണ്. ആ നിലയിലേയ്ക്ക്

ഉയർത്തിക്കൊണ്ട് വരണം. കാരണം കുട്ടികൾ, സ്ത്രീകൾ, പ്രായമായവർ തുടങ്ങിയവർക്ക് സ്വൈര്യപൂർണ്ണമായി ജീവിക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. ഇവിടെ ഒരു വിഷയമാണ് സൂചിപ്പിച്ചതെങ്കിലും വ്യാപകമായി നമ്മുടെ നാട്ടിൽ അത്തരം പ്രശ്നങ്ങളുണ്ട്, അത് തടയപ്പെടേണ്ടതാണ്. ഞാൻ സൂചിപ്പിച്ചത്, സമരമുഖങ്ങളിൽ മുഴുവൻ ജനങ്ങളേയും അണിനിരത്തുക എന്നതിനപ്പുറത്ത് ഇങ്ങനെ കുറച്ചുപേർ അണിനിരന്നാൽ മതിയെന്ന തോന്നലിൽ ഹർത്താലിന്റെയും ബന്ദിന്റെയും അടിസ്ഥാനത്തിൽ നടത്തുന്ന സമരങ്ങളുടെ അർത്ഥം ചോർന്നുപോകുകയാണ്. കാർഷിക മേഖലയിലെ തകർച്ച, രാജ്യത്ത് ഇന്ന് ഉയർന്നുവരുന്ന മറ്റിതര വിഷയങ്ങൾ, ചെറുപ്പക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിലക്കയറ്റം, ദേശീയാടിസ്ഥാനത്തിലോ സംസ്ഥാന അടിസ്ഥാനത്തിലോ ഉള്ള പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ അവിടത്തെ മുഴുവൻ ജനങ്ങളെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഇന്ന തീയതി ഞങ്ങൾ ഹർത്താൽ/ബന്ദ് നടത്തുന്നു എന്നുപറഞ്ഞ് ആ ജനങ്ങളെ മുഴുവൻ അണിനിരത്തണം. അതിന്റെ ഭാഗമായി മറ്റ് ജനങ്ങൾക്ക് വരുന്ന അസൗകര്യങ്ങൾ ഒഴിവാക്കുകയും ആ ജനങ്ങളെ ഇതുമായി സഹകരിപ്പിക്കാനുള്ള സാവകാശവും കൊടുക്കുന്ന നിലയിലേക്കിതിനെ കൊണ്ടുവരണം. ഇപ്പോൾ ബന്ദോ, ഹർത്താലോ പ്രഖ്യാപിച്ചുകഴിഞ്ഞാൽ നേതാക്കൾക്ക് സ്വൈര്യപൂർവ്വം ഇരിക്കാൻ കഴിയുന്ന ഒരു വിശ്രമദിനം എന്ന നിലയിൽ നിൽക്കുകയാണ്. എല്ലാപേരും തലേദിവസംതന്നെ ഭക്ഷണസാധനങ്ങളും മറ്റും വാങ്ങിത്തീർത്ത് വിശ്രമ ദിനം എന്ന നിലയ്ക്ക് ആഘോഷിക്കുന്ന നിലയിലേയ്ക്ക് മാറുകയാണ്. സമരമുഖത്തുനിന്ന് സമരത്തിന്റെ അർത്ഥം ചോർന്ന് പോകുകയും പതിനായിരക്കണക്കിന് ജനങ്ങളെ അണിനിരത്തേണ്ടതിൽനിന്ന് പിന്മാറുകയും ചെയ്യുന്ന നിലയിലേയ്ക്ക് കടന്നുവരികയാണ്. പണിമുടക്കിൽ എല്ലാപേരും പങ്കെടുക്കുന്നുണ്ട്. സമരങ്ങളിൽ മറ്റുള്ളവരുടെ ഐക്യം ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നുണ്ട്. പക്ഷേ ഹർത്താലും ബന്ദും പ്രഖ്യാപിക്കുകയും ബന്ദിന്റെയും ഹർത്താലിന്റെയും വെളിച്ചത്തിൽ ഇങ്ങനെയുള്ള സാമൂഹ്യദ്രോഹികൾ അരങ്ങേറുന്ന ഒരുനിലയും കടന്നുവരുന്നുണ്ട്. അത് പൊതുമുതൽ നശിപ്പിക്കുന്നതിന്റെകൂടെ തീർച്ചയായും സ്വകാര്യ സ്വത്തുകൂടി നശിപ്പിക്കാനുള്ള സ്വാതന്ത്ര്യവും അവസരവും ഇതിന്റെ ഭാഗമായി ലഭിക്കുന്നു എന്നത് നാട്ടിൽ സമാധാന അന്തരീക്ഷം തകർക്കാൻ ഏറെ സഹായകരമാണ്. ഞാൻ നീട്ടിക്കൊണ്ട് പോകാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഇത്തരമൊരു നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തീർച്ചയായും നമുക്ക് സ്വൈര്യപൂർണ്ണം വീട്ടിലന്തിയുറങ്ങാനും നമ്മുടെ സ്വത്തിന് സംരക്ഷണം ലഭിക്കാനും അത് കൃഷിയായാലും വ്യാവസായിക സാമഗ്രികളായാലും കച്ചവട സ്ഥാപനങ്ങളായാലുമൊക്കെ സംരക്ഷിക്കാൻ കഴിയും എന്നൊരു ചിന്ത നാട്ടിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുകയും ഇത്തരം അക്രമവാസനയുള്ളവരെയെല്ലാം

പിൻതിരിപ്പിക്കാനുള്ള ശ്രമവും ഇതിന്റെ ഭാഗമായി ഉയർന്നുവരും. നിയമസഭയിൽ ഇത്തരമൊരു നിയമം കൊണ്ടുവരികയും അത് പാസ്സാക്കുകയും ചെയ്താൽ കേരള സമൂഹത്തിൽ ആകെ ചർച്ചയും ചിന്തയും ഉയർന്നുവരും. എല്ലാ ബഹുജന പ്രസ്ഥാനങ്ങളും സമരസംഘടനകളും മതസംഘടനകളുമെല്ലാം ഈ വിഷയങ്ങൾ ചർച്ച ചെയ്യും. കേരളത്തിന്റെ പാരമ്പര്യമുയർത്തിപ്പിടിച്ചുകൊണ്ട്, ഒരു നിയമത്തിന്റെയും കർക്കശമായ നിലപാടുകളില്ലാതെതന്നെ ജനങ്ങൾ ഒറ്റക്കെട്ടായി നിന്ന പാരമ്പര്യമുള്ള ഈ കേരളത്തെ അതുപോലെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയേണ്ടതുണ്ട്. പ്രത്യേകിച്ച് വർത്തമാനകാല സാഹചര്യത്തിൽ വർഗ്ഗീയ കലാപത്തിന്റെ ഭൂമികളും പ്രദേശങ്ങളുമാക്കി മാറ്റാൻ കേരളത്തിന്റെ പ്രദേശങ്ങളെയും ഉപയോഗപ്പെടുത്തുന്ന സാഹചര്യം നിലനിൽക്കുമ്പോൾ, എല്ലാവരുടേയും സ്വത്ത് സംരക്ഷിക്കേണ്ട ബാധ്യത നിയമസഭയ്ക്കുണ്ട്, കേരളത്തിനുണ്ട് എന്ന കാഴ്ചപ്പാടോടുകൂടി ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നതിലുള്ള എല്ലാ സന്തോഷവും അറിയിച്ചുകൊണ്ട് ബിൽ വീണ്ടും പൊതുജനാഭിപ്രായം ആരായാൻ നൽകണമെന്ന അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഞാൻ പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തകനായിരുന്ന സമയത്ത് എന്റെയും വീട് ആക്രമിക്കപ്പെട്ടിട്ടുള്ളതാണ്. അന്ന് വാതിൽ തുറക്കാൻ കഴിയാത്തതുകൊണ്ടാണ് ജീവൻ നിലനിർത്താൻ സാധിച്ചത്. യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് അവിടെവന്ന് വീട് ആക്രമിച്ചത്. അത് എല്ലാവർക്കും ബാധകമായിട്ടുള്ള കാര്യമാണ്. ഗവൺമെന്റ് വളരെ കൃത്യമായ നടപടികളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നത്. ഏതൊരു പൗരന്റെയും ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഗവൺമെന്റിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിന്റെ ഭാഗമായി വേണം നമുക്ക് ഈ ബില്ലിനെ കാണാനുള്ളത്. ഇപ്പോൾ രാഷ്ട്രീയ സംഘടനകളും പൊതുവിൽ സ്വീകരിച്ചുവരുന്നൊരു നിലപാട് അങ്ങനെ തന്നെയാണ്. അക്രമം പ്രോത്സാഹിപ്പിക്കാത്ത നിലപാട് പൊതുവിൽ എല്ലാ രാഷ്ട്രീയ സംഘടനകളും സ്വീകരിച്ചുവരുന്നു, അത് സ്വാഗതാർഹമാണ്. ഹർത്താലടക്കമുള്ള സമരമാർഗ്ഗങ്ങൾ പലരും സ്വീകരിക്കുകയാണ്. യഥാർത്ഥത്തിൽ ഹർത്താൽ പോലുള്ള സമരമാർഗ്ഗങ്ങൾ ഏറ്റവും അവസാനത്തെ ഒരു സമരായുധം എന്ന നിലയ്ക്ക് ഉപയോഗിക്കപ്പെടേണ്ടതാണ്. പക്ഷേ, നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയുമടക്കം ഉത്തരവുകൾ നിലനിൽക്കെത്തന്നെ ഒരു സുപ്രഭാതത്തിൽ ഹർത്താൽ പ്രഖ്യാപിക്കുകയാണ്. ഹർത്താലിനെ എതിർത്ത ആളുകൾതന്നെ മിന്നൽ ഹർത്താലുകൾ പ്രഖ്യാപിക്കുകയാണ്. അതിന്

ഒരു യുവജനസംഘടനയുടെ നേതാവിന് ജയിലിൽ കിടക്കേണ്ട സാഹചര്യവും വരികയുണ്ടായി. ഇത് നമ്മളെല്ലാപേരും ചേർന്ന് പരിഹരിക്കേണ്ട ഒരു കാര്യമാണെന്നാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. പൊതുസമര പരിപാടികൾക്കിടയിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പരിഹാരമെന്ന നിലയിലാണ് ഈ ബിൽ ഒരുപോലെ അംഗീകരിക്കുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു പബ്ലിക് അവയർനെസ് കൊണ്ടുവന്നതിന്റെ ഭാഗമായി നിരവധി കേസ്സുകൾ എടുത്തിട്ടുണ്ട്. പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെ ആയിരക്കണക്കിന് കേസുകളാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. 2018 ഒക്ടോബർ മുതൽ ജനുവരി വരെ 1137 കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. 49776 പ്രതികൾ ഈ കേസ്സുകളിലായി ഉൾപ്പെട്ടുവരികയാണ്. അതുപോലെതന്നെ ലക്ഷക്കണക്കിന് രൂപ പിഴയായും സെക്യൂരിറ്റിയായും ഈടാക്കി അത് ഗവൺമെന്റിലേയ്ക്ക് മുതൽക്കൂട്ടുകയാണ്. ഇത്തരത്തിൽ വളരെ ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചതു പോലെ പൊതുമുതൽ നശിപ്പിക്കുന്ന പ്രവണത എല്ലാപേരും ഒഴിവാക്കുന്ന രീതിയിലേയ്ക്ക് വരാൻ സാധിച്ചിട്ടുള്ളത്. അത് നല്ലൊരു സന്ദേശമാണ് പൊതുസമൂഹത്തിന് നൽകുന്നത്. അതുപോലെതന്നെ ഇവിടെ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് ഒരു സംഘടന നടത്തിയിട്ടുള്ള ഹർത്താലിൽ 1.58 കോടി രൂപയുടെ നഷ്ടമാണ് ആ പ്രദേശത്തുണ്ടായത്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. അത്തരത്തിൽ ഒരു സാഹചര്യത്തിലാണ് ഈ ബില്ലിന്റെ പ്രാധാന്യം ഉയർന്നുവരുന്നത്. ഹർത്താൽ ഏറ്റവും അവസാനത്തെ സമരായുധമെന്ന് പറയുമ്പോഴും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ഥാനത്തും അസ്ഥാനത്തുമൊക്കെ ഹർത്താലുകൾ പ്രഖ്യാപിക്കുന്നൊരു സ്ഥിതിയുണ്ട്. അത് എല്ലാപേരും ചേർന്ന് ഒഴിവാക്കേണ്ട കാര്യം തന്നെയാണ്. ഒരു സംഘടനാരൂപവും ഇല്ലാത്ത ആൾക്കാർ സോഷ്യൽ മീഡിയവഴി ഹർത്താൽ ആഹ്വാനം ചെയ്യുന്ന സ്ഥിതി സമീപകാലത്ത് കാണുകയുണ്ടായി. അത്തരമൊരു കാര്യത്തിലേയ്ക്ക് നാട് നീങ്ങാതിരിക്കാനുള്ള ജാഗ്രത ഉത്തരവാദപ്പെട്ട രാഷ്ട്രീയ സംഘടനകൾ സ്വീകരിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സുപ്രീംകോടതി വിധി നമ്മുടെ എല്ലാപേരുടേയും ശ്രദ്ധയിലുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ James Martin vs State of Kerala 2004 -ലെ വിധിന്യായത്തിൽ "No person has any right to destroy another's property in the guise of bandh or hartal or strike, irrespective of the proclaimed reasonableness of the cause or the question whether there is or was any legal sanction for the same. ഇത്തരമൊരു വിധിന്യായംകൂടി ഈ ബില്ലിന് ഇടയാക്കിയിട്ടുണ്ട് എന്ന് സ്വാഭാവികമായി കാണാൻ സാധിക്കും. ഈ വിധിയിൽ സ്വകാര്യ സ്വത്തിനുള്ള

നാശനഷ്ടം കൃത്യമായി തടയണമെന്ന് ബഹുമാനപ്പെട്ട കോടതി സൂചിപ്പിക്കുകയാണ്.

അതുപോലെ ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി സൂചിപ്പിക്കാനുള്ളത്, തിരുവനന്തപുരം നഗരത്തിന്റെ മേയറായി പ്രവർത്തിച്ചിട്ടുള്ള ഒരു വ്യക്തി എന്ന നിലയിൽ പലപ്പോഴും എന്നോട് ആൾക്കാർ ചോദിക്കുന്നൊരുകാര്യം ഡൽഹിയിൽ ജന്തർ മന്ദിർ പോലൊരു സമരകേന്ദ്രം ഇവിടെയും പൊതുവായി നിശ്ചയിക്കാൻ കഴിയുമോ എന്നാണ്. യഥാർത്ഥത്തിൽ ഗവൺമെന്റ് അത്തരമൊരു കാര്യത്തിൽ മുൻ കയ്യെടുക്കണമെന്ന അഭിപ്രായം ഈയവസരത്തിൽ മുന്നോട്ടുവയ്ക്കുകയാണ്.

ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ഈ നിയമം ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള ജാഗ്രതകൂടി ഇതിന്റെ ഭാഗമായി വരേണ്ടതായിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും രാഷ്ട്രീയ കക്ഷി മറ്റൊരു രാഷ്ട്രീയ പ്രവർത്തകനെ കേസിൽ പ്പെടുത്താനോ പ്രതിയാക്കി മാറ്റാനോ ഉദ്ദേശിച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ ഉണ്ടാകാതിരിക്കാനുള്ള, രാഷ്ട്രീയ പ്രേരിതമാകാതിരിക്കാനുള്ള നടപടികൾ കൂടി നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. എന്തായാലും നല്ലൊരു ജാഗ്രത പൊതുസമൂഹത്തിൽ കൊണ്ടുവരാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഗവൺമെന്റിനെയും അഭിനന്ദിക്കുന്നതിനുവേണ്ടി ഈ അവസരം വിനിയോഗിച്ചു കൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണ്.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ ഇവിടെ അവതരിപ്പിക്കപ്പെടുമ്പോൾ, നേരത്തെ മൂന്ന് പ്രാവശ്യമായി ഓർഡിനൻസ് ഇറക്കിയതിനുശേഷമാണ് ഇപ്പോൾ സഭയുടെ മുമ്പാകെ വരുന്നത്. അതിനിടയ്ക്ക് രണ്ട് സെഷൻ കഴിഞ്ഞിരുന്നു, രണ്ടിലും അവതരിപ്പിക്കപ്പെട്ടില്ല. ഒരു ഓർഡിനൻസായി ഇറക്കുമ്പോൾ അടിയന്തരമായി നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യമുണ്ടെന്ന് ബോധ്യപ്പെടുത്തേണ്ടതുണ്ട്. പക്ഷേ ഇതിന്റെ പശ്ചാത്തലം ഇവിടെ സൂചിപ്പിച്ചതുപ്രകാരം ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്തുവയ്ക്കുകയും നമുക്കൊക്കെ വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. നിയമനിർമ്മാണ നടപടികളിൽ, ഓർഡിനൻസ് ഇറക്കുകയും പിന്നീട് enactment ആക്കുകയും പിന്നീട് സഭയിൽ കൊണ്ടുവരികയും ചെയ്യുക എന്നുപറയുന്നത് ആശാസ്യമായ സംഗതിയല്ല എന്നാണ് എനിക്ക് തോന്നുന്നത്. മാത്രമല്ല, ഈ ഓർഡിനൻസ് വീണ്ടും 2019-ൽ 5-ാം നമ്പർ ഓർഡിനൻസായും 10-ാം നമ്പർ

ഓർഡിനൻസായും 33-ാം നമ്പർ ഓർഡിനൻസായും ഇറക്കുകയാണുണ്ടായിട്ടുള്ളത്. ഏതായാലും അത്തരത്തിൽ ഇറക്കപ്പെട്ട ഈ ഓർഡിനൻസ് നിയമമാക്കാൻ പോകുകയാണ്. ആ സാഹചര്യത്തിൽ കൂടുതൽ അവധാനതയും അതിലേറെ ആലോചനയും ചർച്ചയുമൊക്കെ ആവശ്യമാണ്. കാരണം, ഈ ഓർഡിനൻസ് ബില്ലായി വരുമ്പോൾ അതിന്റെ അടിസ്ഥാന കാരണമെന്നത് പൊതുമുതൽ നശിപ്പിക്കുന്നതിന് എതിരായിട്ടുള്ള ആദ്യത്തെ നിയമമാണ്. മഞ്ചേശ്വരം അംഗം പറഞ്ഞുപോലെ, 1978-ൽ പൊതുമുതൽ നശിപ്പിക്കലും നഷ്ടം വരുത്തലും തടയൽ നിയമം വന്നപ്പോൾ ഇന്ന് അപ്പുറത്തിരിക്കുന്ന ആളുകളൊക്കെ ആ നിയമത്തെ എതിർത്തവരാണ്. അതിൽ പ്രത്യേകിച്ച് ആർ. സുന്ദരേശൻ നായർ, പി. ബാലൻ, ടി. കെ. രാമകൃഷ്ണൻ, ഇ. നാരായണൻ നായർ, പി. പി. തോമസ് ഉൾപ്പെടെയുള്ളവരുടെ നിയമത്തെ എതിർത്തുകൊണ്ടുള്ള പ്രസംഗം ഞാൻ നിയമസഭാ ലൈബ്രറിയിൽനിന്നും എടുത്ത് വായിക്കുകയുണ്ടായി. അതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്, അന്ന് അവർ എതിർക്കുകമാത്രമല്ല ചെയ്തത്, ഈ നിയമത്തിന്റെ ആവശ്യമില്ലെന്നും നിയമം എന്തായാലും ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നുമാണ്. മാത്രമല്ല, ആ നിയമത്തിന്റെ അസാംഗത്യം ചൂണ്ടിക്കാണിക്കാൻ ശ്രീ. സുന്ദരേശൻ നായർ പറഞ്ഞിട്ടുള്ളത് തിരുവനന്തപുരത്തെ ഒരു പ്രകടനത്തിനിടയിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് നഷ്ടമുണ്ടായാൽ അതിനെ സംരക്ഷിക്കുന്നതിന് ഒരു നിയമമുണ്ടെന്നും എന്നാൽ, കാട്ടാക്കട ക്രിസ്റ്റ്യൻ കോളേജിൽ നാശനഷ്ടം നേരിട്ടാൽ അത് സംരക്ഷിക്കുന്നതിന് നിയമമില്ലെന്നുമാണ്. നിയമത്തിന്റെ വൈരുദ്ധ്യമെന്നത് അന്നത്തെ പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതിനുവേണ്ടിയുള്ള നിയമം ആവശ്യമില്ലെന്ന് സൂചിപ്പിക്കാൻ അദ്ദേഹം പറഞ്ഞിട്ടുള്ള വാദഗതി അടുത്തുള്ള ക്രിസ്ത്യൻ കോളേജ് നശിപ്പിക്കപ്പെടുന്നതിന് എതിരായിട്ടുള്ള നിയമമില്ലെന്നുള്ളതാണ്. ഏതായാലും ആ നിയമത്തിലെ പോരായ്മകൾ നികത്താൻ അന്ന് എതിർത്ത അതേ ആളുകൾതന്നെ ഇപ്പോൾ മുന്നോട്ടുവന്നു എന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. ഹർത്താലും മറ്റു സംഭവവികാസങ്ങളുമായിരുന്നു ഇത്തരത്തിൽ നിയമനിർമ്മാണം നടത്താനുള്ള പശ്ചാത്തലമെന്ന് ഉദ്ദേശകാരണങ്ങളിൽ പറയുന്നു. അതിൽ ഹർത്താലുകളാണ് ഇതിന് പ്രധാനമായിട്ടുള്ള കാരണമെന്ന് മനസ്സിലാക്കുന്നു. മാത്രമല്ല, ഈ നിയമം ഓർഡിനൻസായി വരുമ്പോൾ, "ഹർത്താലിനെതിരെ നിയമം കൊണ്ടുവരാൻ സർക്കാർ, എതിർപ്പുമായി സി.പി.ഐ.(എം)-ഉം മുന്നണിയും" എന്നുള്ളൊരു പത്രവാർത്ത അക്കാലത്ത് വന്നതാണ്. സി.പി.ഐ.(എം)-നും മുന്നണിക്കും നയം മാറിയിട്ടുണ്ടെങ്കിൽ അതും ഏറെ സ്വാഗതാർഹമായ കാര്യമാണ്. കാരണം, ഹർത്താലും സംഘം ചേർന്നുള്ള ആക്രമണങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളുമെല്ലാം നമ്മുടെ രാജ്യത്താകമാനം, പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്ത് ധാരാളം

നാശനഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. അങ്ങനെ നാശനഷ്ടത്തിൽനിന്നും ആക്രമണത്തിൽ നിന്നും സംഘം ചേർന്നുള്ള നഷ്ടപ്പെടുത്തലുകളിൽനിന്നും നമ്മുടെ രാജ്യത്തെയും പൊതുമുതലിനെയും സ്വകാര്യമുതലിനെയും സംരക്ഷിക്കാൻ നിയമം കൊണ്ടുവന്നുവെന്നത് ഏറെ പ്രയോജനകരമാണ്. പക്ഷേ, ഇത് സ്വാഗതാർഹമായ ഒരു നിയമമാണെന്ന് ഒറ്റനോട്ടത്തിൽ പറയാമെങ്കിലും ഇതിനുള്ളിൽ ധാരാളം ദുർവിനിയോഗ സാധ്യതകളുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. 2006-ൽ 223 ഹർത്താലുകൾ ഒരു വർഷം നടന്നിട്ടുണ്ടെന്നാണ് കണക്ക്. ഞാൻ പരിശോധിച്ചപ്പോൾ ഏറ്റവും കൂടുതൽ ഹർത്താലുകൾ പ്രഖ്യാപിക്കപ്പെട്ട ഒരു വർഷം 2006 ആണ്. 2006-ൽ 223 ഹർത്താലുകളിലൂടെ 2,000 കോടി രൂപയുടെ നാശനഷ്ടമുണ്ടായി എന്നാണ് പറയുന്നത്. അത്രയും വലിയ നാശനഷ്ടങ്ങളുണ്ടാകുമ്പോൾ അത് പൊതുമുതലാണെങ്കിലും സ്വകാര്യമുതലാണെങ്കിലും ശരി.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ വളരെ ഗൗരവമായ വിഷയത്തിന്മേലുള്ള ചർച്ചയാണ് നടക്കുന്നത്. ഇത് നല്ലൊരു ആശയമാണ്, അതോടൊപ്പം അനിവാര്യമായൊരു നിയമമാണ് എന്നതിലൊന്നും തർക്കമില്ല. പക്ഷേ, ഇത് ഡ്രാഫ്റ്റ് ചെയ്തിട്ടുള്ളത് വളരെ ഉദാസീനതയോടുകൂടിയാണ്. നിയമ വകുപ്പാണ് ഇത് ഡ്രാഫ്റ്റ് ചെയ്ത് ബന്ധപ്പെട്ട മന്ത്രിമാരെ ഏൽപ്പിക്കുന്നത്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം എം. ഉമ്മർ ചൂണ്ടിക്കാണിച്ചതുപോലെ ഇതിനൊരു പ്രൊപ്പോർഷനുമില്ല. നാലോ അഞ്ചോ വകുപ്പ് പ്രകാരം പ്രകടനത്തിലോ സംഘർഷത്തിലോ എന്തെങ്കിലുമൊരു നാശനഷ്ടമുണ്ടായാൽ അത് ഇത്ര രൂപയുടേതെന്നോ അതിന് മുകളിലെന്നോ ഒന്നും പറയുന്നില്ല. അങ്ങനെ വന്നാൽ ഒരു നോൺബെയിലബിളായ, അഞ്ച് വർഷം ശിക്ഷിക്കാവുന്ന ഒരു കേസാണത്. അതിൽ ഉൾപ്പെട്ടവർ, ഒരു പ്രകടനം നടത്തിയാൽ അവരൊക്കെ അതിനുത്തരവാദിയാണെന്നുള്ള രീതിയിൽ വളരെ ഉദാസീനമായിട്ടാണ് ഇത് കൈകാര്യം ചെയ്തിട്ടുള്ളതെന്ന അഭിപ്രായം താങ്കൾക്കില്ലേ; നമ്മുടെ രാജ്യത്ത് ഇപ്പോൾ ഈ വിഷയത്തിൽ നിയമമില്ലാത്ത പ്രശ്നമില്ല, ഇത് സഭ ഗൗരവത്തോടെ കാണണമെന്നും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയത്തിൽ നിലവിൽ നിയമമുണ്ടെങ്കിലും പൊതുമുതൽ തകർക്കപ്പെട്ടാൽ ഇന്ത്യൻ പീനൽ കോഡ് പ്രകാരം ആ പ്രതിക്കെതിരെ നടപടി സ്വീകരിക്കാം. അതുപോലെ കോംപൻസേഷനാണ് പ്രശ്നമെങ്കിൽ കോംപൻസേഷൻ ഈടാക്കാൻ സിവിൽ പ്രൊസീഡ്യുവർ പ്രകാരവും ഇപ്പോൾ കഴിയും. പിന്നെ എന്തിനാണ് ഈ നിയമം? ഈ നിയമം സ്പെസിഫിക്കായി പ്രത്യേക ദുരുപയോഗത്തെ ഇല്ലായ്മചെയ്യാൻ വേണ്ടിയുമായിരിക്കണം. പക്ഷേ ഈ നിയമംകൊണ്ട് ഇതൊന്നും സാധിക്കുന്നില്ല. നമ്മളൊക്കെ പൊതുപ്രവർത്തകരാണ്,

വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന നിയമം വളരെ ഉദാസീനമായി കൈകാര്യം ചെയ്യുകയാണെന്നൊരു തോന്നൽ അങ്ങേയ്ക്കില്ലേ; അതുപോലെ ജാമ്യവ്യവസ്ഥയിൽ കുറേക്കൂടി ഉദാരവൽക്കരണം വേണമെന്ന് തോന്നുന്നില്ലേ; ഈ നിയമം കുറെക്കൂടി പ്രൊപ്പോർഷണലാക്കണ്ടേ? കോംപൻസേഷൻ വാങ്ങാൻ പ്രൊവിഷനുണ്ട്. എന്നാൽ വാങ്ങിയ കോംപൻസേഷൻ നഷ്ടക്കാർക്ക് കൊടുക്കണമെന്ന അഭിപ്രായം നിങ്ങൾക്കില്ലേ? നഷ്ടം ആർക്കാണോ സംഭവിച്ചത് അയാൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള വകുപ്പ് ഉണ്ടായിട്ടില്ല. ഈ ന്യൂനതകൾ പരിഷ്കരിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, തീർച്ചയായും ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇതുവളരെ അലംഭാവത്തോടു കൂടി ഡ്രാഫ്റ്റ് ചെയ്ത നിയമമായിട്ടാണ് തോന്നിയിട്ടുള്ളത്. രണ്ട് ഘട്ടങ്ങളായി നിയമം നടപ്പിലാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. 2019 ജനുവരി 8-ാം തീയതി മുതൽ 3 എ, 5 എ വകുപ്പുകൾ ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് പൂർവ്വകാല പ്രാബല്യം കൊടുക്കാമെന്നും 3 എ, 5 എ വകുപ്പുകൾ 2019 ജൂലൈ 6 മുതൽ പ്രാബല്യം കൊടുത്താൽ മതിയെന്നുമാണ് പറയുന്നത്. ഇതിന്റെ ലോജിക് എന്താണെന്ന് എനിക്ക് ഇതുവരെ മനസ്സിലായിട്ടില്ല.

മാത്രമല്ല 2 (എ)-യിൽ "നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി" എന്നാൽ വർഗ്ഗീയ ലഹള, ഹർത്താൽ, ബന്ദ്, പ്രകടനം, മാർച്ച്, ഘോഷയാത്ര, റോഡ് ഗതാഗതം തടയൽ അല്ലെങ്കിൽ ഏതുപേരിൽ വിളിക്കുന്ന, അതുപോലെയുള്ള സംഘം ചേരൽമൂലം ഏതെങ്കിലും വ്യക്തിയോ, വ്യക്തികളുടെ കൂട്ടമോ, സാമൂഹികമോ മതപരമോ രാഷ്ട്രീയമോ ആയ സംഘടനയോ ഏതെങ്കിലും സ്വകാര്യസ്വത്തിന് നാശനഷ്ടമോ നഷ്ടമോ നശീകരണമോ ഉണ്ടാക്കുന്ന ഒരു പ്രവൃത്തി എന്നർത്ഥമാകുന്നു; എന്ന് പറയുന്നുണ്ട്. കേരളത്തിന്റെ സാഹചര്യത്തിൽ എനിക്കുതോന്നുന്നത് വർഗ്ഗീയ ലഹള, ഹർത്താൽ, എന്നിവയോടൊപ്പം രാഷ്ട്രീയ സംഘട്ടനം എന്നുകൂടി ചേർക്കുന്നത് നല്ലതായിരിക്കും. രാഷ്ട്രീയ സംഘട്ടനം കേരളത്തിൽ പതിവായി വർഗ്ഗീയ ലഹളയെക്കാളേറെ ഉണ്ടാകുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്.

അതൊടൊപ്പം മറ്റൊരു കാര്യം പറയുന്നത്, മൂന്നാം വകുപ്പിൽ നാശ നഷ്ടമുണ്ടാക്കുന്ന പ്രവൃത്തിക്കുള്ള നിരോധനം എന്ന് പറയുന്നിടത്തും "രാഷ്ട്രീയ സംഘട്ടനം" എന്ന് കൂട്ടിച്ചേർക്കേണ്ടതുണ്ട്. ഈ രീതിയിലുള്ള എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല എന്നാണ് പ്രസ്തുത വകുപ്പിൽ പറയുന്നത്. വേണ്ടത്ര ആലോചനയോടും ഗൗരവത്തോടുംകൂടി ഡ്രാഫ്റ്റ് ചെയ്തതല്ല എന്ന് ശ്രീ. എൻ.

ഷംസുദ്ദീൻ പറഞ്ഞതിന് ഉപോൽബലകമായ കാര്യങ്ങളാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. അതിനെ അടിവരയിട്ടു കൊണ്ടാണ് ഞാനിത് പറയുന്നത്. അതുപോലെ, മൂന്നാം വകുപ്പിൽ ഒറ്റയ്ക്കോ കൂട്ടായോ ചെയ്യുന്ന എല്ലാ പ്രവൃത്തികളും എന്നുകൂടി പറയേണ്ടതുണ്ട്.

മറ്റൊരു കാര്യം, നാലാം വകുപ്പിൽ പറയുന്നത് വേണ്ടത്ര ഒരു വ്യക്തതയില്ലാത്തതാണ്. നാശനഷ്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തി ചെയ്യുന്നൊരാളിന് അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടങ്കൽ ശിക്ഷ പറയുന്നുണ്ട്. പിഴ എത്രയാണെന്ന് നിശ്ചയിക്കുന്നത് ഒരു വ്യക്തിയുടെ നാശനഷ്ടത്തിന്റെ തോതിന് ആനുപാതികമായി നഷ്ടപ്പെടുത്തുന്ന ആളിൽനിന്നും പിടിക്കാവുന്ന രീതിയിലേയ്ക്ക് ഈ നിയമത്തിൽ വ്യക്തത വരുത്താവുന്നതാണ്.

ഞാൻ നേരത്തെ പറഞ്ഞു, ഈ നിയമത്തിന്റെ ആനുകൂല്യംകൊണ്ട് ഒരുപാട് ആളുകളുടെ സ്വത്ത് സംരക്ഷിക്കപ്പെടുകയും സ്വകാര്യ വ്യക്തികളുടെ സ്വത്ത് സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്നതിലേറെ നിയമം ദുരുപയോഗം ചെയ്യാനുള്ള സാധ്യതയാണ് കൂടുതലുള്ളത്. ഇപ്പോൾ നമ്മുടെ രാജ്യത്ത് നിയമത്തിന്റെ അഭാവമില്ലല്ലോ; നിയമം ഉപയോഗിക്കാത്ത തകരാറുകൊണ്ടും നിയമം ദുരുപയോഗം ചെയ്യുന്നതുകൊണ്ടുമുണ്ടാകുന്ന പ്രശ്നങ്ങളാണ് ഏറെയും. നേരത്തെ പി.ഡി.പി.പി. ആക്ടിന് ആധാരമായിട്ടുള്ള നിയമം 1978-ൽ ശ്രീ. പി. ജെ. ജോസഫ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് അവതരിപ്പിക്കപ്പെട്ടപ്പോഴും അതുപോലെ 1984-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും അന്നത്തെ പ്രതിപക്ഷം ഉയർത്തിക്കൊണ്ടുവന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇപ്പോൾ ഈ നിയമം ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട് എന്നുള്ളതാണ്. ഇപ്പോൾ വാട്ട്സ്ആപ് ഹർത്താൽ വന്നു. വാട്ട്സ്ആപ് ഹർത്താൽ വന്നതിന്റെ പേരിൽ പോലീസ് ഒരുപാട് ആൾക്കാരുടെ പേരിൽ കേസ് ചുമത്തുകയും പിടിച്ചുകൊണ്ട് പോകുകയും ചെയ്തു. എന്റെ മണ്ഡലത്തിലെ ഒരുപാട് നിരപരാധികളെ പിടിച്ചുകൊണ്ടുപോയി. പരസ്യമായി ടയർ കത്തിക്കുന്നതിലും ബസ് തടയുന്നതിലും നേർക്കുനേർ ഉൾപ്പെട്ടിട്ടുള്ള ചില രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരെ പോലീസ് ഒഴിവാക്കുകയും ചെയ്തു. നിയമം ഉണ്ടായാലും ഇല്ലെങ്കിലും അത് എങ്ങനെ നടപ്പാക്കുന്നുവെന്നത് തന്നെയാണ് പ്രശ്നം. ഇവിടെ ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ ഒരു പ്രകടനം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഏതെങ്കിലുമൊരു വ്യക്തിക്ക് തന്റെ വാഹനത്തിന്റെ ഗ്ലാസ് സ്വയം പൊട്ടിച്ചുകൊണ്ട് താൻ ഉദ്ദേശിക്കുന്ന ആളെ ഈ നിയമപ്രകാരം ജാമ്യമില്ലാത്ത വകുപ്പ് ഉപയോഗിച്ച് കേസിൽ കുടുക്കി പീഡിപ്പിക്കാവുന്നതാണ്. ഇപ്പോൾ നമ്മുടെ രാജ്യത്തുണ്ടായി ക്കൊണ്ടിരിക്കുന്ന എല്ലാ നിയമങ്ങളും അത് എസ്.സി.-എസ്.ടി., പോക്സോ

ഏതാണെങ്കിലും അതിലെല്ലാം സുപ്രീംകോടതി ഇടപെടേണ്ടിവന്ന നിരവധി ഘട്ടങ്ങളുണ്ടായിട്ടുണ്ട്. നിയമം ദുരുപയോഗം ചെയ്യാനാണ് ഏറെ സാധ്യതയുള്ളത്. ഈ നിയമമുണ്ടായാലും നിയമലംഘനങ്ങൾ നടക്കും. നേരത്തേയുള്ള നിയമത്തിന്റെ അനുഭവത്തെക്കുറിച്ച് ഇവിടെ പലരും ഒരുപാട് കേസുകൾ സൂചിപ്പിച്ചു. പലരും സൂചിപ്പിക്കാത്ത സംഗതികൾ എന്റെ ഓർമ്മയിലുണ്ട്. ഞാനത് പറയാം. ശ്രീ. ഷംസീറിന് വിനീത കോട്ടായി എന്ന വനിതയെ അറിയാമായിരിക്കും. വനിതാ സംരക്ഷണ നിയമം അന്നുമുണ്ടായിരുന്നല്ലോ. ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ കൃത്യമായി പറഞ്ഞിട്ടുള്ള സ്വന്തമായി സ്വത്ത് ആർജ്ജിക്കാനും സംരക്ഷിക്കാനുള്ള അധികാരവും മൗലികാവകാശവും ഇല്ലാത്തതുകൊണ്ടല്ലല്ലോ വിനീതാ കോട്ടായിക്കുപോലും സ്വന്തം സ്വത്ത് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ അവിടെ ഉണ്ടാക്കിത്തീർത്തത്. അങ്ങനെയുള്ള സ്ഥിതിക്ക് ഈ വകുപ്പ് ദുരുപയോഗം ചെയ്യാൻ ഏറെ സാധ്യതയുണ്ട് എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഇത് ദുരുപയോഗം ചെയ്യുന്ന നിയമപാലകർക്കടക്കം, ഇത് എപ്പോഴെങ്കിലും ദുരുപയോഗം ചെയ്തുവെന്ന് ബോധ്യപ്പെട്ടാൽ, അവർക്കെതിരെ എന്ത് പണിഷ്മെന്റാണ് ഉള്ളതെന്നുകൂടി ഈ നിയമത്തിൽ വ്യക്തമാക്കണം. അതല്ലെങ്കിൽ ഈ നിയമം വ്യാപകമായി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട് എന്നതാണ് എന്റെ പക്ഷം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പൊതുവെയുള്ള സംഘർഷങ്ങളെയും സംഘട്ടനങ്ങളെയുംകുറിച്ചും അതുമായി ബന്ധപ്പെട്ടുവരുന്ന കേസുകളെക്കുറിച്ചുമാണ് പറഞ്ഞത്. നമ്മുടെ നാട്ടിൽ വ്യക്തിപരമായും കുടുംബപരമായുമെല്ലാമുള്ള ഒരുപാട് സംഘട്ടനങ്ങളും അതിന്റെ ഭാഗമായി നശിപ്പിക്കലുമെല്ലാം നടക്കുന്നുണ്ട്. അത്തരം വ്യക്തികളെയും അല്ലെങ്കിൽ കുടുംബപരമായുമെല്ലാം ഉണ്ടാകുന്ന ഈ നാശനഷ്ടങ്ങൾകൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുമോ; അതിലുള്ള ദുരുപയോഗം എങ്ങനെ തടയുമെന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇത് ദുരുപയോഗം ചെയ്യുന്നതിന്റെ നിരവധി സാധ്യതകളാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. 2018 ഒക്ടോബർ 1-ന് ഫിലിം സൊസൈറ്റിയും യൂണിയൻ ഓഫ് ഇൻഡ്യയും തമ്മിലുള്ള കേസിലെ സുപ്രീംകോടതി വിധിയുണ്ട്. ആ കേസിൽ സുപ്രീം കോടതി ഇങ്ങനെയൊരു നിയമത്തിന്റെ ആവശ്യകത പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും ആ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ തീർച്ചയായും വ്യക്തതയുണ്ടായിരിക്കണം. ആ ബിൽ ദുരുപയോഗം ചെയ്യാൻകൂടി സാധ്യതയുണ്ട്

എന്ന് മുന്നിൽക്കണ്ടാണ് ബിൽ തയ്യാറാക്കേണ്ടത്. കാരണം, രാജ്യം കണ്ടിട്ടുള്ള ഏറ്റവും പ്രസിദ്ധമായ എല്ലാ നിയമങ്ങളും, ജനം ആവശ്യപ്പെട്ട് രാജ്യത്തിന് വേണ്ടതാണെന്ന് തോന്നിയിട്ടുള്ള എല്ലാ നിയമങ്ങളും, ഇപ്പോൾ നമ്മുടെ പ്രയോഗത്തിലിരിക്കുന്ന എല്ലാ നിയമങ്ങളും ദുരുപയോഗം ചെയ്തിട്ടുണ്ട്, ദുരുപയോഗം ചെയ്യപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ട് ദുരുപയോഗം ചെയ്യാതിരിക്കാനുള്ള ഒരു വകുപ്പുകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഒരു പുതിയ നിയമമാണിത്. ഇപ്പോൾ ക്ലാസ് ബൈ ക്ലാസിന് അല്ലെങ്കിലും ഇത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലേ സബ്ജക്ട് കമ്മിറ്റിയിൽവച്ച് കറക്ട് ചെയ്യാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടെങ്കിൽ പറ്റുകയുള്ളൂ. അതുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുമ്പോൾ അസ്വസ്ഥരാകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഇതിൽ വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളുമുണ്ട്. അതിൽ തീ കൊണ്ടോ സ്ഫോടക വസ്തുകൊണ്ടോ നാശനഷ്ടമുണ്ടാകുന്ന പ്രവൃത്തിചെയ്യുന്ന ഏതൊരാളും ജീവപര്യന്തതടവോ പത്ത് വർഷത്തോളമുണ്ടാകുന്ന കാലത്തേയ്ക്ക് രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തടവോ നൽകി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ് എന്ന് പറയുന്നുണ്ട്. ഒരു പ്രകടനത്തിൽ പടക്കം പൊട്ടിക്കുമ്പോൾ അതറിയാതെ അപ്പുറത്തെ കടയിൽ പോയിട്ടുണ്ടെങ്കിൽ പത്ത് വർഷത്തെ തടവാണ്. സഖാവ് പിണറായി വിജയൻ ഒപ്പിട്ട ബില്ലാണിത്. ശ്രദ്ധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതും അദ്ദേഹത്തിന്റെ അഭാവത്തിൽ അവതരിപ്പിക്കുന്നത് അദ്ദേഹത്തെക്കാൾ നിയമമറിയുകയും പരിണിതപ്രജ്ഞനുമായ മന്ത്രി ശ്രീ. ജി. സുധാകരനാണ്. അപ്പോൾ അതിൽ അങ്ങേയ്ക്ക് സൂക്ഷ്മതയില്ലെങ്കിൽ അത് ചൂണ്ടിക്കാണിക്കേണ്ടത് ഞങ്ങളുടെ ബാധ്യതയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് നോക്കണം. ഐ.പി.സി.-യിൽ എക്സ്പ്ലോസീവ് ആക്ടും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ടും രണ്ടായി പറഞ്ഞിട്ടുണ്ട്. എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് പ്രകാരമാണെങ്കിൽ ജാമ്യം കൊടുക്കാവുന്ന ഒഫൻസാണ്. അതേസമയം ഈ നിയമപ്രകാരം തീകൊണ്ടാണ് പടക്കം കത്തിക്കുന്നത്. അല്ലാതെ വെള്ളംകൊണ്ട് കത്തുകയില്ലല്ലോ. അങ്ങനെയുള്ള ഒരു കേസിന് പത്ത് വർഷം തടവെന്ന് പറഞ്ഞാൽ, ഇത് പാസ്സായിട്ടുണ്ടെങ്കിൽ നിങ്ങളെല്ലാം എവിടെയായിരുന്നുവെന്ന് ഞങ്ങളോട് ചോദിക്കുമ്പോൾ ഞങ്ങൾ എതിർത്തിട്ടുണ്ടെന്ന് പറയാൻ രേഖയിലുണ്ടാകാനാണിത് പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഉമ്മർ, ശ്രീ. ടി. വി. ഇബ്രാഹിമാണ് സംസാരിക്കുന്നത്. നിങ്ങൾ ചോദ്യം ചോദിക്കണം.

ശ്രീ. എം. ഉമ്മർ: സർ, അദ്ദേഹത്തോടാണ് ചോദിക്കുന്നത്. ഞാൻ അങ്ങയോടല്ല ചോദിക്കുന്നത്. അങ്ങയെ ഫേസ് ചെയ്ത് ഇങ്ങോട്ടേയ്ക്കാണ് ചോദിക്കുന്നത്. ഈ ആക്ടിൻകീഴിൽ വരുന്ന കേസുകളിൽ ജാമ്യം അനുവദിക്കേണ്ടതില്ലെന്നും ഏതെങ്കിലുമൊന്നിന് ജാമ്യം കൊടുക്കാൻ സാധ്യതയുണ്ടെങ്കിൽപ്പോലും ഒന്നിനും ജാമ്യം കൊടുക്കരുതെന്ന് പറഞ്ഞിരിക്കുകയാണ്. വളരെ ഗുരുതരമായി മാറ്റപ്പെടേണ്ട, വളരെയധികം ചിന്തിക്കേണ്ട ഒരു നിയമമാണിത്. ഇതൊരു ബൂർഷ്വാസി കൊണ്ടുവരേണ്ട നിയമമാണ്. കമ്മ്യൂണിസ്റ്റുകാരൻ കൊണ്ടുവരേണ്ട നിയമമല്ലെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശ്രീ. എം. ഉമ്മർ പറഞ്ഞത് ഞാൻ പൂർണ്ണമായും അംഗീകരിക്കുന്നു, ആ അഭിപ്രായം എനിക്കുമുണ്ട്. ഞാൻ അതിലേയ്ക്ക് വരികയാണ്. ഇതുപോലെയുള്ള സാങ്കേതിക പ്രശ്നങ്ങൾ, നിരവധി ഉദാഹരണങ്ങളിലൂടെ അദ്ദേഹം സമർത്ഥിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഈ കുറ്റങ്ങൾ കൊഗ്നസിബിൾ ആണെന്നാണ് പറയുന്നത്. വാറണ്ടുപോലും ഇല്ലാതെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകാൻ പറ്റുന്ന രീതിയിൽ ഈ നിയമം വളരെ കാർക്കശ്യമാണ്. ഏത് രീതിയിലും ദുരുപയോഗം ചെയ്യാം. ഇത് വാറണ്ടില്ലാതെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകാൻ സഹായിക്കുന്ന രീതിയിലുള്ള നിയമമാണ്. മാത്രമല്ല, ഇതിൽ ആധുനിക രീതിയിൽ പുതിയ കാലത്തിന്, ഉദാഹരണത്തിന് ഡ്രോൺ ഉപയോഗിച്ച് ഒരാൾ ആക്രമണം നടത്തിയെന്ന് വിചാരിക്കുക. സൗദി അറേബ്യയിൽ യമൻ ചെയ്തുവെന്ന് പറഞ്ഞതുപോലെ. ഡ്രോൺ ഉപയോഗിച്ച് ആക്രമണം നടത്തിയാൽ അത് തടയാനുള്ള വ്യവസ്ഥ, അതുകൂടി മുൻകൂട്ടി കണ്ടുകൊണ്ടാകണം നിയമം തയ്യാറാക്കേണ്ടത്. എന്നാൽ ഇതെല്ലാം ദുരുപയോഗം ചെയ്യപ്പെടാത്ത രീതിയിൽ ഈ ബിൽ പാസ്സാക്കണം. അതുകൊണ്ട് വളരെ ആലോചനയ്ക്കും വിശദമായ ചർച്ചകൾക്കുംവേണ്ടി സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും പൊതുജനാഭിപ്രായം തേടുന്നതിനുവേണ്ടി അയയ്ക്കുകയും വേണമെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മറുപടി പറയാൻ ഒരുപാട് കാര്യങ്ങളൊന്നുമില്ല. പ്രതിപക്ഷത്തിനുവേണ്ടി ആധികാരികമായി ശ്രീ. സണ്ണി ജോസഫ് ഇതിന്റെ വസ്തുതകളെല്ലാം പറഞ്ഞു. ചില സംശയങ്ങളാണ് അവിടെനിന്നും ഉന്നയിക്കപ്പെട്ടത്. 3 എ, 5 എ എന്നീ വകുപ്പുകളെകുറിച്ച് സംശയം പറഞ്ഞു. ബഹുമാന്യനായ എം. ഉമ്മർ മനസ്സിലാക്കേണ്ടത്, ഓർഡിനൻസ് ആദ്യം ഇറക്കിയത് 8-1-2019-ലാണ്. ഓർഡിനൻസ് റീപ്രൊക്ലെയിം ചെയ്യേണ്ടി വന്നപ്പോൾ 22-5-2019-ൽ വീണ്ടും ഇറക്കേണ്ടിവന്നു. ഈ രണ്ട് ഓർഡിനൻസുകളിലും 3 എ, 5 എ എന്നീ വകുപ്പുകൾ ഉണ്ടായിരുന്നില്ല. മൂന്നാം ഓർഡിനൻസ് ഇറക്കിയത് 6-7-2019-ലാണ്. അതിലാണ് 3 എ, 5 എ എന്നീ വകുപ്പുകൾ ചേർത്തത്. അതാണ് ഇപ്പോൾ റാറ്റിഫിക്കേഷനുവേണ്ടി സഭയിൽ വന്നിരിക്കുന്നത്. അതിനാൽ 3 എ, 5 എ എന്നീ വകുപ്പുകൾ 6-7-2019-ലും മറ്റ് വകുപ്പുകൾക്ക് 8-1-2019-ലും പ്രാബല്യത്തിൽ

വന്നിട്ടുണ്ട്, അത് നിയമപരമായിട്ടുള്ള കാര്യമാണ്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത് വളരെ ആവശ്യമാണെന്ന് എല്ലാവരും പറഞ്ഞു. എല്ലാ നിയമങ്ങളും മനുഷ്യൻ ദുരുപയോഗപ്പെടുത്തുന്നുണ്ട്. മനുഷ്യന് തെറ്റ് പറ്റും. തെറ്റ് പറ്റാത്തവൻ മനുഷ്യനല്ല. അതുകൊണ്ട് ഇതിനെയെല്ലാം ദുരുപയോഗപ്പെടുത്തും. ഭരണഘടന ദുരുപയോഗപ്പെടുത്തുന്നില്ലേ; ലോകത്തിലെ എല്ലാ നിയമങ്ങളും ലംഘിച്ചില്ലെങ്കിൽ പിന്നെ പോലീസ് എന്തിനാണ്; തടവ് എന്തിനാണ്; ശിക്ഷ എന്തിനാണ്; നിയമം ലംഘിച്ചില്ലെങ്കിൽ വക്കീലന്മാർക്ക് ജോലിയുണ്ടാകുമോ; അസുഖമില്ലെങ്കിൽ ഡോക്ടർമാർക്ക് ജോലിയുണ്ടോ?എഞ്ചിനീയർമാർക്ക് ജോലിയുണ്ട്, കാരണം നിർമ്മാണം എന്നുമുണ്ട്. എം.ബി.എ.-ക്കാർക്കും ജോലിയുണ്ടാകും, കാരണം ബിസിനസ്സുണ്ട്. രോഗികളുണ്ടെങ്കിൽ ഡോക്ടർ മതി. കേസുണ്ടെങ്കിൽ വക്കീൽ മതി. വക്കീലില്ലെങ്കിൽ കോടതിയില്ല. ഇതെല്ലാം ഈ ലോകത്തിന്റെ സത്യങ്ങളായിരിക്കെ നമ്മൾ വല്ലാതെ പരിഭ്രമിച്ച്, പടക്കം പൊട്ടിക്കുന്ന ഓരോരുത്തരെയും അറസ്റ്റ് ചെയ്യാൻ പോകുകയാണെന്ന് തെറ്റിദ്ധരിക്കരുത്. പടക്കം പൊട്ടിച്ചാലൊന്നും അറസ്റ്റ് ചെയ്യില്ല. എക്സ്പ്ലോസീവ്സ് ഉപയോഗിക്കുന്നതിനെപ്പറ്റി നമുക്കറിയില്ലേ. ബിൻലാദൻ, ഭീകരന്മാർ, അമേരിക്ക അവരുടെ ചാരന്മാരെല്ലാം എക്സ്പ്ലോസീവ്സ് ഉപയോഗിക്കുന്നു, ആർ.എസ്.എസ്. ചില സ്ഥലങ്ങളിൽ ഉപയോഗിക്കുന്നു, മതതീവ്രവാദികൾ ഉപയോഗിക്കുന്നു. അത്തരം കാര്യങ്ങളെപ്പറ്റിയാണ് ഇതെന്ന് മനസ്സിലാക്കാൻ നിയമപരമായി നമുക്കുള്ള കോമൺസെൻസ് എല്ലാവർക്കുമുണ്ടെങ്കിലും ഇത് കൊണ്ടുവന്നതിലുള്ള അഭിപ്രായവ്യത്യാസമാണ് പലരും പറയുന്നത്. അതെല്ലാം തെറ്റായിട്ടുള്ള anxieties ആണ്. അതിൽ മനഃപ്രയാസപ്പെടരുത്. അങ്ങനെ യാതൊരു സംഭവവും ഉണ്ടാകില്ല. നിയമപ്രകാരം ഇത് ശക്തമായിത്തന്നെ ഉണ്ടാകും. ബിൽ സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സണ്ണി ജോസഫ്, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## X അറിയിപ്പ്

### മൈൻഡ് റിഫ്രഷ്മെന്റ് മ്യൂസിക് തെറാപ്പി എന്ന പ്രോഗ്രാമും ചലച്ചിത്ര പ്രദർശനവും

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ സഭാസമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സാമാജികർക്കായി മൈൻഡ് റിഫ്രഷ്മെന്റ് മ്യൂസിക് തെറാപ്പി എന്ന പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ തമ്പാനൂർ ഏരീസ് പ്ലക്സ് തിയേറ്റർ കോംപ്ലക്സിൽ 'ചെറിയ ചെറിയ വലിയ കാര്യങ്ങൾ' എന്ന ചലച്ചിത്രവും അംഗങ്ങൾക്കായി പ്രദർശിപ്പിക്കുന്നുണ്ട്. ഈ രണ്ട് പരിപാടികളിലും എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു.)